# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

2015 ഡിസംബർ 14, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 160 - നമ്പർ 8

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

2015 ഡിസംബർ 14, തിങ്കൾ

സ്പീക്കർ
**ശ്രീ. എൻ. ശക്തൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. പാലോട് രവി**

സെക്രട്ടറി
**ശ്രീ. പി. ഡി. ശാരംഗധരൻ**

ചീഫ് എഡിറ്റർ
**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. ഉമ്മൻ ചാണ്ടി |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : ശ്രീ. പി. കെ. അബ്ദു റബ്ബ് |
| റവന്യൂവും കയറും വകുപ്പുമന്ത്രി | : ശ്രീ. അടൂർ പ്രകാശ് |
| പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : ശ്രീ. എ. പി. അനിൽ കുമാർ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. അനൂപ് ജേക്കബ് |
| ഊർജ്ജ വകുപ്പുമന്ത്രി | : ശ്രീ. ആര്യാടൻ മുഹമ്മദ് |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. കെ. ബാബു |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : ശ്രീ. സി. എൻ. ബാലകൃഷ്ണൻ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | : ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീമതി പി. കെ. ജയലക്ഷ്മി |
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | : ശ്രീ. കെ. സി. ജോസഫ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. പി. ജെ. ജോസഫ് |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | : ശ്രീ. മഞ്ഞളാംകുഴി അലി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : ശ്രീ. കെ. പി. മോഹനൻ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : ഡോ. എം. കെ. മുനീർ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | : ശ്രീ. രമേശ് ചെന്നിത്തല |
| തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി | : ശ്രീ. ഷിബു ബേബി ജോൺ |
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. ശിവകുമാർ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ |

# ഉള്ളടക്കം

*പേജ്*

I ചോദ്യോത്തരങ്ങൾ

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ... 1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ... 32

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ... 32

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ... 73

II അനുമോദനം

സംവിധായകൻ ജയരാജിന് അഭിനന്ദനം ... 468

III മേശപ്പുറത്തുവച്ച കടലാസ്സുകൾ

(1) ചട്ടം 47(2) അനുസരിച്ചുള്ള ലിസ്റ്റ് I പ്രകാരം ... 471

(2) ചട്ടം 236(5) അനുസരിച്ചുള്ള ലിസ്റ്റ് II പ്രകാരം ... 471

IV റിപ്പോർട്ട് സമർപ്പണം

(1) സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ ... 474

(2) 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ ... 474

(3) പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട് ... 474

V ധനകാര്യം

2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെയും 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളെയും സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും ... 474

**VI നിയമനിർമ്മാണകാര്യം** *പേജ്*

2015-ലെ കേരള നഗര-ഗ്രാമാസൂത്രണ ബില്ലിന്റെ അവതരണവും
സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും ... 485

**അനുബന്ധം**

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച
പ്രസംഗം ... 488

# കേരള നിയമസഭാ നടപടികൾ
## പതിമൂന്നാം കേരള നിയമസഭ

**പതിനഞ്ചാം സമ്മേളനം**

*2015 ഡിസംബർ 14, തിങ്കൾ*

വാല്യം 160] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 8

പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനം 2015 ഡിസംബർ മാസം 14-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ............ ഓർഡർ........ ചോദ്യം നമ്പർ *211

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ മുഖ്യമന്ത്രിയും മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രിയും രാജിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബാനറുകളും പ്ലക്കാർഡുകളും പിടിച്ചുകൊണ്ട് എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശമനുസരിച്ച് നിശബ്ദരാകുകയും സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരാകുകയും ചെയ്തു.)

**സർക്കാർ ആശുപത്രികളും മരുന്ന് വിതരണവും**

1 (*211) ശ്രീ. സാജു പോൾ:
ശ്രീ. വി. ശിവൻകുട്ടി:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. എ. എം. ആരിഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ പട്ടികടിയേറ്റ് ചെല്ലുന്നവർക്കുവേണ്ട പ്രതിരോധ മരുന്നുൾപ്പെടെയുള്ള അവശ്യ മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദവിവരം അറിയിക്കാമോ;

(ബി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മരുന്നുവിതരണ കമ്പനികൾക്ക് കുടിശ്ശികവരുത്തിയത് മരുന്നുവിതരണത്തെ പ്രതികൂലമായി ബാധിച്ച വസ്തുത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ; മരുന്ന് കമ്പനികൾക്ക് നൽകാനുള്ള കുടിശ്ശിക എത്രയാണ്; വ്യക്തമാക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ,

(എ) മെഡിക്കൽ കോളേജുകളുൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ പട്ടികടിയേറ്റ് ചെല്ലുന്നവർക്കുവേണ്ട പ്രതിരോധ മരുന്നുകൾ ഉൾപ്പെടെയുള്ള എല്ലാ അവശ്യമരുന്നുകളും ആവശ്യത്തിന് ലഭ്യമാക്കിയിട്ടുണ്ട്.

ക്യാൻസർ രോഗചികിത്സയ്ക്കാവശ്യമായ 69 ഇനം മരുന്നുകൾ ഉൾപ്പെടെ 585 ഇനം മരുന്നുകളാണ് നടപ്പുസാമ്പത്തിക വർഷത്തെ കോർപ്പറേഷന്റെ മരുന്നു പട്ടികയിലുള്ളത്. ഇതിൽ ആവർത്തിച്ച് ദർഘാസ് ക്ഷണിച്ചിട്ടും വിതരണക്കാരെ ലഭിക്കാത്ത 67 ഇനം മരുന്നുകൾ ഒഴികെയുള്ള എല്ലാ മരുന്നുകളും കോർപ്പറേഷൻ വാർഷിക ഇൻഡന്റു പ്രകാരം വിതരണം ചെയ്തുവരുന്നു. ആരോഗ്യ വകുപ്പിന്റേയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റേയും മേധാവികൾ മുൻകൂട്ടി അംഗീകരിച്ചു നൽകിയ ഇൻഡന്റാണ് കോർപ്പറേഷൻ മരുന്നുവിതരണത്തിന് ആധാരമാക്കുന്നത്. മരുന്നുകൾ കീഴ്ഘടക സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തതിനുശേഷം മരുന്നുകളുടെ കരുതൽ സ്റ്റോക്ക് ജില്ലാതല മരുന്നു സംഭരണശാലകളിൽ സൂക്ഷിക്കുന്നുമുണ്ട്. മൃഗങ്ങളുടെ വർദ്ധിച്ചുവരുന്ന ആക്രമണം മുഖവിലയ്ക്കെടുത്തു കൊണ്ട് മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി, കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിൽ പേവിഷബാധക്കെതിരെയുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മൃഗങ്ങളുടെ കടിയേറ്റാൽ രണ്ടുതരം കുത്തിവയ്പ്പുകളാണ് നൽകേണ്ടി വരുന്നത്. മാരകമായ കടിയേറ്റ് വരുന്നവർക്ക് സാധാരണ നൽകുന്ന പ്രതിരോധ കുത്തിവയ്പിനു പുറമേ റാബീസ് ഇമ്മ്യൂണോഗ്ലോബുലിൻ നൽകേണ്ടതുണ്ട്. സൂക്ഷ്മ നിരീക്ഷണ സംവിധാനമുള്ള (ഐ.സി.യു.) മെഡിക്കൽ കോളേജ്, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രികൾ, ചില താലൂക്ക് ആസ്ഥാന ആശുപത്രികൾ

എന്നിവിടങ്ങളിലാണ് റാബീസ് ഇമ്മ്യൂണോഗ്ലോബുലിൻ നൽകുന്നത്. കേസുകളുടെ ആധിക്യം പരിഗണിച്ച് വാർഷിക ഇൻഡന്റ് സമർപ്പിച്ചിട്ടില്ലെങ്കിൽപോലും 27 താലൂക്കതല ആശുപത്രികളിൽക്കൂടി ആന്റി റാബീസ് സിറം മരുന്ന് കോർപ്പറേഷൻ ലഭ്യമാക്കിയിട്ടുണ്ട്.

2014-15 സാമ്പത്തികവർഷത്തിൽ 2.71 കോടി രൂപ പേവിഷബാധ മരുന്നുകൾക്കായി കോർപ്പറേഷൻ വിനിയോഗിച്ചെങ്കിൽ നടപ്പുവർഷം (2015-16) ബഡ്ജറ്റിൽ 7.25 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കൂടാതെ സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്രത്യേക അനുമതിയോടെ 2 കോടി രൂപയും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഈ സാഹചര്യം വിലയിരുത്തി ചേർന്ന പ്രത്യേക പേവിഷ പ്രതിരോധ അവലോകന യോഗപ്രകാരം ക്യാബിനറ്റ് അനുവദിച്ച 3 കോടി രൂപയും നടപ്പുസാമ്പത്തിക വർഷത്തിൽ പേവിഷബാധ പ്രതിരോധ പ്രവർത്തനത്തിന് കോർപ്പറേഷന് ലഭ്യമായിട്ടുണ്ട്. അതായത് 12.25 കോടി രൂപ പേവിഷബാധ പ്രതിരോധത്തിനുള്ള മരുന്നുകൾ സംഭരിച്ച് വിതരണം ചെയ്യാൻ കോർപ്പറേഷന് സർക്കാർ നൽകിയിട്ടുണ്ട്. ഇതിനുപുറമേ ആരോഗ്യ വകുപ്പിന്റെ ഫീൽഡുതല പ്രവർത്തകർവഴിയും പത്രമാധ്യമങ്ങളിലൂടെയും സംശയാസ്പദമായ രീതിയിലുള്ള ഏതൊരു മൃഗത്തിന്റെ ആക്രമണവും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് വഴിതെളിച്ചേക്കാമെന്നുള്ള സന്ദേശം പരമാവധി ജനങ്ങളിലേക്ക് എത്തിക്കുന്നതിന് നടപടിയെടുത്തിട്ടുണ്ട്. മേൽ സാഹചര്യം ഉണ്ടായാൽ 24 മണിക്കൂറിനകം പ്രതിരോധ കുത്തിവയ്പ് എടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശവും പൊതുജനാരോഗ്യ സംവിധാനം വഴി ലഭ്യമാക്കിയിട്ടുണ്ട്.

(ബി) മരുന്ന കമ്പനികൾക്ക് കുടിശ്ശിക വരുത്തി എന്നതിനോടനുബന്ധിച്ച് സംസ്ഥാനത്ത് മരുന്നുവിതരണത്തിന് യാതൊരു വിധത്തിലുള്ള തടസ്സവും നേരിട്ടിട്ടില്ല. നടപ്പുസാമ്പത്തിക വർഷത്തിൽ നാളിതുവരെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന 223.8 കോടി രൂപയുടെ മരുന്നുകളും അനുബന്ധ ഉപകരണങ്ങളും കോർപ്പറേഷന്റെ വിവിധ ജില്ലാതല മരുന്ന് സംഭരണ ശാലകളിലൂടെ സംസ്ഥാന ആരോഗ്യ വകുപ്പിന്റെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെയും കീഴ്ഘടക സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ പ്രഖ്യാപിത തുകയായ 300 കോടി രൂപയിൽ നാളിതുവരെ ധനകാര്യ വകുപ്പിൽനിന്ന് കോർപ്പറേഷന് 150 കോടി രൂപ ലഭ്യമായിട്ടുണ്ട്. ധനകാര്യ വകുപ്പിൽനിന്ന് ലഭ്യമായിട്ടുള്ള 150 കോടി രൂപയ്ക്ക് പുറമേ മറ്റു ധനസ്രോതസ്സുകളിലൂടെ കണ്ടെത്തിയ 8 കോടി രൂപയും ചേർത്ത് 158 കോടി രൂപ മരുന്ന നൽകിയ കമ്പനികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

മരുന്ന് വാങ്ങിയ ഇനത്തിൽ 123 കോടി രൂപ കോർപ്പറേഷൻ വിവിധ കമ്പനികൾക്ക് നൽകുവാനുണ്ട്. മേൽ വിഷയം ധനകാര്യ വകുപ്പിന്റെ സജീവ പരിഗണനയിലാകയാൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കമ്പനികൾക്കു നൽകുവാനുള്ള തുക ദർഘാസ് നിബന്ധനകൾക്കനുസൃതമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

ഇതിനുപുറമേ നടപ്പുസാമ്പത്തികവർഷത്തിൽ സർക്കാരിന്റെ സ്ഥാപനമായ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിലൂടെ 28 ഇനം മരുന്നുകൾ 19.44 കോടി രൂപയ്ക്ക് സംഭരിക്കുന്നതിനുള്ള ഉത്തരവ് നൽകുകയും 2015 ഡിസംബർ 7 വരെ 14.8 കോടി രൂപയുടെ മരുന്നുകൾ വിതരണം ചെയ്യുകയും 8-12-2015 വരെ 12 കോടി രൂപ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വിലയായി നൽകുകയും ചെയ്തിട്ടുണ്ട്.

ശ്രീ. സാജു പോൾ: സർ, ഇന്ന് കേരളത്തിൽ ജീവിക്കുന്നവർക്കും വളർത്തുമൃഗങ്ങൾക്കും തെരുവ് നായ്ക്കളുടെ കടിയേൽക്കുക എന്നത് സർവ്വ സാധാരാണമായ സംഭവമായി മാറിയിട്ടുണ്ട്. ഈ നിയമസഭാ മന്ദിരത്തിനകത്ത്, എം.എൽ.എ. ഹോസ്റ്റലിനുള്ളിൽ, തിരുവനന്തപുരത്തെ തെരുവുകളിലൊക്കെ നായ്ക്കൾ അലഞ്ഞുതിരിഞ്ഞ് നടക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിതലസംഘം കേരളത്തിന്റെ പരമപ്രധാനമായ നിരവധി പ്രശ്നങ്ങൾ കേന്ദ്ര ഗവൺമെന്റിന്റേയും പ്രധാനമന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്താൻ വേണ്ടി കേന്ദ്രസന്ദർശനം പൂർത്തിയാക്കി എത്തിയിരിക്കുകയാണ്. ഈ സന്ദർഭത്തിൽ തെരുവ് നായ്ക്കളുടെ പ്രശ്നത്തിൽ എന്തെങ്കിലും നടപടി കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; അനുകൂലമായ എന്തെങ്കിലും പ്രതികരണം കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടുണ്ടോ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, പട്ടികളുടേതുൾപ്പെടെ മൃഗങ്ങളുടെ കടിയേറ്റാൽ അതിനുള്ള മരുന്ന് നൽകുക, വാക്സിൻ നൽകുക, ചികിത്സ നൽകുക എന്നീ കാര്യങ്ങൾക്കായി ഫലപ്രദമായ നടപടികൾ ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. നിരവധി പ്രാവശ്യം മുഖ്യമന്ത്രിതലത്തിൽ യോഗം ചേർന്ന് തദ്ദേശ സ്ഥാപനങ്ങൾക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള എല്ലാവിധ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ഇപ്പോൾ മുഖ്യമന്ത്രിയും മന്ത്രിമാരും ഡൽഹിയിൽ പോയ സാഹചര്യത്തിൽ പ്രത്യേക നിവേദനം നൽകിയിട്ടില്ല. അതുസംബന്ധിച്ച് മുഖ്യമന്ത്രി സൂചിപ്പിക്കും. അതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. സാജു പോൾ</u>: സർ, മരുന്ന് കമ്പനികളുടേയും ബഹുരാഷ്ട്ര കുത്തകകളുടേയും നിയന്ത്രണത്തിൽനിന്ന്, അവരുടെ പിടിയിൽനിന്ന് ഈ മേഖലയെ മോചിപ്പിക്കുക എന്നത് ഒരു സുപ്രധാന ദൗത്യമാണ്. യഥാർത്ഥത്തിൽ ഇപ്പോൾ ആഗോള കരാറുകൾ - GATT (General Agreement on Trade and Tariff), വേൾഡ് ട്രെയ്ഡ് ഓർഗനൈസേഷൻ ഇതെല്ലാം നിലവിൽവന്നതിനു ശേഷം പേറ്റന്റ് ആക്ടിൽ പ്രോസസ്സ് പേറ്റന്റ് ആയിരുന്നത് പ്രോഡക്ട് പേറ്റന്റ് ആയി മാറിയതിനുശേഷം നമുക്ക് ഈ കാര്യത്തിൽ സ്വയംപര്യാപ്തത ഉണ്ടാക്കിയെടുക്കുക എന്നുള്ളത് മാത്രമാണ് മാർഗ്ഗം. അലോപ്പതി മരുന്നുകൾ മാത്രമല്ല ആയുർവേദ-ഹോമിയോ മരുന്നുകളുടേയും വില ക്രമാതീതമായി ഉയർന്നുകൊണ്ടിരിക്കുകയാണ്. ഇതിലൊന്നും ഒരു നിയന്ത്രണം കൊണ്ടുവരാൻ നമ്മുടെ ഗവൺമെന്റിന് കഴിയുന്നില്ല. അവശ്യമരുന്നുകൾ, പ്രമേഹം, ക്യാൻസർ, രക്തസമ്മർദ്ദം തുടങ്ങിയ അസുഖങ്ങൾക്ക് ദീർഘകാലം ഉപയോഗിക്കേണ്ട മരുന്നുകൾ എന്നിവയെങ്കിലും പൊതുമേഖലയിൽ ഉല്പാദിപ്പിച്ച് ഈ നാട്ടിലെ ജനങ്ങൾക്ക് ലഭ്യമാക്കുവാൻ ഈ സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, പേറ്റന്റ് സംവിധാനം നിലനിൽക്കുന്നതു കൊണ്ട് വിദേശ നിർമ്മിത മരുന്നുകൾക്ക് വളരെയധികം വില ഈടാക്കുന്നുണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അതു മനസ്സിലാക്കിക്കൊണ്ട് നിർബന്ധിത ലൈസൻസിംഗ് സമ്പ്രദായം നമ്മുടെ രാജ്യത്ത് നടപ്പിലാക്കുന്നുണ്ട്. ഈ പ്രാവശ്യം കേന്ദ്ര കെമിക്കൽസ് ആന്റ് ഫെർട്ടിലൈസേഴ്സ് മന്ത്രിയെ മുഖ്യമന്ത്രി കണ്ടപ്പോൾ പ്രത്യേകമായി എടുത്തുപറഞ്ഞിട്ടുണ്ട്. ഇന്ത്യയിൽ മരുന്നുകളുടെ വില വർദ്ധിക്കുന്ന പശ്ചാത്തലത്തിൽ നിർബന്ധിത ലൈസൻസിംഗ് സമ്പ്രദായത്തിലൂടെ വിദേശത്തു നിന്ന് ഇവിടെ ഇറക്കുമതിചെയ്ത് വിൽക്കുന്ന വിലകൂടിയ മരുന്നുകൾ ഇവിടെത്തന്നെ നിർമ്മിച്ച് വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള ഒരു റിക്വസ്റ്റ് കൊടുത്തിട്ടുണ്ട്. തീർച്ചയായും ആ കാര്യത്തെക്കുറിച്ച് പരിശോധിക്കും. ജീവിത ശൈലീ രോഗങ്ങൾക്കാവശ്യമായ മരുന്നുകൾ ഇന്ന് കെ.എം.എസ്.സി.എൽ.-ന്റെ ഗോഡൗണുകളിൽ ഉണ്ട്. അവ നിർമ്മിക്കുന്നതിനുള്ള പുതിയ സംവിധാനങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്. ആ മരുന്നുകൾ ആവശ്യത്തിന് സ്റ്റോക്ക് ചെയ്തിട്ടുണ്ട്.

<u>ശ്രീ. വി. ശിവൻകുട്ടി</u> : സർ, 12.5 കോടി രൂപ പേപ്പട്ടി കടിയേറ്റു വരുന്നവർക്കുള്ള മരുന്നിനുവേണ്ടി മാറ്റിവച്ചിരിക്കുകയാണെന്നു പറഞ്ഞു. അങ്ങ് അതുസംബന്ധിച്ച് അന്വേഷിക്കണം. ജനറൽ ഹോസ്പിറ്റലിലും, മെഡിക്കൽ

കോളേജുകളിലുമൊക്കെ ചെന്നുകഴിഞ്ഞാൽ പൈസകൊടുത്താൽ മാത്രമേ ചികിത്സിക്കുന്നുള്ളൂ. എന്റെ ചോദ്യം ക്യാൻസർ രോഗികളുമായി ബന്ധപ്പെട്ടതാണ്. ജീവൻരക്ഷാ മരുന്നുകൾ വാങ്ങുന്നതിനുവേണ്ടി തുക മാറ്റിവച്ചതായി അദ്ദേഹം ഇവിടെ സൂചിപ്പിച്ചു. ക്യാൻസർ ചികിത്സയ്ക്കുവേണ്ടി ഉപയോഗിക്കുന്ന 'ടാസിഗ്ന' എന്ന മരുന്നിന് 3,55,509 രൂപയാണ് വില. അത് ഒരു വർഷം കുത്തിവയ്ക്കുന്നതിന് 21 ലക്ഷം രൂപയാകും. സാറിനോ എനിക്കോ അത് ചിന്തിക്കാൻ കഴിയും. പക്ഷേ എർബിറ്റക്സ് (Erbitux) എന്നുപറയുന്ന 100 എം.എൽ. ഇഞ്ചക്ഷന് 92,316 രൂപയാണ്, ഇക്സെമ്പ്ര (Ixempra) 45 മി.ഗ്രാം ഇഞ്ചക്ഷന് 68,423 രൂപയാണ്. അക് റ്റെമ്രാ (Actemra) 20 മിഗ്രാം, ഇഞ്ചക്ഷന് 40,799 രൂപയാണ്, റ്റൈകെർബ് (Tykerb) 10 ഗുളികയ്ക്ക് 4160 രൂപയാണ് അതായത് ഒരു ഗുളികയ്ക്ക് 416 രൂപ. സ്പ്രൈസെൽ (Sprycel) എന്ന ഗുളിക 50 എണ്ണത്തിന് 1,65,680 രൂപയാണ്. അതായത് ഒരു ഗുളികയ്ക്ക് 1656 രൂപ. ഈ വില വർദ്ധനവ് ഈ നാട്ടിലെ പാവങ്ങൾ എങ്ങനെയാണ് സഹിക്കുന്നത്? ക്യാൻസർ ബാധിതർക്ക് ഈ മരുന്നുകൾ ഒഴിവാക്കാൻ കഴിയാത്തതാണ്. ആരോഗ്യ വകുപ്പ് കോടിക്കണക്കിന് രൂപയുടെ മരുന്ന് ഇവിടെ വാങ്ങിക്കൂട്ടുന്നു. ഇതെല്ലാം എത്രയും പെട്ടന്ന് ഔട്ട് ഓഫ് ഡേറ്റ് ആകേണ്ട മരുന്നുകളാണ്. ഈ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എന്തിനുവേണ്ടിയാണ് ഉണ്ടാക്കിയത്? മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, പാവപ്പെട്ട രോഗികളെ സഹായിക്കുന്നതിനുവേണ്ടി കോടിക്കണക്കിന് രൂപ ചെലവാകുന്ന മരുന്നുകൾ സൗജന്യ വിലയ്ക്കെങ്കിലും വാങ്ങി പാവപ്പെട്ട രോഗികൾക്ക് നൽകേണ്ടതാണ്. ക്യാൻസർ രോഗികൾക്ക് ഞാൻ ഇവിടെ സൂചിപ്പിച്ച മരുന്നുകൾ സൗജന്യമായി നൽകണം, സൗജന്യമായി എന്നു ഞാൻ പൂർണ്ണമായി പറയുന്നില്ല; ഒരു 75 ശതമാനം സൗജന്യമായിട്ടെങ്കിലും നൽകാൻ കഴിയണം. എത്രയോ രൂപ ഖജനാവിൽനിന്ന് എത്രയോപേർ കൊള്ളയടിച്ചുകൊണ്ട് പോകുന്നു, കൊള്ളയുടെ കൊള്ളയല്ലേ നടന്നു കൊണ്ടിരിക്കുന്നത്. ആ കൊള്ളയടിക്കുന്നതിന്റെ കുറച്ചു പൈസയെങ്കിലും ഇതിനായി വിനിയോഗിക്കണം.

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : സർ, പേവിഷബാധയുടെ മരുന്നില്ലായെന്നതാണ് ശ്രീ. വി. ശിവൻകുട്ടി ആദ്യം സൂചിപ്പിച്ചത്. പട്ടികടിച്ചാൽ രണ്ടുമൂന്ന് ടൈപ്പിലുള്ള ചികിത്സകളാണ് നൽകിവരുന്നത്. മൈൽഡായിട്ടുള്ള ആക്രമണമാണുണ്ടാകുന്നതെങ്കിൽ അതായത്, നഖംകൊണ്ടുള്ള മുറിവ്, അങ്ങനെയൊക്കെ വരികയാണെങ്കിൽ ആന്റീ റാബീസ് വാക്സിനാണ് നൽകുന്നത്. 1,60,000 ഡോസ് ആന്റീ റാബീസ് വാക്സിൻ

ഇന്ന് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഗോഡൗണുകളിലുണ്ട്. അതിൽ ബൈറ്റെന്ന് പറയുന്നത് ക്ലാസ്സ്-II, ക്ലാസ്സ്-III എന്നിങ്ങനെയാണ്. സിംഗിൾ ബൈറ്റ്, ആഴത്തിലുള്ളത്. മുഖത്തും കാലിന്റെ വെള്ളയിലും കയ്യുടെ വെള്ളയിലുമൊക്കെ കടിയേൽക്കുന്നത് ഗുരുതരമാണ്. അതിന് ആന്റീ റാബീസ് വാക്സിനോടൊപ്പം ഇക്വിനോ റാബീസ് ഇമ്മ്യൂണോഗ്ലോബുലിനാണ് കൊടുക്കേണ്ടത്. മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി എന്നിവയ്ക്ക് ആവശ്യത്തിലധികമായി മരുന്ന് നൽകിയിട്ടുണ്ട്. റീസണബിളായി 27 താലൂക്ക് ആശുപത്രികളിൽക്കൂടി ആവശ്യകത പരിഗണിച്ച് മരുന്ന് കൊടുക്കുന്നുണ്ട്. റാബീസ് ഇമ്മ്യൂണോഗ്ലോബുലിൻ 4772 വയൽ (vial) ഗോഡൗണുകളിൽ സ്റ്റോക്കുണ്ട്. രണ്ട് ദിവസത്തിനകത്ത് 1,50,000 വയൽ (vial) കൂടി ഇവിടെ എത്തിച്ചേരുന്നതാണ്. ആവശ്യമായ സ്റ്റോക്കുണ്ട്. ഒരു പ്രശ്നമെന്ന് പറഞ്ഞാൽ, ഒരു സ്ഥലത്ത് പട്ടികടിച്ചാൽ ഒരു പ്രൈമറി ഹെൽത്ത് സെന്ററിലോ സി.എച്ച്.സി.-യിലോ പോയാൽ ഇമ്മ്യൂണോഗ്ലോബുലിൻ കുത്തിവയ്ക്കുന്നതിനെ തുടർന്ന് റിയാക്ഷൻ ഉണ്ടാകുന്ന, അലർജിയുണ്ടാകുന്ന അവസ്ഥയുണ്ടാകാം. അലർജിയുണ്ടായാൽ മരണം വരെ സംഭവിക്കാം. അതിനുവേണ്ട നിരീക്ഷണ സംവിധാനമുള്ള ആശുപത്രികൾ മാത്രമേ റാബീസ് ഇമ്മ്യൂണോഗ്ലോബുലിൻ കൊടുക്കുവാൻ കഴിയുകയുള്ളൂ. അതുകൊണ്ട് അവിടെയൊരു നിരീക്ഷണ സംവിധാനവും ഒരു ഫിസിഷ്യനും വേണം. ഇഞ്ചക്ഷൻ കൊടുത്ത് അരമണിക്കൂർ കഴിഞ്ഞ് എന്തെങ്കിലും കുഴപ്പമുണ്ടോയെന്ന് പരിശോധിച്ചതിനുശേഷമേ മരുന്ന് കൊടുക്കുവാൻ കഴിയൂ. അതുകൊണ്ടാണ് താഴേത്തലത്തിലുള്ള ആശുപത്രികളിൽ ഇത് കൊടുക്കാത്തത്. നേരത്തേ കൊടുത്തിരുന്ന ആശുപത്രികളിൽനിന്നും ഉപരിയായി 27 താലൂക്ക് ആശുപത്രികളിൽക്കൂടി കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആവശ്യത്തിലധികം പേവിഷബാധയ്ക്കുള്ള മരുന്നുകളുണ്ട്.

ക്യാൻസർ രോഗത്തെക്കുറിച്ച് ശ്രീ. വി. ശിവൻകുട്ടി സൂചിപ്പിക്കുകയുണ്ടായി. സംസ്ഥാനത്ത് 2012 മുതലാണ് കേരള മെഡിക്കൽ സർവ്വീസസ് കോപ്പറേഷൻ വഴി ജനറിക് മരുന്നുകൾ വിതരണം ചെയ്തുവരുന്നത്. ഇന്ത്യയിലാദ്യമായി ഫലപ്രദമായ രീതിയിൽ സൗജന്യമായി മരുന്നുവിതരണം ചെയ്യുന്ന ഏക സംസ്ഥാനം കേരളമാണ്. രാജസ്ഥാനും തമിഴ്നാടും തുടങ്ങിയത് ഇപ്പോഴാണ്. രാജസ്ഥാനിൽ 225 ഐറ്റം മരുന്നുകളും തമിഴ്നാട്ടിൽ 224 ഐറ്റം മരുന്നുകളുമാണ് വിതരണം ചെയ്യുന്നത്. കേരളത്തിൽ 585 ഐറ്റം മരുന്നുകൾ വിതരണം ചെയ്യുന്നു. അതിൽ 69 മരുന്നുകൾ ക്യാൻസർ രോഗത്തിനുള്ളതാണ്. കേരളമാണ്

ഇന്ത്യയിലാദ്യമായി ക്യാൻസറിന് സൗജന്യമായി ചികിത്സ കൊടുക്കുന്ന ഏക സംസ്ഥാനം. 'സുകൃതം' പദ്ധതിയിലൂടെ കേരളത്തിലെ BPL വിഭാഗക്കാർക്ക് മുഴുവൻ ക്യാൻസർ ചികിത്സ സൗജന്യമായി നൽകിവരികയാണ്. പാവപ്പെട്ട ആളുകളെ സംബന്ധിച്ചിടത്തോളം സുകൃതം പദ്ധതിയുള്ളതുകൊണ്ട് ബഹുമാനപ്പെട്ട ശ്രീ. വി. ശിവൻകുട്ടി പറഞ്ഞ ബുദ്ധിമുട്ട് ഉണ്ടാകില്ലായെന്നാണ് ഗവൺമെന്റ് കരുതുന്നത്. 'ആരോഗ്യ കിരണം' പദ്ധതിയിലൂടെ കേരളത്തിലെ 18 വയസ്സിന് താഴെയുള്ള എല്ലാ കുട്ടികൾക്കും APL, BPL വ്യത്യാസമില്ലാതെ ചികിത്സ സൗജന്യമായി നൽകുന്നു. ഇത് ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തുമില്ല. കഴിഞ്ഞ നാലരവർഷംകൊണ്ട് കേരളത്തിലെ 75 ലക്ഷം കുട്ടികൾക്ക് അത്തരത്തിൽ സൗജന്യ ചികിത്സ കൊടുത്തു. വില കൂടുതലുള്ള ക്യാൻസർ മരുന്നുകൾ നൽകുന്നതുപോലെതന്നെ മറ്റുപല പദ്ധതികളുമുണ്ട്. സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട് 'താലോലം' പദ്ധതി പോലുള്ള മറ്റുപല പദ്ധതികളുമുണ്ട്. ഇതെല്ലാംകൂടിവരുമ്പോൾ പാവപ്പെട്ടയാളുകൾക്കായി നിരവധി സൗജന്യ ചികിത്സാ പദ്ധതികൾ ഉണ്ടെന്ന് കാണാൻ കഴിയും. മുഖ്യമന്ത്രിയുടെ ചികിത്സാ ദുരിതാശ്വാസ പദ്ധതി, കാരുണ്യാ ബെനവലന്റ് ഫണ്ട് എന്നിവയിലൂടെ ഒന്നേകാൽ കോടിയോളം ആളുകൾക്ക് കോടിക്കണക്കിന് രൂപയുടെ ധനസഹായം കൊടുക്കാൻ കഴിഞ്ഞു. ക്യാൻസർ ചികിത്സയും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്. ക്യാൻസർ ചികിത്സാ മരുന്നുകളുടെ വില കുറയ്ക്കണം, അതിനുവേണ്ടിയുള്ള നടപടികളെടുക്കണം എന്നാണ് അദ്ദേഹം ആവശ്യപ്പെട്ടത്. സംസ്ഥാന ഗവൺമെന്റല്ല, ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി ഓഫ് ഇന്ത്യയാണ് മരുന്നുകളുടെ വില നിശ്ചയിക്കുന്നത്. കേരളത്തിലെ മരുന്നിന്റെ ഉപയോഗം കണക്കിലെടുത്തുകൊണ്ട് വില കുറയ്ക്കുന്നതിനുവേണ്ടിയുള്ള നടപടികളെടുക്കണമെന്ന് മുഖ്യമന്ത്രി കഴിഞ്ഞയാഴ്ച പ്രധാനമന്ത്രി, കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി എന്നിവരെ കണ്ടപ്പോൾ പ്രത്യേകമായി ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. എ. പ്രദീപ്കുമാർ : സർ,

ശ്രീ. വി. ശിവൻകുട്ടി : സർ, ....(ബഹളം)....

മി. സ്പീക്കർ: യെസ്.... യെസ്.... ശ്രീ. പ്രദീപ്കുമാർ.... ശ്രീ. പ്രദീപ്കുമാർ..... ബഹുമാനപ്പെട്ട ശിവൻകുട്ടി... പ്ലീസ്.... ശ്രീ. ശിവൻകുട്ടി ഇത് ചോദ്യോത്തര സമയമാണ്. ബഹുമാനപ്പെട്ട ശിവൻകുട്ടി അങ്ങ് വളരെ ദീർഘമായിട്ടാണ് ചോദ്യം ചോദിച്ചത്. വളരെ ദീർഘമായിട്ടാണ് മന്ത്രി മറുപടി പറഞ്ഞത്. യെസ്.... ശ്രീ. എ. പ്രദീപ്കുമാർ......

ശ്രീ. എ. പ്രദീപ്കുമാർ: സർ, ബഹുമാനപ്പെട്ട മന്ത്രി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വളരെ സുലഭമായി മരുന്നുകൾ ലഭ്യമാക്കുന്നതിനെക്കുറിച്ച് പറഞ്ഞു. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങളിലെ ഗുരുതരമായ ചില ക്രമക്കേടുകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ പത്രങ്ങളിൽ വന്നിരുന്നു. അതുസംബന്ധിച്ചുള്ള അന്വേഷണം നടന്നോയെന്നുള്ള കാര്യങ്ങളാണ് എനിക്ക് അറിയേണ്ടത്. അതിൽ കോഴിക്കോട് മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ടുള്ള അനുഭവങ്ങളുണ്ട്. ഇത് മറ്റെല്ലാ സ്ഥലത്തുമുണ്ടായിട്ടുണ്ടാവും. മെഡിക്കൽ കോളേജ് അധികൃതർ ഇൻഡന്റ് വഴി ആവശ്യപ്പെടാത്ത മരുന്നുകൾ ചില മരുന്ന് കമ്പനികളുമായുള്ള അവിശുദ്ധബന്ധത്തിന്റെ ഭാഗമായി വൻതോതിൽ വാങ്ങി സപ്ലൈ ചെയ്ത അനുഭവങ്ങൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ സൈക്യാട്രി ചികിത്സയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള Chlorodiazepoxide എന്ന മരുന്ന്, അത് ഔട്ട് ഡേറ്റഡ് ഡ്രഗ് ആണ്, ഒരു ഡോക്ടർമാരും ഈ മരുന്ന് ശിപാർശ ചെയ്യാറില്ല. ഏതാണ്ട് പതിനേഴായിരത്തി അഞ്ഞൂറോളം എണ്ണം അവിടെ സപ്ലൈ ചെയ്തു. തിരിച്ചെടുക്കാൻ പറഞ്ഞിട്ടും എടുത്തിട്ടില്ല. എന്തുചെയ്യണമെന്നറിയാതെ വച്ചിരിക്കുകയാണ്. ഇതുപോലെതന്നെ ഗുണമേന്മയില്ലാത്ത മരുന്നുകൾ വൻതോതിൽ വാങ്ങി സപ്ലൈ ചെയ്യുന്ന പ്രശ്നവും ഉയർന്നുവന്നിട്ടുണ്ട്. ഹാർട്ട് അറ്റാക്കിന് വേണ്ടിയുള്ള മെറ്റോപ്രൊലോൾ എന്ന മരുന്ന് ഓർട്ടിൻ എന്നൊരു കമ്പനി വഴിയാണ് വിതരണം ചെയ്തിരിക്കുന്നത്. ഇത് കഴിച്ചിട്ട് ഗുരുതരാവസ്ഥയിലായ ഒരാളിപ്പോൾ ഈ മരുന്നിന്റെ ഉപഭോക്താവെന്ന നിലയിൽ കേസ് കൊടുത്തിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യം പരിശോധിച്ചോ; മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഗുണനിലവാരമില്ലാത്ത മരുന്നുകൾ വാങ്ങി സപ്ലൈ ചെയ്യുന്നുവെന്ന ആക്ഷേപം സംബന്ധിച്ച് അന്വേഷിച്ച് നടപടിയെടുക്കണം. ഓർട്ടിൻ കമ്പനിയെ ശരിക്കും ബ്ലാക്ക് ലിസ്റ്റ് ചെയ്തിട്ടുണ്ടോ; അതിന് എന്തെങ്കിലും നടപടി സ്വീകരിച്ചോ; ഈ ഇടപാടിനുള്ള കമ്മീഷൻ ആരുടെയെല്ലാം പോക്കറ്റിലാണ് പോകുന്നതെന്നു കൂടി മന്ത്രി വ്യക്തമാക്കണം?

മി. സ്പീക്കർ: നിങ്ങളിങ്ങനെ ചോദിച്ചാൽ മറ്റ് അംഗങ്ങൾക്കൊന്നും ചോദ്യം ചോദിക്കാൻ പറ്റില്ല.

ശ്രീ. എ. പ്രദീപ്കുമാർ : സർ, വളരെ പ്രധാനപ്പെട്ട ചോദ്യമാണ് ഞാൻ ചോദിച്ചത്. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി നടക്കുന്ന വമ്പിച്ച വെട്ടിപ്പിന്റെ, അഴിമതിയുടെ ചിത്രം ഈ സഭയുടെ മുൻപിൽ കൊണ്ടുവരാനാണ് ഞാൻ ഈ വിഷയം ഉന്നയിച്ചത്. കോടികളുടെ വെട്ടിപ്പിന്റെ ചിത്രമാണ് ഇത് അന്വേഷിച്ചാൽ പുറത്തുവരാൻ പോകുന്നത്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി ജനറിക് മരുന്നുകൾ വിതരണം ചെയ്യാൻ ആരംഭിച്ചപ്പോൾ പ്രത്യേക കമ്മിറ്റികൾ രൂപീകരിച്ച് ഡി.എം.ഇ.-യുടെയും ഡി.എച്ച്.എസ്.-ന്റെയും നേതൃത്വത്തിൽ മെഡിക്കൽ കോളേജുകളിലേക്കും സർക്കാർ ആശുപത്രികളിലേക്കും വേണ്ടിവരുന്ന മരുന്നുകളുടെ ഇൻഡന്റ് അവർതന്നെ തയ്യാറാക്കി അയച്ചിരുന്നു. അതനുസരിച്ചുള്ള മരുന്ന് വിതരണമാണ് ഇപ്പോൾ നടത്തിവരുന്നത്. കോർപ്പറേഷൻ പ്രവർത്തനം ആരംഭിച്ച സന്ദർഭത്തിൽ 771 ഐറ്റം മരുന്നുകളാണ് കൊടുത്തുകൊണ്ടിരുന്നത്. പിന്നീട് റീ-സ്ട്രക്ച്ചറിംഗ് നടത്തി രണ്ടാമതൊരു ഉന്നതതല സമിതിയെ നിയമിച്ച് അവർ പരിശോധിച്ചശേഷം ആവശ്യമായ മരുന്നുകൾ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇപ്പോൾ 585 ഐറ്റം മരുന്നുകൾ നൽകിവരുന്നുണ്ട്. ഇ-ടെണ്ടറിംഗ് സമ്പ്രദായത്തിലൂടെ സുതാര്യമായ രീതിയിലാണ് കാര്യങ്ങൾ ചെയ്യുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ രൂപീകരിച്ചുവെങ്കിലും നേരത്തെ അതിനെപ്പറ്റി ഇവിടെ ചർച്ചകളുണ്ടായി എന്നല്ലാതെ ഫലപ്രദമായ ഒരു സംവിധാനവും അവിടെ ഇല്ലായിരുന്നു. ഇപ്പോൾ ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനെ എം.ഡി.-യായും ഒരു ഡോക്ടറെ ജനറൽ മാനേജരായും ഫാർമസി കോളേജിലെ അസ്സോസിയേറ്റ് പ്രൊഫസറെ പർച്ചേസ് മാനേജരായും ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർക്ക് ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന്റെ ചുമതലയും എം.ബി.എ. പാസ്സായ ഒരാളെ കമ്പനി സെക്രട്ടറിയായും നിയമിച്ചു. ഇതൊന്നും നേരത്തെ അവിടെ ഇല്ലായിരുന്നു. ഇതുപോലുള്ള പ്രവർത്തനങ്ങളിലൂടെ നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കിക്കൊണ്ട് ഇ-ടെണ്ടർ സംവിധാനത്തിലൂടെയാണ് മരുന്നുകൾ വാങ്ങുന്നത്. ഇ-ടെണ്ടർ സംവിധാനമെന്ന് പറയുമ്പോൾ ആദ്യം ടെണ്ടർ നടപടികൾ നോംസ് പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കും, പാലിക്കുന്നില്ലായെങ്കിൽ അത്തരം അപേക്ഷകൾ കമ്പ്യൂട്ടർ റിജക്ട് ചെയ്യുന്ന സംവിധാനവും അവിടെ നിലവിലുണ്ട്. സെക്കന്റ് ഫെയ്സിൽ കമ്പ്യൂട്ടർ തന്നെ പാസ്സാക്കിയെടുത്തിട്ടുള്ള കാര്യങ്ങൾ ടെക്നിക്കൽ കമ്മിറ്റിയുടെ മുമ്പാകെ വരുന്നുണ്ട്. കമ്പനികൾക്ക് എക്സ്പീരിയൻസ് സർട്ടിഫിക്കറ്റുണ്ടോ; ജി.എം.പി. സർട്ടിഫിക്കറ്റുണ്ടോ; മൂന്നു വർഷത്തെ മാർക്കറ്റ് സ്റ്റാൻഡേർഡ് ഉണ്ടോ; ശിക്ഷിക്കപ്പെട്ടിട്ടുണ്ടോ എന്നുള്ളതെല്ലാം പരിശോധിച്ച് കമ്പനി വിസിറ്റ് ചെയ്യാറുണ്ടോയെന്നും വിദഗ്ദ്ധ സമിതി പരിശോധിച്ചിട്ടുണ്ടോയെന്നും ഉറപ്പാക്കിയതിനുശേഷം മൂന്നാം ഭാഗത്തേക്ക് കടക്കുന്നു. ഈ ഘട്ടത്തിലാണ് ഫിനാൻഷ്യൽ ബിഡ് തുറക്കുന്നത്. ടെക്നിക്കൽ കമ്മിറ്റി പാസ്സാക്കിയ കമ്പനികളുടെ ഫിനാഷ്യൽ ബിഡ് ഓപ്പൺ ചെയ്യും. ഇങ്ങനെയാണ് സാധാരണ ചെയ്യു

കൊണ്ടിരിക്കുന്നത്. അതോടൊപ്പം ഗുണമേന്മയെപ്പറ്റി അദ്ദേഹമിവിടെ പറഞ്ഞു. കഴിഞ്ഞകാലങ്ങളിൽനിന്നും വ്യത്യസ്തമായി ഗുണമേന്മ ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള നടപടികളെടുക്കുന്നുണ്ട്. ആദ്യകാലങ്ങളിൽ ഒന്നോ രണ്ടോ തലത്തിലുള്ള പരിശോധന മാത്രമാണുണ്ടായിരുന്നത്. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാങ്ങുന്ന മരുന്നുകളുടെ ഗുണമേന്മ പരിശോധന അഞ്ചുതലങ്ങളിലായാണ് നടത്തുന്നത്. മുൻകാലങ്ങളിൽ ഒരു കമ്പനിയിൽനിന്നും മരുന്ന് വാങ്ങുമ്പോൾ മാനുഫാക്ചറേഴ്സ് അവരുടെ സ്വന്തം ലാബിൽ പരിശോധിച്ചിട്ടുള്ള റിപ്പോർട്ട് നൽകുക മാത്രമാണ് ചെയ്തിരുന്നത്. ഇപ്പോൾ അതിലുപരിയായി ഓരോ ബാച്ച് മരുന്നും മാനുഫാക്ചറേഴ്സിൽ നിന്നും വാങ്ങുമ്പോൾ എൻ.എ.ബി.എൽ. അക്രെഡിറ്റഡ് ലാബിൽ പരിശോധിച്ച റിപ്പോർട്ട് ഹാജരാക്കണം. അങ്ങനെ എൻ.എ.ബി.എൽ. അക്രെഡിറ്റഡ് ലാബിൽ പരിശോധിച്ച റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ ആ മരുന്നുകൾ നമ്മൾ സ്വീകരിക്കുകയുള്ളൂ. മൂന്നാമത്, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വിതരണം ചെയ്ത പത്തുശതമാനം മരുന്നുകളുടെ റാന്റം ചെക്കിംഗ് സോഫ്റ്റ്വെയർ വഴി നടത്തും. ഇങ്ങനെ റാന്റം ചെക്കിംഗ് നടത്തി ഗുണമേന്മ ഇല്ലായെന്ന് ബോധ്യമായാൽ അപ്പോൾത്തന്നെ അവർക്കെതിരെ നടപടി സ്വീകരിക്കുകയാണ് ചെയ്യുന്നത്. നാലാമത്, ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ടുമെന്റ് 60 ശതമാനം സാമ്പിളുകൾ സർക്കാർ മേഖലയിൽ പരിശോധിക്കുകയും 40 ശതമാനം പ്രൈവറ്റ് മേഖലയിൽ പരിശോധിക്കുകയും ചെയ്യുന്നുണ്ട്. അതോടൊപ്പം ഓരോ മാസവും ഫാർമസിസ്റ്റുകളുടേയും മെഡിക്കൽ ഓഫീസർമാരുടെയും അവലോകന യോഗം ചേർന്ന് ഏതെങ്കിലും ആശുപത്രികൾക്ക് പരാതിയുണ്ടെങ്കിൽ ആ മരുന്നെടുത്ത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ പ്രവർത്തിക്കുന്ന അഞ്ച് ഫാർമസികളിൽ ഇതുമായി ബന്ധപ്പെട്ട മരുന്നുപരിശോധനാ സംവിധാനം ഏർപ്പെടുത്താൻ കഴിഞ്ഞു. അതുകൊണ്ട് ഗുണനിലവാരം പരിശോധിക്കുന്നതിന് ഫലപ്രദമായിട്ടുള്ള നടപടികൾ കഴിഞ്ഞ കാലഘട്ടത്തിലൊന്നും ഇല്ലാത്ത രീതിയിൽ നടപ്പിലാക്കുന്നുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ഗുണനിലവാരമില്ലാത്ത മരുന്ന് വിതരണം ചെയ്തതിനെപ്പറ്റി അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>മി. സ്പീക്കർ</u>: ഈ ചോദ്യം തുടങ്ങിയിട്ട് 24 മിനിട്ടായി. മൂന്ന് അംഗങ്ങൾ മാത്രമാണ് ചോദ്യം ചോദിച്ചിട്ടുള്ളത്. ഇങ്ങനെ ആയാൽ ഉപചോദ്യം ചോദിക്കാൻ ആർക്കും അവസരം നൽകാൻ കഴിയാത്ത സ്ഥിതിവരും. അതുകൊണ്ട് ചോദ്യം ചോദിക്കുന്ന ബഹുമാന്യരായ അംഗങ്ങളും മറുപടി പറയുന്ന ബഹുമാനപ്പെട്ട മന്ത്രിയും ചുരുക്കിപ്പറഞ്ഞാൽ കൂടുതൽ അംഗങ്ങൾക്ക് അവസരമുണ്ടാകും.

ശ്രീ. എ. പ്രദീപ്കുമാർ : സർ, കോഴിക്കോട് മെഡിക്കൽ കോളേജിൽ കരിമ്പട്ടിക ലിസ്റ്റിൽപ്പെടുത്തിയ ഒരു കമ്പനി ഗുണനിലവാരമില്ലാത്ത മരുന്ന് വിതരണം നടത്തിയത് അങ്ങയുടെ അറിവിൽപ്പെട്ടിട്ടുണ്ടോയെന്നാണ് ഞാൻ ചോദിച്ചത്.

ശ്രീ. വി. എസ്. ശിവകുമാർ : സർ, കെ.എം.എസ്.സി.എൽ. കമ്പനികളെ കരിമ്പട്ടികയിൽപ്പെടുത്താറുണ്ട്. രണ്ട് ബാച്ചിൽ ഒരു മരുന്ന് ഗുണനിലവാര മില്ലാത്തതാണെന്ന് ബോധ്യമായാൽ ആ മരുന്നിനെ ബ്ലാക്ക് ലിസ്റ്റ് ചെയ്യും. അങ്ങനെ ഏകദേശം 40-ഓളം കമ്പനികളുടെ മരുന്നുകൾ ബ്ലാക്ക് ലിസ്റ്റ് ചെയ്തിട്ടുണ്ട്. അതോടൊപ്പം രണ്ട് ബാച്ചിൽപ്പെടുന്ന മരുന്നുകളും ഗുണനിലവാരമില്ലായെന്ന് തെളിഞ്ഞാൽ ആ കമ്പനികളേയും ബ്ലാക്ക് ലിസ്റ്റ് ചെയ്യും.

ശ്രീ. സി. ദിവാകരൻ: സർ, ആ മരുന്നിനെയാണോ കമ്പനിയെയാണോ ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തുന്നത് ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, ആ കമ്പനിയെ ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തുകയും മരുന്നിനെ നിരോധിക്കുകയുമാണ് ചെയ്യുന്നത്. ഒരു ബാച്ചിൽ ഒരു ലക്ഷത്തോളം മരുന്നുകളുള്ള പാരസെറ്റമോളിൽ രണ്ട് സെറ്റ് പാരസെറ്റമോൾ പരിശോധിക്കുമ്പോൾ അതിന് രണ്ടിനും ഗുണനിലവാരമില്ലായെന്ന് തെളിഞ്ഞാൽ രണ്ടിൽക്കൂടുതൽ ബാച്ച് പരിശോധിക്കും. അവ പരിശോധിക്കുമ്പോൾ വീണ്ടും ഗുണനിലവാരമില്ലായെന്ന് ബോധ്യമായാൽ ആ ബാച്ചിനെ നിരോധിക്കും. പനിക്കുള്ള ഒരു മരുന്നും ക്യാൻസറിനുള്ള ഒരു മരുന്നും ഗുണനിലവാരമില്ലാത്ത ഒരു കമ്പനിയുടേതാണെങ്കിൽ ആ കമ്പനിയെത്തന്നെ നിരോധിക്കും. അങ്ങനെ നാല്പത് മരുന്നുകളേയും ഏഴ് കമ്പനികളേയും നിരോധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ശ്രീ. എ. പ്രദീപ്കുമാർ ചൂണ്ടിക്കാണിച്ച കമ്പനിയുടെ മരുന്ന് പരിശോധിച്ചതിനു ശേഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ആർ. രാജേഷ്: സർ, മരുന്നുകളുടെ വിലക്കയറ്റമാണ് ഞാൻ ഉന്നയിക്കുന്ന വിഷയം. നമ്മൾ നേരിടുന്ന ഗൗവരതരമായ ഒരു പ്രശ്നമെന്ന് പറയുന്നത്, ഭക്ഷണം കഴിക്കാൻ ചെലവഴിക്കുന്നതിനേക്കാൾ കൂടുതൽ തുക മരുന്ന് വാങ്ങാൻവേണ്ടി ചെലവഴിക്കുന്നു എന്നതാണ്. അത് പരിഹരിക്കാനാണ് സർക്കാർ അധികാരമേറ്റപ്പോൾത്തന്നെ സൗജന്യ മരുന്ന് വിതരണം പ്രഖ്യാപിച്ചത്. ജനറിക് മരുന്നുകൾ പ്രത്യേകമായി പ്രിസ്ക്രൈബ് ചെയ്യാൻ തീരുമാനിച്ചു. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനം

കാര്യക്ഷമമായി നടക്കുന്നില്ല. മരുന്നുകമ്പനികൾ വലിയ ചൂഷണമാണ് നടത്തുന്നത്. ഒന്ന്, വില നിയന്ത്രണപ്പട്ടികയിലേക്കുവരുന്ന മരുന്നുകളുടെ ഉല്പാദനം ആ കമ്പനികൾ ബോധപൂർവ്വം കുറയ്ക്കുന്നു. രണ്ട്, മറ്റ് ചേരുവകൾ ചേർത്തുകൊണ്ട് ആ മരുന്നുകൾ വേറെ രൂപത്തിൽ വിറ്റഴിക്കാൻ ശ്രമിക്കുന്നു. അതിനെ സംബന്ധിച്ച് ഒരു പഠനം ഗവൺമെന്റ് നടത്തിയിട്ടുണ്ടോ? ഇങ്ങനെ വില നിയന്ത്രണപ്പട്ടികയിലേക്കു വരുന്ന മരുന്നുകളുടെ ഉല്പാദനം കുറച്ചുകൊണ്ട് അതിന്റെ സ്റ്റോക്ക് ഇല്ലാതാക്കി വേറെ ഏതെങ്കിലും പേരിൽ ആ മരുന്ന് വിറ്റഴിക്കുന്നുണ്ടോ? അതിനെ സംബന്ധിച്ച് ഗവൺമെന്റ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ? ഉല്പാദനം കുറച്ചതിനെ സംബന്ധിച്ച് നടപടിയെടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. വി. എസ്. ശിവകുമാർ : സർ, ജനറിക് വിഭാഗത്തിൽപ്പെടുന്ന 74 ഐറ്റം മരുന്നുകളാണ് വിലനിയന്ത്രണപ്പട്ടികയിലുണ്ടായിരുന്നത്. കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന്റെ അവസാന സമയത്ത് 348 ഐറ്റം മരുന്നുകൾ വില നിയന്ത്രപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിലനിയന്ത്രണ പട്ടികയിലുണ്ടായിരുന്ന മരുന്നുകളുടെ ഉല്പാദനം കുറയ്ക്കുകയോ നിർത്തിവയ്ക്കുകയോ ചെയ്യുക എന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇത് കൈകാര്യം ചെയ്യുന്നത് കേന്ദ്ര ഗവൺമെന്റിന്റെ കെമിക്കൽസ് ആന്റ് ഫെർട്ടിലൈസേഴ്സ് വകുപ്പാണ്. ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി ഓഫ് ഇൻഡ്യയാണ് ഈ വിഭാഗം മരുന്നുകളുടെ വില നിശ്ചയിക്കുന്നത്. ഇതിൽ സംസ്ഥാന ഗവൺമെന്റിന് പ്രത്യേകമായിട്ടൊന്നും ചെയ്യാനില്ല. ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണെന്ന് മനസ്സിലാക്കിക്കൊണ്ട് നിർബന്ധിത ലൈസൻസിംഗ് സമ്പ്രദായം കൂടുതൽ ശക്തിപ്പെടുത്തി കൂടുതൽ മരുന്നുകൾ ഉല്പാദിപ്പിക്കണമെന്നും പ്രൈസ് കൺട്രോൾ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മരുന്നുകളുടെ ഉല്പാദനം കുറയുന്നതിനിടയാക്കുന്ന സാഹചര്യങ്ങളെപ്പറ്റി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുമുള്ള പ്രത്യേക റിക്വസ്റ്റ് കേന്ദ്ര ഗവൺമെന്റിന് നൽകിയിട്ടുണ്ട്. ഗവൺമെന്റിന് ഈ കാര്യങ്ങളെക്കുറിച്ച് വളരെയധികം അവബോധമുണ്ട്. സമയബന്ധിതമായിത്തന്നെ ഈ കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിനോട് വളരെ ശക്തമായി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് കഴിഞ്ഞ ഗവൺമെന്റ് 348 ഐറ്റം മരുന്നുകൾ വില നിയന്ത്രണപ്പട്ടികയിൽ ഉൾപ്പെടുത്തിയത്. കൂടുതൽ മരുന്നുകളെ വില നിയന്ത്രണപ്പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്രമന്ത്രി ശ്രീ. ആനന്ദ് കുമാറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. മുരളീധരൻ: സർ, പാവപ്പെട്ട രോഗികൾക്ക് മരുന്ന് ലഭ്യമാക്കാനുള്ള ഒരു സംവിധാനമാണ് കാരുണ്യ ഫാർമസി. കാരുണ്യ ഫാർമസിയെ എല്ലാ ഗവൺമെന്റ് ആശുപത്രികളിലേക്കും വ്യാപിപ്പിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ; പ്രത്യേകിച്ച് തിരുവനന്തപുരത്ത് പേരൂർക്കടയിലെ ഗവൺമെന്റ് മോഡൽ ആശുപത്രിയിൽ കഴിഞ്ഞ ഒരു വർഷമായി ഇതിനായി ഒരു കെട്ടിടം പണിത് കാത്തിരിക്കുകയാണ്. ഈ ആവശ്യം ഗവൺമെന്റ് പരിഗണിക്കുമോ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, ബ്രാൻഡഡ് മരുന്നുകൾ 93 ശതമാനം വരെ വിലകുറച്ച് നൽകുന്നതിനുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തുടങ്ങിയ സ്ഥാപനമാണ് കാരുണ്യ ഫാർമസി. 35 കാരുണ്യ ഫാർമസികൾ തുടങ്ങുന്നതിനാണ് ഗവൺമെന്റ് തീരുമാനമെടുത്തിരുന്നത്. ആവശ്യം കൂടിവന്ന പശ്ചാത്തലത്തിൽ അത് 39 എണ്ണമാക്കി ഉയർത്തി. ഈ ഗവൺമെന്റിന്റെ കാലാവധിക്കുള്ളിൽ 11 എണ്ണം കൂടി തുടങ്ങി 50 കാരുണ്യ ഫാർമസികളാക്കാൻ ഉദ്ദേശിക്കുന്നു. പേരൂർക്കടയിൽ അടുത്തമാസം പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, എന്റെ മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഗാന്ധിഗ്രാം ത്വക്കുരോഗ ആശുപത്രിയിലെ അന്തേവാസികൾക്ക് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നത് പേഷ്യന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ്. ഈയിനത്തിൽ അധികമായി നഷ്ടംവരുന്ന തുക ഗവൺമെന്റ് കൊടുക്കാറാണ് പതിവ്. എന്നാൽ 2011 മുതൽ ഇതുവരെ കുടിശ്ശിക കൊടുത്തിട്ടില്ല. അത് കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. അതുപോലതന്നെ രോഗികൾക്ക് ചെരുപ്പിനും വസ്ത്രത്തിനുമായി വളരെ തുച്ഛമായ തുകയാണ് അനുവദിക്കുന്നത്. അത് വർദ്ധിപ്പിക്കാമെന്ന് അങ്ങ് പലവട്ടം പറഞ്ഞുവെങ്കിലും ഇതുവരെയും വർദ്ധിപ്പിച്ച് കൊടുത്തിട്ടില്ല. അവർക്ക് പഞ്ചസാര നൽകിയിരുന്നത് പൂർണ്ണമായും നിർത്തലാക്കിയിരിക്കുകയാണ്. ഇവ പുനഃസ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. കൂടാതെ ഡോക്ടർമാരുടെ ഒഴിവുകൾ നികത്താത്തതുകാരണം രാത്രികാലങ്ങളിൽ രോഗികൾക്ക് ഡോക്ടർമാരുടെ സേവനം ലഭിക്കാത്ത സ്ഥിതിയുണ്ട്. സ്പെഷ്യലൈസ്ഡ് ഡോക്ടർമാരുടെ സേവനം മാസത്തിൽ രണ്ട് തവണയെങ്കിലും നൽകണമെന്ന ആവശ്യം ഉയർന്നുവന്നുവെങ്കിലും അത് ഇതുവരെയും പരിഹരിച്ചിട്ടില്ല. അവിടത്തെ ആശുപത്രി കെട്ടിടങ്ങൾ പ്രവർത്തിക്കുന്നത് പഴകിയ ജീർണ്ണിച്ച കെട്ടിടങ്ങളിലാണ്. ഇതെല്ലാംകൂടി ഒരു കെട്ടിടത്തിലാക്കണമെന്ന് പറഞ്ഞ് ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി കൊടുത്തുവെങ്കിലും അതും ഇതുവരേയും ഫലപ്രാപ്തിയിലെത്തിക്കാൻ കഴിഞ്ഞിട്ടില്ല. പാവപ്പെട്ട കുഷ്ഠരോഗികളുടെ കാര്യത്തിൽ ഇനിയെങ്കിലും അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഈ ആശുപത്രിയുടെ ശോചനീയാവസ്ഥ നേരിട്ട് മനസ്സിലാക്കാൻ രണ്ടുമൂന്ന് പ്രാവശ്യം അവിടം സന്ദർശിച്ചിട്ടുള്ളതാണ്. ഈ കാര്യങ്ങൾ പ്രത്യേകമായി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ചീഫ് വിപ്പ് (ശ്രീ. തോമസ് ഉണ്ണിയാടൻ): സർ, പേവിഷബാധ ചികിത്സയ്ക്കായി ഏഴരക്കോടിയോളം രൂപ വകയിരുത്തിയിരിക്കുന്നത് സ്വാഗതാർഹമാണ്. നമ്മുടെ സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ ശല്യം വലിയൊരു സാമൂഹ്യ പ്രശ്നമായി മാറിയിരിക്കുകയാണ്. ഇവ വളർത്തുജീവികളെ മാത്രമല്ല മനുഷ്യരെ ആകമാനം കടിച്ചുകീറുന്ന ഒരു സാഹചര്യത്തിലേക്ക് എത്തിയിരിക്കുകയാണ്. ആറുലക്ഷത്തോളം തെരുവുനായ്ക്കളാണ് ഇപ്പോൾ നമ്മുടെ സംസ്ഥാനത്തുള്ളതെന്നാണ് കണക്കാക്കിയിട്ടുള്ളത്. തെരുവുനായ്ക്കളുടെ കടിയേല്ക്കുന്നതുമൂലം പലപ്പോഴും പേവിഷബാധയുണ്ടാകുകയാണ്. പേവിഷബാധയേറ്റാൽ പിന്നീട് ഏത് മരുന്ന് കൊടുത്താലും ആ രോഗിയെ രക്ഷപ്പെടുത്താൻ കഴിയുകയില്ല. അത്രമാത്രം ഗുരുതരമായ ഒരവസ്ഥ നമ്മുടെ സംസ്ഥാനത്ത് സംജാതമായിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ധാരാളം യോഗങ്ങൾ വിളിച്ചുകൂട്ടുകയും ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കുകയുമുണ്ടായി. പക്ഷേ, പരിഹാരം പരിപൂർണ്ണമായിട്ടില്ല. നിലവിലുള്ള നിയമങ്ങളും കോടതി വിധികളും അപകടകാരികളായ തെരുവുനായ്ക്കളെ കൊല്ലാമെന്നുള്ളതാണ്. അതിനാവശ്യമായ നടപടി സ്വീകരിക്കാൻ ഫലപ്രദമായി കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഈ സാമൂഹ്യപ്രശ്നത്തിന് പരിഹാരം ഉണ്ടാക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, ആരോഗ്യ വകുപ്പിന് ഇക്കാര്യത്തിൽ ചെയ്യാൻ കഴിയുന്നത് പേവിഷബാധയ്ക്ക് ചികിത്സാ സൗകര്യവും വാക്സിനും കൊടുക്കുക എന്നുള്ളതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുസംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി വിവിധ തലങ്ങളിൽ തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളാണ് ഈ കാര്യങ്ങൾ ഇഫക്ടീവായി ചെയ്യേണ്ടത്. അവർക്കാവശ്യമായ നിർദ്ദേശങ്ങൾ ഗവൺമെന്റ് കൊടുത്തിട്ടുണ്ട്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, മരുന്ന ദൗർലഭ്യത്തെത്തുടർന്ന് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്ന വാങ്ങി നൽകുന്നതുമായി ബന്ധപ്പെട്ട് അഴിമതി നടക്കുന്നതായി ആരോപണം വന്നകൊണ്ടിരിക്കുകയാണ്. പല ഹോസ്പിറ്റലുകളിലും വിതരണം ചെയ്യുന്ന മരുന്നുകൾ സമയപരിധി കഴിഞ്ഞതാണ്. എന്റെ മണ്ഡലത്തിലെ അടൂർ ജനറൽ ആശുപത്രിയിൽ ഫാർമസിയിൽ നിന്നും കൊടുത്ത പല മരുന്നുകളും ഉപയോഗയോഗ്യമല്ലാത്തതാണ്. ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് സമഗ്രമായി പരിശോധിക്കുകയും ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുമോ? അതോടൊപ്പം സംസ്ഥാനത്തുള്ള മുഴുവൻ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ലാബ് സൗകര്യം മെച്ചപ്പെടുത്തി പ്രവർത്തിക്കാനുള്ള നടപടി കൂടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. ശിവകുമാർ : സർ, എക്സ്പയറായ മരുന്നുകൾ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് പല പരാതികളും ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അതുസംബന്ധിച്ച അവലോകനം നടത്തിയിട്ടുണ്ട്. ഇപ്പോൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ എക്സ്പയറായ മരുന്നുകൾ ഏതെങ്കിലും ആശുപത്രിയിൽ ഉണ്ടെങ്കിൽ അത് കണ്ടെത്തി മാറ്റുന്നതിനും പകരം എക്സ്പയറല്ലാത്ത മരുന്നുകൾ വിതരണം ചെയ്യുന്നതിനും ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ കെ.എം.എസ്.സി.എൽ. ഗോഡൗണിൽ ഒരു ലക്ഷത്തിൽതാഴെ വരുന്ന മരുന്നുകൾ മാത്രമാണ് എക്സ്പയറി കഴിഞ്ഞവയായിട്ടുള്ളത്. കാരുണ്യ ഫാർമസികളിൽ എക്സ്പയറായ മരുന്നുകളുണ്ടെങ്കിൽ അതവരെ അറിയിക്കുകയും അവർതന്നെ അതെടുത്തുകൊണ്ടുപോകുകയും അതിനുപകരം മരുന്നുകൾ അവർ തരികയും ചെയ്യും. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ജനറിക് മരുന്ന സംവിധാനത്തിൽ നേരത്തെതന്നെ ഇത് കണ്ടെത്തുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. എക്സ്പയറി കഴിഞ്ഞ മരുന്നുകൾ ഇപ്പോൾ ഒരു സ്ഥലത്തും കൊടുക്കുന്നില്ല. അത് എക്സ്പയറി ഡേറ്റിനുമുമ്പ് ചെലവഴിക്കുന്നതിനുവേണ്ടി ആറുമാസത്തിനുമുമ്പുതന്നെ ആവശ്യമായ സ്ഥലങ്ങളിലേക്ക് കൊടുക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ ഇപ്പോൾ സ്വീകരിക്കുന്നുണ്ട്. അതോടൊപ്പം അദ്ദേഹം പറഞ്ഞത് ലാബിന്റെ കാര്യമാണ്. ഇതുമായി ബന്ധപ്പെട്ട ചോദ്യമല്ലെങ്കിൽപ്പോലും പറയുകയാണ്, 250 പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ലാബ് തുടങ്ങുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 150-ലധികം പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ലാബ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 250 പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ഈ ഗവൺമെന്റിന്റെ കാലാവധിക്കുള്ളിൽതന്നെ ലാബ് സജ്ജീകരിക്കുന്നതാണ്.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : സർ, കാഷ്വാലിറ്റി സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ള താലൂക്കാശുപത്രികളിലൊന്നാണ് താമരശ്ശേരി താലൂക്കാശുപത്രി. ഇത് എപ്പോൾ പ്രാബല്യത്തിൽ വരുമെന്ന് ഇപ്പോൾ പറയാൻ സാധിക്കുമോ? അതോടൊപ്പംതന്നെ മാരകമായ രോഗങ്ങൾക്കുള്ള വിലകൂടിയ മരുന്നുകൾ വാങ്ങാൻ പലർക്കും പ്രയാസമുണ്ടാകുന്ന അവസ്ഥയുണ്ട്. ചാരിറ്റബിൾ ട്രസ്റ്റുകൾ നടത്തുന്ന മെഡിക്കൽ സ്റ്റോറുകളിലൂടെ ഇത്തരം മരുന്നുകൾ സബ്സിഡൈസ്ഡ് റേറ്റിൽ കൊടുക്കാനുള്ള തീരുമാനമെടുത്ത് നടപ്പിലാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഇതുമായി ബന്ധപ്പെട്ട ചോദ്യമല്ല എന്നാലും അദ്ദേഹം ചോദിച്ച സാഹചര്യത്തിൽ പറയുകയാണ്, സംസ്ഥാനത്തെ 34 താലൂക്കാശുപത്രികളിൽ കാഷ്വാലിറ്റി യൂണിറ്റുകൾ ആരംഭിക്കുന്നതിനായി ഡോക്ടർമാരെ നിയമിക്കുന്നതിനുവേണ്ടി ക്യാബിനറ്റ് തീരുമാനമെടുത്തിട്ടുണ്ട്. ഉടൻതന്നെ 34 ആശുപത്രികളിൽ കാഷ്വാലിറ്റി സംവിധാനം നിലവിൽവരും. ഏകദേശം 150-ഓളം ഡോക്ടർമാരെ അതുമായി ബന്ധപ്പെട്ട് നിയമിക്കുന്നതാണ്. മാരകമായ രോഗങ്ങൾക്കുള്ള മരുന്നുകൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്നുണ്ട്. ഇതുപോലുള്ള മറ്റുപല പദ്ധതികളുമുണ്ട്. ഈ സാഹചര്യത്തിൽ നേരത്തെ സൂചിപ്പിച്ച കാര്യത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ശ്രീ. സി. കെ. നാണു : സർ, ഇപ്പോൾ ഇന്ത്യയിൽ ദരിദ്രന്മാർ വർദ്ധിക്കുന്നതിന്റെ കാരണങ്ങളിലൊന്ന് ചികിത്സയ്ക്കുവേണ്ടി ഇടത്തരക്കാരായ ആളുകൾ ലക്ഷക്കണക്കിന് രൂപ ചെലവഴിക്കുന്നതാണ്. ആരോഗ്യ മേഖലയിലും ദാരിദ്ര്യം വർദ്ധിക്കുന്നുണ്ട്. ഇന്ത്യയിലെ ലോകനിലവാരത്തിലുള്ള കോടീശ്വരന്മാരുടെ കൂട്ടത്തിലുള്ള മരുന്നു കമ്പനികളുടെ ഉടമസ്ഥരായ 27 ആളുകൾ സ്വകാര്യ ആശുപത്രികൾ നടത്തുന്നവരാണ്. ഇത് യാഥാർത്ഥ്യമാണ്. ഇടത്തരക്കാരായ രോഗികൾ അമിതവിലകൊടുത്ത് മരുന്നുവാങ്ങേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കാൻ സാധിക്കണം. ദാരിദ്ര്യത്തിൽ കഴിയുന്ന ഒരാൾക്ക് രോഗംവന്നാൽ അയാൾക്ക് ചികിത്സ കൊടുക്കണം. ഇവർ സ്വകാര്യ ആശുപത്രികളിൽ പോകാതെ സർക്കാർ ആശുപത്രികളിൽ അലോപ്പതിയായാലും, ആയുർവേദമായാലും ഹോമിയോപ്പതിയായാലും ബഹുഭൂരിപക്ഷം ആളുകൾക്കും ചികിത്സ നല്കാൻ പറ്റുന്ന തരത്തിലുള്ള ഒരു സംവിധാനമുണ്ടാക്കുന്നതിന് സർക്കാർ സന്നദ്ധമാകുമോ; അതിനുവേണ്ടി നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, ആരോഗ്യ പരിപാലനത്തിന് ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുക്കുന്ന ഒരു ഗവൺമെന്റാണിത്. ഈ ഗവൺമെന്റ് വന്നതിനുശേഷം കേരളത്തിലുള്ള സാധാരണക്കാരായ ആളുകളിൽപ്പെട്ട 70 ശതമാനത്തോളം രോഗികൾക്കും സൗജന്യ ചികിത്സ നല്കുന്നുണ്ട്. ആശുപത്രികളുടെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കുക, മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുക, ചികിത്സാ സൗകര്യം ഏർപ്പെടുത്തുക എന്നീ ആവശ്യങ്ങൾക്ക് 258 കോടി രൂപയോളമായിരുന്നു ഈ ഗവൺമെന്റ് വന്നപ്പോൾ ബഡ്ജറ്റ് വിഹിതം. ഇപ്പോഴത് 650 കോടി രൂപയായി വർദ്ധിപ്പിച്ചു. അതോടൊപ്പം 300 കോടി രൂപ സൗജന്യ മരുന്നുവിതരണത്തിനായി ഓരോ വർഷവും മാറ്റിവയ്ക്കുകയാണ്. കാരുണ്യ ബെനവലന്റ് ഫണ്ട് പാവപ്പെട്ട ആളുകൾക്ക് ചികിത്സ കൊടുക്കുന്ന പദ്ധതിയാണ്. അതോടൊപ്പം മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായ പദ്ധതിപ്രകാരം ഒരു വ്യക്തിയുടെ ഗർഭാവസ്ഥ മുതൽ വാർദ്ധക്യം വരെയുള്ള കാലയളവിൽ കേരളത്തിൽ എല്ലാ ചികിത്സയും മിക്കവാറും സൗജന്യമാണ്. സർക്കാർ ആശുപത്രിയിൽ പ്രസവ ചികിത്സ സൗജന്യമാണ്. 'അമ്മയും കുഞ്ഞും' എന്ന പുതിയ പദ്ധതിയിലൂടെ ഇപ്പോൾ ഒരു വർഷംവരെ കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭിക്കുന്നുണ്ട്. പാവപ്പെട്ട ആളുകളെ വീട്ടിൽ കൊണ്ടു പോകുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ ചാർജ്ജുവരെ ഗവൺമെന്റ് കൊടുക്കുന്നുണ്ട്. 18 വയസ്സിനുതാഴെയുള്ള എല്ലാ വിഭാഗത്തിലുമുള്ള കുട്ടികൾക്കും ചികിത്സ സൗജന്യമാണ്. ആരോഗ്യകിരണം പദ്ധതിയിലൂടെ ബി.പി.എൽ./ എ.പി.എൽ. വ്യത്യാസമില്ലാതെ എത്ര മാരകരോഗമായാലും എത്ര കോടി രൂപ ചെലവായാലും കേരളത്തിലെ ജനങ്ങൾക്ക് സൗജന്യ ചികിത്സയാണ് കൊടുക്കുന്നത്.

<u>മി. സ്പീക്കർ</u>: യെസ്... യെസ്.....

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, അദ്ദേഹം പറഞ്ഞത് ഞാൻ വിശദീകരിക്കുന്നു എന്നേയുള്ളൂ. 'അമൃതം ആരോഗ്യം' പദ്ധതിയിലൂടെ ജീവിത ശൈലീരോഗങ്ങൾക്കുള്ള ചികിത്സ ഇന്ന് സൗജന്യമാണ്. അതുപോലെ 'സുകൃതം പദ്ധതി'യിലൂടെ ക്യാൻസറിന് സൗജന്യ ചികിത്സ കൊടുക്കുന്നുണ്ട്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം ചോദിച്ചതിനുമാത്രം മന്ത്രി ഉത്തരം നല്കിയാൽ മതി.

ശ്രീ. വി. എസ്. ശിവകുമാർ : സർ, സാധാരണക്കാരന് സൗജന്യ ചികിത്സ കൊടുക്കുന്നതിന് ഏറ്റവും മുന്തിയ പരിഗണനയാണ് ഗവൺമെന്റ് നൽകുന്നത്. അതനുസരിച്ച് ഗവൺമെന്റ് ആശുപത്രികളിൽ ചികിത്സയ്ക്ക് എത്തിച്ചേരുന്ന ആളുകളുടെ എണ്ണവും വർദ്ധിച്ചിട്ടുണ്ട്.

ശ്രീ. സി. എഫ്. തോമസ്: സർ, ആശുപത്രികളിൽ മരുന്നില്ലാതെ വന്നാൽ അല്ലെങ്കിൽ കിട്ടുന്ന മരുന്ന് തീർന്നാൽ അവിടത്തെ മെഡിക്കൽ ഓഫീസർക്ക് ലോക്കൽ പർച്ചേസ് നടത്താനുള്ള അധികാരം കൊടുത്തിട്ടുണ്ടോ; ഈ അധികാരം പല മെഡിക്കൽ ഓഫീസർമാരും ഉപയോഗിക്കുന്നില്ല. അതുകൊണ്ട് അത്യാവശ്യ മരുന്നുകൾ ലഭ്യമാകുന്നില്ല എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഇപ്പോൾ സോഫ്റ്റ്വെയർ സംവിധാനം വന്നതോടുകൂടി ആശുപത്രികളിൽ മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യം ഉണ്ടാകുന്നില്ല. മരുന്ന് തീർന്നാലുടൻതന്നെ അറിയിക്കുകയും ജില്ലാ സംഭരണ ശാലകളിൽനിന്നും മരുന്ന് എത്തിക്കുകയും ചെയ്യുന്നുണ്ട്. ഏതെങ്കിലും തരത്തിൽ മരുന്നുകൾ ലഭ്യമാകാതെ വരുന്ന സാഹചര്യമുണ്ടെങ്കിൽ ലോക്കൽ പർച്ചേസ് നടത്തുന്നതിന് ഡി.എം.ഇ-ക്കും ഡി.എച്ച്.എസ്.-നും അധികാരം കൊടുത്തിട്ടുണ്ട്. അവർക്കാവശ്യമായ തുകയും അനുവദിച്ചിട്ടുണ്ട്. അടിയന്തരമായി ലോക്കൽ പർച്ചേസ് നടത്തുന്നതിനുള്ള സംവിധാനം കേരളത്തിലുണ്ട്.

മി. സ്പീക്കർ: ഈ ചോദ്യത്തിനുമാത്രമായി 41 മിനിട്ട് സമയമെടുത്തു. വളരെ കുറച്ച് അംഗങ്ങൾക്കുമാത്രമേ ചോദ്യം ചോദിക്കുന്നതിന് അവസരം ലഭിച്ചുള്ളൂ. ചോദ്യം നമ്പർ *212.

**സീപ്ലെയിൻ പദ്ധതി**

2(*212) ശ്രീ. വി. എസ്. സുനിൽ കുമാർ:
ശ്രീ. പി. തിലോത്തമൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. കെ. രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സീപ്ലെയിൻ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) സീപ്ലെയിൻ പദ്ധതിക്കായി ഖജനാവിൽനിന്നും എത്ര തുക ഇതിനകം ചെലവാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതി ലാഭകരമാക്കാൻ കഴിയില്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിമൂലം പാരിസ്ഥിതിക സന്തുലിതാവസ്ഥയ്ക്ക് കോട്ടം സംഭവിക്കുമെന്ന വാദം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ,

(എ) പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം 2-6-2013-ന് കൊല്ലം അഷ്ടമുടിയിൽ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി നിർവ്വഹിച്ചു. എന്നാൽ ചില മത്സ്യത്തൊഴിലാളി സംഘടനകൾ ഉയർത്തിയ എതിർപ്പിനെത്തുടർന്ന് സർവ്വീസുകൾ നിർത്തിവയ്ക്കുകയാണുണ്ടായത്. മത്സ്യബന്ധന മേഖലയിലെ തൊഴിലാളി സംഘടനകളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ, സീപ്ലെയിൻ പദ്ധതി ഉൾനാടൻ മത്സ്യബന്ധന രംഗത്ത് എന്തെങ്കിലും വിധത്തിലുള്ള ആഘാതം സൃഷ്ടിക്കുമോ എന്നത് സംബന്ധിച്ച് പഠനം നടത്തുവാനും അങ്ങനെയെങ്കിൽ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി സർക്കാർ ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. ഈ സമിതിയുടെ അന്തിമ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായിട്ടായിരിക്കും ജലവിമാന സർവ്വീസ് ആരംഭിക്കുന്നത്. 26-6-2015-ലെ GO(MS)No.188/2015/TSM നമ്പറായ പുതിയ ഉത്തരവ് പ്രകാരം ഓപ്പറേറ്റർമാരെ പ്രോത്സാഹിപ്പിക്കുന്നതിനായി നേരത്തെ പ്രഖ്യാപിച്ചിരുന്ന ഏർളി ബേർഡ് ഇൻസെന്റീവുകൾക്കു പുറമെ മറ്റുചില ആനുകൂല്യങ്ങൾകൂടി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പൂർണ്ണതോതിലുള്ള ജലവിമാന സർവ്വീസ് ഉടനെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) 2015 മാർച്ച് 31 വരെയുള്ള കണക്കുകൾ പ്രകാരം പദ്ധതിക്കായുള്ള പ്രധാന ചെലവുകളായ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് ചെലവായിട്ടുള്ള 5,88,81,912 രൂപയും കേരളാ പോലീസിന്റെ കീഴിലുള്ള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സിന്റെ വിന്യാസവും സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കുന്നതിനും ചെലവായിട്ടുള്ള 2,45,99,536 രൂപയും മറ്റ് അനുബന്ധ ചെലവുകൾ ഉൾപ്പെടെ ആകെ 11,10,42,012 രൂപയാണ് പദ്ധതിക്കായി ചെലവായിട്ടുള്ളത്.

(സി) ഇല്ല. ഇന്ത്യയിൽ സീപ്ലെയിൻ സർവ്വീസുകൾ ആരംഭിക്കുകവഴി ടൂറിസം രംഗത്ത് ഒരു നൂതന ഉല്പന്നംകൂടി സഞ്ചാരികൾക്ക് നൽകുക എന്നതാണ് കേരള സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതി കേരളത്തിന്റെ ബ്രാൻഡ് ഇമേജ് വർദ്ധിപ്പിക്കുന്നതോടൊപ്പം അയൽ സംസ്ഥാനങ്ങളെ വെല്ലുന്ന ഒരു നൂതന ഉല്പന്നം ലഭ്യമാക്കുകയും ചെയ്യും. സീപ്ലെയിൻ പദ്ധതിക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി, സീപ്ലെയിൻ ഓപ്പറേഷൻസ് പ്രോത്സാഹിപ്പിക്കുകയാണ് സർക്കാരിന്റെ ദൗത്യം. പദ്ധതി പ്രോത്സാഹിപ്പി ക്കുന്നതിന്റെ ഭാഗമായി തുടക്കത്തിൽ രണ്ടുവർഷത്തേക്ക് ഈ സൗകര്യങ്ങൾ സൗജന്യമായി ലഭ്യമാക്കുവാനാണ് സർക്കാർ തീരുമാനം. അതിനുശേഷം മുതൽ മുടക്കിന് ആനുപാതികമായ ഒരു യൂസേജ് ഫീ ഏർപ്പെടുത്തുവാൻ സാധിക്കും. ജലവിമാന പദ്ധതി കൂടുതൽ വിനോദ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുവാൻ സഹായിക്കുകയും ഇതുവഴി പ്രത്യക്ഷവും പരോക്ഷവുമായ വരുമാന ലഭ്യതയ്ക്കും തൊഴിലവസരങ്ങൾക്കും കാരണമാവുകയും ചെയ്യും. പ്രാരംഭഘട്ടത്തിൽ ഇത് കൃത്യമായി കണക്കാക്കുവാൻ സാധ്യമല്ല.

(ഡി) ഇല്ല. കേരള സീപ്ലെയിൻ പദ്ധതിക്കുവേണ്ടി കേന്ദ്ര സർക്കാർ സ്ഥാപനമായ പവൻഹാൻസ് ഹെലികോപ്റ്റേഴ്സ് ലിമിറ്റഡ് തയ്യാറാക്കിയ ഡി.പി.ആർ. പ്രകാരം സീപ്ലെയിനുകളുടെ അറ്റകുറ്റപ്പണികൾ, ഇന്ധനം നിറയ്ക്കൽ മുതലായവ വിമാനത്താവളങ്ങളിൽവച്ച് മാത്രം നടത്തുവാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. അതിനാൽ ഇവമൂലമുള്ള ജലമലിനീകരണം തീർത്തുമില്ല. ഇവ ജലത്തിൽ ഉണ്ടാക്കുന്ന ഓളങ്ങൾ കേരളത്തിൽ സർവ്വസാധാരണമായി ഉപയോഗിക്കപ്പെടുന്ന ഔട്ട് ബോർഡ് എഞ്ചിനുകൾ, സ്പീഡ്ബോട്ടുകൾ എന്നിവവഴി ഉണ്ടാകുന്നവയേക്കാൾ താരതമ്യേന കുറവാണ്. കൂടാതെ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും നടത്താത്തതിനാൽ ഇവയും പരിസ്ഥിതിയെ ബാധിക്കുന്നില്ല. ടോയ്‌ലറ്റ്, ഭക്ഷണ സൗകര്യം ഇവ ഇല്ലാത്തതിനാൽ ഒരുതരത്തിലുള്ള മാലിന്യങ്ങളും സീപ്ലെയിനുകളിൽ നിന്നും ജലത്തിലേക്ക് പുറന്തള്ളപ്പെടുന്നില്ല. കൂടാതെ US ആർമി കോർപ്സ് ഓഫ് എഞ്ചിനീയേഴ്സിന്റെ (USACE) പഠനത്തിൽ വായു, ജലം, മണ്ണ് എന്നിവയിലോ ജന്തുജാലങ്ങൾ, മത്സ്യജാലങ്ങൾ, ഹൈഡ്രോളജി എന്നിവയിലോ ഇവ പ്രത്യേകം ബാധിക്കുന്നില്ല എന്ന കണ്ടെത്തൽ പവൻഹാൻസിന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിലുപരി സീപ്ലെയിൻ സർവ്വീസുകൾ കേരളത്തിലെ ഉൾനാടൻ മത്സ്യബന്ധന മേഖലയെ എന്തെങ്കിലും തരത്തിൽ ദോഷകരമായി ബാധിക്കുമോ എന്നുള്ള

മത്സ്യത്തൊഴിലാളികളുടെ ആശങ്കകളെ സംബന്ധിച്ച് പഠിക്കുവാനും ആവശ്യമെങ്കിൽ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാനുമായി സർക്കാർ രൂപീകരിച്ചിട്ടുള്ള വിദഗ്ദ്ധ സമിതി, വിശദമായ പഠനങ്ങൾക്കുശേഷം ഇപ്പോൾ ആവിഷ്ക്കരിച്ചിട്ടുള്ള രൂപത്തിൽ പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ ഇത് മത്സ്യസമ്പത്തിനേയും പരിസ്ഥിതിയേയും ഒരുതരത്തിലും ബാധിക്കുന്നതല്ല എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, വളരെ കൊട്ടിഘോഷിച്ചുകൊണ്ട് ആരംഭിച്ച പദ്ധതിയാണ് സീപ്ലെയിൻ പദ്ധതി. പക്ഷേ യാതൊരു വിധത്തിലുള്ള ശരിയായ പഠനങ്ങളും നടത്തിയിട്ടില്ല. 11 കോടിയിലധികം രൂപ ഇതിനായി ചെലവഴിച്ചിരിക്കുകയാണ്. ഈ പദ്ധതി സംബന്ധിച്ച് C&AG-യുടെ വളരെ ഗൗരവമായ റിപ്പോർട്ട് വന്നിട്ടുണ്ട്. ഈ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി കുട്ടനാടൻ പ്രദേശങ്ങളിലും അന്താരാഷ്ട്രതലത്തിൽത്തന്നെ സംരക്ഷണം ആവശ്യമാണെന്ന് പറയുന്ന പരിസ്ഥിതി പ്രാധാന്യമുള്ള അഷ്ടമുടി, വേമ്പനാട് കായലുകൾക്കും ഗുരുതരമായ പാരിസ്ഥിതിക അപകടമുണ്ടാക്കാൻ പോകുന്നതാണെന്നു മാത്രമല്ല തദ്ദേശീയരായ ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ജീവനോപാധിയേയും ബാധിക്കുമെന്ന പരാതിയും നിലനിൽക്കുന്നുണ്ട്. ഈ പദ്ധതി ലാഭകരമായി നടപ്പാക്കാൻ കഴിയില്ലെന്നും ഖജനാവിൽ വലിയ നഷ്ടം വരുത്തി വച്ചിരിക്കുന്നതുമായാണ് C&AG-യുടെ റിപ്പോർട്ടുകൾ. ഇത്രയും വാശിപിടിച്ച് നടപ്പാക്കേണ്ട എന്ത് പ്രാധാന്യമാണ് ഈ പദ്ധതിക്കുള്ളത്; ഈ പദ്ധതി നടപ്പാക്കുന്ന ടൂറിസം മേഖലയിൽ ഉണ്ടാകാൻ പോകുന്നതിനെക്കാൾ വലിയ പ്രത്യാഘാതം മറ്റ് മേഖലകളിൽ ഉണ്ടാകുമോ എന്നതിനെ സംബന്ധിച്ച് ഒരു പഠനവും നടത്തിയിട്ടില്ല. വിദഗ്ദ്ധ സംഘം പരിശോധന നടത്തി എന്നുപറയുമ്പോഴും ആ വിദഗ്ദ്ധ സംഘത്തിൽ പരിസ്ഥിതി പ്രവർത്തകരോ മത്സ്യത്തൊഴിലാളി പ്രതിനിധികളോ ഉണ്ടായിരുന്നില്ല. പഠനം നടത്തിയെന്ന് വരുത്തിത്തീർത്ത് ഈ പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ ഗവൺമെന്റ് ഇത്രയുമധികം തുക ചെലവഴിച്ചതിന്റെ സാംഗത്യം എന്താണ്; ഇക്കാര്യത്തിൽ വാശിപിടിക്കുന്നത് എന്തിനാണ് എന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട അംഗം വി. എസ്. സുനിൽ കുമാർ ഇവിടെ ഒന്നുരണ്ട് കാര്യങ്ങളെക്കുറിച്ച് സൂചിപ്പിച്ചു. ഒന്ന്, ഇതുമായി ബന്ധപ്പെട്ട് C&AG പറഞ്ഞ കാര്യങ്ങൾക്ക് വ്യക്തമായ മറുപടി ഗവൺമെന്റ് നൽകിയിട്ടുണ്ട്. രണ്ടാമത്തെ കാര്യം, ഇത് പരിസ്ഥിതിപ്രശ്നം ഉണ്ടാക്കുന്നു

എന്നുള്ളതാണ്. സീപ്ലെയിൻ ആണെങ്കിലും ഇത് കായലിലാണ് ഇറക്കുന്നത്. മാത്രവുമല്ല മത്സ്യബന്ധനം പൂർണ്ണമായും ഇല്ലാത്ത സ്ഥലത്താണ്. മത്സ്യബന്ധനത്തിനെ ഇത് ബാധിക്കില്ലായെന്നുള്ളത് വളരെ വ്യക്തമായ കാര്യമാണ്. എങ്കിലും മത്സ്യത്തൊഴിലാളികൾ ഈയൊരു പ്രശ്നമുന്നയിച്ചപ്പോൾ മത്സ്യത്തൊഴിലാളി സംഘടനാ നേതാക്കളുൾപ്പെടെയുള്ളവരുടെ ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കുകയും അവർ പഠനം നടത്തി പൂർണ്ണമായ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത് ഒരു രീതിയിലും മത്സ്യബന്ധനത്തേയോ മത്സ്യസമ്പത്തിനേയോ ബാധിക്കില്ല. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സീപ്ലെയിൻ സംവിധാനമുണ്ട്. കേരളത്തിൽ എന്തുകൊണ്ട് ഈയൊരു പ്രോജക്ട് കൊണ്ടുവന്നുവെന്നു ചോദിച്ചാൽ, കഴിഞ്ഞ പത്തിരുപത്തിയഞ്ച് വർഷമായി ഇന്ത്യയിലെ ഏറ്റവും വലിയ ബ്രാൻഡ് എന്നുപറയുന്നത് കേരള ടൂറിസമാണ്. പക്ഷേ ഇന്ന് കർണ്ണാടക, ഗുജറാത്ത് ഉൾപ്പെടെയുള്ള മറ്റ് സംസ്ഥാനങ്ങൾ ടൂറിസം മേഖലയെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി വളരെ വിപുലമായ രീതിയിലുള്ള campaign ആരംഭിച്ചിട്ടുണ്ട്. അതുകൊണ്ട് നമുക്കൊരു പുതിയ പ്രോഡക്ട് ആവശ്യമാണ്. കേരള ടൂറിസം ആയുർവേദത്തിൽ വളരെ ശക്തമായി മുന്നോട്ടു പോകുന്നു. അതുപോലെ നമ്മുടേതായ പ്രകൃതിസമ്പത്ത് വിനിയോഗിക്കുന്നു. സീപ്ലെയിൻകൂടി വരുമ്പോൾ കേരള ടൂറിസം വികസനരംഗത്ത് വളരെയേറെ മുന്നേറ്റമുണ്ടാകുമെന്ന പൊതുവായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് ഇത് ആരംഭിച്ചത്. ഒരുതരത്തിലും മത്സ്യത്തൊഴിലാളികൾക്ക് യാതൊരു പ്രയാസവും ഉണ്ടാക്കാത്തരീതിയിലാണ് ഗവൺമെന്റിത് നടപ്പാക്കാനുദ്ദേശിച്ചത്. കൊല്ലത്ത് ബഹുമാനപ്പെട്ട പി. കെ. ഗുരുദാസൻ എം.എൽ.എ. അദ്ധ്യക്ഷത വഹിച്ച ചടങ്ങിലാണ് സീപ്ലെയിൻ പദ്ധതി തുടങ്ങിയത്. അതിന് എല്ലാവരും അനുകൂലമായിരുന്നു. ചില സംഘടനകൾ മാത്രമാണ് അതിനെതിരായ സമീപനമെടുത്തത്. എന്നിട്ടുപോലും ഗവൺമെന്റ് അതുമായി മുന്നോട്ടുപോകുകയല്ല ചെയ്തത്. അവരുടെകൂടി പ്രശ്നങ്ങൾ പരിഹരിച്ച് മുന്നോട്ടുപോകണമെന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചത്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ടൂറിസം മേഖലയിൽ സീപ്ലെയിൻ പ്രോഡക്ടിനെക്കാൾ എത്രയോ നല്ല പ്രോഡക്ടുകൾ ആവിഷ്കരിക്കാൻ കഴിയും. ഇത് സാമ്പത്തികമായി വയബിൾ അല്ലെന്നു മാത്രമല്ല ഇതിനെ സംബന്ധിച്ച് ഇപ്പോഴും ദുരൂഹത നിലനിൽക്കുകയാണ്. വിദഗ്ദ്ധ സമിതിയുടെ പഠന റിപ്പോർട്ട് മേശപ്പുറത്തുവയ്ക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം. ഈ പദ്ധതി നടപ്പാക്കാൻ

ഏല്പിച്ചിരിക്കുന്ന കൈരളി ഏവിയേഷൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് എയർക്രാഫ്റ്റ് ഓപ്പറേറ്റ് ചെയ്യുന്നതിനുള്ള നോൺ ഷെഡ്യൂൾ ഓപ്പറേറ്റർ പെർമിറ്റോ, എയർ ഓപ്പറേറ്റ് പെർമിറ്റോ ഇല്ല എന്നുള്ള ഗുരുതരമായ പരാതി ഉയർന്നുവന്നിട്ടുണ്ട്. ഈ കമ്പനി ഒരു ഫെസിലിറ്റേറ്റർ കമ്പനി മാത്രമാണ്. സീപ്ലെയിനിൽ ഉപയോഗിക്കുന്ന 100 എൽ.എൽ. ഫ്യുവൽ കൊച്ചിൻ നേവൽ ബേസിൽ മാത്രമാണ് ലഭ്യമായിട്ടുള്ളത്. മറ്റുള്ള എയർപോർട്ടുകളിലൊന്നും ലഭ്യമല്ല. അതിൽ നിരവധി സാങ്കേതിക പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. എയറോഡ്രോമിന് പകരമുള്ള വാട്ടർഡ്രോം എന്നുപറയുന്ന സ്ഥലത്തെ ഒരു കിലോമീറ്റർ റേഡിയസ് എന്നുപറയുമ്പോൾ ഏകദേശം 775 ഏക്കർ പ്രദേശം പൂർണ്ണമായും ഇതിന്റെ സുരക്ഷാകവചമായി മാറുകയാണ്. അങ്ങനെ എത്ര കേന്ദ്രങ്ങൾ വരുന്നു എന്നതിനെക്കുറിച്ച് ഗവൺമെന്റ് വ്യക്തമാക്കിയിട്ടില്ല. അങ്ങനെ വരുമ്പോൾ വേമ്പനാട്ട് കായലിലും അഷ്ടമുടിക്കായലിലും ഉണ്ടാകുന്ന, ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികളെ ബാധിക്കുന്ന ഈ പ്രശ്നത്തിനെ സംബന്ധിച്ച് ശരിയായ വിധത്തിലുള്ള മറുപടി നൽകാനോ അതിന് പരിഹാരമുണ്ടാക്കാനോ കഴിയാതെ ഇത്രയും കോടി രൂപ ചെലവഴിച്ചത് എന്തിനുവേണ്ടിയായിരുന്നു എന്നുള്ളത് ഗവൺമെന്റ് വ്യക്തമാക്കണം. കൈരളി ഏവിയേഷൻ എന്ന സ്ഥാപനത്തെ സംബന്ധിച്ച് ധാരാളം പരാതികളുയർന്നുവന്നിട്ടുണ്ട്. ആ സ്ഥാപനം ഒരു ഫെസിലിറ്റേറ്റർ സ്ഥാപനം മാത്രമാണ്. ഗവൺമെന്റ് അവർക്കെന്തെങ്കിലും നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ എന്നുള്ള കാര്യംകൂടി ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കൈരളി ഏവിയേഷൻ എന്ന സ്ഥാപനമാണോ ഇവിടെ സർവ്വീസ് നടത്തിയത് എന്നതിനെക്കുറിച്ച് എനിക്ക് വ്യക്തമായി പറയാൻ കഴിയില്ല. ഇപ്പോൾ Air Grantule Mehair consortium, Sea-birds Sea-plain Private Limited എന്നീ രണ്ട് ഏജൻസികളാണ് മുന്നോട്ടുവന്നിട്ടുള്ളത്. ശ്രീ. വി. എസ്. സുനിൽകുമാർ പറഞ്ഞതുപോലെ വലിയ ലാഭകരമാക്കുന്നതിനെക്കാൾ ടൂറിസത്തെ, അതായത് ടൂറിസ്റ്റുകളെ അട്രാക്ട് ചെയ്യുക എന്നുള്ള ലക്ഷ്യംകൂടി ഇതിലുണ്ട്. നമ്മൾ ഇതിനായി പല പ്രചരണങ്ങളും നടത്തുന്നുണ്ട്. അത്തരം പ്രചരണങ്ങൾ നടത്തുന്നതിന്റെ ഫലമായാണ് കൂടുതൽ ടൂറിസ്റ്റുകൾ വരുന്നത്. സീപ്ലെയിൻ ഇറക്കി ഇത്രയും കോടിരൂപയുടെ ലാഭമുണ്ടാക്കുക എന്നതിനപ്പുറത്ത് ഈ പ്രോഡക്റ്റ് വരുന്നതോടുകൂടി കേരളത്തിലേക്ക് വരുന്ന സഞ്ചാരികളുടെ എണ്ണം, സഞ്ചാരികൾക്ക്

കിട്ടുന്ന അനുഭവം ഇതൊക്കെയാണ് ഇതിനകത്ത് കാണുന്നത്. ഏതായാലും ഞാൻ അങ്ങേക്ക് ഉറപ്പുതരുന്നു, ഇതിൽ യാതൊരു രീതിയിലുള്ള പാരിസ്ഥിതിക പ്രശ്നവും ഉണ്ടാകില്ല. സീപ്ലെയിൻ ഇറക്കുന്നതിനുള്ള അംഗീകാരം കൊടുക്കുന്നത് D.G.C.A. ആണ്, കേന്ദ്രഗവൺമെന്റിന്റെ വ്യോമയാന മന്ത്രാലയമാണ്. എല്ലാ കാര്യങ്ങളും പരിശോധിച്ചശേഷമേ അവർക്ക് അംഗീകാരം കൊടുക്കാൻ കഴിയൂ. നമുക്ക് അംഗീകാരം കൊടുക്കാനുള്ള യാതൊരു അതോറിറ്റിയും ഇല്ല. അതിനുള്ള ഫെസിലിറ്റീസ് മാത്രമാണ് നമ്മൾ ഒരുക്കുന്നത്. അപ്പോൾ അതിനാവശ്യമായ കാര്യങ്ങൾ D.G.C.A. നൽകുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമേ സീപ്ലെയിൻ ഇറക്കാൻ കഴിയൂ. അല്ലാതെ നമുക്ക് കൊടുക്കാൻ അധികാരമില്ല. അതുകൊണ്ട് അത്തരം കാര്യങ്ങൾ പൂർണ്ണമായും D.G.C.A.-യുടെ അംഗീകാരത്തോടുകൂടിയാണ് ഉദ്ഘാടന സമ്മേളനത്തിലും ചെയ്തത്. അതും ഈ ഗവൺമെന്റിന്റെ കാലത്തുതന്നെയാണ്. ശ്രീ. വി. എസ്. സുനിൽകുമാർ കൂടി സഹകരിച്ചാൽ നമുക്ക് എത്രയും പെട്ടെന്ന് സീപ്ലെയിൻ പദ്ധതി യാഥാർത്ഥ്യമാക്കാൻ കഴിയുമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. പി. തിലോത്തമൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ച പഠന റിപ്പോർട്ട് പൊതുസമൂഹവുമായി പങ്കുവയ്ക്കാൻ ഇതുവരെ തയ്യാറായിട്ടില്ല എന്നുള്ളതുകൊണ്ട് ഒരുപാട് ആശങ്കകളാണ് ഇതുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികൾക്കും പൊതുജനങ്ങൾക്കുമിടയിലുള്ളത്. കേരളത്തിലുള്ള വേമ്പനാട്ട് കായൽ ജൈവ വൈവിദ്ധ്യങ്ങളുടെയും മത്സ്യസമ്പത്തിന്റെയും മെഡിസിനൽ വാല്യുവുള്ള കക്കപോലുള്ള ഉല്പന്നങ്ങളുടെയും ഏറ്റവും പ്രധാനപ്പെട്ട പ്രഭവകേന്ദ്രമാണ്. സീപ്ലെയിൻ പദ്ധതി നടപ്പാക്കാതിരുന്നിട്ടുകൂടി കഴിഞ്ഞ നൂറുവർഷക്കാലത്തെ ചരിത്രം പരിശോധിച്ചാൽ വേമ്പനാട്ട് കായൽ ആഴത്തിലും പരപ്പിലും പകുതിയായി എന്നാണ് കണക്കാക്കുന്നത്. കേരളത്തിന്റെ മത്സ്യസമ്പത്ത് കുറഞ്ഞു കൊണ്ടിരിക്കുകയാണ്. മെഡിസിനൽ വാല്യുവുള്ള കക്ക സമ്പത്തും കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഈ പ്രോജക്ടുകൂടി നടപ്പിലാക്കിയാൽ അതിന്റെ സർവ്വനാശമായിരിക്കും ഫലമെന്നാണ് മത്സ്യത്തൊഴിലാളികളും ജനങ്ങളും പൊതുവിൽ വിശ്വസിക്കുന്നത്. അത്തരത്തിലുള്ള ഒരു പ്രോജക്ടിനെ കുറിച്ച് വീണ്ടുവിചാരമുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. രണ്ടാമതായി പറയാനുള്ളത്, ടൂറിസം മേഖലയെ പ്രൊമോട്ട് ചെയ്യാനാണ് ഈ പ്രോജക്ട് എങ്കിൽ എത്രയോ നല്ല പ്രോജക്ടുകൾ നമുക്ക് ആരംഭിക്കാൻ കഴിയും. വേമ്പനാട്

കായലിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന മനോഹരമായ ഒരു പച്ച തുരുത്താണ് പാതിരാമണൽ. അവിടെ വമ്പിച്ച വിജയസാദ്ധ്യതയുള്ള ടൂറിസം പ്രോജക്ട് നടപ്പിലാക്കാൻ സാധിക്കും. ആ പ്രോജക്ടിനെക്കുറിച്ചൊന്നും ബഹുമാനപ്പെട്ട മന്ത്രി ഇതുവരെ പറഞ്ഞിട്ടില്ല. അതുകൊണ്ട് ആ പ്രോജക്ടിനെക്കുറിച്ച് എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നുകൂടി പറയുന്നത് നന്നായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്?

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഞാൻ അതേക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി, ആ റിപ്പോർട്ട് ലഭ്യമായപ്പോൾ അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് മത്സ്യത്തൊഴിലാളി മേഖലയിലുള്ള എല്ലാ സംഘടനകളുമായി ചർച്ച ചെയ്യുകയും അതിന്റെ കോപ്പി അവർക്ക് കൊടുക്കുകയും ചെയ്തതാണ്. അന്നവർ പറഞ്ഞ ഒരു കാര്യം, ടെസ്റ്റ് ഫ്ലൈറ്റ്/ഡെമോൺസ്ട്രേഷൻ ഫ്ലൈറ്റ് നടത്തി അതവർക്ക് നേരിട്ട് കാണണമെന്നതാണ്. അതിനുള്ള സൗകര്യം ഉടൻതന്നെ ഒരുക്കുന്നതാണ്. മത്സ്യത്തൊഴിലാളി സംഘടനാ നേതാക്കൾക്കും മറ്റും നേരിട്ട് കാണുന്നതിന് ഒരു ഡെമോൺസ്ട്രേഷൻ ഫ്ലൈറ്റ് നടത്തിയതിനുശേഷം മാത്രമേ ഈ പദ്ധതിയുമായി മുന്നോട്ടു പോകുകയുള്ളൂ. അതോടൊപ്പം പാതിരാമണലിന്റെ കാര്യവും അങ്ങ് സൂചിപ്പിച്ചു. പാതിരാമണലിന്റെ കാര്യത്തോടും സംസ്ഥാന സർക്കാർ നൂറുശതമാനം യോജിക്കുകയാണ്. പാതിരാമണൽ ഡെവലപ് ചെയ്തുകഴിഞ്ഞാൽ കേരളാ ടൂറിസത്തെ സംബന്ധിച്ച് ഏറ്റവും നല്ലൊരു പ്രോജക്ട് ആയിരിക്കും. മുമ്പ് ഇതുപോലെ ആ പദ്ധതിയെക്കുറിച്ചും ആലോചിച്ചതാണ്. അന്ന് അതിനെതിരായി പരിസ്ഥിതി പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുവന്ന് ഇടതും വലതും ഗവൺമെന്റുകൾ ആ പദ്ധതിയുമായി മുന്നോട്ടുപോകാതിരുന്നതാണ്. ഏതെങ്കിലും പ്രോജക്ടുകൾ വരുമ്പോൾ, ആ പ്രോജക്ടിനോട് യോജിക്കുന്നു; എന്നാൽ ഈ പ്രോജക്ടിനോട് യോജിക്കുന്നില്ല എന്നൊക്കെ പറയുന്നത് ശരിയല്ല. പൊതുവായി ഇത്തരം പ്രോജക്ടുകളോട് പോസിറ്റീവായ സമീപനമെടുത്താൽ അത് നാടിന് ഗുണകരമാകുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, കേരളത്തിലെ എത്ര കേന്ദ്രങ്ങളിലാണ് ഇത്തരം വാട്ടർഡ്രോമുകളുണ്ടാക്കാൻ ഉദ്ദേശിക്കുന്നതെന്ന് ഇവിടെ ചോദിക്കുകയുണ്ടായി, അതിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞില്ല. ഒരു കിലോമീറ്റർ റേഡിയസാണ് ഇതിന് ആവശ്യമായി വരുന്നതെന്നും 15 മുതൽ 20 വരെ ജലവിമാനങ്ങൾ അല്ലെങ്കിൽ കേന്ദ്രങ്ങൾ ഉണ്ടാകുമെന്നും വാർത്തകളിൽനിന്നും മനസ്സിലാക്കാൻ സാധിച്ചു. അങ്ങനെയാണെങ്കിൽ കേരളത്തിലെ 15500 ഏക്കറിലധികം ജലാശയങ്ങളിൽ ഇത്തരം ജലവിമാന പദ്ധതി ഉണ്ടാകുന്ന സ്ഥിതിയുണ്ടാകും.

ആ കേന്ദ്രങ്ങൾ ഉണ്ടെന്ന് പറഞ്ഞത് ശരിയാണോ; 15 മുതൽ 20 വരെ കേന്ദ്രങ്ങളുണ്ടോ; അങ്ങനെയുണ്ടെങ്കിൽ ഇത്തരം ജലാശയങ്ങളിൽ ഏതൊക്കെ തടാകങ്ങളിലാണ് അല്ലെങ്കിൽ ഏതൊക്കെ കായലുകളിലാണ് ഇത് ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നത്; ഇത് ലാഭകരമായി നടത്താൻ ഒരു തെളിവുമില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതി നിർത്തിവയ്ക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ജലവിമാന പദ്ധതി കൊല്ലം, ആലപ്പുഴ എന്നിവിടങ്ങളിലാണ് ഉദ്ദേശിച്ചിരുന്നത്. ആലപ്പുഴ ജില്ലയിൽ മത്സ്യബന്ധനം കൂടുതലുള്ളതുകൊണ്ട് അവിടെയുള്ള വട്ടക്കായലിലാണ് ഇത് ഉദ്ദേശിക്കുന്നത്. വട്ടക്കായലിൽ ഉൾനാടൻ മത്സ്യബന്ധനം പോലുമില്ലാത്ത സ്ഥലത്താണ്. എല്ലാവരുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ആ സ്ഥലം സെലക്ട് ചെയ്തിരിക്കുന്നത്. ഇപ്പോൾ കൊല്ലത്തും ആലപ്പുഴയിലെ വട്ടക്കായലിലും മാത്രമാണ് ഈ പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതി ഈ രണ്ടു സ്ഥലങ്ങളിലും നടത്തിനോക്കാമെന്നാണ് എനിക്ക് അങ്ങയോട് പറയാനുള്ളത്. ഇതിൽ പോസിറ്റീവായിട്ടല്ല കാര്യങ്ങൾ പോകുന്നതെങ്കിൽ അത് നിർത്തിവയ്ക്കുന്ന കാര്യം ആലോചിക്കാം. പക്ഷേ ഈ പദ്ധതി നടത്താൻ പാടില്ല എന്നുള്ള സമീപനമെടുക്കുന്നത് ശരിയല്ല. സീപ്ലെയിൻ പദ്ധതി കേരളാ ടൂറിസത്തെ സംബന്ധിച്ച് വലിയനേട്ടമാകുമെന്നുള്ള കാര്യത്തിൽ എനിക്ക് സംശയമില്ല. ഇതിന് അനുകൂലമായൊരു അന്തരീക്ഷം ഉണ്ടാക്കിയെടുക്കണമെന്നാണ് എനിക്ക് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. കെ. രാജു</u> : സർ, ഈ പ്രോജക്ട് നടപ്പിലാക്കാൻ പാടില്ല. 23 കോടിയിലധികം രൂപ അനുവദിച്ച സീപ്ലെയിൻ പദ്ധതിയിൽ സംസ്ഥാന ഖജനാവിൽനിന്ന് ഇതിനോടകംതന്നെ 11 കോടിയിലധികം രൂപ പ്രാരംഭ ചെലവുകൾക്കായി ചെലവഴിച്ചിരിക്കുകയാണ്. യഥാർത്ഥത്തിൽ ഈ പദ്ധതി ഇതുവരെ പ്രാവർത്തികമായിട്ടില്ല. പ്രാരംഭച്ചെലവുകൾക്കായി ഇത്രയും തുക ചെലവഴിച്ച ഈ പ്രോജക്ടിൽ വലിയ സാമ്പത്തിക ക്രമക്കേട് നടന്നതായി സി. ആന്റ് എ.ജി. റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഈ പദ്ധതിയുമായി തുടർന്ന് മുന്നോട്ടുപോകുണോ എന്നുള്ളതാണ് എന്റെ ചോദ്യം. പ്രസ്തുത പദ്ധതി കേരളത്തിന്റെ ബ്രാൻഡ് ഇമേജ് വർദ്ധിപ്പിക്കുന്നതോടൊപ്പം അയൽസംസ്ഥാനങ്ങളെ വെല്ലുന്ന ഒരു നൂതന ഉല്പന്നം ലഭ്യമാക്കുകയും ചെയ്യും എന്നാണ് മറുപടിയിൽ പറയുന്നത്. സീപ്ലെയിൻ പദ്ധതി എന്നുപറയുന്ന ഒരു നൂതന

ഉല്പന്നം ടൂറിസവുമായി ബന്ധപ്പെട്ട് കേരളത്തിന് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. സർക്കാർ ആശുപത്രികളും മരുന്നുവിതരണവും ക്യാൻസറും-ഇവയുമായി ബന്ധപ്പെട്ട് ഇവിടെ ശ്രീ. വി. ശിവൻകുട്ടി ഹൃദയഭേദകമായ ഒരു ചിത്രം വരച്ചുകാണിക്കുകയും അതിന് ആരോഗ്യ വകുപ്പുമന്ത്രി ദീർഘനേരം മറുപടി പറയുകയുമുണ്ടായി. മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് മുൻഗണന നൽകുന്നതിനുപകരം ഈ ഗവൺമെന്റിന്റെ മുൻഗണന എന്തിനാണെന്ന് വ്യക്തമാക്കുന്ന ഒന്നല്ലേയിത്; സീപ്ലെയിൻ പദ്ധതി അല്ല ഇവിടെ നടപ്പിലാക്കേണ്ടത്. സാധാരണ ടൂറിസ്റ്റുകൾക്ക് സൗകര്യപ്രദമായി ടൂറിസം കേന്ദ്രങ്ങളിൽ എത്താൻ കഴിയുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഉണ്ടാക്കുകയാണ് ആവശ്യം. ഈ പദ്ധതിയെ ജനങ്ങളും മത്സ്യത്തൊഴിലാളികളും എതിർക്കുകയാണ്. ഇത് നിർബന്ധമായി നടത്തണമെന്ന് തീരുമാനിക്കുന്നത് തീരെ ഉചിതമല്ല. അതുകൊണ്ട് പ്രസ്തുത പദ്ധതി നിർത്തിവയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഗവൺമെന്റിന് ഓരോ പ്രയോറിറ്റികളുണ്ട്, അതങ്ങേക്ക് അറിയാവുന്നതാണ്. പാവപ്പെട്ട ജനങ്ങൾക്ക് മരുന്ന് എത്തിക്കുന്നതിലും ചികിത്സയ്ക്ക് ആവശ്യമായ സഹായം എത്തിക്കുന്നതിലുമൊക്കെ മുൻകാലത്ത് ഒരു ഗവൺമെന്റും എടുക്കാത്ത രീതിയിലുള്ള സമീപനങ്ങൾ എടുത്ത ഒരു ഗവൺമെന്റാണിത്. അതിനാണ് ആദ്യ പ്രയോറിറ്റി നൽകിയിട്ടുള്ളത്. ഇവിടെ സൂചിപ്പിച്ചതുപോലെ കേരളത്തിലെ സാധാരണക്കാരായ ജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾക്കും അവരുടെ ചികിത്സയ്ക്കുമായി ആയിരക്കണക്കിന് കോടി രൂപയാണ് ഈ ഗവൺമെന്റ് കൊടുത്തിട്ടുള്ളത്. ആ ഒരു പ്രയോറിറ്റിയുണ്ട്. അതോടൊപ്പം നാടിന്റെ വികസനത്തിന് ഇത്തരം കാര്യങ്ങൾ ആവശ്യമാണ്. വിഴിഞ്ഞം, മെട്രോ റെയിൽ പോലുള്ള പ്രോജക്ടുകളും നമ്മുടെ നാടിന്റെ വികസനത്തിന് ആവശ്യമാണ്. ഇത് രണ്ടും നമ്മൾ ഒരുമിച്ച് കൊണ്ടുപോകണം. കഴിഞ്ഞ പ്രാവശ്യം 24,000 കോടിരൂപയാണ് ടൂറിസം മേഖലയിൽനിന്നും വരുമാനമായി നമുക്ക് ലഭിച്ചിട്ടുള്ളത്. ഇത്തരം വരുമാനങ്ങൾ നമ്മുടെ നാടിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ആവശ്യമാണ്. അതിലൂടെ മാത്രമേ ഇത്തരം പ്രശ്നങ്ങൾ അഡ്രസ്സ് ചെയ്യാൻ സാധിക്കുകയുള്ളൂ. ഒരു തർക്കത്തിന് ഞാൻ വരുന്നില്ല, ഇത്തരം പദ്ധതികളോട് പോസിറ്റീവായി സഹകരിക്കണമെന്നാണ് എനിക്ക് വീണ്ടും അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. വർക്കല കഹാർ</u>: സർ, നമ്മുടെ രാജ്യത്തെ ടൂറിസ്റ്റുകളും ജനങ്ങളും വളരെ പ്രതീക്ഷയോടെയാണ് ഈ പദ്ധതിയെ നോക്കിക്കാണുന്നത്. മത്സ്യബന്ധനം നടക്കാത്ത മേഖലകളിലും ഉൾനാടൻ മേഖലകളിലും ഇത്തരത്തിലുള്ള ഒരു പദ്ധതി വരുന്നതിനെ മത്സ്യത്തൊഴിലാളികളുടെ പേരുപറഞ്ഞുകൊണ്ടാണ് എതിർക്കുന്നത്. വേമ്പനാട്ട് കായൽ പകുതിയായിപ്പോയി, അവിടെ പ്രജനനം നടക്കുന്നില്ല, അവിടത്തെ ഉല്പാദനം പകുതിയായി എന്നൊക്കെയാണ് പറയുന്നത്, ഇതുകൊണ്ടൊന്നുമല്ലല്ലോ അതൊക്കെ ഉണ്ടായത്. അവിടെക്കിടന്ന് മുദ്രാവാക്യം വിളിച്ചതുകൊണ്ടാണോ ഇതൊക്കെ പോയത്? എന്റെ നിയോജകമണ്ഡലത്തിലും കൊല്ലം ജില്ലയിലുംകൂടി വരുന്ന കാപ്പിൽ കായൽ പോലെ, ടൂറിസത്തിന് സാധ്യതയുള്ള പ്രദേശങ്ങളിൽ വിനോദസഞ്ചാരികൾ വരണ്ടേ; അല്ലാതെ കേരളത്തിന് എന്ത് നേട്ടമാണുള്ളത്? ടൂറിസത്തിനുള്ള സാധ്യതപോലും ഇല്ലാതാക്കുകയല്ലേ; ശ്രീ. പി. കെ. ഗുരുദാസനെപ്പോലുള്ള ആളുകൾ പങ്കെടുത്ത യോഗത്തിൽ പ്രാസംഗികനല്ലെങ്കിലും ഞാനുമുണ്ടായിരുന്നു. ഒരു പദ്ധതി വരുമ്പോൾ അത് കൊള്ളില്ല, മറ്റൊന്ന് കൊള്ളാം എന്നൊക്കെ പറയുന്നത് അതിനെ അട്ടിമറിക്കാൻ വേണ്ടിയാണ്. വിഴിഞ്ഞം പദ്ധതിയും സ്മാർട്ട് സിറ്റിയുമൊക്കെ വന്നപ്പോൾ അത് കൊള്ളില്ല കുഴപ്പമാണെന്നും അത് നടപ്പിലാക്കൻ പറ്റില്ലെന്നുമൊക്കെ പറയുകയുണ്ടായി. നെടുമ്പാശ്ശേരി എയർപോർട്ട് വന്നപ്പോൾ അത് കൊള്ളാമെന്ന് പറഞ്ഞു. അതുകൊണ്ട് വിനോദസഞ്ചാര പദ്ധതിയെ അട്ടിമറിക്കാനുള്ള ശ്രമത്തിന് ഒരിക്കലും കൂട്ടുനിൽക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, കാപ്പിൽ കായൽ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ഈ പദ്ധതി നടപ്പാക്കണമെന്ന ആവശ്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. ഞാൻ നേരത്തെ സൂചിപ്പിച്ചപോലെ, കൊല്ലം, വട്ടക്കായൽ എന്നീ സ്ഥലങ്ങൾ കഴിഞ്ഞ് അടുത്ത ഘട്ടത്തിലേക്ക് പോകുകയാണെങ്കിൽ കാപ്പിൽ കായലിൽക്കൂടി ഈ പദ്ധതി നടപ്പാക്കുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

മി. സ്പീക്കർ : ചോദ്യം നമ്പർ *213

**പീപ്പിൾസ് ഓൺ ടൂറിസം പദ്ധതി**

3 (*213) ശ്രീ. വി. പി. സജീന്ദ്രൻ:

ശ്രീ. ഹൈബി ഈഡൻ:

ശ്രീ. എം. പി. വിൻസെന്റ് :

ശ്രീ. സി. പി. മുഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ടൂറിസം വികസനത്തിനായി "പീപ്പിൾസ് ഓൺ ടൂറിസം" പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ,

(എ) ടൂറിസം വികസനത്തിനായി "ഗോഡ്സ് ഓൺ കൺട്രി-പീപ്പിൾസ് ഓൺ ടൂറിസം" എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) ഒരു പ്രദേശത്തിന്റെ ടൂറിസം വികസന സാധ്യതകൾ ജനകീയമായി കണ്ടെത്തി റിസോഴ്സ് മാപ്പിംഗ് വഴി അത്തരം പ്രദേശങ്ങളെ പരസ്പരബന്ധിതമായി വളർത്തിക്കൊണ്ടുവരിക; തദ്ദേശ ജനവിഭാഗങ്ങൾക്ക് ടൂറിസം വികസനത്തിന്റെ ഗുണഫലങ്ങൾ ലഭ്യമാകുന്ന വിധത്തിൽ ചെറുതും വലുതുമായ ടൂറിസം സംരംഭങ്ങളെ പ്രാദേശികമായി വികസിപ്പിക്കുക, തദ്ദേശവാസികൾക്ക് ടൂറിസം അനുബന്ധമായ

വിവിധ തൊഴിൽ പരിശീലനങ്ങൾ ലഭ്യമാക്കുക; തദ്ദേശീയമായ ഉത്സവങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, പരമ്പരാഗത തൊഴിലുകൾ എന്നിവയ്ക്ക് ഊന്നൽ നൽകി വ്യത്യസ്തവും നൂതനവുമായ ടൂർ പാക്കേജുകൾ വികസിപ്പിക്കുകയും അവ ടൂറിസ്റ്റുകൾക്ക് അനുഭവവേദ്യമാക്കുകയും ചെയ്യുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കേരളത്തിലെ 112 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ ഘട്ടങ്ങളിലായി ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(സി) പദ്ധതി നടപ്പാക്കുന്നതിനായി കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിൽ നിന്നായി 112 തദ്ദേശഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒന്നാംഘട്ടത്തിൽ 5 തദ്ദേശഭരണ സ്ഥാപനങ്ങളിൽ പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 2015-16 സാമ്പത്തികവർഷം 25 ലക്ഷം രൂപ അനുവദിക്കുകയും പുതുതായി 7 തദ്ദേശഭരണ സ്ഥാപനങ്ങളിൽക്കൂടി ഈ പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, പ്രധാന ടൂറിസം കേന്ദ്രങ്ങളിലെല്ലാം ബിസിനസ്സിന്റെ ഭൂരിഭാഗവും വൻകിട ഹോട്ടൽ ശൃംഖലകളാണ് സ്വന്തമാക്കുന്നത്. ചെറുകിട ഹോട്ടലുകൾക്കും റെസ്റ്റോറന്റുകൾക്കൊന്നും അവിടെ വലിയ സാധ്യതകളില്ല. സഞ്ചാരികളായി എത്തുന്ന പുതിയ ചെറുകിട സംരംഭങ്ങളെ സംശയത്തോടുകൂടിയാണ് അവർ വീക്ഷിക്കുന്നത്. അതിനാൽ ചെറുകിട സംരംഭങ്ങളെ standardize ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ടൂറിസത്തിന്റെ സാധ്യതകളെപ്പറ്റി പറയുമ്പോൾ ഗ്രാമീണ മേഖലയിലുള്ള സാധാരണ ജനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതും തൊഴിൽമാർഗ്ഗം മാറ്റിയെടുക്കുന്നതുമൊക്കെ ഇതിന്റെ ഭാഗമായുണ്ട്. അതുകൊണ്ട് അവരുടേതായ ഉൽപ്പന്നങ്ങൾ പ്രൊമോട്ട് ചെയ്യാനുള്ള നടപടിയും ഇതിന്റെ ഭാഗമായി സർക്കാർ സ്വീകരിക്കുന്നുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സമ്പൂർണ്ണ ആരോഗ്യ കേരളം പദ്ധതി

4(*214) ശ്രീമതി പി. അയിഷാ പോറ്റി :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 ബഡ്ജറ്റിൽ 500 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന സമ്പൂർണ്ണ ആരോഗ്യ കേരളം പദ്ധതി പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ അർഹരായ എല്ലാ ആളുകൾക്കും സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനും സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത ആവശ്യത്തിനായി എന്തു തുക ചെലവഴിച്ചു ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ മേൽനോട്ടത്തിനും സുഗമമായ നടത്തിപ്പിനും തീരുമാനങ്ങൾ വേഗത്തിൽ നടപ്പിലാക്കുന്നതിനുമായി രൂപീകരിച്ച കാബിനറ്റ് സബ് കമ്മിറ്റിയുടെയും ഉന്നതാധികാര സമിതിയുടെയും തീരുമാനങ്ങളും നടപ്പാക്കിയ പ്രവർത്തനങ്ങളും അറിയിക്കാമോ;

(ഇ) സമ്പൂർണ്ണ ആരോഗ്യകേരളം ട്രസ്റ്റിന്റെ പ്രവർത്തനവും ഫണ്ടിന്റെ ലഭ്യതയും വിനിയോഗവും വിശദമാക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) 2015-16 ബഡ്ജറ്റ് പ്രസംഗത്തിൽ 500 കോടി രൂപ ചെലവുവരുന്ന സമ്പൂർണ്ണ ആരോഗ്യ കേരളം എന്ന പദ്ധതി പ്രഖ്യാപിച്ചിരുന്നു. കേരളത്തിലെ

ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി ഗവണ്മെന്റ് പല പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്. ആകസ്മികമായ അത്യാഹിതങ്ങളിൽ ജനങ്ങൾക്ക് സംരക്ഷണം നൽകുന്നതിലേക്കായി നടപ്പിലാക്കിയ "കാരുണ്യ ബെനവലന്റ് ഫണ്ട്" സർക്കാരിന്റെ പ്രധാന ഫ്ലാഗ്ഷിപ് പദ്ധതിയാണ്. ഈ വിഭാഗത്തിലെ മറ്റ് പദ്ധതികൾ RSBY, CHIS, CHIS Plus, ആരോഗ്യ കിരണം, താലോലം, കാൻസറിനെതിരെ കുട്ടികൾക്കുള്ള ചികിത്സാ സഹായം, കൂടാതെ മറ്റു വകുപ്പുകളിൽനിന്നും ക്ഷേമനിധി ബോർഡുകളിൽനിന്നും ലഭിക്കുന്ന സഹായം തുടങ്ങിയവയാണ്. പദ്ധതികളുടെ വൈവിധ്യം ജനങ്ങളിൽ ആശയക്കുഴപ്പം സൃഷ്ടിക്കുവാനും നടപടികൾ സങ്കീർണ്ണമാക്കുവാനും പൊതുധനം ദുരുപയോഗം ചെയ്യുന്നതിന് സാധ്യത ഉണ്ടാകുകയും ചെയ്യുന്നു. പദ്ധതികളുടെ വൈവിധ്യം കാരണം അപേക്ഷകർക്ക് ഗവൺമെന്റിന്റെ വിവിധ ഏജൻസികൾ നൽകിവരുന്ന സഹായത്തിനായി പലയിടങ്ങളിൽ അലയേണ്ടിവരുന്നു. അതിനാൽ സമാനമായ എല്ലാ സ്കീമുകളെയും "സമ്പൂർണ്ണ ആരോഗ്യ കേരളം" എന്ന ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിന്റെ ഫലമായി ചികിത്സ ലഭിക്കുന്നതിന് വിവിധ ഏജൻസികളെ സമീപിക്കേണ്ടിവരില്ല, പകരം സ്മാർട്ട് ഹെൽത്ത് കാർഡ് വഴി തെരഞ്ഞെടുത്ത പബ്ലിക്/പ്രൈവറ്റ് ആശുപത്രികളിൽ നിന്നും ചികിത്സ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി&സി) പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച വിഷയങ്ങളിൽ തീരുമാനമാകാനിരിക്കുന്നതേയുള്ളൂ.

(ഡി) സ്കീമിന് അന്തിമ രൂപം നൽകുന്നതിനും നടപ്പിൽ വരുത്തുന്നതിനുമായി ഗവൺമെന്റ് ചീഫ് സെക്രട്ടറി ചെയർമാനായും നികുതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറായും മറ്റു സെക്രട്ടറിമാർ, വകുപ്പു തലവന്മാർ തുടങ്ങിയവർ മെമ്പർമാരായും ഒരു എംപവേർഡ് കമ്മിറ്റി ജി.ഒ.(പി)നമ്പർ 132/2015/ഫിൻ. തീയതി 7-4-2015 പ്രകാരം രൂപീകരിച്ചിട്ടുണ്ട്. 28-4-2015, 28-5-2015 തീയതികളിൽ എംപവേർഡ് കമ്മിറ്റി യോഗം ചേർന്ന് സ്കീം രൂപീകരണം വിശദമായി ചർച്ച ചെയ്യുകയുണ്ടായി.

(ഇ) പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല.

## സിസേറിയൻ പ്രസവങ്ങൾ

5(*215) ശ്രീ. സി. മോയിൻകുട്ടി :

ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :

ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിസേറിയൻ പ്രസവങ്ങളുടെ കാര്യത്തിൽ ലോകാരോഗ്യ സംഘടന എന്തെങ്കിലും പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അതിന് ആധാരമായ കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് പ്രസ്തുത പരിധി പാലിക്കപ്പെടുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസവ സംബന്ധ ചികിത്സാരംഗത്ത് സർക്കാർ-സ്വകാര്യ ഭേദമെന്യേ നിലനിൽക്കുന്ന അനാവശ്യ പ്രവണതകൾ തടയാൻ ഫലപ്രദമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) സിസേറിയൻ പ്രസവങ്ങളുടെ കാര്യത്തിൽ ലോകാരോഗ്യ സംഘടന പരിധി നിശ്ചയിച്ചിട്ടുണ്ട്. WHO Ref.No.WHO/RHR/15-02 പ്രസിദ്ധീകരിച്ചതിൻ പ്രകാരം 1985-ൽ ബ്രസീലിലെ പോർട്ടാലിസായിൽ ലോകാരോഗ്യ സംഘടനയുടെ നേതൃത്വത്തിൽ നടന്ന മീറ്റിംഗിൽ സിസേറിയൻ പ്രസവങ്ങളുടെ പരിധി 10-15 ശതമാനം വരെ എന്നുള്ള തീരുമാനം അംഗീകരിക്കുകയുണ്ടായി. ഇതിൻ പ്രകാരം അമ്മയുടെയും കുഞ്ഞിന്റെയും ജീവൻ രക്ഷിക്കാനായിട്ടുള്ള സിസേറിയൻ പ്രസവങ്ങളുടെ പരിധി 10-15 ശതമാനമാണ്. സിസേറിയൻ നിരക്ക് 15 ശതമാനം കൂടുതലായാലും അമ്മയുടെയും കുഞ്ഞിന്റെയും മരണ നിരക്ക് കുറയുന്നില്ല. കൂടാതെ അമ്മയുടെയും കുഞ്ഞിന്റെയും മാനസികവും സാമൂഹികവുമായ സുരക്ഷിതത്വവും ഇതുമൂലം കൂടുന്നതായി കാണുന്നില്ല. എന്നാൽ വികസിത രാജ്യങ്ങളിലും വികസ്വര രാജ്യങ്ങളിലും ഈ നിരക്ക് കൂടിവരുന്നതായാണ് കാണുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ 2011-ൽ ലോകാരോഗ്യ സംഘടനയുടെ നേതൃത്വത്തിൽ നടന്ന സിസ്റ്റമാറ്റിക് റിവ്യൂ മീറ്റിംഗിൽ റോബ്സൺസ് ക്ലാസ്സിഫിക്കേഷൻ

അടിസ്ഥാനമാക്കി സിസേറിയൻ പ്രസവങ്ങൾ നടത്താനുള്ള മാനദണ്ഡങ്ങൾ ലോകാരോഗ്യ സംഘടന നിർദ്ദേശിക്കുകയുണ്ടായി. ഇപ്പോൾ ലോകരാജ്യങ്ങൾ ലോകാരോഗ്യ സംഘടനയുടെ നിർദ്ദേശത്തോടുകൂടിയ റോബ്സൺസ് ക്ലാസ്സിഫിക്കേഷൻ ആണ് സിസേറിയൻ പ്രസവങ്ങൾ നടത്തുന്നതിനായി നിലവിൽ സ്വീകരിച്ചുവരുന്നത്.

(ബി) പ്രസ്തുത പരിധി പാലിക്കാൻ എല്ലാ ശ്രമങ്ങളും നടത്തിവരുന്നുണ്ട്. 2014-15-ലെ എച്ച്.എം.ഐ.എസ്. ഡാറ്റാ പ്രകാരം സ്വകാര്യ ആശുപത്രികളിലെ സിസേറിയൻ നിരക്ക് 41.21 ശതമാനവും സർക്കാർ ആശുപത്രികളിലെ നിരക്ക് 39.75 ശതമാനവും ആണ്. സിസേറിയൻ ചെയ്യാനുണ്ടായ പ്രധാന കാരണങ്ങൾ താഴെ പറയുന്നവയാണ്:

1. ഗർഭസ്ഥ ശിശുവിന്റെ ജീവൻ അപകടാവസ്ഥയിലാകുമ്പോൾ
2. കുഞ്ഞിന്റെ വലുപ്പക്കൂടുതൽകൊണ്ട് സാധാരണ പ്രസവം സാധ്യമാകാതെ വരുമ്പോൾ
3. ആദ്യത്തെ പ്രസവം സിസേറിയൻ ആണെങ്കിൽ രണ്ടാമത്തേത് സിസേറിയൻ ആകാൻ സാധ്യത കൂടുതലുള്ളതിനാൽ
4. അമ്മയ്ക്ക് രക്തസമ്മർദ്ദം, പ്രമേഹം തുടങ്ങിയ ഗുരുതരാവസ്ഥകൾ പ്രസവത്തെ കൂടുതൽ സങ്കീർണ്ണമാക്കുമ്പോൾ
5. അമ്മയ്ക്ക് പ്രസവിക്കാനായി മരുന്ന് വെച്ച് നിശ്ചിത സമയം കഴിഞ്ഞിട്ടും ഗർഭപാത്രം പ്രതികരിക്കുന്നില്ലെങ്കിൽ
6. മറുപിള്ളയ്ക്കുള്ള സ്ഥാനവ്യതിയാനം പ്രസവം അസാധ്യമാക്കുമ്പോൾ
7. മറുപിള്ള വേർപെടുന്നതുമൂലം പെട്ടെന്നുണ്ടാകുന്ന രക്തസ്രാവം
8. വന്ധ്യതാ നിരക്ക് കൂടുതലായതിനാൽ "പ്രഷ്യസ് ബേബി" എന്ന നിലയിൽ ട്രയൽ ലേബർ കൊടുക്കാൻ പറ്റാത്തതിനാൽ സിസേറിയൻ ചെയ്യേണ്ടിവരുന്നു.
9. ഒന്നിൽ കൂടുതൽ കുട്ടികൾ ഉണ്ടാവുകയും കുട്ടി തിരിഞ്ഞു കിടക്കുകയും ചെയ്യുമ്പോൾ
10. കുട്ടിക്ക് നാലു കിലോയിൽ കൂടുതൽ ഭാരമുള്ളപ്പോൾ

(സി) 1. സിസേറിയൻ നിരക്ക് നിയന്ത്രിക്കാനായി 7-5-2011-ലെ സ.ഉ. (സാധാ)നമ്പർ 1791/2011/ആ.കു.വ. പ്രകാരം ഈ വിഷയത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്.

2. നിരക്ക് നാല്പത് ശതമാനത്തിലധികമുള്ള സർക്കാർ ആശുപത്രികളിലെ ഗൈനക്കോളജിസ്റ്റുകൾക്ക് കാരണം കാണിക്കൽ നോട്ടീസ് നല്കുകയും മറുപടി കൈപ്പറ്റുകയും ചെയ്തിരുന്നു.

3. ഗർഭിണികൾക്കുള്ള ക്ലിനിക്കുകൾ കൃത്യമായി നടത്തുന്നതിനും ഗർഭിണിയാകുമ്പോൾ മുതൽ നടത്തേണ്ട റിസ്ക് അസസ്സ്മെന്റുകളെപ്പറ്റിയും ഗൈനക്കോളജിസ്റ്റുകൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

4. ഫീൽഡ്തലത്തിൽത്തന്നെ ഗർഭിണികൾക്ക് സാധാരണ പ്രസവംകൊണ്ട് അമ്മയ്ക്കും കുഞ്ഞിനുമുള്ള ഗുണത്തെക്കുറിച്ച് ബോധവൽക്കരണം നടത്തിവരുന്നു.

5. ഒന്നിൽ കൂടുതൽ ഗൈനക്കോളജിസ്റ്റുകൾ ഉള്ള ആശുപത്രികളിൽ ഒരാളുടെകൂടി വിദഗ്ധ അഭിപ്രായപ്രകാരം മാത്രമേ സിസേറിയന് മുതിരാവൂ എന്ന് സർക്കുലർ പ്രകാരം നിർദ്ദേശം നല്കിയിട്ടുണ്ട്.

6. കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റെട്രി ആന്റ് ഗൈനക്കോളജി (കെ.എഫ്.ഒ.ജി.) ഗൈഡ്ലൈൻസ് പിൻതുടരണമെന്ന് ആരോഗ്യ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്.

7. ഓരോ സ്ഥാപനത്തിലെയും പ്രസവവും സിസേറിയനും സ്ഥാപനതലത്തിൽ ആഡിറ്റ് ചെയ്യുന്നുണ്ട്.

8. മാസംതോറും ഈ ആഡിറ്റുകളും റിപ്പോർട്ടുകളും ജില്ലാ മെഡിക്കൽ ഓഫീസർ തലത്തിലുള്ള സമിതി അവലോകനം ചെയ്യുന്നു.

9. ഈ റിപ്പോർട്ടുകൾ സ്ഥാപനതലത്തിലും അവലോകനം ചെയ്ത് നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

ഇത്തരത്തിലുള്ള നിയന്ത്രണങ്ങളുടെയും നടപടികളുടെയും ഫലമായി സിസേറിയന്റെ നിരക്ക് പരമാവധി കുറച്ചുകൊണ്ടുവരുന്നു. കാസർഗോഡ്, കൊല്ലം ജില്ലാതല സർക്കാർ ആശുപത്രികളിലും എറണാകുളം, കോട്ടയം, തൃശ്ശൂർ ജില്ലകളിലെ സ്വകാര്യ ആശുപത്രികളിലും 2013-14 വർഷത്തേക്കാൾ 2014-15 വർഷത്തെ നിരക്ക് നേരിയ തോതിൽ കുറഞ്ഞുവന്നിട്ടുണ്ട്. തുടർന്ന് സിസേറിയൻ നിരക്ക് കൂടാതിരിക്കാനായി കർശന നിരീക്ഷണം നടത്തിവരുന്നു.

**പൊതുജനാരോഗ്യ മേഖല**

6(*216) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പകർച്ചവ്യാധികൾ ബാധിക്കുന്നവരുടെയും അതുവഴി മരണപ്പെടുന്നവരുടെയും എണ്ണം വർദ്ധിച്ചത് പൊതുജനാരോഗ്യമേഖലയുടെ ദൗർബല്യം കാരണമാണോ; പരിശോധിച്ചിട്ടുണ്ടോ;

(ബി) പൊതുജനാരോഗ്യമേഖല ശക്തിപ്പെടുത്താൻ ഫലപ്രദമായ നടപടി സ്വീകരിക്കുമോ;

(സി) മാലിന്യ നിർമ്മാർജ്ജനത്തിലും ശുചീകരണ പ്രവർത്തനത്തിലും വരുത്തിയ വീഴ്ചകൾ പകർച്ചവ്യാധികൾ വ്യാപിക്കുന്നതിന് കാരണമായിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ പദ്ധതി നടപ്പിലാക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) സംസ്ഥാനത്ത് ഈ വർഷം പൊതുവിൽ പകർച്ചവ്യാധി മരണങ്ങളും പകർച്ചവ്യാധികളുടെ തോതും കഴിഞ്ഞ വർഷത്തേക്കാൽ കുറവായാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. കാലാവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ, പാരിസ്ഥിതിക ഘടകങ്ങൾ, രോഗാണുക്കൾക്കുണ്ടാകുന്ന മാറ്റങ്ങൾ തുടങ്ങിയ നിരവധി ഘടകങ്ങൾ വിവിധ വിഭാഗം പകർച്ച വ്യാധികൾ റിപ്പോർട്ടു ചെയ്യുന്നതിനും വ്യാപിക്കുന്നതിനും കാരണമാകാറുണ്ട്. ആരോഗ്യ വകുപ്പ് ബന്ധപ്പെട്ട ഇതര വകുപ്പുകളുമായി ചേർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ എല്ലാ വർഷവും ഫലപ്രദമായി നടപ്പിലാക്കുന്നു. രോഗ നിരീക്ഷണം, രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ, മരുന്ന്, സ്റ്റാഫ് തുടങ്ങിയവ സജ്ജമാക്കൽ, കുടിവെള്ള സ്രോതസ്സുകളുടെ ക്ലോറിനേഷൻ, കൊതുകിന്റെ ഉറവിട നശീകരണം, ഫോഗിംഗ് തുടങ്ങിയവ വഴി രോഗ നിയന്ത്രണ പ്രവർത്തനങ്ങളും ചികിത്സാ സൗകര്യങ്ങളും ശക്തിപ്പെടുത്താറുണ്ട്. ആയതിനാൽ ആരോഗ്യ മേഖലയുടെ പ്രവർത്തനങ്ങളുടെ ദൗർബല്യംമൂലമാണ് പകർച്ചവ്യാധി വ്യാപിക്കുന്നതെന്ന് കരുതുവാൻ കഴിയുകയില്ല. ഊർജ്ജിതമായ പ്രവർത്തനം കൊണ്ട് 2013-നെ അപേക്ഷിച്ച് 2014-ലും 2015-ലും കേസുകളും മരണങ്ങളും പൊതുവേ കുറവാണ്.

(ബി) സ്വീകരിക്കാം. പൊതുജനാരോഗ്യ മേഖല ശക്തിപ്പെടുത്താൻ നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

1. ഓരോ വർഷവും പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനും ആരോഗ്യ വകുപ്പിനോടൊപ്പം ഇതര വകുപ്പുകളുടേയും പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടുള്ള വാർഷിക കർമ്മ പരിപാടി തയ്യാറാക്കി അതനുസരിച്ച് പ്രവർത്തനങ്ങളും നടത്തുന്നു. ഇതിൽ മാലിന്യ നിർമ്മാർജ്ജനം, മഴക്കാല പൂർവ്വ ശുചീകരണം, കൊതുകിന്റെ ഉറവിട നശീകരണ ക്യാമ്പെയിനുകൾ, ശുദ്ധജലലഭ്യത ഉറപ്പാക്കൽ, രോഗം പൊട്ടിപ്പുറപ്പെടുന്നിടത്ത് നിയന്ത്രണ പ്രവർത്തനങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു.

2. ഐ.ഡി.എസ്.പി., എൻ.വി.ബി.ഡി.സി.പി. പ്രോഗ്രാമുകൾ നടപ്പിലാക്കുന്നതുവഴി പനി, കൊതുകുജന്യ രോഗങ്ങൾ, ജലജന്യരോഗങ്ങൾ, ജന്തുജന്യരോഗങ്ങൾ, ഭക്ഷ്യ വിഷബാധ, വായുജന്യ രോഗങ്ങൾ തുടങ്ങിയവ യഥാസമയം നിരീക്ഷിച്ച് ചികിത്സയും രോഗം പൊട്ടിപ്പുറപ്പെടുന്നത് മുൻകൂട്ടി കണ്ടുപിടിച്ച് യഥാസമയം നിയന്ത്രണവും സാധ്യമാക്കുന്നു.

3. ബോധവൽക്കരണം നടത്തി ജനങ്ങൾക്ക് അവബോധവും ശരിയായ ആരോഗ്യ ശീലങ്ങളും പകരുന്നു.

4. 'സേഫ് കേരള' പോലുള്ള പ്രോഗ്രാമുകൾ സംസ്ഥാനത്തുടനീളം നടത്തി പൊതുജനാരോഗ്യ നിയമം, പഞ്ചായത്ത് രാജ് ആക്ട് തുടങ്ങിയ നിലവിലുള്ള നിയമങ്ങൾ പ്രകാരം നടപടികൾ സ്വീകരിക്കുന്നു.

5. ജീവിത ശൈലീരോഗ നിരീക്ഷണവും ചികിത്സയും സംസ്ഥാനത്തുട നീളം നടത്തിവരുന്നു. പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട് സാമൂഹിക ഘടകങ്ങൾ ശരിയായ രീതിയിൽ ഏകോപിപ്പിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകളുടെ പങ്കാളിത്തം ഉറപ്പാക്കാനും സർക്കാർ പബ്ലിക് ഹെൽത്ത് പ്രൊട്ടക്ഷൻ ഏജൻസി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പൊതുജനാരോഗ്യ മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഒരു പി.എച്ച്.സി. എങ്കിലും ഉണ്ടായിരിക്കണമെന്ന ലക്ഷ്യത്തോടെ പി.എച്ച്.സി.-കൾ ഇല്ലാത്ത 24 ഗ്രാമ പഞ്ചായത്തുകളിൽ പുതുതായി പ്രാഥമിക

ആരോഗ്യ കേന്ദ്രങ്ങൾ അനുവദിച്ചു. ഇവയിൽ നാലെണ്ണം ഒഴികെ മറ്റെല്ലാ പി.എച്ച്.സി.-കളും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുഖേനയുള്ള സേവനം മെച്ചപ്പെടുത്തുന്നതിനായി പി.എച്ച്.സി.-കളോടനുബന്ധിച്ച് പ്രൈമറി ഹെൽത്ത് ലാബുകൾ സ്ഥാപിക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ എൻ.എച്ച്.എം. മുഖേന നടപടികൾ സ്വീകരിച്ചു വരുന്നു. ആരോഗ്യ വകുപ്പിന്റെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിലായി 2439 ഡോക്ടർമാരടക്കമുള്ള പുതിയ തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. കൂടാതെ 28 ആരോഗ്യ സ്ഥാപനങ്ങളുടെ പദവി ഉയർത്തുകയും ചെയ്തു. കെ.എം.എസ്.സി.എൽ.-വഴി ആശുപത്രികളിലേക്കുള്ള ജനറിക് മരുന്ന് വിതരണം ശക്തിപ്പെടുത്തി.

6. ആരോഗ്യ സ്ഥാപനങ്ങളിലെ കെട്ടിട സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആരോഗ്യ വകുപ്പിന്റെ ഫണ്ട്, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, എൻ.എച്ച്.എം. ഫണ്ട്, നബാർഡ് ഫണ്ട്, എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട് എന്നിവ ഉപയോഗിച്ച് നിർമ്മാണ പ്രവൃത്തികളും നടത്തിവരുന്നുണ്ട്.

(സി) മാലിന്യ നിർമ്മാർജ്ജനവും ശുചീകരണവും കാര്യക്ഷമമായി നടത്താനായി ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം ആരോഗ്യ വകുപ്പിന്റെ കർമ്മ പദ്ധതിയിൽ ഉൾക്കൊള്ളിച്ച് നടപ്പിലാക്കിവരുന്നുണ്ട്. മാലിന്യ നിർമ്മാർജ്ജനം, മഴക്കാല പൂർവ്വശുചീകരണം അതോടൊപ്പം ശുദ്ധമായ കുടിവെള്ള വിതരണം, കൊതുകിന്റെ ഉറവിട നശീകരണം തുടങ്ങിയവ തദ്ദേശഭരണ സ്ഥാപനങ്ങൾ, ശുചിത്വ മിഷൻ, ജലവിഭവ വകുപ്പ്, ആരോഗ്യ വകുപ്പ് തുടങ്ങിയവ ഒത്തൊരുമിച്ച് നടപ്പിലാക്കിവരുന്നുണ്ട്. പല തദ്ദേശഭരണ സ്ഥാപനങ്ങളിലും ഇതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. വാർഡ് തലത്തിൽ വാർഡു തല ആരോഗ്യ ശുചിത്വ സമിതികൾ വഴിയും രോഗപ്രതിരോധ നിയന്ത്രണവുമായി ബന്ധപ്പെട്ട മാലിന്യ നിർമ്മാർജ്ജനം, ശുചീകരണം തുടങ്ങിയവ നടപ്പിലാക്കുന്നു. ഇതോടൊപ്പം ജനപങ്കാളിത്തത്തോടെ നടത്തുന്ന വിവിധതരം ക്യാമ്പെയിനുകൾ വഴിയും ശുചീകരണം നടത്തുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിലും, ജില്ലാ സംസ്ഥാന തലങ്ങളിലും ഇന്റർസെക്ടറൽ കോ-ഓർഡിനേഷൻ കമ്മിറ്റി കൂടി പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.

**ഭൂമിക പദ്ധതി**

7(*217) ശ്രീ. പി. തിലോത്തമൻ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. വി. ശശി :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിക പദ്ധതി എന്നു മുതലാണ് ആരംഭിച്ചത്; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് ; വിശദമാക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) 2009 ഡിസംബർ മാസം മുതലാണ് ഭൂമിക പദ്ധതി ആരംഭിച്ചത്. ഭൂമിക സെന്ററിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് ആരോഗ്യ പരിചരണവും കൗൺസിലിംഗും
2. ഡോക്ടർമാർ, നഴ്സുമാർ, മറ്റ് ആരോഗ്യ പ്രവർത്തകർ എന്നിവർക്ക് പരിശീലനങ്ങൾ
3. ആശുപത്രിയിൽ വരുന്ന അതിക്രമങ്ങൾക്ക് ഇരയായ സ്ത്രീകളെ കണ്ടെത്തൽ, ആവശ്യമായ നടപടികൾ സ്വീകരിക്കൽ
4. അതിക്രമത്തിന് ഇരയായവരെ സഹായിക്കുന്നതിന് മറ്റ് വകുപ്പുകളുടെ സഹകരണം ഉറപ്പാക്കൽ (ഉദാ. സാമൂഹ്യനീതി വകുപ്പ്, വനിതാ സെൽ, ഷെൽട്ടർ ഹോം, ജാഗ്രതാ സമിതി, സന്നദ്ധ സംഘടനകൾ)
5. അതിക്രമത്തിന് ഇരയായി വരുന്നവർക്ക് ആവശ്യമാണെങ്കിൽ മറ്റു സേവനങ്ങൾ (നിയമ സഹായം, താമസ സൗകര്യം)
6. കൗൺസലിംഗ് സേവനങ്ങൾ, ആവശ്യമെങ്കിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം

(ബി) ഭ്രമിക പദ്ധതി കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സാമൂഹ്യക നീതി വകുപ്പുമായി സഹകരിച്ച് Standard Operating Procedures (SOP) തയ്യാറാക്കുകയും ഓരോ വകുപ്പുകളും ചെയ്യേണ്ട ഉത്തരവാദിത്വങ്ങളെക്കുറിച്ച് കൃത്യമായി പ്രതിപാദിക്കുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ ജില്ലാ തലത്തിൽ ഡോക്ടർമാർക്കും നഴ്സുമാർക്കും പോലീസ്, അഭിഭാഷകർ, പത്രപ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, ആശാപ്രവർത്തകർ എന്നിവർക്കുള്ള പരിശീലനങ്ങളും നൽകിവരുന്നു. പദ്ധതിയെ സംബന്ധിച്ച വിവരം കൂടുതൽ പേരിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി ഓരോ ജില്ലയിലെയും പ്രധാന കേന്ദ്രങ്ങളിൽ ബോർഡുകൾ സ്ഥാപിക്കുന്നതിനും തെരഞ്ഞെടുത്ത സ്കൂളുകളിൽ പദ്ധതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ നൽകുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ചുവരുന്നു.

**മനോരോഗികളുടെ സംരക്ഷണവും പുനരധിവാസവും**

8(*218) ശ്രീ. സി. കൃഷ്ണൻ :

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :

ശ്രീ. പി. ടി. എ. റഹീം :

ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 'സമഗ്ര മാനസികാരോഗ്യം' പദ്ധതിയുടെ കീഴിൽ നടപ്പിലാക്കിയ പദ്ധതികൾ വിശദീകരിക്കുമോ; രോഗം മാറിയവരുടെ പുനരധിവാസത്തിനായി നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ്;

(ബി) നിലവിലുള്ള മാനസികാരോഗ്യ ആശുപത്രികളിലെ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും കുറവ് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) സംസ്ഥാനത്തെ സ്വകാര്യ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കാനും നിയന്ത്രിക്കാനുമായി എന്തൊക്കെ സംവിധാനമാണുള്ളത്; ഇവയിൽ പലതും അശാസ്ത്രീയ രീതികൾ പിന്തുടരുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ഇത്തരം എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് ഉണ്ടോ; ഇല്ലെങ്കിൽ അവയ്ക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെന്ന് അറിയിക്കാമോ;

(ഇ) ചികിത്സയും സംരക്ഷണവും ലഭിക്കാതെ അലഞ്ഞ് നടക്കുന്ന മനോരോഗികളുടെ കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) രോഗവിമുക്തിയും രോഗശമനവും ലഭിച്ച മനോരോഗികൾക്ക് വേണ്ടിയുള്ള ഡെ-കെയർ സെന്ററുകൾ ഓരോ ജില്ലയിലും രണ്ടെണ്ണം വീതം സ്ഥാപിക്കുക, സ്കൂൾ മെന്റൽ ഹെൽത്ത് പ്രോഗ്രാം നടപ്പിലാക്കുക എന്നീ രണ്ടു പദ്ധതികളാണ് ഇതിന്റെ കീഴിൽ നടപ്പിലാക്കി വരുന്നത്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) 27-11-2012-ലെ സ.ഉ.(എംഎസ്.)നമ്പർ 396/2012/ആ.കു.വ. 6-4-2013-ലെ സ.ഉ (എംഎസ്.) നമ്പർ 130/2013/ആ.കു.വ. എന്നീ ഉത്തരവുകൾ പ്രകാരം 27 മെഡിക്കൽ ഓഫീസർമാരുടെയും 110 സ്റ്റാഫ് നഴ്സിന്റെയും, 17 നഴ്സിംഗ് അസിസ്റ്റന്റിന്റെയും, 35 ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2-ന്റെയും തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശം അനുബന്ധം-2 ആയി ചേർക്കുന്നു.*

(ഡി) സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്കെല്ലാം ലൈസൻസ് ഇല്ല. ഇത്തരം സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് നൽകുന്നത് കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയാണ്. 222 അപേക്ഷകളാണ് നാളിതുവരെ അതോറിറ്റിയിൽ ലഭിച്ചിട്ടുള്ളത്. ഇതിൽ 202 സ്ഥാപനങ്ങളിൽ ലൈസൻസ് നൽകുന്നതിനോടനുബന്ധിച്ചുള്ള പരിശോധന പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ 73 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് ലഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായിട്ടുള്ളത്. പരിശോധനയിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാത്ത സ്ഥാപനങ്ങൾക്കെതിരെ എടുത്തിട്ടുള്ള നടപടികളുടെ വിശദാംശം അനുബന്ധം -3 ആയി ചേർക്കുന്നു.*

(ഇ) തെരുവിൽ അലയുന്ന ഇത്തരം മനോരോഗികളിൽ ബഹുഭൂരിപക്ഷവും അടിയന്തര ചികിത്സ ആവശ്യമുള്ളവരും ഗുരുതരമായ മനോരോഗങ്ങൾക്കും പലതരം ശാരീരിക രോഗങ്ങൾക്കും അടിമപ്പെട്ടവരുമാണ്. മെന്റൽ ഹെൽത്ത് ആക്ടിന്റെ 23, 24 എന്നീ സെക്ഷനുകളിൽ ഇത്തരം ആളുകളുടെ പരിപാലനത്തിനെപ്പറ്റി പ്രതിപാദിച്ചിരിക്കുന്നു. ഇത്തരം രോഗികളെ ആ സ്ഥലത്തിന്റെ ചാർജ്ജുള്ള പോലീസ് ഓഫീസർ കസ്റ്റഡിയിൽ എടുക്കേണ്ടതും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഏറ്റവും അടുത്തുള്ള മജിസ്ട്രേറ്റിന്റെ മുമ്പാകെ 24 മണിക്കൂറിനുള്ളിൽ ഹാജരാക്കേണ്ടതുമാണ്. ഇത്തരത്തിൽ ഹാജരാക്കുന്ന മനോരോഗികളെ, കാര്യങ്ങൾ മനസ്സിലാക്കുവാനുള്ള അവരുടെ ശേഷിയെ മജിസ്ട്രേറ്റ്തന്നെ നേരിട്ട് വിലയിരുത്തുകയോ ഒരു മെഡിക്കൽ ഓഫീസറെക്കൊണ്ട് പരിശോധിപ്പിക്കുകയോ ചെയ്യുന്നു. പ്രസ്തുത വ്യക്തി മനോരോഗിയാണെന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തിയാൽ ആ രോഗിയെ ഒരു മാനസികാരോഗ്യ ചികിത്സാ കേന്ദ്രത്തിൽ അഡ്മിറ്റ് ചെയ്യുന്നതിന് മജിസ്ട്രേറ്റ് ഉത്തരവിടുകയും രോഗിയെ ഈ കേന്ദ്രത്തിൽ ചികിത്സയ്ക്ക് വിധേയനാക്കുകയും ചെയ്യുന്നു. രോഗിയുടെ ഏതെങ്കിലും ബന്ധുക്കളോ സുഹൃത്തുക്കളോ രോഗിക്ക് ശരിയായ ചികിത്സ നൽകിക്കൊള്ളാമെന്നും പരിചരിച്ചുകൊള്ളാമെന്നും രേഖാമൂലം ഉറപ്പ് നൽകിയാൽ അവർക്കൊപ്പം രോഗിയെ വിട്ടയയ്ക്കുവാനുള്ള അധികാരവും മജിസ്ട്രേറ്റിനുണ്ട്.

**പൊതു ടാപ്പുകളിൽ കൂടി ശുദ്ധജലം**

9(*219) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു ടാപ്പുകളിൽ കൂടി ശുദ്ധജലം ലഭ്യമാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) വാട്ടർ അതോറിറ്റിയുടെ ഏറിയ കുറും പദ്ധതികളിൽ പൊതു ടാപ്പുകളിൽ കൂടിയുള്ള വിതരണം വിഭാവന ചെയ്തിട്ടുണ്ട്. എന്നാൽ പൊതു ടാപ്പുകളിൽ മാത്രം വിതരണം നിജപ്പെടുത്തിയിട്ടുള്ള പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

(ബി) നിലവിൽ വാട്ടർ കണക്ഷൻ വീടുകളിലേക്ക് എടുക്കാൻ കഴിയാത്ത സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ജനവിഭാഗങ്ങൾക്ക് ശുദ്ധജലം ലഭ്യമാക്കുക എന്നതാണ് ഉദ്ദേശ്യലക്ഷ്യം.

(സി) തദ്ദേശഭരണ സ്ഥാപനങ്ങൾ, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവ വെള്ളക്കരം അടയ്ക്കാൻ തയ്യാറാകുന്ന സ്ഥലങ്ങളിൽ അവരുടെ ഭരണസമിതി തീരുമാനപ്രകാരം ആവശ്യമായ സ്ഥലങ്ങളിൽ പൈപ്പ്ലൈനുകൾ ദീർഘിപ്പിച്ചും നിലവിലുള്ള വിതരണ ശൃംഖലകളിൽ പൊതുടാപ്പുകൾ സ്ഥാപിച്ചും ശുദ്ധജല വിതരണം നടത്തിവരുന്നു. കൂടാതെ ധനലഭ്യതയ്ക്കനുസൃതമായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതുവഴി കൂടുതൽ സ്ഥലങ്ങളിൽ പൊതു ടാപ്പുകൾ പുതുതായി സ്ഥാപിച്ച് ജലവിതരണം നടത്തിവരുന്നു.

**ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (എയിംസ്)**

10(*220) ഡോ. കെ. ടി. ജലീൽ :
ശ്രീ. എം. എ. ബേബി :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13 ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (എയിംസ്) ആരംഭിക്കുന്നതിന് മുൻ കേന്ദ്രസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് നടത്തിയ സമ്മർദ്ദങ്ങൾ എന്തൊക്കെയെന്ന് അറിയിക്കുമോ;

(ബി) കേരളത്തിന് എയിംസ് ലഭിക്കാതെ പോയതിന്റെ കാരണങ്ങൾ അറിയിക്കുമോ;

(സി) മിക്ക സംസ്ഥാനങ്ങൾക്കും പുതുതായി എയിംസ് ലഭിച്ചിട്ടും കേരളത്തിൽ അനുവദിപ്പിക്കാൻ കഴിയാതെ പോയത് എന്തൊക്കെ പോരായ്മകൾ കൊണ്ടാണെന്ന് അറിയിക്കാമോ;

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) കേരളത്തിൽ ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (എയിംസ്) സ്ഥാപിക്കുന്നതിനായി അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി അറിയിക്കാൻ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ട പ്രകാരം കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ കെ.എസ്.ഐ.ഡി.സി.-യുടെ പക്കലുള്ള സ്ഥലവും തിരുവനന്തപുരം നെയ്യാറ്റിൻകര നെട്ടുകാൽത്തേരിയിലുള്ള തുറന്ന ജയിലിനോടനുബന്ധിച്ചുള്ള സ്ഥലവും, കോട്ടയം ജില്ലയിലെ സർക്കാർ മെഡിക്കൽ കോളേജിന്റെ

അധീനതയിലുള്ള സ്ഥലവും എറണാകുളം ജില്ലയിൽ എച്ച്.എം.റ്റി.-യുടെ അധീനതയിലുള്ള സ്ഥലവും അനുയോജ്യമാണെന്ന് കണ്ടെത്തി 17-7-2014-ലെ സ.ഉ.(എംഎസ്.)നമ്പർ 220/14/ആ.കു.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ആയത് കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്തിരുന്നു. തുടർന്ന് ഇതിൽ ഏറ്റവും അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് നിർദ്ദിഷ്ട സ്ഥലങ്ങളുടെ ഭൗമശാസ്ത്രപരമായ പ്രത്യേകതകൾ, നിലവിലുള്ള സൗകര്യങ്ങൾ , റവന്യൂ രേഖകൾ, എന്നിവ പരിശോധിക്കുന്നതിനായി ഒരു ചെക്ക് ലിസ്റ്റ് കേന്ദ്ര ആരോഗ്യ മന്ത്രാലയം ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ച് ബന്ധപ്പെട്ട ജില്ലാ കളക്ടർമാരിൽനിന്നും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറിൽനിന്നും ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായ വിവരങ്ങൾ ചെക്ക് ലിസ്റ്റ് പ്രകാരമുള്ള റിപ്പോർട്ടാക്കി കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന് അയച്ചുകൊടുക്കുകയും നിർദ്ദിഷ്ട സ്ഥലങ്ങൾ പരിശോധിക്കുന്നതിനായി ഒരു വിദഗ്ദ്ധ ഇൻസ്പെക്ഷൻ ടീമിനെ നിയോഗിച്ച് നടപടികൾ ത്വരിതപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ആരോഗ്യ കുടുംബക്ഷേമ വകുപ്പുമന്ത്രിയുടെയും തലത്തിൽ പ്രധാനമന്ത്രിക്കും കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിക്കും കത്തുകൾ അയയ്ക്കുകയും സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പുമന്ത്രി നേരിട്ട് കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയെ സന്ദർശിച്ച് കേരളത്തിന് 'എയിംസ്' അനുവദിക്കുന്നതിനായി അപേക്ഷിച്ചിരുന്നു. എന്നാൽ 2015-16-ലെ ബഡ്ജറ്റിൽ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ച പുതിയ 5 എയിംസ് ഹോസ്പിറ്റലുകൾ ജമ്മുകാശ്മീർ, പഞ്ചാബ്, ഹിമാചൽപ്രദേശ്, ആസ്സാം, തമിഴ്നാട് എന്നിവിടങ്ങളിലാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നതെന്നും കേരളത്തെ അടുത്ത ഘട്ടത്തിൽ പരിഗണിക്കാമെന്നുമാണ് 7-5-2015-ലെ കത്ത് പ്രകാരം ബഹുമാനപ്പെട്ട കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുള്ളത്.

(ബി&സി) കേരളത്തിൽ എയിംസ് സ്ഥാപിക്കുന്നതിനുവേണ്ടി കേന്ദ്ര ആരോഗ്യ മന്ത്രാലയം ആവശ്യപ്പെട്ട പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും സമയബന്ധിതമായി തന്നെ സംസ്ഥാന സർക്കാർ പൂർത്തിയാക്കിയിട്ടുണ്ട്. യാതൊരുവിധ അനാസ്ഥയും സർക്കാരിന്റെ ഭാഗത്തു നിന്നുമുണ്ടായിട്ടില്ല. എന്നിട്ടും ആദ്യഘട്ടത്തിൽത്തന്നെ എയിംസ് കേരളത്തിന് അനുവദിക്കുന്നതിൽ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും അനുകൂല തീരുമാനമുണ്ടാകാത്തതിന് വ്യക്തമായ കാരണങ്ങൾ സംസ്ഥാന സർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടില്ല. എയിംസ് അനുവദിക്കുന്ന കാര്യത്തൽ അടിയന്തര തുടർനടപടി സ്വീകരിക്കണമെന്നും അടുത്ത ബഡ്ജറ്റിൽ ഇത് ഉൾക്കൊള്ളിക്കണമെന്നും 11-12-2015-ൽ മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും പ്രധാനമന്ത്രിയേയും കേന്ദ്ര ആരോഗ്യ വകുപ്പ് മന്ത്രിയേയും നേരിൽ കണ്ട് വീണ്ടും അഭ്യർത്ഥിച്ചിട്ടുണ്ട്.

**മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ വിമാന ആംബുലൻസ് സർവീസ്**

11(*221) ശ്രീ. അൻവർ സാദത്ത് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമാന ആംബുലൻസ് സർവ്വീസിന് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത സർവ്വീസ് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ&ബി) കേരളത്തിൽ അത്യാസന്ന നിലയിലുള്ള രോഗികൾക്ക് മെച്ചപ്പെട്ട ആരോഗ്യ സേവനം നൽകുവാനും മൃതസഞ്ജീവനി പദ്ധതിയിലൂടെ അവയവമാറ്റ ശസ്ത്രക്രിയകൾ കാര്യക്ഷമമായി നടത്തുവാനുമായി സർക്കാർ നിയന്ത്രണത്തിൽ ഒരു എയർ ആംബുലൻസ് സർവ്വീസ് ആരംഭിക്കുവാനുള്ള താത്പര്യ പത്രം സർക്കാർ നിർദ്ദേശപ്രകാരം കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 13-8-2015-ന് ക്ഷണിച്ചിട്ടുണ്ട്.

(സി) പ്രസ്തുത താത്പര്യപത്രത്തിൽ സർക്കാരിന്റെ പങ്കിനെക്കുറിച്ചുള്ള വിശദ വിവരണം ആവശ്യപ്പെടുകയും തത്ഫലമായി ഏഴ് കമ്പനികൾ താത്പര്യപത്രം സമർപ്പിക്കുകയുമുണ്ടായി. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3289/2015/ആ. കു.വ തീയതി 18-10-2015 പ്രകാരം ഏഴ്(7) അംഗ കമ്മിറ്റിയെ ഈ താത്പര്യപത്രങ്ങൾ വിശദമായി പഠിക്കുവാനും ഈ പദ്ധതി പ്രവർത്തിപ്പിക്കുവാനുമുള്ള സാങ്കേതിക സാമ്പത്തിക മാനദണ്ഡങ്ങൾ നിർണ്ണയിക്കുവാനുമായി നിർദ്ദേശിച്ചു. സർക്കാർ ഉത്തരവ് (കൈ) നമ്പർ 251/2015/H&FWD തീയതി 11-11-2015 പ്രകാരം കേരളത്തിലെ അത്യാസന്ന നിലയിലുള്ള രോഗികളെ ഉയർന്ന നിലവാരമുള്ള ആശുപത്രികളിലേക്ക് നീക്കം ചെയ്യുവാനും അവയവമാറ്റ ശസ്ത്രക്രിയയെ സഹായിക്കുന്നതിനുമായി കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിനായി നോഡൽ ഏജൻസിയായി നിയമിച്ചുകൊണ്ട് ഭരണപരമായി അംഗീകാരം നൽകുകയും ചെയ്തു. ഇതിൻപ്രകാരം കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ താത്പര്യപത്രം സമർപ്പിച്ച കമ്പനികളുടെ ഒരു യോഗം 2-12-2015-ൽ കൂടുകയും യോഗത്തിലെ തീരുമാന പ്രകാരം അവയവമാറ്റ ശസ്ത്രക്രിയ നടത്തുന്ന എല്ലാ സർക്കാർ, സ്വകാര്യ ആശുപത്രികളേയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു ധാരണാപത്രം ഒപ്പിടുന്നതിന് ഒരു യോഗം കൂടുവാനും തീരുമാനിച്ചിട്ടുണ്ട്.

## ബാങ്ക് വഴി തൊഴിലാളികളുടെ വേതനം

12(*222) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികളുടെ വേതനം ബാങ്ക് വഴി ലഭ്യമാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ&ബി) ഉണ്ട്. വിവിധ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനായി, വേതനം ബാങ്ക് വഴി നൽകുന്നതിനുമായുള്ള വേതന സുരക്ഷാ പദ്ധതി (ഇ-പേയ്മെന്റ് ഓഫ് വേജസ്) സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. പദ്ധതി മുഖേന തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും, നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് ഓൺലൈനായി പരിശോധിക്കുന്നതിനും വീഴ്ച വരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനും കഴിയും.

(സി) വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി 1958-ലെ മിനിമം വേതന ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള വിജ്ഞാപനം സർക്കാരിന്റെ 8-7-2015-ലെ സ.ഉ.(അച്ചടി)നമ്പർ 84/2015/തൊഴിൽ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കെൽട്രോണുമായി സഹകരിച്ച് പ്രസ്തുത പദ്ധതിക്കായി ഒരു സോഫ്റ്റ്വെയർ വികസിപ്പിക്കുകയും ആയത് നടപ്പാക്കുന്നതിനായി നാഷണലൈസ്ഡ്, ഷെഡ്യൂൾഡ് ബാങ്കുകൾ, സ്വകാര്യ തൊഴിലുടമ പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തുകയും 16 ബാങ്കുകളുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

## സ്വകാര്യ മെഡിക്കൽ ലാബുകളിലെ പരിശോധനയ്ക്ക് അമിത ചാർജ്ജ്

13(*223) ശ്രീ. ആർ. രാജേഷ് :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മെഡിക്കൽ ലാബുകളിൽ മിക്കവയിലും യോഗ്യതയുള്ള ജീവനക്കാരില്ലാത്തതായും അമിതമായ ചാർജ്ജ് ഈടാക്കുന്നതായുമുള്ള പരാതിയിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ;

(ബി) സ്വകാര്യ ആശുപത്രികളുടെയും ക്ലിനിക്കുകളുടെയും ലാബുകളുടെയും പ്രവർത്തനം പരിശോധിച്ചിട്ടുണ്ടോ; ഇവയുടെ നിലവാരം ഉറപ്പാക്കുന്നതിനും അമിത ഫീസ് നിരക്ക് നിയന്ത്രിക്കാനും കേന്ദ്ര നിയമത്തിന്റെ മാതൃകയിൽ നിയമ നിർമ്മാണം നടത്താൻ തയ്യാറാകുമോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ; നിലവിൽ ഇത്തരം സ്ഥാപനങ്ങളുടെ മേൽ എന്തെങ്കിലും നിയന്ത്രണം ഉണ്ടോ; വിശദമാക്കാമോ;

(സി) നിയമനിർമ്മാണത്തിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) സ്വകാര്യ മെഡിക്കൽ ലാബുകൾക്കെതിരെ ലഭ്യമായ പരാതികൾ തുടർ നടപടികൾക്കും റിപ്പോർട്ടിനുമായി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(ബി) സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം ആരോഗ്യവകുപ്പ് പരിശോധിക്കുന്നില്ല. എന്നാൽ ആരോഗ്യ വകുപ്പ് നടപ്പിലാക്കിവരുന്ന സേഫ് കേരള പ്രോഗ്രാമിന്റെ ഭാഗമായി സ്വകാര്യ ക്ലിനിക്കൽ ലബോറട്ടറികൾ, ജനറ്റിക് ക്ലിനിക്കുകൾ തുടങ്ങിയവ എല്ലാ ജില്ലകളിലും ഒരേ ദിവസം പരിശോധിച്ച് ഗുണനിലവാരം, ശുചിത്വം, ഉദ്യോഗസ്ഥരുടെ യോഗ്യത തുടങ്ങിയവ നിരീക്ഷിച്ച് ആവശ്യമെങ്കിൽ നിയമ നടപടി സ്വീകരിച്ചുവരുന്നുണ്ട്. സ്വകാര്യ ലാബുകൾ, ക്ലിനിക്കുകൾ, സ്കാനിംഗ് സെന്ററുകൾ എന്നിവയുടെ നിയന്ത്രണം, രജിസ്ട്രേഷൻ,

ഫീസ് ഏകീകരണം തുടങ്ങിയവയ്ക്കായി കേന്ദ്ര നിയമത്തിന്റെ മാതൃകയിലുള്ള 'കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ' സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. നിലവിൽ സ്വകാര്യ ആശുപത്രികളുടെ മേൽ ആരോഗ്യ വകുപ്പിന് നിയന്ത്രണമില്ല. എന്നാൽ അൾട്രാസൗണ്ട് പരിശോധന നടത്തുന്ന ലാബുകൾക്ക് പി.എൻ.ഡി.റ്റി. ആക്ട് പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാണ്. കൂടാതെ സേഫ് കേരളയുടെ ഭാഗമായി നടത്തുന്ന പരിശോധനയിൽ തിരു-കൊച്ചി പൊതുജനാരോഗ്യ നിയമം-1955 (സെക്ഷൻ 42, 63), മദ്രാസ് പൊതുജനാരോഗ്യ നിയമം-1939 (സെക്ഷൻ 44, 65) എന്നിവ ഉപയോഗിച്ച് ആരോഗ്യവകുപ്പ് വീഴ്ച വരുത്തുന്നവർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു. ഇതു കൂടാതെ കേരള പഞ്ചായത്ത് രാജ് ആക്ട്, മുനിസിപ്പാലിറ്റി ചട്ടങ്ങൾ എന്നിവ ഉപയോഗിച്ചും നടപടി എടുക്കാവുന്നതാണ്.

(സി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ എന്നിവയുടെ പ്രവർത്തനം നിയന്ത്രിക്കാനുദ്ദേശിച്ചുള്ള കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാകുന്നതിന്റെ അവസാന ഘട്ടത്തിലാണ്. പതിമൂന്നാം കേരള നിയമസഭയുടെ 230-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിക്കുകയും എം.എൽ.എ.-മാർക്ക് സർക്കുലേറ്റ് ചെയ്തിരിക്കുകയുമാണ്.

**വഞ്ചിവീടുകളുടെ സുരക്ഷ ഉറപ്പാക്കൽ**

14(*224) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര രംഗത്ത് സുപ്രധാന പങ്കാളിത്തമുള്ള വഞ്ചി വീടുകളിൽ അടിക്കടി ഉണ്ടാകുന്ന തീപിടിത്തങ്ങളും മറ്റപകടങ്ങളും ഉയർത്തുന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തൊക്കെ ഇടപെടലുകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വഞ്ചിവീടുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും വിനോദ സഞ്ചാരികളുടെ ആശങ്ക ഇല്ലാതാക്കുന്നതിനും എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) ഉണ്ട്.

(ബി) ഹൗസ്ബോട്ടുകളുടെ നിലവാരം ഉയർത്തുന്നതിനും സുരക്ഷ വർദ്ധിപ്പിക്കുന്നതിനുമായി ഹൗസ്ബോട്ട് ക്ലാസ്സിഫിക്കേഷൻ പദ്ധതി നടപ്പിലാക്കി വരുന്നു. സുരക്ഷിത ബോട്ടുകളുടെ ഒരു ലിസ്റ്റ് വകുപ്പിന്റെ വെബ്സൈറ്റിൽ വിനോദ സഞ്ചാരികൾക്കായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജലാശയങ്ങളിൽ സഞ്ചരിക്കുന്നവർക്ക് ലൈഫ് ജാക്കറ്റ് ഉൾപ്പെടെയുള്ള സുരക്ഷാ സംവിധാനങ്ങൾ ഉറപ്പുവരുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഹൗസ്ബോട്ടുകളുടെ സഞ്ചാരപഥം സഞ്ചാരികളുടെ വിവരം എന്നിവ ലഭിക്കുന്നതിനുള്ള ഒരു സ്ഥിരം സംവിധാനം എന്ന നിലയിൽ 'ഹൗസ്ബോട്ട് ട്രാക്കിംഗ് ആന്റ് സേഫ്റ്റി മാനേജ്മെന്റ് സിസ്റ്റം' എന്ന ഒരു പദ്ധതി നടപ്പാക്കുന്നതാണ്.

**നൈപുണ്യ വികസന അക്കാദമികൾ**

15(*225) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ തൊഴിൽ മേഖലകളിൽ നൈപുണ്യ വികസന അക്കാദമികൾ ആരംഭിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ&ബി) ഉണ്ട്. തൊഴിലും നൈപുണ്യവും വകുപ്പിനുകീഴിൽ തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നതിന് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) പ്രവർത്തിച്ചുവരുന്നു. ആഗോളവത്കരണത്തെ തുടർന്ന് ആധുനിക ലോകത്തെ വിവിധ തൊഴിൽ മേഖലകളിലേക്കായി ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്ര പരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്നതാണ് KASE-ന്റെ പ്രധാന ലക്ഷ്യം.

(സി) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ന്റെ വികസന പദ്ധതികൾക്ക് മേൽനോട്ടം വഹിക്കാനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനും ബഹുമാനപ്പെട്ട തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി വൈസ് ചെയർമാനുമായുള്ള അഡ്വൈസറി കൊൺസിലും തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായുള്ള ബോർഡും രൂപീകരിച്ചിട്ടുണ്ട്. KASE-ന്റെ ആഭിമുഖ്യത്തിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ (IIIC) സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. കൊല്ലം ജില്ലയിലെ ചവറയിലും കോഴിക്കോട് ജില്ലയിലെ മാനാഞ്ചിറയിലും കൗശൽ കേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചു. മറ്റു ജില്ലകളിലും കൗശൽ കേന്ദ്രങ്ങൾ ആരംഭിക്കുവാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. തിരുവനന്തപുരം കിൻഫ്ര അപ്പാരൽ പാർക്കിൽ, നഴ്സിംഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ എൻഹാൻസ്മെന്റും സെക്യൂരിറ്റി മേഖലയിൽ മികവിന്റെ കേന്ദ്രമായ സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റിയും (CATS) പ്രവർത്തനമാരംഭിച്ചു. ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ എൻലൈറ്റൻ സ്കിൽസ് ട്രെയിനിംഗ് പ്രോഗ്രാം ഇൻ ഓയിൽ ആന്റ് റിഗ് (ESPOIR), അങ്കമാലിയിലെ ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ പ്രവർത്തനമാരംഭിച്ചു. ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ ഹൈടെക് ഓട്ടോമേഷൻ & മെക്കാട്രോണിക്സ്, റീട്ടെയിൽ, ഹോസ്പിറ്റാലിറ്റി, സെക്യൂരിറ്റി (ഇന്റർനാഷണൽ) തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

**ദേശീയ ജലപാത പദ്ധതി**

16(*226) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. എം. ഹംസ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത 2012-13 വർഷം യാഥാർത്ഥ്യമാക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലായോ ; ഇല്ലെങ്കിൽ അതിന്റെ കാരണമെന്തെന്ന് അറിയിക്കാമോ ;

(ബി) ദേശീയ ജലപാത പദ്ധതികൾക്കായി 2012-13 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 90 കോടി രൂപ ഏതൊക്കെ പദ്ധതികൾക്കായാണ് വിനിയോഗിച്ചതെന്ന് അറിയിക്കാമോ ;

(സി) കോവളം-കൊല്ലം, കോട്ടപ്പുറം-നീലേശ്വരം ജലപാതകളുടെ വികസന പുരോഗതി അറിയിക്കാമോ ;

(ഡി) നബാർഡ് സഹായത്തോടെ നടത്തുമെന്ന് പ്രഖ്യാപിച്ചിരുന്ന വടകര-മാഹി, ഇ. കെ. കനാൽ എന്നിവയുടെ നിർമ്മാണ/പുനരുദ്ധാരണ പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ ; ഇതുവരെ എന്തു തുക ചെലവഴിച്ചു ;

(ഇ) ദേശീയ ജലപാത പൂർണ്ണതോതിൽ പ്രാവർത്തികമാക്കുന്നതിന് ഇനിയും എത്ര കോടി രൂപ ചെലവഴിക്കേണ്ടതായി വരുമെന്ന് കരുതുന്നു?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഇല്ല. കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ജലപാതയാണ് ദേശീയ ജലപാത നമ്പർ-3 ആയി അംഗീകരിച്ച് പ്രവൃത്തികൾ നടത്തിവരുന്നത്. ഇതിന് ചമ്പക്കര കനാൽ, (14 കി.മീ.), ഉദ്യോഗമണ്ഡൽ കനാൽ (23 കി.മീ.) ഉൾപ്പെടെ 205 കി.മീ. ദൈർഘ്യമാണുള്ളത്. ഈ പണിയുടെ മേൽനോട്ടം വഹിക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ 'ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ' (IWAI) ആണ്. പ്രസ്തുത പണികൾ നടത്തുമ്പോൾ ലഭ്യമാകുന്ന മണ്ണ്, ചെളി, മറ്റു മാലിന്യങ്ങൾ എന്നിവ കരയിൽ നിക്ഷേപിക്കുവാൻ മതിയായ സ്ഥലങ്ങൾ ലഭ്യമാകാത്തതും ഇപ്രകാരം ലഭിക്കുന്ന മണലിനെ ചൊല്ലി നാട്ടുകാർ ഉന്നയിക്കുന്ന അവകാശവാദങ്ങൾ, ജലപാതയിൽ മാർഗ്ഗതടസ്സമായി സ്ഥാപിക്കപ്പെട്ട ചീനവലകൾ, ഊന്നിവലകൾ എന്നിവയും, കൊല്ലം-ചവറ ഭാഗങ്ങളിൽ കാണുന്ന വളരെ കട്ടികൂടിയ പ്രതലം (Under Water Laterite bed) മുതലായവയാണ് ഈ പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുള്ള കാലതാമസത്തിനുള്ള പ്രധാന കാരണങ്ങൾ.

കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത കമ്മീഷൻ ചെയ്യുന്നത് സംബന്ധിച്ച് ചർച്ചകൾ ചെയ്യുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ IWAI അധികൃതർ, ചീഫ് എഞ്ചിനീയർ (I&A), ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി 1-12-2016-ൽ യോഗം ചേരുകയും പ്രസ്തുത പദ്ധതി 2016 ജനവരി അവസാനത്തോടെ കമ്മീഷൻ ചെയ്യുവാൻ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ദേശീയ ജലപാത പദ്ധതികൾക്കായി 2012-13-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 90 കോടി രൂപ നബാർഡ് (40 കോടി), 13-ാം ധനകാര്യ കമ്മീഷൻ (50 കോടി) എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്.

1. ദേശീയ പാതയിലേക്ക് വരുന്ന ഉപകനാലുകൾ, ഉദാ: കന്നേറ്റി കനാൽ
2. കൊല്ലം-കോവളം ഭാഗത്ത് വരുന്ന അഞ്ചുതെങ്ങ്-നടയറ കായൽ പുനരുദ്ധാരണം.
3. കോട്ടപ്പുറം-വടകര ഭാഗത്തുള്ള പി.സി. കനാൽ, താനൂർ-കുട്ടായി കനാൽ
4. മെക്കാനിക്കൽ ജോലികൾ
5. വടകര-മാഹി കനാൽ ആദ്യ ഭാഗം (4 കി. മീ.)
6. ഇ. കെ. കനാൽ പുനരുദ്ധാരണം-ആകെ മേൽസൂചിപ്പിച്ച രണ്ട് പദ്ധതികളിലുമായി ഏകദേശം 1943.29 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ദേശീയ ജലപാത III-യുടെ ഇരുഭാഗങ്ങളിലായി ബന്ധപ്പെട്ട വരുന്ന കോവളം-കൊല്ലം, കോട്ടപ്പുറം-നീലേശ്വരം ജലപാതകളാണ് സംസ്ഥാന ജലപാതകളായി അംഗീകരിച്ചിട്ടുള്ളത്. വികസന പ്രവർത്തനങ്ങളുടെ ഫലമായി 74.18 കി.മീ. നീളമുള്ള കോവളം-കൊല്ലം ജലപാതയിൽ ഏകദേശം 25 കി.മീറ്ററും, 347 കി.മീ. നീളമുള്ള കോട്ടപ്പുറം-നീലേശ്വരം ജലപാതയിൽ 195 കി.മീറ്റർ ദൂരവും ഗതാഗതയോഗ്യമാണ്. കൂടാതെ കോട്ടപ്പുറം-നീലേശ്വരം ജലപാത കാസർഗോഡ് വരെ നീട്ടുന്നതിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചുവരുന്നു.

<u>വടകര-മാഹി കനാൽ റീച്ച്-1</u>

(ഡി) ചെയിനേജ് 450.080 കി.മീ. മുതൽ 454.080 കി.മീ. വരെ (4 കി.മീ. നീളം)

കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ 22-1-2013-ൽ എഗ്രിമെന്റ് വച്ച് ആരംഭിച്ച ഈ റീച്ചിന്റെ നിർമ്മാണത്തിന്റെ ഏകദേശം 20 ശതമാനം മാത്രമേ പൂർത്തിയാക്കാൻ സാധിച്ചിട്ടുള്ളൂ. കനാൽ നിർമ്മാണ സമയത്ത് വശങ്ങളിലെ മണ്ണ് ഇടിഞ്ഞു താഴുകയും പാർശ്വ സംരക്ഷണ ഭിത്തി തകർന്ന് വീഴുകയും ചെയ്തതിനെ തുടർന്ന്, കനാൽ നിർമ്മാണം നിർത്തിവയ്ക്കുകയും കരാറുകാരന്റെ എഗ്രിമെന്റ് ഫോർക്ലോസ് ചെയ്യുകയും ചെയ്തുവെങ്കിലും സംസ്ഥാന ജലപാത നിലവാരത്തിൽ (14 മീറ്റർ വീതിയിലും 1.7 മീറ്റർ ആഴത്തിലും) കനാലിന്റെ ഈ റീച്ച് ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്.

ഇതുവരെ ചെലവഴിച്ച തുക - 3,34,93,350

(മൂന്ന് കോടി മുപ്പത്തിനാലുലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി മുന്നൂറ്റി അമ്പത് രൂപ) (ശീർഷകം-5075-60-800-86-നബാർഡ്)

<u>ഇ. കെ. കനാൽ</u>

കോഴിക്കോട് സിറ്റിയിൽ കൂടി കടന്നു പോകുന്ന 11.2 കി. മീ. നീളത്തിലുള്ള ഇ. കെ. കനാലിന്റെ (കനോലി കനാൽ) 8.8 കി. മീ. നീളത്തിൽ ആഴം കൂട്ടലും പാർശ്വഭിത്തി സംരക്ഷണവും, നബാർഡ്-ആർ.ഐ.ഡി.എഫ്. 17-ൽ ഉൾപ്പെടുത്തി 85 ശതമാനത്തോളം പ്രവൃത്തി പൂർത്തീകരിച്ചു. കനാൽ ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. ഇതുവരെ ചെലവഴിച്ച തുക 2,89,86,272/- (രണ്ടു കോടി എൺപത്തിയൊമ്പത് ലക്ഷത്തി എൺപത്തി ആറായിരത്തി ഇരുന്നൂറ്റി എഴുപത്തി രണ്ട് രൂപ) (ശീർഷകം-5075-60-800-86-നബാർഡ്)

(ഇ) ദേശീയ ജലപാതയുടെ നിർമ്മാണ ചെലവ് പൂർണ്ണമായും കേന്ദ്രസർക്കാരാണ് വഹിക്കുന്നത്. 31-3-2015 വരെ കേന്ദ്ര സർക്കാർ ഈ പദ്ധതിക്കായി ആകെ 220 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. ഈ പദ്ധതിക്കായി സംസ്ഥാന സർക്കാർ ഊന്നി/ചീനവലകൾ നീക്കം ചെയ്യുന്നതിനുള്ള നഷ്ടപരിഹാരമായി ഇതുവരെ 12.475 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. ഈ വകയിൽ ഇനി 5.5 കോടി രൂപ കൂടി ആവശ്യമായി വരും. കൂടാതെ 74 വലകൾ നീക്കം ചെയ്യുന്നതിനുള്ള സ്പെഷ്യൽ പാക്കേജായി 28.8 ലക്ഷം രൂപയും നീക്കിവച്ചിട്ടുണ്ട്.

**പ്ലാച്ചിമട-ട്രിബ്യൂണൽ ബിൽ**

17(*227) ശ്രീമതി കെ. എസ്. സലീഖ :

ശ്രീ. എ. കെ. ബാലൻ :

ശ്രീ. കെ. വി. വിജയദാസ് :

ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭ പാസ്സാക്കി രാഷ്ട്രപതിയുടെ അംഗീകാരത്തിന് സമർപ്പിച്ച പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ കേന്ദ്ര സർക്കാർ തിരിച്ചയച്ചിട്ടുണ്ടോ; രാഷ്ട്രപതിയുടെ അനുമതിക്കും പരിഗണനയ്ക്കും സമർപ്പിക്കാതെയാണോ ബിൽ തിരിച്ചയച്ചിരിക്കുന്നത് ; വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടി വിശദമാക്കുമോ ;

(ബി) പ്രസ്തുത ബിൽ കേന്ദ്ര സർക്കാർ എത്ര തവണ തിരിച്ചയക്കുകയുണ്ടായി; യു.പി.എ. സർക്കാരിന്റെ കാലത്ത് പ്രസ്തുത ബിൽ രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് അയച്ചിട്ടുണ്ടായിരുന്നുവോ എന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) സംസ്ഥാന നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ പ്രസ്തുത ബിൽ 2010-ലെ ദേശീയ ഹരിത ട്രൈബ്യൂണൽ ആക്ടിൽ വിഭാവനം ചെയ്തിട്ടുള്ള നിയമം തന്നെ ഇക്കാര്യത്തിൽ മതിയായതാണെന്ന കാരണം ചൂണ്ടിക്കാട്ടി രാഷ്ട്രപതിയുടെ അനുമതിക്ക് സമർപ്പിക്കാതെ കേന്ദ്ര ആഭ്യന്തര മന്ത്രാലയം തിരികെ അയച്ചിരുന്നു. കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നടപടിയിൽ പ്രതിഷേധം അറിയിക്കുകയും പ്രസ്തുത ബിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിനായി വീണ്ടും 19-9-2015-ലെ 321/ലെഗ്എഫ്2/2011/നിയമം നമ്പർ കത്ത് പ്രകാരം ബഹുമാനപ്പെട്ട ഗവർണർ മുഖാന്തരം കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് അയച്ചിരിക്കുകയാണ്.

(ബി) ഒരു തവണ തിരിച്ചയയ്ക്കുകയുണ്ടായി. യു. പി. എ. സർക്കാരിന്റെ കാലത്ത് പ്രസ്തുത ബിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിന് അയച്ചിട്ടുണ്ടായിരുന്നു.

## ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ

18(*228) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ ആരംഭിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) 2015-16 വർഷം കൊല്ലത്തും മലപ്പുറത്തും പുതുതായി ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ ആരംഭിച്ചു. നിലവിൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ തുടങ്ങിയ ജില്ലകളിൽ ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങളുടെ പ്രവർത്തനത്തിനായി 1,40,00,000 (ഒരു കോടി നാൽപ്പതു ലക്ഷം രൂപ) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയിൽ പുതുതായി ഒരു ആയുഷ് ഹോളിസ്റ്റിക് കേന്ദ്രം തുടങ്ങുന്നതിനും നിലവിലുള്ള ആറ് ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കും ഹോമിയോ ഡോക്ടർ, നാച്ചുറോപ്പതി ഡോക്ടർ, യോഗ പരിശീലകൻ എന്നിവരുടെ സേവനം ലഭ്യമാക്കുന്നതിനുമുള്ള കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഹോമിയോപ്പതി ചികിത്സയോടൊപ്പം പ്രകൃതി ജീവനവും ഭാരതീയ ചികിത്സാ സമ്പ്രദായങ്ങളായ ആയുർവേദവും യോഗയും സമന്വയിപ്പിച്ചുകൊണ്ട് സമൂഹത്തിൽ അധികരിച്ചു വരുന്ന ക്യാൻസർ, ഹൃദ്രോഗം, പ്രമേഹം. രക്തസമ്മർദ്ദം, ഗർഭാശയ രോഗങ്ങൾ, അന്തസ്രാവ ഗ്രന്ഥി രോഗങ്ങൾ തുടങ്ങിയ ജീവിത ശൈലീരോഗങ്ങളുടെ ചികിത്സയും പ്രതിരോധ ചികിത്സയുമാണ് ആയുഷ്

ഹോളിസ്റ്റിക് കേന്ദ്രങ്ങൾ എന്ന സമന്വയ സമഗ്ര ചികിത്സാ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. ഹോമിയോപ്പതി, ആയുർവേദം, യോഗ, പ്രകൃതി ജീവന സമ്പ്രദായങ്ങളിലെ ഗുണാംശങ്ങളെ സമന്വയിപ്പിച്ചും സ്വാംശീകരിച്ചുകൊണ്ടുമുള്ള ഒരു സമഗ്ര ചികിത്സാ പദ്ധതിയാണിത്. ഇതിനായി ഹോമിയോപ്പതി, ആയുർവ്വേദം, നാച്ചുറോപ്പതി ഡോക്ടർമാരുടേയും യോഗ പരിശീലകന്റെയും സംയുക്ത സേവനം ഈ പദ്ധതിക്കായി സമഞ്ജസമായി ഉപയോഗപ്പെടുത്തുന്നു.

(സി) ഈ പദ്ധതിയുടെ സേവനം നിലവിൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ലഭ്യമാണ്. ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങളുടെ പ്രവർത്തനത്തിനായി 1,40,00,000 (ഒരു കോടി നാല്പതു ലക്ഷം രൂപ) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയിൽ പുതുതായി ഒരു ആയുഷ് ഹോളിസ്റ്റിക് കേന്ദ്രം തുടങ്ങുന്നതിനും നിലവിലുള്ള ആറ് ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കും ഹോമിയോ ഡോക്ടർ, നാച്ചുറോപ്പതി ഡോക്ടർ, യോഗ പരിശീലകൻ എന്നിവരുടെ സേവനം ലഭ്യമാക്കുന്നതിനുമുള്ള കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

**ഓൺലൈൻ മരുന്നു വ്യാപാരം**

19(*229) ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ മരുന്നു വ്യാപാരം അനുവദിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ പുതിയ ഔഷധനയത്തിന്റെ വിശദ വിവരം സംസ്ഥാന സർക്കാരിന് ലഭ്യമായിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത സൗകര്യം സമൂഹത്തിൽ ഉണ്ടാക്കാവുന്ന അനുകൂല/ പ്രതികൂല ഫലങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ&ബി) ഉണ്ട്. ഓൺലൈൻ മരുന്നു വ്യാപാരം നിയന്ത്രണ പരിധിയിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി ഡോക്ടർ ഹർഷദീപ് കാംപ്ലെ, ഐ.എസ്.എ.,

കമ്മീഷണർ, എഫ്.ഡി.എ. മഹാരാഷ്ട്രയുടെ അദ്ധ്യക്ഷതയിൽ ഉപസമിതി രൂപീകരിക്കുവാൻ 48-ാമത് ഡ്രഗ്സ് കൺസൾട്ടേറ്റീവ് കമ്മിറ്റിയിൽ തീരുമാനമായിട്ടുണ്ട്. ഇ-കോമേഴ്സിന്റെ പുരോഗതിയെ മുൻനിർത്തി ഓൺലൈൻ വ്യാപാരം പോലുള്ള പുതിയ സാങ്കേതിക വിദ്യയുടെ ആവിർഭാവം ഉൾക്കൊണ്ടു കൊണ്ട് ആയതിനെ നിയമാനുസൃതമാക്കേണ്ടത് അനിവാര്യമായതിനാൽ വികസിത രാജ്യങ്ങളിൽ പ്രാവർത്തികമായിട്ടുള്ള പ്രസ്തുത സംരംഭങ്ങളുടെ പ്രായോഗിക വശങ്ങളെക്കുറിച്ചും നിയമ സാധുതകളെക്കുറിച്ചും കൂടുതൽ പരിശോധിക്കാനായി രൂപീകരിച്ചിട്ടുള്ള പ്രസ്തുത ഉപസമിതിയുടെ പ്രാരംഭ യോഗത്തിൽ, വ്യക്തികൾ/സംഘടനകൾ/വ്യാപാര മേഖലയിലുള്ളവർ/കമ്പനികൾ എന്നിവർ ഉൾപ്പെടുന്ന പൊതുജനങ്ങളിൽനിന്നും വിഷയ സംബന്ധമായ കാര്യങ്ങളിന്മേലുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ ഔഷധ വ്യാപാരം നിയമാനുസൃതമാക്കുന്നതിലേക്കായുള്ള ഭേദഗതികൾ കേന്ദ്ര നിയമമായ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് 1940-ലും ഡ്രഗ്സ് & കോസ്മെറ്റിക്സ് റൂൾസ് 1945-ലും വരുത്തുമെന്നാണ് പ്രതീക്ഷ.

ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് 1940 & റൂൾസ് 1945-ന് വിരുദ്ധമായി നടത്തിവരുന്ന ഇത്തരത്തിലുള്ള ഓൺലൈൻ മരുന്നു വ്യാപാരം വഴി വ്യാജമരുന്നുകൾ/ലഹരിക്കായി ദുരുപയോഗം ചെയ്യാവുന്ന മരുന്നുകൾ എന്നിവ യാതൊരു നിയന്ത്രണവുമില്ലാതെ വിറ്റഴിക്കപ്പെടാനുള്ള സാധ്യതയുണ്ട്. കൂടാതെ മരുന്നിന്റെ വില കുറയാനുള്ള സാധ്യതയുമുണ്ട്. ഓൺലൈൻ മരുന്നു വ്യാപാരത്തിന്റെ അനുകൂല-പ്രതികൂല ഫലങ്ങളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ഡോക്ടർ ഹർഷദീപ് കാംപ്ലെ അദ്ധ്യക്ഷനായ മേൽ സൂചിപ്പിച്ച ഉപസമിതി അന്തിമ റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്കേ അറിയുവാൻ കഴിയൂ.

**ഔഷധസസ്യങ്ങളുടെ ലഭ്യതക്കുറവ്**

20(*230) ശ്രീ. എൻ .എ. നെല്ലിക്കുന്ന് :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔഷധസസ്യങ്ങളുടെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) മരുന്നുല്പാദിപ്പിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ ഔഷധസസ്യങ്ങൾക്കായി ടി.ബി.ജി.ആർ.ഐ.-യെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്തെ കർഷകരെക്കൂടി സഹകരിപ്പിച്ച് ഔഷധസസ്യ കൃഷി പ്രോത്സാഹിപ്പിച്ച് ദൗർലഭ്യം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് ഔഷധസസ്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ ഇതുമായി ബന്ധപ്പെട്ട വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ മുഖേന അനേകം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സംസ്ഥാന ഔഷധസസ്യ ബോർഡ് പൊതുജനങ്ങൾക്കിടയിൽ ഔഷധസസ്യങ്ങളെക്കുറിച്ച് ബോധവൽക്കരണം, സംരക്ഷണം, പരിപോഷണം, കൃഷി, സൗജന്യ ഔഷധ തൈകളുടെ വിതരണം എന്നിവ നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ ഔഷധ വിതരണ രംഗത്തെ ഏക പൊതുമേഖലാ സ്ഥാപനമായ ഔഷധി ഔഷധ സസ്യങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കാൻ കർഷകർക്ക് സൗജന്യമായി ഔഷധ സസ്യങ്ങൾ നല്കിവരുന്നു.

(സി) ഔഷധി ടി.ബി.ജി.ആർ.ഐ.-യുമായി സഹകരിച്ച് 'ജീവനി' എന്ന മരുന്ന് ഉത്പാദിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിലേക്കാവശ്യമായ ഔഷധ സസ്യങ്ങൾ തിരുവനന്തപുരം ജില്ലയിലെ കോട്ടൂരുള്ള കേരള കാണി സമുദായ ട്രസ്റ്റിൽനിന്നും വിലകൊടുത്ത് ശേഖരിക്കുന്നതിന് തത്വത്തിൽ തീരുമാനമായിട്ടുണ്ട്. കൂടാതെ സർക്കാർ ആയുർവേദ കോളേജ് ഫാർമക്കോഗ്നസി യൂണിറ്റിൽ ലഭ്യമല്ലാത്ത ഔഷധസസ്യങ്ങൾക്കുവേണ്ടി ടി.ബി.ജി.ആർ.ഐ.-യെ സമീപിച്ചിട്ടുണ്ട്.

## മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ്

21(*231) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ ഡാമിൽ ജലനിരപ്പ് 140 അടി ആയി ഉയർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഡാമിന്റെ ഷട്ടറുകൾ ഒന്നൊഴികെ മറ്റുള്ളവ പ്രവർത്തനരഹിതമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഡാമിൽ നിന്നും തമിഴ്നാട് വെള്ളം കൊണ്ടുപോകുന്നത് നിർത്തി വച്ചിരിക്കുകയാണെന്നും ഒരാഴ്ച കഴിഞ്ഞു മാത്രമേ ഷട്ടർ തുറക്കാൻ സാധ്യതയുള്ളു എന്നുമുള്ള തമിഴ്നാടിന്റെ വാദം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തമിഴ്നാട് അടിയന്തരമായി ഡാമിന്റെ ഷട്ടർ തുറന്ന് വെള്ളം കൊണ്ടുപോകണമെന്ന് നിർദ്ദേശം നൽകാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് സ്ഥിതിഗതികൾ വിലയിരുത്തി; ഇക്കാര്യത്തിൽ ജനങ്ങൾക്കുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനും ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ബഹുമാനപ്പെട്ട സുപ്രീംകോടതി നിയോഗിച്ച മേൽനോട്ട സമിതി ചെയർമാനോടും കേന്ദ്ര ജല കമ്മീഷനോടും കേന്ദ്ര സർക്കാരിനോടും യഥാസമയം അഭ്യർത്ഥിച്ചിരുന്നു.

(ബി) സുപ്രീംകോടതി നിയോഗിച്ച മേൽനോട്ട സമിതി അണക്കെട്ടിലെ സ്പിൽവേ ഷട്ടറുകളുടെ പ്രവർത്തനക്ഷമത ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്യുന്നുണ്ട്. ജലനിരപ്പ് 142 അടിയിൽ എത്തിയ സാഹചര്യത്തിൽ ഷട്ടറുകൾ ആവശ്യാനുസരണം പ്രവർത്തിപ്പിച്ചതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.

(സി) അണക്കെട്ടിൽനിന്നും വെള്ളം കൊണ്ടുപോകുന്നത് തമിഴ്നാട് നിർത്തി വച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജലനിരപ്പ് ഉയർന്നുവരുന്ന സാഹചര്യത്തിൽ തമിഴ്നാട് കൊണ്ടുപോകുന്ന ജലത്തിന്റെ അളവ് പരമാവധി കൂട്ടണമെന്ന് കേരളം ആവശ്യപ്പെട്ടിരുന്നു. ഡാമിൽനിന്നും ടണൽ മുഖേന തമിഴ്നാട് കൊണ്ടുപോകുന്ന ജലത്തിന്റെ അളവ് 6-12-2015 മുതൽ വർദ്ധിപ്പിച്ചിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) ഇക്കാര്യത്തിൽ സംസ്ഥാന താൽപ്പര്യം സംരക്ഷിച്ചു കിട്ടുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ തമിഴ്നാട് നൽകുവാൻ മേൽനോട്ട സമിതി ചെയർമാനോടും കേന്ദ്ര സർക്കാരിനോടും കേന്ദ്ര ജല കമ്മീഷനോടും അഭ്യർത്ഥിച്ചിട്ടുണ്ട്. അപകടങ്ങളും ദുരന്തങ്ങളും ഒഴിവാക്കുന്നതിന് ആവശ്യമായ മുൻകരുതലുകളെടുക്കാൻ തമിഴ്നാട് നിർദ്ദേശം നൽകണമെന്നും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

**വിദ്യാലയങ്ങളിലെ കുടിവെള്ളത്തിന്റെ ശുദ്ധി**

22(*232) ശ്രീ. കെ. എം. ഷാജി :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

ശ്രീ. എം. ഉമ്മർ :

ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ശുദ്ധി ഉറപ്പാക്കുന്നതിന് സ്കൂളുകളിൽത്തന്നെ പരിശോധനാ ലാബുകൾ ആരംഭിക്കാൻ ജലവിഭവ വകുപ്പിന് ഉദ്ദേശ്യമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) കുടിവെള്ളത്തിന്റെ ശുദ്ധി പരിശോധിക്കുന്നതിന് കുട്ടികൾക്ക് പരിശീലനം നൽകുവാൻ ജലവിഭവ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നല്കുമോ;

(സി) എല്ലാ വിദ്യാലയങ്ങളിലും ശുദ്ധമായ കുടിവെള്ളം മുടക്കമില്ലാതെ ലഭ്യമാക്കുവാൻ പദ്ധതിയുണ്ടോ; ജലശുദ്ധീകരണത്തിനുള്ള ലഘു പദ്ധതികളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) വിദ്യാലയങ്ങളിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ശുദ്ധി ഉറപ്പാക്കുന്നതിന് സ്കൂളുകളിൽ തന്നെ പരിശോധനാ, ലാബുകൾ നിലവിൽ ആരംഭിച്ചിട്ടില്ല. എന്നാൽ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിലെ ലാബുകൾ പ്രയോജനപ്പെടുത്തി കിണറുകൾ ഉൾപ്പെടെയുള്ള കുടിവെള്ള സ്രോതസ്സുകളുടെ ജല ഗുണനിലവാരം ഫീൽഡ് ടെസ്റ്റ് കിറ്റ് ഉപയോഗിച്ച് പരിശോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. വിവിധ ജില്ലകളിൽ തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പരിശീലനവും ഫീൽഡ് ടെസ്റ്റ് കിറ്റും സൗജന്യമായി നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്. പരിശീലനം നേടുന്നവർ അതാത് സ്കൂൾ സ്ഥിതിചെയ്യുന്ന പഞ്ചായത്തിലെ കുടിവെള്ള സ്രോതസ്സുകളുടെ ജല ഗുണനിലവാരം പരിശോധിക്കുക എന്നതാണ് പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്.

(ബി) കുടിവെള്ളത്തിന്റെ ശുദ്ധി പരിശോധിക്കുന്നതിന് കുട്ടികൾക്ക് സി.സി.ഡി.യു.-വിന്റെ നേതൃത്വത്തിൽ പരിശീലനം നൽകിവരുന്നു. ആദ്യ ഘട്ടമായി തിരുവനന്തപുരം ജില്ലയിൽ നിന്നും 100 സ്കൂളുകളെ തിരഞ്ഞെടുത്തതിൽ 50 സ്കൂളുകളിൽ ഏകദിന പരിശീലനം വിജയകരമായി പൂർത്തീകരിക്കുകയും തുടർ പരിശീലന പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു.

(സി) നിലവിൽ കുടിവെള്ളം ലഭ്യമല്ലാത്ത സ്കൂളുകളിൽ സമീപത്തുള്ള കേരള ജല അതോറിറ്റി കുടിവെള്ള പദ്ധതികളിൽനിന്നും ജലലഭ്യത ഉറപ്പ് വരുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജല ശുദ്ധീകരണത്തിന് ലഘു പദ്ധതികളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നല്കുവാൻ നിലവിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

## വൈദ്യുതി ഉല്പാദന പദ്ധതി

23(*233) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. പി. സി വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവോയറിൽ സൗരോർജ്ജപാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുവാൻ ജലവിഭവ വകുപ്പ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) ഉണ്ട്.

(ബി) ഇറിഗേഷൻ വകുപ്പിന് കീഴിലുള്ള ജലസംഭരണികളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഉപയോഗപ്പെടുത്തി വൈദ്യുതി ഉല്പാദനം നടത്തുകയും ആയതിലൂടെ സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധിക്ക് ഒരളവുവരെ പരിഹാരം കാണുകയും ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

(സി) ഇറിഗേഷൻ വകുപ്പിന് കീഴിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി റിസർവോയറുകൾക്കുമേൽ ഫ്ലോട്ടിംഗ് പിവി പാനൽ സ്ഥാപിച്ച് സൗരോർജ്ജം പ്രയോജനപ്പെടുത്തുന്ന നൂതന ആശയം ഉൾക്കൊണ്ട് ചുള്ളിയാർ/ മീൻകര റിസർവോയറുകളുടെ മുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ ഒരു പൈലറ്റ് പ്രോജക്ട് ആരംഭിക്കുന്നതിന് 18-4-2013-ലെ 34/2013/ജവിവ ഉത്തരവ് പ്രകാരം ജലസേചന വകുപ്പിന് അനുമതി നൽകി. തുടർന്ന് 19-6-2013-ലെ സ.ഉ.(സാധാ) നമ്പർ 706/13/ജവിവ ഉത്തരവ് പ്രകാരം ഈ പ്രോജക്ട് നടപ്പിലാക്കുന്നതിന് താല്പര്യമുള്ള ഏജൻസികളെ കണ്ടെത്തുന്നതിന് ഗ്ലോബൽ ടെണ്ടർ വിളിക്കുന്നതിനുള്ള ഭരണാനുമതി നൽകി. അതുപ്രകാരം പദ്ധതി നടപ്പിലാക്കുന്നതിന് ഗ്ലോബൽ ടെണ്ടർ വിളിക്കുകയും ചെയ്തു. എന്നാൽ ടെണ്ടറിൽ പങ്കെടുക്കാൻ ആരും മുന്നോട്ടുവരാത്ത സാഹചര്യത്തിൽ കെ.ഐ.ഐ.ഡി.സി. ജർമൻ സർക്കാരിന്റെ ഡവലപ്മെന്റ് ബാങ്കായ KFW Entwicklungs Bank-മായി ബന്ധപ്പെടുകയും ജർമൻ സർക്കാർ ഇന്ത്യൻ സർക്കാരുമായി ഉഭയകക്ഷി ചർച്ച നടത്തി 50 മില്ല്യൻ യൂറോ റെഡ്യൂസ്ഡ് ഇന്ററസ്റ്റഡ് ലോൺ കെ.ഐ.ഐ.ഡി.സി.-ക്ക് നൽകാമെന്ന് സമ്മതിക്കുകയും ചെയ്തു. ഈ വ്യവസ്ഥകൾ അംഗീകരിച്ചതായി കേന്ദ്ര സർക്കാർ (ഡിപ്പാർട്ട്മെന്റ് ഓഫ് എക്കണോമിക് അഫയേഴ്സ്) കെ.ഐ.ഐ.ഡി.സി.-യെ അറിയിക്കുകയും തുടർന്ന് കെ.എഫ്.ഡബ്ല്യൂ. മുൻകയ്യെടുത്ത് ഇന്റർനാഷണൽ കൺസൾട്ടന്റിനെക്കൊണ്ട് ഈ പദ്ധതിയുടെ പ്രായോഗികത ഉറപ്പാക്കാൻ വേണ്ടിയുള്ള പഠനങ്ങൾ നടന്നുവരികയും ചെയ്യുന്നു.

## പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ

24(*234) ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. എം. പി. വിൻസെന്റ് :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ കണ്ടെത്താനും വികസിപ്പിക്കാനും എന്തെല്ലാം കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി നേടിയെടുക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ):

(എ) സംസ്ഥാനത്ത് 176 ടൂറിസ്റ്റ് ലൊക്കേഷനുകൾ നിലവിലുണ്ടെങ്കിലും 9-2-2009-ലെ ജി.ഒ.(ആർറ്റി.)നമ്പർ 1030/09/ടൂറിസം, 21-12-2010-ലെ ജി.ഒ.(ആർറ്റി.)നമ്പർ 9926/10/ടൂറിസം എന്നിവ പ്രകാരം 51 സ്ഥലങ്ങളെ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. ബാക്കിയുള്ള ടൂറിസം ലൊക്കേഷനുകൾ കൂടി ടൂറിസം കേന്ദ്രങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. ഇതിന്റെ അടിസ്ഥാനത്തിൽ പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ടൂറിസം ഡെസ്റ്റിനേഷനുകളുടെ സമഗ്രവും സുസ്ഥിരവും പ്രകൃതി സൗഹൃദപരവുമായ വികസനമാണ് ലക്ഷ്യമിടുന്നത്. കൂടാതെ വിനോദസഞ്ചാരികളെ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് ആകർഷിക്കുന്നതിനുവേണ്ടി സൗകര്യപ്രദമാകുന്ന രീതിയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനും വികസിപ്പിക്കുന്നതിനുമായി മെഗാ സർക്യൂട്ട് ഡവലപ്മെന്റ്, ഡെസ്റ്റിനേഷൻ ഡവലപ്മെന്റ് തുടങ്ങി വിവിധ പദ്ധതികൾ ഇതിനകം നടപ്പിൽ വരുത്തിയിട്ടുണ്ട്.

(സി) ടൂറിസം വകുപ്പിനു കീഴിലുള്ള പദ്ധതികളുടെ നടത്തിപ്പിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭരണാനുമതി നൽകിയ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുവേണ്ടി അതാത് നിർവ്വഹണ ഏജൻസികളെ സംസ്ഥാന തലത്തിൽ അവലോകനം ചെയ്യുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ പദ്ധതി നടത്തിപ്പുകളുടെ പുരോഗതി വിലയിരുത്തുവാനും സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും 14 ജില്ലകളിലും നിലവിലുള്ള ജില്ലാ ഓഫീസുകളുടെ മേൽനോട്ടത്തിൽ പ്രോജക്ട് മോണിട്ടറിംഗ് സെൽ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു.

**പട്ടികജാതിക്കാർക്ക് തൊഴിൽ പരിശീലനം**

25(*235) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർക്ക് തൊഴിൽ പരിശീലനത്തിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ):

(എ) പട്ടികജാതി വിഭാഗക്കാർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി വകുപ്പിന്റെ കീഴിൽ 44 ഐ.ടി.ഐ.-കൾ പ്രവർത്തിച്ചുവരുന്നു. ഇതിൽ 41 എണ്ണം എൻ.സി.വി.റ്റി. അഫിലിയേഷനോടെ പ്രവർത്തിക്കുന്നു. കൂടാതെ വകുപ്പിന്റെ കീഴിൽ നാല് പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളും പ്രവർത്തിക്കുന്നു. പ്രസ്തുത സ്ഥാപനങ്ങൾ വഴി വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളിലും മത്സര പരീക്ഷകളിലും പട്ടികജാതി വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിവരുന്നു.

കൂടാതെ ബാംഗ്ലൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷനുമായി ചേർന്ന് 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിലായി വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളിൽ 300 പട്ടികജാതി വിദ്യാർത്ഥികൾക്കുവീതം പരിശീലനം നൽകുന്നതിനായി ഒരു വർഷം ഒരു വിദ്യാർത്ഥിക്ക് 1,25,000 രൂപ നിരക്കിൽ അനുവദിച്ചിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷം പാലക്കാട് ജില്ലയിലെ വടക്കഞ്ചേരിയിൽ എൻ.ടി.ടി.എഫ്.-മായി സഹകരിച്ച് ഒരു കമ്മ്യൂണിറ്റി കോളേജ് ആരംഭിച്ചിട്ടുണ്ട്. അവിടെ സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ പ്രിസെഷൺ മെക്കാനിസ്റ്റ് എന്ന കോഴ്സ് ആരംഭിക്കുകയും 20 പേർക്ക് വീതം മൂന്നു ബാച്ചുകളുടെ പരിശീലനം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ മറ്റു സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ വൊക്കേഷണൽ പരിശീലന സ്ഥാപനങ്ങൾ, കെൽട്രോൺ, സെന്റർ ഫോർ ബയോ പോളിമർ സയൻസ്&ടെക്നോളജി, വകുപ്പിന്റെ ഫണ്ട് വിനിയോഗിച്ച് പ്രവർത്തിക്കുന്ന സൈബർശ്രീ, ക്രസ്റ്റ് എന്നീ സ്ഥാപനങ്ങളിലും തൊഴിൽ പരിശീലന പദ്ധതികൾ പട്ടികജാതിക്കാർക്കായി നടപ്പിലാക്കിവരുന്നു.

(ബി) പട്ടികജാതി വിഭാഗക്കാർക്ക് വിവിധ ട്രെയ്ഡുകളിലും പരീക്ഷകളിലും പരിശീലനം നൽകുക വഴി അവർക്ക് എളുപ്പത്തിൽ അനുയോജ്യമായ തൊഴിൽ മേഖല കണ്ടെത്തുവാനും അതുവഴി സാമൂഹ്യ സാമ്പത്തിക പുരോഗതി കൈവരിക്കുകയും ചെയുക എന്നുള്ളതാണ് ഉദ്ദേശ്യം.

(സി) വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.-കൾ, പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ എന്നിവയിൽ ഓരോ വർഷവും അർഹതയുള്ള അപേക്ഷകരെ പ്രവേശിപ്പിച്ച് പരിശീലനം നല്കുന്നതിന് യഥാസമയം വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു. പ്രവേശനം ലഭിക്കുന്നവർക്ക് പ്രതിമാസം സ്റ്റൈപ്പന്റ്, യൂണിഫോം അലവൻസ് തുടങ്ങിയ ആനുകൂല്യങ്ങളും വകുപ്പിൽനിന്ന് നൽകിവരുന്നു. കൂടാതെ സ്ഥാപനങ്ങളുടെ നടത്തിപ്പിനാവശ്യമായ ആവർത്തന അനാവർത്തന ചെലവുകളും പട്ടികജാതി ക്ഷേമത്തിനായി വകയിരുത്തിയിട്ടുള്ള തുകയിൽനിന്ന് കണ്ടെത്തുന്നു.

### ഡി-അഡിക്ഷൻ കേന്ദ്രങ്ങൾ

26(*236) ശ്രീ. പി. ബി. അബ്ദുൾ റസാക് :

ശ്രീ. സി. മോയിൻകുട്ടി :

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യപാനികളിലെ മദ്യാസക്തി ഇല്ലാതാക്കുന്നതിനായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഡി-അഡിക്ഷൻ കേന്ദ്രങ്ങൾ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത കേന്ദ്രങ്ങൾക്ക് വേണ്ട സൗകര്യങ്ങൾ, പ്രവർത്തിക്കുന്നതിനാവശ്യമായുള്ള വ്യത്യസ്ത അനുമതികൾ എന്നിവ സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) ഇത്തരം കേന്ദ്രങ്ങൾക്ക് സംസ്ഥാന ബിവറേജസ് കോർപ്പറേഷനിൽ നിന്നും ധനസഹായം ലഭിക്കുന്നുണ്ടോ; വിശദാംശം നൽകുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കേന്ദ്രങ്ങൾക്ക് മെന്റൽ ഹെൽത്ത് ആക്ട് 1987, സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾസ് 2012 എന്നിവ പ്രകാരമുള്ള ലൈസൻസ് നിർബന്ധമാണ്. ഇത്തരം സ്ഥാപനങ്ങളുടെ ലൈസൻസിംഗ് അതോറിറ്റി സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയാണ്. ലൈസൻസ് ലഭിക്കുവാൻ മെന്റൽ ഹെൽത്ത് ആക്ട് 1987-ഉം സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾസ് 2012-ഉം പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഈ സ്ഥാപനങ്ങളിൽ സ്ഥാപനത്തിന്റെ നടത്തിപ്പുകാർ ലഭ്യമാക്കേണ്ടതുണ്ട്. മെന്റൽ ഹെൽത്ത് ആക്ട് സെക്ഷൻ 8 പ്രകാരവും സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾസ് 20, 22 & 24 പ്രകാരവുമുള്ള അടിസ്ഥാന സൗകര്യങ്ങളാണ് ഇത്തരം കേന്ദ്രങ്ങളിൽ ലഭ്യമാക്കേണ്ടത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. റൂൾ 22 പ്രകാരമുള്ള സൗകര്യങ്ങൾ :

   (എ) സ്റ്റാഫ് പാറ്റേൺ: സൈക്യാട്രിസ്റ്റ്, മെഡിക്കൽ ഓഫീസർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്/സൈക്യാട്രിസ്റ്റ് സോഷ്യൽ വർക്കർ, സ്റ്റാഫ് നഴ്സ്, അറ്റൻഡർ തുടങ്ങിയവരുണ്ടായിരിക്കണം.

   (ബി) ഭൗതിക സൗകര്യങ്ങൾ: കെട്ടിടം, അന്തേവാസികളുടെ സുരക്ഷ, അടിസ്ഥാന സൗകര്യം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ സൗകര്യം ലഭ്യമാക്കണം.

   (സി) മറ്റു സൗകര്യങ്ങൾ (സപ്പോർട്ട് ഫെസിലിറ്റീസ്): അത്യാഹിത പരിചരണത്തിനുള്ള സൗകര്യങ്ങൾ, രോഗ നിർണ്ണയത്തിന് ആവശ്യമായ സൈക്കോളജിക്കൽ ടെസ്റ്റ് മെറ്റീരിയൽ, അന്തേവാസികളുടെ മാനസികോല്ലാസത്തിനും പുനരധിവാസത്തിനും വേണ്ട സൗകര്യങ്ങൾ, ഔട്ട്പേഷ്യന്റ് കെയറിനു വേണ്ടിയുള്ള സ്ഥിരമായ സൗകര്യങ്ങൾ തുടങ്ങിയവ ലഭ്യമാക്കണം.

   (ഡി) ഒ.പി. ചികിത്സയ്ക്കുള്ള സൗകര്യം: ആഴ്ചയിൽ രണ്ട് ദിവസം രണ്ട് മണിക്കൂർ വീതമെങ്കിലും പ്രവർത്തിക്കുന്ന ഔട്ട്പേഷ്യന്റ് ക്ലിനിക് ഉണ്ടായിരിക്കണം.

2. റൂൾ 24 പ്രകാരം സ്ഥാപനത്തിൽ ലഭ്യമാക്കേണ്ട രജിസ്റ്ററുകൾ

ഔട്ട് പേഷ്യന്റ് രജിസ്റ്റർ, ഇൻപേഷ്യന്റ് രജിസ്റ്റർ, സെൻസസ് രജിസ്റ്റർ, ചികിത്സാ രജിസ്റ്റർ എന്നിവയ്ക്കു പുറമേ രോഗികളുടെ വിവരങ്ങൾ സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾസിലെ ഫോം നമ്പർ vi-ൽ എഴുതി സൂക്ഷിക്കേണ്ടതുമാണ്.

3. റൂൾ 20 പ്രകാരം ലഭ്യമാക്കേണ്ട സൗകര്യങ്ങൾ

   (i) ഇത്തരം സ്ഥാപനങ്ങൾക്ക് നിർമ്മാണാനുമതി ലഭിച്ചിട്ടുള്ള സ്ഥലത്ത് ഈ ഉദ്ദേശ്യത്തിനായി നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിൽ മാത്രമേ ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കാവൂ. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ലൈസൻസ് ഈ സ്ഥാപനങ്ങൾ എടുത്തിരിക്കേണ്ടതാണ്.

   (ii) ശരിയായ വിദ്യാഭ്യാസ യോഗ്യതയുള്ള ആൾക്കാരെ മാത്രമേ ഇത്തരം കേന്ദ്രങ്ങളിൽ ജീവനക്കാരായി നിയമിക്കാവൂ.

   (iii) ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരമുള്ള ഒരു സൈക്ക്യാട്രിസ്റ്റിന്റെ മേൽനോട്ടത്തിൽ വേണം ഇത്തരം സ്ഥാപനങ്ങൾ നടത്തേണ്ടത്.

(സി) എക്സൈസ് ഡിപ്പാർട്ട്മെന്റ് ശിപാർശ ചെയ്ത 11 ഡീ-അഡിക്ഷൻ സെന്ററുകൾക്ക് സ.ഉ(കൈ) നമ്പർ 86/2014/നി.വ., തീയതി 9-6-2014 പ്രകാരം 1,00,35,840 രൂപ ബിവറേജസ് കോർപ്പറേഷനിൽനിന്നും ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

**കൗശൽ കേന്ദ്രം**

27(*237) ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൗശൽ കേന്ദ്രം ആരംഭിക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബിജോൺ):

(എ) ഉണ്ട്.

(ബി) ഗ്രാമീണ യുവാക്കളുടെ വൈദഗ്ധ്യ വികസനത്തിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളിൽ ഒന്നാണ് കൗശൽ കേന്ദ്ര-കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ. സംസ്ഥാന തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലുള്ള കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസാണ് (KASE) പദ്ധതി നടപ്പിലാക്കുന്നത്. ഗ്രാമീണ മേഖലയിലെ സ്കൂൾ കോളേജ് വിദ്യാർത്ഥികൾ ഉൾപ്പെടുന്ന യുവ സമൂഹത്തിന് തൊഴിൽ നൈപുണ്യ പരിശീലനം ഉറപ്പാക്കുന്ന തോടൊപ്പം ആഗോള മത്സര രംഗത്ത് അവരെ മുൻനിരയിലെത്തിക്കാൻ പ്രാപ്തരാക്കുക എന്നത് കൂടിയാണ് കൗശൽ കേന്ദ്രങ്ങളിലൂടെ KASE ലക്ഷ്യമിടുന്നത്.

(സി) തൊഴിൽ രഹിത യുവജനങ്ങൾക്ക് പ്രയോജനപ്പെടുന്ന കരകൗശല കേന്ദ്രങ്ങൾ കൊല്ലം ജില്ലയിലും കോഴിക്കോട് ജില്ലയിലും ആരംഭിച്ചു കഴിഞ്ഞു. മറ്റു ജില്ലകളിൽ കൗശൽകേന്ദ്രങ്ങൾ ആരംഭിക്കുവാനുള്ള പ്രവർത്തനം പുരോഗമിച്ചു വരുന്നു.

## മാഗി ബ്രാൻഡ് നൂഡിൽസിന്റെ വിപണനം

28(*238) പ്രൊഫ. സി. രവീന്ദ്രനാഥ് :

ശ്രീ. എ. കെ. ബാലൻ :

ശ്രീമതി കെ. കെ. ലതിക :

ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരീയത്തിന്റെ സാന്നിദ്ധ്യം ഉള്ളതിനാലും അജീനോമോട്ടൊ കൂടിയ അളവിൽ അടങ്ങിയിരുന്നതിനാലും നിരോധിച്ച മാഗി ബ്രാൻഡ് നൂഡിൽസിന്റെ വിപണനം സംസ്ഥാനത്ത് വീണ്ടും ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; സാമ്പിൾ പരിശോധിച്ച് മേൽപറഞ്ഞ പ്രശ്നങ്ങൾ ഇല്ലെന്ന് കണ്ടെത്തിയതിന് ശേഷമാണോ വിപണനം വീണ്ടും അനുവദിച്ചത് ; എങ്കിൽ പ്രസ്തുത പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) മറ്റ് ബ്രാൻഡിലുള്ള നൂഡിൽസും ഹെൽത്ത് ഡ്രിങ്ക്, സ്ക്വാഷ്, സിറപ്പ് എന്നിവയും സാമ്പിൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ ; എങ്കിൽ റിപ്പോർട്ടിന്റെ വിശദാംശം നൽകുമോ ;

(സി) വ്യാപകമായി വിറ്റഴിക്കുന്ന ഇത്തരം ഉല്പന്നങ്ങൾ സംസ്ഥാനത്തെ ജനങ്ങളുടെ വിശേഷിച്ച് കുട്ടികളുടെ ആരോഗ്യ പ്രശ്നത്തിന് കാരണമാകുന്നുണ്ടെന്ന ആശങ്ക പരിഗണിച്ച് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) മാഗി ബ്രാൻഡ് നൂഡിൽസിന്റെ വിപണനം ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയാണ് രാജ്യത്താകമാനം നിരോധിച്ചിരുന്നത്. പ്രസ്തുത നിരോധനം ബഹുമാനപ്പെട്ട ബോംബെ ഹൈക്കോടതി അസാധുവാക്കിയിരുന്നു. ടി വിഷയത്തിൽ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ടെന്ന് അറിയുന്നു. ആയതിനാൽ വിപണനം നിരോധിച്ചുകൊണ്ട് ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയിൽനിന്നും പുതിയ ഉത്തരവുകളൊന്നും തന്നെ ലഭ്യമായിട്ടില്ല.

(ബി) സംസ്ഥാനത്തുടനീളം വ്യത്യസ്ത ബ്രാൻഡിലുള്ള വിവിധ കമ്പനികളുടെ നൂഡിൽസ്, ഹെൽത്ത് ഡ്രിങ്ക്, സ്ക്വാഷ്, സിറപ്പ് എന്നീ ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ ശേഖരിച്ച് അവ സംസ്ഥാനത്തെ ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറികളിൽ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. എന്നാൽ ഇവ ആരോഗ്യത്തിന് ഹാനികരമാണെന്നുള്ള പരിശോധനാഫലം നാളിതുവരെ ലഭ്യമായിട്ടില്ല.

(സി) സംസ്ഥാന വ്യാപകമായി വിപണനം ചെയ്യപ്പെടുന്ന ഇത്തരം ആധുനിക ഭക്ഷ്യോൽപ്പന്നങ്ങൾ സംസ്ഥാനത്തെ ജനങ്ങളുടെയും പ്രത്യേകിച്ച് കുട്ടികളുടെയും ആരോഗ്യ പ്രശ്നത്തിന് കാരണമാകുമെന്ന ആശങ്ക പരിഗണിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പ് ഉൽപ്പന്നങ്ങളിലെ മായം കണ്ടെത്തുന്നതിനായി ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർക്ക് ക്വാട്ട നിശ്ചയിച്ച് എല്ലാ ആഹാര പദാർത്ഥങ്ങളുടെയും സാമ്പിളുകൾ നിത്യേന എടുത്ത് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ സംശയമുള്ളവയും പരാതി വന്നിട്ടുള്ളതുമായ ഭക്ഷ്യസാമ്പിളുകൾ പ്രത്യേകം പരിശോധന നടത്തുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് സുരക്ഷിതാഹാരം ആരോഗ്യത്തിനാധാരം എന്ന വിഷയത്തെ ആസ്പദമാക്കി സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ 9, 11 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെ തിരഞ്ഞെടുത്ത് ഇത്തരം ഭക്ഷ്യവസ്തുക്കളുടെ ദൂഷ്യഫലങ്ങൾ, ഭക്ഷ്യസുരക്ഷ എന്നീ വിഷയങ്ങളെ കുറിച്ച് പ്രത്യേക പരിശീലനങ്ങളും ശില്പശാലകളും സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട അവബോധം വിദ്യാർത്ഥികളിൽ സൃഷ്ടിക്കുന്നതിനുവേണ്ടി "സുരക്ഷിതാഹാരം ആരോഗ്യത്തിനാധാരം" എന്ന വിഷയത്തെ അടിസ്ഥാനമാക്കി ജില്ലാതലങ്ങളിൽ ഉപന്യാസ മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ എന്നിവ നടത്തുകയും വിജയികൾക്ക് ജില്ല-സംസ്ഥാന തലങ്ങളിൽ പാരിതോഷികങ്ങളും ഉപഹാരങ്ങളും ക്യാഷ് പ്രൈസുകളും നൽകിവരുന്നുണ്ട്. കൂടാതെ ഈ വിഷയത്തെ ആസ്പദമാക്കി ഭക്ഷ്യസുരക്ഷാ വകുപ്പ് കേരള ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷനുമായി സഹകരിച്ച് നിർമ്മിച്ചിട്ടുള്ള ഹ്രസ്വചിത്രം (ഡോക്യുമെന്ററി ഫിലിം) സംസ്ഥാനത്തെ വ്യാപാരികൾ, വിദ്യാർത്ഥികൾ, ജനങ്ങൾ എന്നിവർക്കായി പ്രദർശനം നടത്തിവരുന്നു.

## ആശുപത്രികളിലെ ലാബ് സൗകര്യം

29(*239) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രക്തപരിശോധനയ്ക്ക് സൗകര്യമില്ലാത്ത സർക്കാർ ആശുപത്രികളുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ആശുപത്രികളിൽ ലാബ് സൗകര്യം അടിയന്തരമായി ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) എല്ലാ സർക്കാർ മെഡിക്കൽ കോളേജ്/ജില്ലാ/ജനറൽ/താലൂക്ക് ആശുപത്രികളിലും രക്ത പരിശോധനയ്ക്ക് ലാബ് സൗകര്യം ലഭ്യമാണ്.

(ബി) ദേശീയ ആരോഗ്യ ദൗത്യത്തിന്റെ സമഗ്ര ആരോഗ്യ പദ്ധതിയുടെ ഭാഗമായി ഇതുവരെ 134-ഓളം പ്രാഥമിക/സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ ലാബുകളുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 250 പ്രാഥമിക/സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഗ്രാമ പഞ്ചായത്തുമായി സഹകരിച്ച് ലബോറട്ടറി സംവിധാനം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത് താഴെപ്പറയുന്ന നിബന്ധനകൾ പ്രകാരമാണ്.

1. ലാബ് പ്രവർത്തനക്ഷമമാക്കാൻ ഏകദേശം 3,20,000 രൂപ ചെലവ് പ്രതീക്ഷിക്കുന്നു. പദ്ധതി തുകയുടെ 20% ചെലവ് അതാത് പഞ്ചായത്തുകൾ വഹിക്കണം.
2. ലാബ് ടെക്നീഷ്യന്റെ ശമ്പളം ലാബിൽനിന്നും കിട്ടുന്ന വരുമാനത്തിൽ നിന്നു തന്നെ വഹിക്കാമെന്ന HMC-യുടെ തീരുമാനം
3. ലാബിന് അപേക്ഷിക്കുന്ന സ്ഥാപനങ്ങളിൽ കുറഞ്ഞത് പ്രതിദിനം 100 ഒ.പി. ഉണ്ടായിരിക്കണം.
4. ടി സ്ഥാപനങ്ങളിൽ ലാബ് സജ്ജീകരിക്കുന്നതിനുവേണ്ടി 150 ച. അടി വിസ്തീർണ്ണമുള്ള മുറി ഉണ്ടായിരിക്കണം.

### തൊഴിൽ നൈപുണ്യ വികസന പദ്ധതി

30 (T240) ശ്രീ. പി. എ. മാധവൻ :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രത്യേക തൊഴിൽ നൈപുണ്യ വികസന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ-സി) പ്രത്യേക തൊഴിൽ നൈപുണ്യ വികസന പദ്ധതി എന്ന ഒരു പദ്ധതി രൂപീകരിച്ചിട്ടില്ല.

## (ii)നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വന്ധ്യതാ ചികിത്സാ കേന്ദ്രങ്ങൾ

1(2469) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്ധ്യതാ ചികിത്സ സാധാരണക്കാരന് ലഭ്യമാക്കുന്നതിനായി എസ്. എ. റ്റി. ആശുപത്രിയുടെ മാതൃകയിൽ എല്ലാ മെഡിക്കൽ കോളേജുകളിലും ജനനി കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി 2015-16 ബഡ്ജറ്റിൽ എത്ര തുകയാണ് നീക്കിവെച്ചതെന്നറിയിക്കുമോ ;

(ബി) പ്രസ്തുത തുകയിൽ നിന്നും ഇതുവരെ എത്ര രൂപ വിനിയോഗിച്ച് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്ന് വ്യക്തമാക്കുമോ ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ&ബി) വന്ധ്യതാ ചികിത്സ സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിന് എസ്.എ.റ്റി. ആശുപത്രിയുടെ മാതൃകയിൽ എല്ലാ മെഡിക്കൽ കോളേജുകളിലും ജനനി കേന്ദ്രങ്ങൾ ആരംഭിക്കുവാൻ 2015-16 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ 5 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ആയത് പ്രകാരം തുക അനുവദിക്കുന്നതിനായി ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

**പുതിയ മെഡിക്കൽ കോളേജുകളിലെ പുതിയ തസ്തികകൾ**

2(2470) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ പുതിയതായി ആരംഭിച്ച മെഡിക്കൽ കോളേജുകളിൽ എത്ര പുതിയ തസ്തികകളാണ് സൃഷ്ടിച്ചത്; ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

കേരളത്തിൽ പുതിയതായി ആരംഭിച്ച് പ്രവർത്തനം തുടങ്ങിയതും/ തുടങ്ങാനിരിക്കുന്നതുമായ മെഡിക്കൽ കോളേജുകൾക്കായി സൃഷ്ടിച്ച തസ്തികകളും സർക്കാർ ഏറ്റെടുത്ത എറണാകുളം സഹകരണ മെഡിക്കൽ കോളേജിനുവേണ്ടി സൃഷ്ടിച്ച തസ്തികകളും ഇനം തിരിച്ച് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

**താലൂക്കുതല ആശുപത്രികൾ**

3(2471) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം അനുവദിച്ച എല്ലാ താലൂക്കുകളിലും താലൂക്ക് ആശുപത്രി അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ താലൂക്കുകളിൽ അനുവദിച്ചിട്ടുണ്ടെന്നും ഇനി അനുവദിക്കാനുള്ളത് ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) ഇനിയും താലൂക്ക് ആശുപത്രി അനുവദിക്കാനുള്ള താലൂക്കുകളിൽ അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പുരോഗതിയും എപ്പോൾ നടപടികൾ പൂർത്തിയാകുമെന്നും വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഇല്ല. പുതുതായി രൂപീകരിച്ച 12 താലൂക്കുകളിൽ 3 താലൂക്കുകളിലെ പത്തനംതിട്ട ജില്ലയിലെ കോന്നി, ഇടുക്കി ജില്ലയിലെ കട്ടപ്പന, തിരുവനന്തപുരം ജില്ലയിലെ വർക്കല എന്നീ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ അപ്ഗ്രേഡ് ചെയ്ത് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയായി ഉയർത്തി. കൊല്ലം ജില്ലയിലെ പുനലൂർ, തൃശ്ശൂർ ജില്ലയിലെ ചാലക്കുടി, പാലക്കാട് ജില്ലയിലെ പട്ടാമ്പി, കോഴിക്കോട് ജില്ലയിലെ താമരശ്ശേരി, കണ്ണൂർ ജില്ലയിലെ ഇരിട്ടി എന്നീ 5 താലൂക്കുകളിൽ നേരത്തേതന്നെ താലൂക്ക് ആശുപത്രി ഉണ്ടായിരുന്നു. തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട, മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, വെള്ളരിക്കുണ്ട് എന്നീ 4 താലൂക്കുകളിൽ ആശുപത്രി ആരംഭിച്ചിട്ടില്ല.

(ബി) കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്കാശുപത്രിയായി ഉയർത്തി 37 അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നുവെങ്കിലും ശിപാർശ പൂർണ്ണമായിരുന്നില്ല. കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട്, മഞ്ചേശ്വരം, കൊല്ലം ജില്ലയിലെ പത്തനാപുരം എന്നീ താലൂക്കുകളിൽ താലൂക്കാശുപത്രി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

## ചിപ്സ് പദ്ധതി

4(2472) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മാസം മുതൽ നാളിതുവരെ സംസ്ഥാനത്തെ ഏതെല്ലാം സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിൽ അണുബാധമൂലം മരണം സംഭവിച്ചിട്ടുണ്ട്;

(ബി) ഈ കാലയളവിൽ അണുബാധമൂലം എത്ര ഗർഭിണികൾ മരണപ്പെട്ടിട്ടുണ്ട്;

(സി) ഇതേ കാലയളവിൽ അണുബാധ കാരണമായി എത്ര കുഞ്ഞുങ്ങൾ മരണപ്പെട്ടിട്ടുണ്ട്;

(ഡി) സർക്കാർ ആശുപത്രികളിലെ അണുബാധാ നിയന്ത്രണവും ശുചീകരണവും ഉറപ്പാക്കുന്നതിനായി നടപ്പാക്കുന്ന "ചിപ്സ് പദ്ധതി" ഏത് ഏജൻസിയെയാണ് ഏല്പിച്ചിരിക്കുന്നത്;

(ഇ) പ്രസ്തുത പദ്ധതി ആരംഭിച്ചത് എപ്പോഴാണ്;

(എഫ്) ചിപ്സ് പദ്ധതിപ്രകാരം അണുബാധ നിയന്ത്രണത്തിനും ശുചീകരണത്തിനുമായി നാളിതുവരെ എന്ത് തുക ചെലവഴിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) 2011 മേയ് മാസം മുതൽ നാളിതുവരെ സംസ്ഥാനത്തെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിൽ അണുബാധമൂലം മരണം സംഭവിച്ചതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) അണുബാധമൂലം ഗർഭിണികൾ മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) അണുബാധ കാരണമായി കുഞ്ഞുങ്ങൾ മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി-എഫ്) സർക്കാർ ആശുപത്രികളിലെ അണുബാധ നിയന്ത്രണവും ശുചീകരണവും ഉറപ്പാക്കുന്നതിനായി ചിപ്സ് എന്ന പദ്ധതിക്ക് ഒരു കോടി രൂപയുടെ ഭരണാനുമതി 5-2-2015-ലെ സ.ഉ.(ആർറ്റി.) നമ്പർ 537/2015/ആ.കു.വ. പ്രകാരം നൽകിയിട്ടുണ്ട്. ഇതിനായി തുക 2014-15-ൽ വകയിരുത്തിയിട്ടില്ല.

**മലിനീകരണ നിയന്ത്രണ ബോർഡ് പമ്പയിൽ നടത്തിയ പരിശോധന**

5 (2473) <u>ശ്രീ. സി. കെ. സദാശിവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലിനീകരണ നിയന്ത്രണ ബോർഡ് ശബരിമലയിലെ മലിനീകരണവുമായി ബന്ധപ്പെട്ട് പമ്പയിൽ നടത്തിയ പരിശോധനയുടെ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) കുളിവെള്ളത്തിലും കുടിവെള്ളത്തിലും കോളിഫോം ബാക്ടീരിയയുടെ അനുവദനീയമായ അളവ് എത്ര വീതമാണെന്നും പുതിയ പരിശോധനയിൽ അത് എത്ര വീതമാണെന്നും വെളിപ്പെടുത്താമോ;

(സി) പമ്പയിലെയും അനുബന്ധ ജലാശയത്തിലെയും ഇപ്പോഴത്തെ കോളിഫോം ബാക്ടീരിയയുടെ അളവ് പരിശോധിക്കുന്നതിനും ജനങ്ങൾക്ക് അതുസംബന്ധിച്ച വിവരങ്ങൾ നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) പമ്പാ നദിയിൽ നിലവിലുള്ള (4-12-2015 തീയതിയിലെ) കോളിഫോം ബാക്ടീരിയയുടെ അളവ് 100 മില്ലി ലിറ്റർ വെള്ളത്തിൽ 3500 മുതൽ 150000 വരെയാണ്. (മുകളിൽ കൊച്ചു പമ്പ മുതൽ താഴെ ആറാട്ട് കടവിന് താഴെവരെ) കുളിക്കുവാൻ ഉപയോഗിക്കുന്ന ജലസ്രോതസ്സുകളിൽ ഫീക്കൽ കോളിഫോം ബാക്ടീരിയയുടെ അഭികാമ്യമായ അളവ് 100 മില്ലി ലിറ്റർ വെള്ളത്തിൽ 500 വരെയാണ്. ഫീക്കൻ കോളിഫോം ബാക്ടീരിയയുടെ അങ്ങേയറ്റം അനുവദിക്കാവുന്ന പരിധി 100 മില്ലി ലിറ്ററിൽ 2500 ആണ്. കോളിഫോം ബാക്ടീരിയയുടെ അളവ് അഭികാമ്യമായ പരിധിക്ക് 300 മടങ്ങുവരെ കണ്ടിട്ടുണ്ട്. അണുനശീകരണം മാത്രം നടത്തി കുടിവെള്ളമായി ഉപയോഗിക്കാവുന്ന ജലത്തിൽ അനുവദനീയമായ ടോട്ടൽ കോളിഫോം ബാക്ടീരിയയുടെ അളവ് 100 മില്ലി ലിറ്റർ വെള്ളത്തിൽ 50 എണ്ണം വരെയാണ്. പമ്പയിൽ, കൊച്ചുപമ്പ ഭാഗ<u>ത്തു</u>നിന്നും എടുക്കുന്ന ജലം അണുനശീകരണം മാത്രം നടത്തിയാണ് കുടിവെള്ളത്തിനായി വിതരണം ചെയ്യുന്നത്. കോളിഫോം ബാക്ടീരിയയുടെ അളവ് സീസൺ ആരംഭ സമയത്ത് കുടിവെള്ള സ്രോതസ്സായ കൊച്ചുപമ്പയിൽ 40000 വരെ ആയിരുന്നത് ശക്തമായ നടപടികൾമൂലം 3500 വരെയായി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. ഇത് അനുവദനീയമായ പരിധിയിൽ നിന്നും 70 മടങ്ങ് കൂടുതലാണ്.

(സി) പമ്പയിലെയും അനുബന്ധ ജലാശയത്തിലെയും കോളിഫോം ബാക്ടീരിയയുടെ അളവ് നവംബർ മാസം മുതൽ എല്ലാ ദിവസവും പരിശോധിക്കുന്നുണ്ട്. മണ്ഡല മകര വിളക്ക് കാലം തീരുന്നതുവരെ ഇത് തുടരുകയും ചെയ്യും. പമ്പയിലെ മരാമ<u>ത്തു</u> കോംപ്ലക്സിൽ പ്രവർത്തിക്കുന്ന ബോർഡിന്റെ ഓഫീസിൽ ദിവസേനയുള്ള പരിശോധനാ ഫലം പ്രദർശിപ്പിക്കുന്നുണ്ട്.

**ഡെന്റൽ കോളേജുകൾ**

6 (2474) <u>ശ്രീ. കെ. ശിവദാസൻ നായർ</u> :
<u>ശ്രീ. ടി. എൻ. പ്രതാപൻ</u> :
<u>ശ്രീ. സി. പി. മുഹമ്മദ്</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ഡെന്റൽ കോളേജുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) 2012-13-ലെ സാമ്പത്തിക വർഷത്തിലെ വാർഷിക ബഡ്ജറ്റിൽ ആലപ്പുഴയിലും തൃശ്ശൂരിലും മെഡിക്കൽ കോളേജുകളോട് അനുബന്ധമായി ഡെന്റൽ കോളേജുകൾ തുടങ്ങാൻ തീരുമാനിച്ചു. ആലപ്പുഴയിൽ 2014-ലും തൃശ്ശൂരിൽ 2015-ലും ഡെന്റൽ കോളേജുകൾ ആരംഭിച്ചിട്ടുണ്ട്. അനുബന്ധമായ സാഹചര്യങ്ങൾ ഒരുക്കി 2014-15 അക്കാദമിക് വർഷത്തിൽ 50 സീറ്റുകളിലേക്ക് ആലപ്പുഴയിലും 2015-16 അക്കാദമിക് വർഷത്തിൽ 50 സീറ്റുകളിലേക്ക് തൃശ്ശൂരിലും ബി.ഡി.എസ്. പ്രവേശനം നൽകുകയുണ്ടായി. ആലപ്പുഴ ഡെന്റൽ കോളേജിന്റെ നിർമ്മാണത്തിന് 62 കോടി രൂപയും തൃശ്ശൂർ ഡെന്റൽ കോളേജിന് 49 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. രണ്ട് കോളേജുകൾക്കുമുള്ള മന്ദിര നിർമ്മാണം നടന്നുവരുന്നു. കൂടാതെ ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യ നിഷ്കർഷിച്ചിരിക്കുന്ന എല്ലാ സജ്ജീകരണങ്ങളും ഒരുക്കിയിട്ടുണ്ട്.

(ബി) സർക്കാർ തലത്തിൽ പുതിയ ഡെന്റൽ കോളേജുകൾ തുടങ്ങുന്നതോടുകൂടി കൂടുതൽ ഡെന്റൽ സർജന്മാരെ സൃഷ്ടിക്കുവാനും ഗുണമേന്മയുള്ള ഡെന്റൽ ചികിത്സ സൗജന്യമായും/മിതമായ നിരക്കിലും സാധാരണക്കാർക്ക് നൽകുവാനും പ്രത്യേകിച്ച് സർക്കാർ/സ്വകാര്യ ഡെന്റൽ കോളേജുകളുടെ അഭാവം അനുഭവപ്പെടുന്നതും സാമൂഹികമായും സാമ്പത്തികമായും താരതമ്യേന പിന്നോക്കാവസ്ഥയിൽ നിലകൊള്ളുന്ന മത്സ്യബന്ധന മേഖലയായ ആലപ്പുഴ ജില്ലയിൽ സാധ്യമാകുന്നു. ഓറൽ കാൻസർ, ഫ്ലൂറോസിസ്, പോഷകാഹാരക്കുറവ്, വെക്ടർ ബോൺ ഡിസീസ് തുടങ്ങിയവയെ ഒരളവുവരെ പ്രതിരോധിക്കാനും അവയിൽ അവബോധം വളർത്താനും സർക്കാർ ഡെന്റൽ ആശുപത്രികൾക്ക് ഒരു പരിധിവരെ കഴിയുന്നു.

(സി) പുതിയതായി രൂപംകൊണ്ട ആലപ്പുഴ/തൃശ്ശൂർ സർക്കാർ ഡെന്റൽ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി വരുംവർഷങ്ങളിൽ കൂടുതൽ ഡെന്റൽ, പി.ജി. സീറ്റുകളിൽ പ്രവേശനം നടത്തി കൂടുതൽ സ്പെഷ്യലിസ്റ്റ് ഡെന്റൽ സർജന്മാരെ സർക്കാർ തലത്തിൽ എത്തിക്കാൻ ശ്രമിക്കുന്നുണ്ട്.

**കാൻസർ ബാധിതരുടെ കണക്ക്**

7(2475) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാൻസർ ബാധിതരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ച് വരുന്നത് വിലയിരുത്താറുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ആർ.സി.സി.-യിലും എം.സി.സി.-യിലുമായി 2012 മുതൽ 2015 വരെ ഓരോ വർഷവും ചികിത്സക്കെത്തിയവരുടെയും തുടർചികിത്സക്കെത്തിയവരുടെയും കണക്കുകൾ പ്രത്യേകം ലഭ്യമാക്കുമോ?

ഉത്തരം

(എ) കാൻസർ ബാധിതരുടെ എണ്ണം വർദ്ധിച്ച് വരുന്നതായാണ് ആർ.സി.സി.-യിൽ പുതുതായി രജിസ്റ്റർ ചെയ്യപ്പെടുന്ന രോഗികളുടെ കണക്കിൽനിന്നും വ്യക്തമാകുന്നത്. കഴിഞ്ഞ പത്തു വർഷം ആർ.സി.സി.-യിൽ പുതുതായി രജിസ്റ്റർ ചെയ്യപ്പെട്ട രോഗികളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| വർഷം | വർഷാവർഷം ആർ.സി.സി.-യിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന മൊത്തം രോഗികളുടെ എണ്ണം |
|---|---|
| 2005-06 | 10310 |
| 2006-07 | 11173 |
| 2007-08 | 11327 |
| 2008-09 | 12123 |
| 2009-10 | 13040 |
| 2010-11 | 13230 |
| 2011-12 | 14282 |
| 2012-13 | 14985 |
| 2013-14 | 14903 |
| 2014-15 | 15940 |

(ബി) ആർ.സി.സി.-യിലും എം.സി.സി.-യിലുമായി 2012 മുതൽ 2015 വരെ ചികിത്സക്കെത്തിയവരുടെ കണക്കുകൾ ചുവടെ ചേർക്കുന്നു:

<u>ആർ. സി. സി.</u>

| വർഷം | പുതുതായി രജിസ്റ്റർ ചെയ്ത രോഗികളുടെ എണ്ണം | തുടർ ചികിത്സയ്ക്ക് എത്തിയവരുടെ എണ്ണം |
|---|---|---|
| 2011-12 | 14282 | 192805 |
| 2012-13 | 14985 | 208926 |
| 2013-14 | 14903 | 216889 |
| 2014-15 | 15940 | 223106 |

<u>എം.സി.സി.</u>

| വർഷം | പുതുതായി രജിസ്റ്റർ ചെയ്ത രോഗികളുടെ എണ്ണം | തുടർ ചികിത്സയ്ക്ക് എത്തിയവരുടെ എണ്ണം |
|---|---|---|
| 2012 | 3192 | 49659 |
| 2013 | 3867 | 57758 |
| 2014 | 4433 | 51506 |
| 2015 (നവംബർ വരെ) | 3564 | 43448 |

**ജീവിതശൈലീ രോഗങ്ങളുടെ നിയന്ത്രണം**

8(2476) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി പി.എച്ച്.സി-സി.എച്ച്.സി.-കളിൽ സൗജന്യമായി ലാബ് പരിശോധനകൾ നടത്തുന്നതിനും ഒരു ഡയബറ്റോളജിസ്റ്റിനെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) ഇക്കാര്യത്തിൽ വിശദമായ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ; ഇല്ലെങ്കിൽ വിശദമായ ഒരു പഠനം നടത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പ്രമേഹം, രക്താതി സമ്മർദ്ദം, ഹൃദ്രോഗങ്ങൾ, പക്ഷാഘാതം, ക്യാൻസർ തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായി കണ്ടുവരുന്നു. വർദ്ധിച്ചുവരുന്ന നഗരവൽക്കരണവും പാശ്ചാത്യവൽക്കരണവും തന്മൂലം ജനങ്ങളുടെ ജീവിത ശൈലിയിൽ വന്ന വ്യതിയാനങ്ങളും കാരണമാണ് ഈ രോഗങ്ങൾ നമ്മുടെ സംസ്ഥാനത്ത് വർദ്ധിച്ചുവരാൻ കാരണമാകുന്നത്. അനാരോഗ്യകരമായ ഭക്ഷണരീതി, വ്യായാമക്കുറവ്, പുകവലി, മദ്യപാനം തുടങ്ങിയ ദുശ്ശീലങ്ങളോടുള്ള ആസക്തി, മാനസിക പിരിമുറുക്കം എന്നിവ വിവിധ ജീവിതശൈലീ രോഗങ്ങൾക്ക് കാരണമാകുന്നുവെന്ന് തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. കേരളത്തിൽ മുപ്പതിനും അറുപതിനും ഇടയിൽ പ്രായമുള്ളവരിലെ മരണങ്ങളിൽ 52 ശതമാനം ജീവിതശൈലീ രോഗങ്ങളാലാണ്.

(ബി) ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് 'അമൃതം ആരോഗ്യം'. ഈ പദ്ധതി സംസ്ഥാനത്ത് 230 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും 835 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും 5144 കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും നടപ്പിലാക്കിയിട്ടുണ്ട്. മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളേയും ജീവിതശൈലീ രോഗങ്ങൾ കണ്ടെത്തുന്നതിനായി സ്ക്രീനിംഗ് നടത്തുക എന്ന

ലക്ഷ്യത്തോടെ ആരംഭിച്ച ഈ പദ്ധതിക്കായി ഗ്ലൂക്കോമീറ്ററുകളും ബി.പി. അപ്പാരറ്റസ്, വെയിംഗ് മെഷീൻ, സ്റ്റാഡിയോമീറ്റർ തുടങ്ങിയ ഉപകരണങ്ങൾ ലഭ്യമാക്കുകയും ആഴ്ചയിൽ ഒരു ദിവസം സൗജന്യമായി ബ്ലഡ് ഷുഗറും ബ്ലഡ് പ്രഷറും ബി.എം.ഐ.-യും പരിശോധിക്കുകയും ചെയ്യുന്നു. ഇതിനായി എല്ലാ മെഡിക്കൽ ഓഫീസർമാർക്കും ഫീൽഡ് വിഭാഗം ജീവനക്കാർക്കും പാരാമെഡിക്കൽ സ്റ്റാഫിനും പ്രത്യേക പരിശീലനം നൽകുകയുണ്ടായി. പബ്ലിക് ഹെൽത്ത് ഫൗണ്ടേഷനുമായി ചേർന്ന് സംസ്ഥാനത്തെ 150 മെഡിക്കൽ ഓഫീസർമാർക്ക് സർട്ടിഫിക്കറ്റ് കോഴ്സ്-ഇൻ-എവിഡൻസ് ബെയ്സ്ഡ് ഡയബറ്റിക് മാനേജ്മെന്റ് എന്ന പരിശീലനവും സൗജന്യമായി നൽകുകയുണ്ടായി. പരിശീലനം ലഭിച്ച മെഡിക്കൽ ഓഫീസർമാർക്ക് പ്രമേഹം ചികിത്സിക്കാമെന്നിരിക്കെ ഇതിനായി പ്രത്യേകം ഡയബറ്റോളജിസ്റ്റിനെ നിയമിക്കേണ്ട ആവശ്യകത ഇപ്പോഴത്തെ സാഹചര്യത്തിൽ നിലവിലില്ല.

(സി) ജീവിതശൈലീ രോഗങ്ങളെക്കുറിച്ച് ദേശീയമായും അന്തർദ്ദേശീയമായും വിദഗ്ദ്ധ പഠനങ്ങൾ നടന്നുവരുന്നു. എന്നാൽ സംസ്ഥാന ആരോഗ്യ വകുപ്പ് ഇത് സംബന്ധമായ സർവ്വേ പല തലങ്ങളിലും നടത്താറുണ്ടെങ്കിലും ആധികാരികമായ പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

**കാൻസർ രോഗ നിർണ്ണയരംഗത്തെ പ്രവർത്തനങ്ങൾ**

9(2477) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

ശ്രീ. എസ്. ശർമ്മ :

ശ്രീമതി കെ. എസ്. സലീഖ :

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾ, കുട്ടികൾ എന്നിവരിലെ കാൻസർ, പുകയിലജന്യ കാൻസർ, ഇതര വിഭാഗങ്ങളിൽപ്പെടുന്ന കാൻസർ എന്നിവ മുൻകൂട്ടി കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി 2012-13 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 22 കോടി രൂപയും ഇതേ ആവശ്യത്തിനായി 2014-15-ൽ പ്രഖ്യാപിച്ച 18 കോടി രൂപയും ഉപയോഗിച്ച് നടത്തിയ പ്രവൃത്തികൾ ഏതെല്ലാമായിരുന്നുവെന്ന് വിശദമാക്കുമോ;

(ബി) എല്ലാ ജില്ലയിലും അഞ്ചുവീതം ഡോക്ടർമാരെയും സ്റ്റാഫ് നഴ്സമാരെയും പ്രത്യേക പരിശീലനം നൽകി നിയമിച്ച് എല്ലാ പഞ്ചായത്തിലും അർബുദ രോഗ ബോധവൽക്കരണ-രോഗ നിർണ്ണയ ക്യാമ്പുകൾ നടത്തുമെന്ന 2014-15 ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ചെയ്ത പ്രവൃത്തികൾ ഏതെല്ലാമായിരുന്നു എന്ന് വിശദമാക്കുമോ;

(സി) തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ കാൻസർ ടെർഷറി കെയർ സംവിധാനം ഏർപ്പെടുത്തുമെന്നും മദ്ധ്യകേരളത്തിൽ കാൻസർ ആശുപത്രി സ്ഥാപിക്കുമെന്നും 2013-14 ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികൾ ഏതെല്ലാമാണ്;

(ഡി) കൊച്ചിയിൽ 450 കോടി രൂപ ചെലവിൽ ആന്വിറ്റി അടിസ്ഥാനത്തിൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് റിസർച്ച് സെന്റർ നിർമ്മിക്കുമെന്ന പ്രഖ്യാപനത്തെ തുടർന്ന് സ്വീകരിച്ച നടപടികൾ ഏതെല്ലാമാണ്; സർക്കാർ എത്ര തുകയാണ് പ്രസ്തുത സ്ഥാപനത്തിനായി ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്; ഇതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം നൽകുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തലശ്ശേരിയിലെ മലബാർ കാൻസർ സെന്ററിന്റെ വിപുലീകരണത്തിനായി സർക്കാരിന് ലഭിച്ച നിർദ്ദേശങ്ങൾ ഏതെല്ലാമാണ്; ഇതിൽ എന്തൊക്കെ ചെയ്തുവെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സ്ത്രീകൾ, കുട്ടികൾ എന്നിവരിലെ കാൻസർ, പുകയിലജന്യ കാൻസർ, ഇതര വിഭാഗങ്ങളിൽപ്പെടുന്ന കാൻസർ എന്നിവ മുൻകൂട്ടി കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി 2012-13 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 22 കോടി രൂപ ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിനായി ഉപയോഗിച്ചു. ഇതേ ആവശ്യത്തിനായി 2014-15-ൽ പ്രഖ്യാപിച്ച 18 കോടി രൂപയിൽ 1,23,13,454 രൂപ പണി പൂർത്തീകരിച്ചു കൊണ്ടിരിക്കുന്ന പത്തുനില കെട്ടിടത്തിലേക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ചു. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നത് താമസിച്ചതിനാലാണ് മുഴുവൻ തുകയും ചെലവഴിക്കാൻ കഴിയാഞ്ഞത്. ബാക്കി തുക ചെലവഴിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരികയാണ്.

(ബി) എല്ലാ ജില്ലയിലും ഡോക്ടർമാർക്കും നഴ്സുമാർക്കും പരിശീലനം നൽകി ഗ്രാമതലത്തിൽ പ്രധാനപ്പെട്ട ക്യാൻസർ രോഗങ്ങൾ മുൻകൂട്ടി നിർണ്ണയിക്കുന്നതിനും രോഗം കണ്ടെത്തുന്നതുവരെ ആർ.സി.സി. ക്യാൻസർ സെന്ററിൽ ചികിത്സിക്കുന്നതിനുമുള്ള ഒരു പദ്ധതി കേരള ക്യാംപെയിൻ എഗൻസ്റ്റ് ക്യാൻസർ (Kerala Campaign against Cancer) എന്ന പേരിൽ പ്രഖ്യാപിക്കുകയുണ്ടായി. ഇതിനായി ആദ്യഘട്ടത്തിൽ തിരുവനന്തപുരം, ആലപ്പുഴ, പത്തനംതിട്ട, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകൾ തെരഞ്ഞെടുക്കുകയും പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തു. ഇതിനായി 77 ഡോക്ടർമാർക്കും 95 നഴ്സുമാർക്കും തിരുവനന്തപുരം ആർ.സി.സി.-യിൽ എൻ.എച്ച്.എം.-ന്റെ സഹായത്തോടെ പരിശീലനം നൽകി. ഇതിനായി സർവ്വേ ഫോം തയ്യാറാക്കുകയും സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയും ചെയ്തു. എന്നാൽ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ പറഞ്ഞ ഈ തുകയ്ക്ക് ബഡ്ജറ്റിൽ തുക വകയിരുത്താത്തതിനാൽ ഇത് റീ-ഡിമാന്റ് ഗ്രാന്റായി അപേക്ഷിച്ചെങ്കിലും തുക അനുവദിക്കാതെ വരികയും ചെയ്തു. ഇപ്പോൾ ജീവിതശൈലീ രോഗ നിർണ്ണയ പദ്ധതിയുടെ ഭാഗമായി ഈ പദ്ധതി ഭേദഗതികളോടെ നടപ്പിലാക്കിവരുന്നു.

(സി) കോഴിക്കോട് മെഡിക്കൽ കോളേജിൽ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം 44.50 കോടി രൂപയുടെ ടെർഷറി ക്യാൻസർ കെയർ പദ്ധതിക്ക് അംഗീകാരം ലഭിക്കുകയും ഇതിന് കേന്ദ്രവിഹിതമായി 25.03 കോടി രൂപ അനുവദിക്കുകയും ചെയ്തു. തിരുവനന്തപുരം, തൃശ്ശൂർ മെഡിക്കൽ കോളേജിൽ ലിനാക്ക് സ്ഥാപിക്കുവാനായി 35 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി. ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നത് സംബന്ധിച്ച് നടപടികൾ നടന്നുവരുന്നു.

(ഡി) 3-2-2014-ലെ ജി.ഒ. (എംഎസ്.) 39/2014/ആ.കു.വ. പ്രകാരം എറണാകുളം മെഡിക്കൽ കോളേജ് കാമ്പസിൽ ഒരു ക്യാൻസർ സെന്റർ ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. കൊച്ചിയിൽ ഒരു ക്യാൻസർ സെന്റർ സ്ഥാപിക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ മന്ത്രിസഭാ യോഗ തീരുമാനപ്രകാരം കൊച്ചിൻ ക്യാൻസർ&റിസർച്ച് സെന്ററിന് ഭരണാനുമതി നൽകിക്കൊണ്ട് 4-9-2015-ലെ ജി.ഒ.(എംഎസ്.) 192/2015/ആ.കു.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

1. കൊച്ചിൻ ക്യാൻസർ & റിസർച്ച് സെന്റർ പദ്ധതി മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കുന്നതിനുള്ള നടപടിയുടെ ഒന്നാം ഘട്ടമായി ഒരു OPD Services ആരംഭിക്കുന്നതിനായി ആരോഗ്യ വകുപ്പ് സെക്രട്ടറിയും ആർ.സി.സി. ഡയറക്ടറും സ്ഥലം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി. അതിനുശേഷം സ്പെഷ്യൽ ഓഫീസർ (ജനറൽ) ആയ ഡോ. ആഷാ തോമസും സ്പെഷ്യൽ ഓഫീസർ (ടെക്നിക്കൽ) ആയ ഡോ. വി. പി. ഗംഗാധരനും സ്ഥലം സന്ദർശിച്ചു.

2. 6-10-2015-ലെ ജി.ഒ. (ആർറ്റി.) നമ്പർ 3262/2015/ആ.കു.വ. ഉത്തരവ് പ്രകാരം എറണാകുളം മെഡിക്കൽ കോളേജ് പ്രിൻസിപ്പലിനോട് പേ വാർഡ് ബ്ലോക്കിലെ സെൻട്രൽ ബ്ലോക്ക് കെട്ടിടം സ്പെഷ്യൽ ഓഫീസർ ജനറലിന് കൈമാറാൻ നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവായി. പ്രസ്തുത ഉത്തരവിൽ മേൽ കെട്ടിടം ടെക്നിക്കൽ സ്പെഷ്യൽ ഓഫീസറുമായി ആലോചിച്ച് ആവശ്യമായ മാറ്റങ്ങളോടുകൂടി OPD ആരംഭിക്കുന്നതിന് സജ്ജമാക്കുവാൻ പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. പേ വാർഡ് ബ്ലോക്കിലെ സെൻട്രൽ ബ്ലോക്ക് കെട്ടിടം നവീകരിക്കുന്നതിനായി സ്പെഷ്യൽ ഓഫീസർ (ജനറൽ) വിദഗ്ദ്ധരുമായി ചർച്ച നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ കെട്ടിടം രൂപകല്പന ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു.

3. 6-10-2015-ലെ ജി.ഒ.(ആർറ്റി.) നമ്പർ 3258/2015/ആ.കു.വ. ഉത്തരവ് പ്രകാരം കൊച്ചിൻ ക്യാൻസർ & റിസർച്ച് സെന്റർ ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിന് സ്പെഷ്യൽ ഓഫീസർക്ക് (ജനറൽ) അനുമതി നൽകി. 15-10-2015-ലെ ജി.ഒ.(ആർറ്റി.)നമ്പർ 3380/2015/ആ.കു.വ. ഉത്തരവ് പ്രകാരം MoA അംഗീകരിക്കുകയും അനന്തര നടപടികൾക്കായി സ്പെഷ്യൽ ഓഫീസർ (ജനറൽ)-നെ ചുമതലപ്പെടുത്തുകയും ചെയ്തു.

4. 28-10-2015-ലെ ജി.ഒ.(എംഎസ്.) നമ്പർ 243/2015/ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ വിദേശമദ്യ വില്പനയുടെ 5% Cess-ൽ നിന്നും ലഭ്യമാകുന്ന 10 കോടി രൂപ അടിയന്തരമായി കൈമാറാൻ അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത തുക ഹോസ്പിറ്റൽ കൺസൾട്ടൻസി സർവ്വീസസ് കോർപ്പറേഷന് പ്രാരംഭഘട്ട പ്രവർത്തനങ്ങൾക്കും മറ്റു ചെലവുകൾക്കുമായി ഉപയോഗിക്കുവാനുള്ളതാണ്. 30-11-2015-ലെ ജി.ഒ. (ആർറ്റി.) നമ്പർ 3846/2015/ആ.കു.വ പ്രകാരം എറണാകുളം മെഡിക്കൽ കോളേജിലെ ബി ബിൽഡിംഗ് ഒ.പി. സൗകര്യങ്ങൾക്ക് അനുസൃതമായി പൊതുമരാമത്തു വകുപ്പിന്റെ 2.7 കോടി രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം രൂപകല്പനയിൽ മാറ്റം വരുത്തുന്നതിനും നഴ്സിംഗ് സ്റ്റാഫിനെ ആർ.സി.സി.-യിൽ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം നിയമിക്കുന്നതിനുമായി സ്പെഷ്യൽ ഓഫീസർക്ക് (ജനറൽ) അനുമതി നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. കൂടാതെ സ്പെഷ്യൽ ഓഫീസർ (ജനറൽ) കേന്ദ്ര സർക്കാർ അധികൃതരുമായും കോർപ്പറേറ്റ് സ്ഥാപനങ്ങളുമായും ചർച്ചകൾ നടത്തി സാമ്പത്തിക സഹായം ലഭ്യമാക്കാൻ ശ്രമങ്ങൾ നടത്തുന്നുണ്ട്. പ്രസ്തുത ക്യാൻസർ സെന്റർ സ്ഥാപിക്കുന്നതിനായി 10 കോടി രൂപ 2015-16 SDG 2-ാം ബാച്ചിൽ അനുവദിച്ചിട്ടുണ്ട്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലബാർ കാൻസർ സെന്ററിനെ ഒരു പി.ജി. ഇൻസ്റ്റിറ്റ്യൂട്ട് ആക്കി ഉയർത്താനും കൂടാതെ നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിനുമുള്ള തീരുമാനവും മലബാർ ക്യാൻസർ സെന്ററിന്റെ 8-ാമത് ഗവേണിംഗ് ബോഡി യോഗത്തിൽ എടുക്കുകയുണ്ടായി. മലബാർ കാൻസർ സെന്ററിനെ ഒരു പി.ജി. ഇൻസ്റ്റിറ്റ്യൂട്ട് ആക്കി ഉയർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലബാർ കാൻസർ സെന്ററിന് പ്ലാൻ ഇനത്തിലും നോൺ പ്ലാൻ ഇനത്തിനും നൽകിയ തുകയുടെ വിശദാംശം താഴെ ചേർക്കുന്നു:

| വർഷം | പ്ലാൻ (രൂപ ലക്ഷത്തിൽ) | | നോൺ പ്ലാൻ (രൂപ ലക്ഷത്തിൽ) | |
|---|---|---|---|---|
| | അനുവദിച്ച തുക | വിനിയോഗച്ച തുക | അനുവദിച്ച തുക | വിനിയോഗിച്ച തുക |
| 2012-13 | 1500 | 1132.87 | 600 | 600 |
| 2013-14 | 2000 | 1421.83 | 705 | 705 |
| 2014-15 | 1700 | 89.54 | 797.1 | 797.1 |
| 2015-16 | 2700 | ----- | 868.45 | 220 |
| ആകെ | 7900 | 2644.24 | 2970.55 | 2322.1 |

**വികലാംഗരായ താൽക്കാലിക ജീവനക്കാർ**

10(2478) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ എത്ര വികലാംഗർ താൽക്കാലിക ജീവനക്കാരായി ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) തുടർച്ചയായി പത്ത് വർഷത്തിൽ കൂടുതൽ ഇപ്രകാരം ജോലി ചെയ്യുന്ന എത്ര വികലാംഗ ജീവനക്കാരുണ്ട് ;

(സി) ഇവരെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) പ്രസ്തുത വിഭാഗത്തെ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ആരോഗ്യ വകുപ്പിന്റെ കീഴിൽ 8 വികലാംഗ ജീവനക്കാർ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നുണ്ട്.

| | | |
|---|---|---|
| ജനറൽ ആശുപത്രി, ആലപ്പുഴ | - | 2 |
| താലൂക്ക് ആശുപത്രി, ഹരിപ്പാട് | - | 1 |
| ജനറൽ ആശുപത്രി, മഞ്ചേരി | - | 1 |
| താലൂക്ക് ആശുപത്രി, നാദാപുരം | - | 2 |
| ജനറൽ ആശുപത്രി, വടകര | - | 1 |
| ജില്ലാ ആശുപത്രി, തിരൂർ | - | 1 |

(ബി) പത്ത് വർഷത്തിലേറെ തുടർച്ചയായി ജോലി ചെയ്തുവരുന്ന ആരുംതന്നെയില്ല. (179 ദിവസം കൂടുമ്പോൾ നിയമാനുസൃതമായി ജോലിയിൽ പര്യവസാനം നൽകിക്കൊണ്ടിരിക്കുന്നു.)

(സി) ലഭിച്ചിട്ടുണ്ട്. നാദാപുരം താലൂക്കാശുപത്രിയിലെ പമ്പ് ഓപ്പറേറ്റർ കുറ്റിയിൽ ചന്ദ്രന്റെ അപേക്ഷയിന്മേൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ശ്രീ. അനീസ് കെ. എസ്. നൽകിയ അപേക്ഷയിൽ മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ഡി) വികലാംഗ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം അർഹതയുള്ളവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**യോഗ്യതയില്ലാതെ ചികിത്സ നടത്തുന്നവർ**

11 (2479) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1953-ലെ ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ ആക്ടിലെ വകുപ്പുകളിലെ പഴുതുകൾ ഉപയോഗിച്ച് യോഗ്യതയില്ലാത്തവർ ചികിത്സ നടത്തുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മതിയായ യോഗ്യതയില്ലാത്തവർ ചികിത്സ നടത്തുന്നതുമായി ബന്ധപ്പെട്ട് കോടതിയിൽ നിലവിലുണ്ടായിരുന്ന ഏതെങ്കിലും കേസിൽ എക്സ്-പാർട്ടി വിധിയുണ്ടായിട്ടുണ്ടോ; എങ്കിൽ ഏത് കേസിലാണെന്ന് അറിയിക്കുമോ; ഇങ്ങനെയൊരു വിധിയുണ്ടാവാൻ സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) മതിയായ യോഗ്യതയില്ലാത്ത എത്ര പേർ രജിസ്ട്രേഷനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; ഇതിൽ എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്;

(ഡി) ആൾ കേരള അൺക്വാളിഫൈഡ് മോഡേൺ മെഡിക്കൽ പ്രാക്ടീഷണർ അസോസിയേഷൻ (എ.കെ.യു.എം.എം.പി.എ.) എന്ന പേരിൽ ഒരു സംഘടന പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത സംഘടനയുടെ പ്രവർത്തനോദ്ദേശ്യം എന്താണെന്ന് അറിയുമോ;

(ഇ) യോഗ്യതയില്ലാതെ ചികിത്സ നടത്തുന്നവരെ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എക്സ്-പാർട്ടി വിധിയുണ്ടായിട്ടില്ല.

(സി) മതിയായ യോഗ്യതയില്ലാത്ത നിരവധി പേർ കാലാകാലങ്ങളിലായി രജിസ്ട്രേഷനായി സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കൃത്യമായ എണ്ണം കണക്കാക്കിയിട്ടില്ല. എല്ലാ അപേക്ഷകളും നിരസിച്ച് തീർപ്പാക്കിയിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) അനധികൃത ചികിത്സാ കേന്ദ്രങ്ങളെക്കുറിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്യാനും വിവരം മെഡിക്കൽ കൗൺസിലറെ അറിയിക്കാനും ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മതിയായ യോഗ്യതയില്ലാതെ ചികിത്സ നടത്തുന്നവരെക്കുറിച്ച് ലഭിക്കുന്ന പരാതികൾ ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് പോലീസിന് കൈമാറി വരുന്നു.

**മുളങ്കുന്നത്തുകാവ് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ കാൻസർ ചികിത്സ**

12 (2480) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ- മുളങ്കുന്നത്തുകാവ് ഗവ. മെഡിക്കൽ കോളേജിൽ ഒരു വർഷം ശരാശരി എത്ര പേർ കാൻസർ ചികിത്സയ്ക്കായി എത്തുന്നുണ്ട്;

(ബി) രോഗികളുടെ ബാഹുല്യം കണക്കിലെടുത്ത് കാൻസർ രോഗ ചികിത്സാ വിഭാഗത്തിൽ മെച്ചപ്പെട്ട സൗകര്യം ലഭ്യമാക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശരാശരി 4200 പേർ.

(ബി) രോഗികളുടെ ബാഹുല്യം കണക്കിലെടുത്ത് സ്തനാർബുദം, Head&Neck വിഭാഗം, ഗൈനക് എന്നീ 3 വിഭാഗങ്ങളിൽ ആർ.സി.സി.-യിലേത് പോലെ 3 സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. ബാക്കിയുള്ള വിഭാഗത്തിൽപ്പെട്ട ക്യാൻസർ രോഗികൾക്ക് ജനറൽ ഓങ്കോളജി വിഭാഗത്തിൽ ചികിത്സാ സൗകര്യം എല്ലാ ദിവസവും ലഭ്യമാകുന്നുണ്ട്. കൂടാതെ കിടത്തി ചികിത്സിക്കാനായി പ്രത്യേക വാർഡുകൾ ക്രമീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം പണി പൂർത്തിയാക്കിയ 25 കിടക്കകളോടുകൂടിയ പുതിയ ഡേ-കെയർ തീവ്ര പരിചരണ കീമോതെറാപ്പി വിഭാഗം ഫെബ്രുവരി 2016-ഓടെ പ്രവർത്തനമാരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**സി.എച്ച്.സി.-കളിലെ സ്റ്റാഫ് പാറ്റേൺ**

13(2481) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ സി. എച്ച്. സി.-കളിലെയും സ്റ്റാഫ് പാറ്റേൺ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ആയതു പ്രകാരമുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ഉത്തരവായിട്ടുണ്ടോ; എങ്കിൽ ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് നൽകുമോ;

(സി) ഇക്കാര്യത്തിൽ പ്രസ്തുത സ്റ്റാഫ് പാറ്റേൺ അനുസരിച്ച് നിയമനങ്ങൾ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 16-5-2008-ലെ നമ്പർ156/2008/ആ.കു.വ. 6-11-2008-ലെ (എംഎസ്.)നമ്പർ 568/2008/ആ.കു.വ. സർക്കാർ ഉത്തരവുകൾ പ്രകാരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സി.എച്ച്.സി.-കൾ ഉൾപ്പെടെയുള്ള എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും സ്റ്റാഫ് പാറ്റേൺ അനുസരിച്ച് തസ്തികകൾ സൃഷ്ടിക്കുന്നത് പൊതുവായ ഒരു ഉത്തരവിലൂടെയല്ല. ഓരോ സ്ഥാപനത്തിൽ നിന്നും അതാത് ജില്ലാ മെഡിക്കൽ ആഫീസർ ശിപാർശ ചെയ്ത് അയയ്ക്കുന്ന തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ പരിശോധിച്ച് സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു. സർക്കാർ ഇക്കാര്യത്തിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു. ആയതിനാൽ ഒരു സി.എച്ച്.സി.-യിൽ തന്നെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിക്കപ്പെടുന്നത് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ അനുസരിച്ചായിരിക്കും.

(സി) പുതുതായി സൃഷ്ടിക്കുന്ന തസ്തികകളിലാണ് നിയമനങ്ങൾ നടത്തുന്നത്. സ്റ്റാഫ് പാറ്റേൺ പ്രകാരം പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതനുസരിച്ച് നിയമനങ്ങൾ നൽകുന്നതാണ്.

**ജെ.എച്ച്.ഐ., ജെ.പി.എച്ച്.എൻ. വിഭാഗങ്ങളിലെ ഒഴിവുകൾ**

14 (2482) <u>ശ്രീ. സി. കെ സദാശിവൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II, ഗ്രേഡ്-I, ജൂനിയർ പി.എച്ച്.എൻ. എന്നിവരുടെ ഓരോ ജില്ലകളിലേയും ഒഴിവുകൾ എത്രയാണെന്നും എവിടെയൊക്കെയാണെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് കീഴിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II, ഗ്രേഡ്-I ജൂനിയർ പി.എച്ച്.എൻ. തസ്തികകളിലെ ജില്ല തിരിച്ചുള്ള ഒഴിവുകൾ അനുബന്ധമായി ചേർക്കുന്നു.* മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലെ പ്രസ്തുത തസ്തികകളിലെ ഒഴിവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| ഗവ.മെഡിക്കൽ കോളേജ് | ജെ.എച്ച്.ഐ. ഗ്രേഡ്-I | ജെ.എച്ച്.ഐ. ഗ്രേഡ്-II | ജെ.പി. എച്ച്.എൻ |
|---|---|---|---|
| തിരുവനന്തപുരം | 1 | ---- | --- |
| കോട്ടയം | --- | 1 | --- |
| തൃശ്ശൂർ | --- | 1 | ---- |
| കോഴിക്കോട് | 1 | --- | 1 |

**ബി.എച്ച്.എം.എസ്. ഹൗസ് സർജന്മാർക്ക് സ്റ്റൈപ്പന്റ്**

15(2483) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.എച്ച്.എം.എസ്. ഹൗസ് സർജന്മാർക്ക് നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന 12000 രൂപയുടെ സ്റ്റൈപ്പന്റ് അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന വ്യക്തമാക്കുമോ;

(സി) എം.ബി.ബി.എസ്. ഹൗസ് സർജൻമാർക്ക് ലഭിക്കുന്ന 20000 രൂപ സ്റ്റൈപ്പന്റ് ഹോമിയോപ്പതി വിഭാഗത്തിലും ആയുർവേദ വിഭാഗത്തിലും കൂടി ഒരുപോലെയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഹൗസ് സർജന്മാരുടെ സ്റ്റൈപ്പന്റ് പരിഷ്കരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

## ഡി.എച്ച്.എസ്.-ന്റെ തപാൽ സെക്ഷനിലെ കാലതാമസം

16 (2484) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.എച്ച്.എസ്.-ന്റെ പ്ലാനിംഗ് സെക്ഷനിൽ തപാൽ സംബന്ധമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക ജീവനക്കാരനെ നിയോഗിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ 2015 സെപ്റ്റംബർ 1 മുതൽ 30 വരെ പ്രസ്തുത സീറ്റിൽ ലഭിച്ച തപാലുകൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത തപാൽ സെക്ഷനിൽ അവ സ്വീകരിച്ച തീയതിയും ബന്ധപ്പെട്ട സെക്ഷനിലേക്ക് ആയത് നമ്പരിട്ട് നൽകിയ തീയതിയും വിശദമാക്കുമോ;

(ഡി) CE/BL/PL3/MLPM/PR/1012/15 എന്ന നമ്പരുള്ള തപാൽ പ്രസ്തുത സെക്ഷനിൽ ലഭിച്ച തീയതിയും അതിന്മേൽ നമ്പർ നൽകി ബന്ധപ്പെട്ട സെക്ഷനിൽ ലഭ്യമാക്കിയ തീയതിയും എന്നാണെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത നടപടിക്ക് എത്ര ദിവസം വേണ്ടിവന്നു; കാലതാമസമുണ്ടെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വിശദമാക്കുമോ;

(എഫ്) ഒരു ജീവനക്കാരൻ മൂന്ന് ദിവസത്തിൽ കൂടുതൽ ദൈർഘ്യമുള്ള അവധിയിൽ പ്രവേശിച്ചാൽ പ്രസ്തുത സെക്ഷനിലെ തപാലുകൾ കൈകാര്യം ചെയ്യുന്നതിന് മറ്റ് ജീവനക്കാരെ നിയോഗിക്കാൻ ഡി.എച്ച്.എസ്.-ൽ വ്യവസ്ഥയുണ്ടോ;

(ജി) എങ്കിൽ പ്രസ്തുത കാലയളവിൽ പ്രസ്തുത സെക്ഷനിൽ ജീവനക്കാരനെ നിയോഗിക്കുവാൻ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ആരാണ്; ടിയാൾ അത് നിർവ്വഹിക്കാതിരുന്നതിനുള്ള കാരണം വിശദമാക്കുമോ; ഇതു സംബന്ധിച്ച് ടി ജീവനക്കാരിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടിരുന്നോ; വിശദാംശം നൽകുമോ;

<u>ഉത്തരം</u>

(എ) നിയോഗിച്ചിട്ടുണ്ട്.

(ബി) പി.എൽ.എ., പി.എൽ.ബി. സെക്ഷനുകളിലായി പ്രസ്തുതകാലയളവിൽ 125 തപാലുകൾ ലഭിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഐറ്റം | പി.എൽ.എ. | പി.എൽ.ബി. |
|---|---|---|---|
| 1 | ഓർഡിനറി തപാൽ | 42 | 19 |
| 2 | രജിസ്റ്റേർഡ് തപാൽ | 1 | 1 |
| 3 | രജിസ്റ്റേർഡ് പാർസൽ | 17 | 24 |
| 4 | സ്പീഡ് പോസ്റ്റ് | 6 | 6 |
| 5 | മറ്റു വഴിയിലൂടെ കിട്ടിയത് | 5 | 4 |
| | ആകെ | 71 | 54 |

ഇത് കൂടാതെ മറ്റ് 10 സെക്ഷനുകളിലെ തപാലുകളും പ്രസ്തുത സീറ്റിൽ കൈകാര്യം ചെയ്തിട്ടുണ്ട്.

(സി) എല്ലാ പ്രവൃത്തി ദിവസങ്ങളിലും തപാലുകൾ ലഭിക്കുന്നതാണ്. പി.എൽ.എ., പി.എൽ.ബി. സെക്ഷനുകളിൽ അവ തപാൽ ബുക്ക് വഴി കൊടുത്ത തീയതി ചുവടെ ചേർക്കുന്നു:

| സെക്ഷൻ | തീയതി | തപാലുകളുടെ എണ്ണം |
|---|---|---|
| പി.എൽ.എ. | 9-9-2015 | 29 |
| | 16-9-2015 | 7 |
| | 17-9-2015 | 1 |
| | 30-9-2015 | 34 |
| പി.എൽ.ബി. | 3-9-2015 | 7 |
| | 16-9-2015 | 15 |
| | 17-9-2015 | 1 |
| | 18-9-2015 | 19 |
| | 22-9-2015 | 5 |
| | 30-9-2015 | 7 |

(ഡി) പ്രസ്തുത തപാൽ ആരോഗ്യ വകുപ്പിലെ തപാൽ സെക്ഷനിൽ 11-9-2015-നാണ് ലഭിച്ചത്. ടി തപാൽ പി.എൽ.എ. സെക്ഷനിൽ 17-9-2015-ന് തപാൽ രജിസ്റ്ററിൽ രേഖപ്പെടുത്തി നൽകിയിട്ടുണ്ട്.

(ഇ) പ്രസ്തുത നടപടിക്ക് ആറു ദിവസം വേണ്ടിവന്നു. ബന്ധപ്പെട്ട ക്ലാർക്ക് പ്രത്യേക ആകസ്മിക അവധിയിലായിരുന്നതുകൊണ്ടാണ് കാലതാമസം നേരിട്ടത്. പ്ലാനിംഗ് സെക്ഷന്റെയും പാർസൽ കൈകാര്യം ചെയ്തിരുന്ന സെക്ഷന്റെയും അധിക ജോലികൾ ചെയ്യുവാൻ സെക്ഷൻ സൂപ്രണ്ട് പ്രത്യേക സംവിധാനം ഒരുക്കിയിരുന്നു. എന്നാൽ രണ്ടു സെക്ഷനുകളിലേയും അധിക ജോലി മറ്റുള്ളവർക്ക് ചെയ്യാൻ കഴിയുന്നതിലും അപ്പുറമായിരുന്നു.

(എഫ്) വ്യവസ്ഥയുണ്ട്.

(ജി) ജീവനക്കാരെ നിയമിക്കുന്നതിനുള്ള നിയമനാധികാരി സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറാണ്. പ്രസ്തുത സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ജീവനക്കാരി സ്പോർട്ട്സ് മീറ്റിന് പോയിരുന്നതിനാൽ പ്രത്യേക ആകസ്മിക അവധിയിലായിരുന്നു. കൂടാതെ, തപാൽ സെക്ഷനിലെ രജിസ്റ്റേർഡ് പാഴ്സൽ, തപാലുകൾ എന്നിവ കൈകാര്യം ചെയ്തിരുന്ന ജീവനക്കാരിയെ മറ്റ് സെക്ഷനിലേക്ക് മാറ്റുകയും ചെയ്തിരുന്നു. അവധിയിലായിരുന്ന ജീവനക്കാരുടെ ജോലികൾ ചെയ്യുവാൻ സെക്ഷൻ സൂപ്രണ്ട് പ്രത്യേക സംവിധാനം ഒരുക്കിയിരുന്നു. എന്നാൽ ഈ രണ്ടു സീറ്റുകളിലേയും അധിക ജോലി മറ്റുള്ളവർക്ക് ചെയ്യുവാൻ കഴിയുന്നതിലും അപ്പുറമായിരുന്നു. പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ നൽകിയവർ സർവ്വീസിൽ പ്രവേശിക്കാൻ കാലതാമസം നേരിട്ടതിനാൽ ആവശ്യത്തിന് ജീവനക്കാരെ ഡയറക്ടറേറ്റിൽ ലഭ്യമല്ലാതിരുന്നതുകൊണ്ടാണ് തപാൽ സെക്ഷനിൽ ഒഴിവുള്ള സീറ്റുകളിൽ പകരം ജീവനക്കാരെ നിയോഗിക്കുവാൻ താമസം നേരിട്ടത്. ഇതുകാരണം ആരോഗ്യ വകുപ്പിലെ തപാൽ സെക്ഷനിൽ ചെറിയ ഒരു കാലയളവിൽ തപാൽ വിതരണം നിശ്ചിത സമയത്തിനുള്ളിൽ നടത്താൻ കഴിയാതെ വന്നിട്ടുണ്ട്.

## ആശാവർക്കേഴ്സിന്റെ ഓണറേറിയം

17(T2485) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആശാ വർക്കേഴ്സ്, സാന്ത്വനം പാലിയേറ്റീവ് വർക്കേഴ്സ് എന്നിവരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതിനും ക്ഷേമനിധിയടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

### ഉത്തരം

21-8-2015-ലെ സ.ഉ.(സാധാ)നമ്പർ 2718/2015/ആ.കു.വ. പ്രകാരം ആശാ വർക്കർമാരുടെ ഓണറേറിയം 1000 രൂപയായി വർദ്ധിപ്പിക്കുകയും വിതരണം ചെയ്യുന്നതിനുള്ള തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഉടനെ ഒരു വർദ്ധന ഇപ്പോൾ പരിഗണനയിലില്ല. പാലിയേറ്റീവ് വർക്കേഴ്സിന്റെ ഓണറേറിയം സംബന്ധിച്ച വിഷയത്തിൻമേലുള്ള വിവരം ശേഖരിച്ചുവരുന്നു. ആശാ വർക്കേഴ്സ്, സാന്ത്വനം പാലിയേറ്റീവ് വർക്കേഴ്സ് എന്നിവർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## കേരള ഹെൽത്ത് റിസർച്ച് & വെൽഫെയർ സൊസൈറ്റിയിലെ കരാർ നിയമനം

18 (2486) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള ഹെൽത്ത് റിസർച്ച്&വെൽഫയർ സൊസൈറ്റിയിൽ കരാർ അടിസ്ഥാനത്തിലും ദിവസ വേതനാടിസ്ഥാനത്തിലും എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമനം നടത്തുന്നതിന് സൊസൈറ്റിക്ക് അനുമതി നൽകിയിട്ടുണ്ടോ;

(സി) അപ്രകാരം നിയമിതരായവരുടെ പേര് വിവരങ്ങൾ മേഖലയും തസ്തികയും തിരിച്ച് വ്യക്തമാക്കുമോ?

---

T മാറ്റിവച്ച ചേദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള ഹെൽത്ത് റിസർച്ച് & വെൽഫെയർ സൊസൈറ്റിയുടെ വിവിധ യൂണിറ്റുകളായ കാത്ത് ലാബ്, പേ വാർഡ്, എ.സി.ആർ. ലാബ് എന്നിവയുടെ ദൈനംദിന പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനുവേണ്ടി സ്ഥിരം ജീവനക്കാരുടെ അഭാവത്താൽ താൽക്കാലികമായി കരാർ അടിസ്ഥാനത്തിൽ 110 പേരെയും ദിവസ വേതനാടിസ്ഥാനത്തിൽ 49 പേരെയും കാലാകാലങ്ങളിൽ നിയമിച്ചിട്ടുണ്ട്.

(ബി) സൊസൈറ്റിയുടെ ദൈനംദിന പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനുവേണ്ടി സൊസൈറ്റിയുടെ സർവ്വീസ് ചട്ടം 9(b)ക്കു വിധേയമായി പത്രപരസ്യം നടത്തിയോ ഗവേണിംഗ് ബോഡി നിശ്ചയിക്കുന്ന മറ്റു മാർഗ്ഗങ്ങളിലൂടെയോ നേരിട്ട് നിയമനം നടത്തിവരുന്നു.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**ബെഡ് സ്ട്രെംഗ്ത് അനുസരിച്ചുള്ള നഴ്സ് നിയമനം**

19(2487) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഐ.സി.യു.-വിലും മറ്റു വാർഡുകളിലും ബെഡ് സ്ട്രെംഗ്ത് അനുസരിച്ചുള്ള സ്റ്റാഫിനെ നിയമിച്ചിട്ടുണ്ടോ; നിലവിൽ ഒരു രോഗിക്ക് ഒരു നഴ്സ് എന്ന കണക്കിനാണോ ഐ.സി.യു.-വിൽ നഴ്സ് വേണ്ടതെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ കുറഞ്ഞപക്ഷം രണ്ടു രോഗികൾക്ക് ഒരു നഴ്സ് എന്ന നിലയിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

സാംഗ്ഷൻഡ് ബെഡ് സ്ട്രെംഗ്തിനെക്കാളും വളരെയധികം കൂടുതലാണ് മെഡിക്കൽ കോളേജ് ആശുപത്രികളിൽ നിലവിലുള്ള കിടക്കകളുടെ എണ്ണം. അനുവദിച്ചിട്ടുള്ള കിടക്കകളെക്കാളും രോഗികൾ ഉള്ളതിനാൽ നിലവിൽ വാർഡുകളിലും ഐ.സി.യു.-കളിലും രോഗികളുടെ എണ്ണത്തിന് ആനുപാതികമായി സ്റ്റാഫിനെ നിയമിക്കാൻ സാധിച്ചിട്ടില്ല. ഐ.സി.യു-വിൽ രോഗി-നഴ്സ് അനുപാതം 1:1 ആണ് വേണ്ടത്. വാർഡിലും ഐ.സി.യു.-കളിലും ശരിയായ അനുപാതത്തിലുള്ള നഴ്സിംഗ് സ്റ്റാഫിന്റെ പോസ്റ്റിംഗ് നടത്തുന്നതിന്റെ ഭാഗമായി 2012-ൽ 275 സ്റ്റാഫ് നഴ്സിന്റെ പോസ്റ്റും അതിനുശേഷം 105 നഴ്സുമാരുടെ വിവിധ പോസ്റ്റുകളും മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിൽ സൃഷ്ടിച്ചിട്ടുണ്ട്. ഇതു കൂടാതെ രോഗികളുടെ എണ്ണം അനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിക്കാനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

## ഹൗസ് സർജൻസി പൂർത്തിയാക്കിയ എം.ബി.ബി.എസ്. ഡോക്ടർമാർ

20(2488) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിൽനിന്നും 2011 മുതൽ 2015 വരെയുള്ള വർഷങ്ങളിൽ ഹൗസ് സർജൻസി പൂർത്തിയാക്കിയ എം.ബി.ബി.എസ്. ഡോക്ടർമാരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വർഷങ്ങളിൽ സ്വാശ്രയ മെഡിക്കൽ കോളേജിൽ പഠിക്കുകയും സർക്കാർ ആശുപത്രികളിൽ ഹൗസ് സർജൻസി പൂർത്തിയാക്കുകയും ചെയ്ത എത്രപേരുണ്ടെന്ന് അറിയിക്കുമോ;

(സി) സർക്കാരിന്റെ ചെലവിലും സർക്കാർ സൗകര്യം പ്രയോജനപ്പെടുത്തിയും പഠിക്കുന്ന ഇവർ എന്തുകൊണ്ടാണ് സർക്കാർ ആശുപത്രികളിൽ തൊഴിൽ ചെയ്യാൻ തയ്യാറാകാത്തതെന്ന് പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## കോഡൂർ പി.എച്ച്.സി. മലപ്പുറം ഹെൽത്ത് ബ്ലോക്കിന് കീഴിലാക്കുന്നതിനുള്ള നടപടി

21(2489) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ കോഡൂർ പി.എച്ച്.സി. മലപ്പുറം ഹെൽത്ത് ബ്ലോക്കിന് കീഴിലാക്കുന്നതിനുള്ള പ്രൊപ്പോസൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(ബി) ജില്ലാ മെഡിക്കൽ ഓഫീസർ ഇക്കാര്യത്തിൽ എന്തെങ്കിലും റിപ്പോർട്ടുകൾ സമർപ്പിക്കുവാൻ ഉണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം നല്കുമോ?

(സി) കോഡൂർ പഞ്ചായത്ത് മലപ്പുറം ബ്ലോക്ക് പഞ്ചായത്തിലും, മലപ്പുറം നിയമസഭാ നിയോജക മണ്ഡലത്തിലും ഉൾപ്പെടുന്നതിനാൽ ഭരണപരമായ സൗകര്യങ്ങൾക്കുവേണ്ടി കോഡൂർ പി.എച്ച്.സി. മലപ്പുറം ഹെൽത്ത് ബ്ലോക്കിന് കീഴിലാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പ്രൊപ്പോസൽ ലഭിച്ചിട്ടില്ല. ജില്ലാ മെഡിക്കൽ ഓഫീസറിൽനിന്നും റിപ്പോർട്ട് ലഭ്യമാക്കി ആവശ്യമായ ശിപാർശ സർക്കാരിലേക്ക് സമർപ്പിക്കാമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(സി) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**മഹിളാ സ്വസ്ത് സംഘം**

22(2490) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹിളാ സ്വസ്ത് സംഘത്തിൽ അംഗങ്ങളായിരുന്ന വനിതകൾക്ക് ആരോഗ്യ വകുപ്പിലെ ഏതെങ്കിലും തസ്തികകൾക്ക് നിയമനം ലഭിക്കുന്നതിന് മുൻഗണന നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട് അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത അപേക്ഷയിൻമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഇല്ല.

(സി) ബാധകമല്ല.

**നടേരി അർബൻ എൻ.എച്ച്.എം. ഡിസ്പെൻസറി കെട്ടിട നിർമ്മാണം**

23(2491) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊയിലാണ്ടിയിൽ നടേരി അർബർ എൻ.എച്ച്.എം. ഡിസ്പെൻസറി കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച നിവേദനത്തിൽ (നമ്പർ 3417/VIP/M (H&D)/2015) എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

പ്രസ്തുത നിവേദനം സംസ്ഥാനത്തെ അർബൻ ഹെൽത്ത് ടീം വഴി ആരോഗ്യ കേരളം കോഴിക്കോട് ജില്ലാ പ്രോഗ്രാം മാനേജർക്ക് നൽകിയതിൻ പ്രകാരം ലഭ്യമാക്കിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ബഹുമാനപ്പെട്ട എം.എൽ.എ. നിവേദനത്തിൽ പരാമർശിച്ചിട്ടുള്ള കോഴിക്കോട് ജില്ലയിലെ നടേരി നഗരാരോഗ്യ കേന്ദ്രം (കൊയിലാണ്ടി നഗരസഭ) 2014 നവംബർ മാസം മുതൽ തീർത്തും അപര്യാപ്തമായ കെട്ടിട സൗകര്യത്തിൽ പ്രവർത്തിച്ചുവരികയാണ്. ടി സെന്റർ കൂടുതൽ സ്ഥല സൗകര്യത്തിൽ പ്രവർത്തിക്കുന്നതിനുള്ള സൗകര്യം ചെയ്തുതരേണ്ടത് കൊയിലാണ്ടി നഗരസഭയാണ്. ഇക്കാര്യം ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ പരാതി (നമ്പർ 3417/VIP/M(H&D)/2015, തീയതി 6-7-2015) ലഭിക്കുന്നതിനു മുമ്പും ശേഷവും സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ ഓഫീസിൽ നിന്നും കോഴിക്കോട് ജില്ലാ ആരോഗ്യ കേരളം പ്രോഗ്രാം മാനേജരുടെ കാര്യാലയത്തിൽ നിന്നും നിരവധി തവണ നഗരസഭ അദ്ധ്യക്ഷയുമായി സംസാരിച്ചിട്ടുണ്ട്. മിഷൻ ഡയറക്ടറുടെ നിർദ്ദേശപ്രകാരം കോഴിക്കോട് ജില്ലാ പ്രോഗ്രാം മാനേജർ ഇതേ ആവശ്യം ഉന്നയിച്ച് കൊയിലാണ്ടി നഗരസഭയ്ക്ക് കത്തും അയച്ചിരുന്നു. (നമ്പർ DPMSU/KKD/118/2014, തീയതി 22-9-2015). പക്ഷേ പുതിയ കെട്ടിടത്തിന് തുക വകകൊള്ളിച്ചതല്ലാതെ കെട്ടിടം ഇനിയും യാഥാർത്ഥ്യമായിട്ടില്ല. ബഹുമാനപ്പെട്ട എം.എൽ.എ. അദ്ദേഹത്തിന്റെ അപേക്ഷയിലൂടെ ആവശ്യപ്പെട്ട പ്രകാരം നിലവിൽ ആരോഗ്യ കേന്ദ്രം സ്ഥിതിചെയ്യുന്ന പഴയ കെട്ടിടം പൊളിച്ചു നീക്കുന്നതിന് അനുമതി നൽകേണ്ടത് എൻ.എച്ച്.എം. മിഷൻ ഡയറക്ടറല്ല. പുതിയ കെട്ടിടത്തിന് വേണ്ട ഫണ്ടനുവദിക്കലും മിഷൻ ഡയറക്ടറുടെ അധികാര പരിധിയിലുള്ള സംഗതിയല്ല.

**വ്യാജ മരുന്നുകളുടെ നിയന്ത്രണം**

24(2492) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊളസ്ട്രോൾ, പ്രമേഹം, അമിതവണ്ണം എന്നിങ്ങനെയുള്ള രോഗങ്ങൾ നിയന്ത്രിക്കുമെന്ന അവകാശവാദങ്ങളുമായി ആയുർവേദ-അലോപ്പതി മരുന്നുകളുടെ പരസ്യങ്ങൾ പ്രമുഖ പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലെ പ്രസിദ്ധീകരിക്കുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ മരുന്നുകളുടെ ആധികാരിത പരിശോധിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) സ്വയം ചികിത്സയ്ക്കും മരുന്നിന്റെ ദുരുപയോഗത്തിനും ഇടയാക്കുന്ന ഇത്തരം പരസ്യങ്ങൾ നിരോധിക്കുന്നതിനും അവയുടെ വിപണനം തടയുന്നതിനും നിയമങ്ങൾ നിലവിലുണ്ടോ; എങ്കിൽ ഏത് തരത്തിലാണ് ഇവ നിയന്ത്രിക്കുവാൻ കഴിയുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരം മരുന്നുകൾ ഉപയോഗിച്ച് ആരോഗ്യത്തിന് അപകടം സംഭവിച്ചതോ ജീവഹാനി സംഭവിച്ചതോ ആയ ഏതെങ്കിലും സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഇ) പൊതുജനാരോഗ്യത്തിന് ഭീഷണിയായിട്ടുള്ളതും ഉപഭോക്താക്കളെ കബളിപ്പിക്കുന്നതുമായ ഇത്തരം മരുന്നുകൾ നിയന്ത്രിക്കുന്നതിനും പരസ്യങ്ങൾ തടയുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് (ഒബ്ജക്ഷണബിൾ അഡ്വർട്ടൈസ്മെന്റ്) നിയമങ്ങൾക്ക് വിരുദ്ധമായി പരസ്യം ചെയ്യുന്ന മരുന്ന് നിർമ്മാതാക്കൾക്കെതിരെ വകുപ്പ് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ വിവിധ കോടതികളിലായി ഇപ്രകാരമുള്ള 126 കേസുകൾ നടന്നുവരുന്നു. സ്വയം ചികിത്സയ്ക്കും മരുന്നുപയോഗത്തിനും ഉതകുന്ന രീതിയിലുള്ള പരസ്യങ്ങൾ നിരോധിക്കുന്നതിനായി കേന്ദ്ര സർക്കാർ നടപ്പിൽ വരുത്തിയിട്ടുള്ള ഡ്രഗ്സ്& മാജിക് റെമഡീസ് (ഒബ്ജക്ഷണബിൾ അഡ്വർട്ടൈസ്മെന്റ്) ആക്ട് 1954-ന്റെ ചട്ടങ്ങൾക്ക് വിരുദ്ധമായി മരുന്നുകളെ സംബന്ധിച്ച് അത്ഭുതകരമായ ഫലപ്രാപ്തിയും വ്യാജമായ അവകാശവാദങ്ങളും ഉന്നയിക്കുന്ന രീതിയിലുള്ള പരസ്യങ്ങൾ പത്ര മാധ്യമങ്ങളിൽ വ്യാപകമാകുന്നത് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയുർവേദ ഉൽപ്പന്നങ്ങളാണ് പൊതുവെ ഇപ്രകാരം നിയമ വിരുദ്ധമായി പരസ്യം ചെയ്തുവരുന്നത്. പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലുള്ള ഇത്തരം പരസ്യങ്ങളെക്കുറിച്ചും ശാസ്ത്രീയമായ മരുന്നുപയോഗം സംബന്ധിച്ചും പത്ര മാധ്യമങ്ങളിലൂടെ പൊതുജനങ്ങളെ അറിയിക്കുന്നതിനായും ഇത്തരം പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്താതിരിക്കാനായും വകുപ്പ് ദിനപ്പത്രങ്ങളുടെ ചീഫ് എഡിറ്റേഴ്സിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വിവിധതരം രോഗാവസ്ഥകൾ മരുന്നുകൾ മുഖേന ഭേദമാക്കാമെന്ന് യാതൊരു അവകാശവാദവും ഉന്നയിക്കാൻ പാടില്ല എന്ന് കേന്ദ്ര നിയമമായ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് 1940 റൂൾ 1945-ന്റെ കീഴിലെ ഷെഡ്യൂൾ 'ജെ' യിൽ പ്രതിപാദിച്ചിട്ടുണ്ട്. അത്ഭുതകരമായ ഫലപ്രാപ്തിയും മരുന്നുകളെപ്പറ്റിയുള്ള തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങളും നിയന്ത്രിക്കുന്നത് മാജിക് റെമഡീസ് (ഒബ്ജക്ഷണബിൾ അഡ്വർട്ടൈസ്മെന്റ്) ആക്ട് 1954 പ്രകാരമാണ്. ആയുർവദ, അലോപ്പതി, ഹോമിയോ മരുന്നുകൾക്ക് ഈ ആക്ട് ബാധകമാണ്. അലോപ്പതി മരുന്നുകളുടെ വിഷയത്തിൽ ഈ ആക്ട് വളരെ കർശനമായിത്തന്നെ നടപ്പിലാക്കിവരുന്നുണ്ട്. എന്നാൽ ഈ ആക്ടിലെ ചില പഴുതുകൾ ഉപയോഗിച്ച് അത്ഭുതകരമായ ഫലപ്രാപ്തിയുണ്ടെന്ന് തെറ്റിദ്ധാരണ ഉളവാക്കുന്ന ആയുർവേദ മരുന്നുകളുടെ പരസ്യങ്ങൾ വ്യാപകമായി മാധ്യമങ്ങളിൽ കാണുന്നുണ്ട്. അടുത്ത കാലങ്ങളിൽ ദൃശ്യ-ശ്രവണ മാധ്യമങ്ങളുടെ അതിപ്രസരം കാരണമാണ് ആയുർവ്വേദ മരുന്നുകളുടെ ഇത്തരത്തിലുള്ള പരസ്യങ്ങൾ വ്യാപകമായിട്ടുള്ളത്. ഈ ആക്ടിന്റെ ലംഘനത്തിനെതിരായി ഏതാണ്ട് 126-ഓളം കേസുകൾ സംസ്ഥാനത്തെ വിവിധ കോടതികളിലായി നടന്നുവരുന്നു. ഈ വിഷയത്തിൽ കർശനമായ നടപടികൾ സ്വീകരിക്കുന്നതിലേക്കായി ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ എല്ലാ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുമുണ്ട്.

(ഡി) വ്യാജ പരസ്യങ്ങൾ വഴി മരുന്നുകൾ ഉപയോഗിച്ച് ആരോഗ്യത്തിന് അപകടം സംഭവിച്ചതോ ജീവഹാനി സംഭവിച്ചതോ ആയിട്ടുള്ള സംഭവങ്ങൾ ഒന്നുംതന്നെ നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഇ) ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് (ഒബ്ജക്ഷണബിൾ അഡ്വർട്ടൈസ്മെന്റ്) നിയമങ്ങൾക്ക് വിരുദ്ധമായി പരസ്യം ചെയ്യുന്ന മരുന്ന് നിർമ്മാതാക്കൾക്കെതിരെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ വിവിധ കോടതികളിലായി ഇപ്രകാരമുള്ള 126 കേസുകൾ നടന്നുവരുന്നു. പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലുള്ള ഇത്തരം പരസ്യങ്ങളെക്കുറിച്ചും ശാസ്ത്രീയമായ മരുന്നുപയോഗം സംബന്ധിച്ചും പത്രമാധ്യമങ്ങളിലൂടെ പൊതുജനങ്ങളെ അറിയിക്കുന്നതിനായും ഇത്തരം പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്താതിരിക്കാനായും വകുപ്പ് ദിനപത്രങ്ങളുടെ ചീഫ് എഡിറ്റേഴ്സിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ കൂടുതൽ കർശന നടപടികൾ സ്വീകരിക്കുന്നതിലേക്കായി ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ എല്ലാ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുമുണ്ട്.

## മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്കാശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നത്

25(2493) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിൽ താലൂക്കാശുപത്രിയായി അപ്ഗ്രേഡ് ചെയ്ത മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, അപ്ഗ്രേഡ് ചെയ്ത് ഇതുവരെ ഉത്തരവ് പുറപ്പെടുവിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്കാശുപത്രിയായി അപ്ഗ്രേഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ ധനവ്യയ നിയന്ത്രണം നിലനിന്നതിനാൽ പരിഗണിച്ചിരുന്നില്ല. പുതിയ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

## പേവിഷ ബാധയ്ക്കെതിരെയുള്ള ചികിത്സ

26(2494) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേവിഷ ബാധയ്ക്കെതിരെയുള്ള ചികിത്സയ്ക്കും ക്യാമ്പയിൻ നടത്തുന്നതിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(ബി) 2014 ജനുവരി 1 മുതൽ 2015 ജൂൺ 30 വരെ എത്ര പേർ പേവിഷ ബാധയേറ്റ്ചികിത്സ തേടി എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) 1-4-2014 മുതൽ 31-3-2015 വരെ പേവിഷ വാക്സിൻ വാങ്ങുന്നതിനായി എത്ര തുക വകയിരുത്തിയെന്നും ഇതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) 2015 മേയ്, ജൂൺ മാസങ്ങളിൽ സർക്കാർ ആശുപത്രികളിൽ പേവിഷബാധിതരെ ചികിത്സിക്കുവാൻ മരുന്ന് ലഭ്യമാക്കാതിരുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ആന്റി റാബീസ് ക്യാമ്പയിൻ എന്ന പുതിയ പദ്ധതി പ്രകാരം 2014-15-ൽ ഒരു കോടി രൂപയും 2015-16-ൽ രണ്ട് കോടി രൂപയും പേവിഷ ബാധയ്ക്കെതിരെയുള്ള മരുന്നുകൾ വാങ്ങാൻ അനുവദിച്ചിട്ടുണ്ട്. ഈ തുക കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധം (എ), (ബി) ആയി ചേർത്തിരിക്കുന്നു.*

(സി) ആന്റി റാബീസ് ക്യാമ്പയിൻ പദ്ധതി പ്രകാരം 1-4-2014 മുതൽ 31-3-2015-വരെ പേവിഷ വാക്സിൻ വാങ്ങുന്നതിനായി ഒരു കോടി രൂപ വകയിരുത്തിയിരുന്നു. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി ഈ തുകയ്ക്കുള്ള വാക്സിൻ വിതരണം നടത്തിയിട്ടുണ്ട്.

(ഡി) 2015 മേയ്, ജൂൺ മാസങ്ങളിൽ ആന്റി റാബീസ് വാക്സിൻ പ്രധാന സർക്കാർ ആശുപത്രികളിൽ ലഭ്യമായിരുന്നു. ഗുരുതരമായ കടിയേൽക്കുന്നവർക്ക് നൽകുന്ന ആന്റീറാബീസ് സിറത്തിന്റെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുവാൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഈ മരുന്ന് കാരുണ്യ ഫാർമസി വഴി വാങ്ങി സർക്കാർ ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

**തെരുവുനായ ശല്യം**

27(2495) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ കടിയേററ് നിരവധിപേർ ആശുപത്രികളിലെത്തുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എല്ലാ സർക്കാർ ആശുപത്രികളിലും പേപ്പട്ടി വിഷബാധക്കെതിരെ മരുന്നു ലഭ്യമാണോ ? ഇല്ലെങ്കിൽ മരുന്നു ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ കടിയേറ്റ് നിരവധിപേർ ആശുപത്രികളിലെത്തുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എല്ലാ പ്രധാന സർക്കാർ ആശുപത്രികളിലും പേപ്പട്ടി വിഷബാധയ്ക്ക് എതിരെയുള്ള മരുന്നു ലഭ്യമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കാത്ത് ലാബ് സ്ഥാപിക്കൽ**

28(2496) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ ആശുപത്രിയിലും എറണാകുളം, കോഴിക്കോട് ജനറൽ ആശുപത്രികളിലും കാത്ത് ലാബ് സ്ഥാപിക്കുന്നതിനായി 2015-16 ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിരുന്നു ;വ്യക്തമാക്കുമോ ;

(ബി) ഇതിൽ നിന്നും ഇതുവരെ ചെലവായ തുകയെത്രയാണെന്നും അവ എന്തെല്ലാം പദ്ധതിക്കായി എവിടെയെല്ലാമാണെന്നും അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) 2015-16 സാമ്പത്തിക വർഷത്തിൽ കാത്ത് ലാബ്&ഐ.സി.യു. സംവിധാനം ആരംഭിക്കുക എന്ന പദ്ധതിയിൽ ജില്ലാ ആശുപത്രി- കൊല്ലം, ജനറൽ ആശുപത്രി-എറണാകുളം, ജില്ലാ ആശുപത്രി-കോഴിക്കോട് എന്നിവിടങ്ങളിൽ കാത്ത് ലാബ് ആരംഭിക്കുന്നതിന് 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഒരു സ്ഥാപനത്തിൽ കാത്ത് ലാബ് ആരംഭിക്കുന്നതിന് 5 കോടി രൂപയോളം ചെലവു വരുന്നതിനാൽ നടപ്പ് സാമ്പത്തിക വർഷം എറണാകുളം ജനറൽ ആശുപത്രിയിൽ പദ്ധതി നടപ്പിലാക്കുന്നതിനായി 15-6-2015 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 1804/15/ആ.കു.വ. പ്രകാരം ഭരണാനുമതി നൽകുകയും പദ്ധതി നിർവ്വഹണത്തിനായി 17-8-2015-ലെ സ.ഉ.(സാധാ) നമ്പർ 2649/15/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം മേൽ തുക മുഴുവൻ കെ.എം.എസ്.സി.എൽ.-ന് കൈമാറുകയും ചെയ്തിട്ടുണ്ട്.

**സുകൃതം പദ്ധതി**

29(2497) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സുകൃതം ചികിൽസാ പദ്ധതിയിലൂടെ എന്തെല്ലാം സഹായങ്ങളാണ് കാൻസർ രോഗ ബാധിതർക്ക് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതിനാലും ക്യാൻസർ രോഗ ചികിത്സ ഭാരിച്ച ചെലവ് വേണ്ടിവരുന്നതിനാലും സാധാരണക്കാരായ ജനങ്ങൾക്ക് കാൻസർ ചികിത്സ അപ്രാപ്യമാവുകയും ക്യാൻസർ മരണനിരക്ക് കൂട്ടുന്നതിന് കാരണമാകുകയും ചെയ്യുന്നു. ഈ അവസ്ഥ ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് സുകൃതം. സംസ്ഥാനത്ത് എല്ലാ ക്യാൻസർ രോഗികൾക്കും സൗജന്യ ചികിത്സ നൽകുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ

സുകൃതം പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. എന്നാൽ ഒന്നാം ഘട്ടത്തിൽ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ക്യാൻസർ രോഗികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ ഉറപ്പാക്കിവരുന്നു. സുകൃതം പദ്ധതി പ്രകാരം 2014-15 സാമ്പത്തിക വർഷം 11 കോടി രൂപ മെഡിക്കൽ കോളേജുകൾക്ക് അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ കണ്ണൂർ, അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നീ സ്ഥാപനങ്ങളിലാണ് ആദ്യമായി ഈ പദ്ധതി ലഭ്യമായിട്ടുള്ളത്. ആർ.എസ്.ബി.വൈ./കാരുണ്യ/താലോലം തുടങ്ങിയ ഫണ്ടുകൾ പ്രയോജന പ്പെടുത്തിയ ശേഷമേ സുകൃതം ഫണ്ട് ഉപയോഗപ്പെടുത്തുകയുള്ളൂ. ഇതിനായി സംസ്ഥാന തലത്തിൽ ഒരു സൊസൈറ്റി രൂപീകരിക്കുകയും ധനസമാഹരണത്തിന് അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രാരംഭഘട്ടത്തിൽ താഴെപ്പറയുന്നവർക്ക് 3 ലക്ഷം രൂപ വരെയുള്ള ചികിത്സാ സൗജന്യം ലഭിക്കുന്നതായിരിക്കും.

<u>അർഹരായവർ :</u>

- ബി.പി.എൽ. (BPL) കാർഡുള്ളവർ
- ആർ.എസ്.ബി.വൈ. (RSBY) കാർഡുള്ളവർ
- ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് പഞ്ചായത്ത് മുൻസിപ്പൽ സെക്രട്ടറിമാർ നൽകുന്ന സർട്ടിഫിക്കറ്റുള്ളവർ

കേരളത്തിലുള്ള ബി.പി.എൽ. കാർഡുടമകൾക്ക് ക്യാൻസർ രോഗം സ്ഥിരീകരിച്ച് കഴിഞ്ഞാൽ 3 ലക്ഷം രൂപ വരെയുള്ള ക്യാൻസർ ചികിത്സ സൗജന്യമായി നൽകുന്നതിനായി കേരള സർക്കാർ 2014 നവംബർ 1 മുതൽ നടപ്പിലാക്കിയ ഒരു പദ്ധതിയാണ് സുകൃതം. ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി അതാത് ആശുപത്രികളിൽ നിയമിച്ചിട്ടുള്ള സുകൃതം വോളന്റിയേഴ്സിനെ രോഗിയുടെ പേര് ഉൾപ്പെട്ട റേഷൻ കാർഡുമായി സമീപിച്ചാൽ പ്രസ്തുത രോഗിയെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യ ചികിത്സ ലഭ്യമാക്കുന്നതാണ്. പദ്ധതിയുടെ നടത്തിപ്പിനായി വലിയ സാമ്പത്തിക ബാധ്യത വേണ്ടിവരുന്നതിനാൽ ആദ്യഘട്ടത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ബി.പി.എൽ., ആർ.എസ്.ബി.വൈ. കാർഡ് ഉടമകൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ബി.പി.എൽ. വരുമാന സർട്ടിഫിക്കറ്റുള്ളവർ തുടങ്ങിയവർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി വരും. പ്രതിവർഷം 300 കോടിയോളം രൂപ ചെലവ് വരുന്നതാണ് ഈ പദ്ധതി. ആദ്യഘട്ടത്തിൽ 35 ലക്ഷം കുടുംബാംഗങ്ങൾക്ക് സഹായമെത്തിക്കുകയാണ് സുകൃതം പദ്ധതിയുടെ ലക്ഷ്യം. രണ്ടാം ഘട്ടത്തിൽ എല്ലാ ജനവിഭാഗങ്ങൾക്കും ഇതിന്റെ പ്രയോജനം ലഭ്യമാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഒരു സാമ്പത്തിക വർഷം ഏകദേശം 10 കോടി രൂപയിൽപ്പരം രൂപയുടെ ചെലവുവരുമെന്ന് അനുമാനിക്കുന്നു.

**ജില്ലാ ജനറൽ ആശുപത്രികളിൽ ഡോക്ടർമാരില്ലാത്ത അവസ്ഥ**

30 (2498) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജില്ലാ ജനറൽ ആശുപത്രികളിൽ ഉച്ചകഴിഞ്ഞ് കാഷ്വാലിറ്റിയിൽപ്പോലും ഡോക്ടർമാരില്ലാത്ത അവസ്ഥമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) അപകടങ്ങളിൽപ്പെട്ടും അത്യാസന്ന നിലയിലും എത്തുന്നവർക്ക് അടിയന്തര ചികിത്സ നൽകുന്നതിൽ പരാജയപ്പെടുന്നതുകൊണ്ടാണ് ജനങ്ങൾ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുന്നതും അവരുടെ ചൂഷണത്തിനിരയാകുകയും ചെയ്യുന്നതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിലെ എല്ലാ ജില്ലാ/ജനറൽ ആശുപത്രികളിലും 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. ആയതിനാൽ കാഷ്വാലിറ്റിയിൽ ഡോക്ടർമാരില്ലാത്ത അവസ്ഥമൂലം ജനങ്ങൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇത്തരത്തിലുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ആരോഗ്യ വകുപ്പിന് കീഴിലുള്ള വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ**

31(2499) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആശുപത്രികളുടെ ആവശ്യങ്ങൾക്കായി എത്ര പുതിയ വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) അവ ഓരോന്നും ഏത് ആശുപത്രിക്കാണ് നൽകിയിട്ടുള്ളത് വിശദമാക്കാമോ;

(സി) ഹെൽത്ത് ഡയറക്ടറേറ്റിന് കീഴിൽ ട്രാൻസ്പോർട്ട് വർക്ക്ഷോപ്പ് ഉള്ളപ്പോൾ വാഹനങ്ങൾ നന്നാക്കുവാനായി പലപ്പോഴും സ്വകാര്യ സ്ഥാപനങ്ങൾക്ക് വിട്ട് നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(ഡി) ഹെൽത്ത് ട്രാൻസ്പോർട്ട് വർക്ക്ഷോപ്പ് ശക്തിപ്പെടുത്തുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 100% സി.എസ്.എസ്.-ൽ വാങ്ങിയ വാഹനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. സ്റ്റേറ്റ് ഫണ്ടുപയോഗിച്ച് വാഹനങ്ങൾ ഒന്നും വാങ്ങിയിട്ടില്ല.

| | | |
|---|---|---|
| 1 | TATA LP 1512 bus | 4 എണ്ണം |
| 2 | Toyota Innova 2.5 G | 2 എണ്ണം |
| 3 | Suzuki Access Motor Cycle | 65 എണ്ണം |
| 4 | Bolero LX | 11 എണ്ണം |
| 5 | Maruti Swift Touristes | 25 എണ്ണം |

(ബി) പുതിയ വാഹനങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ മൂന്ന് ഫ്രീ സർവ്വീസുകളും വാറണ്ടിക്കാവശ്യമായ കിലോമീറ്റർ പൂർത്തികരിക്കേണ്ടതുണ്ട്. ആയതിനാൽ വാഹനങ്ങളെല്ലാം തന്നെ താരതമ്യേന ഓട്ടം കൂടുതലുള്ള ആരോഗ്യ വകുപ്പ് കാര്യാലയത്തിലും ജില്ലാ മെഡിക്കൽ ഓഫീസുകളിലും നിലനിർത്തുകയാണ് പതിവ്. അവിടെ ഉപയോഗിച്ചുകൊണ്ടിരുന്ന വാഹനങ്ങൾ ആശുപത്രികൾക്ക് കൈമാറുകയുമാണ് ചെയ്തിട്ടുള്ളത്. സ്റ്റേറ്റ് ടി.ബി. സെൽ, തിരുവനന്തപുരത്തിലേക്ക് വാങ്ങിയ മോട്ടോർ സൈക്കിൾ ഏതൊക്കെ സ്ഥാപനങ്ങൾക്ക് നൽകി എന്നതിന്റെ ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു.*

(സി) ഹെൽത്ത് ട്രാൻസ്പോർട്ടിന്റെ കീഴിൽ വാഹനങ്ങളുടെ എഞ്ചിൻ ഓവർ ഹോളിംഗ് ഉൾപ്പെടെയുള്ള എല്ലാവിധ അറ്റകുറ്റപ്പണികളും ഹെൽത്ത് ട്രാൻസ്പോർട്ട് വർക്ക്ഷോപ്പുകളിലാണ് ചെയ്യുന്നത്. എന്നാൽ പാച്ച് വർക്ക്, പെയിന്റിംഗ്, അപ്ഹോൾസ്റ്ററി മുതലായ ജോലികൾ ചെയ്യുന്നതിനുള്ള സ്റ്റാഫും മറ്റ് സൗകര്യങ്ങളും നിലവിലില്ലാത്തതിനാൽ പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റ് അംഗീകരിച്ച റേറ്റിലും പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റ് അംഗീകൃതമായ വർക്ക് ഷോപ്പുകളിലും മേൽ ജോലികൾ ചെയ്തുവരുന്നു. കൂടാതെ ന്യൂ ജനറേഷൻ വാഹനങ്ങളുടെ സങ്കീർണ്ണമായ ജോലികൾ വരുന്ന അവസരങ്ങളിൽ മാത്രം വാഹന നിർമ്മാതാക്കളുടെ അംഗീകൃത ഡീലർ മുഖാന്തരവും ചെയ്തുവരുന്നു.

(ഡി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ശബരിമല മാസ്റ്റർ പ്ലാൻ

32(2500) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന സന്നിധാനത്തെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം ഏതു ഘട്ടംവരെയായി എന്നു പറയാമോ; ഇതിന്റെ നിർമ്മാണത്തിനായി എത്ര കോടി രൂപയാണ് ചെലവഴിക്കുന്നത്; നിർമ്മാണം ആരംഭിച്ചത് എന്ന്; പണി എന്നു പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിരുന്നത്; നിർമ്മാണം വൈകാനുണ്ടായ കാരണം വ്യക്തമാക്കാമോ; പ്രശ്നം പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പ്രധാന ഡിസൈനിന് മാറ്റം വരുത്തിയോ; എങ്കിൽ എന്തുകൊണ്ട് മാറ്റം വരുത്തി; പ്ലാന്റിന്റെ പണി എന്നു പൂർത്തിയാക്കാനാവും എന്നു പറയാനാകുമോ;

(ബി) സന്നിധാനത്തെ ക്യൂ കോംപ്ലക്സിന്റെ നിർമ്മാണം ഏതു ഘട്ടം വരെയായി; പണി ആരംഭിച്ചത് എന്നാണ്; പണി വൈകാനുള്ള കാരണം വ്യക്തമാക്കാമോ; എത്ര രൂപയാണ് പദ്ധതിക്കായി ചെലവഴിക്കുന്നത്; എന്നത്തേക്ക് പണി പൂർത്തിയാക്കാനാകും;

(സി) സന്നിധാനത്തെ രണ്ട് അന്നദാന മണ്ഡപങ്ങളുടെ പണി ആരംഭിച്ചത് എന്ന്; നിർമ്മാണം ഏതു ഘട്ടം വരെയായി; വൈകാനുണ്ടായ കാരണം വ്യക്തമാക്കാമോ; പ്രശ്നപരിഹാരത്തിന് എന്തു നടപടി സ്വീകരിച്ചു; പണി എന്നത്തേക്ക് പൂർത്തീകരിക്കാനാകും എന്ന് പറയാമോ;

(ഡി) സന്നിധാനത്തിലും പമ്പയിലുമായി നിർമ്മിക്കുന്ന ടോയ്‌ലെറ്റ് ബ്ലോക്കുകളുടെ പണി ആരംഭിച്ചത് എന്ന്; അടുത്ത സീസണിനു മുമ്പ് പണി പൂർത്തിയാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) നിലയ്ക്കൽ ബേസ്മെന്റ് ക്യാമ്പിന്റെ വികസനം ആരംഭിച്ചത് ഏതു വർഷമാണെന്നു വ്യക്തമാക്കുമോ?

### <u>ഉത്തരം</u>

(എ) ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന സന്നിധാനത്തെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയാകുകയും പ്ലാന്റിന്റെ ഉദ്ഘാടനം 10-11-2015-ൽ നിർവ്വഹിക്കുകയും ചെയ്തു. പ്ലാന്റ് പ്രവർത്തനക്ഷമമാണ്. അഞ്ച് ദശലക്ഷം ലിറ്റർ മാലിന്യം സംസ്കരിക്കുവാൻ ശേഷിയുള്ള പ്രസ്തുത പ്ലാന്റിന്റെ മാലിന്യ സംസ്കരണ പ്രക്രിയകൾ പൂർണ്ണമായിക്കൊണ്ടിരിക്കുകയാണ്. പ്ലാന്റിന്റെ

നിർമ്മാണ ചെലവ് 21.70 കോടി രൂപയാണ്. കൂടാതെ ആദ്യത്തെ ഒരു വർഷം ഡിഫക്ട് ലയബിലിറ്റി പീരിഡിൽ ഓപ്പറേഷൻ ആന്റ് മെയിന്റനൻസിനായി 18 ലക്ഷം രൂപയും പിന്നീടുള്ള അഞ്ചുവർഷക്കാലം ഓപ്പറേഷൻ ആന്റ് മെയിന്റനൻസിനായി യഥാക്രമം ഓരോ വർഷവും 1.3, 17.10, 19.80, 21.6, 25.20 ലക്ഷം എന്ന കണക്കിൽ നൽകേണ്ടതായിട്ടുണ്ട്. മൊത്തം ചെലവ് 22.87 കോടി രൂപവരും. ടെണ്ടർ വിളിച്ച ഡിസൈൻ പ്രകാരമാണ് പണികൾ നടത്തിയത്. 30-6-2015-ന് പൂർത്തിയാക്കാനുദ്ദേശിച്ചിരുന്നു. എന്നാൽ നിർമ്മാണത്തിനായി ശബരിമല മാസ്റ്റർ പ്ലാൻ ലേ ഔട്ട് പ്രകാരം തെരഞ്ഞെടുത്ത സ്ഥലം കട്ടിയുള്ള കരിങ്കൽ പ്രദേശമായതിനാലും വനപ്രദേശം എന്ന നിലയിൽ സാധാരണ രീതിയിൽ പാറ പൊട്ടിക്കുവാൻ അനുവാദമില്ലാത്തതിനാലും കൺട്രോൾഡ് ബ്ലാസ്റ്റിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതായി വന്നതിനാലുമാണ് പ്രധാനമായും പദ്ധതി പൂർത്തീകരണത്തിന് കാലതാമസമുണ്ടാക്കിയത് എന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി) മരക്കൂട്ടം മുതൽ ശരംകുത്തി വരെയുള്ള ആറ് ക്യൂ കോംപ്ലക്സുകളുടെ നിർമ്മാണം ഈ സീസണ് മുമ്പ് പൂർത്തിയായിട്ടുണ്ട്. തുടർന്ന് മരക്കൂട്ടം മുതൽ ശരംകുത്തി വരെയുള്ള നാല് ക്യൂ കോംപ്ലക്സുകളുടെയും ശരംകുത്തി മുതൽ സന്നിധാനം വരെയുള്ള നാല് ക്യൂ കോപ്ലക്സുകളുടെയും നിർമ്മാണം സീസൺ കഴിഞ്ഞാലുടൻ ആരംഭിച്ച് 2016-17 ലെ സീസണിനു മുമ്പ് പൂർത്തിയാക്കുവാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ടെണ്ടർ വിളിച്ച സന്ദർഭങ്ങളിൽ ആരും കരാർ ഏറ്റെടുത്ത് നടത്തുവാൻ മുന്നോട്ടുവരാത്തതാണ് പ്രധാനമായും പദ്ധതി പൂർത്തിയാക്കുന്നതിന് കാലതാമസം നേരിട്ടത്.

(സി) സന്നിധാനത്ത് രണ്ട് അന്നദാന മണ്ഡപങ്ങൾ സ്പോൺസർഷിപ്പ് അടിസ്ഥാനത്തിൽ ശ്രീ. സുദർശൻ റെഡ്ഡി, ഹൈദരാബാദ്, ശ്രീ. സുനിൽ സ്വാമി, കൊല്ലം എന്നിവർക്ക് നൽകുകയും പണികൾ ആരംഭിക്കുകയും ചെയ്തിരുന്നു. ശ്രീ. സുദർശൻ റെഡ്ഡി തിരുവിതാംകൂർ ദേവസ്വം ബോർഡുമായി ഏർപ്പെട്ട കരാർ പ്രകാരം പ്രവർത്തിക്കാത്തതിനാൽ ആയത് ക്യാൻസൽ ചെയ്യുകയും കോടതിയെ സമീപിച്ച ശ്രീ. സുദർശന റെഡ്ഡിയുടെ കേസ് ഹൈക്കോടതി തള്ളിക്കളയുകയും ഡിപ്പാർട്ട്മെന്റ് നേരിട്ട് നിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ നടന്നു കൊണ്ടിരിക്കുകയുമാണ്. ഈ അന്നദാന മണ്ഡപം ബേസ്മെന്റ് ലെവൽ വരെ മാത്രമേ ആയിട്ടുള്ളൂ. രണ്ടാമത്തെ അന്നദാന മണ്ഡപത്തിന്റെ ഒന്നാം നിലയുടെ പകുതിവരെ ആയിട്ടുണ്ട്. അടുത്ത സീസണിനു മുമ്പ് പണികൾ പൂർത്തീകരിക്കുമെന്നാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുള്ളത്.

(ഡി) സന്നിധാനത്തും പമ്പയിലുമായി നിർമ്മിക്കുന്ന ടോയ്‌ലെറ്റ് ബ്ലോക്കുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്.

(ഇ) 2010.

## തരൂർ മണ്ഡലത്തിലെ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്

33(2501) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ പഴമ്പാലക്കോട് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഏതെല്ലാം കോഴ്സുകളാണ് ഉള്ളത്; എത്ര കുട്ടികൾക്കാണ് പ്രവേശനം നൽകുന്നത്; പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പ്രവേശനത്തിന് മുൻഗണനയുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) സ്ഥാപനത്തിന് സ്വന്തമായി കെട്ടിടമുണ്ടോ; ഇല്ലെങ്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഏതുവരെയായി;

(സി) കെട്ടിട നിർമ്മാണത്തിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

### ഉത്തരം

(എ) തരൂർ മണ്ഡലത്തിലെ പഴമ്പാലക്കോട് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് മാത്രമാണുള്ളത്. ഒരു വർഷം 30 കുട്ടികൾക്കാണ് പ്രവേശനം നൽകുന്നത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പ്രവേശനത്തിന് മുൻഗണനയുണ്ട്. പട്ടികജാതിക്ക് 60% സീറ്റും പട്ടിക വർഗ്ഗത്തിന് 20% സീറ്റും ജനറലിന് 20% സീറ്റുമാണ് നിശ്ചയിച്ചിട്ടുള്ളത്.

(ബി&സി) നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടില്ല. ആയത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരുന്നു.

## തെരുവ് നായ്ക്കളുടെ ആക്രമണമേൽക്കുന്നവർക്ക് ചികിത്സ

34(2502) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തെരുവ് നായ്ക്കളുടെ കടിയേറ്റ് ആശുപത്രിയിൽ ചികിത്സ തേടിയവരുടെ എണ്ണം എത്ര; ജില്ല തിരിച്ച് വ്യക്തമാക്കുമോ; ഇതിൽ എത്ര പേർ മരണപ്പെട്ടു;

(ബി) പട്ടികടിയേറ്റ് സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയവരുടെ ചികിത്സയ്ക്കും മരുന്നിനുമായി ഈ സർക്കാർ ആകെ ചെലവഴിച്ച തുക എത്ര; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) നീതി മെഡിക്കൽ സ്റ്റോർ, ആരോഗ്യ വകുപ്പിന് കീഴിലെ മെഡിക്കൽ സ്റ്റോർ, കാരുണ്യ മെഡിക്കൽ സ്റ്റോർ എന്നിവിടങ്ങളിൽ പട്ടികടിയേറ്റവർക്ക് ലഭ്യമാക്കുന്ന മരുന്നുകളുടെ വിലയും സ്വകാര്യ മെഡിക്കൽ സ്റ്റോറുകളിലെ വിലയും എത്രയെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ;

(ഡി) തെരുവ് നായകൾ മനുഷ്യജീവന് ഭീഷണിയായാൽ അവയെ കൊല്ലാം എന്ന നിയമ സെക്രട്ടറിയുടെ അഭിപ്രായം ആരോഗ്യ വകുപ്പും ക്യാബിനറ്റും പരിശോധിച്ചുവോ; വ്യക്തമാക്കുമോ;

(ഇ) ഉത്തരാഖണ്ഡ് സംസ്ഥാനത്ത്, പട്ടികടിയേറ്റ് ആശുപത്രികളിൽ ചികിത്സ നടത്തവേ മരണപ്പെട്ടാൽ അവർക്ക് ആരോഗ്യ വകുപ്പ് രണ്ട് ലക്ഷം രൂപ നഷ്ടപരിഹാരം നൽകണമെന്ന കോടതി വിധിയുടെ അടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനവും നഷ്ടപരിഹാരം നൽകുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) കേന്ദ്ര സർക്കാർ, തെരുവുനായ്ക്കളാൽ ആക്രമിക്കപ്പെടുന്നവർക്ക് ചികിത്സയ്ക്കും, മരുന്നിനും നഷ്ടപരിഹാരത്തിനുമായി എത്ര രൂപ നൽകി; സംസ്ഥാന ആരോഗ്യ വകുപ്പ് സഹായം ആവശ്യപ്പെട്ടുവോ; വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

**ജനറൽ ആശുപത്രിയായി ഉയർത്തിയതിന്റെ വിവരങ്ങൾ**

35(2503) <u>ഡോ. കെ. ടി. ജലീൽ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര ആശുപത്രികൾ ജനറൽ ആശുപത്രികളായി ഉയർത്തപ്പെട്ടിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ഏഴ് ആശുപത്രികളെ ജനറൽ ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്. നെയ്യാറ്റിൻകര, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലാ ആശുപത്രികളും പാല, ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി, ഇരിങ്ങാലക്കുട എന്നീ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളുമാണ് ജനറൽ ആശുപത്രിയായി ഉയർത്തിയിട്ടുള്ളത്.

## ഭക്ഷ്യ പരിശോധനയ്ക്ക് വിലക്ക്

36(2504) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കറിപ്പൊടികളിലെ മായം കണ്ടെത്തുന്നതിനുള്ള പരിശോധനയ്ക്ക് തുടർച്ച ഇല്ലാതായതിന്റെ കാരണം എന്തായിരുന്നു;

(ബി) സംസ്ഥാനത്ത് എത്ര ബ്രാൻഡുകളിലായി കറിപ്പൊടികൾ വിറ്റഴിക്കപ്പെടുന്നുണ്ട് ; ഇവയിൽ ഏതെല്ലാം ബ്രാൻഡുകളിലുള്ള കറിപ്പൊടികളാണ് ഈ വർഷം പരിശോധിച്ചിട്ടുള്ളത്; വൻതോതിൽ വിറ്റഴിക്കപ്പെടുന്ന മറ്റ് ബ്രാൻഡുകളിലെ കറിപ്പൊടികൾ പരിശോധനയ്ക്ക് വിധേയമാക്കാതിരുന്നതിന്റെ കാരണം എന്തായിരുന്നു;

(സി) തദ്ദേശഭരണ തെരഞ്ഞെടുപ്പ് കഴിയുന്നതുവരെ ഭക്ഷ്യ പരിശോധനയ്ക്ക് വിലക്ക് ഏർപ്പെടുത്തിക്കൊണ്ട് ഭക്ഷ്യ സുരക്ഷാ കമ്മീഷണർക്ക് അനൗദ്യോഗികമായി നിർദ്ദേശം നൽകുകയുണ്ടായോ; എങ്കിൽ കാരണം വെളിപ്പെടുത്താമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാ ലാബുകളിൽ കറിപൗഡറുകളിലെ മായം കണ്ടെത്തുന്നതിനുള്ള പരിശോധനയ്ക്ക് ലഭ്യമായിട്ടുള്ള എല്ലാ സാമ്പിളുകളും കൃത്യമായി പരിശോധന നടത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് വൻതോതിൽ വിറ്റഴിക്കപ്പെടുന്ന എല്ലാ പ്രമുഖ ബ്രാൻഡുകളിലേയും കറിപൗഡറുകളുടെ സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. ഈസ്റ്റേൺ, നിറപറ, കിച്ചൻ ട്രഷേഴ്സ്, പ്രിയം, ഡബിൾഹോഴ്സ്, പുലരി, സാറാസ്, ബ്രാഹ്മിൻസ്, മേളം, കൗള, മാസ്റ്റർകുക്ക്, എൻ.എസ്., എൽ.ഒ.-35, പി.എം.പി, ക്വാളിറ്റി, പൊന്നൂസ്, ഭാഗിനി നികേതൻ, മിസ്റ്റർ ഷെഫ് കിച്ചൻ മാജിക് എന്നീ ബ്രാൻഡുകളുടെ കറിപൗഡറുകൾ ഈ വർഷം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. വിവിധ ബ്രാൻഡുകളിലായി സംസ്ഥാനത്ത് വിപണിയിലുള്ള കറിപൗഡറുകളുടെ കൃത്യമായ വിവരം ശേഖരിച്ചുവരുന്നു.

(സി) നല്കിയിട്ടില്ല.

## കാരുണ്യ ബെനവലന്റ് ഫണ്ട് മുഖാന്തരം ചികിത്സാ ധനസഹായം ലഭിച്ചവരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

37(2505) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അടിയന്തര ചികിത്സ തേടേണ്ടി വന്നവരും കാരുണ്യ ബെനവലന്റ് ഫണ്ട് മുഖാന്തരം ചികിത്സാ ധനസഹായം ലഭിച്ചവരുമായ രോഗികളുടെ എന്നുവരെയുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷകളിൻമേൽ തീരുമാനമെടുത്തിട്ടുണ്ട്;

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജ് അധികാരികൾക്ക് നടപ്പ് സാമ്പത്തിക വർഷം സമർപ്പിച്ച റീ-ഇംബേഴ്സ്മെന്റ് അപേക്ഷകളിൽ ഇനി തീരുമാനമെടുക്കാൻ അവശേഷിക്കുന്നവ എത്ര; പ്രസ്തുത അപേക്ഷകളിൽ തീരുമാനമെടുക്കാൻ വൈകുന്നുണ്ടെങ്കിൽ ആയതിനുള്ള കാരണമെന്ത്; ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(സി) കാരുണ്യ ചികിത്സാ ധന സഹായം ലഭിച്ച രോഗികളുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ബില്ലുകൾ പരിശോധിച്ച് അടിയന്തരമായി റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ&ബി) റീ-ഇംബേഴ്സ്മെന്റ് അപേക്ഷ പ്രകാരം എല്ലാ രേഖകളും തരികയും ഓരോ അപേക്ഷയിലേയും ബാലൻസ് തുക തിരികെ ലഭിക്കുകയും ചെയ്താൽ മാത്രമേ റീ-ഇംബേഴ്സ്മെന്റ് അപേക്ഷ പ്രോസസ് ചെയ്യാൻ സാധിക്കുകയുള്ളൂ. ഒരു നിശ്ചിത കാലയളവ് കണക്കാക്കി റീ-ഇംബേഴ്സ്മെന്റ് പ്രോസസ് ചെയ്യാൻ കഴിയില്ല. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സ തേടിയ ഏകദേശം 125-ഓളം അപേക്ഷകർക്ക് റീ-ഇംബേഴ്സ്മെന്റ് നൽകിയിട്ടുണ്ട്. ബാക്കി അപേക്ഷകൾ പ്രോസസിംഗിലാണ്. കാലതാമസം കൂടാതെ ചികിത്സാ ധനസഹായം (റീ-ഇംബേഴ്സ്മെന്റ് ഇനത്തിലുള്ളത്) അനുവദിച്ചു നൽകുന്നതാണ്. കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും തിരുവനന്തപുരം മെഡിക്കൽകോളേജിലേക്ക് റീ-ഇംബേഴ്സ്മെന്റുമായി ബന്ധപ്പെട്ട അപേക്ഷകളൊന്നും സമർപ്പിച്ചിട്ടില്ല.

(സി) ഗവണ്മെന്റ് മെഡിക്കൽ കോളേജുകളിലെ സൂപ്രണ്ടുമാർ അപ്രൂവ് ചെയ്തു വരുന്ന റീ-ഇംബേഴ്സ്മെന്റ് അപേക്ഷകളിന്മേൽ ധനസഹായം ഉടൻ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്.

## എയ്ഡ്സ് രോഗവ്യാപനം

38(2506) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡ്സ് രോഗികളുടെ എണ്ണം കൂടി വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത രോഗവ്യാപനം തടയുന്നതിനും ഇതു സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തുകയാണ് പ്രസ്തുത രോഗത്തിനായി ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ സേവന കേന്ദ്രങ്ങളിലെ വിവരങ്ങൾ പ്രകാരം എയ്ഡ്സ് ബാധിതരുടെ എണ്ണം കൂടി വരുന്നതായി കാണുന്നില്ല. എയ്ഡ്സ് വ്യാപനം തടയുന്നതിനായി കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Naco Fund Statement of Expenditure :

| Year | Expenditure (in Lakhs) |
|---|---|
| 2011-12 | 2685.94 |
| 2012-13 | 2805.64 |
| 2013-14 | 2498.78 |
| 2014-15 | 2822.19 |
| 2015-16 as on 7-12-2015 | 1327.44 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

State Fund

Expenditure Statement as on 10-12-2015

| Year | Expenditure | | |
|---|---|---|---|
| | Plan | Non-Plan | Total |
| 2011-12 | 19940371 | ... | 19940371 |
| 2012-13 | 3013126 | 10947000 | 13960126 |
| 2013-14 | 15951852 | 20000000 | 35951852 |
| 2014-15 | 5966841 | 20000000 | 25966841 |
| 2015-16 | 1199989 | 18776724 | 19976713 |

**നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ പ്രവർത്തനം**

39(2507) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും എൻ.ആർ.എച്ച്.എം. വഴി ചെലവഴിച്ച തുക എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) എൻ.ആർ.എച്ച്.എം. മേഖലയിൽ ആകെ എത്ര ജീവനക്കാരുണ്ടെന്ന് ജില്ല അടിസ്ഥാനത്തിൽ തസ്തിക തിരിച്ച് അറിയിക്കുമോ;

(ഡി) ഇതിൽ സേവനമനുഷ്ഠിക്കുന്ന താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. എല്ലാ മാസവും ആരോഗ്യ വകുപ്പുമന്ത്രിയും ആരോഗ്യ വകുപ്പ് സെക്രട്ടറിയും നടത്തുന്ന സീനിയർ മെഡിക്കൽ ഓഫീസർമാരുടെ കോൺഫറൻസിലും ജില്ലാ പ്രോഗ്രാം ഓഫീസർമാരുടെ സംസ്ഥാന മിഷൻ ഡയറക്ടർ നടത്തുന്ന പ്രതിമാസ അവലോകന യോഗത്തിലും

ദേശീയ ആരോഗ്യ ദൗത്യത്തിന്റെ എല്ലാ പദ്ധതികളുടെയും സാമ്പത്തിക ഭൗതിക പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. ഇതുകൂടാതെ സംസ്ഥാനതലത്തിൽ നടത്തുന്ന സ്റ്റേറ്റ് റിവ്യൂ മിഷൻ എല്ലാ ജില്ലാ എൻ.ആർ.എച്ച്.എം. ഓഫീസുകളും സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. എല്ലാ ജില്ലകളിലും ജില്ലാ മെഡിക്കൽ ഓഫീസർ നടത്തുന്ന അവലോകന യോഗത്തിലും ബ്ലോക്ക് തലത്തിൽ ബ്ലോക്ക് മെഡിക്കൽ ഓഫീസർ നടത്തുന്ന അവലോകന യോഗത്തിലും ജില്ലാ പ്രോഗ്രാം ഓഫീസർമാർ എൻ.ആർ.എച്ച്.എം.-ന്റെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. എല്ലാ മാസവും മെഡിക്കൽ ഓഫീസർ നടത്തുന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ/ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ അവലോകന യോഗത്തിലും നാഷണൽ ഹെൽത്ത് മിഷന്റെ പ്രവർത്തനം വിലയിരുത്താറുണ്ട്.

(ബി) ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം ആയി ചേർക്കുന്നു. *

(സി) ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം ആയി ചേർക്കുന്നു.*

(ഡി) ദേശീയ ആരോഗ്യ ദൗത്യം (നാഷണൽ ഹെൽത്ത് മിഷൻ) ഒരു സമയബന്ധിത ആരോഗ്യ ദൗത്യമായതിനാൽ സ്ഥിര നിയമനമില്ല.

**ശുശ്രൂഷ ഹൈടെക് ലബോറട്ടറികൾ**

40 (T2508) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആതുരസേവന മേഖലയിൽ എല്ലാ ജില്ലകളിലും ശുശ്രൂഷ ഹൈടെക് ലാബോറട്ടറികൾ സ്ഥാപിക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

ആതുരസേവന മേഖലയിൽ എല്ലാ ജില്ലകളിലും ശുശ്രൂഷ ഹൈടെക് ലബോറട്ടറികൾ സ്ഥാപിക്കുന്നതിന് 2210 പ്ലാൻ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

**ആരോഗ്യ രംഗത്തെ സ്വകാര്യ ലാബുകൾ**

41(2509) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ രംഗത്ത് എത്ര സ്വകാര്യ ലാബുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ലാബുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(സി) ഇത്തരം ലാബുകളിൽ പ്രവർത്തിക്കുന്ന ടെക്നീഷ്യൻമാരുടെ യോഗ്യത പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച വിവരം ഈ വകുപ്പിൽ ക്രോഡീകരിച്ചിട്ടില്ല.

(ബി) സ്വകാര്യ പരിശോധനാ ലാബുകൾക്ക് ലൈസൻസ് നൽകുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളാണ്.

(സി) ആരോഗ്യ വകുപ്പിന്റെ നിയന്ത്രണത്തിലല്ല സ്വകാര്യ ലാബുകൾ പ്രവർത്തിക്കുന്നത് എന്നിരുന്നാലും ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്ന സേഫ് കേരള പ്രോഗ്രാമിന്റെ ഭാഗമായി സ്വകാര്യ ക്ലിനിക്കൽ ലബോറട്ടറികൾ, ജനറ്റിക് ക്ലിനിക്കുകൾ തുടങ്ങിയവ എല്ലാ ജില്ലകളിലും ഒരേ ദിവസം പരിശോധിച്ച് ഗുണനിലവാരം, ശുചിത്വം, ഉദ്യോഗസ്ഥരുടെ യോഗ്യത തുടങ്ങിയവ നിരീക്ഷിച്ച് ആവശ്യമെങ്കിൽ നിയമ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**മരുന്നു പരീക്ഷണം**

42(2510) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വമ്പൻ മരുന്നു കമ്പനികളും ആശുപത്രികളും ചേർന്ന് മരുന്നു പരീക്ഷണം നടത്തുന്നതായുള്ള എന്തെങ്കിലും റിപ്പോർട്ടുകളോ പരാതികളോ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്ത് മരുന്നു പരീക്ഷണംമൂലം കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ ആർക്കെങ്കിലും ജീവൻ നഷ്ടമായിട്ടുണ്ടോ; കണക്കുകൾ ലഭ്യമാക്കുമോ;

(സി) നമ്മുടെ രാജ്യത്ത് ഇത്തരം പരീക്ഷണത്തിന്റെ തോത് വർദ്ധിച്ചു വരുന്നതായുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം കേസുകൾ തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഇന്ത്യയിൽ ക്ലിനിക്കൽ ട്രയലിന് അനുമതി നൽകുന്നതും അവ നിയന്ത്രിക്കുന്നതും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ കീഴിൽ ഡ്രഗ്സ് കൺട്രോളർ ജനറൽ (ഇന്ത്യ) മേലധികാരിയായിട്ടുള്ള സെൻട്രൽ ഡ്രഗ്സ് സ്റ്റാന്റേർഡ് കൺട്രോൾ ഓർഗനൈസേഷനും ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചുമാണ്. ക്ലിനിക്കൽ ട്രയൽ നടത്തുന്നതു സംബന്ധിച്ച അനുവാദവും വ്യക്തമായ മാനദണ്ഡങ്ങളും ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസിലെ ഷെഡ്യൂൾ Y-ൽ പ്രതിപാദിച്ചിട്ടുണ്ട്. എല്ലാ ക്ലിനിക്കൽ ട്രയൽസും ക്ലിനിക്കൽ ട്രയൽ രജിസ്ട്രി ഓഫ് ഇന്ത്യ (CTRI)-ൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. സംസ്ഥാനത്ത് ഇപ്രകാരം CTRI-ൽ രജിസ്റ്റർ ചെയ്ത് നിയമപരമായി CDSCO-യുടെ അനുമതിയോടെ മാത്രമേ ക്ലിനിക്കൽ ട്രയൽ നടത്തിവരുന്നുള്ളൂ. 16-8-2012-ൽ ഒരു പ്രമുഖ മലയാളം ചാനലിൽ കേരളത്തിൽ പലയിടങ്ങളിലും അനധികൃതമായി മനുഷ്യ ശരീരത്തിൽ മരുന്നു പരീക്ഷണങ്ങൾ (ക്ലിനിക്കൽ ട്രയൽ) നടത്തുന്നതായി റിപ്പോർട്ട് ചെയ്തിരുന്നു. പരാതിക്ക് ആസ്പദമായ ഹെൽത്ത് ആന്റ് റിസർച്ച് സെന്റർ പ്രൈവറ്റ് ലിമിറ്റഡ് (HRC) മെഡിക്കൽ കോളേജ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നടത്തിയ തുടർ അന്വേഷണങ്ങളിൽ ഡ്രഗ്സ് കൺട്രോളർ ജനറൽ ഇന്ത്യയുടെ അനുമതിയോടെ നിയമാനുസൃതം പ്രവർത്തിക്കുന്ന സ്ഥാപനമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് മരുന്നു പരീക്ഷണംമൂലം ജീവഹാനി സംഭവിച്ചതായുള്ള റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**മൊബൈൽ ടവറുകൾ വരുത്തുന്ന ആരോഗ്യ പ്രശ്നങ്ങൾ**

43(2511) <u>ശ്രീ. എം. എ. വാഹീദ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൊബൈൽ ടവറുകൾ വരുത്തുന്ന ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് ആരോഗ്യ വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

മൊബൈൽ ടവറുകൾ വരുത്തുന്ന ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് ആരോഗ്യ വകുപ്പ് പഠനം നടത്തിയിട്ടില്ല.

**വിഷരഹിത പച്ചക്കറി**

44([T]2512) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറികളിൽ വിഷാംശം അടങ്ങിയിട്ടുണ്ടെന്ന വാർത്ത വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്ന പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ ;

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) അന്യ സംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ കൊണ്ടുവരുന്ന എല്ലാത്തരം ഭക്ഷ്യോൽപ്പന്നങ്ങളുടെയും സാമ്പിളുകൾ ചെക്ക് പോസ്റ്റുൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിന്ന് ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ അനലറ്റിക്കൽ ലാബുകളിലും കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള പെസ്റ്റിസൈഡ് റസഡ്യൂ ടെസ്റ്റിംഗ് ലാബിലേക്കും അയച്ച് പരിശോധിക്കാറുണ്ട്. ചെക്ക് പോസ്റ്റുകൾ, മൊത്ത ചില്ലറ വ്യാപാര കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ പരിശോധന നടത്തി സാമ്പിളുകൾ ശേഖരിക്കാറുണ്ട്. ഈ സ്ഥലങ്ങളിൽ പരിശോധന നടത്തുന്നതിനായി സ്പെഷ്യൽ സ്ക്വാഡുകളെയും നിയമിച്ച് പരിശോധിക്കാറുണ്ട്.

**ആരോഗ്യ വകുപ്പിലെ ആശ്രിത നിയമനം**

45(2513) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ജെ.പി.എച്ച്.എൻ. ഗ്രേഡ് 2 തസ്തികയിൽ കോട്ടയം ജില്ലയിലെ കുട്ടിക്കൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ജോലി ചെയ്തു വരവേ 24-5-13-ൽ മരണപ്പെട്ട ജെസ്സി ജോസഫിന്റെ ഭർത്താവ് ശ്രീ മിൻസൺ ജോസഫ് ആശ്രിത നിയമനത്തിനായി നൽകിയ അപേക്ഷയിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രീ. മിൻസൺ ജോസഫിന് ഓഫീസ് അറ്റൻഡന്റ് ആയി നിയമനം നൽകുവാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ബാധകമല്ല.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

**അവയവ ദാനം**

46(2514) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ മസ്തിഷ്ക മരണം സംഭവിച്ച എത്ര പേരുടെ അവയവങ്ങൾ ദാനം ചെയ്യുവാൻ മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾ തയ്യാറായി എന്നും മരണപ്പെട്ടവർ ആരെല്ലാം എന്നുമുള്ള വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ എത്ര പേർക്ക് ഇത് പ്രയോജനപ്പെട്ടു എന്നുള്ള വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) നാളിതുവരെ ആരോഗ്യ വകുപ്പ് ഇതിലേക്ക് ചെലവഴിച്ച തുക എത്ര;

(ഡി) സംസ്ഥാനത്ത് ഏതൊക്കെ ആശുപത്രികളിൽ ഇതിനുള്ള സജ്ജീകരണം ഉണ്ടെന്നു വ്യക്തമാക്കുമോ;

(ഇ) അവയവദാനം പ്രോത്സാഹിപ്പിക്കുവാനും അവയവങ്ങൾ ദാനം ചെയ്യുന്നവരുടെ കുടുംബങ്ങൾക്ക് ധനസഹായം അനുവദിക്കുവാനും അവയവം സ്വീകരിച്ച രോഗികളുടെ ചികിത്സയ്ക്കും തുടർ ചികിത്സയ്ക്കും ആരോഗ്യ വകുപ്പ് എന്തെല്ലാം നടപടികൾ നിലവിൽ സ്വീകരിച്ചു വരുന്നുണ്ടെന്നും ഇതിൽ കുറച്ചുകൂടി കാതലായ മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2012-ൽ മരണാനന്തര അവയവദാന പദ്ധതിക്ക് തുടക്കം കുറിച്ചതിനുശേഷം നാളിതുവരെ മസ്തിഷ്ക മരണം സംഭവിച്ച 169 ആളുകളുടെ കുടുംബാംഗങ്ങൾ അവയവദാനത്തിന് തയ്യാറായിട്ടുണ്ട്. ഈ പദ്ധതിക്ക് തുടക്കം കുറിച്ചതിനുശേഷം 457 ആളുകൾക്ക് അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ചെയ്യാൻ സാധിച്ചിട്ടുണ്ട്. മരണപ്പെട്ടശേഷം അവയവങ്ങൾ ദാനം ചെയ്തവരുടെ വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) നാളിതുവരെ പദ്ധതി വിഹിതമായി ആരോഗ്യ വകുപ്പ് 8 കോടി 50 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി.

(ഡി) അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വേണ്ടി സജ്ജീകരണം ഒരുക്കിയിട്ടുള്ള ആശുപത്രികളുടെ വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ഇ) അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി, അവയവദാനത്തിന്റെ ആവശ്യകതയെയും പ്രാധാന്യത്തേയും കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകളും ശിൽപ്പശാലകളും നടത്തിവരുന്നു. അവയവങ്ങളുടെ പ്രവർത്തനം തകരാറിലായ രോഗികൾക്ക്, അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കും ഡയാലിസിസ് ചെയ്യുന്നതിലേക്കുമായി കാരുണ്യ വഴി രണ്ട് ലക്ഷം രൂപ നൽകിവരുന്നു.

**കുലശേഖരം പി.എച്ച്.സി. താലൂക്കാശുപത്രിയായി ഉയർത്തുന്നതിന് നടപടി**

47(T2515) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കുലശേഖരം പി.എച്ച്.സി., താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള ശിപാർശയിൻമേലുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത വിഷയത്തിൽ അനുകൂലമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) തിരുവനന്തപുരം ജില്ലയിൽ കുലശേഖരം പ്രാഥമികാരോഗ്യ കേന്ദ്രം എന്ന പേരിൽ ഒരു ആരോഗ്യ കേന്ദ്രം പ്രവർത്തിക്കുന്നില്ല. കുലശേഖരത്ത് നിലവിൽ പ്രവർത്തിച്ചുവരുന്ന ആരോഗ്യ കേന്ദ്രം വട്ടിയൂർക്കാവ് 24X7 പ്രാഥമികാരോഗ്യ കേന്ദ്രമാണ്. വട്ടിയൂർക്കാവ് 24X7 പി.എച്ച്.സി.-യെ സി.എച്ച്.സി. ആയോ താലൂക്ക് ആശുപത്രിയായോ ഉയർത്തുന്നതു സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശിപാർശ ലഭിച്ചിട്ടില്ല.

**ഉറവൂർ സി.എച്ച്.സി. താലൂക്കാശുപത്രിയായി ഉയർത്താൻ നടപടി**

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

48(2516) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ തുറവൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ താലൂക്ക് ആശുപത്രിയായി ഉയർത്തിയത് എന്നാണ് ; പ്രസ്തുത ആശുപത്രിയിലെ സ്റ്റാഫ് സ്ട്രെംഗ്ത് ലഭ്യമാക്കുമോ; താലൂക്ക് ആശുപത്രിയുടെ സ്റ്റാഫ് സ്ട്രെംഗ്ത് അനുവദിക്കണമെന്നുള്ള പ്രൊപ്പോസലിൽ നാളിതുവരെയായി നടപടി ഉണ്ടാകാത്തതിന്റെ കാരണം വിശദമാക്കുമോ; അടിയന്തരമായി സ്റ്റാഫ് സ്ട്രെംഗ്ത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) നാഷണൽ ഹൈവേകൾക്കു സമീപമുള്ള ആശുപത്രികളിൽ ഇരുപത്തിനാല് മണിക്കൂർ കാഷ്വാലിറ്റി സംവിധാനം അനുവദിക്കുമെന്ന ബഹു. ആരോഗ്യ വകുപ്പു മന്ത്രിയുടെ പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ എൻ.എച്ച്. 47-ന് സമീപത്ത് സ്ഥിതി ചെയ്യുന്ന തുറവൂരിൽ പ്രസ്തുത സംവിധാനം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 20-8-2010-ലെ ജി.ഒ.(എംഎസ്.) നമ്പർ 557/10/ആ.കു.വ. എന്ന ഉത്തരവ് പ്രകാരമാണ് തുറവൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തിയത്. ടി ആശുപത്രിയിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ അനുബന്ധമായി ചേർക്കുന്നു.* ടി ആശുപത്രിയിൽ അധിക തസ്തിക സൃഷ്ടിക്കപ്പെടുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിനനുസരിച്ച് പരിഗണിക്കുന്നതാണ്.

(ബി) 16-11-2015-ലെ സ.ഉ.(കയ്യെഴുത്ത്) നമ്പർ 261/2015/ ആ.കു.വ ഉത്തരവുപ്രകാരം മുപ്പത്തിയഞ്ച് താലൂക്ക് ആശുപത്രികളിൽ ഇരുപത്തിനാല് മണിക്കൂറും കാഷ്വാലിറ്റി സംവിധാനം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഇവയിൽ അധികം ആശുപത്രികളും ഹൈവേകൾക്കു സമീപമാണ് സ്ഥിതി ചെയ്യുന്നത്.

(സി) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**സുരക്ഷിത ഭക്ഷണ മേഖലകൾ**

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

49(2517) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 പ്രകാരം ഏതൊക്കെ ജില്ലകളിൽ സുരക്ഷിത ഭക്ഷണ മേഖലകൾ ആരംഭിച്ചെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും അത് എത്രമാത്രം പ്രാവർത്തികമായി എന്നും വ്യക്തമാക്കുമോ;

(ബി) ഹോട്ടലുകൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തി നിലവാര നിർണ്ണയവും വില നിർണ്ണയവും നടത്തുമെന്ന പ്രഖ്യാപനം നടപ്പിലായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാനും ശുചിത്വം ഉറപ്പാക്കാനുമായി എന്തൊക്കെ മാനദണ്ഡങ്ങളാണ് ഉള്ളതെന്നും അവ പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ എന്നും അറിയിക്കുമോ; പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ വ്യക്തമാക്കുമോ;

(ഡി) മാനദണ്ഡം ലംഘിച്ചവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെ ആണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മിഷൻ 676 പ്രകാരം സുരക്ഷിത ഭക്ഷണ മേഖലകൾ സ്ഥാപിക്കുവാൻ തീരുമാനിക്കുകയും പൈലറ്റ് പ്രോജക്ടായി തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര ജില്ലാ ആശുപത്രി, ചിറയിൻകീഴ് താലൂക്ക് ആശുപത്രി, തിരുവനന്തപുരം മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ പദ്ധതി ആരംഭിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രാജ്യത്ത് ആദ്യമായിട്ടാണ് "സുരക്ഷിത ഭക്ഷണമേഖല" എന്നുള്ള ആശയം ഒരു സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. അതുകൊണ്ടുതന്നെ ഇതുമായി ബന്ധപ്പെട്ട എല്ലാ വശങ്ങളും പരിശോധിച്ചതിനു ശേഷം മാത്രമേ ഇത് പൂർണ്ണമായും പ്രായോഗിക തലത്തിൽ നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാനും

ശുചിത്വം ഉറപ്പാക്കുന്നതിനുമായി 30 ഇന മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധമായി ചേർത്തിരിക്കുന്നു.)* ഈ സർക്കുലർ ലംഘിക്കുന്നവർക്കും സ്ഥാപനങ്ങൾക്കുമെതിരെ ആദ്യ ഘട്ടത്തിൽ നിലവാരം മെച്ചപ്പെടുത്താൻ നോട്ടീസ് നൽകുകയും (ഇംപ്രൂവ്മെന്റ് നോട്ടീസ്) ഗുരുതരമായ വീഴ്ചകൾ വരുത്തുന്ന സ്ഥാപനങ്ങൾക്കും കച്ചവടക്കാർക്കുമെതിരെ കോമ്പൗണ്ടിംഗ്, ഫൈൻ, അഡ്ജ്യൂഡിക്കേഷൻ എന്നീ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മനുഷ്യ ശരീരത്തിന് ഹാനികരമായിട്ടുള്ള ഭക്ഷണ പദാർത്ഥങ്ങൾ ഉൽപ്പാദിപ്പിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നവർക്കെതിരെ 2006-ലെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ് ആക്ട് പ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) മാനദണ്ഡം ലംഘിക്കുന്നവർക്കെതിരെ ആദ്യഘട്ടത്തിൽ നിലവാരം മെച്ചപ്പെടുത്തുവാൻ നോട്ടീസ് നൽകുകയും (ഇംപ്രൂവ്മെന്റ് നോട്ടീസ്) ഗുരുതരമായ വീഴ്ചകൾ കണ്ടെത്തുന്ന സ്ഥാപനങ്ങൾക്കും കച്ചവടക്കാർക്കുമെതിരെ കോമ്പൗണ്ടിംഗ്, ഫൈൻ, അഡ്ജ്യൂഡിക്കേഷൻ എന്നീ നടപടികൾ സ്വീകരിക്കുന്നുമുണ്ട്. കൂടാതെ മനുഷ്യ ശരീരത്തിന് ഹാനികരമായിട്ടുള്ള ഭക്ഷണ പദാർത്ഥങ്ങൾ ഉൽപ്പാദിപ്പിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നവർക്കെതിരെ 2006-ലെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ് ആക്ട് പ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

**കട്ടപ്പന താലൂക്കാശുപത്രിയിൽ പുതിയതായി സൃഷ്ടിക്കപ്പെട്ട തസ്തികകൾ**

50(2518) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കട്ടപ്പന താലൂക്ക് ആശുപത്രിയിൽ ഏതൊക്കെ തസ്തികകൾ പുതിയതായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്; പുതിയ തസ്തികകൾ സൃഷ്ടിച്ച് ഇറങ്ങിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കട്ടപ്പന താലൂക്ക് ആശുപത്രിയിൽ, ഗൈനക്കോളജി, അനസ്തേഷ്യ, ശിശുരോഗ വിഭാഗം എന്നിവയിൽ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികകൾ അടിയന്തരമായി അനുവദിച്ച് ഉത്തരവ് ഇറക്കുമോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ആശുപത്രിയിൽ പ്യൂൺ തസ്തിക നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്യൂൺ തസ്തിക കൂടി അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 18-11-2015-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 263/2015/ ആ.കു.വ. പ്രകാരം പതിനാറ് തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധം) തസ്തിക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.*

| ക്രമ നമ്പർ | സൃഷ്ടിച്ച തസ്തികകൾ | എണ്ണം |
|---|---|---|
| 1 | സൂപ്രണ്ട്/അസിസ്റ്റന്റ് ഡയറക്ടർ | 1 |
| 2 | ജൂനിയർ കൺസൾട്ടന്റ് (മെഡിസിൻ) | 1 |
| 3 | ജൂനിയർ കൺസൾട്ടന്റ് (ശിശുരോഗം) | 2 |
| 4 | ജൂനിയർ കൺസൾട്ടന്റ് (അസ്ഥിരോഗം) | 1 |
| 5 | ജൂനിയർ കൺസൾട്ടന്റ് (ഇ.എൻ.ടി) | 1 |
| 6 | ലേ സെക്രട്ടറി & ട്രഷറർ | 1 |
| 7 | സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 | 3 |
| 8 | ഫാർമസിസ്റ്റ് ഗ്രേഡ്-2 | 1 |
| 9 | ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2 | 1 |
| 10 | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 | 3 |
| 11 | ക്ലാർക്ക് | 1 |
| | ആകെ | 16 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1355/2017.
809/2017

(ബി) 18-11-2015-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 263/2015/ ആ.കു.വ പ്രകാരം ശിശുരോഗ വിഭാഗത്തിൽ രണ്ടു തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(സി) ഗൈനക്കോളജി, അനസ്തേഷ്യ എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ലഭ്യമാക്കിയിട്ടില്ല.

(ഡി) ഇല്ല. തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടില്ല. ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**കണ്ണൂർ ജില്ലയിലെ ഡോക്ടർമാരുടെ ഒഴിവുകൾ**

51(2519) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലിലുണ്ടെന്നും ആയത് നികത്തുന്നതിനു വേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ബി) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ താലൂക്ക് ആശുപത്രികൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ എന്നിവയിലെ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടേയും ഒഴിവുകൾ സ്ഥാപനം/തസ്തിക തിരിച്ച് വിശദമാക്കുമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ 79 ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ട്. അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒഴിവുള്ള കൺസൾട്ടന്റ് തസ്തികയിൽ നിയമനം നടത്തുന്നതിനായി പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

(ബി) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ വിവിധ ആശുപത്രികളിലെ ഒഴിവുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

1. താലൂക്കാശുപത്രി, പയ്യന്നൂർ

| | | |
|---|---|---|
| സ്റ്റാഫ് നഴ്സ് ഗ്രേഡ് I | - | 2 |
| ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് I | - | 1 |
| ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II | - | 2 |
| കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | - | 1 |
| കൺസൾട്ടന്റ് | - | 4 |
| ജൂനിയർ കൺസൾട്ടന്റ് | - | 2 |

2. സാമൂഹികാരോഗ്യ കേന്ദ്രം, കരിവെള്ളൂർ

| | | |
|---|---|---|
| സ്റ്റാഫ് നഴ്സ് ഗ്രേഡ് I | - | 1 |
| സ്റ്റാഫ് നഴ്സ് ഗ്രേഡ് II | - | 1 |

3. താലൂക്കാശുപത്രി, പെരിങ്ങോം

| | | |
|---|---|---|
| എൽ.ഡി. ക്ലാർക്ക് | - | 1 |
| അസിസ്റ്റന്റ് സർജൻ | - | 4 |
| ജൂനിയർ കൺസൾട്ടന്റ് | - | 1 |

4. പ്രാഥമികാരോഗ്യ കേന്ദ്രം, രാമന്തളി

| | | |
|---|---|---|
| സ്റ്റാഫ് നഴ്സ് ഗ്രേഡ് I | - | 1 |

5. പ്രാഥമികാരോഗ്യ കേന്ദ്രം, പുളിങ്ങോം

| | | |
|---|---|---|
| അസിസ്റ്റന്റ് സർജൻ | - | 1 |

(സി) സ്വീകരിച്ചു വരുന്നു. പ്രൊമോഷൻ തസ്തികകളിൽ പ്രൊമോഷൻ നടത്തുന്നതിനും മറ്റു തസ്തികകളിൽ പി.എസ്.സി-മുഖേന നിയമനം നടത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

**തൈറോയ്ഡ് രോഗികളുടെ എണ്ണം**

52(2520) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൈറോയ്ഡ് രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച് ഏതെങ്കിലും രീതിയിലുള്ള ശാസ്ത്രീയ പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) അയഡിൻ അളവിന്റെ ഏറ്റക്കുറച്ചിലനുസരിച്ച് തൈറോയ്ഡ് രോഗം ബാധിക്കാനുള്ള സാധ്യതയുള്ളതായി കണ്ടെത്തിയിട്ടുണ്ടോ ;

(സി) അയഡിൻ കൂടുതൽ കലർന്ന ഭക്ഷണ സാധനങ്ങൾ നിരോധിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് ശാസ്ത്രീയ പഠനങ്ങളൊന്നും നടത്തിയിട്ടില്ല. അയഡിൻ പോരായ്മ കൊണ്ടുള്ള അസുഖങ്ങളുടെ വ്യാപ്തി അളക്കാൻ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ഐ.ഡി.ഡി. സെൽ കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് 6 മുതൽ 12 വയസ്സുവരെ പ്രായമുള്ള കുട്ടികളിൽ അയഡിന്റെ അഭാവംമൂലമുള്ള ഗോയിറ്റർ ഉണ്ടോയെന്ന് സർവ്വേ നടത്തുന്നുണ്ട്. അയഡിൻ ചേർത്ത ഉപ്പിന്റെ ഉപയോഗം എത്രത്തോളം അയഡിൻ പോരായ്മ കൊണ്ടുണ്ടാകുന്ന അസുഖങ്ങളുടെ വ്യാപ്തി കുറയ്ക്കുന്നു എന്നു കണക്കാക്കാൻ ഓരോ 5 വർഷം കൂടുന്തോറും റീ-സർവ്വേയും നടത്തുന്നുണ്ട്.

(ബി) രക്തത്തിൽ അയഡിന്റെ ഏറ്റക്കുറച്ചിൽ തൈറോയ്ഡ് സംബന്ധമായ രോഗങ്ങൾക്ക് കാരണമാകുന്നുണ്ട്. ആയതിന്റെ ശാസ്ത്രീയ പഠനങ്ങളൊന്നും ആരോഗ്യ വകുപ്പ് നടത്തുന്നില്ല.

(സി) നിലവിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

**പമ്പയിലെ ജലത്തിൽ കോളിഫോം ബാക്ടീരിയ**

53(2521) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സീസൺ ആരംഭിച്ചപ്പോൾ തന്നെ പമ്പയിലെ ജലത്തിൽ കോളിഫോം ബാക്ടീരിയകളുടെ അളവ് അനുവദനീയമായതിനേക്കാൾ അപായകരമാം വിധം വർദ്ധിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ പരിശോധനാഫലം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) തീർത്ഥാടനക്കാല ഒരുക്കങ്ങൾക്കും മണ്ഡലകാല പ്രവർത്തനങ്ങൾക്കുമായി സന്നിധാനത്തും പമ്പയിലും പണിയെടുത്തു വരുന്നവർക്ക് പ്രാഥമിക കൃത്യങ്ങൾ നിർവ്വഹിക്കുന്നതിന് മതിയായ സൗകര്യങ്ങൾ ഒരുക്കുന്നതിൽ പരാജയ പ്പെട്ടതിനാലാണ് ഇപ്രകാരം അനാരോഗ്യകരമായ അവസ്ഥയുണ്ടായതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് വിലയിരുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) കോളിഫോം ബാക്ടീരിയകളുടെ അളവ് വർദ്ധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പമ്പാ നദിയിൽ നിലവിലുള്ള (4-12-2015 തീയതിയിലെ) കോളിഫോം ബാക്ടീരിയയുടെ അളവ് 100 മില്ലി ലിറ്റർ ജലത്തിൽ 3500 മുതൽ 150000 വരെയാണ്. (മുകളിൽ കൊച്ചു പമ്പ മുതൽ താഴെ ആറാട്ട് കടവിന് താഴെ വരെ) കുളിക്കുവാൻ ഉപയോഗിക്കുന്ന ജല സ്രോതസ്സുകളിൽ ഫീക്കൽ കോളിഫോം ബാക്ടീരിയയുടെ അഭികാമ്യമായ അളവ് 100 മില്ലി ലിറ്റർ വെള്ളത്തിൽ 500 വരെയാണ് ഫീക്കൽ കോളിഫോം ബാക്ടീരിയയുടെ അങ്ങേയറ്റം അനുവദിക്കാവുന്ന പരിധി 100 മില്ലി ലിറ്ററിൽ 2500 ആണ്. കോളിഫോം ബാക്ടീരിയയുടെ അളവ് അഭികാമ്യമായ പരിധിക്ക് 300 മടങ്ങ് വരെ കണ്ടിട്ടുണ്ട്. അണുനശീകരണം മാത്രം നടത്തി കുടിവെള്ളമായി ഉപയോഗിക്കാവുന്ന ജലത്തിൽ അനുവദനീയമായ ടോട്ടൽ കോളിഫോം ബാക്ടീരിയയുടെ അളവ് 100 മില്ലി ലിറ്റർ വെള്ളത്തിൽ 50 എണ്ണം വരെയാണ്. പമ്പയിൽ കൊച്ചുപമ്പ ഭാഗത്ത് നിന്നും എടുക്കുന്ന ജലം അണുനശീകരണം മാത്രം നടത്തിയാണ് കുടിവെള്ളത്തിനായി വിതരണം ചെയ്യുന്നത്. കോളിഫോം ബാക്ടീരിയയുടെ അളവ് സീസൺ ആരംഭ സമയത്ത് കുടിവെള്ള സ്രോതസ്സായ കൊച്ചുപമ്പയിൽ 40000 വരെ ആയിരുന്നത് ശക്തമായ നടപടികൾമൂലം 3500 വരെയായി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. ഇത് അനുവദിച്ച പരിധിയിൽ നിന്നും 70 മടങ്ങ് കൂടുതലാണ്.

(സി) തീർത്ഥാടനകാല ഒരുക്കങ്ങൾക്കും മണ്ഡലകാല ഒരുക്കങ്ങൾക്കും മണ്ഡലകാല പ്രവർത്തനങ്ങൾക്കുമായി സന്നിധാനത്തും പമ്പയിലും പണിയെടുത്തു വരുന്നവർക്ക് പ്രാഥമിക കൃത്യങ്ങൾ നിർവ്വഹിക്കുന്നതിന് പൊതുസംവിധാനം ഉപയോഗിക്കാവുന്നതാണ്. പമ്പയിലെ 3.5 MLD ശേഷിയുള്ള പ്ലാന്റിന്റെ അപര്യാപ്തതയും സന്നിധാനത്തെ 5 MLD പ്ലാന്റ് പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകാത്തതുമാണ് പമ്പാ നദിയിൽ കോളിഫോ ബാക്ടീരിയയുടെ അളവിലെ വർദ്ധനവിനുള്ള കാരണം.

**രോഗിയോട് ഡോക്ടർമാരുടെ ക്രൂരമായ പെരുമാറ്റം**

54(2522) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നും 23-11-2015-ൽ റഫർ ചെയ്ത് എസ്.എ.ടി. ആശുപത്രിയിൽ എത്തിയ ശ്രീമതി ഷെർളി പ്രഭയെ കാഷ്വാലിറ്റി ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ഡോക്ടർ പരിഗണിച്ചില്ലെന്നും ഒ.പി. ടിക്കറ്റ് വാങ്ങി കീറി കളയുകയും ചെയ്തു എന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് രോഗിയുടെ സഹോദരൻ സൂപ്രണ്ടിന് പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിന്മേൽ സൂപ്രണ്ട് സ്വീകരിച്ചിട്ടുള്ള നടപടി പകർപ്പ് സഹിതം ലഭ്യമാക്കുമോ ;

(സി) പരാതി സംഗതി നടന്ന സമയം ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ഡോക്ടർ ആരാണെന്നും ജില്ലയിൽ എത്രകാലമായി ജോലി നോക്കുന്നുവെന്നും വ്യക്തമാക്കുമോ ;

(ഡി) പരാതിക്കാരെ വിളിപ്പിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഇ) നിർദ്ധനയായ രോഗിയോട് ക്രൂരമായി പെരുമാറിയ ഡോക്ടർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. പ്രസ്തുത പരാതിയിന്മേൽ എൻക്വയറി നടത്തുകയും പ്രസ്തുത ഡോക്ടർക്ക് മെമ്മോ കൊടുക്കുകയും അതിനുള്ള മറുപടി ലഭിക്കുകയും അത് സൂപ്രണ്ട് പ്രിൻസിപ്പലിന് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. അന്തിമ നടപടി ആയിട്ടില്ല.

(സി&ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## സ്റ്റാഫ് നഴ്സുമാരുടെ നിയമനം

55(2523) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സുമാരുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രണ്ടാം ഗ്രേഡ് നഴ്സുമാരുടെ എത്ര ഒഴിവുകൾ പുതുതായി സൃഷ്ടിച്ചുവെന്നും അതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ഇത്തരം ഒഴിവുകളിൽ എത്ര എണ്ണത്തിൽ നിയമനം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) റാങ്ക് ലിസ്റ്റ് നിലനിൽക്കെ ആരോഗ്യ വകുപ്പിലെ സ്റ്റാഫ് നഴ്സുമാരുടെ നിയമനം NRHM പ്രത്യേക ഇന്റർവ്യൂ വഴി നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനങ്ങൾ നടത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ?

### ഉത്തരം

(എ) നിലവിലുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്റ്റാഫ് നഴ്സ് ഗ്രേഡ് II-ന്റെ 807 തസ്തികകൾ ആരോഗ്യ വകുപ്പിലും 396 തസ്തികകൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും സൃഷ്ടിച്ചിട്ടുണ്ട്.

(സി) എല്ലാ ഒഴിവുകളിലും നിയമനം നടത്തിയിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) പി.എസ്.സി.-റാങ്ക് ലിസ്റ്റിന് മുൻഗണന കൊടുത്താണ് നിയമനം നടത്താറുള്ളത്. എന്നാൽ NRHM നിയമനം കരാർ അടിസ്ഥാനത്തിൽ ആയതിനാൽ നിയമനത്തിനുവേണ്ടി പി.എസ്.സി.-റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ അനുവദിക്കാൻ നിർവ്വാഹമില്ലായെന്ന് പി.എസ്.സി. അറിയിച്ചതിനാൽ Bonded Candidates ലിസ്റ്റിൽ നിന്നും പ്രസ്തുത ലിസ്റ്റിന്റെ അഭാവത്തിൽ ഓപ്പൺ ഇന്റർവ്യൂവഴി റാങ്ക് ലിസ്റ്റ് ഉണ്ടാക്കിയാണ് നിയമനം നടത്തുന്നത്.

**മൾട്ടി ഡിസിപ്ലിനറി ഇന്റൻസീവ് കെയർ യൂണിറ്റ്**

56(2524) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടയം, തൃശ്ശൂർ, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ മൾട്ടി ഡിസിപ്ലിനറി ഇന്റൻസീവ് കെയർ യൂണിറ്റ് പ്രവർത്തനം പൂർണ്ണമായി ആരംഭിക്കുന്നതിലേക്കായി പ്രസ്തുത യൂണിറ്റുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സ്റ്റാഫിനെ അടിയന്തരമായി നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുമായി കൂടി ആലോചിച്ച് ഈ വിഷയത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

**ചടയമംഗലം മണ്ഡലത്തിലെ ആശുപത്രികളിലെ വികസന പ്രവർത്തനം**

57(2525) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മാസം മുതൽ 2015 നവംബർ വരെ ചടയമംഗലം മണ്ഡലത്തിലെ വിവിധ ആശുപത്രികളിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങളുടെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2011 മേയ് മാസം മുതൽ 2015 നവംബർ വരെ ചടയമംഗലം മണ്ഡലത്തിലെ വിവിധ പി.എച്ച്.സി., സി.എച്ച്.സി.-കളിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ ഇവയാണ് :

1. ചടയമംഗലം പി.എച്ച്.സി.-യിൽ എം.പി. ഫണ്ട് ഉപയോഗിച്ച് ലാബിനുവേണ്ടി കെട്ടിടം പണിതു.

2. പി.എച്ച്.സി. മടത്തറയിൽ എം.പി. ഫണ്ട് ഉപയോഗിച്ച് കോമ്പൗണ്ട് മതിൽ, ഇന്റീരിയർ വർക്ക് എന്നിവയും പ്ലാൻ ഫണ്ട് ഉപയോഗിച്ച് വെയിറ്റിംഗ് ഏരിയ കെട്ടി ഫാർമസി, ലാബ് എന്നിവയുടെ ഇന്റീരിയർ ജോലിയും ചെയ്തു.

3. വെളിനല്ലൂർ സി.എച്ച്.സി.-യിൽ വനിതാ ക്യാന്റീൻ, ചുറ്റുമതിൽ, ഒ.പി. കെട്ടിടം എന്നിവ ബ്ലോക്ക് ഫണ്ട് ഉപയോഗിച്ച് നടത്തിവരുന്നു. പണി അവസാന ഘട്ടത്തിലാണ്.

4. പി.എച്ച്.സി. മാങ്കോട്, ചിതറ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പുതിയ ലാബ്, വെയിറ്റിംഗ് ഏരിയ, റാമ്പ്, രണ്ടാം നില, കോൺഫറൻസ് ഹാൾ എന്നീ വികസന പ്രവർത്തനങ്ങൾ നടത്തി. കടയ്ക്കൽ താലൂക്ക് ആശുപത്രിയിൽ നടത്തിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ആകെ 7.18 കോടി രൂപ (ഏഴുകോടി പതിനെട്ട് ലക്ഷം രൂപ) ചെലവഴിച്ചിട്ടുണ്ട്. ചടയമംഗലം മണ്ഡലത്തിൽ പി.എച്ച്.സി./സി.എച്ച്.സി.-കൾക്കായി 1.23 കോടിരൂപയും (ഒരു കോടി ഇരുപത്തിമൂന്ന് ലക്ഷം രൂപ) കടയ്ക്കൽ താലൂക്കാശുപത്രിയുടെ വികസന പ്രവർത്തനങ്ങൾക്കായി 5.95 കോടി രൂപയും (അഞ്ചു കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷം രൂപ) ചെലവഴിച്ചിട്ടുണ്ട്.

## പാറശ്ശാല താലൂക്കാശുപത്രിയിലെ ഖര-ദ്രവ മാലിന്യ പ്ലാന്റ് സ്ഥാപിക്കൽ

58(2526) <u>ശ്രീ. എ. റ്റി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല താലൂക്കാശുപത്രിയിലെ ഖര-ദ്രവ മാലിന്യ പ്ലാന്റ് നിർമ്മാണം 23-4-2015-ലെ പി.എച്ച്.3/70802/2015/ഡി.എച്ച്.എസ്. കത്ത് പ്രകാരം പൈലറ്റ് പ്രോജക്റ്റായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പൈലറ്റ് പ്രോജക്റ്റ് ഏറ്റെടുക്കാമെന്ന് സമ്മതിച്ചിട്ടുള്ള പെബ് ഗ്ലോബൽ മിഷൻ ഏതെല്ലാം പ്ലാന്റുകളാണ് പൂർത്തിയാക്കിയതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പാറശ്ശാല താലൂക്കാശുപത്രിയിൽ ഖര-ദ്രവ മാലിന്യ പ്ലാന്റ് നിർമ്മാണം സംബന്ധിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (PWD കെട്ടിട വിഭാഗം) എന്നിവരുമായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

Engineering Liaison Officer ചർച്ച ചെയ്തിട്ടുണ്ട്. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ പരിശോധിച്ചപ്പോൾ അത് സ്ഥാപിക്കുന്നതിന് വേണ്ട സാങ്കേതിക വിദ്യയോ പരിജ്ഞാനമോ ഇല്ലാത്തതിനാൽ PWD വിഭാഗത്തിന് ഈ സംരംഭവുമായി മുന്നോട്ട് പോകാനാകില്ലെന്ന് ചൂണ്ടിക്കാട്ടി 60 ലക്ഷം രൂപ പ്രവർത്തന മൂലധനമായി ആരോഗ്യ വകുപ്പ് നൽകിയ തുക മടക്കി നൽകുകയുണ്ടായി. ഈ പദ്ധതിയുമായി PWD മുന്നോട്ട് പോകുവാൻ കഴിയില്ല എന്ന് അറിയിച്ച സ്ഥിതിക്ക് അംഗീകൃത ഏജൻസികളായ HPL, HLL പോലുള്ള സ്ഥാപനങ്ങളെക്കൊണ്ട് നടത്തിക്കുവാനായി ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) കൊച്ചിയിൽ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയിൽ പെബ് ഗ്ലോബൽ മിഷൻ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് എറണാകുളം PWD Executive Engineer Certificate നൽകിയിട്ടുണ്ട്. കൂടാതെ പ്രസന്നൻസ് ഇക്കോ ബയോ സിസ്റ്റം- സീറോ ലിക്വിഡ് ഡിസ്ചാർജ്ജ് പദ്ധതി വഴി ആശുപത്രികളിലും മറ്റ് സ്ഥാപനങ്ങളിലും ഖര-ദ്രവ മാലിന്യ സംസ്കരണം നടപ്പിലാക്കുന്നതിനുള്ള ഏജൻസിയായി പെബ് ഗ്ലോബൽ മിഷനെ ചുമതലപ്പെടുത്തണമെന്നാവശ്യപ്പെട്ടു കൊണ്ട് സമർപ്പിച്ച ശിപാർശ തദ്ദേശസ്വയംഭരണ വകുപ്പിൽ പരിശോധിച്ചു വരുന്നു. ശാസ്ത്രീയമായ തെളിവുകൾ സഹിതം ശുചിത്വമിഷൻ നിർദ്ദേശിക്കുന്ന സമിതി മുമ്പാകെ ഇത് സംബന്ധിച്ച് വിശദീകരണം നൽകുവാൻ പെബ് ഗ്ലോബൽ മിഷന് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

**കായംകുളം താലൂക്കാശുപത്രിയിലെ സർജൻ നിയമനം**

59(2527) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താലൂക്കാശുപത്രിയിൽ സർജന്റെ പോസ്റ്റ് അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സർജൻ ഉൾപ്പെടെയുള്ള വിവിധ തസ്തികകൾ സൃഷ്ടിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ആവശ്യപ്പെട്ടിരുന്ന പുതുക്കിയ പ്രൊപ്പോസൽ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് അവ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഡയാലിസിസ് യൂണിറ്റിനായി കായംകുളം മുനിസിപ്പാലിറ്റിയുടെ പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ അടിസ്ഥാനത്തിൽ 40,00,000 (നാല്പത് ലക്ഷം) രൂപ അനുവദിച്ചിട്ടുണ്ട്. 2016 മാർച്ച് 31-ന് മുമ്പായി പണി പൂർത്തിയാകുന്നതാണ്. പതിമൂന്നാമത് ധനകാര്യ കമ്മീഷൻ മുഖേന പ്ലാൻ ഫണ്ട് ഉപയോഗിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് ട്രോമോ കെയർ തുടങ്ങുന്നതിനുള്ള ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ട്രോമോ കെയർ യൂണിറ്റിനായി കെട്ടിടം നിലവിലുണ്ട്. ജീവനക്കാരുടെ അപര്യാപ്തത ഉണ്ടെങ്കിലും അടിയന്തര ചികിത്സാ സഹായം നൽകുന്നതിന് തടസ്സമില്ല. കൂടാതെ 2015-16-ൽ എമർജൻസി മെഡിക്കൽ കെയർ യൂണിറ്റ് <u>തുടങ്ങുന്നതിനുള്ള</u> ശിപാർശ പരിഗണനയിലാണ്.

**ചോറ്റുപാറ ഗവ. ഹോമിയോ ആശുപത്രിയിലെ ഡോക്ടർമാരുടെ തസ്തികകൾ**

60(2528) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ചോറ്റുപാറ ഗവ. ഹോമിയോ ആശുപത്രിയിൽ എത്ര ഡോക്ടർമാരുടെ തസ്തികകളാണ് ഉള്ളത്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ നിലവിൽ എത്ര ഡോക്ടർമാരുടെ സേവനം ലഭ്യമാണ്; കിടത്തി ചികിൽസാ സൗകര്യം ഉള്ള പ്രസ്തുത ആശുപത്രിയിൽ കൂടുതൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ആശുപത്രിയിലെ മരുന്ന് ക്ഷാമത്തിന് പരിഹാരം കാണുമോ;

(ഡി) ആശുപത്രിയുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 3 തസ്തികകൾ.

1. ആശുപത്രി സൂപ്രണ്ട് - 1(ഒഴിവ്)

2. മെഡിക്കൽ ഓഫീസർ -1 (ഒഴിവ്)

3. റെസിഡന്റ് മെഡിക്കൽ ഓഫീസർ - 1 (ആശുപത്രി സൂപ്രണ്ട് ഇൻ ചാർജ്)

(ബി) റെസിഡന്റ് മെഡിക്കൽ ആഫീസറുടെ സേവനം ലഭ്യമാണ്. രണ്ട് ദിവസവേതന മെഡിക്കൽ ആഫീസർമാരെയാണ് രോഗികളെ പരിശോധിക്കുന്നതിനായി നിയോഗിച്ചിരിക്കുന്നത്.

(സി) 2015-16 വർഷത്തിൽ അനുവദിച്ചിട്ടുള്ളതിനേക്കാൾ (അനുവദിച്ചിട്ടുള്ള ഫണ്ട് 5000 രൂപ) അധിക തുക 2016-17 സാമ്പത്തിക വർഷത്തിൽ മരുന്നിനായി അനുവദിക്കാമെന്ന് നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്. ഇപ്പോഴത്തെ പ്രശ്നത്തിന് പരിഹാരമായി കോട്ടയം റീജിയണൽ മെഡിക്കൽ സ്റ്റോറിൽ നിന്നും മരുന്ന് എത്തിച്ചിട്ടുണ്ട്.

(ഡി) 1. നഴ്സ് - 1, ലാബ് ടെക്നീഷ്യൻ - 1, സൂപ്രണ്ട് - 1, മെഡിക്കൽ ഓഫീസർ- 1 എന്നീ തസ്തികകളിൽ നിയമനം നടത്തിയും വർഷങ്ങളായി ഒഴിഞ്ഞു കിടക്കുന്ന ലാബ് ടെക്നീഷ്യൻ തസ്തികകയിൽ എച്ച്.എം.സി.-യിൽ നിന്നും വേതനം നൽകി ആഴ്ചയിൽ മൂന്ന് ദിവസം ടെക്നീഷ്യന്റെ സേവനം ലഭ്യമാക്കി ലാബ് പ്രവർത്തിക്കുന്നുണ്ട്.

2. നിലവിൽ സീതാലയം മാസത്തിൽ രണ്ട് ദിവസത്തെ ഒ.പി.-യും സദ്ഗമയ 8 ദിവസത്തെ ഒ.പി.-യും പ്രവർത്തിക്കുന്നു. സദ്ഗമയ ടീച്ചറുടെ സേവനം മാസത്തിൽ രണ്ട് ദിവസം ലഭ്യമാണ്. ആശുപത്രിയിൽ നിലവിലുള്ള മെഡിക്കൽ ഓഫീസർമാർ തന്നെ സ്പെഷ്യൽ ഒ.പി.-യിലും ദിവസങ്ങൾ ക്രമീകരിച്ച് ഒ.പി.-യിലും പ്രവർത്തിക്കുന്നു.

3. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ഫണ്ടിൽ നിന്നും തുക നൽകി പേ വാർഡ് പണികഴിപ്പിച്ചിട്ടുണ്ട്. പുരുഷൻമാരുടെ വാർഡിൽ സ്ഥലമില്ലാത്തതിനാൽ ഒരു മെയിൽ വാർഡ് കൂടി പണി കഴിപ്പിച്ച് പരിഹാരം കാണാവുന്നതാണ്.

### പാലക്കാട് ജില്ലാ ആശുപത്രി

61(2529) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ജില്ലാ ആശുപത്രി പദവിയുള്ള എത്ര ആശുപത്രികൾ ഉണ്ട്;

(ബി) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയാക്കി ഉയർത്തുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുവരെയായി; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഒന്ന്

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടർ ഇതിലേക്കായി ലഭ്യമാക്കിയ പ്രൊപ്പോസലിൽ അധിക വിവരം ആരാഞ്ഞിട്ടുണ്ട്. വിശദമായ റിപ്പോർട്ട് ലഭ്യമായാൽ അനന്തര നടപടി സ്വീകരിക്കുന്നതാണ്.

### പഴയങ്ങാടി താലൂക്ക് ആശുപത്രി

62(2530) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ എത്ര തസ്തികകൾ ഒഴിഞ്ഞ് കിടപ്പുണ്ട്: പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനും സൂപ്രണ്ടിന്റെ തസ്തിക സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ മാതൃശിശു വിഭാഗത്തിന് പ്രത്യേക ബ്ലോക്ക് നിർമ്മിക്കുന്നതിന് കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച ആറ് കോടി രൂപയുടെ പ്രോജക്ടിന് അംഗീകാരം നൽകുന്നതിന് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) സ്റ്റാഫ് നഴ്സിന്റെ (ഗ്രേഡ്-1) ഒരു ഒഴിവ് നിലവിലുണ്ട്. സ്റ്റാഫ് നഴ്സ് ഗ്രേഡ്-II തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ഒഴിവ് നികത്തുന്നതാണ്. സൂപ്രണ്ടിന്റെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ബി) കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച ആറ് കോടി രൂപയുടെ പ്രോജക്ട് പൂർണ്ണമല്ലാതിരുന്നതിനാൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി നൽകുന്നതിനായി കണ്ണൂർ ജില്ലാ മെഡിക്കലാഫീസർക്ക് ആരോഗ്യ വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുക്കിയ പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

## ചാവക്കാട് താലൂക്ക് ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ

63(2531) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അറുനൂറോളം രോഗികൾ ഓരോ ദിവസവും ചികിത്സ തേടി എത്തുന്ന ചാവക്കാട് താലൂക്ക് ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

## ആലത്തൂർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി

64(2532) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ എത്ര ഡോക്ടർമാരുടെ തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത്; ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(ബി) മതിയായ ഡോക്ടർമാരില്ലാത്തതിനാൽ രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ ഏതെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ആലത്തൂർ താലൂക്ക് ആശുപത്രിയിൽ നിന്നും സ്പെഷ്യൽ ഡ്യൂട്ടിയിലോ, വർക്കിംഗ് അറേഞ്ച്മെന്റിലോ ഏതെങ്കിലും ഡോക്ടർമാരെ മറ്റ് ആശുപത്രിയിലേക്ക് വിന്യസിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

ഉത്തരം

(എ&ബി) ആലത്തൂർ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഡോക്ടർമാരുടെ 4 തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത്.

കൺസൾട്ടന്റ് (സർജറി) - 1

കൺസൾട്ടന്റ് (ഗൈനക്കോളജി) - 1

കൺസൾട്ടന്റ് (പീഡിയാട്രിക്) - 1

ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) - 1

ഒഴിവുള്ള നാല് തസ്തികകളിലും അഡ്ഹോക്ക് വ്യവസ്ഥയിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്.

(സി) ആലത്തൂർ താലൂക്ക് ആശുപത്രിയിൽ നിന്നും ജൂനിയർ കൺസൾട്ടന്റ് (സർജറി)-യെ ഡിപ്ലോയ്മെന്റ് വ്യവസ്ഥയിൽ പാലക്കാട് ജില്ലാ ആശുപത്രിയിൽ നിയമിച്ചിട്ടുണ്ട്.

**ജീവിതശൈലീ രോഗങ്ങൾ**

65(2533) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജീവിതശൈലീ രോഗങ്ങൾ, ക്യാൻസർ, വൃക്ക രോഗങ്ങൾ എന്നിവ വർദ്ധിച്ചിവരുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം എന്താണെന്ന് പഠനം നടത്തിയിട്ടുണ്ടോ;

(ബി) ജീവിതശൈലീ രോഗങ്ങൾ, വൃക്ക രോഗങ്ങൾ എന്നിവ വ്യാപിക്കുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ജീവിതശൈലീ രോഗങ്ങൾ, ക്യാൻസർ, വൃക്ക രോഗങ്ങൾ എന്നിവ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രാദേശിക വ്യത്യാസങ്ങളില്ലാതെ എല്ലാ വരുമാന വിഭാഗങ്ങൾക്കിടയിലും ഒരുപോലെ ഈ രോഗങ്ങൾ കണ്ടുവരുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഈ രോഗങ്ങൾ വർദ്ധിച്ചു വരാനുള്ള സാഹചര്യങ്ങളെപ്പറ്റി പ്രത്യേക പഠനങ്ങൾ ഒന്നും ആരോഗ്യ വകുപ്പ് നടത്തിയിട്ടില്ല. അനാരോഗ്യകരമായ ഭക്ഷണരീതി, വ്യായാമക്കുറവ്, പുകവലി, മദ്യപാനം തുടങ്ങിയ ദുശ്ശീലങ്ങളോടുള്ള ആസക്തി, മാനസിക പിരിമുറുക്കം എന്നിവ വിവിധ ജീവിതശൈലീ രോഗങ്ങൾക്ക് കാരണമാകുന്നുവെന്ന് തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. വൃക്ക രോഗങ്ങൾ, പ്രമേഹം, രക്തസമ്മർദ്ദം പോലെയുള്ള രോഗങ്ങളും മൂർദ്ധന്യാവസ്ഥയിലാണ് കണ്ടു വരുന്നത്.

(ബി) ജീവിതശൈലീ രോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന സാഹചര്യം കണക്കിലെടുത്ത് ഇത് നിയന്ത്രിക്കുവാൻ "അമൃതം ആരോഗ്യം" എന്ന ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതി ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്നു. ജീവിതശൈലീ രോഗ നിയന്ത്രണത്തിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന പദ്ധതികൾ.

1. <u>അമൃതം ആരോഗ്യം :</u>

മുപ്പത് വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളുടെയും ജീവിതശൈലീ രോഗങ്ങൾ കണ്ടെത്തുന്നതിനായി സ്ക്രീനിംഗ് നടത്തുന്നതിനും രോഗം സ്ഥിരീകരിച്ചവർക്ക് ചികിത്സയും മരുന്നുകളും സൗജന്യമായി നൽകുകയും ചെയ്യുന്നുണ്ട്. അനാരോഗ്യകരമായ ഭക്ഷണരീതി, വ്യായാമമില്ലായ്മ, പുകവലി, മദ്യപാനം തുടങ്ങിയ ദുശ്ശീലങ്ങളോടുള്ള ആസക്തി എന്നിവയ്ക്ക് എതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ, ഓഫീസുകൾ, തൊഴിൽശാലകൾ, സ്കൂളുകൾ എന്നീ സ്ഥാപനങ്ങളിൽ ജീവിതശൈലീ രോഗനിർണ്ണയ ക്യാമ്പുകൾ (സ്ക്രീനിംഗ്), ബോധവൽക്കരണവും യോഗാ പരിശീലനവും നടത്തി വരുന്നു. ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാർക്കും മറ്റും ജീവിതശൈലീ രോഗ നിയന്ത്രണത്തിനുള്ള പരിശീലനം നൽകിയിട്ടുണ്ട്.

2. <u>ലീപ്പ് (LEAP) :</u>

സ്കൂളുകളിൽ വിദ്യാർത്ഥികളുടെ ജീവിതശൈലിയിൽ ആരോഗ്യപരമായ മാറ്റം കൊണ്ടുവരുന്നതിനായി LEAP എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി യോഗ പരിശീലനവും നൽകി വരുന്നു.

3. <u>കെയർ ഓൺ വീൽസ് & കെയർ ഓൺ വേവ്സ് :</u>

വിദൂര പ്രദേശങ്ങളിലും മലയോര മേഖലകളിലും തീരപ്രദേശങ്ങളിലും അധിവസിക്കുന്ന ജനവിഭാഗങ്ങൾക്ക് ജീവിതശൈലീ രോഗ നിർണ്ണയവും ചികിത്സയും നൽകുന്നതിനായി സഞ്ചരിക്കുന്ന ജീവിതശൈലീ രോഗ ക്ലിനിക്കുകൾ കെയർ ഓൺ വീൽസ് &കെയർ ഓൺ വേവ്സ് അഞ്ച് ജില്ലകളിൽ നടപ്പിലാക്കി വരുന്നു. ആഭ്യന്തര വകുപ്പുമായി ചേർന്നുകൊണ്ട് പോലീസുകാരുടെ സ്ക്രീനിംഗ് നടത്തുന്നതിനായി ഷേപ്പ് (SHAPE) എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വൃക്ക രോഗങ്ങൾ, ഹൃദ്രോഗങ്ങൾ എന്നിവ ജീവിതശൈലി രോഗ നിയന്ത്രണത്തിലൂടെ നിയന്ത്രിക്കാൻ സാധിക്കുന്നതാണ്.

## പാലക്കാട് ജില്ലയിലെ പി.എച്ച്.സി., സി.എച്ച്.സി. എന്നിവിടങ്ങളിലെ ഒഴിവുകൾ

66(2534) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പി.എച്ച്.സി., സി.എച്ച്.സി. എന്നിവിടങ്ങളിലെ ഒഴിവുകളുടെ കണക്ക് അസംബ്ലി മണ്ഡലം തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഡോക്ടർമാരുടെ ഒഴിവുള്ള തസ്തികകളിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. പി.എസ്.സി. വഴി നികത്തേണ്ടതായ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രൊമോഷൻ മുഖാന്തരം നികത്തേണ്ട ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പാർട്ട് ടൈം സ്വീപ്പറുടെ ഒഴിവിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭിച്ച ലിസ്റ്റിൽ നിന്നും ഇന്റർവ്യൂവിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആശുപത്രി അറ്റന്റഡന്റ് ഗ്രേഡ്- 2 മാരുടെ പ്രൊമോഷൻ നടപടികൾ ജില്ലാ മെഡിക്കൽ ആഫീസിൽ നിന്നും ആരംഭിച്ചിട്ടുണ്ട്. അതുവഴി ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-1, നഴ്സിംഗ് അസിസ്റ്റന്റ് എന്നിവരുടെ ഒഴിവുകൾ നികത്തുന്നതാണ്.

## തൃശ്ശൂർ ജില്ലയിലെ ലാബ് ടെക്നീഷ്യൻ തസ്തിക

67(2535) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ആരോഗ്യ വകുപ്പ് ലാബ് ടെക്നീഷ്യൻ തസ്തിക ഗ്രേഡ്-II ൽ നിന്നും ഗ്രേഡ് I-ലേക്ക് പ്രൊമോഷൻ നൽകുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; ലാബ് ടെക്നീഷ്യൻ ഗ്രേഡ് II-ൽ നിന്നും ഗ്രേഡ് I-ലേക്ക് പ്രൊമോഷൻ നടത്തിയിട്ട് എത്ര വർഷത്തോളമായി;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നിലവിലെ ലാബ് ടെക്നീഷ്യൻ തസ്തിക സ്റ്റാഫ് പാറ്റേൺ ഏതു വർഷം നിലവിൽ വന്നതാണ്;

(സി) പലതരത്തിലുള്ള പകർച്ചവ്യാധികളും, രോഗങ്ങളും അനുദിനം ഉണ്ടാകുന്ന സാഹചര്യത്തിൽ ഒരുപാടു രോഗികൾ ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്നത് കണക്കിലെടുത്ത്, മതിയായ തോതിൽ ലാബ് ടെക്നീഷ്യന്മാരുടെ തസ്തിക എണ്ണം ഉയർത്തി നിശ്ചയിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) നിലവിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II തസ്തിക ഒഴിവുകൾ തൃശ്ശൂർ ജില്ലയിൽ നികത്താനുണ്ടോ; എങ്കിൽ അത് നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തൃശ്ശൂർ ജില്ലയിൽ മാത്രമായിട്ടല്ല ഗ്രേഡ് 2-ൽ നിന്നും ഗ്രേഡ് 1-ലേക്ക് പ്രൊമോഷൻ നൽകുന്നത്. ഗ്രേഡ് 2-ൽ നിന്നും ഗ്രേഡ് 1-ലേക്കുള്ള പ്രൊമോഷൻ സംസ്ഥാന തലത്തിലാണ്. സംസ്ഥാന തലത്തിലുള്ള ഒഴിവുകളുടെ അടിസ്ഥാനത്തിലാണ് പ്രൊമോഷൻ നൽകുന്നത്. 22-11-2013-ലാണ് അവസാനമായി ലാബ് ടെക്നീഷ്യൻ ഗ്രേഡ് -2-ൽ നിന്നും ഗ്രേഡ് 1-ലേക്ക് പ്രൊമോഷൻ നടന്നത്.

(ബി) 1961-ലെ സ്റ്റാഫ് പാറ്റേൺ ആണ് ആരോഗ്യ വകുപ്പിൽ ഇപ്പോഴും നിലവിലുള്ളത്.

(സി) ലാബ് ടെക്നീഷ്യന്മാരുടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(ഡി) നിലവിൽ ഒരു ഒഴിവ് ഉണ്ട്. മേൽ ഒഴിവ് പി.എസ്.സി.-ക്ക് ഉദ്യോഗാർത്ഥിയെ നിയമന ശിപാർശ ചെയ്യുന്നതിനായി അറിയിച്ചിട്ടുണ്ട്.

**ജീവിതശൈലീ രോഗങ്ങൾ തടയാൻ നടപടി**

68(2536) <u>ശ്രീ. റ്റി. യു. കുരുവിള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്ന് ഉന്മൂലനം ചെയ്തതും എന്നാൽ വീണ്ടും റിപ്പോർട്ട് ചെയ്യപ്പെടുന്നതുമായ രോഗങ്ങൾക്കും ജീവിതശൈലീ രോഗങ്ങൾക്കുമെതിരെ ഒരു കർമ്മപദ്ധതി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇത്തരം രോഗങ്ങൾക്കെതിരെ സ്കൂൾ-കോളേജ് തലങ്ങളിൽ ബോധവത്കരണം നടത്തുന്നതിന് ആരോഗ്യ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) ത്രിതല പഞ്ചായത്തുകളെയും യൂത്ത് ക്ലബ്ബുകളെയും യുവജന സംഘടനകളെയും സഹകരിപ്പിച്ച് വിപുലമായ ബോധവത്കരണ പരിപാടി സംഘടിപ്പിക്കുമോ ?

<u>ഉത്തരം</u>

(എ) ഭൂമുഖത്തുനിന്ന് നിർമ്മാർജ്ജനം ചെയ്യപ്പെട്ട സ്മാൾ പോക്സ് അഥവാ വസൂരി എന്ന പകർച്ചവ്യാധി തിരിച്ച വന്നിട്ടില്ല. പോളിയോ രോഗം നിർമ്മാർജ്ജനം ചെയ്യപ്പെടാറായി കഴിഞ്ഞു. കേരളത്തിൽ നിന്നും 1965-കളിൽ നിവാരണം ചെയ്യപ്പെട്ട മലമ്പനി മൂന്ന് നാല് വർഷങ്ങൾക്കുശേഷം തിരിച്ചെത്തി. മലമ്പനി കൂടുതലുള്ള സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്കും തിരിച്ചും വിവിധ ആവശ്യങ്ങൾക്ക് ജനങ്ങൾ പോയി വരുന്നതാണ് മലമ്പനി തിരിച്ച് വരാൻ കാരണം. കൂടാതെ അന്യസംസ്ഥാന തൊഴിലാളികളുടെ വരവും ഇതിന് ആക്കം കൂട്ടുന്നു. പനി ബാധിതരുടെ രക്തം പരിശോധിച്ച് മലമ്പനി ബാധയുണ്ടെന്ന് ബോധ്യമായാൽ ഉടൻ ചികിത്സ നൽകുകയും കൊതുക് നശീകരണം ഉൾപ്പെടെ മറ്റ് നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.

മറ്റ് പകർച്ചവ്യാധികളായ ഡെങ്കിപ്പനി, മലമ്പനി, ചിക്കൻഗുനിയ, എലിപ്പനി, ചെള്ളുപനി എച്ച്1 എൻ1, ടൈഫോയ്ഡ് തുടങ്ങിയവ പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ഓരോ വർഷവും പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പദ്ധതി സംസ്ഥാനത്ത് ആരോഗ്യ വകുപ്പ് വിവിധ വകുപ്പുകളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കിവരുന്നു. മഴക്കാല പൂർവ്വ ശുചീകരണം, കൊതുകിന്റെ ഉറവിട നശീകരണം, ജലശുദ്ധീകരണം, ബോധവൽക്കരണം തുടങ്ങിയവയോടൊപ്പം രോഗ നിരീക്ഷണം, കൊതുക് നിരീക്ഷണം എന്നിവയും രോഗം വരുന്ന സ്ഥലങ്ങളിൽ ഊർജ്ജിത രോഗ നിയന്ത്രണ പ്രവർത്തനങ്ങളോടൊപ്പം രോഗികൾക്ക് ശരിയായ ചികിത്സയും നൽകിവരുന്നുണ്ട്. നിലവിലുള്ള പകർച്ചവ്യാധി നിയന്ത്രണ പരിപാടികളായ സംയോജിത രോഗ പര്യവേഷണ പരിപാടി (IDSP) ദേശീയ പ്രാണിജന്യ രോഗ നിയന്ത്രണ പരിപാടി (NVBDCP), പകർച്ചവ്യാധി നിയന്ത്രണ ഓറൽ ഹൈഡ്രേഷൻ തെറാപ്പി പരിപാടി തുടങ്ങിയവ രോഗങ്ങൾ നിയന്ത്രണ വിധേയമാകുന്നതിനുവേണ്ടി നടപ്പാക്കിവരുന്നു.

സംസ്ഥാനത്ത് ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചു വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പ്രമേഹം, രക്ത സമ്മർദ്ദം, ഹൃദ്രോഗങ്ങൾ തുടങ്ങിയവ പ്രാദേശിക വ്യത്യാസങ്ങളില്ലാതെ എല്ലാ വരുമാന വിഭാഗങ്ങൾക്കിടയിലും ഒരുപോലെ ബാധിക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി 2010-11 വർഷത്തിൽ കേന്ദ്രം ആവിഷ്കരിച്ച പദ്ധതിയായിട്ടാണ് ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതി കേരളത്തിൽ ആരംഭിച്ചത്. അഞ്ച് ജില്ലകളിൽ മാത്രം നിലവിൽ വന്ന പ്രസ്തുത പദ്ധതിയുടെ ചുവടുപിടിച്ചാണ് സംസ്ഥാന ആരോഗ്യ വകുപ്പ് 2012-ൽ 'അമൃതം ആരോഗ്യം' എന്ന പേരിൽ സംസ്ഥാന വ്യാപകമായി ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതി നടപ്പിലാക്കിയത്. ഈ പദ്ധതിയുടെ ഭാഗമായി മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളേയും ജീവിതശൈലീ രോഗങ്ങൾക്കായി സ്ക്രീനിംഗ് നടത്തുക, രോഗം കണ്ടെത്തുന്നവർക്ക് ചികിത്സയും മരുന്നും സൗജന്യമായി നൽകുക, അനാരോഗ്യകരമായ ഭക്ഷണം, വ്യായാമം ഇല്ലായ്മ, പുകവലി, മദ്യപാനം തുടങ്ങിയ ദുശ്ശീലങ്ങളോടുള്ള ആസക്തി എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണം എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. ഇതിലൂടെ രോഗം വരാതിരിക്കുവാനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതിനും രോഗം മുൻകൂട്ടി കണ്ടെത്തുന്നതിനും മുൻകൂറായി ചികിത്സിക്കുന്നതിനും ഗുരുതരാവസ്ഥ ഒഴിവാക്കുന്നതിനും സാധിക്കുന്നു.

സ്കൂൾ കുട്ടികൾക്കായി നടപ്പിലാക്കിയ ലീപ്പ് (LEAP), പോലീസ് സേനയ്ക്കായി നടപ്പിലാക്കിയ ഷേപ്പ് (SHAPE), തൊഴിൽ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന വർക്കു വേണ്ടി വർക്ക് പ്ലേസ് ഇന്റർവെൻഷൻ തുടങ്ങിയ പദ്ധതികൾ ഓരോ മേഖലയിൽ പ്രവർത്തിക്കുന്നവർക്കുവേണ്ടിയുള്ളതാണ്. ആശ (ASHA), കുടുംബശ്രീ, ആരോഗ്യ പ്രവർത്തകർ എന്നിവരിലൂടെ ബോധവൽക്കരണവും ആരോഗ്യ വിദ്യാഭ്യാസവും നടത്തിവരുന്നു.

(ബി) പകർച്ചവ്യാധി പ്രതിരോധ കർമ്മപരിപാടിയുടെ ഭാഗമായി ആരോഗ്യ വകുപ്പിലെ മെഡിക്കൽ ഓഫീസർമാരും ഫീൽഡുതല ഉദ്യോഗസ്ഥരും സ്കൂളുകളിലേയും കോളേജുകളിലേയും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും വിദ്യാർത്ഥി ക്ലബ്ബുകൾക്കും മറ്റും ആവശ്യമായ പരിശീലനം, ആരോഗ്യ ബോധവൽക്കരണ പ്രദർശനം, ബോധവൽക്കരണ ക്ലാസ്സുകൾ തുടങ്ങിയവ നടത്തുന്നു.

- സ്കൂൾ അസംബ്ലിയിൽ ആരോഗ്യ ബോധവൽക്കരണ പ്രതിജ്ഞകൾ എടുപ്പിക്കുന്നു.
- പകർച്ചവ്യാധി രോഗ പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച് ചെറിയ ചെറിയ പ്രോജക്ടുകൾ കുട്ടികളെക്കൊണ്ട് ചെയ്യിക്കുന്നു.
- സ്കൂളുകളിലും വീട്ടിലും പരിസരത്തും ആഴ്ചയിലൊരിക്കൽ ഡ്രൈഡേ ആചരണം നടത്തുവാൻ കുട്ടികളെ പ്രാപ്തരാക്കി ചെയ്യിപ്പിക്കുന്നു.
- എൻ.എച്ച്.എം. വഴി നിയമിതരായ സ്കൂൾ ഹെൽത്ത് ജെ.പി.എച്ച്.എൻ.-മാരും കുട്ടികൾക്ക് വേണ്ട അവബോധവും മറ്റ് സഹായങ്ങളും നൽകുന്നു.
- ആരോഗ്യ വകുപ്പിന്റെ സ്ക്വാഡുകൾ സ്കൂളുകളിൽ ശുചിത്വ പരിശോധന നടത്തി നടപടികൾ സ്വീകരിക്കുന്നു.
- വിദ്യാർത്ഥികൾക്ക് വരുന്നതും പകരുന്നതുമായ രോഗങ്ങൾ മുൻകൂട്ടി കണ്ടുപിടിച്ച് വേണ്ട ചികിത്സ, നിയന്ത്രണം തുടങ്ങിയവയും നൽകുന്നു.

സ്കൂൾ, കോളേജ് തലങ്ങളിൽ വിദ്യാർത്ഥികളുടെ ജീവിതശൈലിയിൽ ആരോഗ്യപരമായ മാറ്റം കൊണ്ടുവരുന്നതിനായിട്ടാണ് LEAP (Life Style Education and Awareness Programme) എന്ന പദ്ധതി നടപ്പിലാക്കിയത്. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ സ്കൂളുകളിൽ ജീവിതശൈലീ രോഗ പരിശോധനയും, ബോധവൽക്കരണവും പ്രതിരോധ പ്രവർത്തനങ്ങളും സ്കൂൾ ഹെൽത്ത് നഴ്സുമാർ മുഖേന നടപ്പിലാക്കി വരുന്നു. ആരോഗ്യപരമായ ഭക്ഷണ രീതി, ചിട്ടയായ വ്യായാമം, മദ്യം, പുകയില തുടങ്ങിയ ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങൾ എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണം എന്നിവ കുട്ടികൾക്കും അദ്ധ്യാപകർക്കും, പി.ടി.എ. അംഗങ്ങൾക്കും നൽകിവരുന്നു. പദ്ധതിയുടെ ഭാഗമായി സ്കൂൾ/കോളേജ് തലങ്ങളിൽ യോഗപരിശീലനവും നടത്തിവരുന്നു.

(സി) ജില്ല, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് തലങ്ങളിൽ യഥാക്രമം ജില്ലാ മെഡിക്കൽ ഓഫീസർ, സാമൂഹ്യാരോഗ്യകേന്ദ്രം, പ്രാഥമികാരോഗ്യ കേന്ദ്രം എന്നിവ യോഗങ്ങളും ശില്പശാലകളും പരിശീലനവും സംഘടിപ്പിച്ച് ബോധവൽക്കരണം നടത്തിവരുന്നുണ്ട്. ഇത്തരം യോഗങ്ങളിൽ ഇതര വകുപ്പുകളുടെയും എൻ.ജി.ഒ.-കളുടേയും സന്നദ്ധസംഘടനകളുടെയും പങ്കാളിത്തത്തെപ്പറ്റിയും അവബോധം നൽകുന്നുണ്ട്. വാർഡ് തലത്തിൽ ഓരോ ആഴ്ചയും വാർഡുതല ആരോഗ്യ പോഷണ ശുചിത്വ കാര്യങ്ങളെപ്പറ്റി ചർച്ച നടത്തുന്നു. ഇതുകൂടാതെ വീടുവീടാന്തരം സർവ്വേ നടത്തുന്ന സമയം ആരോഗ്യ വകുപ്പുദ്യോഗസ്ഥരും ബോധവൽക്കരണം നടത്തുന്നു. വിവിധ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയും ആവശ്യമായ ബോധവൽക്കരണം നടത്തുന്നുണ്ട്. ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതിയായ അമൃതം ആരോഗ്യത്തിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങളിലൊന്ന് ആരോഗ്യ ബോധവൽക്കരണമാണ്. ആരോഗ്യപരമായ ഭക്ഷണരീതി, ചിട്ടയായ വ്യായാമം, പുകവലി, മദ്യപാനം എന്നീ ദുശ്ശീലങ്ങളിൽ നിന്നുമുള്ള മുക്തി തുടങ്ങിയ വിഷയങ്ങളിൽ സമൂഹത്തിലെ എല്ലാ തലങ്ങളിലും ആരോഗ്യ പ്രവർത്തകരിലൂടെ ബോധവൽക്കരണങ്ങൾ നടത്തി വരുന്നു. ഈ ആരോഗ്യബോധവൽക്കരണ പ്രവർത്തനങ്ങളിൽ ത്രിതല പഞ്ചായത്തുകളുടെയും യുവജന സംഘടനകളുടെയും, യൂത്ത് ക്ലബ്ബുകളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും ഇത് ഫലപ്രദമായ രീതിയിൽ ശക്തിപ്പെടുത്തുന്നതിന് ശ്രദ്ധ ചെലുത്തുന്നതാണ്.

**ആയുർവേദ ചികിത്സാ കേന്ദ്രങ്ങൾ**

69(2537) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ചികിൽസാ കേന്ദ്രങ്ങൾ ആരംഭിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ആയുർവേദ ഡിസ്പെൻസറികൾ ഇല്ലാത്ത സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) എല്ലാ ജനവിഭാഗങ്ങൾക്കും സൗജന്യ ആയുർവേദ ചികിത്സ ലഭ്യമാക്കുക വഴി കേരളത്തെ സമ്പൂർണ്ണ ആയുർവേദ സംസ്ഥാനമാക്കുകയാണ് ലക്ഷ്യം.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതുതായി 77 ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം പുതിയ ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് ബഡ്ജറ്റിൽ 54 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**പേരാമ്പ്ര ആയുർവേദ ഡിസ്പെൻസറി**

70(2538) <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര ആയുർവേദ ഡിസ്പെൻസറി (എൻ. ആർ. എച്ച്. എം.) സർക്കാർ ഡിസ്പെൻസറിയാക്കി ഉയർത്തുന്നതിന് പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) രോഗികളുടെ ബാഹുല്യവും കെട്ടിടത്തിന്റെ സൗകര്യവും പരിഗണിച്ച് ഇതിനായി സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ലഭിച്ചിട്ടുണ്ട്.

(ബി&സി) പേരാമ്പ്ര ഗ്രാമപഞ്ചായത്ത് ഉൾപ്പെടെ സ്ഥിരം സർക്കാർ ആയുർവേദ ഡിസ്പെൻസറികൾ ഇല്ലാത്ത സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

## സ്വകാര്യ മെഡിക്കൽ ലാബുകളുടെ പ്രവർത്തനം

71(2539) ശ്രീ. സി. ദിവാകരൻ :

ശ്രീ. കെ. രാജു :

ശ്രീ. ഇ. കെ. വിജയൻ :

ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ മെഡിക്കൽ ലാബുകളുടെ എണ്ണം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ലാബുകളുടെ പ്രവർത്തനങ്ങളെ നിരീക്ഷിക്കുന്നതിനും പരിശോധിക്കുന്നതിനും ഏതെങ്കിലും സംവിധാനം നിലവിലുണ്ടോ;

(സി) സംസ്ഥാനത്ത് ആകെ എത്ര ലാബുകൾ പ്രവർത്തിക്കുന്നുണ്ട്; ഇതിൽ ദേശീയ നിലവാരത്തിൽ അക്രഡിറ്റേഷൻ ഉള്ളവ എത്ര;

(ഡി) ഏതെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് മെഡിക്കൽ ലബോറട്ടറികൾ തുടങ്ങാൻ അനുമതി നൽകുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ആരോഗ്യ വകുപ്പ് നടപ്പിലാക്കിവരുന്ന സേഫ് കേരള പ്രോഗ്രാമിന്റെ ഭാഗമായി സ്വകാര്യ ക്ലിനിക്കൽ ലബോറട്ടറികൾ, ജനറ്റിക് ക്ലിനിക്കുകൾ തുടങ്ങിയവ എല്ലാ ജില്ലകളിലും ഒരേ ദിവസം പരിശോധിച്ച് ഗുണനിലവാരം, ശുചിത്വം, ഉദ്യോഗസ്ഥരുടെ യോഗ്യത തുടങ്ങിയവ നിരീക്ഷിച്ച് ആവശ്യമെങ്കിൽ നിയമ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) സ്വകാര്യ ലാബുകൾക്ക് ലൈസൻസ് നൽകുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളായതിനാൽ സ്വകാര്യ ലാബുകൾ സംബന്ധിച്ച വിവരം ഈ വകുപ്പിൽ ക്രോഡീകരിച്ചിട്ടില്ല.

(ഡി) സ്വകാര്യ പരിശോധനാ ലാബുകൾക്ക് ലൈസൻസ് നൽകുന്നത് തദ്ദേശ ഭരണ സ്ഥാപനങ്ങളാണ്.

## ആയുർവേദ ഗ്രന്ഥങ്ങൾ

72(2540) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ ഔഷധങ്ങളെ സംബന്ധിച്ച് താളിയോലകളിലെ രേഖകൾ സംയോജിപ്പിച്ച് ഏതൊക്കെ പുസ്തകങ്ങളാണ് പ്രസിദ്ധീകരിച്ചത്;

(ബി) ഏതൊക്കെ രോഗങ്ങളുടെ വിദഗ്ദ്ധ ചികിത്സയാണ് പ്രസ്തുത ഗ്രന്ഥങ്ങൾ വിഭാവന ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ട്രഡീഷണൽ നോളജ് ഇന്നൊവേഷൻ-കേരള (റ്റി. കെ. ഐ. കെ.) വിഭാഗത്തിൽ ഔഷധങ്ങളെ സംബന്ധിച്ച് താളിയോലകളിലെ രേഖകൾ സംയോജിപ്പിച്ച് കേരളീയ ഔഷധ വിജ്ഞാനം വാല്യം 1, 2, 3, 4 Ayurvedic Legacy of Kerala Vol.I, IA, 2, 3 എന്നീ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) എല്ലാ രോഗങ്ങൾക്കുമുള്ള ചികിത്സ വിവരിക്കുന്നതിനു പുറമെ വിശേഷിച്ച് ബാലരോഗങ്ങൾ, സ്ത്രീ രോഗങ്ങൾ എന്നിവയുടെ ചികിത്സയും വിഷ ചികിത്സ, മർമ്മ ചികിത്സ എന്നിവയും ഇതിൽ പ്രതിപാദിക്കുന്നുണ്ട്. പല രോഗങ്ങൾക്കും ചെലവു കുറഞ്ഞതും തനതു കേരളീയ രീതിയിലുള്ളതുമായ നിരവധി ചികിത്സാ ക്രമങ്ങൾ ഇതിൽ വിവരിക്കുന്നുണ്ട്.

## ഞാറയ്ക്കൽ ആശുപത്രിയിലെ കാഷ്വാലിറ്റി

73(2541) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറയ്ക്കൽ ആശുപത്രിയിൽ ഡോക്ടർമാരുടെ അഭാവംമൂലം കാഷ്വാലിറ്റി സേവനം തടസ്സപ്പെട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രാത്രികാല സേവനവും കാഷ്വാലിറ്റി സേവനവും തടസ്സപ്പെടുന്നത് ഒഴിവാക്കാൻ നടപടിയൊന്നും സ്വീകരിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) പകരം ഡോക്ടർമാരെ നിയമിക്കാതെ നിലവിലുള്ളവരെ വിടുതൽ ചെയ്തത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഞാറയ്ക്കൽ ആശുപത്രിയിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ 3 ഒഴിവുകളുണ്ടാകുകയും ഒഴിവുകളിൽ ഒരെണ്ണം കേഡർമാറ്റം വഴിയും ഒരെണ്ണം സ്വമേധയാ രാജി വച്ച് ഒഴിഞ്ഞു പോയതിനാലും പകരം ആളിനെ നിയമിക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുകയും രാത്രികാല സേവനവും കാഷ്വാലിറ്റി സേവനവും തടസ്സപ്പെട്ടുവാനിടയാവുകയും ചെയ്തു. മൂന്നാമത്തെ ഒഴിവ് സ്ഥലംമാറ്റം വഴി ഉണ്ടായതാണ്. സ്ഥലംമാറ്റം വഴി പോയ ആളിനുപകരം ഡോക്ടറെ നിയമിച്ചിട്ടുണ്ട്. മറ്റ് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ അഡ്ഹോക്ക് വ്യവസ്ഥയിൽ ഒരു ഡോക്ടറെ നിയമിച്ചിട്ടുണ്ട്. അതോടൊപ്പം എറണാകുളം ജനറൽ ആശുപത്രിയിൽ നിന്നും മാലിപ്പുറം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിന്നും ഓരോ ഡോക്ടർമാരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ ഞാറയ്ക്കൽ ആശുപത്രിയിൽ നിയമിച്ചും ടി ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തിയിട്ടുണ്ട്.

**ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനം**

74(2542) <u>ശ്രീ. കെ. ശിവദാസൻ നായർ</u> :
<u>ശ്രീ. എം. എ. വാഹീദ്</u> :
<u>ശ്രീ. ലൂഡി ലൂയിസ്</u> :
<u>ശ്രീ. എം. പി. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനത്തിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ-സി) കാരുണ്യാ ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തന വിവരങ്ങൾ താഴെ കൊടുക്കുന്നു:

സർക്കാർ ഉത്തരവ് (സാധാ) നമ്പർ 114/2013/നികുതി വകുപ്പ് തീയതി, 5-2-2013 പ്രകാരം, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിനു കീഴിൽ ചുവടെ ചേർത്തിരിക്കുന്ന 27 ആശുപത്രികളിൽ കാരുണ്യ ബെനവലന്റ് ഫണ്ടുപയോഗിച്ച് ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്.

1. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചിറയിൻകീഴ്
2. ജില്ലാ ആശുപത്രി, നെയ്യാറ്റിൻകര
3. ജില്ലാ ആശുപത്രി, നെടുമങ്ങാട്
4. ഫോർട്ട് ആശുപത്രി, തിരുവനന്തപുരം
5. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കൊട്ടാരക്കര
6. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പുനലൂർ
7. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചേർത്തല
8. ജനറൽ ആശുപത്രി, ആലപ്പുഴ
9. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, റാന്നി
10. ജനറൽ ആശുപത്രി, അടൂർ
11. ജനറൽ ആശുപത്രി, ചങ്ങനാശ്ശേരി
12. ജനറൽ ആശുപത്രി, പാല
13. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പീരുമേട്
14. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, മൂവാറ്റുപുഴ
15. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പരവൂർ
16. ജില്ലാ ആശുപത്രി, വടക്കാഞ്ചേരി
17. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കുന്നംകുളം
18. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ഒറ്റപ്പാലം
19. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, മണ്ണാർക്കാട്
20. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കൊയിലാണ്ടി
21. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, താമരശ്ശേരി
22. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തളിപ്പറമ്പ്
23. ജനറൽ ആശുപത്രി, തലശ്ശേരി
24. ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്
25. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നീലേശ്വരം
26. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, സുൽത്താൻബത്തേരി
27. ജനറൽ ആശുപത്രി, കൽപ്പറ്റ

താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി പുനലൂർ, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി ചേർത്തല, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി ഒറ്റപ്പാലം എന്നിവിടങ്ങളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് അനുമതി ലഭിച്ച ഡയാലിസിസ് യൂണിറ്റുകൾ യഥാക്രമം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി കരുനാഗപ്പള്ളി, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി കായംകുളം, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി ചിറ്റൂർ എന്നിവിടങ്ങളിലേക്ക് മാറ്റി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പെട്ടെന്നുണ്ടാകുന്ന വൃക്കസ്തംഭനം വന്ന് ഡയാലിസിസ് വേണ്ടിവരുന്ന രോഗികൾക്ക് സൗജന്യമായാണ് ഡയാലിസിസ് ചെയ്യുന്നത്. സ്ഥായിയായ വൃക്കസ്തംഭനം വന്ന രോഗികൾക്ക് കുറഞ്ഞ നിരക്കിൽ ഡയാലിസിസ് ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് കാരുണ്യ ഡയാലിസിസ് പദ്ധതി പ്രകാരം രണ്ട് ലക്ഷം രൂപയുടെ സൗജന്യ ഡയാലിസിസ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ ആർ.എസ്.ബി.വൈ. പദ്ധതി പ്രകാരം 30,000 രൂപയും ചിസ് പ്ലസ് പദ്ധതി പ്രകാരം 70,000 രൂപയും കുറഞ്ഞ നിരക്കിൽ ഡയാലിസിസ് ചെയ്യുന്നു.

**ഹെൽത്ത് ട്രാൻസ്പോർട്ട് സെൻട്രൽ വർക്ക്ഷോപ്പുകൾ**

75(2543) <u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന്റെ കീഴിൽ എത്ര ഹെൽത്ത് ട്രാൻസ്പോർട്ട് സെൻട്രൽ വർക്ക്ഷോപ്പുകളുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വർക്ക്ഷോപ്പുകൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) പ്രസ്തുത സ്ഥാപനങ്ങളിലെ തസ്തികകൾ സൂപ്പർ ന്യൂമററിയായി മാറ്റുന്നതിന് എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

(ഡി) പ്രസ്തുത വർക്ക്ഷോപ്പുകളിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആരോഗ്യ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് ഒരു ഹെൽത്ത് ട്രാൻസ്പോർട്ട് സെൻട്രൽ വർക്ക്ഷോപ്പ് പ്രവർത്തിച്ചുവരുന്നു.

(ബി) ഈ വിഷയം ഇപ്പോൾ പരിഗണയിലില്ല

(സി&ഡി) സെൻട്രൽ വർക്ക്ഷോപ്പിൽ ഇപ്പോൾ നിലവിലുള്ള തസ്തികകൾ സൂപ്പർ ന്യൂമററിയായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ പുതുതായി ജീവനക്കാരെ നിയമിക്കുവാൻ നിർവ്വാഹമില്ല.

## കൽപ്പറ്റ ജനറൽ ആശുപത്രിയിലെ ഒഴിവുള്ള തസ്തികകൾ

76(2544) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ ജനറൽ ആശുപത്രിയിൽ അനുവദനീയമായ തസ്തികകൾ എത്രയെന്ന് വെളിപ്പെടുത്തുമോ ; ഓരോ തസ്തികയിലും ജോലി ചെയ്യുന്നവർ, നിലവിലുള്ള ഒഴിവുകൾ എന്നിവ എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഒഴിവുള്ള തസ്തികകൾ നികത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ ഫയൽ നമ്പർ സഹിതമുള്ള വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ആശുപത്രി കൈനാട്ടിയിലുള്ള പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്ന നടപടി ആരംഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൽപ്പറ്റ ജനറൽ ആശുപത്രിയിൽ അനുവദിക്കപ്പെട്ട 54 തസ്തികകളിൽ 4 എണ്ണം മാത്രമാണ് ഒഴിഞ്ഞുകിടക്കുന്നത് വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ആരോഗ്യവകുപ്പ് ഡയറക്ടറിൽ നിന്നും അപേക്ഷയോ ശിപാർശയോ ലഭ്യമായിട്ടില്ല.

(സി) കൈനാട്ടിയിലുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. നിർമ്മാണം പൂർത്തിയായാലുടൻ പുതിയ കെട്ടിടത്തിലേക്ക് ആശുപത്രി മാറ്റുന്നതാണ്.

## കാസർഗോഡ് ജില്ലാ ആശുപത്രികളിലെ സേവനങ്ങൾ

77(2545) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ സർക്കാർ ആശുപത്രികളിലായി എത്ര ആംബുലൻസുകളാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) രോഗികൾക്കായി ആംബുലൻസ് വിട്ടുനൽകുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ ഉണ്ടോ; എങ്കിൽ അവ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കാസർഗോഡ് ജില്ലയിലെ ജില്ലാ ജനറൽ ആശുപത്രികളിൽ സ്കാനിംഗ് സെന്ററുകൾ നിലവിലുണ്ടോ; എങ്കിൽ ഇവ പ്രവർത്തന സജ്ജമാണോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ സർക്കാർ ആശുപത്രികളിലായി എട്ട് ആംബുലൻസുകളാണ് നിലവിലുള്ളത്.

(ബി) 24-3-2012 ലെ എച്ച്.റ്റി. 3-72285/2009/ആ.വ.ഡ. നമ്പർ സർക്കുലർ പ്രകാരം ആംബുലൻസ് ഉപയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് അനുബന്ധമായി ചേർക്കുന്നു.*

(സി) കാസർഗോഡ് ജില്ലയിലെ ജില്ലാ ജനറൽ ആശുപത്രിയിൽ സ്കാനിംഗ് മെഷീൻ നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

**ആംബുലൻസ് സൗകര്യം ഇല്ലാത്ത താലൂക്ക് ആശുപത്രികൾ**

78(2546) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആംബുലൻസ് സൗകര്യം ഇല്ലാത്ത എത്ര താലൂക്ക് ആശുപത്രികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നെടുങ്കണ്ടം താലൂക്ക് ആശുപത്രിയിൽ ഉണ്ടായിരുന്ന ആംബുലൻസ് സൗകര്യം പിൻവലിക്കാനിടയായ സാഹചര്യം വിശദമാക്കുമോ;

(സി) നെടുങ്കണ്ടം താലൂക്ക് ആശുപത്രിക്ക് പുതിയ ആംബുലൻസ് അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ നേമം, ഫോർട്ട്, ആറ്റിങ്ങൽ എന്നീ താലൂക്കാശുപത്രികളിലും കൊല്ലം ജില്ലയിൽ കുണ്ടറ താലൂക്കാശുപത്രിയിലും എറണാകുളം ജില്ലയിൽ ഞാറുവേക്കൽ താലൂക്കാശുപത്രിയിലും തൃശ്ശൂർ പുതുക്കാട് താലൂക്കാശുപത്രിയിലും ആംബുലൻസ് സൗകര്യം നിലവിലില്ല.

(ബി) കാലപ്പഴക്കം കൊണ്ട് പ്രസ്തുത ആംബുലൻസ് ഉപയോഗിക്കാൻ പറ്റാത്ത സാഹചര്യത്തിലാണ് വാഹനം പിൻവലിച്ചത്.

(സി) ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അട്ടപ്പാടി ട്രൈബൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി

79(2547) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി ട്രൈബൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്; വിശദ വിവരം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത ആശുപത്രിയിൽ എത്ര പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾ മരണപ്പെട്ടിട്ടുണ്ട്; ആയതിന്റെ കാരണങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) വിവിധ തസ്തികകളിലായി 22 ഒഴിവുകൾ ഉണ്ട്. വിശദവിവരം അനുബന്ധമായി നൽകിയിരിക്കുന്നു.*

(ബി) പതിമൂന്ന് ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. മലേറിയ, ടി.ബി., മെനഞ്ചൈറ്റിസ്, മിൽക്ക് ആസ്പിറേഷൻ, ഹൈപ്പോക്സിക് എൻസഫലോപ്പതി സ്റ്റേജ് 3, എ.ആർ.ഡി.എസ്. (അക്യൂട്ട് റെസ്പിറേറ്ററി ഡിസ്ട്രസ് സിൻഡ്രോം), കൺജനിറ്റൽ ഹാർട്ട് ഡിസീസ്, ഉക്കുറവ്, മാസം തികയാതെയുള്ള പ്രസവം, വൃക്ക തകരാറ്, ഇൻട്രാ യൂട്ടെറൈൻ ഗ്രോത്ത് റിട്ടാർഡേഷൻ എന്നിവയാണ് മരണകാരണങ്ങളായി കണ്ടെത്തിയിട്ടുള്ളത്.

## കാസർഗോഡ് താലൂക്ക്, ജില്ലാ ആശുപത്രികളിലെ നഴ്സ് തസ്തികകൾ

80(2548) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് താലൂക്ക് ആശുപത്രി ജനറൽ ആശുപത്രിയായും ജില്ലാ ആശുപത്രി 400 കിടക്കകളുള്ളതായും ഉയർത്തിയെങ്കിലും മുമ്പുണ്ടായിരുന്ന കിടക്കകൾക്കനുസൃതമായ നഴ്സുമാരുടെ തസ്തികകൾ മാത്രമേ രണ്ടിടങ്ങളിലും നിലവിലുള്ളോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ പ്രസ്തുത കുറവ് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

നിലവിലെ സ്റ്റാഫ് നഴ്സ് പാറ്റേൺ അനുസരിച്ച് 2 ഷിഫ്റ്റ് ആശുപത്രികളിൽ നഴ്സ് രോഗി അനുപാതം 1:6 ആണ്. ഇതനുസരിച്ച് ജനറൽ ആശുപത്രികളിലെ 212 ബഡ് സ്ട്രെംഗ്തിനു 35 സ്റ്റാഫ് നഴ്സുമാരുടെ തസ്തികകൾ ആണ് വേണ്ടത്. എന്നാൽ ജനറൽ ആശുപത്രിയിൽ നിലവിൽ 67 സ്റ്റാഫ് നഴ്സ് തസ്തികയുണ്ട്. ജില്ലാ ആശുപത്രിയിലെ 400 ബഡ് സ്ട്രെംഗ്ത് അനുസരിച്ച് 66 നഴ്സുമാരുടെ തസ്തികയാണ് ആവശ്യം. ഇപ്പോൾ ജില്ലാ ആശുപത്രിയിൽ 66 നഴ്സുമാരുടെ തസ്തിക നിലവിലുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ വൃക്ക രോഗികൾ

81(2549) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വൃക്ക രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വൃക്ക രോഗികൾക്ക് ഡയാലിസിസ് ഉൾപ്പെടെയുള്ള ചികിൽസയ്ക്ക് കാരുണ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയ എത്ര ആശുപത്രികളാണ് കേരളത്തിൽ ഉള്ളതെന്ന പട്ടിക ലഭ്യമാക്കാമോ;

(സി) കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ മാസങ്ങൾക്കു മുമ്പെ ഉദ്ഘാടനം കഴിഞ്ഞിട്ടും ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ഡി) ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ജീവിതശൈലീ രോഗങ്ങളായ പ്രമേഹവും രക്തസമ്മർദ്ദവും വർദ്ധിച്ചുവരുന്ന പശ്ചാത്തലത്തിൽ ഈ രോഗങ്ങളുടെ മൂർദ്ധന്യാവസ്ഥയിൽ ഹൃദ്രോഗം, വൃക്കരോഗം തുടങ്ങിയവ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് വിദഗ്ദ്ധ ചികിത്സാ സൗകര്യങ്ങളുള്ള എല്ലാ സർക്കാർ ആശുപത്രികളിലും പരിയാരം സഹകരണ മെഡിക്കൽ കോളേജ്, ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, ആർ.സി.സി., മലബാർ ക്യാൻസർ സെന്റർ എന്നിവിടങ്ങളിലും കാരുണ്യ ചികിത്സാ പദ്ധതിപ്രകാരം ചികിത്സ ലഭ്യമാണ്. കോഴിക്കോട്, തൃശ്ശൂർ, കോട്ടയം, ആലപ്പുഴ, തിരുവനന്തപുരം എന്നിവിടങ്ങളിലെ മെഡിക്കൽ കോളേജുകളെയും കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൽപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിൽ കാരുണ്യ ബെനവലന്റ് ഫണ്ട് ഉപയോഗിച്ച് ആരംഭിക്കാൻ അനുമതി ലഭിച്ചിട്ടുള്ള ഡയാലിസിസ് യൂണിറ്റുകളുടെ പട്ടിക അനുബന്ധമായി നൽകിയിരിക്കുന്നു.* പദ്ധതി പ്രകാരം അക്രഡിറ്റേഷൻ നടത്തിയിട്ടുള്ള സ്വകാര്യ ആശുപത്രികൾ, സ്വകാര്യ ഡയാലിസിസ് സെന്ററുകൾ എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധം ആയി നൽകിയിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രസ്തുത ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റിനു വേണ്ടിയുള്ള കെട്ടിടം പണി പൂർത്തിയായെങ്കിലും ആവശ്യമായ മെഷിനറി ലഭ്യമാകുന്നതിലുള്ള കാലതാമസമാണ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കാൻ വൈകുന്നതിനുള്ള കാരണം.

(ഡി) സ്വീകരിക്കും. ഇതിനുവേണ്ടി കാസർഗോഡ് ജില്ലാ പഞ്ചായത്ത് 75 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ കാരുണ്യ ബെനവലന്റ് ഫണ്ട് ഉപയോഗിച്ച് ഈ യൂണിറ്റ് പ്രവർത്തിപ്പിക്കാൻ കഴിയുമോയെന്ന കാര്യം സർക്കാർ പരിഗണിച്ചു വരുന്നു.

**കോഴിക്കോട് റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറിയിൽ ജനറേറ്റർ**

82(2550) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറിയിൽ ജനറേറ്റർ സ്ഥാപിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് അപേക്ഷ നൽകിയതെന്നും അതിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ?

ഉത്തരം

(എ&ബി) കോഴിക്കോട് റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറിയിൽ ഒരു 59 കെ.ഡബ്ല്യൂ.എ. ജനറേറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർക്ക് (ആരോഗ്യം) ലഭിച്ചിട്ടുണ്ട്. പ്രസ്തുത ജനറേറ്റർ സ്ഥാപിക്കുന്നതിന് വരുന്ന ചെലവ് കണക്കാക്കുന്നതിനായി എസ്റ്റിമേറ്റ് കോഴിക്കോട് ഇലക്ട്രിക്കൽ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റിന് അയച്ചിരിക്കുകയാണ്.

**സ്റ്റാഫ് നഴ്സുമാരുടെ നിയമനം**

83(2551) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് താലൂക്ക് ആശുപത്രിയിലും കാസർഗോഡ് ജില്ലാ ആശുപത്രിയിലും നിലവിലുള്ള ബെഡ് സ്ട്രെങ്ത് എപ്രകാരമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ബെഡ് സ്ട്രെങ്ത്ത് അനുസരിച്ചുള്ള തസ്തികകൾ പ്രസ്തുത ആശുപത്രികളിൽ അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ജില്ലയിലെ വിവിധ സർക്കാർ ആശുപത്രികളിൽ നഴ്സുമാരുടെ എത്ര തസ്തികകൾ നിലവിലുണ്ട്; പ്രസ്തുത ഒഴിവുകൾ മുഴുവനും നികത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) ജില്ലയിലെ നഴ്സുമാരുടെ പി.എസ്.സി. റാങ്കുലിസ്റ്റിൽ എത്ര പേരുണ്ട്; പ്രസ്തുത ലിസ്റ്റിൽ നിന്നും ഒഴിവുകൾ നികത്തുന്നതിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് താലൂക്ക് ആശുപത്രി 25-10-2008-ൽ ജനറൽ ആശുപത്രിയായിട്ട് ഉയർത്തിയിട്ടുണ്ട്. നിലവിലുള്ള ബെഡ് സ്ട്രെങ്ത് കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ 400-ഉം കാസർഗോഡ് ജനറൽ ആശുപത്രിയിൽ 212-ഉം ആണ്.

(ബി) കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ നിലവിൽ ബെഡ് സ്ട്രെങ്ത് അനുസരിച്ചുള്ള തസ്തിക ഇല്ല. എന്നാൽ കാസർഗോഡ് ജനറൽ ആശുപത്രിയിൽ ബെഡ് സ്ട്രെങ്ത് അനുസരിച്ചുള്ള തസ്തികകൾ ഉണ്ട്. വിശദാംശങ്ങൾ അനുബന്ധം ആയി ഉള്ളടക്കം ചെയ്യുന്നു.*

(സി) കാസർഗോഡ് ജില്ലയിലെ വിവിധ സർക്കാർ ആശുപത്രികളിലായി ഹെഡ് നഴ്സ്-49, സ്റ്റാഫ് നഴ്സ് ഗ്രേഡ് -1-100, സ്റ്റാഫ് നഴ്സ് ഗ്രേഡ് II-99 എന്നിങ്ങനെ ആകെ 248 നഴ്സിംഗ് തസ്തികകൾ നിലവിലുണ്ട്. സ്റ്റാഫ് നഴ്സ് ഗ്രേഡ്-1 ൽ 45 ഒഴിവുകൾ നിലവിലുണ്ട്. ഗ്രേഡ്-II സ്റ്റാഫ് നഴ്സ് തസ്തികകയിൽ നിന്നും സ്ഥാനക്കയറ്റം നൽകി സ്റ്റാഫ് നഴ്സ് ഗ്രേഡ്-I-ന്റെ ഒഴിവ് നികത്തുന്നതാണ്. വിശദാംശങ്ങൾ അനുബന്ധം ആയി ഉള്ളടക്കം ചെയ്യുന്നു.*

(ഡി) ജില്ലയിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II-ന്റെ എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒഴിവുകൾ നികത്തുന്നതിന് തടസ്സമില്ലെന്ന് അറിയിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ നടത്തിയ പ്രവൃത്തികൾ**

84(2552) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവൃത്തികളുടെ പേരും, തുകയും വിശദമാക്കുമോ?

ഉത്തരം

(എ)

| നമ്പർ | പ്രവർത്തിയുടെ പേര് | തുക |
|---|---|---|
| (1) | (2) | (3) |
| 1 | പഴയ ലിഫ്റ്റുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി | 150 കോടി |
| 2 | ഇ- ഹോസ്പിറ്റൽ പദ്ധതി | 350 കോടി |
| 3 | അപ്ഗ്രഡേഷൻ ഓഫ് മെഡിക്കൽ കോളേജ് അണ്ടർ ഇൻക്രീസിംഗ് പി.ജി. സീറ്റ് | 1389.50 ലക്ഷം |
| 4 | പഴയ ഹോസ്പിറ്റൽ ബിൽഡിംഗ് നവീകരണം | 500 ലക്ഷം |
| 5 | നവജാതശിശു തീവ്ര പരിചരണ വിഭാഗം | 122.2728 ലക്ഷം |
| 6 | ഓങ്കോളജി ആന്റ് ടെറിഷ്യറി കാൻസർ സെന്റർ | 35 ലക്ഷം |
| 7 | തീ പൊള്ളൽ ചികിത്സാ യൂണിറ്റ് | 108 ലക്ഷം |
| 8 | മരുന്നുകളുടെ ഗുണനിലവാരം പരിശോധന യൂണിറ്റ് | 1 കോടി |
| 9 | ഡിസീസ് ഡോണർ മൾട്ടി ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ | 17.3 കോടി |
| 10 | സെറ്റിംഗ് അപ് ഓഫ് മൾട്ടി ഡിസിപ്ലിനറി റിസർച്ച് ലാബ് | 25.5 ലക്ഷം |
| 11 | സെറ്റിംഗ് അപ് ഓഫ് റീപ്രൊഡക്ടീവ് മെഡിസിൻ യൂണിറ്റ് | 300 ലക്ഷം |

| (1) | (2) | (3) |
|---|---|---|
| 12 | പി.ജി. വിദ്യാർത്ഥികളുടെ ക്വാർട്ടേഴ്സ് | 12.44 കോടി |
| 13 | നൂറ് കുട്ടികൾക്കായുള്ള ഹോസ്റ്റൽ | 355 ലക്ഷം |
| 14 | പെൺകുട്ടികളുടെ ഹോസ്റ്റൽ | 880 ലക്ഷം |
| 15 | കോളേജ് ബിൽഡിംഗിൽ ലിഫ്റ്റ് നിർമ്മാണം | 36 ലക്ഷം |
| 16 | ലക്ച്ചർ തിയറ്റർ കോംപ്ലക്സ് | 10 കോടി |
| 17 | ആൺകുട്ടികളുടെ ഹോസ്റ്റൽ നവീകരണം | 75 ലക്ഷം |
| 18 | ഗ്യാസ്ട്രോ എൻറോളജി വകുപ്പിന്റെ നവീകരണം, കാമ്പസ് റോഡിന്റെ നവീകരണം | 750 ലക്ഷം |
| 19 | ഹൗസ് സർജൻമാരുടെ ക്വാർട്ടേഴ്സ് നവീകരണം (ചെറുപ്പ് യൂണിറ്റ്) | 15 ലക്ഷം |
| 20 | രോഗികളുടെ കൂട്ടിരിപ്പുകാരുടെ വിശ്രമമന്ദിരം എം.എൽ.എ. ഫണ്ട് | 157 ലക്ഷം |
| 21 | ഡിസീസ് ഡോണർ മൾട്ടി ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ | 10 ലക്ഷം |
| 22 | ഹെമറ്റോളജി വാർഡ് (ശ്രീമതി ടി. എൻ. സീമയുടെ എം.പി. ഫണ്ട്) | 101 ലക്ഷം |
| 23 | ജറിയാട്രിക് വാർഡ് നിർമ്മാണം | 2 കോടി |
| 24 | പാരാമെഡിക്കൽ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ | 4 കോടി |
| 25 | ഗസറ്റഡ് ഓഫീസേഴ്സ് ഫ്ലാറ്റ് | 15 കോടി |
| 26 | ഫിസിക്കൽ മെഡിസിൻ വിഭാഗം നവീകരണവും മെൻസ് ഹോസ്റ്റൽ മൂന്നിന്റെ രണ്ടാം നിലയുടെ നിർമ്മാണവും | 340 ലക്ഷം |
| 27 | മെഡിക്കൽ കോളേജ് ബിൽഡിംഗിന്റെ പുനരുദ്ധാരണം | 5 കോടി |
| 28 | എൻ.ജി.ഒ.-മാരുടെ ഫ്ലാറ്റ് | 30 കോടി |

## കാസർഗോഡ് ജില്ലയിൽ ആരോഗ്യ വകുപ്പിലെ ഒഴിവുകൾ

85(2553) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ ആരോഗ്യ വകുപ്പിലും ഹോമിയോ/ആയുർവേദം എന്നിവിടങ്ങളിലുമായി ഒഴിവുള്ള ഡോക്ടർമാരുടെ തസ്തികകൾ നികത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; നിലവിൽ എത്ര ഒഴിവുകൾ ജില്ലയിലുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ജില്ലയിലെ ആരോഗ്യ വകുപ്പിൽ 69-ഉം ഹോമിയോ വകുപ്പിൽ 10-ഉം ആയുർവേദ വകുപ്പിൽ 5-ഉം ഒഴിവുകളാണ് ഉള്ളത്.

## കോഴിക്കോട് ഗവൺമെന്റ് ജനറൽ (ബീച്ച്) ആശുപത്രി

86(2554) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവൺമെന്റ് ജനറൽ (ബീച്ച്) ആശുപത്രിയിലെ വോൾട്ടേജ് ക്ഷാമവും, വൈദ്യുതി വിതരണത്തിലെ അപാകതകളുംമൂലം ആശുപത്രിയിലെ പല ഉപകരണങ്ങളും കേടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട നടപടികളുടെ ഫയൽ നമ്പർ വ്യക്തമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ഗവൺമെന്റ് ജനറൽ (ബീച്ച്) ആശുപത്രിയിലെ വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോഴിക്കോട് ജനറൽ ആശുപത്രിയിൽ ഒരു ഇലക്ട്രിക്കൽ ഹൈടെൻഷൻ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സമർപ്പിച്ച ശിപാർശ 2015-16 വർഷത്തിൽ ഫണ്ട് ലഭ്യമാകാത്തതിനാൽ നടപ്പിലായില്ല. 2016-17 സാമ്പത്തിക വർഷത്തിൽ ടി പദ്ധതിക്ക് ആവശ്യമായ തുക വകയിരുത്തുന്നത് സംബന്ധിച്ച ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ഫയൽ നമ്പർ പി.എൽ.എ 4. 39349/2015/ആ.വ.ഡ.-യും സെക്രട്ടേറിയറ്റിലെ ഫയൽ നമ്പർ 11049/എം. 1/2015/ആ.കു.വ.-യും ആണ്.

**മെഡിക്കൽ ലബോറട്ടറികളുടെ ഗുണനിലവാരം**

87(T2555) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ ലബോറട്ടറികളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിനായി മുൻ സർക്കാർ കൊണ്ടുവന്നിട്ടുള്ള പാരാമെഡിക്കൽ ബിൽ ഈ സർക്കാർ നടപ്പിൽ വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്തെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ മെഡിക്കൽ ലബോറട്ടറികളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ കേന്ദ്ര നിയമത്തിന്റെ മാതൃകയിൽ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. നിലവിൽ സേഫ് കേരള പദ്ധതിയുടെ ഭാഗമായി തിരു-കൊച്ചി പൊതുജനാരോഗ്യ നിയമം-1955, മദ്രാസ് പൊതുജനാരോഗ്യ നിയമം-1939 എന്നിവ ഉപയോഗിച്ച് ആരോഗ്യ വകുപ്പ് നടപടി എടുക്കുന്നു. ഇതുകൂടാതെ കേരള പഞ്ചായത്ത് രാജ് ആക്ട്, മുനിസിപ്പാലിറ്റി ആക്ട് എന്നിവ ഉപയോഗിച്ചും വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി എടുത്തു വരുന്നു. സംസ്ഥാനത്തെ ഗവ. മെഡിക്കൽ ലബോറട്ടറികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് കെട്ടിടങ്ങളും അനുബന്ധ ഉപകരണങ്ങളും നൽകുന്നതിനാവശ്യമായി നടപടി കൈക്കൊണ്ടുവരുന്നു. നൂതന ലബോറട്ടറി പരിശോധനകളായ ന്യൂബോൺ സ്ക്രീനിംഗ് ടെസ്റ്റ് മുതലായവ ആധുനിക ഉപകരണത്തിന്റെ സഹായത്തോടെ സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ക്ലിനിക്കൽ ലാബിലും റീജീയണൽ പി.എച്ച്. ലാബുകളിലും ചെയ്തുവരുന്നു.

സേഫ് കേരള പ്രോഗ്രാമിന്റെ ഭാഗമായി 27-2-2015-ന് 14 ജില്ലകളിലും 454 ടീമുകളിലുമായി 2246 ജീവനക്കാർ 2055 ക്ലിനിക്കൽ ലബോറട്ടറികൾ (71 സ്കാനിംഗ് സെന്ററുകൾ, 167 എക്സറേ യൂണിറ്റുകൾ ഉൾപ്പെടെ) പരിശോധിച്ച് അതിൽ 273 സ്ഥാപനങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന്റെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായും 484 പേർ ലബോറട്ടറിയുമായി ബന്ധപ്പെട്ട അംഗീകൃത യോഗ്യത ഇല്ലാത്തവരാണെന്നും 59 പേർ എക്സറേ യൂണിറ്റിൽ

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

യോഗ്യതയില്ലാത്തവരാണെന്നും കാണപ്പെട്ടു. 266 സ്ഥാപനങ്ങളിൽ ആവശ്യത്തിന് അടിസ്ഥാനസൗകര്യങ്ങൾ ഇല്ലാതിരുന്നു. ഗുണനിലവാരമില്ലാത്ത ടെസ്റ്റുകളും രാസവസ്തുക്കളും 218 സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്നതായും 47 സ്ഥാപനങ്ങളിൽ അണുവിമുക്തമാകാത്ത ഉപകരണങ്ങൾ ഉപയോഗിക്കുന്നതായും കണ്ടെത്തി. 356 സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് കൊടുത്തു. 48 എണ്ണം അടച്ചുപൂട്ടി. 13 എണ്ണത്തിൽ നിന്നും പിഴ ഈടാക്കി. 26-6-2015-ന് 503 സ്കാനിംഗ് സെന്ററുകളും 20 ജനറ്റിക് ക്ലിനിക്കുകളും ഉൾപ്പെടെ 523 സ്ഥാപനങ്ങളിൽ പരിശോധന നടത്തിയതിനെ തുടർന്ന് 48 സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് കൊടുത്തു. 14 എണ്ണം അടച്ചുപൂട്ടി. പി. സി. & പി.എൻ.ഡി.റ്റി. ആക്ട് ഉപയോഗിച്ചാണ് അടച്ചുപൂട്ടിയത്. 8-12-2015-ൽ തിരുവനന്തപുരത്ത് 2639 ജീവനക്കാർ ഉൾപ്പെടുന്ന 538 ടീമുകൾ പരിശോധന നടത്തി ആകെ 2224 സ്വകാര്യ ലാബുകളിലാണ് പരിശോധന നടത്തിയത്. പരിശോധനയിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയ 48 ലാബുകൾ അടച്ചുപൂട്ടി. കൂടാതെ 565 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി.

(ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## വടക്കാഞ്ചേരി സി.എച്ച്.സി. താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി

88(2556) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കഞ്ചേരി സി. എച്ച്. സി. താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് താലൂക്ക് ആശുപത്രിയായി ഉയർത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിലവാരത്തിൽ പ്രവർത്തിക്കുന്നതിനുള്ള സ്റ്റാഫ് പാറ്റേൺ അനുവദിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ;

(സി) വടക്കഞ്ചേരിയിൽ നിലവിൽ സി.എച്ച്.സി. കളുടെ സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള ജീവനക്കാരുണ്ടോ; എത്ര ജീവനക്കാരുടെ കുറവാണുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) നടപടികൾ ആരംഭിച്ചിട്ടില്ല.

(സി) വടക്കഞ്ചേരി സി.എച്ച്.സി.-യിൽ അനുവദിച്ച കിടക്കകളുടെ എണ്ണം 34 ആണ്. നിലവിലുള്ള ജീവനക്കാരുടെ തസ്തികകൾ അനുബന്ധമായി ചേർക്കുന്നു.* സ.ഉ. (സാധാ) നമ്പർ 1669/2014/ആ.കു.വ. തീയതി, 26-5-2014 പ്രകാരം ജനറൽ മെഡിസിൻ, സർജറി, ഗൈനക്കോളജി, പീഡിയാട്രിക്സ് എന്നീ സ്പെഷ്യാലിറ്റികൾ ആരംഭിക്കുന്നതിനായി തിരഞ്ഞെടുത്ത 154 ആശുപത്രികളിൽ വടക്കാഞ്ചേരി സി.എച്ച്.സി.-യും ഉൾപ്പെട്ടിട്ടുണ്ട്. ആരോഗ്യ വകുപ്പിൽ ജനറൽ മെഡിസിൻ, സർജറി എന്നീ സ്പെഷ്യാലിറ്റികളിൽ ഡോക്ടർമാരുടെ കുറവുള്ളതിനാൽ പ്രസ്തുത 154 ആശുപത്രികളിൽ താലൂക്ക്/താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഒഴികെയുള്ള ആശുപത്രികളിൽ ഗൈനക്കോളജി, പീഡിയാട്രിക്സ് എന്നീ വിഭാഗങ്ങൾ മാത്രം ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് (സാധാ) നമ്പർ 4/2015/ആ.കു.വ. തീയതി 1-1-2015 പ്രകാരം ഉത്തരവായിട്ടുണ്ട്.

## ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിലെ ഒ.പി. ബ്ലോക്ക് നിർമ്മാണം

89(2557) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിലെ ഒ.പി. ബ്ലോക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ച ഫയലിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ 2015 മാർച്ച് മാസത്തിൽ 21338 നമ്പർ ആയി രജിസ്റ്റർ ചെയ്ത പ്രസ്തുത ഫയലിന്മേൽ തീർപ്പുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിലെ ഒ.പി. ബ്ലോക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ച 21338 നമ്പർ ഫയൽ ഇ 2/377/15/ ആരോഗ്യം എന്ന പ്രകാരം ധനവകുപ്പിന്റെ പരിഗണനയിലാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അന്തിക്കാട് ഗവ. ഹോസ്പിറ്റൽ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം

90(2558) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിലെ അന്തിക്കാട് സർക്കാർ ആശുപത്രി സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണത്തിന് അനുവദിച്ച ആസ്തിവികസന ഫണ്ടിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(ബി) പ്രസ്തുത നിർമ്മാണം സംബന്ധിച്ച പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ എത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ന് ; ഇതിന്മേൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ ;

(സി) പ്രസ്തുത ഭരണാനുമതി ലഭ്യമാക്കാൻ തടസ്സങ്ങളുണ്ടോ ; ഇല്ലെങ്കിൽ ആയത് എപ്പോൾ അനുവദിക്കാൻ കഴിയുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) നാട്ടിക നിയോജക മണ്ഡലത്തിലെ അന്തിക്കാട് സർക്കാർ ആശുപത്രി സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണത്തിനായി ശ്രീമതി ഗീതാ ഗോപി എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് പ്രകാരം 35 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറുടെ 27-3-2015-ലെ CE/BL/PLG/LAC-ADS/ISR/9891/14 നമ്പർ കത്തുപ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുണ്ട്. ആയത് 16-4-2015-ൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ റിമാർക്സിനും അറ്റസ്റ്റേഷനുമായി സമർപ്പിച്ചിരിക്കുകയാണ്. പ്ലാനിൽ ചെറിയ മാറ്റം ആവശ്യമുണ്ടെന്ന് ആശുപത്രി അധികൃതർ അറിയിച്ചതായും ആയത് ലഭ്യമായാലുടൻ ഭരണാനുമതിക്കായി സമർപ്പിക്കുന്നതാണെന്നും തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ടെന്നുള്ള വിവരം ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(സി) ആരോഗ്യ വകുപ്പ് ഡയക്ടറിൽ നിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ആശ്വാസ കിരണം പദ്ധതി കാസർഗോഡ് ജില്ലയിൽ**

91(2559) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യകനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസകിരണം പദ്ധതി പ്രകാരം ഓട്ടിസം ബാധിച്ചിട്ടുള്ള എത്ര കുട്ടികൾക്ക് ആനുകൂല്യം ലഭിക്കുന്നുണ്ടെന്നും പ്രസ്തുത ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ എത്ര കുട്ടികൾക്ക് ആനുകൂല്യം ലഭിക്കുന്നുണ്ടെന്നും അതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വിശദീകരിക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരമുള്ള ആനുകൂല്യ വിതരണത്തിൽ കുടിശ്ശിക വന്നിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്നും കുടിശ്ശിക എന്നു മുതൽ വിതരണം ചെയ്യുമെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഒരു പരിചാരകന്റെ സഹായം ആവശ്യമായവിധം കിടപ്പിലായവരെയും 100% അന്ധത ബാധിച്ചവരെയും ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, ബുദ്ധിവൈകല്യം എന്നിവ ബാധിച്ചവരെയും പരിചരിക്കുന്നവർക്കാണ് ആശ്വാസ കിരണം പദ്ധതി പ്രകാരമുള്ള ധനസഹായം അനുവദിക്കുന്നത്. ഈ പദ്ധതി പ്രകാരം രോഗികൾക്ക് ധനസഹായം അനുവദിക്കുന്നില്ല. ആശ്വാസ കിരണം പദ്ധതി ഗുണഭോക്താക്കളിൽ ഓട്ടിസം ബാധിച്ചവരെ പരിചരിക്കുന്നവരുടെ എണ്ണം പ്രത്യേകം സൂക്ഷിച്ചിട്ടില്ല. ആശ്വാസ കിരണം പദ്ധതി പ്രകാരം രോഗിയെ പരിചരിക്കുന്ന വ്യക്തിക്ക് പ്രതിമാസം 525 രൂപ ധനസഹായം അനുവദിക്കുന്നു.

പരിചരിക്കപ്പെടുന്നവർ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ ആശ്രയ പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുന്നവരോ, ബി.പി.എൽ. പട്ടികയിൽപ്പെട്ട കുടുംബത്തിലുള്ളവരോ ആയിരിക്കണം. ആശ്രയ/ബി.പി.എൽ. പട്ടികയിൽപ്പെടാത്തവരാണെങ്കിൽ അവരുടെ വാർഷിക കുടുംബവരുമാനം ഗ്രാമപ്രദേശത്തിലുള്ളവർക്ക് 20,000 രൂപയിലും നഗരപ്രദേശത്തിലുള്ളവർക്ക് 22,375 രൂപയിലും അധികരിക്കരുത്. ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യം ബാധിച്ചവർ എന്നിവരെ വരുമാനപരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(സി) ഉണ്ട്. അപേക്ഷകളുടെ എണ്ണത്തിലുള്ള ക്രമാതീതമായ വർദ്ധനവുമൂലവും മിഷനിലെ ജോലി കൂടുതൽമൂലവുമാണ് കുടിശ്ശിക വന്നിട്ടുള്ളത്. ആയത് സമയബന്ധിതമായി കഴിവതും വേഗം വിതരണം ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു.

## കൊട്ടാരക്കര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലെ ഒഴിവുകൾ

92(2560) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഓരോന്നിലും അനുവദിക്കപ്പെട്ട ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ് തസ്തികകളുടെ എണ്ണം വിശദമാക്കുമോ;

(ബി) ഇവിടങ്ങളിലെ ഡോക്ടർ, പാരാമെഡിക്കൽ തസ്തികകളിൽ നിലവിലുള്ള ഒഴിവുകളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ അനുവദിക്കപ്പെട്ട ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റേയും എണ്ണം ചുവടെ കൊടുക്കുന്നു:

| തസ്തിക | അനുവദിക്കപ്പെട്ട തസ്തികയുടെ എണ്ണം |
|---|---|
| പി.എച്ച്.സി. എഴുകോൺ | |
| അസിസ്റ്റന്റ് സർജൻ | 1 |
| ഫാർമസിസ്റ്റ് | 1 |
| സ്റ്റാഫ് നഴ്സ് | 3 |
| എഴുകോൺ പവിത്രേശ്വരം : | |
| അസിസ്റ്റന്റ് സർജൻ | 1 |
| ഫാർമസിസ്റ്റ് | 1 |
| സ്റ്റാഫ് നഴ്സ് | 3 |

<u>പി.എച്ച്.സി. വെളിയം :</u>

| | |
|---|---|
| അസിസ്റ്റന്റ് സർജൻ | 1 |
| ഫാർമസിസ്റ്റ് | 1 |

<u>പി.എച്ച്.സി. ഉമ്മന്നൂർ :</u>

| | |
|---|---|
| അസിസ്റ്റന്റ് സർജൻ | 1 |
| ഫാർമസിസ്റ്റ് | 1 |

<u>പി.എച്ച്.സി. മൈലം :</u>

| | |
|---|---|
| അസിസ്റ്റന്റ് സർജൻ | 1 |
| ഫാർമസിസ്റ്റ് | 1 |

<u>പി.എച്ച്.സി. നെടുവത്തൂർ ;</u>

| | |
|---|---|
| അസിസ്റ്റന്റ് സർജൻ | 1 |
| ഫാർമസിസ്റ്റ് | 1 |

<u>പി.എച്ച്.സി. എസ്.എൻ.പുരം :</u>

| | |
|---|---|
| അസിസ്റ്റന്റ് സർജൻ | 1 |
| ഫാർമസിസ്റ്റ് | 1 |

(ബി&സി) ഈ നിയോജകമണ്ഡലത്തിലെ പി.എച്ച്.സി.-കളിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ വിഭാഗങ്ങളുടെയും ഒഴിവുകൾ ഒന്നും തന്നെയില്ല.

809/2017

## മലപ്പുറത്തെ പബ്ലിക് ഹെൽത്ത് ലാബിന്റെ പ്രവർത്തനം

93(2561) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറത്ത് പബ്ലിക് ഹെൽത്ത് ലാബ് അനുവദിച്ച് മൂന്നു വർഷം പിന്നിട്ടിട്ടും പ്രവർത്തനം ആരംഭിക്കുവാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ പുതിയ തീരുമാനങ്ങൾ എന്തെങ്കിലും കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം നല്കുമോ?

(ബി) തസ്തിക സൃഷ്ടിക്കുന്നതിന് സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ലെങ്കിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിച്ച് ലാബിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) മലപ്പുറത്ത് പബ്ലിക് ഹെൽത്ത് ലാബ് തുടരുന്നതിനാവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ട് കാരണം ഇതുവരെ പരിഗണിച്ചിട്ടില്ല.

(ബി) ജോലി ക്രമീകരണ വ്യവസ്ഥയിൽ മെഡിക്കൽ ഓഫീസർ, ചീഫ് ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളിൽ നിയമിക്കുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥർ വളരെ കുറവാണ്. ഇവരെ മറ്റ് സ്ഥാപനങ്ങളിൽ നിന്ന് മാറ്റി നിയമിച്ചാൽ അപ്രകാരമുള്ള ലാബുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കും.

## കാസർഗോഡ് ജില്ലയിലെ സ്റ്റാഫ് നഴ്സുമാരുടെ ഒഴിവുകൾ

94(2562) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര സ്റ്റാഫ് നഴ്സുമാരുടെ ഒഴിവുകൾ നിലവിലുണ്ട്;

(ബി) ആരോഗ്യ വകുപ്പിലെ സ്റ്റാഫ് നേഴ്സ് ഗ്രേഡ് I, ഗ്രേഡ് II അനുപാതം എത്രയാണ്;

(സി) പുതുതായി ഹെഡ്നഴ്സ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-1 തസ്തികയിൽ 36 ഒഴിവുകളുണ്ട്.

(ബി) ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് -I, ഗ്രേഡ്- II അനുപാതം 1:1 ആണ്.

(സി) കാസർഗോഡ് ജില്ലയിലെ 18 സ്റ്റാഫ് നഴ്സ് തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് 18 ഹെഡ് നഴ്സ് തസ്തികകളായി മാറ്റിയിട്ടുണ്ട്. നിലവിലെ ഹെഡ് നഴ്സ് സ്റ്റാഫ് അനുപാതം 1:4 ആണ്. ആയത് കാസർഗോഡ് ജില്ലയിൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. ആയതിനാൽ പുതിയതായി ഹെഡ് നഴ്സ് തസ്തിക സൃഷ്ടിക്കേണ്ട ആവശ്യകതയില്ല.

**ക്യാൻസർ രോഗികൾക്കായി ജനപങ്കാളിത്ത പദ്ധതി**

95(2563) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ രോഗനിർണ്ണയത്തിനും പാലിയേറ്റീവ് കെയറിനും എൻ.ജി.ഒ.-കളുമായും സർക്കാരിതര ഏജൻസികളുമായും സഹകരിച്ച് പദ്ധതി നടപ്പിലാക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(ബി) പാലിയേറ്റീവ് കെയറിന് മതിയായ സൗകര്യം നിലവിലുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ പദ്ധതിയിൽ ക്യാൻസർ ചികിത്സയുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പരിപാടികൾ എന്തെല്ലാമാണ് ?

<u>ഉത്തരം</u>

(എ) ക്യാൻസർ രോഗികളുടെ എണ്ണം സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായും ക്യാൻസർ രോഗത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ കടുത്ത വേദനയിലും കിടപ്പിലായതുമായി നിരവധി രോഗികൾ സംസ്ഥാനത്ത് ഉള്ളതായും കണക്കുകൾ സൂചിപ്പിക്കുന്നു. സംസ്ഥാനത്തെ സാന്ത്വന ചികിത്സ ആവശ്യമായ രോഗികളിൽ ഒരു വലിയ ശതമാനം പേർ ക്യാൻസർ രോഗത്തിന്റെ ദുരിതം അനുഭവിക്കുന്നവരാണ്. ആരോഗ്യ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന പാലിയേറ്റീവ് കെയർ പദ്ധതിയിലൂടെ ഒരു വലിയ

വിഭാഗം രോഗികൾക്ക് സാന്ത്വനപരിചരണം നൽകാൻ സാധിക്കുന്നുണ്ട്. സംസ്ഥാനത്ത് മൂന്നൂറിലേറെ സന്നദ്ധ സംഘടനകൾ സാന്ത്വന പരിചരണ രംഗത്ത് നിലവിലുണ്ട്. ഇതിന് പുറമേ സാമൂഹ്യ സുരക്ഷാ വകുപ്പിന്റെ വയോമിത്രം പദ്ധതിയും മുനിസിപ്പൽ കോർപ്പറേഷൻ ഏരിയയിൽ പ്രവർത്തിച്ചുവരുന്നു. ഈ സംഘടനകളുമായി പ്രാദേശിക തലത്തിലും ജില്ലാതലത്തിലും സംസ്ഥാന തലത്തിലും സാങ്കേതികമായ എല്ലാ സഹകരണങ്ങളും ആരോഗ്യ വകുപ്പ് നൽകിവരുന്നുണ്ട്. ക്യാൻസർ രോഗനിർണ്ണയത്തിന് പ്രാദേശിക തലത്തിൽ ക്യാമ്പുകളും ക്ലിനിക്കുകളും ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എല്ലാ സാമ്പത്തിക വർഷവും നടപ്പിലാക്കി വരുന്നു. സന്നദ്ധ സംഘടനകളുമായും സർക്കാരിതര ഏജൻസികളുമായും സാങ്കേതികമായ എല്ലാ സഹകരണങ്ങളും നിലവിലുണ്ടെങ്കിലും സാമ്പത്തികമായ ഒരു കരാറിലും ആരോഗ്യ വകുപ്പ് ഏർപ്പെട്ടിട്ടില്ല. റീജിയണൽ ക്യാൻസർ സെന്ററിൽ പാലിയേറ്റീവ് കെയർ രോഗികൾക്കായി ഒരു സർക്കാരിതര ഏജൻസിയായ 'കെയർ പ്ലസ്' എന്ന സംഘടനയ്ക്ക് പ്രവർത്തിക്കുന്നതിനുള്ള സ്ഥലസൗകര്യങ്ങൾ നൽകിയിട്ടുണ്ട്. അവർ തിരുവനന്തപുരം ജില്ലയിലുള്ള ആർ.സി.സി.-യിൽ ചികിത്സയിലിരിക്കുന്ന പാലിയേറ്റീവ് കെയർ ചികിത്സ ആവശ്യമുള്ള ക്യാൻസർ രോഗികളെ വീടുവീടാന്തരം സന്ദർശിക്കുകയും അവർക്കു വേണ്ട സഹായങ്ങൾ നൽകുകയും ക്ലിനിക്കുകൾ നടത്തുകയും ചെയ്യുന്നുണ്ട്.

മലബാർ ക്യാൻസർ സെന്ററിൽ നിലവിൽ ഇ-പാലിയേറ്റീവ് കെയർ വഴിയാണ് ഗൃഹ കേന്ദ്രീകൃത പരിചരണം നടപ്പിലാക്കുന്നത്. എം.സി.സി.-യുടേയും സി-ഡിറ്റിന്റേയും ഗവേഷണ പങ്കാളിത്തത്തിന്റെ ഭാഗമായി ഇതിനായി പ്രത്യേക സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുണ്ട്. ആശുപത്രിയിലുള്ള ഡോക്ടർ ഗൃഹകേന്ദ്രീകൃത പരിചരണ ടീമിന്റെ സഹായത്തോടെ ഇന്റർനെറ്റ് വഴി ചികിത്സ നടപ്പിലാക്കുന്ന രീതിയാണിത്. രോഗിയെ ഡോക്ടർക്കും രോഗിക്ക് ഡോക്ടറേയും നേരിട്ടുകണ്ട് അവരുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കി ചികിത്സ നിർണ്ണയിക്കാൻ സാധിക്കുന്നു. കണ്ണൂർ ജില്ലയിലെ രണ്ട് പാലിയേറ്റീവ് സെന്ററുകളുമായും പരീക്ഷണാടിസ്ഥാനത്തിൽ ഇ-പാലിയേറ്റീവ് കെയർ നടപ്പിലാക്കുകയും ഫലപ്രദമായിത്തീരുകയും ചെയ്തിട്ടുണ്ട്. ഇത് എൻ.ജി.ഒ.-കളുമായും സർക്കാരിതര ഏജൻസികളുമായും സഹകരിച്ച് രോഗികൾക്ക് ഉപയോഗപ്രദമാക്കാവുന്ന പദ്ധതിയാണ്.

(ബി) ഉണ്ട്. സംസ്ഥാനത്ത് പാലിയേറ്റീവ് കെയർ മൂന്ന് തലത്തിലാണ് നടപ്പിലാക്കി വരുന്നത്. ഭവന സന്ദർശനത്തിലൂടെ ശയ്യാവലംബരായ രോഗികൾക്ക് ആവശ്യവൈദ്യസഹായം നൽകുന്ന പ്രൈമറി കെയർ, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കിവരുന്നു. ദേശീയ ആരോഗ്യമിഷന്റെ സഹായത്തോടെ വിദഗ്ധ ചികിത്സ വേണ്ട രോഗികളെ ആശുപത്രികളിൽ ചികിത്സിക്കുന്നതിനുള്ള സെക്കണ്ടറി കെയർ പദ്ധതി 95 സർക്കാർ ആശുപത്രികളിൽ ലഭ്യമാണ്. ഡോക്ടർമാർക്കും പാലിയേറ്റീവ് പ്രവർത്തകർക്കും പരിശീലനം നൽകുന്ന 15 ട്രെയിനിംഗ് സെന്ററുകളിലൂടെ ടെർഷ്യറി കെയർ സംസ്ഥാനത്ത് നടന്നുവരുന്നു. പ്രതിമാസം 49000-ത്തോളം രോഗികൾക്ക് ഹോം കെയർ സർവ്വീസ് ലഭിച്ചുവരുന്നു. സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ പാലിയേറ്റീവ് കെയറിനായി പ്രത്യേക വിഭാഗം പ്രവർത്തിക്കുന്നില്ല. എന്നാൽ അനസ്തേഷ്യ വിഭാഗവുമായി ബന്ധപ്പെട്ട് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളും നടന്നു വരുന്നു.

റീജിയണൽ ക്യാൻസർ സെന്ററിൽ പാലിയേറ്റീവ് മെഡിസിൻ എന്ന ഒരു പ്രത്യേക വിഭാഗം തന്നെയുണ്ട്. ഇതുകൂടാതെ ഔട്ട് പേഷ്യന്റ് വിഭാഗവും കിടത്തി ചികിത്സയ്ക്ക് വേണ്ടിയുള്ള സുസജ്ജമായ പാലിയേറ്റീവ് കെയർ വാർഡും ഉണ്ട്. ആർ.സി.സി.-യിൽ രജിസ്റ്റർ ചെയ്ത രോഗികൾക്കായി ദ്രവരൂപത്തിലും ഗുളിക രൂപത്തിലുമുള്ള മോർഫിൻ നിർമ്മിച്ച് വിതരണം നടത്തുന്നതിനുള്ള ഒരു യൂണിറ്റും പാലിയേറ്റീവ് മെഡിസിൻ ഡിവിഷന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ആർ.സി.സി.യി.-ലെ പോസ്റ്റ് ഗ്രാജ്വേറ്റ് വിദ്യാർത്ഥികൾക്ക് പഠനത്തിന്റെ ഭാഗമായി പാലിയേറ്റീവ് മെഡിസിനിലും പരിശീലനം നൽകുന്നതോടൊപ്പം പുറത്തുള്ള ഡോക്ടർമാർക്കും നഴ്സുമാർക്കും ആവശ്യപ്പെടുന്ന പക്ഷം പരിശീലനം നൽകിവരുന്നു. ക്യാൻസർ പാലിയേറ്റീവ് വിഭാഗം മലബാർ ക്യാൻസർ സെന്ററിൽ 2009 മുതൽ പ്രവർത്തിച്ചുവരുന്നു. ഈ വിഭാഗത്തിൽ നിർദ്ദിഷ്ട മേഖലയിൽ പരിശീലനം ലഭിച്ച ഡോക്ടറും നഴ്സിംഗ് ജീവനക്കാരും മറ്റും പ്രവർത്തിച്ചുവരുന്നു. ഈ വിഭാഗത്തിന്റെ കീഴിൽ കിടത്തി ചികിൽസയും ഒ.പി. വിഭാഗവും പ്രവർത്തിച്ചു വരുന്നു. കൂടാതെ ആഴ്ചയിൽ 2 ദിവസം സെന്ററിന്റെ 35 കി.മീ. പരിധിയിൽ വരുന്ന പാലിയേറ്റീവ് ചികിത്സ തുടരുന്ന രോഗികൾക്ക് ഹോം കെയർ സർവ്വീസ് ലഭ്യമാക്കുന്നുണ്ട്.

(സി) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതിയുടെ പ്രധാനഘടകമായ കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.പി.സി.ഡി. സി.എസ്. ദേശീയ ആരോഗ്യ മിഷന്റെ നേതൃത്വത്തിലാണ് നടത്തിവരുന്നത് (National Programme for Control of Diabetes, CVD, Cancer and Stroke) ഈ പദ്ധതിയിൽ ക്യാൻസർ ചികിത്സയ്ക്ക് പ്രത്യേക ഫണ്ട് വകയിരുത്തുകയും പദ്ധതി നിലവിലുള്ള 5 ജില്ലാ ആശുപത്രികളിൽ ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഗ്രാമതലത്തിൽ രോഗനിർണ്ണയവും ചികിത്സയും വിഭാവനം ചെയ്ത Kerala Campaign against Cancer പദ്ധതിയും ദേശീയ ആരോഗ്യ മിഷന്റെ ആഭിമുഖ്യത്തിലാണ് നടപ്പിലാക്കിവരുന്നത്. ക്യാൻസർ ചികിത്സാ രംഗത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള രോഗികൾക്ക് സൗജന്യ ചികിത്സ നൽകുന്നതിനുള്ള 'സുകൃതം' പദ്ധതിയുടെ മേൽനോട്ടവും ആരോഗ്യ മിഷൻ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. 2014 ജനുവരി മാസം കേരള ആരോഗ്യ വകുപ്പും NRHM-ഉം ചേർന്ന് ഒരു സമഗ്ര ക്യാൻസർ നിയന്ത്രണ പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ട്. ഇതിന്റെ പ്രാരംഭ നടപടിയായി പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോഴിക്കോട്, തൃശ്ശൂർ എന്നീ ജില്ലകളിൽ നിന്നുള്ള NRHM ഡോക്ടർമാർക്കും NRHM നഴ്സുമാർക്കും ക്യാൻസർ ബോധവൽക്കരണ ക്ലാസ്സുകളും മുൻകൂർ ക്യാൻസർ നിർണ്ണയത്തിനാവശ്യമായ പ്രായോഗിക പരിശീലനവും ആർ.സി.സി. നൽകുന്നുണ്ട്.

**എരുമപ്പെട്ടി സി.എച്ച്.സി.-യിലെ സ്റ്റാഫ് പാറ്റേൺ**

96(2564) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി സി.എച്ച്.സി.-യിലെ സ്റ്റാഫ് പാറ്റേൺ വിശദമാക്കുമോ; അവിടെ ഡോക്ടർമാരുടെയും നേഴ്സുമാരുടെയും എത്ര തസ്തികകൾ വീതം നിലവിലുണ്ട്;

(ബി) ദിനംപ്രതി നിരവധി രോഗികൾ ഒ.പി. ഭാഗത്തിലും ഐ.പി. വിഭാഗത്തിലും ചികിത്സ തേടിയെത്തുന്ന അവിടെ സി.എച്ച്.സി. അനുപാതത്തിൽ സ്റ്റാഫ് പാറ്റേൺ അനുവദിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) രോഗികൾക്ക് മികച്ച ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനായി അവിടെ സി.എച്ച്.സി. സ്റ്റാഫ് പാറ്റേൺ പ്രകാരം ഡോക്ടർമാരുടെയും മറ്റു പാരാമെഡിക്കൽ ജീവനക്കാരുടെയും തസ്തികകൾ അനുവദിച്ചു നൽകി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ?

## ഉത്തരം

(എ) പത്ത് കിടക്കകളോടുകൂടിയ എരുമപ്പെട്ടി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ജീവനക്കാരുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1669/2014/ആ.കു.വ. തീയതി 26-5-2014 പ്രകാരം തിരഞ്ഞെടുക്കപ്പെട്ട 154 ആശുപത്രികളിൽ സ്പെഷ്യാലിറ്റി യൂണിറ്റോടുകൂടിയ ചികിത്സാ സംവിധാനം ഏർപ്പെടുത്തുന്ന പദ്ധതിയിൽ എരുമപ്പെട്ടി സി.എച്ച്.സി. ഉൾപ്പെട്ടിട്ടുണ്ട്. ശരാശരി ഒ.പി. 350 -ഉം ഐ.പി. 4-ഉം ഉള്ള എരുമപ്പെട്ടി സി.എച്ച്.സി.-യിൽ പീഡിയാട്രിക്സ്, ഗൈനക്കോളജി എന്നീ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ തസ്തികകൾ സൃഷ്ടിക്കപ്പെടുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് അത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## മരുന്നുകളുടെ ലഭ്യത

97 (2565) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജ് ആശുപത്രി ഫാർമസികളിലും കാരുണ്യ മെഡിക്കൽ സ്റ്റോറുകളിലും എല്ലാ മരുന്നുകളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) രോഗികളുടെ ബാഹുല്യം, മതിയായ ഫാർമസിസ്റ്റുകളുടെ അഭാവം എന്നിവ കാരണം കാരുണ്യ മെഡിക്കൽ സ്റ്റോറുകളിൽ മണിക്കൂറുകളോളം മരുന്നിനായി ക്യൂ നിൽക്കേണ്ടിവരുന്നത് പരിഹരിക്കുന്നതിനായി കൂടുതൽ കൗണ്ടറുകൾ പ്രവർത്തിപ്പിക്കുന്നതിനും മതിയായ ജീവനക്കാരെ നിയമിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) അടിയന്തര ശസ്ത്രക്രിയയ്ക്കും ചികിത്സയ്ക്കും ആവശ്യമായ മരുന്നുകളും സർജിക്കൽ സാധനങ്ങളും ലഭ്യമാക്കുന്നതിനായി തിരുവനന്തപുരം മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള കാരുണ്യ ഫാർമസിയിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) നടപ്പു സാമ്പത്തിക വർഷം സംസ്ഥാന ആരോഗ്യ വകുപ്പും ആരോഗ്യ വിദ്യാഭ്യാസ വകുപ്പും നൽകിയ ഇൻഡന്റ് അനുസരിച്ച് 69 ഇനം ക്യാൻസർ രോഗ ചികിത്സയ്ക്കുള്ള മരുന്നുകൾ ഉൾപ്പെടെ 585 ഇനം മരുന്നുകളും അനുബന്ധ ഉൽപ്പന്നങ്ങളും മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികൾക്ക് ഇൻഡന്റ് അനുസരിച്ച് വിതരണം നടത്തിവരുന്നു. കൂടാതെ പ്രസ്തുത മരുന്നുകളുടെ കരുതൽ ശേഖരം കോർപ്പറേഷന്റെ വെയർഹൗസുകളിൽ സൂക്ഷിക്കുന്നുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 39 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലും ആവശ്യമരുന്നുകൾ പൊതുവിപണിയെക്കാളും വിലക്കുറവിൽ എല്ലാ വിഭാഗം ജനങ്ങൾക്കും ലഭ്യമാണ്. മരുന്നുകൾ തടസ്സം കൂടാതെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) മറ്റിതര ഫാർമസിയേക്കാളും കൂടുതൽ ജീവനക്കാർ (ഒന്നോ രണ്ടോ മടങ്ങ്) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ ജോലി ചെയ്തുവരുന്നു. എന്നാൽ രോഗികളുടെ തിരുക്കുകാരണം ചില സന്ദർഭങ്ങളിൽ മരുന്ന് ലഭിക്കാൻ കുറച്ച് താമസം നേരിടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ജീവനക്കാരെ ടി ഫാർമസികളിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

(സി) ശസ്ത്രക്രിയയ്ക്കാവശ്യമായ മരുന്നുകളും സർജിക്കൽ സാധനങ്ങളും മുടക്കം കൂടാതെ വിതരണം ചെയ്തുവരുന്നു. അവശ്യഘട്ടങ്ങളിൽ ഫാർമസിയിൽ ലഭ്യമല്ലാത്ത മരുന്ന് മറ്റേതെങ്കിലും ഫാർമസിയിൽ നിന്നോ കാരുണ്യ ഡിപ്പോകളിൽ നിന്നോ അടിയന്തരമായി ലഭ്യമാക്കാനുള്ള നടപടികൾ ഏകോപിപ്പിക്കുന്നുമുണ്ട്.

**ആരോഗ്യകിരണം പദ്ധതി**

98 (2566) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യകിരണം പദ്ധതിക്കായി 2015-16 ബഡ്ജറ്റിൽ എത്ര തുകയാണ് നീക്കി വെച്ചിരുന്നതെന്നും ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ആരോഗ്യകിരണം പദ്ധതിക്കായി 2015-16 ബഡ്ജറ്റിൽ 15 കോടി രൂപയാണ് (പതിനഞ്ച് കോടി രൂപ) നീക്കിവച്ചിരിക്കുന്നത്. ആരോഗ്യകിരണം വർഷാവർഷം തുടർന്നുപോകുന്ന ഒരു ചികിത്സാ പദ്ധതിയായതിനാൽ തുടക്കം മുതൽ കിട്ടിയ കോർപ്പസ് ഫണ്ടുകളുടെ ആകെ തുകയിൽ നിന്നുമാണ് രോഗികൾക്ക് ആവശ്യമുള്ള ചികിത്സാ ചെലവ് നടത്തിവരുന്നത്. 2013 ഒക്ടോബർ മുതൽ 2015 ഒക്ടോബർ വരെ ആകെ ചെലവഴിച്ച തുക 9.05 കോടി രൂപ (ഒൻപത് കോടി അഞ്ചു ലക്ഷം രൂപ) ആണ്.

(ബി) ഉണ്ട്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് എല്ലാ മാസവും നടക്കുന്ന സീനിയർ മെഡിക്കൽ ഓഫീസർമാരുടെ യോഗത്തിൽ വിശദമായി അവലോകനം ചെയ്യാറുണ്ട്. ആരോഗ്യകിരണം പദ്ധതിയിലൂടെ ഇപ്പോൾ സംസ്ഥാനത്ത് ആകമാനമായി (ഒക്ടോബർ 2013 മുതൽ ഒക്ടോബർ 2015 വരെ) 69,56,518 കുട്ടികൾക്ക് വിവിധ സർക്കാരാശുപത്രികളിലായി 9.05 കോടി രൂപയുടെ (ഒൻപത് കോടി അഞ്ചു ലക്ഷം രൂപ) സഹായം ലഭ്യമാക്കിയിട്ടുണ്ട്.

**ആരോഗ്യ കിരണം പദ്ധതി**

99(2567) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 18 വയസ്സിനു താഴെ പ്രായമുള്ള എല്ലാ കുട്ടികളുടെയും ചികിത്സാ ചെലവ് വഹിക്കുന്ന ആരോഗ്യകിരണം പദ്ധതി എന്നുമുതലാണ് നടപ്പിലാക്കിയത്;

(ബി) ഏതെല്ലാം രോഗങ്ങളുടെ ചികിത്സയ്ക്കാണ് സഹായം ലഭ്യമാക്കുന്നത്;

(സി) ഏതെല്ലാം ആരോഗ്യ സ്ഥാപനങ്ങളിലെ ചികിത്സയ്ക്കാണ് പ്രസ്തുത പദ്ധതി മുഖേന സഹായം നൽകുന്നത് ;

(ഡി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം ആരോഗ്യ സ്ഥാപനങ്ങളിൽ ചികിത്സ തേടിയ എത്ര കുട്ടികൾക്ക് ആകെ എത്ര തുകയുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2013 ഒക്ടോബർ 2-ാം തീയതി മുതലാണ് 18 വയസ്സിനു താഴെ പ്രായമുള്ള എല്ലാ കുട്ടികളുടെയും ചികിത്സാ ചെലവ് വഹിക്കുന്ന ആരോഗ്യ കിരണം പദ്ധതി നടപ്പിലാക്കിയത്.

(ബി) ആർ.ബി.എസ്.കെ. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മുപ്പത് രോഗങ്ങൾക്ക് പുറമെയുള്ള എല്ലാവിധ അസുഖങ്ങൾക്കും ആരോഗ്യകിരണം പദ്ധതിയിലൂടെ സഹായം ലഭിക്കുന്നതാണ്. ആർ.ബി.എസ്.കെ. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മുപ്പത് രോഗങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രാഥമിക ആരോഗ്യ കേന്ദ്രം, സാമൂഹ്യ ആരോഗ്യ കേന്ദ്രം, താലൂക്കാശുപത്രികൾ, ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ തുടങ്ങി എല്ലാവിധ സർക്കാരാശുപത്രികൾ മുഖേനയും ആരോഗ്യകിരണം പദ്ധതി പ്രകാരമുള്ള സഹായം നൽകുന്നുണ്ട്.

(ഡി) സംസ്ഥാനത്ത് ആകമാനമായി (ഒക്ടോബർ 2013 മുതൽ ഒക്ടോബർ 2015 വരെ) 6956518 കുട്ടികൾക്ക് വിവിധ സർക്കാരാശുപത്രികളിലായി 9.05 കോടി രൂപയുടെ (ഒൻപത് കോടി അഞ്ച് ലക്ഷം രൂപയുടെ) ചികിത്സാ സഹായം ആരോഗ്യകിരണം പദ്ധതിയിലൂടെ നൽകിയിട്ടുണ്ട്.

**മാനസികാരോഗ്യ പദ്ധതി**

100 (2568) <u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. വി. ടി. ബൽറാം</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :
<u>ശ്രീ. പി. എ. മാധവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാനസികാരോഗ്യ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് മാനസികാരോഗ്യ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കിയിട്ടില്ല. എന്നാൽ സംസ്ഥാനത്ത് മാനസികാരോഗ്യ നയം രൂപീകരിച്ച് നടപ്പിലാക്കി വരുന്നു. സംസ്ഥാന സർക്കാരിനുവേണ്ടി കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി, 1999-ൽ കേരള സംസ്ഥാന മാനസികാരോഗ്യ നയം രൂപീകരിക്കുകയും സ.ഉ (അ) 92/2000 /ആ.കു.വ. തീയതി 13-4-2000 പ്രകാരം ഇത് സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ളതുമാകുന്നു. സ.ഉ. (അച്ചടി) നമ്പർ 206/2013/ആ. കു. വ. തീയതി 28-5-2013 പ്രകാരം ഈ മാനസികാരോഗ്യനയം കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ട്.

(ബി) പദ്ധതി രൂപീകരിച്ചിട്ടില്ല. എന്നാൽ മാനസികാരോഗ്യ നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ അനുബന്ധം 1-ൽ ചേർക്കുന്നു.*

(സി) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (2014-2016)-ന്റെ 79-ാമത് റിപ്പോർട്ടിലെ ശിപാർശ പ്രകാരം സംസ്ഥാനത്ത് മാനസികാരോഗ്യ പദ്ധതി രൂപീകരിക്കുന്നതിനായി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറി ചെയർമാനായുള്ള ഒരു കമ്മിറ്റി ജി.ഒ (ആർറ്റി.) നമ്പർ 2556/2015/എച്ച് ആന്റ് എഫ്. ഡബ്ല്യൂ.ഡി. തീയതി 6-8-2015 പ്രകാരം രൂപീകരിച്ചിട്ടുണ്ട്. മാനസികാരോഗ്യ പദ്ധതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ ക്യാൻസർ ഡിറ്റക്ഷൻ സെന്റർ**

101(2569) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ ക്യാൻസർ ഡിറ്റക്ഷൻ സെന്ററിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾ നിലവിൽ നടക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്; വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 8-8-2011-ൽ ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ ക്യാൻസർ ഡിറ്റക്ഷൻ സെന്ററിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു.

(ബി) നിലവിൽ എല്ലാ ശനിയാഴ്ചയും പ്രവർത്തനം നടന്നുവരുന്നു.

(സി) ലേബർ വാർഡിനോട് ചേർന്ന് ഒരു മുറി സജ്ജീകരിക്കുകയും ആവശ്യമായ ഉപകരണങ്ങളും ലാബോറട്ടറി റീ ഏജന്റുകളും വാങ്ങുകയുണ്ടായി. പ്രധാനമായും ഗർഭാശയ ക്യാൻസർ നിർണ്ണയത്തിനായുള്ള സൗകര്യങ്ങളാണ് ഈ സെന്ററിൽ ഒരുക്കിയിട്ടുള്ളത്. ഗർഭാശയ ക്യാൻസർ കണ്ടെത്തുന്നതിനുള്ള സെർവിക്കൽ സ്മിയർ ശേഖരണത്തിനുശേഷം കോട്ടയം മെഡിക്കൽ കോളേജിലെ CYTO PATHOLOGY വിഭാഗത്തിൽ പരിശോധന നടത്തുന്നതിനാണ് പദ്ധതി നിർദ്ദേശിക്കപ്പെട്ടത്.

**കഴപ്പിള്ളി ആശുപത്രി**

102(2570) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോക്ടർമാരുടെ അഭാവംമൂലം കഴപ്പിള്ളി ആശുപത്രി അടച്ചിടേണ്ടി വന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പകരം ഡോക്ടർമാരെ നിയമിക്കാതെ എത്ര പേരെ വിടുതൽ ചെയ്യുന്നതിനുള്ള അനുവാദം നൽകിയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആശുപത്രി തുറന്നു പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഡോക്ടർമാരുടെ അഭാവംമൂലം കഴപ്പിള്ളി ആശുപത്രി അടച്ചിടേണ്ടതായ സാഹചര്യം വന്നിട്ടില്ല.

(ബി) കഴപ്പിള്ളി പഞ്ചായത്തിലെ അയ്യമ്പിള്ളി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ രണ്ട് അസിസ്റ്റന്റ് സർജൻ തസ്തികകളാണുള്ളത്. ഇതിൽ ഒരു ഡോക്ടർ ശൂന്യ വേതനാവധിക്കുള്ള അപേക്ഷ നൽകിയിരുന്നെങ്കിലും ഇത് അനുവദിച്ചിട്ടില്ല. ഈ ഡോക്ടർക്ക് തിരികെ സർവ്വീസിൽ പ്രവേശിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉത്തരം (എ)യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

## ഗുരുവായൂരിൽ പ്രത്യേക ക്ലിനിക്ക്

103(2571) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂരിന്റെ പ്രത്യേകത കണക്കിലെടുത്ത് പ്രത്യേക ക്ലിനിക്ക് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഓരോ വർഷവും മൂന്നു കോടി ജനങ്ങൾ എത്തുന്ന ഈ നഗരത്തിൽ കിടത്തി ചികിത്സാ സൗകര്യമുള്ള ക്ലിനിക്ക് തുടങ്ങുന്നതിന് നടപടി ഉണ്ടാകുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) നിലവിൽ ഗുരുവായൂരിന് 4 കിലോമീറ്റർ ചുറ്റളവിലായി 140 കിടക്കകളോടുകൂടിയ ചാവക്കാട് താലൂക്കാശുപത്രിയും 48 കിടക്കകളോടുകൂടിയ വടക്കേക്കാട് സാമൂഹികാരോഗ്യകേന്ദ്രവും പ്രതിദിനം ശരാശരി 150 ഒ.പി.-യുള്ള പൂക്കോട് പ്രാഥമികാരോഗ്യ കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഒന്നര കിലോമീറ്റർ ചുറ്റളവിനകത്ത് ഗുരുവായൂർ നഗരസഭയുടെ മെറ്റേണൽ ആന്റ് ചൈൽഡ് ഹെൽത്ത് സെന്റർ പ്രവർത്തിക്കുന്നുണ്ട്. നാഷണൽ ഹെൽത്ത് മിഷൻ മുഖേന ഒരു ഡോക്ടർ, ഒരു നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, രണ്ട് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ എന്നിവരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

## ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ

104(2572) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം ഭക്ഷ്യസുരക്ഷാ നിയമ പ്രകാരം നാളിതുവരെ എത്ര പേർ രജിസ്ട്രേഷൻ നേടിയിട്ടുണ്ട്; ആയതിൽ എത്ര സ്ഥാപനങ്ങൾ ലൈസൻസ് കരസ്ഥമാക്കിയിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം, നാളിതുവരെ ഹോട്ടലുകൾ, ബേക്കറികൾ, പച്ചക്കറി/പഴവർഗ്ഗ വില്പനശാലകൾ, മറ്റ് സർക്കാർ/സഹകരണ ഭക്ഷ്യോൽപ്പന്ന വിപണന ശാഖകൾ വഴി ഭക്ഷ്യ വിഷബാധയേറ്റ് എത്ര പേർ മരണപ്പെട്ടു; ജില്ല തിരിച്ച് വ്യക്തമാക്കുമോ; എത്രപേർ രോഗബാധിതരായി; വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ ഭക്ഷ്യസുരക്ഷാ വകുപ്പ് എത്ര റെയ്ഡുകൾ നടത്തി; എന്ത് തുക പിഴയിനത്തിൽ ഈടാക്കി; ഇതുമായി ബന്ധപ്പെട്ട് എത്ര കച്ചവട സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്തു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) ഒരിക്കൽ കുറ്റക്കാരായി കണ്ടെത്തുകയും നടപടികൾക്കു വിധേയരാവുകയും ചെയ്തവർ വീണ്ടും കുറ്റക്കാരായി കണ്ടെത്തിയ എത്ര സ്ഥാപനങ്ങൾ ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും അത്തരം സ്ഥാപനങ്ങൾക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാർ കാലയളവിനുള്ളിൽ ഭക്ഷ്യ സുരക്ഷാ മേഖലയിൽ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരിൽ കൈക്കൂലി തുടങ്ങി നിയമവിരുദ്ധ പ്രവൃത്തികൾ നടത്തിയതായി കണ്ടെത്തിയ ഉദ്യോഗസ്ഥർ എത്ര; അവർ ആരെല്ലാം; വ്യക്തമാക്കുമോ;

(എഫ്) അന്യസംസ്ഥാന ഭക്ഷ്യ സാധനങ്ങളുടെ പരിശോധന നടത്താൻ നിലവിൽ എത്ര ലാബുകളാണ് സംസ്ഥാനത്ത് ഉള്ളത് എന്നും എവിടെയൊക്കെ എന്നും വ്യക്തമാക്കുമോ: പ്രസ്തുത ലാബുകളിൽ എത്ര ജീവനക്കാർ ജോലി നോക്കുന്നു; 3.33 കോടി ജനതയുള്ള ഈ സംസ്ഥാനത്ത് ഭക്ഷ്യ സാധനങ്ങളുടെ പരിശോധന നടത്താൻ ഇത്രയും ജീവനക്കാർ മതിയോ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ)

| ജില്ലയുടെ പേര് | രജിസ്ട്രേഷന്റെ എണ്ണം | ലൈസൻസിന്റെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം | 17711 | 7473 |
| കൊല്ലം | 11700 | 3993 |
| പത്തനംതിട്ട | 3500 | 1526 |
| ആലപ്പുഴ | 3263 | 1368 |
| കോട്ടയം | 10890 | 2758 |

| (1) | (2) | (3) |
|---|---|---|
| ഇടുക്കി | 7744 | 1289 |
| എറണാകുളം | 26318 | 10403 |
| തൃശ്ശൂർ | 5014 | 1203 |
| മലപ്പുറം | 13407 | 2096 |
| പാലക്കാട് | 5427 | 1162 |
| കോഴിക്കോട് | 22249 | 6175 |
| വയനാട് | 10219 | 1192 |
| കണ്ണൂർ | 18308 | 3665 |
| കാസർഗോഡ് | 5930 | 1140 |
| ആകെ | 142846 | 42185 |

(ബി)

| ജില്ലയുടെ പേര് | മരിച്ചവരുടെ എണ്ണം | അസുഖബാധിതരായവരുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം | 1 | ഇല്ല |
| കൊല്ലം | ഇല്ല | 40 |
| പത്തനംതിട്ട | ഇല്ല | 21 |
| ആലപ്പുഴ | ഇല്ല | ഇല്ല |
| കോട്ടയം | ഇല്ല | ഇല്ല |
| ഇടുക്കി | ഇല്ല | ഇല്ല |
| എറണാകുളം | ഇല്ല | ഇല്ല |

| (1) | (2) | (3) |
|---|---|---|
| തൃശ്ശൂർ | ഇല്ല | ഇല്ല |
| മലപ്പുറം | ഇല്ല | ഇല്ല |
| പാലക്കാട് | ഇല്ല | ഇല്ല |
| കോഴിക്കോട് | ഇല്ല | ഇല്ല |
| വയനാട് | ഇല്ല | ഇല്ല |
| കണ്ണൂർ | ഇല്ല | ഇല്ല |
| കാസർഗോഡ് | ഇല്ല | ഇല്ല |

(സി)

| ജില്ലയുടെ പേര് | റെയ്ഡുകളുടെ എണ്ണം | ഈടാക്കിയ പിഴ (രൂപ) | റദ്ദാക്കപ്പെട്ട ലൈസൻസുകളുടെ എണ്ണം |
|---|---|---|---|
| (1) | (2) | (3) | (4) |
| തിരുവനന്തപുരം | 1904 | 1060000 | 1 |
| കൊല്ലം | 2400 | 1036000 | ... |
| പത്തനംതിട്ട | 2207 | 600000 | 8 |
| ആലപ്പുഴ | 1314 | 597500 | ... |
| കോട്ടയം | 500 | 550000 | ... |
| ഇടുക്കി | 2026 | 793550 | ... |
| എറണാകുളം | 3348 | 1713000 | ... |
| തൃശ്ശൂർ | 494 | 584000 | ... |

| (1) | (2) | (3) | (4) |
|---|---|---|---|
| മലപ്പുറം | 301 | 1357000 | ... |
| പാലക്കാട് | 974 | 434000 | ... |
| കോഴിക്കോട് | 3150 | 1285000 | ... |
| വയനാട് | 236 | ... | ... |
| കണ്ണൂർ | 1285 | 583500 | ... |
| കാസർഗോഡ് | 988 | 799500 | ... |
| ആകെ | 20826 | 10036050 | 9 |

(ഡി)

| ജില്ല | കുറ്റം ആവർത്തിച്ച സ്ഥാപനങ്ങളുടെ എണ്ണം | സ്ഥാപനങ്ങൾ | സ്വീകരിച്ച നടപടി |
|---|---|---|---|
| കൊല്ലം | 3 | 1. നിറപറ കമ്പനി, കാലടി<br>2. എസ്.എസ്. ഇൻഡസ്ട്രീസ്, കൊല്ലം,<br>3. ബിസ്മി ബേക്കറി, പൊൻമല, മലപ്പുറം | 1-ഉം 2-ഉം സ്ഥാപനങ്ങൾക്കെതിരെ അഡ്ജ്യൂഡിക്കേഷനും മൂന്നാമത്തെ സ്ഥാപനത്തിനെതിരെ പ്രോസിക്യൂഷൻ നടപടിയും നടന്നു വരുന്നു. |
| ഇടുക്കി | 2 | 1. ഹോട്ടൽ ഗോൾഡൻ പാമ്പനാർ<br>2. ഹോട്ടൽ വുഡ് ലാന്റ്സ്, തൊടുപുഴ | രണ്ടാം തവണ ഫൈൻ ഇരട്ടി ഈടാക്കി |

(ഇ) ഈ സർക്കാർ കാലയളവിനുള്ളിൽ ഭക്ഷ്യസുരക്ഷാ മേഖലയിൽ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരിൽ കൈക്കൂലി തുടങ്ങി നിയമവിരുദ്ധ പ്രവൃത്തികൾ നടത്തിയതായി കണ്ടെത്തിയിട്ടില്ല.

(എഫ്) അന്യസംസ്ഥാന ഭക്ഷ്യ സാധനങ്ങളുടെ പരിശോധന നടത്താൻ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ മൂന്ന് അനലറ്റിക്കൽ ലാബുകളും കൂടാതെ പത്തനംതിട്ടയിൽ ഒരു ഫുഡ് ടെസ്റ്റിംഗ് ലാബും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ലാബുകളിൽ 102 ജീവനക്കാർ ജോലി നോക്കുന്നു. ലാബുകളിലെ ജീവനക്കാരുടെ കുറവ് കണക്കിലെടുത്ത് 6-10-2015-ലെ സ.ഉ (കൈ) 227/15/ആ.കു.വ. പ്രകാരം വിവിധ വിഭാഗങ്ങളിലായി 15 തസ്തികകൾ മൂന്ന് അനലിറ്റിക്കൽ ലാബുകളിലായി സൃഷ്ടിച്ചിട്ടുണ്ട്. അനലിറ്റിക്കൽ ലാബുകൾ ഉൾപ്പെടെ ഭക്ഷ്യസുരക്ഷാ വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കുറവിലങ്ങാട് ഭക്ഷ്യ സുരക്ഷാ ഓഫീസിൽ ജീവനക്കാരെ നിയമിക്കുന്നതു സംബന്ധിച്ച്**

105(2573) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ വകുപ്പ് കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കുറവിലങ്ങാട് ആരംഭിച്ച ഭക്ഷ്യ സുരക്ഷാ ഓഫീസ് വേണ്ടത്ര ജീവനക്കാർ ഇല്ലാത്തതുമൂലം പ്രവർത്തിക്കാനാകാത്തതായ സ്ഥിതിവിശേഷം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

(ബി) ഇവിടേക്ക് മതിയായ ജീവനക്കാരെ നിയമിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ; പ്രസ്തുത ഓഫീസിൽ പുതിയ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണം; ശബരിമല സീസണിൽ അയ്യപ്പഭക്തൻമാരുടെ ഇടത്താവളമായി പ്രവർത്തിക്കുന്ന ഈ പ്രദേശത്തിന്റെ ആവശ്യകത മനസ്സിലാക്കി കൂടുതൽ ജീവനക്കാരെ ഇവിടേക്ക് നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പാലാ ഫുഡ് സേഫ്റ്റി സർക്കിളിലെ ഉദ്യോഗസ്ഥന് അധിക ചുമതല നൽകി കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ കുറുവിലങ്ങാട് ആരംഭിച്ച ഭക്ഷ്യ സുരക്ഷാ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്.

(ബി) ഭക്ഷ്യ സുരക്ഷാ വകുപ്പിന് കീഴിൽ പുതുതായി അനുവദിച്ച ഫുഡ്സേഫ്റ്റി സർക്കിൾ ഓഫീസുകൾ പ്രവർത്തനസജ്ജമാക്കുന്നതിലേക്കായി അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ശബരിമല സീസണിൽ അയ്യപ്പഭക്തൻമാരുടെ ഇടത്താവളമായി പ്രവർത്തിക്കുന്ന ഈ പ്രദേശത്തിന്റെ ആവശ്യകത മനസ്സിലാക്കി ശബരിമല സ്പെഷ്യൽ സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്.

**തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിലെ പരിമിതികൾ**

106(2574) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിലെ രോഗികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധന പരിശോധിക്കാറുണ്ടോ;

(ബി) രോഗികളുടെ വർദ്ധനവിനനുസരിച്ച് രോഗ നിർണയ സൗകര്യങ്ങളും ചികിത്സാ സൗകര്യങ്ങളും വർദ്ധിക്കുന്നില്ലെന്നത് സർക്കാർ വിലയിരുത്താറുണ്ടോ;

(സി) ഡോക്ടർമാരുടെയും മറ്റ് പാരാമെഡിക്കൽ ജീവനക്കാരുടെയും, ടെക്നിഷ്യൻമാരുടെയും കുറവുകൾ നികത്തുന്നതിനുള്ള അടിയന്തര നടപടി യുണ്ടാകുവാൻ നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിലെ രോഗികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ് ആർ.സി.സി. പരിശോധിക്കുകയും എല്ലാ വർഷവും പ്രസിദ്ധീകരിക്കുന്ന വാർഷിക റിപ്പോർട്ട്, ഹോസ്പിറ്റൽ ക്യാൻസർ രജിസ്ട്രി റിപ്പോർട്ട് എന്നിവയിൽ വ്യക്തമാക്കുന്നുമുണ്ട്. കഴിഞ്ഞ 10 വർഷമായി ആർ.സി.സി.-യിൽ വരുന്ന രോഗികളുടെ എണ്ണം പരിശോധിച്ചതിൽ 45.3% വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

| വർഷം | വർഷാവർഷം രജിസ്റ്റർ ചെയ്യപ്പെടുന്ന മൊത്തം രോഗികളുടെ എണ്ണം |
|---|---|
| 2004-05 | 10255 |
| 2005-06 | 10310 |
| 2006-07 | 11173 |
| 2007-08 | 11327 |
| 2008-09 | 12123 |
| 2009-10 | 13040 |
| 2010-11 | 13230 |
| 2011-12 | 14282 |
| 2012-13 | 14985 |
| 2013-14 | 14903 |

(ബി) രോഗികളുടെ വർദ്ധനവിനനുസരിച്ച് രോഗ നിർണ്ണയ സൗകര്യങ്ങളും ചികിത്സാ സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിനായി ആർ.സി.സി.-യിൽ നൂതന സജ്ജീകരണങ്ങളോടുകൂടി ഒരു പത്തു നില കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായിവരുന്നു.

(സി) 24-2-2014-ലെ സർക്കാർ ഉത്തരവ് നമ്പർ 60/2014/H &FWD പ്രകാരം 167 തസ്തികകൾ ആർ.സി.സി.-യിൽ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള നിയമനങ്ങൾ പൂർത്തീകരിച്ചുവരുന്നു.

**ആരോഗ്യ വകുപ്പ് പേരാമ്പ്ര മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ**

107(2575) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആരോഗ്യവകുപ്പ് മുഖേന പേരാമ്പ്ര മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാം;

(ബി) ഒരോ പദ്ധതിയുടെയും പേര്, അനുവദിച്ച തുക, പ്രവർത്തന പുരോഗതി എന്നിവ വിശദമാക്കുമോ?

ഉത്തരം

(എ) പേരാമ്പ്ര മണ്ഡലത്തിലെ മേപ്പയൂർ, അരിക്കുളം, ആവള പെരുവണ്ണാമൂഴി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും പേരാമ്പ്ര താലൂക്ക് ആശുപത്രിയിലും നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

**വൈദ്യപരിശോധനാ ലാബുകളുടെ സ്വകാര്യവത്കരണം**

108(2576) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യപരിശോധനാ ലാബുകൾ സ്വകാര്യവത്കരിക്കുന്നതിന് ഗവൺമെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സ്വകാര്യ ലാബുകളുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) സ്വകാര്യ ലാബുകളിലെ ജീവനക്കാരുടെ യോഗ്യത സംബന്ധിച്ച് കാലാകാലങ്ങളിൽ പരിശോധന നടത്താറുണ്ടോ ;

(ഡി) എങ്കിൽ പരിശോധനയിൽ ഉൾപ്പെട്ട യോഗ്യതയുള്ള ജീവനക്കാരൻ തന്നെ ലാബുകളിൽ സേവനമനുഷ്ഠിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ ;

(ഇ) കേന്ദ്ര ഗവൺമെന്റിന്റെ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ അടിസ്ഥാനമാക്കി സംസ്ഥാനത്ത് നിയമനിർമ്മാണം നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ലാബുകൾ സ്വകാര്യവത്കരിക്കുന്നതിന് തീരുമാനമെടുത്തിട്ടില്ല.

(ബി) ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്ന സേഫ് കേരള പ്രോഗ്രാമിന്റെ ഭാഗമായി സ്വകാര്യ ക്ലിനിക്കൽ ലബോറട്ടറികൾ, ജനറ്റിക് ക്ലിനിക്കുകൾ തുടങ്ങിയവ എല്ലാ ജില്ലകളിലും ഒരേ ദിവസം പരിശോധിച്ച് ഗുണനിലവാരം, ശുചിത്വം എന്നിവ നിരീക്ഷിച്ച് ആവശ്യമെങ്കിൽ നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി&ഡി) സേഫ് കേരള പ്രോഗ്രാമിന്റെ ഭാഗമായി സ്വകാര്യ ക്ലിനിക്കൽ ലബോറട്ടറികളിൽ ഉദ്യോഗസ്ഥരുടെ യോഗ്യതയെക്കുറിച്ച് നിരീക്ഷിച്ച് ആവശ്യമെങ്കിൽ നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. 27-2-2015-നും 8-12-2015-നും സേഫ് കേരളയുടെ ഭാഗമായി 14 ജില്ലകളിൽ ക്ലിനിക്കൽ ലബോറട്ടറികളിൽ പരിശോധന നടത്തി. 673 പേർ അംഗീകൃത യോഗ്യത ഇല്ലാത്തവരെന്ന് കണ്ടെത്തിയതിനെ തുടർന്ന് നടപടികൾ സ്വീകരിച്ചിരുന്നു.

(ഇ) സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾ, ലാബുകൾ, ക്ലിനിക്കുകൾ എന്നിവയുടെ നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം തുടങ്ങിയവയ്ക്കായി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**തിരുവനന്തപുരം മെഡിക്കൽ കോളേജിലെ റേഡിയോളജി വിഭാഗത്തിന്റെ ശോചനീയാവസ്ഥ**

109(2577) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ധനരായ അസംഖ്യം കാൻസർ രോഗികൾ ആശ്രയിക്കുന്ന തിരുവനന്തപുരം മെഡിക്കൽ കോളേജിലെ റേഡിയോളജി വിഭാഗത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) റേഡിയേഷൻ ചികിത്സയ്ക്കുള്ള ഉപകരണങ്ങൾ കാലപ്പഴക്കവും നിരന്തരമായ ഉപയോഗവുംകാരണം പ്രവർത്തനരഹിതമായതിനാൽ രോഗികൾ ചികിത്സ കിട്ടാതെ വലയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത വിഭാഗത്തിന്റെ ചികിത്സാ സൗകര്യങ്ങളും മറ്റു ഭൗതിക സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിന് അടിയന്തര പരിഗണന നൽകി നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) റേഡിയേഷൻ വിഭാഗത്തിലെ പരിമിതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 2007-ൽ സ്ഥാപിച്ച റേഡിയേഷൻ മെഷീനായ Equinox Cobalt-60-കാലപ്പഴക്കം കൊണ്ട് ഇപ്പോൾ പ്രവർത്തനരഹിതമാകുകയും അതിന്റെ സർവ്വീസ് എഞ്ചിനീയർമാർ പരിശോധിച്ചതിൽ നിന്ന് സോഫ്റ്റ്‌വെയർ മാറ്റുവാൻ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 8.5 ലക്ഷം രൂപ വിലയുള്ള സോഫ്റ്റ്‌വെയർ മാറ്റുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ലീനിയർ ആക്സിലേറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികളും നടന്നു വരുന്നു.

(സി) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ പ്രൊപ്പോസൽ ലഭ്യമാക്കി നടപടികൾ സ്വീകരിക്കുന്നതാണ്.

## ഹോട്ടലുകളിലും തട്ടുകടകളിലും തിളപ്പിക്കാത്ത പാൽ ഉപയോഗിക്കുന്നതിനെതിരെ നടപടി

110(2578) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിക്കവാറും എല്ലാ ഹോട്ടലുകളിലും തട്ടുകടകളിലും ചായയ്ക്കും കാപ്പിക്കും ഉപയോഗിക്കുന്ന പാൽ ആവശ്യത്തിന് തിളപ്പിക്കാത്തതുകാരണം പല ജന്തുജന്യരോഗങ്ങളും മനുഷ്യരിലേക്കു കൂടി വ്യാപിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിളപ്പിക്കാത്ത പാലും മലിനജലവും ഉപയോഗിക്കുന്നതുമൂലം മനുഷ്യരിലേക്ക് പകരുന്ന രോഗങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(സി) ഇത്തരത്തിൽ തിളപ്പിക്കാത്ത പാലുപയോഗിച്ച് ഹോട്ടലുകളിലും തട്ടുകടകളിലും ചായ നല്കുന്നത് പരിശോധിച്ച് ഇവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ബോധവൽക്കരണം നടത്തുന്നതിനും സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബ്രൂസെല്ലോസിസ്, ക്യൂഫീവർ, മൈക്കോ ബാക്ടീരിയംമൂലമുള്ള രോഗങ്ങൾ എന്നിവ തിളപ്പിക്കാത പാൽ ഉപയോഗിച്ചാൽ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. വൈറൽ ഹെപ്പറ്റൈറ്റിസ്, ടൈഫോയ്ഡ്, പാരസൈറ്റിക് ഇൻഫ്ലുവൻസ, സയേറിയൽ ഡിസോർഡേഴ്സ്, ഡിസെൻട്രി, കോളറ തുടങ്ങിയ രോഗങ്ങൾ മലിനജലം ഉപയോഗിച്ചാൽ ഉണ്ടാകുന്നവയാണ്.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹോട്ടലുകളിലും തട്ടുകടകളിലും ജീവനക്കാരെ ബോധവത്കരിക്കുന്നതിനുവേണ്ടി സംസ്ഥാനമൊട്ടാകെ 3000 ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്. പരിശോധന സമയങ്ങളിൽ തിളപ്പിക്കാത്ത പാൽ ശ്രദ്ധയിൽപ്പെട്ടാൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം നടപടി സ്വീകരിക്കാറുണ്ട്.

**കടുത്തുരുത്തി-കറുപ്പന്തറ പി.എച്ച്.സി.-കളിലെ കിടത്തി ചികിൽസ**

111(2579) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി-കുറുപ്പന്തറ പി.എച്ച്.സി.-കളിൽ കിടത്തി ചികിൽസ അനുവദിക്കുന്നതു സംബന്ധിച്ച ഫയൽ പരിഗണനയിലുണ്ടോ; എങ്കിൽ ഇതിന്റെ സെക്രട്ടറിയേറ്റിലെയും ഡി.എച്ച്.എസ്സ്. -ലെയും ഫയൽ നമ്പർ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഫയലിന്റെ ഇപ്പോഴത്തെ പുരോഗതിയും തുടർ നടപടിയും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പരിഗണനയിലുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ഫയൽ നമ്പർ പി.എൽ.ബി1 32374/13/ആ.വ.ഡ.-ഉം കറുപ്പന്തറ പി.എച്ച്.സി.-യുമായി ബന്ധപ്പെട്ട സെക്രട്ടേറിയറ്റിലെ ഫയൽ നമ്പർ 39847/എം.1/2012 ഉം ആണ്. കടുത്തുരുത്തി പി.എച്ച്.സി.-യുമായി ബന്ധപ്പെട്ട് നിലവിൽ സെക്രട്ടേറിയറ്റിൽ ഫയലില്ല.

(ബി) ഫയൽ നമ്പർ 39847/എം.1/12./ ആ.കു.വ. നമ്പർ ഫയലിൽ കറുപ്പന്തറ പി.എച്ച്.സി.-യിൽ ഐ.പി. യൂണിറ്റ് പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ചുള്ള റിപ്പോർട്ട് ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭ്യമായിട്ടില്ല. കടുത്തുരുത്തി ബ്ലോക്കിലെ നിലവിലുള്ള പി.എച്ച്.സി.-കളുടെ വിവരങ്ങളും സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലേക്കുള്ള അകലവും അറിയിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർ ജില്ലാ മെഡിക്കൽ ആഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**നിർമ്മാർജ്ജനം ചെയ്ത രോഗങ്ങൾ വീണ്ടും പ്രത്യക്ഷപ്പെടുന്നതിന്റെ കാരണം**

112(2580) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാജ്ജനം ചെയ്ത ഡിഫ്ത്തീരിയ, പോളിയോ തുടങ്ങിയ രോഗങ്ങൾ വീണ്ടും പ്രത്യക്ഷപ്പെടുന്നതിന്റെ കാരണം പഠന വിധേയമാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) കുത്തിവയ്പ്പ് എടുക്കുന്നതിനുള്ള വിമുഖതയും കുത്തിവെപ്പിനെതിരായ പ്രചരണങ്ങളും ഇതിന് കാരണമാകുന്നുണ്ടോ ; എങ്കിൽ ഇത് മറികടക്കുന്നതിന് എന്തെല്ലാം നടപടികൾ ചെയ്യുവാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ ;

(സി) കുത്തിവയ്ക്കുന്നതിനും തുള്ളി മരുന്നായി നൽകുന്നതിനും ഉപയോഗിക്കുന്ന മരുന്നുകൾ ശരിയായ ഊഷ്മാവിൽ സൂക്ഷിക്കാത്തതു കാരണം ഇവയുടെ ഫലസിദ്ധിക്ക് കോട്ടം തട്ടുന്നുണ്ടോയെന്നു പരിശോധിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഇത്തരം രോഗങ്ങൾ പ്രത്യക്ഷപ്പടാനുള്ള പ്രധാന കാരണം ഒരു വിഭാഗം ആളുകൾ സാർവത്രിക പ്രതിരോധ കുത്തിവെയ്പ്പ് ശിശുക്കൾക്ക് നൽകാൻ വിമുഖത കാണിക്കുന്നതുകൊണ്ടാണ്. കൂടാതെ പ്രതിരോധ കുത്തിവയ്പുകൾക്കെതിരെ ഒരു ചെറിയ വിഭാഗം ആൾക്കാർ നടത്തുന്ന കുപ്രചരണങ്ങളും പ്രതിരോധ കുത്തിവയ്പുകൾക്കെതിരെയുള്ള തെറ്റായ വിശ്വാസങ്ങൾ കാരണവുമാണ്. ഇത് ഏറ്റവും കൂടുതൽ കാണപ്പെടുന്നത് മലപ്പുറം ജില്ലയിലാണ്. മുകളിൽ പ്രസ്താവിച്ച രോഗങ്ങൾ പിടിപെട്ട കുട്ടികളുടെ പശ്ചാത്തലം പരിശോധിക്കുമ്പോൾ പ്രതിരോധ കുത്തിവെയ്പ്പ് പൂർണ്ണമായോ, ഭാഗികമായോ എടുക്കാത്തതുകൊണ്ടാണ് രോഗം പിടിപെട്ടതെന്ന് വ്യക്തമാകുന്നതാണ്. ഡി.എൽ.എച്ച്.എസ്.-4 (ഡിസ്ട്രിക്റ്റ് ലെവൽ ഹൗസ്ഹോൾഡ് സർവ്വേ) പ്രകാരം സംസ്ഥാനത്ത് പൂർണ്ണമായി പ്രതിരോധ കുത്തിവയ്പ്പ് എടുത്ത കുട്ടികൾ ശരാശരി 82 % ആണ്. എന്നാൽ മലപ്പുറം ജില്ലയിൽ പൂർണ്ണമായി പ്രതിരോധ കുത്തിവേയ്പ്പ് എടുത്ത കുട്ടികൾ 72% മാത്രമാണ്. സമഗ്ര കർമ്മ പദ്ധതിയിലൂടെ മുഴുവൻ കുട്ടികൾക്കും പ്രതിരോധ കുത്തിവയ്പ്പ് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ മറ്റ് സർക്കാർ ഇതര വകുപ്പുകളുടേയും ഐ.എ.പി., ഐ.എം.എ., കെ.ജി.എം.ഒ.എ, ക്യൂ.യു.ഐ.എം.പി. മുതലായ സംഘടനകളുടെയും സഹകരണത്തോടെ കുത്തി വയ്പിനെക്കുറിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) ഉണ്ട്. ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഉദ്യോഗസ്ഥരായ മെഡിക്കൽ ആഫീസർ, ഹെൽത്ത് ഇൻസ്പെക്ടർ, ലേഡി ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് കൂടാതെ അംഗൻവാടി പ്രവർത്തകർ, ആശാ പ്രവർത്തകർ എന്നിവർ മുഖേന പ്രതിരോധ കുത്തിവയ്പുകളെക്കുറിച്ചും അതിന്റെ ആവശ്യകത, പ്രാധാന്യം

തുടങ്ങിയവ സംബന്ധിച്ചുള്ള ബോധവൽക്കരണം നേരിട്ടും ചെറുസംഘങ്ങളിലൂടെയും പഞ്ചായത്ത് തലങ്ങളിൽ നടത്തിവരുന്നു. കൂടാതെ വിവിധ രോഗങ്ങളെക്കുറിച്ചും പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള ലഘുലേഖകൾ, പോസ്റ്ററുകൾ, ബാനറുകൾ, ചുവരെഴുത്ത് എന്നിവയിലൂടെയും ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. വിവിധ ജില്ലകളിൽ റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാന്റ് എന്നീ ജനത്തിരക്കേറിയ മേഖലകൾ കേന്ദ്രീകരിച്ച് ബോധന പരിശീലന പരിപാടികളും പ്രചരണവും നടത്തുന്നുണ്ട്. കഴിഞ്ഞ മാസങ്ങളിലും ഇത്തരം പരസ്യ ബോധന പരിശീലന പരിപാടികൾ നടത്തിയിരുന്നു. എഫ്.എം. റേഡിയോ വഴി പ്രതിരോധ കുത്തിവയ്പിന്റെ ആവശ്യകതയെപ്പറ്റി റേഡിയോ പരസ്യങ്ങളും നൽകുന്നുണ്ട്. ഒപ്പം ലഘുരേഖകൾ അച്ചടിച്ചും ദേശീയ ആരോഗ്യ ദൗത്യം ജില്ലാ മെഡിക്കൽ ആഫീസുകൾ വഴി വിതരണം ചെയ്യുന്നുണ്ട്. ദേശീയ നഗരാരോഗ്യ ദൗത്യത്തിന് കീഴിൽ പ്രതിരോധ കുത്തിവെയ്പിനെപ്പറ്റി വീഡിയോ പരസ്യ ചിത്രങ്ങൾ നിർമ്മിക്കുന്നുണ്ട്. അനുയോജ്യമായ മാധ്യമങ്ങളിൽ ഇവ പ്രദർശിപ്പിക്കുകയും ചെയ്യും. റുബെല്ലാ വാക്സിൻ, ഡിഫ്ത്തീരിയ, പോളിയോ തുടങ്ങി വിവിധ വാക്സിനുകളെ പരാമർശിച്ച് ലഘുരേഖകളും കൈപുസ്തകങ്ങളും തയ്യാറാക്കി നൽകും. ജില്ലകളിൽ ജില്ലാ പ്രോഗ്രാം ആഫീസർ മുഖേന പരിശീലന കളരികളും ശില്പശാലകളും സംഘടിപ്പിക്കും.

(സി) വാക്സിനുകളും മരുന്നുകളും നിർമ്മിക്കുന്ന സ്ഥലങ്ങളിൽ നിന്നും അവസാന ഉണഭോക്താവിൽ എത്തുന്നതുവരെ നിർമ്മാതാക്കൾ നിർദ്ദേശിച്ചിട്ടുള്ള ഊഷ്മാവിലാണ് സൂക്ഷിക്കപ്പെടുന്നതും കൈകാര്യം ചെയ്യുന്നതും. ഇത് കൃത്യമായി എല്ലാ സ്ഥാപനങ്ങളിലും നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ മോണിറ്റർ ചെയ്യുന്നുണ്ട്.

**ഡോക്ടർമാരുടെ ഒഴിവുകൾ**

113(2582) <u>ശ്രീ. കെ. അജിത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദം, ഹോമിയോപ്പതി, അലോപ്പതി മേഖലകളിൽ ഡോക്ടർമാരുടെ എത്ര ഒഴിവുകളാണ് ഉള്ളത്;

(ബി) ഈ വിഭാഗങ്ങളിൽ ഡോക്ടർമാരുടെ റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടോ എന്നും പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആയുർവേദ, ഹോമിയോപ്പതി, അലോപ്പതി മേഖലകളിൽ വിവിധ ഡോക്ടർമാരുടെ ആകെ ഒഴിവുകൾ താഴെ പറയുന്നു:

| | | |
|---|---|---|
| ആയുർവേദം | : | 40 |
| ആയുർവേദ വിദ്യാഭ്യാസം | : | 9 |
| ഹോമിയോപ്പതി വകുപ്പ് | : | 68 |
| ഹോമിയോ വിദ്യാഭ്യാസം | : | 37 |
| ആരോഗ്യ വകുപ്പ് | : | 648 |
| ആരോഗ്യ വിദ്യാഭ്യാസം | : | 444 |

(ബി) ഹോമിയോ മെഡിക്കലാഫീസർ തസ്തികയിലും ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻ തസ്തികയിലും റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. മറ്റ് തസ്തികയിലെ ഒഴിവുകൾ യഥാകാലം പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്പെഷ്യാലിറ്റി കേഡർ തസ്തികയിലെ ഒഴിവുകൾ ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നടത്തുന്നു.

**പാരാമെഡിക്കൽ സയൻസ് ഇൻസ്റ്റിറ്റ്യൂട്ടിനുള്ള കെട്ടിടം**

114(2583) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിൽ പാരാമെഡിക്കൽ സയൻസ് ഇൻസ്റ്റിറ്റ്യൂട്ടിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കും; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

പാരാമെഡിക്കൽ സയൻസ് ഇൻസ്റ്റിറ്റ്യൂട്ട് കെട്ടിടത്തിന്റെയും ഹോസ്റ്റൽ കെട്ടിടത്തിന്റെയും ശിലാസ്ഥാപനം 2015 ആഗസ്റ്റ് 7-ാം തീയതി നടന്നു. കെട്ടിടങ്ങളുടെ പണി 19-11-2015-ന് തുടങ്ങി. എഗ്രിമെന്റ് പ്രകാരം മുഴുവൻ പണിയും 18 മാസം കൊണ്ട് പൂർത്തിയാക്കേണ്ടതാണ്.

**ഡോക്ടർമാരുടെ വർക്കിംഗ് അറേഞ്ച്മെന്റ്**

115 (2584) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി താലൂക്ക് ആശുപത്രിയിലെ എത്ര ഡോക്ടർമാരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ മാറ്റി നിയമിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ ഡോക്ടർമാരെ എവിടെയൊക്കെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇങ്ങനെ നിയമിച്ച ഡോക്ടർമാരുടെ സേവനം ആഴ്ചയിൽ രണ്ടു ദിവസം കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഡോ. ഹേമന്തിനെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ കോഴിക്കോട് W&C ആശുപത്രിയിലെ അനസ്തേഷ്യ വിഭാഗത്തിൽ നിയമിച്ചിട്ടുണ്ട്.

(സി) ഈ വിഷയം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**ആശുപത്രികളിൽ പ്രസവത്തിനിടയിലുള്ള മരണം**

116(2585) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ വിവിധ സർക്കാർ ആശുപത്രികളിൽ പ്രസവത്തിനിടയിലും പൂർണ്ണ ഗർഭിണിയായിരിക്കെയും എത്ര പേർ മരണപ്പെട്ടുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിനുള്ളിൽ സർക്കാർ ആശുപത്രികളിൽ എത്ര ശതമാനത്തോളം സിസേറിയൻ നടന്നതായാണ് കണക്കാക്കിയിട്ടുള്ളത്; ആയത് ജില്ല തിരിച്ച് വ്യക്തമാക്കുമോ; ഇതുമായി ബന്ധപ്പെട്ട് എത്രപേർ മരണപ്പെട്ടു; വിശദമാക്കുമോ;

(സി) പ്രസ്തുത കാലയളവിനുള്ളിൽ സ്ത്രീകളുടെയും കുട്ടികളുടെയും (സി.എച്ച്.സി., പി.എച്ച്.സി. ഉൾപ്പെടെ) സർക്കാർ ആശുപത്രികളിൽ എത്ര നവജാതശിശുക്കൾ മരണപ്പെട്ടു; ആയത് ഒ.ബി.നഴ്സറി/ഐ.ബി. നഴ്സറി എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കുമോ; ഇത്തരത്തിൽ അണുബാധ ഏൽക്കാതിരിക്കാൻ

സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇത്തരം നവജാത ശിശുക്കളുടെ മരണവുമായി ബന്ധപ്പെട്ട് എത്ര ഡോക്ടർമാർക്കെതിരെ സർക്കാർ നടപടി സ്വീകരിച്ചു; അവർ ആരെല്ലാം; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കാലയളവിനുള്ളിൽ പ്രസവത്തിനിടയിലും പൂർണ്ണ ഗർഭിണിയായിരിക്കെയും സിസേറിയൻ സമയത്തും മരണപ്പെട്ടവരിൽ പലതും ഡോക്ടർമാരുടെ കൈപ്പിഴമൂലം സംഭവിച്ചതാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള മരണം സംഭവിച്ചതിന്റെ ഭാഗമായി എത്ര ഡോക്ടർമാർക്കെതിരെ നടപടി സ്വീകരിച്ചുവെന്നും അവർ ആരെല്ലാമെന്നും ഇതിൽ എത്ര ഡോക്ടറിതര ജീവനക്കാർ നടപടിക്ക് വിധേയരായിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഇ) സിസേറിയനുകളുടെ എണ്ണം ക്രമാതീതമായി കൂടിയതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് എന്തൊക്കെ മാർഗ്ഗരേഖ ഇപ്പോൾ പുറപ്പെടുവിച്ചിട്ടുണ്ട് എന്നും സിസേറിയൻ പ്രസവ ചെലവ് പാവപ്പെട്ടവർക്ക് താങ്ങാൻ ബുദ്ധിമുട്ടായതിനാൽ സ്വാഭാവിക പ്രസവം പ്രോത്സാഹിപ്പിക്കുവാൻ എന്തൊക്കെ ബോധവത്കരണ മാർഗ്ഗങ്ങൾ നിലവിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്നും ഇത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വകാര്യ ആശുപത്രികളിന്മേൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ വിവിധ സർക്കാർ ആശുപത്രികളിൽ പ്രസവത്തിനിടയിലും ഗർഭിണിയായിരിക്കെയും മരണപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു:

| നമ്പർ | ജില്ല | മരണപ്പെട്ടവരുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1. | ആലപ്പുഴ | 37 |
| 2. | കാസർഗോഡ് | 44 |
| 3. | വയനാട് | 35 |

| (1) | (2) | (3) |
|---|---|---|
| 4. | തിരുവനന്തപുരം | 56 |
| 5. | എറണാകുളം | 52 |
| 6. | കണ്ണൂർ | 46 |
| 7. | തൃശ്ശൂർ | 60 |
| 8. | ഇടുക്കി | 20 |
| 9. | കോട്ടയം | 34 |
| 10. | പത്തനംതിട്ട | 23 |
| 11. | പാലക്കാട് | 67 |
| 12. | കോഴിക്കോട് | 60 |
| 13. | കൊല്ലം | 68 |
| 14. | മലപ്പുറം | 137 |

തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയിൽ 72 പേരും തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ 25 പേരും മരണപ്പെട്ടിട്ടുണ്ട്.

(ബി) സർക്കാർ ആശുപത്രികളിൽ നടന്ന സിസേറിയൻ ശതമാനം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| നമ്പർ | ജില്ല | സിസേറിയൻ ശതമാനം |
|---|---|---|
| (1) | (2) | (3) |
| 1. | ആലപ്പുഴ | 47.62% (2011 മുതൽ 2015 വരെ) |
| 2. | കാസർഗോഡ് | 24 % |
| 3. | വയനാട് | 23% |
| 4. | തിരുവനന്തപുരം | 36.37 % |

| (1) | (2) | (3) |
|---|---|---|
| 5. | എറണാകുളം | 58.82 % |
| 6. | കണ്ണൂർ | 48 % |
| 7. | തൃശ്ശൂർ | 43 % |
| 8. | ഇടുക്കി | 45.1 % |
| 9. | കോട്ടയം | 41.64 % (2011 മുതൽ 2015 വരെ) |
| 10. | പത്തനംതിട്ട | 48.11 % (2011 മുതൽ 2015 വരെ) |
| 11. | പാലക്കാട് | 33 % |
| 12. | കോഴിക്കോട് | 23.6 % |
| 13. | കൊല്ലം | 53 % |
| 14. | മലപ്പുറം | 30.5 % |

ഇതുമായി ബന്ധപ്പെട്ട് മലപ്പുറം, പത്തനംതിട്ട ജില്ലകളിൽ ഓരോ മരണം വീതം രേഖപ്പെടുത്തിയിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളോട് അനുബന്ധിച്ചുള്ള സ്ത്രീകളുടെയും കുട്ടികളുടെയും വിഭാഗത്തിൽ 37.92 % സിസേറിയൻ നടന്നിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 14 പേർ മരണപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത കാലയളവിനുള്ളിൽ സ്ത്രീകളുടെയും കുട്ടികളുടെയും (സി.എച്ച്.സി., പി.എച്ച്.സി. ഉൾപ്പെടെ) സർക്കാർ ആശുപത്രികളിൽ മരണപ്പെട്ട നവജാതശിശുക്കളുടെ കണക്ക് ഒ.ബി നഴ്സറി, ഐ.ബി. നഴ്സറി എന്നിങ്ങനെ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| നമ്പർ | ജില്ല | ഒ.ബി നഴ്സറി | ഐ.ബി. നഴ്സറി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | ആലപ്പുഴ | ... | ... |
| 2. | കാസർഗോഡ് | ... | 2 |
| 3. | വയനാട് | 8 | 44 |
| 4. | തിരുവനന്തപുരം | ... | 11 |
| 5. | എറണാകുളം | 17 | 22 |
| 6. | കണ്ണൂർ | 22 | ... |
| 7. | തൃശ്ശൂർ | 38 | 47 |
| 8. | ഇടുക്കി | .... | .... |

ഇടുക്കി ജില്ലയിലെ സർക്കാർ ആശുപത്രികളിൽ 24 നവജാതശിശുക്കൾ മരണപ്പെട്ടിട്ടുണ്ട്. ഒ.ബി/ഐ.ബി നഴ്സറിയില്ല.

| (1) | (2) | (3) | (4) |
|---|---|---|---|
| 9. | കോട്ടയം | 93 | 118 |
| 10. | പത്തനംതിട്ട | ... | 17 |
| 11. | പാലക്കാട് | .... | 146 |
| 12. | കോഴിക്കോട് | .... | 2 |
| 13. | കൊല്ലം | ... | 44 |
| 14. | മലപ്പുറം | 6 | 47 |

മുകളിൽ പറഞ്ഞിട്ടുള്ള സർക്കാർ ആശുപത്രികളിലെ നവജാതശിശുക്കളുടെ മരണം അണുബാധമൂലമാണെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എസ്.എ.ടി. ആശുപത്രിയിൽ നിന്നുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

6-3-2015-ലെ സ.ഉ (എംഎസ്.) നമ്പർ 42/2015/ആ.കു.വ. പ്രകാരം കേരളത്തിലെ എല്ലാ സർക്കാർ ആശുപത്രികളിലും അണുബാധ നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. എല്ലാ ആശുപത്രികളിലും അണുബാധ നിയന്ത്രിക്കുന്നതിനായി ഒരു ഹോസ്പിറ്റൽ ഇൻഫെക്ഷൻ കൺട്രോൾ കമ്മിറ്റി (എച്ച്.ഐ.സി.സി. അഥവാ ആശുപത്രി അണുബാധ നിയന്ത്രണ കമ്മിറ്റി) രൂപീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആശുപത്രികളിൽ വരുന്ന രോഗികൾക്കും ജീവനക്കാർക്കും ആശുപത്രികളിൽ നിന്നും പുതിയ അണുബാധ ഏൽക്കാതിരിക്കാനുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നത്. ആശുപത്രികളിലെ പ്രസവമുറി, ഓപ്പറേഷൻ തിയേറ്റർ, നവജാത ശിശുവിഭാഗം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകിയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്.

ആശുപത്രി അണുനിവാരണ സമിതിയുടെ കീഴിൽ നിരന്തരം ചട്ടപ്രകാരമുള്ള ക്ലീനിംഗ്, മൈക്രോബയോളജിക്കൽ സർവയലൻസും എല്ലാ കുഞ്ഞുങ്ങളുടെയും രക്തസാമ്പിളുകൾ, നഴ്സറിയിലെ ഉപകരണങ്ങളിലെ വെള്ളം അതിലെ ഉപരിതല സ്വാബ് എന്നിവ അണുപരിശോധനയ്ക്ക് വിധേയമാക്കി ചികിത്സ നടപ്പാക്കുന്നു. കാലാകാലങ്ങളിൽ ഫ്യൂമിഗേഷനും ആഴ്ചയിൽ രണ്ട് തവണ കഴുകലും ദിവസം മൂന്ന് ഷിഫ്റ്റിലും അണുനാശിനികൊണ്ട് നഴ്സറി, പരിസരം, കുഞ്ഞുങ്ങളുടെ കിടക്കകൾ, ഉപകരണങ്ങൾ എന്നിവ വൃത്തിയാക്കലും ചെയ്തുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചിറയിൻകീഴ് താലൂക്കാശുപത്രിയിൽ പ്രസവത്തെത്തുടർന്ന് ബിന്ദുവും കുഞ്ഞും 23-4-2012-ൽ മരണപ്പെട്ടതുമായി ബന്ധപ്പെട്ട് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡോ. ലിമ, ജൂനിയർ കൺസൾട്ടന്റിനെതിരെ അച്ചടക്ക നടപടിയുടെ ഭാഗമായി രണ്ട് വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് ഉത്തരവായി.

പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ ശ്രീമതി സാജിതയുടെ കുഞ്ഞ് മരിച്ചതുമായി (15-1-2015-ന്) ബന്ധപ്പെട്ട് ജൂനിയർ കൺസൾട്ടന്റ് ഡോ. സിബിക്കെതിരെ അച്ചടക്ക നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടി ഡോക്ടർക്ക് ഇപ്പോൾ കാരണം കാണിക്കൽ നോട്ടീസ് നൽകിയിരിക്കുകയാണ്. കൺസൾട്ടന്റ് ഡോ. മറിയക്കുട്ടിക്കെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള ശിപാർശ ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

മാനന്തവാടി ജില്ലാ ആശുപത്രിയിൽ പ്രസവ സംബന്ധമായ ചികിത്സയ്ക്കായി എത്തിയ ആദിവാസി യുവതിയെ മതിയായ ചികിത്സാ സൗകര്യമില്ലാത്ത കാരണം പറഞ്ഞ് മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യുകയും മെഡിക്കൽ കോളേജിൽ എത്തുംമുൻപേ മൂന്നുകുട്ടികളെ പ്രസവിക്കുകയും മൂന്നുകുട്ടികളും മരണപ്പെടുകയും ചെയ്ത സംഭവത്തിൽ മാനന്തവാടി ജില്ലാ ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജിസ്റ്റ്) ഡോ. സുഷമയെ സസ്പെന്റ് ചെയ്യുകയും കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തു. അതോടൊപ്പം ഈ സംഭവത്തിൽ ടി ആശുപത്രിയിലെ അസിസ്റ്റന്റ് സർജനായ ഡോ. നിഖിൽ ആർ. നമ്പ്യാർക്കെതിര കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തു.

തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിലെ ശിശുമരണങ്ങളുമായി ബന്ധപ്പെട്ട് ആരുടേയും പേരിൽ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടില്ല.

(ഡി) നെടുമങ്ങാട് താലൂക്കാശുപത്രിയിൽ സിസേറിയൻ പ്രസവത്തെ തുടർന്ന് മതിയായ ചികിത്സാ ലഭിക്കാതെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വച്ച് 23-4-2013-ൽ മഞ്ജു എന്ന ഗർഭിണി മരണപ്പെട്ടതുമായി ബന്ധപ്പെട്ട് നെടുമങ്ങാട് താലൂക്കാശുപത്രിയിലെ ഡോക്ടർമാരായ ഡോ. ജയശ്രീ ബി.പി, ഡോ. അനുശ്രീ എസ്, ഡോ. ജയശ്രീ. എസ്. നായർ എന്നിവർക്കെതിരെ വകുപ്പുതല നടപടികൾ സർക്കാർ തലത്തിൽ നടന്നുവരുന്നു. പോസ്റ്റ് ഓപ്പറേറ്റീവ് ഡ്യൂട്ടിയിലായിരുന്ന ശ്രീമതി ബിന്ദു കെ. ദാമോദരൻ, സ്റ്റാഫ് നഴ്സ് ഗ്രേഡ്-II, ശ്രീമതി രശ്മി ജെ, സ്റ്റാഫ് നഴ്സ് ഗ്രേഡ് -II എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടിയുടെ ഭാഗമായി കാരണം കാണിക്കൽ നോട്ടീസ് നൽകിയിരിക്കുകയാണ്. അന്തിമ തീരുമാനമായിട്ടില്ല.

(ഇ) 1. സിസേറിയൻ നിരക്ക് നിയന്ത്രിക്കാനായി 7-5-2011-ലെ സ.ഉ (സാധാ) നമ്പർ 1791/2011/ആ.കു.വ. പ്രകാരം ഈ വിഷയത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

2. സിസേറിയൻ നിരക്ക് നാൽപത് ശതമാനത്തിലധികമുള്ള സർക്കാർ ആശുപത്രികളിലെ ഗൈനക്കോളജിസ്റ്റുകൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും മറുപടി കൈപ്പറ്റുകയും ചെയ്തിരുന്നു.

3. ആന്റിനേറ്റൽ ക്ലിനിക്കുകൾ കൃത്യമായി നടത്തുന്നതിനും ഗർഭിണിയാകുമ്പോൾ മുതൽ നടത്തേണ്ട റിസ്ക് അസ്സസ്സ്മെന്റുകളെപ്പറ്റിയും ഗൈനക്കോളജിസ്റ്റുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

4. സാധാരണ പ്രസവംകൊണ്ട് അമ്മയ്ക്കും കുഞ്ഞിനുമുള്ള ഗുണ ഗണങ്ങളെക്കുറിച്ച് ഫീൽഡുതലത്തിൽ തന്നെ ബോധവൽക്കരണം നടത്തിവരുന്നു.

5. ഒന്നിൽ കൂടുതൽ ഗൈനക്കോളജിസ്റ്റുകളുള്ള ആശുപത്രികളിൽ ഒരാളുടെ കൂടി വിദഗ്ദ്ധ അഭിപ്രായ പ്രകാരം മാത്രമേ സിസേറിയന് മുതിരാവൂ എന്ന് സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

6. കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റെട്രിക്സ് ആന്റ് ഗൈനക്കോളജി (കെ.എഫ്.ഒ.ജി.) പബ്ലിഷ് ചെയ്തിട്ടുള്ള ഗൈഡ്‌ലൈൻസ് പിൻതുടരണമെന്ന് ആരോഗ്യ വകുപ്പ് നിർദേശിച്ചിട്ടുണ്ട്.

7. ഓരോ സ്ഥാപനത്തിന്റേയും പ്രസവവും സിസേറിയനും സ്ഥാപന തലത്തിൽ ആഡിറ്റ് ചെയ്യുന്നുണ്ട്.

8. മാസംതോറും ഈ ആഡിറ്റുകളും റിപ്പോർട്ടുകളും ജില്ലാ മെഡിക്കൽ ഓഫീസർ തലത്തിലുള്ള സമിതി അവലോകനം ചെയ്യുന്നു.

9. ഈ റിപ്പോർട്ടുകൾ സംസ്ഥാന തലത്തിലും അവലോകനം ചെയ്ത് നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

ഇത്തരത്തിലുള്ള നിയന്ത്രണങ്ങളുടെയും നടപടികളുടെയും ഫലമായി സിസേറിയന്റെ നിരക്ക് പരമാവധി കുറച്ചുകൊണ്ടുവരുന്നു. കാസർഗോഡ്, കൊല്ലം ജില്ലകളിലെ സർക്കാർ ആശുപത്രികളിലും എറണാകുളം, കോട്ടയം, തൃശ്ശൂർ ജില്ലകളിലെ സ്വകാര്യ ആശുപത്രികളിലും 2013-14 വർഷത്തേക്കാൾ 2014-15 വർഷത്തിൽ നിരക്ക് നേരിയ തോതിൽ കുറഞ്ഞുവന്നിട്ടുണ്ട്. തുടർന്നും സിസേറിയൻ നിരക്ക് കൂടാതയിരിക്കാനായി കർശന നിരീക്ഷണം നടത്തിവരുന്നു.

## യെല്ലോഫീവറിന്റെ പ്രതിരോധ പ്രവർത്തനം

117 (2586) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യെല്ലോഫീവർ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ബി) പ്രസ്തുത രോഗത്തിന്റെ പ്രതിരോധ പ്രവർത്തനത്തിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) സംസ്ഥാനത്തെ വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ എന്നിവിടങ്ങൾ വഴി രോഗബാധിതരായ യാത്രക്കാരിൽ നിന്നും രോഗവ്യാപനം തടയുന്നതിനായുള്ള കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ നടപടികൾക്ക് എന്തെല്ലാം പിന്തുണയാണ് സർക്കാർ വാഗ്ദാനം ചെയ്തിട്ടുള്ളത് ;

(ഡി) വിദേശ യാത്രക്കാരിൽ നിന്നും നമ്മുടെ സംസ്ഥാനത്തേക്ക് പടർന്നു പിടിക്കാൻ സാധ്യതയുള്ള ഇത്തരം പകർച്ചവ്യാധികൾ തടയുന്നതിന് കേന്ദ്രസർക്കാരുമായി ചേർന്ന് ആരോഗ്യപരിപാടികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഇല്ല.

(ബി) യെല്ലോഫീവർ രോഗ പ്രതിരോധ പ്രവർത്തനത്തിനായി കർശനമായ വാക്സിനേഷൻ നയം നിലവിലുണ്ട്. ഈ രോഗബാധയുള്ള രാജ്യങ്ങളിലേക്ക് പോകുന്നതിനും തിരിച്ചുവരുന്നതിനും മുമ്പായി വാക്സിനേഷൻ നിർബന്ധമാണ്. ഇത്തരം വാക്സിനേഷൻ സർട്ടിഫിക്കറ്റ് ഇല്ലാത്തവർക്ക് വിസ നിഷേധിക്കുകയും കർശന നിരീക്ഷണത്തിൽ വയ്ക്കുകയും ചെയ്തുവരുന്നു. ഡെങ്കിപ്പനി, ചിക്കൻഗുനിയ മുതലായ രോഗങ്ങൾ പരത്തുന്ന ഈഡിസ് കൊതുകുകൾ തന്നെയാണ് യെല്ലോഫീവറും പകർത്തുന്നത്. ഇത്തരം കൊതുകുകളെ നിയന്ത്രിക്കുവാനുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്തുടനീളം നടന്നുവരുന്നുണ്ട്.

(സി) രോഗനിരീക്ഷണ സംവിധാനമായ ഐ.ഡി.എസ്.പി. മുഖേന രോഗബാധയുള്ള രാജ്യങ്ങൾ സന്ദർശിച്ച് തിരിച്ചുവരുന്നവരിൽ അസാധാരണമായ രോഗലക്ഷണങ്ങൾ വല്ലതും ഉണ്ടാകുന്നുവെങ്കിൽ ആയത് കണ്ടുപിടിച്ച് റിപ്പോർട്ട് ചെയ്യാനും സത്വര നടപടികൾ സ്വീകരിക്കാനും സംവിധാനങ്ങൾ നിലവിലുണ്ട്. അവശ്യഘട്ടങ്ങളിൽ കൊതുകനശീകരണ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരേയും ഉപകരണങ്ങളും എയർപോർട്ട് അധികാരികൾക്ക് നൽകുന്നുണ്ട്.

(ഡി) മെർസ്കോ വൈറസ് (Merscov), Yellow Fever, Ebola മുതലായ പകർച്ചവ്യാധികൾ തടയുന്നതിനായി ഇപ്പോൾ നിലവിലുള്ള സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു:

(1) വിമാനത്താവളം, തുറമുഖം എന്നിവിടങ്ങളിൽ APHQ-മാർ കൊച്ചി പോർട്ട് ട്രസ്റ്റ് ഹെൽത്ത് ഓർഗനൈസേഷൻ എന്നിവയോട് സഹകരിച്ച് യാത്രക്കാരുടെ സ്ക്രീനിങ്, പര്യവേഷണം മുതലായവ നടത്തിവരുന്നു.

(2) ജില്ലകളിൽ DSO-യുടെ നേതൃത്വത്തിൽ രോഗ പര്യവേഷണ നടപടികൾ, ഐസൊലേഷൻ, തീവ്രപരിചരണം മുതലായവയ്ക്ക് മെഡിക്കൽ കോളേജുകളും ജില്ലാ ആശുപത്രികളും അടങ്ങുന്ന ശൃംഖല സജ്ജമാക്കിയിട്ടുണ്ട്.

(3) രക്ത/സ്രവ സാമ്പിളുകൾ പരിശോധിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(4) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ രോഗ നിയന്ത്രണത്തിനാവശ്യമായ എല്ലാ ഘടകങ്ങളേയും സംയോജിപ്പിക്കുവാൻ പ്രവർത്തനസജ്ജമായ സ്റ്റേറ്റ് കൺട്രോൾ റൂം പ്രവർത്തിക്കുന്നുണ്ട്.

**ആരോഗ്യമേഖലയിലെ പദ്ധതികൾ**

118(2587) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽവന്നശേഷം ആരോഗ്യമേഖലയിൽ എന്തെല്ലാം പദ്ധതികൾ പ്രഖ്യാപിക്കുകയുണ്ടായെന്നും അതിനായി ഓരോ ബഡ്ജറ്റിലും എത്ര തുക വീതം വകയിരുത്തിയെന്നും ഓരോവർഷവും എത്ര തുക വീതം ചെലവഴിക്കാൻ കഴിഞ്ഞുവെന്നും പ്രത്യേകം വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രഖ്യാപിച്ച പദ്ധതികൾ താഴെ കൊടുക്കുന്നു:

2011-12 കാലയളവ് :

1. ഉഴവൂർ കെ. ആർ. നാരായണൻ മെമ്മോറിയൽ ആശുപത്രിയിൽ 4 ½ (നാലര) കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ
2. ചങ്ങനാശ്ശേരി താലൂക്ക് ആശുപത്രി ജനറൽ ആശുപത്രിയായി ഉയർത്തുമെന്ന പ്രഖ്യാപനം
3. എല്ലാ ജില്ലകളിലും ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്ന പദ്ധതി
4. അമ്മമാരുടേയും കുട്ടികളുടേയും ആശുപത്രി ഇല്ലാത്ത ജില്ലകളിൽ അമ്മമാരുടേയും കുട്ടികളുടേയും ആശുപത്രികൾ സ്ഥാപിക്കുന്ന പദ്ധതി

2012-13 :

1. ഡബ്ല്യൂ & സി ആശുപത്രികളില്ലാത്ത ജില്ലകളിൽ ഡബ്ല്യൂ & സി സ്ഥാപിക്കുമെന്ന പ്രഖ്യാപനം
2. ഇടുക്കി ജില്ലാ ആശുപത്രിയിൽ 150 കിടക്കകളുള്ള പുതിയ ഐ.പി. വാർഡ് എന്ന പ്രഖ്യാപനം

2013-14 :

1. 35 താലൂക്ക് ആശുപത്രികളിലും 2 സി.എച്ച്.എസ്.-കളിലും കാഷ്വാലിറ്റി യൂണിറ്റ് ആരംഭിക്കുമെന്ന പ്രഖ്യാപനം
2. തിരുവനന്തപുരം ജനറൽ ആശുപത്രി, തൈക്കാട് അമ്മമാരുടേയും കുട്ടികളുടേയും ആശുപത്രി എന്നിവ സംയോജിപ്പിച്ച് പുതിയ മെഡിക്കൽ കോളേജ് എന്ന പദ്ധതി

2014-15 :

1. കൊരട്ടി കുഷ്ഠ രോഗാശുപത്രിയിൽ ഹ്യൂമൻ റിസോഴ്സ് ഡവലപ്മെന്റ് സെന്റർ ആരംഭിക്കുമെന്ന പ്രഖ്യാപനം
2. തൊടുപുഴ താലൂക്ക് ആശുപത്രി ജനറൽ ആശുപത്രിയായി ഉയർത്തുമെന്ന പ്രഖ്യാപനം
3. കാസർഗോഡ് ഐ.എ.ഡി.-യിൽ അപ്ലൈഡ് ഡർമറ്റോളജി സെന്റർ ആരംഭിക്കുമെന്ന പ്രഖ്യാപനം

4. ചെങ്ങന്നൂർ താലൂക്ക് ആശുപത്രി ജനറൽ ആശുപത്രിയായി ഉയർത്തുമെന് പ്രഖ്യാപനം

5. കോന്നി താലൂക്ക് ആശുപത്രിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ

2015-16 :

1. ചെങ്ങന്നൂർ താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തുമെന്ന പ്രഖ്യാപനം

2. ജില്ലാ ആശുപത്രി കൊല്ലം, ജനറൽ ആശുപത്രി കോഴിക്കോട് എന്നിവിടങ്ങളിൽ കാത്ത് ലാബ് ആരംഭിക്കുമെന്ന പ്രഖ്യാപനം

3. തിരുവനന്തപുരം അമ്മമാരുടേയും കുഞ്ഞുങ്ങളുടേയും ആശുപത്രിയിൽ 5 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനമെന്ന പ്രഖ്യാപനം

II കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താഴെപറയുന്ന 5 പദ്ധികൾ കൂടി പ്രഖ്യാപിച്ചിട്ടുണ്ട്.

1. 154 ആശുപത്രികളിൽ സ്പെഷ്യാലിറ്റി യൂണിറ്റുകൾ ആരംഭിക്കും

2. പള്ളിപ്പാട് മിഡ് വൈഫറി സെന്ററിനെ പി.എച്ച്.സി. ആയി ഉയർത്തും

3. മണിമല പി.എച്ച്.സി.-യെ സി.എച്ച്.സി ആയി ഉയർത്തും

4. മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരിയിൽ പ്രവർത്തിക്കുന്ന പ്രൈമറി ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തും

5. കട്ടപ്പന സാമൂഹികാരോഗ്യ കേന്ദ്രത്തെ താലൂക്കാശുപത്രിയായി ഉയർത്തും

III. ഈ സർക്കാർ അധികാരത്തിൽ വന്ന 2011-12 മുതൽ 2015-16 വരെയുള്ള കാലയളവിലെ തുക വകയിരുത്തി നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വർഷം | പ്രഖ്യാപിച്ച പദ്ധതി | വകയിരുത്തിയ തുക (ലക്ഷത്തിൽ) | ചെലവാക്കിയ തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| 1. | 2011-12 | ഓരോ ജില്ലയിലും ഒരു ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കും | 500 | 500 |
| 2. | 2012-13 | സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികളില്ലാത്ത ജില്ലകളിൽ ഇത്തരം ആശുപത്രികൾ സ്ഥാപിക്കും | 3500 | 3500 |
| 3. | 2012-13 | 108 ആംബുലൻസ് സംവിധാനം എല്ലാ ജില്ലകളിലും ഏർപ്പെടുത്തും | 4000 | 4000 |
| 4. | 2013-14 | പബ്ലിക് ഹെൽത്ത് പ്രൊട്ടക്ഷൻ ഏജൻസി സ്ഥാപിക്കും | 1000 | 1000 |
| 5. | 2013-14 | ജനറൽ ആശുപത്രി തിരുവനന്തപുരം, തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികളെ സംയോജിപ്പിച്ച് മെഡിക്കൽ കോളേജ് സ്ഥാപിക്കും. | 300 | 300 |
| 6. | 2014-15 | ആരോഗ്യ കിരണം | 1000 | 1000 |
| 7. | 2014-15 | പേവിഷ നിർമ്മാർജ്ജന ബോധവൽക്കരണം | 100 | 100 |
| 8. | 2015-16 | ഇ-ഹെൽത്ത് | 50 | |
| 9. | 2015-16 | എമർജൻസി മെഡിക്കൽ കെയർ | 250 | |
| 10. | 2015-16 | കാത്ത് ലാബ് സ്ഥാപിക്കൽ | 500 | 500 |
| 11. | 2015-16 | ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കൽ | 710 | |
| 12. | 2015-16 | ആരോഗ്യകിരണം | 1500 | 1500 |

ഈ കാലയളവിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ പ്രഖ്യാപിച്ച പദ്ധതികളും അവയ്ക്ക് അനുവദിച്ച തുകയും ചെലവും സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതി | വർഷം | അനുവദിച്ച തുക | ചെലവ് |
|---|---|---|---|---|
| 1. | വന്ധ്യത നിവാരണ പദ്ധതി | 2014-15 | 10 കോടി | 5.42 കോടി |
| 2. | അവയവദാന പദ്ധതി | 2013-14 | 5 കോടി | 4.99 കോടി |
| | | 2014-15 | 3 കോടി | 2.75 കോടി |
| | | 2015-16 | 1.50 കോടി | 75 ലക്ഷം |
| 3. | ബേൺസ് യൂണിറ്റ് സ്ഥാപിക്കൽ | 2013-14 | 5 കോടി | 5 കോടി |
| | | 2014-15 | 10 ലക്ഷം | 2 ലക്ഷം |
| | | 2015-16 | 3.20 കോടി | 30 ലക്ഷം |
| 4. | എമർജൻസി&ക്രിട്ടിക്കൽ കെയർ പദ്ധതി | 2012-13 | 25 കോടി | 25 കോടി |
| | | 2013-14 | 18 കോടി | 18 കോടി |
| | | 2014-15 | 40 ലക്ഷം | 40 ലക്ഷം |
| | | 2015-16 | 50 ലക്ഷം | 50 ലക്ഷം |
| 5. | ഓങ്കോളജി&ടെർഷ്യറി കെയർ പദ്ധതി | 2013-14 | 7 കോടി | 7 കോടി |
| | | 2014-15 | 7.45 കോടി | 7.45 കോടി |
| | | 2015-16 | 20 കോടി | |

## ആരോഗ്യമേഖലയ്ക്ക് ബഡ്ജറ്റിൽ നീക്കി വച്ച തുക

119(2588) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യമേഖലയിൽ കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുന്നതിനും ഗുണനിലവാരം ഉയർത്തുന്നതിനുമായി ആരോഗ്യമേഖലയ്ക്ക് നടപ്പുസാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ എത്ര തുക നീക്കിവച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുകയിൽ നിന്ന് ഇതുവരെ എത്ര തുക എന്തെല്ലാം പ്രവൃത്തികൾക്കായി ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആരോഗ്യമേഖലയിൽ കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുന്നതിനും ഗുണനിലവാരം ഉയർത്തുന്നതിനുമായി ആരോഗ്യമേഖലയ്ക്ക് നടപ്പുസാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 63,915 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

(ബി) ആരോഗ്യവകുപ്പിൽ 23-11-2015 വരെ 13,726 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾക്കാണ് ടി തുക ചെലവഴിച്ചിട്ടുള്ളത്:

1. മെന്റൽ ഹെൽത്ത് സെന്റർ, തിരുവനന്തപുരം
2. മെന്റൽ ഹെൽത്ത് സെന്റർ, തൃശ്ശൂർ
3. മെന്റൽ ഹെൽത്ത് സെന്റർ, കോഴിക്കോട്
4. ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ
5. ഇംപ്രൂവ്മെന്റ് ഓഫ് ഡെന്റൽ യൂണിറ്റ്സ്
6. ഡിപ്.എൻ.ബി
7. ബ്ലഡ് ബാങ്കുകൾ
8. ജില്ലാ മാനസികാരോഗ്യ പരിപാടി
9. ആന്റി സോഷ്യൽ എലമെന്റ്സ്/പ്രൊട്ടക്ഷൻ ടു വിക്ടിംസ് ഡ്യൂ ടു വയലൻസ്
10. മെറ്റേണിറ്റി യൂണിറ്റുകൾ സ്ഥാപിക്കൽ
11. 108 ആംബുലൻസ്
12. കാത്ത് ലാബ് സ്ഥാപിക്കൽ
13. ഹെൽത്ത് ട്രാൻസ്പോർട്ട്
14. ഡബ്ല്യൂ.എസ്.എൽ.ഡി.
15. എൻ.എച്ച്.എം. സംസ്ഥാന വിഹിതം
16. നഴ്സിംഗ് സ്കൂളുകൾ

17. മെഡിക്കൽ റിക്കോർഡ് ലൈബ്രറികൾ ശക്തിപ്പെടുത്തൽ
18. ന്യൂട്രീഷൻ റിസർച്ച് യൂണിറ്റ്
19. ഹെൽത്ത് & ഫാമിലി ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്
20. പാവപ്പെട്ടവർക്കുള്ള ധനസഹായം (ചികിത്സയ്ക്ക്)
21. പകർച്ചവ്യാധി നിയന്ത്രണം
22. പകർച്ചവ്യാധി അല്ലാത്ത രോഗങ്ങളുടെ നിയന്ത്രണം
23. ക്യാൻസർ കെയർ പ്രോഗ്രാം
24. ആരോഗ്യ കിരണം
25. ജലജന്യരോഗങ്ങൾ
26. ആന്റിറാബിസ് ക്യാമ്പയിൻ
27. പബ്ലിക് ഹെൽത്ത് ലാബുകൾ
28. ന്യൂബോൺ സ്ക്രീനിംഗ് പ്രോഗ്രാം
29. ന്യൂട്രീഷൻ ബ്യൂറോ
30. സൊസൈറ്റി ഫോർ റീ-ഹാബിലിറ്റേഷൻ ഓഫ് കൊഗ്നിറ്റീവ് & കമ്മ്യൂണിക്കേറ്റീവ് ഡിസോർഡേഴ്സ്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ വിവിധ പദ്ധതികൾക്കായി 277.57 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക ചെലവാക്കുന്ന പദ്ധതികൾ ഇപ്രകാരമാണ്.

| | | |
|---|---|---|
| എസ്.ബി.എം.ആർ. | - | 1.80 കോടി |
| വേസ്റ്റ് ട്രീറ്റുമെന്റ് | - | 1.60 കോടി |
| മെറ്റേണൽ & ചൈൽഡ് ഹെൽത്ത് | - | 1.40 കോടി |
| പി.എം.എസ്.എസ്.വൈ. | - | 5.75 കോടി |
| തിരുവനന്തപുരം, കോഴിക്കോട് | | |
| കാത്ത് ലാബ് തൃശ്ശൂർ | - | 2 കോടി |

| | | |
|---|---|---|
| മൾട്ടി ഡിസിപ്ലിനറി റിസർച്ച് ലാബ് | - | 2 കോടി |
| വന്ധ്യതാ നിവാരണ യൂണിറ്റ് | - | 3.12 കോടി |
| കോഴിക്കോട് ടെർഷ്യറി കെയർ ക്യാൻസർ സെന്റർ | - | 9.19 കോടി |
| വയനാട് ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് | - | 1.90 കോടി |
| ഹരിപ്പാട് മെഡിക്കൽ കോളേജ് | - | 15 കോടി |

എൻ.ആർ.എച്ച്.എം. 70 കോടി രൂപ താഴെ കാണുന്ന പദ്ധതികൾക്കായി ചെലവഴിക്കുന്നു:

1. മാതൃ ആരോഗ്യ പദ്ധതി
2. ജനനി സുരക്ഷാ യോജന
3. മാതൃമരണ ആഡിറ്റ് നടപ്പാക്കുക
4. ജനനി ശിശു സുരക്ഷാ കാര്യക്രമം
5. നവജാതശിശുക്കളുടെ സ്ക്രീനിംഗ് പ്രോഗ്രാം
6. ശിശു ആരോഗ്യപദ്ധതി
7. വിദ്യാലയ ആരോഗ്യ പദ്ധതി
8. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യകാര്യക്രം
9. ഇമ്മ്യൂണൈസേഷൻ
10. കുടുംബക്ഷേമ പദ്ധതി
11. കൗമാര ആരോഗ്യ പദ്ധതി
12. നഗരമേഖലയിലെ പ്രജനന ശൈശവ ആരോഗ്യപദ്ധതി
13. ആദിവാസി മേഖലയിലെ ആരോഗ്യപദ്ധതി
14. പി.എൻ.ഡി.ടി. ആക്ട് നടപ്പാക്കുക
15. ആരോഗ്യപരിശീലനം
16. ആരോഗ്യമേഖലയിലെ മാനവശേഷി വികസനം

17. അംഗീകൃത സാമൂഹിക ആരോഗ്യപ്രവർത്തക (ആശ) പദ്ധതി
18. ആശുപത്രികൾ, സാമൂഹിക ആരോഗ്യകേന്ദ്രം, പ്രാഥമിക ആരോഗ്യകേന്ദ്രം, ഉപകേന്ദ്രം എന്നിവയ്ക്ക് ഉപാധിരഹിത ഫണ്ട്
19. ആശുപത്രികൾ, സാമൂഹിക ആരോഗ്യകേന്ദ്രം, പ്രാഥമിക ആരോഗ്യ കേന്ദ്രം എന്നിവയ്ക്ക് ആശുപത്രി നിർവ്വഹണ സമിതി ഗ്രാന്റ്
20. ആശുപത്രികൾ, സാമൂഹിക ആരോഗ്യകേന്ദ്രം, പ്രാഥമിക ആരോഗ്യകേന്ദ്രം, ഉപകേന്ദ്രം എന്നിവയ്ക്ക് അറ്റകുറ്റപ്പണികൾക്കുള്ള ഗ്രാന്റ്
21. ആശുപത്രികളുടെ നവീകരണവും കെട്ടിട നിർമ്മാണവും
22. ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കൽ
23. ആശുപത്രികളിൽ ക്വാളിറ്റി അഷ്വറൻസ് പദ്ധതി നടപ്പാക്കുക
24. ആയുഷ് പദ്ധതി
25. ആരോഗ്യ ബോധശീലവൽക്കരണ പ്രവർത്തനങ്ങൾ
26. പദ്ധതിയുടെ മേൽനോട്ടവും അവലോകനവും
27. ആരോഗ്യവിവര ശേഖരണ പദ്ധതി (എച്ച്.എം.ഐ.എസ്.)
28. റേഡിയോ ഹെൽത്ത്
29. ജീവിതശൈലീരോഗനിയന്ത്രണ പദ്ധതി
30. അയഡിൻ കുറവുമൂലമുണ്ടാകുന്ന രോഗനിയന്ത്രണ പദ്ധതി
31. സംയോജിത രോഗ അവലോകന പദ്ധതി
32. ദേശീയ ജന്തുജന്യ രോഗ നിയന്ത്രണ പദ്ധതി
33. ദേശീയ ക്ഷയരോഗ നിയന്ത്രണ പദ്ധതി
34. ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി
35. സമഗ്ര ആരോഗ്യ പദ്ധതി.

റീജിയണൽ ക്യാൻസർ സെന്റർ 5,350 ലക്ഷം രൂപ രണ്ടു പദ്ധതികൾക്കായി ചെലവഴിച്ചുവരുന്നു.

മലബാർ ക്യാൻസർ സെന്റർ 2,700 ലക്ഷം രൂപ രണ്ടു പദ്ധതികൾക്കായി ചെലവഴിച്ചുവരുന്നു.

കേരള ആരോഗ്യ സർവ്വകലാശാല 2,000 ലക്ഷം രൂപ മൂന്നു പദ്ധതികൾക്കായി ചെലവഴിച്ചുവരുന്നു.

ഭക്ഷ്യസുരക്ഷാ വകുപ്പ് 715 ലക്ഷം രൂപ മൂന്നു പദ്ധതികൾക്കായി ചെലവഴിച്ചുവരുന്നു.

ഡ്രഗ്സ് കൺട്രോൾ വകുപ്പ് 660 ലക്ഷം രൂപ രണ്ടു പദ്ധതികൾക്കായി ചെലവഴിച്ചു വരുന്നു.

ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ് 100 ലക്ഷം രൂപ പദ്ധതിക്കായി ചെലവഴിച്ചുവരുന്നു.

ചൈൽഡ് ഡെവലപ്മെന്റ് സെന്റർ 150 ലക്ഷം രൂപ രണ്ടു പദ്ധതികൾക്കായി ചെലവഴിച്ചു വരുന്നു.

## ആരോഗ്യ വകുപ്പിൽ ആശ്രിത നിയമനം

120(2589) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ആശ്രിത നിയമനത്തിനായി എത്ര അപേക്ഷകർ നിലവിലുണ്ടെന്ന് പേരും മേൽവിലാസവും സഹിതം വിശദമാക്കുമോ;

(ബി) ഉത്തരവു നൽകിയിട്ടും നിയമനം ലഭിക്കാത്ത എത്ര പേരുണ്ടെന്നും അവരുടെ പേരും നിയമനം നൽകാത്തതിന്റെ കാരണവും വിശദമാക്കുമോ?

### ഉത്തരം

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട ആശ്രിത നിയമനത്തിന് അപേക്ഷ സമർപ്പിച്ചവരുടെ പേരും മേൽവിലാസവും അനുബന്ധം ആയി ചേർത്തിരിക്കുന്നു.* ആരോഗ്യ വകുപ്പിൽ 53 അപേക്ഷകൾ ഉണ്ട്. വിശദവിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ബി) വിശദവിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**രോഗികൾക്കായുള്ള ചികിത്സാ നിർദ്ദേശക്കുറിപ്പ്**

121(2590) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗികൾക്കായുള്ള ചികിത്സാ നിർദ്ദേശക്കുറിപ്പിൽ ഡോക്ടർമാർ ബോധപൂർവ്വം അവ്യക്തമായി എഴുതുന്നത് നിയമാനുസൃതമല്ലാതിരുന്നിട്ടും ആയതു നിയന്ത്രിക്കുന്നതിനു ശക്തമായ നിയമ നടപടി എടുക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർദ്ദേശക്കുറിപ്പുകൾ നൽകി മെഡിക്കൽ സ്റ്റോറുകളിൽ നിന്നും മരുന്നുകൾ വാങ്ങുന്നവർക്ക് അവ കൃത്യമായി ബോധ്യപ്പെടുവാൻ കഴിയാത്ത സാഹചര്യം ഒഴിവാക്കുന്നതിനായി അനുബന്ധ നിയമം കർശനമായി പാലിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സർക്കാർ ആശുപത്രികളിലെ ഡോക്ടർമാരോട് ചികിത്സാ നിർദ്ദേശക്കുറിപ്പുകൾ വ്യക്തമായി എഴുതാനും ജനറിക് പേരുകൾ മാത്രം എഴുതാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ബോധപൂർവ്വം അവ്യക്തമായി എഴുതുന്നത് സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടില്ല.

**ചെറുകോൽപ്പുഴയിലെ ആയുർവേദ ആശുപത്രി കെട്ടിടം**

122(2591) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകോൽപ്പുഴയിലെ ജില്ലാ ആയുർവേദ ആശുപത്രി പ്രവർത്തിച്ചു വരുന്ന കെട്ടിടം എന്നാണ് നിർമ്മിച്ചത്;

(ബി) ഈ കെട്ടിടത്തിൽ ലിഫ്റ്റ് സ്ഥാപിക്കാനുള്ള സൗകര്യമുണ്ടായിട്ടും ലിഫ്റ്റ് സ്ഥാപിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു കൊണ്ടാണ് ലിഫ്റ്റ് സ്ഥാപിക്കാതിരുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) നാല് നില കെട്ടിടത്തിൽ ലിഫ്റ്റ് ഇല്ലാത്തതുമൂലം രോഗികളും രോഗികളുടെ കൂട്ടിരിപ്പുകാരും അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ചെറുകോൽപ്പുഴയിലെ ജില്ലാ ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണം പൂർത്തിയായി, 2004 ആഗസ്റ്റ് 4-ാം തീയതി ഉദ്ഘാടനം നടത്തിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലിഫ്റ്റ് സൗകര്യം ഏർപ്പെടുത്തുന്നതിന് 2013-14 സാമ്പത്തിക വർഷം പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിഭാഗത്തിൽ നിന്ന് എസ്റ്റിമേറ്റ് വാങ്ങി പത്തനംതിട്ട ജില്ലാ പഞ്ചായത്തിന് സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ ലഭ്യതക്കുറവുമൂലം ടി സാമ്പത്തിക വർഷം ലിഫ്റ്റ് സ്ഥാപിക്കാൻ കഴിഞ്ഞില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിഭാഗത്തിൽ നിന്നും എസ്റ്റിമേറ്റ് പുതുക്കി വാങ്ങി ഫണ്ട് ലഭ്യമാക്കുന്നതിന് ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ നടപടി സ്വീകരിച്ചുവരുന്നു.

**മാധ്യമപ്രവർത്തകൻ റെജിമോൻ മരിക്കാനിടയായ സംഭവം**

123(2592) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ വച്ച് മാധ്യമപ്രവർത്തകൻ റെജിമോൻ മരിക്കാനിടയായ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) മതിയായ അടിസ്ഥാന സൗകര്യവും ആവശ്യത്തിന് ഡോക്ടർമാരും ഉപകരണങ്ങളും രോഗനിർണ്ണയ സംവിധാനങ്ങളും ഇല്ലാത്തതാണ് ഇത്തരം സംഭവങ്ങൾ ഉണ്ടാകാൻ കാരണമെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) മാധ്യമപ്രവർത്തകനായ റെജിമോൻ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ വച്ച് 27-10-2015-ൽ മരിച്ചതിനെ തുടർന്ന് ടി വിഷയത്തിൽ ഒരു പ്രാഥമിക അന്വേഷണവും തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ന്യൂറോ പ്രൊഫസർ ഡോ. തോമസ് ഐപ് ചെയർമാനായും കാർഡിയോളജി പ്രൊഫസർ ഡോ. ശിവപ്രസാദ് കെ., തൈക്കാട് W&C ആശുപത്രിയിലെ ജനറൽ മെഡിസിൻ വിഭാഗം കൺസൾട്ടന്റ് ഡോ. പ്രേംകുമാർ പി. എസ്. എന്നിവർ

അംഗങ്ങളുമായ വിദഗ്ധ സമിതി ഇതുസംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുകയുമുണ്ടായി. ടിയാളുടെ മരണകാരണം "massive intracranial haemorrhage (Subarachnoid haemorrhage) ആയിരുന്നുവെന്നാണ് വിദഗ്ധ സമിതിയുടെ കണ്ടെത്തൽ. ആരോപണ വിധേയയായ ഡോ. ഐഷ എസ്. ഗോവിന്ദിന്റെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടില്ലെന്നും മതിയായ ചികിത്സ ടിയാൻ റെജിമോന് നൽകിയിട്ടുണ്ടെന്നുമുള്ള നിഗമനത്തിലാണ് വിദഗ്ധ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്.

(ബി) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ കാഷ്വൽറ്റി വിഭാഗത്തിൽ ആവശ്യത്തിന് ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. കൂടാതെ അടിയന്തര ചികിത്സ നൽകുന്നതിനുള്ള ഉപകരണങ്ങളും രോഗനിർണ്ണയ സംവിധാനവും ടി ആശുപത്രിയിൽ ലഭ്യമാണ്. അടിസ്ഥാന സൗകര്യങ്ങളുടേയും ഡോക്ടർമാരുടേയും രോഗ നിർണ്ണയ സംവിധാനങ്ങളുടേയും കുറവുകൊണ്ടല്ല രോഗി മരിക്കാനിടയായത് എന്നാണ് അന്വേഷണത്തിൽ നിന്നും വ്യക്തമായത്.

### ഭക്ഷ്യോല്പന്നങ്ങളിലെ കീടനാശിനികളുടെ സാന്നിധ്യം

124(2593) <u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> :
<u>ശ്രീ. പി. കെ. ബഷീർ</u> :
<u>ശ്രീ. സി. മോയിൻകുട്ടി</u> :
<u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യോല്പന്നങ്ങളിൽ കീടനാശിനികളുടെ അളവു നിർണ്ണയിക്കുന്നതിലെ അപാകതമൂലം മാരകവിഷമുള്ള കീടനാശികളുടെ സാന്നിധ്യം അവഗണിക്കപ്പെടുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഒരോ വിഭവത്തിനും നിഷ്കർഷിച്ചിട്ടുള്ള കീടനാശിനിക്ക പുറമേ ഭക്ഷ്യോല്പന്നങ്ങളിൽ അടങ്ങിയിട്ടുള്ള എല്ലാ കീടനാശിനികളുടെയും അളവു പരിശോധിച്ച് നടപടി സ്വീകരിക്കാനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുമോ;

(സി) ഇതിനായി ചട്ടങ്ങളിൽ ഉചിതമായ മാറ്റം വരുത്തുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി ഓരോ വിഭവത്തിനും നിഷ്കർഷിച്ചിട്ടുള്ള കീടനാശിനികളുടെ അളവ് സംബന്ധിച്ച് ഒരു കരട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതുപ്രകാരം തീരുമാനം കൈക്കൊണ്ട് ഭക്ഷ്യോല്പന്നങ്ങളിൽ അടങ്ങിയിട്ടുള്ള കീടനാശിനികളുടെ അളവ് പരിശോധിച്ച് നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതാണ്.

(സി) ഭക്ഷ്യസുരക്ഷാനിയമവുമായി ബന്ധപ്പെട്ട് കേന്ദ്ര ചട്ടങ്ങളാണ് നിലവിലുള്ളത്. ആവശ്യമെന്നുകാണുന്ന പക്ഷം ടി ചട്ടങ്ങളിൽ ഉചിതമായ മാറ്റങ്ങൾ വരുത്തേണ്ട കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

**108 ആംബുലൻസ്**

125 (2594) <u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> :
<u>ശ്രീ. ജി. സുധാകരൻ</u> :
<u>ശ്രീ. പുരുഷൻ കടലുണ്ടി</u> :
<u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിശീലനം സിദ്ധിച്ച പാരാമെഡിക്കൽ ജീവനക്കാർ അടങ്ങുന്ന 108 ആംബുലൻസ് സംവിധാനം എല്ലാ ജില്ലകളിലും ഏർപ്പെടുത്തുന്നതാണെന്ന 2012-13 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത സംവിധാനത്തിനായി വകയിരുത്തിയിരുന്ന 40 കോടി രൂപ ഉപയോഗിച്ച് എത്ര ആംബുലൻസുകൾ വാങ്ങിയെന്നും അവ ഏതൊക്കെ ജില്ലകളിൽ സർവ്വീസ് നടത്തുന്നുണ്ടെന്നും അറിയിക്കുമോ ; ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്നും കേന്ദ്ര സഹായം, എൻ.ആർ.എച്ച്.എം. ഫണ്ട് ഇവ ലഭ്യമായെങ്കിൽ എത്ര വീതം എന്നും അറിയിക്കുമോ ;

(സി) മുൻ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ നടത്തിപ്പോന്ന 47 ആംബുലൻസുകളുടെ സേവനം ഇപ്പോൾ വ്യാപകമായ പരാതിക്ക് ഇടനൽകിയിരിക്കുന്നതായ ആക്ഷേപത്തിനുള്ള കാരണം അറിയിക്കുമോ ; അവയിൽ എത്ര 108 ആംബുലൻസുകൾ ഇപ്പോൾ സേവനം നൽകുന്നുണ്ട് ;

(ഡി) സേവനദാതാക്കൾ നടത്തിയ തട്ടിപ്പുകളെ കുറിച്ച് അന്വേഷിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) 108 ആംബുലൻസ് സംവിധാനം കേരളത്തിലെ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുവാനായി 14-7-2014-ന് തീയതി ടെണ്ടർ വിളിക്കുകയും തത്ഫലമായി ജി.വി.കെ ഇ.എം.ആർ.ഐ. എന്ന കമ്പനി ഈ പദ്ധതി പ്രവർത്തിപ്പിക്കാനായി ഏറ്റവും കുറഞ്ഞ നിരക്ക് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിയുടെ മേൽനോട്ടത്തിനായി സർക്കാർ നിയമിച്ച അഡീഷണൽ ചീഫ് സെക്രട്ടറി (ഫിനാൻസ്), പ്ലാനിംഗ് സെക്രട്ടറി, ഹെൽത്ത് സെക്രട്ടറി തുടങ്ങിയവർ അടങ്ങിയ ഒരു കമ്മിറ്റി വാഹനങ്ങളുടെ പ്രതിമാസ പ്രവർത്തനങ്ങൾക്കായി ഒരു തുക നിശ്ചയിക്കുകയും പ്രസ്തുത തുകയിൽ വാഹനങ്ങൾ പ്രവർത്തിപ്പിക്കുവാൻ ജി.വി.കെ. ഇ.എം.ആർ.ഐ.-യോട് ആവശ്യപ്പെടുകയും ചെയ്തു. ഈ പദ്ധതി കേരളമൊട്ടാകെ പ്രവർത്തിപ്പിക്കുവാനായി കെൽട്രോൺ ഒരു പദ്ധതി തയ്യാറാക്കി നൽകുകയും മേൽ പറഞ്ഞ കമ്മിറ്റി അത് പരിശോധിച്ച് കെൽട്രോണിനോട് കമ്മിറ്റി നിശ്ചയിച്ച നിരക്ക് പ്രകാരം പ്രവർത്തിപ്പിക്കാൻ സാധിക്കുമോ എന്ന് ആരായുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത സംവിധാനത്തിനായി വകയിരുത്തിയിരുന്ന 40 കോടി രൂപ ഉപയോഗിച്ച് ഒരു ആംബുലൻസും വാങ്ങിയിട്ടില്ല. ഇതുവരെ ഈ തുകയിൽ നിന്നും ഒന്നും തന്നെ ചെലവഴിച്ചിട്ടില്ല.

(സി) തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ ജി.വി.കെ. ഇ.എം.ആർ.ഐ എന്ന കമ്പനിയാണ് 2015 ജൂലൈ 15 വരെ 108 ആംബുലൻസുകളുടെ ഓപ്പറേറ്റിംഗ് ഏജൻസിയായി പ്രവർത്തിച്ചുവന്നത്. എന്നാൽ അവർക്ക് പ്രസ്തുത പദ്ധതിയുമായി മുന്നോട്ട് പോകാൻ കഴിയില്ലെന്ന് വ്യക്തമാക്കിയതിനെ തുടർന്ന് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയുടെ സഹായത്തോടുകൂടി ഈ ജില്ലകളിൽ താത്കാലികാടിസ്ഥാനത്തിൽ പ്രവർത്തിച്ച ജീവനക്കാരെ ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയുടെ കീഴിലാക്കി പ്രവർത്തനം നടത്തിവരുന്നു. തിരുവനന്തപുരം ജില്ലയിൽ 19 വാഹനങ്ങളും ആലപ്പുഴ ജില്ലയിൽ 13 വാഹനങ്ങളും സർവ്വീസ് നടത്തിവരുന്നു. തിരുവനന്തപുരം ജില്ലയിലെ 6 ആംബുലൻസുകളും ആലപ്പുഴ

ജില്ലയിൽ 5 ആംബുലൻസും വിവിധ തരത്തിലുള്ള അറ്റകുറ്റപ്പണികൾക്കായി വർക്ക്ഷോപ്പിലാണ്. സർക്കാർ ഏറ്റെടുത്ത ഈ വാഹനങ്ങൾ അറ്റകുറ്റപ്പണികൾക്കായും സ്പെയർ പാർട്സ്, മരുന്നുകൾ, ഓക്സിജൻ, ടയർ മുതലായ പല ഘടകങ്ങൾക്കു വേണ്ടിയും ടെണ്ടർ വിളിക്കേണ്ടതായി വരികയും ഇതിന്റെ അറ്റകുറ്റ പണികൾ ഓതറൈസ്ഡ് ഡീലർ ആയ വഞ്ചിനാട് ഫോഴ്സ് എന്ന ഒരു വർക്ക് ഷോപ്പിൽ മാത്രമാണ് ചെയ്തുവരുന്നത്. ഇത്തരത്തിലുള്ള പ്രതിബന്ധങ്ങളാണ് ഈ സർവ്വീസിനെക്കുറിച്ചുള്ള പരാതികൾക്ക് ഇടനൽകിയിരിക്കുന്നത്.

(ഡി) ജി.വി.കെ. ഇ.എം.ആർ.ഐ. എന്ന കമ്പനി 16-10-2013 മുതൽ 15-7-2015 വരെ സർവ്വീസ് നടത്തിയതിൽ കരാറിനുവിരുദ്ധമായി പ്രവർത്തിച്ചതിനാൽ ഈ കാലയളവിലെ പ്രവർത്തന തുകയിൽ നിന്നും 1 കോടി 10 ലക്ഷം രൂപയോളം ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

**താൽക്കാലിക അറ്റൻഡന്റ് ഗ്രേഡ് -2**

126(2595) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ താൽക്കാലികമായി അറ്റന്റഡന്റ് ഗ്രേഡ്-2 തസ്തികയിൽ ഇപ്പോൾ എത്ര ജീവനക്കാരാണ് ജോലി ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ബഹു. ഹൈക്കോടതി പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്താണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിൽ വിവിധ ജില്ലകളിലായി 328 രണ്ടാം ഗ്രേഡ് ആശുപത്രി അറ്റൻഡന്റുമാർ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നു.

(ബി) താൽക്കാലികമായി രണ്ടാം ഗ്രേഡ് ആശുപത്രി അറ്റൻഡന്റ് തസ്തികയിൽ ജോലി ചെയ്തുവരുന്നവരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശങ്ങൾ ഒന്നും നൽകിയിട്ടില്ല.

(സി) ബാധകമല്ല.

## ലാബ് ടെക്നീഷ്യൻ ഗ്രേഡ് II

127(2596) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലാബ് ടെക്നീഷ്യൻ ഗ്രോഡ്II തസ്തികയിലേക്ക് 24-7-2015-ൽ പി.എസ്.സി. അഡ്വൈസ് ചെയ്ത 21 ഉദ്യോഗാർത്ഥികളിൽ 12 പേർക്ക് നാളിതുവരെയും നിയമനം നൽകാത്തത് എന്തുകൊണ്ടാണെന്നും, പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് എന്നത്തേക്ക് നിയമനം നൽകുമെന്നും വ്യക്തമാക്കുമോ?

### ഉത്തരം

24-7-2015- ന് തിരുവനന്തപുരം പി.എസ്.സി.-യിൽ നിന്നും നിയമന ശിപാർശ ചെയ്ത 21 ഉദ്യോഗാർത്ഥികൾക്കും തിരുവനന്തപുരം ആരോഗ്യ വകുപ്പ് ജില്ലാ മേധാവി നിയമന ഉത്തരവ് നൽകിയിരുന്നു. തിരുവനന്തപുരം ജില്ലയിൽ ലാബ് ടെക്നീഷ്യൻ തസ്തികയിൽ ഒഴിവ് ഇല്ലാത്തതിനാൽ സീനിയറായ 21 ലാബ് ടെക്നീഷ്യൻ ഗ്രേഡ്-1 ജീവനക്കാരുടെ ലിസ്റ്റ് തിരുവനന്തപുരം ആരോഗ്യ വകുപ്പ് ജില്ലാ മേധാവിയിൽ നിന്നും സ്വീകരിച്ച് ഒഴിവുള്ള മറ്റു ജില്ലയിലേക്ക് സ്ഥലംമാറ്റം നൽകിക്കൊണ്ടാണ് പി.എസ്.സി. അഡ്വൈസ് ചെയ്ത ഉദ്യോഗാർത്ഥികൾക്ക് നിയമനം ഉത്തരവ് നൽകിയത്. അങ്ങനെ സ്ഥലംമാറ്റം നൽകിയ ലാബ് ടെക്നീഷ്യൻ ഗ്രേഡ്-1 ജീവനക്കാരിൽ കുറച്ചുപേർ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിച്ച് വ്യവഹാരം ഫയൽ ചെയ്തതിൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ടി സ്ഥലമാറ്റ ഉത്തരവ് തടഞ്ഞു വച്ചതിനാലാണ് നിയമന ഉത്തരവ് ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് ജോലിയിൽ പ്രവേശിക്കാൻ കഴിയാതെ വന്നത്. പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്യാൻ വേണ്ട നടപടികൾ കൈക്കൊണ്ടുവരുന്നു.

## സ്വാശ്രയ കോളേജുകളും മെഡിക്കൽ കൗൺസിലിന്റെ അംഗീകാരവും

128(2597) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തിൽ മെഡിക്കൽ കൗൺസിൽ അംഗീകാരം നൽകാതിരുന്ന സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് അംഗീകാരത്തിനാവശ്യമായ സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങൾ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്;

(ബി) സ്വാശ്രയ മെഡിക്കൽ കോളേജിലെ അടിസ്ഥാന സൗകര്യ വികസനവും, പ്രത്യേകിച്ച് പഠന-പരിശീലന സൗകര്യങ്ങളും ഉറപ്പുവരുത്തുവാൻ സർക്കാർ ഇടപെടൽ നടത്തുമോ?

<u>ഉത്തരം</u>

(എ&ബി) സർക്കാരുമായി കരാറിലേർപ്പെടുകയും 50% സീറ്റുകളിൽ സർക്കാർ മെറിറ്റിൽ പ്രവേശനം നടത്താമെന്ന് സമ്മതിക്കുകയും ചെയ്യുന്ന സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തിൽ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ അംഗീകാരം നിഷേധിക്കുന്ന സാഹചര്യമുണ്ടെങ്കിൽ പ്രസ്തുത അംഗീകാരം നേടിയെടുക്കുന്നതിനുള്ള സഹായങ്ങൾ സർക്കാർ ചെയ്യാറുണ്ട്. ഇതിന്റെ ഭാഗമായി പ്രൈമറി ഹെൽത്ത് സെന്റർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ സൗകര്യങ്ങളില്ലാത്ത സ്വാശ്രയ കോളേജുകൾക്ക് സർക്കാർ ഹെൽത്ത് സെന്ററുകളിലെ ക്ലിനിക്കൽ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താനും അതുപോലെ സർക്കാർ ജനറൽ ഹോസ്പിറ്റലുകളിൽ പോസ്റ്റ്മാർട്ടം പഠിക്കാനും പരിശീലനം നേടാനുമുള്ള സൗകര്യങ്ങൾ ചെയ്തും പഠന പരിശീലന സൗകര്യങ്ങൾ ഉറപ്പുവരുത്താൻ സർക്കാർ ശ്രദ്ധിക്കുന്നുണ്ട്. സ്വാശ്രയ കോളേജുകൾ സ്വന്തം നിലയിൽ മേൽപ്പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതുവരെ മാത്രമായിരിക്കും ഇത്തരം സഹായം സർക്കാർ നൽകുക.

**സ്വകാര്യ-സർക്കാർ മെഡിക്കൽ കോളേജുകൾ**

129(2598) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ -സ്വകാര്യ മേഖലകളിൽ എത്ര മെഡിക്കൽ കോളേജുകൾ അനുവദിച്ചിട്ടുണ്ട് ; എത്ര മെഡിക്കൽ കോളേജുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്; ഇവയിൽ എം.ബി.ബി.എസിനു എത്ര മെറിറ്റ് സീറ്റുകൾ നീക്കിവച്ചിട്ടുണ്ട് ;

(ബി) പുതുതായി ആരംഭിച്ച സർക്കാർ മെഡിക്കൽ കോളേജുകളുടെ സുഗമമായ പ്രവർത്തനത്തിന് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ മാനദണ്ഡമനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ മേഖലയിൽ 5-ഉം സ്വകാര്യ മേഖലയിൽ 10-ഉം മെഡിക്കൽ കോളേജുകൾ അനുവദിച്ചിട്ടുണ്ട്. ഇവയിൽ പ്രവർത്തനമാരംഭിച്ചത് സർക്കാർ മേഖലയിൽ 3 എണ്ണവും സ്വാശ്രയ മേഖലയിൽ 4 എണ്ണവുമാണ്. ടി 7 കോളേജുകളിലായി എം.ബി.ബി.എസ്-ന് 525 മെറിറ്റ് സീറ്റുകൾ നീക്കി വച്ചിട്ടുണ്ട്.

(ബി) പുതുതായി ആരംഭിച്ച സർക്കാർ മെഡിക്കൽ കോളേജുകളിൽ ഓരോ വർഷവും ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് പ്രവർത്തിച്ചുവരുന്നു. എം.ബി.ബി.എസ്.-ന്റെ ആദ്യ ബാച്ച് അവസാന വർഷം എത്തുന്നതോടുകൂടി ആവശ്യമായ തസ്തിക സൃഷ്ടിക്കുന്ന പ്രക്രിയ പൂർണ്ണമാകുന്നതാണ്.

## ന്യൂനപക്ഷ പദവിയുള്ള സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. പ്രവേശനം

130(T2599) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ പദവിയുള്ള സ്വാശ്രയ മെഡിക്കൽ കോളേജുകൾ ഏതൊക്കെയാണ്; 2015-16 ൽ പ്രസ്തുത മെഡിക്കൽ കോളേജുകളിൽ ഓരോന്നിലും എം.ബി.ബി.എസ്. പ്രവേശനം ലഭിച്ചവരിൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ എത്ര വീതമാണ് ; ഇതര വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ എത്ര ;

(ബി) 2015-16-ൽ ന്യൂനപക്ഷ പദവിയിലുള്ള ഓരോ സ്വാശ്രയ മെഡിക്കൽ കോളേജിലും എം.ബി.ബി.എസ്. പ്രവേശനത്തിന് അപേക്ഷ നൽകിയവർ എത്ര വീതമാണ് ; അതിൽ ന്യൂനപക്ഷ വിഭാഗത്തിൽ നിന്നുള്ള അപേക്ഷകർ എത്ര; ഇതരവിഭാഗത്തിൽ നിന്നുണ്ടായിരുന്ന അപേക്ഷകർ എത്ര;

(സി) ന്യൂനപക്ഷപദവി നേടി നടത്തുന്ന സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ന്യൂനപക്ഷ വിഭാഗത്തിൽ നിന്നുള്ളവരുടെ അപേക്ഷ ഉണ്ടായിരുന്നിട്ടും, അവർക്ക് പരിഗണന നൽകാതെ ഇതര വിഭാഗത്തിൽ നിന്ന് പണം വാങ്ങിക്കൊണ്ട് വിദ്യാർത്ഥി പ്രവേശനം നൽകിയതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ ന്യൂനപക്ഷ പദവിയുള്ള സ്വാശ്രയ മെഡിക്കൽ കോളേജുകൾ താഴെ പറയുന്നവയാണ്:

1. എം.ഇ.എസ്. മെഡിക്കൽ കോളേജ്, പെരിന്തൽമണ്ണ, മലപ്പുറം.
2. ട്രാവൻകൂർ മെഡിക്കൽ കോളേജ്, കൊല്ലം
3. അസീസിയ മെഡിക്കൽ കോളേജ്, കൊല്ലം
4. കെ.എം.സി.റ്റി. മെഡിക്കൽ കോളേജ്, കോഴിക്കോട്
5. കണ്ണൂർ മെഡിക്കൽ കോളേജ്, കണ്ണൂർ

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

6. കരുണ മെഡിക്കൽ കോളേജ്, പാലക്കാട്
7. ഡോ. സോമർവെൽ മെമ്മോറിയൽ സി.എസ്.ഐ. മെഡിക്കൽ കോളേജ്, കാരക്കോണം
8. അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, തൃശ്ശൂർ
9. മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ കോളേജ്, എറണാകുളം
10. പുഷ്പഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & റിസർച്ച് സെന്റർ, തിരുവല്ല
11. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ
12. മൗണ്ട് സിയോൺ മെഡിക്കൽ കോളേജ്, അടൂർ, പത്തനംതിട്ട.

മേൽപ്പറഞ്ഞവയിൽ സർക്കാരുമായി കരാറിൽ ഏർപ്പെട്ട 5 കോളേജുകളിൽ പ്രവേശനം ലഭിച്ച ന്യൂനപക്ഷ/ഇതര വിഭാഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(ബി) 2015-16 അദ്ധ്യയന വർഷം മെഡിക്കൽ പ്രവേശന പരീക്ഷ എഴുതുന്നതിന് അപേക്ഷ നൽകിയത് 115201 പേരാണ്. അപേക്ഷ നൽകുന്നത് ഓരോ കോളേജിലേക്കും പ്രത്യേകമായിട്ടല്ല. സർക്കാരുമായി കരാറിലേർപ്പെട്ട ന്യൂനപക്ഷ പദവിയുള്ള 5 കോളേജുകളിലേക്ക് ന്യൂനപക്ഷ വിഭാഗത്തിൽ നിന്നും അപേക്ഷിച്ചവരുടെ എണ്ണം അനുബന്ധം ആയി ചേർത്തിട്ടുണ്ട്.

(സി) ന്യൂനപക്ഷ പദവിയുള്ള സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പ്രോസ്പെക്ടസിലെയും പ്രസ്തുത കോളേജുകൾ സംസ്ഥാന സർക്കാരുമായി ഏർപ്പെട്ട കരാറിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലേയും വ്യവസ്ഥകൾക്ക് വിധേയമായാണ് മെറിറ്റും സംവരണ തത്വങ്ങളും പാലിച്ചുകൊണ്ട് സർക്കാരിന് ലഭ്യമായ സീറ്റുകളിലേക്ക് അലോട്ടുമെന്റ് നടത്തുന്നത്. ദേശീയ ന്യൂനപക്ഷ പദവിയുടെ പിൻബലത്തിൽ സർക്കാരുമായി കരാറിലേർപ്പെടാതെ 6 സ്വാശ്രയ കോളേജുകൾ മുഴുവൻ എം.ബി.ബി.എസ്. സീറ്റുകളിലേക്കും സ്വന്തം നിലയിൽ പ്രവേശനം നടത്തിയിട്ടുണ്ട്. ടി കോളേജുകളിൽ സുതാര്യമായ അഡ്മിഷൻ പൂർത്തിയാക്കുന്നതിനായി അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി മുഖേന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**സർക്കാർ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം**

131 (2600) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ബി. സത്യൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം സർക്കാർ മേഖലയിൽ ഏതൊക്കെ മെഡിക്കൽ കോളേജുകൾ ആരംഭിച്ചെന്നും അവയ്ക്കായി എന്തൊക്കെ പശ്ചാത്തല സൗകര്യങ്ങൾ പുതുതായി ഒരുക്കിയെന്നും അതിന് ചെലവഴിച്ച തുകയെത്രയെന്നും വിശദമാക്കാമോ;

(ബി) നിലവിലുണ്ടായിരുന്ന മെഡിക്കൽ കോളേജുകളിലും പുതിയവയിലും ശരാശരി ഓരോ വർഷവും എത്ര രോഗികൾ ചികിത്സ തേടുന്നുണ്ടെന്ന് അറിയിക്കുമോ;

(സി) ക്ലിനിക്കൽ, നോൺ ക്ലിനിക്കൽ വിഭാഗത്തിൽപ്പെട്ട ഡോക്ടർമാരുടെ സ്റ്റാഫ് പാറ്റേണും പാരാ മെഡിക്കൽ സ്റ്റാഫ് പാറ്റേണും അറിയിക്കുമോ; രോഗികളുടെ എണ്ണത്തിനനുസരിച്ച് കാലാകാലങ്ങളിൽ സ്റ്റാഫ് പാറ്റേണിൽ മാറ്റം വരുത്തുന്നുണ്ടോ;

(ഡി) നിലവിലുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ഓരോ മെഡിക്കൽ കോളേജിലും വേണ്ട ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും എണ്ണവും നിലവിലെ സ്ഥിതിയും അറിയിക്കുമോ; ചികിത്സ തേടുന്നവരുടെ എണ്ണത്തിനനുസരിച്ച് എത്ര ഡോക്ടർമാരും പാരാമെഡിക്കൽ ജീവനക്കാരുമാണ് വേണ്ടതെന്ന് അറിയിക്കുമോ;

(ഇ) രോഗികളുടെ എണ്ണത്തിനനുസൃതമായി ഡോക്ടർമാരില്ലാത്ത നിലവിലുള്ള മെഡിക്കൽ കോളേജുകളിൽ നിന്നും പുതിയ മെഡിക്കൽ കോളേജുകളിലേക്ക് ഡോക്ടർമാരെ കൂട്ടത്തോടെ സ്ഥലം മാറ്റിക്കൊണ്ടിരിക്കുന്നതുമൂലം രോഗികൾ നട്ടം തിരിയുന്ന അവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മഞ്ചേരി, ഇടുക്കി, കോന്നി, കാസർഗോഡ്, വയനാട്, തിരുവനന്തപുരം, ആലപ്പുഴ (ഹരിപ്പാട്) എന്നിവിടങ്ങളിൽ പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇവയിൽ മഞ്ചേരിയിലും ഇടുക്കിയിലും മെഡിക്കൽ കോളേജുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കോന്നിയിലും തിരുവനന്തപുരത്തുമുള്ള മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തീകരിച്ചുവരുന്നു. കാസർഗോഡും ആലപ്പുഴയിലും (ഹരിപ്പാട്) പുതിയ മെഡിക്കൽ കോളേജുകൾക്കുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. വയനാട് മെഡിക്കൽ കോളേജ് തുടങ്ങുന്നതിനായി 50 ഏക്കർ സ്ഥലം ചന്ദ്രപ്രഭ ട്രസ്റ്റിൽനിന്നും സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ടി കോളേജുകൾക്ക് അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(ബി) നിലവിലുണ്ടായിരുന്ന മെഡിക്കൽ കോളേജുകളിൽ ശരാശരി 1392851 പേർ ഒ.പി. വിഭാഗത്തിലും 139490 പേർ ഐ.പി. വിഭാഗത്തിലും ചികിത്സ തേടിയെത്തുന്നുണ്ട്. പുതിയ മെഡിക്കൽ കോളേജുകളിൽ ഒ.പി. വിഭാഗത്തിൽ 80185 പേരും ഐ.പി. വിഭാഗത്തിൽ 4665 പേരും ചികിത്സ തേടിയെത്തുന്നുണ്ട്.

(സി) സർക്കാർ മെഡിക്കൽ കോളേജുകളിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം അഡ്മിഷൻ നടത്തുന്ന സീറ്റുകൾക്കനുസൃതമായാണ് സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിട്ടുള്ളത്. 50 എം.ബി.ബി.എസ്. സീറ്റുകൾക്കാവശ്യമായ സ്റ്റാഫിന്റെ വിശദാംശം അനുബന്ധം ആയി ചേർത്തിട്ടുണ്ട്.* രോഗികളുടെ എണ്ണത്തിനനുസരിച്ച് സർക്കാർ മെഡിക്കൽ കോളേജുകളിൽ സ്റ്റാഫ് പാറ്റേണിന് മാറ്റം വരുത്തുന്നില്ല.

(ഡി) നിലവിലുള്ള സർക്കാർ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപക തസ്തികകളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്.* പാരാമെഡിക്കൽ ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു:

| അനുവദിച്ചിട്ടുള്ള തസ്തികകൾ | നിലവിലുള്ളത് | ഒഴിവുള്ളത് |
|---|---|---|
| 1246 | 1177 | 69 |

ചികിത്സ തേടുന്നവരുടെ എണ്ണത്തിനാനുപാതികമായി വേണ്ട ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും എണ്ണം കണക്കാക്കിയിട്ടില്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**സർക്കാരുമായി കരാറിൽ ഏർപ്പെട്ട സ്വാശ്രയ കോളേജുകൾ**

132(2601) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16-ൽ എം.ബി.ബി.എസ്. പ്രവേശനത്തിന് സർക്കാരുമായി കരാറിൽ ഏർപ്പെട്ടതും അല്ലാത്തതുമായ എത്ര സ്വാശ്രയ കോളേജുകൾ ഉണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ഒപ്പിട്ട എല്ലാ സ്വാശ്രയ കോളേജുകളുടേയും കരാർ വ്യവസ്ഥ ഒരേ നിലയിലുള്ളതാണോ ; വ്യത്യാസം ഉണ്ടെങ്കിൽ ആയത് വിശദമാക്കുമോ ;

(സി) ന്യൂനപക്ഷങ്ങളുടെ പേരിൽ പദവി നേടിയ ന്യൂനപക്ഷ കോളേജുകളിൽ പ്രവേശനം ന്യൂനപക്ഷങ്ങൾക്ക് മാത്രമല്ലാതിരിക്കുകയും കൂടുതൽ പണം കോഴ നൽകുന്നവർക്ക് പ്രവേശനം ലഭിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം ഉണ്ടായിരിക്കെ കരാർ വ്യവസ്ഥകളിൽ ന്യൂനപക്ഷ മാനേജ്മെന്റുകൾക്ക് പ്രത്യേക വ്യവസ്ഥകൾ ഏർപ്പെടുത്തുന്നത് ശരിയാണെന്ന് കരുതുന്നുണ്ടോ ; വിശദമാക്കുമോ ;

(ഡി) എല്ലാ സ്വാശ്രയ കോളേജുകളിലും ഒരേ ഫീസ് ഘടനയുടെ 50% മെരിറ്റ് സീറ്റും ഉറപ്പാക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 30 മെഡിക്കൽ കോളേജുകളാണുള്ളത്. അതിൽ ഒരെണ്ണം ഡീംഡ് യൂണിവേഴ്സിറ്റി പദവിയിലും ഒരെണ്ണം സഹകരണ മേഖലയിലും 9 എണ്ണം സർക്കാർ മേഖലയിലും ബാക്കി 19 എണ്ണം സ്വാശ്രയ മേഖലയിലുമാണ് പ്രവർത്തിക്കുന്നത്. 2015-16 അദ്ധ്യയന വർഷം എം.ബി.ബി.എസ്. പ്രവേശനത്തിന് സർക്കാരുമായി കരാറിൽ ഏർപ്പെട്ടത് 14 സ്വാശ്രയ കോളേജുകളാണ്. കരാറിലേർപ്പെടാത്ത 6 കോളേജുകൾ താഴെ പറയുന്നവയാണ്:

1. എം.ഇ.എസ്. മെഡിക്കൽ കോളേജ്, പെരിന്തൽമണ്ണ, മലപ്പുറം
2. ട്രാവൻകൂർ മെഡിക്കൽ കോളേജ്, കൊല്ലം
3. അസീസിയ മെഡിക്കൽ കോളേജ്, കൊല്ലം
4. കെ.എം.സി.റ്റി. മെഡിക്കൽ കോളേജ്, കോഴിക്കോട്
5. കണ്ണൂർ മെഡിക്കൽ കോളേജ്, കണ്ണൂർ
6. കരുണ മെഡിക്കൽ കോളേജ്, പാലക്കാട്

(ബി) ക്രിസ്ത്യൻ മാനേജ്മെന്റുകളുമായി ഏർപ്പെട്ട കരാറിൽ ഫീസ് ഘടനയിൽ വ്യത്യാസമുണ്ട്. മറ്റ് വ്യവസ്ഥകളെല്ലാം ഒരുപോലെയാണ്.

(സി) നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം സ്കോളർഷിപ്പിലൂടെ നൽകുമെന്ന ഉറപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് മറ്റ് സ്വാശ്രയ കോളേജുകളിൽനിന്നും വിഭിന്നമായി ന്യൂനപക്ഷ പദവിയുള്ള ക്രിസ്ത്യൻ മാനേജ്മെന്റുകൾക്ക് ഏകീകൃത ഫീസ് വ്യവസ്ഥ അനുവദിച്ചിട്ടുള്ളത്.

(ഡി) കാലാകാലങ്ങളിൽ ഉണ്ടായിട്ടുള്ള കോടതി വിധികളുടെയും സ്വാശ്രയ മാനേജ്മെന്റുകളുമായുള്ള ചർച്ചകളുടെയും അടിസ്ഥാനത്തിലാണ് ഫീസ് ഘടന നിശ്ചയിക്കപ്പെടുന്നത്. സാമൂഹിക പ്രതിബദ്ധത മുൻനിർത്തിയാണ് സർക്കാർ ഇത്തരം ചർച്ചകൾക്ക് നേതൃത്വം നൽകുന്നതും ഫീസ് ഘടന നിശ്ചയിക്കുന്നതും. ആകയാൽ എല്ലാ സ്വാശ്രയ മെഡിക്കൽ കോളേജുകളിലും 50% സീറ്റ് സർക്കാർ മെരിറ്റ് ലിസ്റ്റിൽനിന്നും അഡ്മിഷൻ പൂർത്തിയാക്കുന്നതിനായാണ് സർക്കാർ ശ്രമിച്ചുവരുന്നത്.

**ബി.ഫാം (ആയുർവേദ) യോഗ്യത**

133(2602) <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.ഫാം. (ആയുർവേദ) യോഗ്യത നേടിയവരെ ഏതെല്ലാം തസ്തികകളിലാണ് നിയമിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോഴ്സ് പി.എസ്.സി. അംഗീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത കോഴ്സ് പൂർത്തീകരിച്ചവരെ സർക്കാർ ആശുപത്രികളിലും ഡിസ്പെൻസറികളിലും ഉണ്ടാകുന്ന സ്ഥിര, താൽക്കാലിക ഒഴിവുകളിൽ നിയമിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഡി) തടസ്സങ്ങളുണ്ടെങ്കിൽ ആയവ പരിഹരിച്ച് താൽക്കാലിക ഒഴിവുകളിൽ പ്രസ്തുത വിഭാഗക്കാരെ നിയമിക്കുന്നതിന് ആയുർവേദ ഡയറക്ടർക്ക് നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ഭാരതീയ ചികിത്സാ വകുപ്പ് എന്നിവിടങ്ങളിലെ ആയുർവേദ ഫാർമസിസ്റ്റ് തസ്തികയുടെ യോഗ്യതയായി ബി.ഫാം (ആയുർവേദ) കോഴ്സ് അംഗീകരിക്കുവാൻ സർക്കാർ ഉത്തരവ് (ആർറ്റി.) നമ്പർ/1428/2013/ആ.കു.വ. തീയതി 23-4-2013 പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് നിർദ്ദേശം നൽകിയിരുന്നു.

(ബി) ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ/ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്/ആയുർവേദ കോളേജ് എന്നിവിടങ്ങളിലെ ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികയിലേക്ക് നിഷ്കർഷിച്ചിട്ടുള്ള ഒരു യോഗ്യതയായ "ഗവൺമെന്റ് അംഗീകൃത ആയുർവേദ ഫാർമസിസ്റ്റ് കോഴ്സ് സർട്ടിഫിക്കറ്റ്/ഡിപ്ലോമ" എന്നതിന്റെ അതേ ഫാക്കൽറ്റിയിലുള്ള ഉയർന്ന യോഗ്യതയെന്ന നിലയിൽ B.Pharm (ആയുർവേദം) യോഗ്യത പി.എസ്.സി. സ്വീകരിക്കുന്നുണ്ട്.

(സി) പ്രസ്തുത കോഴ്സ് പൂർത്തീകരിച്ചവരെ സർക്കാർ ആശുപത്രികളിലും ഡിസ്പെൻസറികളിലും ഉണ്ടാകുന്ന ഫാർമസിസ്റ്റ് തസ്തികകളിലെ സ്ഥിര, താൽക്കാലിക ഒഴിവുകളിൽ നിയമിക്കുന്നതിന് സർക്കാരിന്റെ 23-4-2013-ലെ ജി.ഒ.(ആർറ്റി.)1428/2013/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം അനുവാദം നൽകിയിട്ടുണ്ടെങ്കിലും ഭാരതീയ ചികിത്സാ വകുപ്പിലെ സ്പെഷ്യൽ റൂളിൽ ബി.ഫാം (ആയുർവേദ) ഡിഗ്രി കോഴ്സ് ഉൾപ്പെടുത്താത്തത് തടസ്സമായി നിലനിൽക്കുന്നുണ്ട്.

(ഡി) ഈ വിഭാഗങ്ങളിൽ ഉണ്ടാകുന്ന താൽക്കാലിക ഒഴിവുകളിൽ ബി.ഫാം (ആയുർവേദ)കാരെ പരിഗണിക്കാൻ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്കും ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കരട് സ്പെഷ്യൽ റൂളിൽ ആയുർവേദ ഫാർമസിസ്റ്റ് നിയമനത്തിനുള്ള യോഗ്യതയായി ബി.ഫാം (ആയുർവേദ) ഉൾപ്പെടുത്തിയിട്ടുണ്ട്.

**വിവിധ ചികിത്സാ സമ്പ്രദായങ്ങളുടെ സംയോജനം**

134(2603) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ രംഗത്ത് അലോപ്പതി ഒഴികെയുള്ള വിവിധ ചികിത്സാ സമ്പ്രദായങ്ങളുടെ സംയോജനത്തിനും വളർച്ചയ്ക്കുമായി എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആരോഗ്യ രംഗത്ത് അലോപ്പതി ഒഴികെയുള്ള വിവിധ ചികിത്സാ സമ്പ്രദായങ്ങളുടെ സംയോജനത്തിനും വളർച്ചയ്ക്കുമായി 12-ാം പഞ്ചവൽസര പദ്ധതി പ്രകാരം ഹോമിയോപ്പതി, ആയുർവേദ, യോഗ, നാച്ചുറോപ്പതി ചികിത്സാ സമ്പ്രദായങ്ങളെ സമന്വയിപ്പിച്ചുകൊണ്ട് തിരുവനന്തപുരം, കോഴിക്കോട് ജില്ലാ ഹോമിയോ ആശുപത്രികളിൽ ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ ആദ്യമായി ആരംഭിച്ചു. 2013-14-ൽ എറണാകുളം, കണ്ണൂർ ജില്ലാ ഹോമിയോ ആശുപത്രികളിലും 2015-16-ൽ കൊല്ലത്തും മലപ്പുറത്തുംകൂടി പുതുതായി ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ ആരംഭിച്ചു. നാഷണൽ ആയുഷ് മിഷൻ 2015-16 സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് ആന്വൽ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 4 ആയുഷ് കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള പ്രൊപ്പോസലും 8 ജില്ലകളിൽ ആയുഷ് ഗ്രാമം പദ്ധതി നടപ്പാക്കുന്നതിനും കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ആയുഷ് ചികിത്സാ സമ്പ്രദായത്തിലൂടെ സംസ്ഥാനത്ത് രണ്ട് ബ്ലോക്കുകൾ ചേരുന്ന 21 യൂണിറ്റുകളിലൂടെ സ്കൂൾ കുട്ടികളിൽ ആയുഷ് ചികിത്സാ സമ്പ്രദായങ്ങളുടെ പ്രവർത്തിയെക്കുറിച്ച് ബോധവൽക്കരിക്കാനുള്ള പരിപാടിയും നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) ഹോമിയോപ്പതി ചികിത്സയോടൊപ്പം പ്രകൃതി ജീവനവും ഭാരതീയ ചികിത്സാ സമ്പ്രദായങ്ങളായ ആയുർവേദവും യോഗയും സമന്വയിപ്പിച്ചുകൊണ്ട് സമൂഹത്തിൽ അധികരിച്ചുവരുന്ന ക്യാൻസർ, ഹൃദ്രോഗം, പ്രമേഹം, രക്തസമ്മർദ്ദം, ഗർഭാശയ രോഗങ്ങൾ, അന്തസ്രാവഗ്രന്ഥി രോഗങ്ങൾ തുടങ്ങിയ ജീവിതശൈലീ രോഗങ്ങളുടെ ചികിത്സയും പ്രതിരോധ ചികിത്സയുമാണ് ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ എന്ന സമന്വയ സമഗ്ര ചികിത്സാ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. ഹോമിയോപ്പതി, ആയുർവേദം, യോഗ, പ്രകൃതി ജീവന സമ്പ്രദായങ്ങളിലെ ഗുണാംശങ്ങളെ സമന്വയിപ്പിച്ചും സ്വാംശീകരിച്ചും കൊണ്ടുമുള്ള ഒരു സമഗ്ര ചികിത്സാ പദ്ധതിയാണിത്. ഇതിനായി ഹോമിയോപ്പതി, ആയുർവേദം, നാച്ചുറോപ്പതി ഡോക്ടർമാരുടെയും യോഗപരിശീലകന്റെയും സംയുക്ത സേവനം ഈ പദ്ധതിക്കായി സമഞ്ജസമായി ഉപയോഗപ്പെടുത്തുന്നു. ആയുഷ് ചികിത്സാ സമ്പ്രദായങ്ങളുടെ സേവനം ഒരു കുടക്കീഴിൽ ലഭ്യമാക്കാനും പാർശ്വഫല രഹിതമായ ചികിത്സാ സമ്പ്രദായങ്ങളെക്കുറിച്ച് പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതുമാണ് പ്രസ്തുത പദ്ധതികളിലൂടെ ലക്ഷ്യമിടുന്നത്.

(സി) ഈ പദ്ധതിയുടെ സേവനം നിലവിൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ലഭ്യമാണ്. 2016-17 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയിൽ പുതുതായി ആയുഷ് ഹോളിസ്റ്റിക് കേന്ദ്രം തുടങ്ങുന്നതിനും നിലവിലുള്ള ആറ് ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കും ഹോമിയോ ഡോക്ടർ, നാച്ചുറോപ്പതി ഡോക്ടർ, യോഗപരിശീലകൻ എന്നിവരുടെ സേവനം ലഭ്യമാക്കുന്നതിനുമുള്ള കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

## തളിക്കുളം ആയുർവേദ ഹോസ്പിറ്റൽ ബിൽഡിംഗ്

135(2604) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക മണ്ഡലത്തിലെ തളിക്കുളം ആയുർവ്വേദ ഹോസ്പിറ്റലിന്റെ കെട്ടിട നിർമ്മാണത്തിന് അനുവദിച്ച ആസ്തി വികസന ഫണ്ടിന്റെ ഭരണാനുമതി സംബന്ധിച്ച പുരോഗതി വ്യക്തമാക്കുമോ

(ബി) പ്രസ്തുത വിഷയത്തിൽ ആയുർവേദ ഡയറക്ടറേറ്റിൽ നിന്ന് എന്തെങ്കിലും വിശദീകരണം ആവശ്യമുണ്ടോ; എങ്കിൽ ആയത് ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരണം നൽകുമോ;

(സി) പ്രസ്തുത നിർമ്മാണത്തിന് എപ്പോൾ ഭരണാനുമതി ലഭ്യമാകുമെന്ന് അറിയിക്കുമോ ; ഭരണാനുമതി ലഭ്യമാക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) നാട്ടിക മണ്ഡലത്തിലെ തളിക്കുളം ആയുർവേദ ഡിസ്പെൻസറിക്ക് ബഹു. എം.എൽ.എ. ശ്രീമതി ഗീതാ ഗോപിയുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് ടി ഡിസ്പെൻസറി കെട്ടിടത്തിന്റെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(സി) കെട്ടിടത്തിന്റെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## ആയുർവേദ ഫാർമസിസ്റ്റ് നിയമനം

136(2605) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആയുർവേദ ഡിസ്പെൻസറികളിലെ ഫാർമസിസ്റ്റ് നിയമനം സംബന്ധിച്ച സ്പെഷ്യൽ റൂൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസക്ത ഭാഗത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ബി.ഫാം (ആയുർവേദ) കോഴ്സ് പൂർത്തിയാക്കിവരെ പ്രസ്തുത തസ്തികയിലേക്ക് പരിഗണിച്ചു വരുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികയിലെ താൽക്കാലിക നിയമനത്തിന് ബി.ഫാം (ആയുർവ്വേദ) കോഴ്സ് കഴിഞ്ഞവരെ പരിഗണിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ ഉത്തരവ് (പി) നമ്പർ 575/2008/ആ.കു.വ. തീയതി 19-11-2008 പ്രകാരം സർക്കാർ ആയുർവേദ ഡിസ്പെൻസറികളിലെ ഫാർമസിസ്റ്റ് നിയമനം സംബന്ധിച്ച് സ്പെഷ്യൽ റൂൾ നിലവിലുണ്ട്. സ്പെഷ്യൽ റൂളിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

(ബി) ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ഭാരതീയ ചികിത്സാ വകുപ്പ് എന്നിവിടങ്ങളിലെ ആയുർവേദ ഫാർമസിസ്റ്റ് തസ്തികയുടെ യോഗ്യതയായി ബി.ഫാം (ആയുർവേദ) കോഴ്സ് അംഗീകരിക്കുവാൻ സർക്കാർ ഉത്തരവ് (ആർറ്റി.) നമ്പർ 1428/2013/ആ.കു.വ. തീയതി 23-4-2013 പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് നിർദ്ദേശം നൽകിയിരുന്നു.

(സി) ബി.ഫാം (ആയുർവേദ) ബിരുദധാരികളെ ആയുർവേദ ഫാർമസിസ്റ്റ് തസ്തികയിലെ താൽക്കാലിക നിയമനങ്ങൾക്ക് പരിഗണിക്കാൻ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർക്കും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**സ്കൂളുകളിൽ ഹെർബൽ ഗാർഡൻ**

137(2606) <u>ശ്രീ. വി. റ്റി. ബൽറാം</u> :
<u>ശ്രീ. പി. എ. മാധവൻ</u> :
<u>ശ്രീ. പി. സി വിഷ്ണുനാഥ്</u> :
<u>ശ്രീ. ആർ. സെൽവരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ഹെർബൽ ഗാർഡൻ ആരംഭിക്കുന്നതിന് ആയുഷ് വകുപ്പ് എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) സ്കൂളുകളിൽ ഔഷധ സസ്യ ഉദ്യാനം നിർമ്മിക്കുന്നതിന് സംസ്ഥാന ആയുഷ് വകുപ്പിന്റെ അധീനതയിലുള്ള സംസ്ഥാന ഔഷധസസ്യ ബോർഡിന്റെ കർമ്മ പദ്ധതിയായ 'സ്കൂളിൽ ഒരു ഔഷധ സസ്യ ഉദ്യാനം' എന്ന പദ്ധതിയോടനുബന്ധിച്ച് സ്കൂളുകൾക്കാവശ്യമായ തൈകൾ സൗജന്യമായി നൽകുന്നു. കൂടാതെ, ഔഷധ സസ്യത്തിന്റെ പേരും ശാസ്ത്രനാമവും ഒരു പ്രധാന ഉപയോഗവും രേഖപ്പെടുത്തിയ ബോർഡുകളും വിതരണം ചെയ്യുന്നു. ഇതോടൊപ്പം മെയിന്റനൻസിനായി നിശ്ചിത തുക അനുവദിച്ച് നൽകുന്നു. ഓരോ ജില്ലകളിലും സർക്കാർ/അർദ്ധ സർക്കാർ/അംഗീകൃത സന്നദ്ധ സംഘടനകൾ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്.

(ബി) ഔഷധ സസ്യ സമ്പത്തിന്റെ സംരക്ഷണം, കൃഷി, ശാസ്ത്രീയ ഉപയോഗം എന്നിവയെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുക, സ്കൂളുകളുടെ പരിസരത്ത് ഹരിതസമ്പത്ത് വർദ്ധിപ്പിച്ച് പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തുക, ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് പ്രചോദനവും അവസരവും കുട്ടികൾക്ക് നൽകുക, തദ്ദേശീയവും വംശനാശഭീഷണി നേരിടുന്നതുമായ ഔഷധ സസ്യങ്ങളെ സംരക്ഷിക്കുക, ഔഷധ സസ്യങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും ചികിത്സാ സമ്പ്രദായത്തിൽ അവയ്ക്കുള്ള സ്ഥാനത്തെക്കുറിച്ചും അവബോധം വളർത്തുക എന്നിവയാണ് ലക്ഷ്യങ്ങൾ.

(സി) ദേശീയ ഔഷധ സസ്യ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെയും അതാത് വർഷങ്ങളിൽ സംസ്ഥാന സർക്കാർ അനുവദിക്കുന്ന പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തിയുമാണ് സംസ്ഥാന ഔഷധ സസ്യ ബോർഡ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. ഇതുവരെ ഏകദേശം 1150 സ്കൂളുകളിൽ ഔഷധ സസ്യ ഉദ്യാനങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. കൂടാതെ 200 സ്കൂളുകളിൽകൂടി ഈ പദ്ധതി സമീപഭാവിയിൽത്തന്നെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു.

**കുക്ക് ഗ്രേഡ്-2 തസ്തികയിലെ നിയമനം**

138(2607) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതീയ ചികിത്സാ വകുപ്പിൽ മലപ്പുറം ജില്ലയിൽ ഒഴിവുള്ള കുക്ക് ഗ്രേഡ്-2 തസ്തികയിൽ സ്ഥിരം നിയമനത്തിന് പരിഗണിക്കുന്നതിനായി എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ നിന്നും ശിപാർശ ചെയ്തിട്ടുള്ളവരുടെ കൂടിക്കാഴ്ച 22-7-2015-ൽ നടത്തുകയുണ്ടായോ ;

(ബി) എങ്കിൽ എവിടെ വച്ചാണ് ഇൻറർവ്യൂ നടന്നതെന്നും എത്രപേർ പങ്കെടുത്തുവെന്നും പേരു സഹിതം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ഒഴിവിലേക്ക് മറ്റേതെങ്കിലും ദിവസം കൂടിക്കാഴ്ചകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ആകെയുള്ള ഒഴിവുകൾ എത്രയെന്നും ഇതിനായി കൂടിക്കാഴ്ചയിൽ എത്ര പേർ പങ്കെടുത്തുവെന്നും എത്ര പേരെ നിശ്ചയിച്ചുവെന്നും വെളിപ്പെടുത്തുമോ ;

(ഇ) നിയമനം നടത്തുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ ഏതെല്ലാമാണെന്നും, റിസർവേഷൻ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ ;

(എഫ്) കൂടിക്കാഴ്ചയ്ക്കായി അംഗപരിമിതരായ എത്രപേരെ ക്ഷണിച്ചിരുന്നുവെന്നും അതിൽ എത്രപേർ കൂടിക്കാഴ്ചയിൽ പങ്കെടുത്തുവെന്നും ആർക്കെല്ലാമാണ് നിയമനം നൽകിയതെന്നും വ്യക്തമാക്കുമോ ;

(ജി) പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട് എം. കുമാരൻ മാണിക്കോത്ത് മുഖ്യമന്ത്രിക്ക് നൽകിയ 32844/15/സി.എം. നമ്പർ പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 22-7-2015-ൽ കൂടിക്കാഴ്ച നടത്തുകയുണ്ടായി.

(ബി) ജില്ലാ മെഡിക്കൽ ഓഫീസ് (ഐ.എസ്.എ.) മലപ്പുറത്തുവച്ചാണ് ഇന്റർവ്യൂ നടന്നത്. അതിൽ 21 പേർ പങ്കെടുത്തു. പങ്കെടുത്തവരുടെ പേര് വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കൂടിക്കാഴ്ച നടത്തിയിട്ടില്ല.

(ഡി) ഒഴിവുകൾ-1. 21 പേർ പങ്കെടുത്തു. ഒരാളിനെ നിയമിച്ചിട്ടുണ്ട്.

(ഇ) എംപ്ലോയ്മെന്റ് സീനിയോറിറ്റി, വയസ്, വിദ്യാഭ്യാസ യോഗ്യത, ഈ വകുപ്പിലെ മുൻപരിചയം, സ്പെഷ്യൽ വിഭാഗം (വിധവ, അംഗവൈകല്യമുള്ളവർ) ഇന്റർവ്യൂ, മാർക്ക് എന്നീ മാനദണ്ഡങ്ങൾ ഉപയോഗിച്ചാണ് നിയമനം നടത്തിയിട്ടുള്ളത്. റിസർവേഷൻ മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള ലിസ്റ്റാണ് മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസിൽ ലഭിച്ചിട്ടുള്ളത്.

(എഫ്) അംഗപരിമിതരായ 7 പേരെ അഭിമുഖത്തിന് ക്ഷണിച്ചിരുന്നു. ആയതിൽ 6 പേർ പങ്കെടുത്തു. ആർക്കും നിയമനം നൽകിയിട്ടില്ല.

(ജി) ശ്രീ. എം. കുമാരൻ മാണിക്കോത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നൽകിയ പരാതി 30-11-2015-ൽ ലഭിച്ചിട്ടുള്ളതും ടി പരാതിയിന്മേൽ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ടിയാന് മറുപടി നൽകിയിട്ടുള്ളതുമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഫാർമസിസ്റ്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ്**

139(2608) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ഫാർമസിസ്റ്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ EE/482156/2010/DHS dated 10-12-2014 ഉത്തരവ് പ്രകാരമുള്ള ലിസ്റ്റിൽ അപാകതയുണ്ടെന്ന് കാണിച്ച് കൊല്ലം ജില്ലയിൽ നിന്നും പ്രസ്തുത വിഭാഗം ജീവനക്കാരുടെ പരാതി ലഭിച്ചിരുന്നുവോ ; വിശദാംശം അറിയിക്കുമോ ;

(ബി) പ്രസ്തുത പരാതിയിൻമേൽ അന്വേഷണം നടത്തി പരിഹാരം കണ്ടെത്തിയോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ആരോഗ്യ വകുപ്പിൽ ഫാർമസിസ്റ്റുമാരുടെ 1999-2008 സീനിയോരിറ്റി ലിസ്റ്റാണ് അവസാനമായി പ്രസിദ്ധീകരിച്ചത്. ഇ.ഇ.4-82156/2010/DHS തീയതി 10-12-2014 ഉത്തരവ് പ്രകാരം ഫാർമസിസ്റ്റ് ഗ്രേഡ്-2-ൽ നിന്നും ഗ്രേഡ്-1 ആയി പ്രൊമോഷൻ നൽകിയതിൽ അപാകതയുള്ളതായി പരാതി ലഭിച്ചിട്ടില്ല. എന്നാൽ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടാത്തവരുടെ അപ്പീലുകൾ ലഭിച്ചിരുന്നു. ആയതിൽ പ്രസ്തുത അപേക്ഷകൾ പരിഗണിച്ച് മുമ്പ് ഉൾപ്പെടാത്തവരെ ഉൾപ്പെടുത്തിയ ലിസ്റ്റ് 21-11-2015-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**ലഹരിവിമോചനത്തിനുള്ള ചികിത്സാ കേന്ദ്രങ്ങൾ**

140(2609) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യത്തിനും ലഹരിമരുന്നുകൾക്കും അടിമപ്പെട്ടവരെ മോചിപ്പിക്കുന്നതിന് എത്ര ചികിത്സാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ അംഗീകാരമുള്ളവ ഏതെല്ലാമാണെന്ന് അറിയിക്കുമോ ;

(സി) അനധികൃതമായി എത്ര കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത അനധികൃത കേന്ദ്രങ്ങളെ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കൃത്യമായ കണക്കുകൾ ലഭ്യമല്ല. 21 സ്ഥാപനങ്ങൾ സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയിൽ ലൈസൻസിനായി അപേക്ഷിച്ചിട്ടുണ്ട്. ഇതിൽ 20 സ്ഥാപനങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ കേന്ദ്രങ്ങളിലും ലൈസൻസിനുള്ള പരിശോധന പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പരിശോധന പൂർത്തിയാക്കിയ 21 കേന്ദ്രങ്ങളിൽ 3 എണ്ണത്തിന് മാത്രമാണ് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായിട്ടുള്ളത്. അംഗീകാരമുള്ള സ്ഥാപനങ്ങൾ താഴെപ്പറയുന്നവയാണ്.

1. അഗാപ്പെ മെന്റൽ ഹെൽത്ത് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ചീന്തൽത്തടം, പത്തനംതിട്ട
2. ഡെയർ ഡീ അഡിക്ഷൻ സെന്റർ, പീരുമേട്, ഇടുക്കി
3. കെ.വി.എം.ഐ.ആർ.സി.എ., കെ.വി.എം., ട്രസ്റ്റ്, ചേർത്തല, ആലപ്പുഴ.

(സി&ഡി) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഇത്തരം സ്ഥാപനങ്ങളുടെ കണക്കെടുക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഇത്തരം സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

## ഹോമിയോ എം.ഡി. കോഴ്സുകൾ

141(2610) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഹോമിയോ മെഡിക്കൽ കോളേജുകളിൽ ഏതെല്ലാം വിഷയങ്ങളിലാണ് എം.ഡി. കോഴ്സുകൾ നിലവിലുള്ളത് ; ഇവയ്ക്ക് ഓരോന്നിനും എത്ര സീറ്റ് വീതമാണുള്ളത്, വിശദമാക്കുമോ ;

(ബി) ഹോമിയോ, സൈക്യാട്രി, പീഡിയാട്രിക്സ്, പ്രാക്ടീസ് ഓഫ് മെഡിസിൻ, ഫാർമസി എന്നീ വിഷയങ്ങളിലുള്ള ഹോമിയോ എം.ഡി. കോഴ്സുകൾ കേരളത്തിലെ കോളേജുകളിൽ നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ ഇത്തരം കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലെ പി.ജി. കോഴ്സിന്റെ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വകുപ്പ് | തിരുവനന്തപുരം | കോഴിക്കോട് |
|---|---|---|---|
| 1 | മെറ്റീരിയ മെഡിക്ക | 6 സീറ്റ് | 6 സീറ്റ് |
| 2 | ഹോമിയോപ്പതിക് ഫിലോസഫി | 6 സീറ്റ് | 6 സീറ്റ് |
| 3 | റെപ്പർട്ടറി | 6 സീറ്റ് | 6 സീറ്റ് |
| | ആകെ | 18 സീറ്റ് | 18 സീറ്റ് |

(ബി) ഇല്ല.

(സി) ഇത്തരം കോഴ്സുകൾ ആരംഭിക്കുന്നതിന് കേന്ദ്ര ആയുഷ് വകുപ്പ്, സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതി, ആരോഗ്യ സർവ്വകലാശാല, കേരള സർക്കാർ എന്നിവരുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്.

**ഹോമിയോ ഡീ-അഡിക്ഷൻ സെന്ററുകൾ**

142(2611) <u>ശ്രീ. എ. എ. അസീസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോ വകുപ്പിന്റെ കീഴിൽ ഡി-അഡിക്ഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സെന്ററുകളിൽ കിടത്തി ചികിത്സ ഉണ്ടോയെന്നും ലഭ്യമാകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഹോമിയോ വകുപ്പിന്റെ കീഴിൽ ഡീ-അഡിക്ഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. വകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ ജില്ലാ ഹോമിയോ ആശുപത്രികളിലും ഡീ-അഡിക്ഷൻ സെന്ററിന്റെ സേവനം നിലവിൽ ലഭ്യമാണ്.

(ബി) പ്രസ്തുത സെന്ററുകൾ പ്രവർത്തിക്കുന്ന ജില്ലാ ഹോമിയോ ആശുപത്രികളിൽ കിടത്തി ചികിത്സാ സൗകര്യം ലഭ്യമാണ്. ജില്ലാ ഹോമിയോ ആശുപത്രികളിൽ സീതാലയം എന്ന പദ്ധതിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ഡീ-അഡിക്ഷൻ സെന്ററുകളിൽ ഹോമിയോപ്പതി മരുന്നുകളിലൂടെയുള്ള ആതുര സേവനത്തിന് പുറമേ സൈക്യാട്രിസ്റ്റ്, സൈക്കോളജിസ്റ്റ് തുടങ്ങിയവയുടെ കൗൺസിലിംഗം ലഭ്യമാണ്.

## ഹോമിയോ ഡിസ്പെൻസറികൾ

143 (2612) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ഹോമിയോ ഡിസ്പെൻസറികൾ തുടങ്ങുന്നതിന് എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2012-13-ൽ 60 ഹോമിയോ ഡിസ്പെൻസറികളും ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം 2013-14-ൽ 50 പുതിയ ഹോമിയോ ഡിസ്പെൻസറികളും ഉൾപ്പെടെ 110 പുതിയ സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ മലപ്പുറം ജില്ലയിലെ വണ്ടൂരിൽ ഒരു ക്യാൻസർ പെയ്ൻ ആന്റ് പാലിയേറ്റീവ് കെയർ സെന്ററും കണ്ണൂർ ജില്ലയിലെ ആറളം ട്രൈബൽ സെറ്റിൽമെന്റ് കോളനിയിൽ ഒരു ഹോമിയോ ആശുപത്രിയും അനുവദിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ കൊറ്റനാട് സർക്കാർ ഹോമിയോ ഡിസ്പെൻസറിയും മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം സർക്കാർ ഹോമിയോ ഡിസ്പെൻസറിയും കിടത്തി ചികിത്സയുള്ള ആശുപത്രിയായി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. പുതിയ 50 ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

(ബി) പൊതുജനങ്ങൾക്ക് സൗജന്യ ഹോമിയോപ്പതി ചികിത്സ, സാംക്രമിക രോഗ പ്രതിരോധ ചികിത്സ, ആരോഗ്യ ബോധവൽക്കരണം, മദ്യം/മയക്കുമരുന്ന് ഉപയോഗത്തിൽനിന്നുള്ള ലഹരിവിമുക്ത ചികിത്സ, വന്ധ്യതാ ചികിത്സ, കുട്ടികളിലെ വ്യക്തിത്വ മാനസിക വൈകല്യ ചികിത്സ, ജീവിതശൈലീരോഗ ചികിത്സ എന്നിവ നൽകി ആരോഗ്യമുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) 2016-17 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനുള്ള ഭൗതിക സൗകര്യങ്ങളും മരുന്നും അനുബന്ധ സാമഗ്രികളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

243

## സർക്കാർ ഹോമിയോ ആശുപത്രികളിലെയും ഡിസ്പെൻസറികളിലെയും ഔഷധ വിതരണം

144(2613) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഹോമിയോ ആശുപത്രികൾക്കും ഡിഡ്പെൻസറികൾക്കും ഔഷധങ്ങൾ വിതരണം ചെയ്യുന്നതിനായി ചുമതല പ്പെടുത്തിയിരിക്കുന്നത് ഹോംകോ എന്ന ഏജൻസിയെയാണോ; ഈ ഏജൻസി 2013-14, 2014-15, 2015-16 എന്നീ വർഷങ്ങളിൽ എത്ര രൂപയുടെ മരുന്നുകൾ വിതരണം നടത്തിയിട്ടുണ്ടെന്ന് വാർഷികാടിസ്ഥാനത്തിൽ ജില്ല തിരിച്ചുള്ള വിശദമായ കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ഏജൻസിക്ക് 2013-14, 2014-15, 2015-16 എന്നീ വർഷങ്ങളിൽ അന്യസംസ്ഥാനങ്ങളിൽനിന്നും ഓരോ മരുന്നിനും എത്ര തുകയ്ക്കുള്ള ഓർഡറുകൾ ലഭിച്ചുവെന്നും ഇതിൽ എത്ര തുകയ്ക്കുള്ള മരുന്നുകൾ വിതരണം നടത്തിയിട്ടുണ്ടെന്നും വാർഷികാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ തിരിച്ചുള്ള കണക്കിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഈ ഇനത്തിലുള്ള തുക കിട്ടാനുണ്ടോ; എങ്കിൽ വീണ്ടും ഔഷധവിതരണം നടത്തുന്നതിന്റെ സാഹചര്യം വിശദമാക്കുമോ ;

(സി) പ്രസ്തുത ഓർഡറുകൾ പ്രകാരം ലഭ്യമായ കമ്മീഷന്റെ ശതമാന കണക്കുകൾ ലഭ്യമാക്കുമോ ; ടി ഏജൻസിക്ക് ഔഷധ വിതരണത്തിനായി അഡ്വാൻസ് ലഭിക്കുന്ന തുക ഏത് ബാങ്കുകളിലാണ് നിക്ഷേപിക്കുന്നത് ; ടി തുക ട്രഷറിയിൽ നിക്ഷേപിക്കാത്ത സാഹചര്യം വിശദമാക്കുമോ ; ഹോംകോയ്ക്ക് അസംസ്കൃത വസ്തുക്കൾ നൽകുന്നതിനായി ഏതൊക്കെ സ്ഥാപനങ്ങളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് ; ഇതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) ഹോംകോയിൽ ഏതൊക്കെ വിഭാഗക്കാർക്കാണ് ഓവർടൈം അലവൻസ് അനുവദിക്കുന്നത് ഈ ഇനത്തിൽ കഴിഞ്ഞ 5 വർഷക്കാലമായി അനുവദിച്ച തുകയുടെ തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഹോംകോയുടെ ബൈലോയിൽ എം.ഡി-യായി സർക്കാർ ഉദ്യോഗസ്ഥൻ തന്നെ പ്രവർത്തിക്കണ മെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; നിലവിൽ എം.ഡി-യായി തുടരുന്നയാൾ സർക്കാർ സർവ്വീസിൽനിന്നും വിരമിച്ചയാളാണോ ; എങ്കിൽ തുടർ നിയമനം നൽകിയ സാഹചര്യം വിശദീകരിക്കുമോ ;

(ഇ) ഹോംകോയിൽ ടാക്സും എക്സൈസ് ഡ്യൂട്ടിയും ഒഴിവാക്കിയ മരുന്നുകൾക്ക് ഇവ ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഹോംകോയിൽ ദിവസവേതനാടിസ്ഥാനത്തിൽ നടത്തുന്ന നിയമനങ്ങളുടെ മാനദണ്ഡങ്ങൾ വിശദമാക്കുമോ ; കഴിഞ്ഞ 25 വർഷമായി ഹോംകോയിൽ തെരഞ്ഞെടുപ്പ് നടത്താത്ത സാഹചര്യം വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സർക്കാർ ഹോമിയോ ആശുപത്രികൾക്കും എൻ.ആർ.എച്ച്.എം. ഡിസ്പെൻസറികൾക്കും ഔഷധങ്ങൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നത് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് (ഹോംകോ) ആണ്. 2013-14, 2014-15, 2015-16 എന്നീ വർഷങ്ങളിൽ വിതരണം ചെയ്തിട്ടുള്ള മരുന്നുകളുടെ ആകെ തുക ജില്ലാടിസ്ഥാനത്തിൽ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ബി) ഹോംകോ ഇതര സംസ്ഥാനങ്ങൾക്ക് ഔഷധ വിതരണം നടത്തിയത്,

| സാമ്പത്തിക വർഷം | ഇതര സംസ്ഥാനം |
|---|---|
| 2013-14 | 64135509.00 |
| 2014-15 | 61915913.00 |
| 2015-16 | 48016193.00 |

തുക ലഭിക്കുവാനുണ്ട്. മരുന്ന് സാമ്പിളുകൾ ടെസ്റ്റ് പാസ്സാകുന്ന മുറയ്ക്ക് തുക ലഭ്യമാകുന്നുണ്ട്. മരുന്ന് വിതരണം നടത്തി തുക പാസ്സാക്കുന്നത് പതിവ് രീതിയായതിനാൽ വിതരണം മുടക്കാറില്ല. സംസ്ഥാനങ്ങൾ തിരിച്ച് ഔഷധ വിതരണത്തിന് ഓർഡർ ലഭിച്ചത് അനുബന്ധം ആയി ചേർക്കുന്നു.*

(സി) അന്യസംസ്ഥാനങ്ങളിൽനിന്ന് ലഭിക്കുന്ന ഓർഡറുകൾക്ക് ഹോംകോയ്ക്ക് കമ്മീഷൻ ലഭിക്കുന്നില്ല. ഹോംകോയുടെ ഔഷധ വിതരണത്തിനായി മുൻകൂർ ലഭിക്കുന്ന തുക ഹോംകോ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടിക്രമങ്ങൾ പാലിച്ച് താഴെപ്പറയുന്ന ദേശസാൽക്യത ബാങ്കുകളിലും ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിലുമാണ് നിക്ഷേപിച്ചിട്ടുള്ളത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, ആലപ്പുഴ, മെയിൻശാഖ
2. യൂക്കോ ബാങ്ക്
3. കോർപ്പറേഷൻ ബാങ്ക്
4. കേരള ഗ്രാമീണ ബാങ്ക്

പ്രസ്തുത തുക ഹോംകോയുടെ തനത് ഫണ്ടായതുകൊണ്ടാണ് ട്രഷറി ഒഴിവാക്കി ഇപ്രകാരം ദേശസാൽകൃത ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാരുകളിൽനിന്നും പദ്ധതി വിഹിതമായി ലഭിക്കുന്ന തുക ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്. ഹോംകോയ്ക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ഓരോ വർഷവും ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ചാണ് വാങ്ങുന്നത്. ഈ വർഷം ഇ-ടെണ്ടറാണ് നടത്തിയിട്ടുള്ളത്. ആയതിന് സർക്കാർ അനുമതി ആവശ്യമില്ല. ഹോംകോയുടെ അസംസ്കൃത വസ്തുക്കൾ, പായ്ക്കിംഗ് മെറ്റീരിയൽസ് എന്നിവ നൽകുന്നവരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു:

| | |
|---|---|
| 1. | നന്ദു കാർട്ടൺസ്<br>തക/252 ഇ,ഐ.ഡി. പ്ലോട്ട് നമ്പർ 54&70<br>വാടയ്ക്കൽ പി.ഒ. പുന്നപ്ര, ആലപ്പുഴ-688003 |
| 2. | യൂജിൻ ഫാർമാകം,<br>രജി.സെയിൽസ് ആന്റ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്,<br>എ-307, തേഡ് ഫ്ലോർ, സ്കൈലൈൻ, എപ്പിറ്റോം,<br>ബിഹൈൻഡ് ജോളി ജിംഗാന,<br>കൈരോൾ റോഡ്, ഖാഡ്കോപ്പാർ-വെസ്റ്റ്,<br>മുംബൈ-86, മഹാരാഷ്ട്ര, ഇൻഡ്യ |
| 3. | ബാക്സൺ ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് പ്രൈ. ലി.<br>കോർപ്പറേറ്റ് ഓഫീസ്: എ-51,<br>സൗത്ത് എക്സ്റ്റൻ, പാർട്ട്-1,<br>ന്യൂഡൽഹി-49 |
| 4. | ഷ്റിവിൻ ഫാർമ പ്രൈവറ്റ് ലി.,<br>4, ഡി.എൽ. ഖാൻ റോഡ്, റൂം നമ്പർ ബി-401, കൽക്കട്ട-700025. |
| 5. | ആർ.എസ്. പേപ്പർ പ്രൊഡക്ട്സ്,<br>പീടികപ്പള്ളി, കോട്ടമുറി. പി. ഒ - 686105, ചങ്ങനാശ്ശേരി, കോട്ടയം |
| 6. | കാർട്ടക്ക്,<br>എൽ/2324 എ, റെയിൽവേ സ്റ്റേഷൻ റോഡ്, ഇടപ്പള്ളി, കൊച്ചി -682024 |

| | |
|---|---|
| 7. | അക്ഷര ഓഫ്സെറ്റ്,<br>റ്റി.സി.25/3230(1), കുന്നുംപുറം,<br>തിരുവനന്തപുരം-695035 |
| 8. | ഷുബ്മെറ്റ്സ്,<br>(മെർക്കന്റൈസർ ഇൻ കെമിക്കൽസ്, മെറ്റൽസ് ആന്റ് ഫാർമസ്യൂട്ടിക്കൽസ്) |
| 9. | സവിദാസദൻ, സുബാഷ് ലൈൻ,<br>മലാട് (ഇ), മുംബൈ 400097, ഇൻഡ്യ. |
| 10. | കെജരിവാൾ ഇൻഡസ്ട്രീസ്<br>45, രാജസ്ഥാനി ഉദ്യോഗ് നഗർ,<br>ജി.റ്റി. കർണാൾ റോഡ് ഡൽഹി-110033 |
| 11. | ശ്രുതി ഫാർമാ പാക്ക്സ്,<br>കുർട്ടി, പോ, ഗോവ-403401 |
| 12. | റാഡ്കോം പാക്കേജിംഗ് പ്രൈ. ലിമിറ്റഡ്<br>യൂണിറ്റ് നമ്പർ 6, സരസ്വതി,<br>തുംഗരേശ്വർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്,<br>സാറ്റിവാലി, വസൽറോഡ് (ഈസ്റ്റ്),<br>താനെ-401202 |
| 13. | പെന്റഗൺ മാർക്കറ്റിംഗ്<br>ഡോർ നമ്പർ. 41/1051, എ-1 & എ 2 ശിവാസ് ടവർ,<br>ഓപ്പോസിറ്റ് മൈമൂൺ/ലുലു നിയേറ്റർ,<br>ചിറ്റൂർ റോഡ്, എറണാകുളം, കൊച്ചി-682018 |
| 14. | ആലപ്പി ഓഫ്സെറ്റ് പ്രിന്റേഴ്സ്,<br>നോർത്ത് ഓഫ് ഇന്ദിരാ ജംഗ്ഷൻ<br>തത്തംപള്ളി പി.ഒ, ആലപ്പുഴ-13 |
| 15. | അരുൺ ഏജൻസീസ്,<br>806 ക, വെസ്റ്റ് ഓഫ് ഐയൺ ബ്രിഡ്ജ്,<br>എം. ഒ. വാർഡ് ആലപ്പി, കേരള – 688001 |
| 16. | ഹിമാലയ ഹെർബ് സ്റ്റോഴ്സ്,<br>01 -വിനോദ് ഭവൻ, 6/1231 എ,<br>മാധവ് നഗർ, ശരൺപൂർ-247001, യു.പി. |
| 17. | സെന്റിനി ബയോ പ്രോഡക്ട്സ്<br>ഗണ്ടേപ്പള്ളി വില്ലേജ്, കൃഷ്ണ ഡിസ്ട്രിക്ട്,<br>ആന്ധ്രാപ്രദേശ് |

(ഡി) 2009-10-ൽ ഹോംകോയുടെ ആകെ വിറ്റുവരവ് 897 ലക്ഷം രൂപ മാത്രമായിരുന്നു. 2014-15-ലെ വിറ്റുവരവ് 2016 ലക്ഷം രൂപയായി ഉയർന്നു. ഹോംകോയുടെ അടിസ്ഥാന സൗകര്യത്തിൽ യാതൊരു മാറ്റവുമില്ലാതെ അധിക തസ്തികകൾ ലഭ്യമല്ലായെന്നിരിക്കെ നിലവിലുള്ള ജീവനക്കാർ അധിക സമയം ജോലി ചെയ്താണ് ഈ നേട്ടം കൈവരിച്ചിട്ടുള്ളത്. ഉൽപ്പാദനവുമായി ബന്ധപ്പെട്ട വിഭാഗങ്ങളിലും ഓഫീസിലുമാണ് ഓവർടൈം അനുവദിച്ചിട്ടുള്ളത്. 2010-11 മുതലുള്ള 5 വർഷക്കാലത്തെ തസ്തിക തിരിച്ചുള്ള ഓവർടൈം അലവൻസിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു:

| കാലയളവ് | സ്ഥിരം തൊഴിലാളികളും ദിവസവേതന ജീവനക്കാരും | ഓഫീസ് സ്റ്റാഫ് |
|---|---|---|
| 2010-11 | 1086865 | 74300 |
| 2011-12 | 801632 | 100000 |
| 2012-13 | 1293249 | 268366 |
| 2013-14 | 3054225 | 1802725 |
| 2014-15 | 4951617 | 561089 |

ഹോംകോ ബൈലോ 17 (ബി) പ്രകാരം മാനേജിംഗ് ഡയറക്ടർ സർക്കാർ ഉദ്യോഗസ്ഥനായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നിലവിലുള്ള മാനേജിംഗ് ഡയറക്ടറെ നിയമിച്ച് ഉത്തരവായ സമയം അദ്ദേഹം സർക്കാർ സർവ്വീസിൽനിന്നും വിരമിച്ചിട്ടില്ലായിരുന്നു. 31-5-2015-ലാണ് നിലവിലുള്ള എം.ഡി. സർക്കാർ സർവ്വീസിൽനിന്നും വിരമിച്ചത്.

(ഇ) ഹോംകോ വിൽക്കുന്ന മരുന്നുകൾക്ക് അഞ്ചുശതമാനം വാറ്റും 1:3 ശതമാനം സെൻട്രൽ എക്സൈസ് ഡ്യൂട്ടിയും ഈടാക്കുന്നുണ്ട്. ബന്ധപ്പെട്ട ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകളുടെ നിർദ്ദേശമനുസരിച്ചാണ് ടാക്സ് ഈടാക്കുന്നത്. ടാക്സ് റിട്ടേൺ മാസത്തിൽ സമർപ്പിക്കുന്നുണ്ട്. ഹോംകോയിലെ ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണ് നടത്തുന്നത്. ജി.ഒ.(ആർറ്റി.) നമ്പർ 3253/84/എച്ച്.ഡി. തീയതി 9-10-1984 ഉത്തരവ് പ്രകാരം കേരള സർക്കാർ ഹോംകോയുടെ ബോർഡ് ഓഫ് ഡയറക്ടേഴ്സിനെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റീവ് കൗൺസിൽ രൂപീകരിച്ച് ഉത്തരവായിട്ടുള്ളതിനാൽ തെരഞ്ഞെടുപ്പ് നടത്തേണ്ട സാഹചര്യമുണ്ടാകുന്നില്ല.

## ശബരിമല മാസ്റ്റർ പ്ലാൻ

145 (2614) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്നും ഇതിന് നിശ്ചയിച്ചിട്ടുള്ള ചെലവ് എത്രയാണെന്നും വ്യക്തമാക്കുമോ ; ഏതെങ്കിലും പദ്ധതിയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ പദ്ധതികളാണ് നിർമ്മാണം പൂർത്തിയാക്കിയത് എന്ന് വിശദമാക്കുമോ;

(ബി) ഏതൊക്കെ പദ്ധതിയുടെ നിർമ്മാണമാണ് ഇപ്പോൾ നടക്കുന്നതെന്ന് വിശദീകരിക്കുമോ ; ഇവയുടെ പണികൾ ഏത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ ; ഇവയുടെ നിർമ്മാണത്തിന് ഏതെങ്കിലും തടസ്സം ഉണ്ടോ ; എങ്കിൽ എന്തൊക്കെയാണെന്നും പ്രസ്തുത തടസ്സം നീക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇവയുടെ ഓരോന്നിന്റേയും പണി എന്നു പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ;

(സി) ശബരിമല മാസ്റ്റർ പ്ലാനിൽ ഇനി ആരംഭിക്കാനുള്ള പദ്ധതികൾ ഏവ ; ഇവയുടെ പണി ആരംഭിക്കാതിരുന്നതിന്റെ കാരണവും പ്രസ്തുത പണി എന്നാരംഭിക്കാനാകുമെന്നും വ്യക്തമാക്കുമോ;

(ഡി) ശബരിമല മാസ്റ്റർ പ്ലാനിൽപ്പെട്ട ഏതെങ്കിലും പദ്ധതികൾക്ക് വനം വകുപ്പിന്റേയോ കേന്ദ്ര സർക്കാരിന്റേയോ അനുമതി ലഭിക്കേണ്ടതായിട്ടുണ്ടോ; എങ്കിൽ എതൊക്കെ പദ്ധതികൾക്ക് ഏതൊക്കെ അനുമതിയാണ് ലഭിക്കേണ്ടത് എന്ന് വ്യക്തമാക്കുമോ ; അനുമതി ലഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇവയുടെ പണി എന്നാരംഭിക്കാനാകും എന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ശബരിമല മാസ്റ്റർ പ്ലാൻ അൻപത് വർഷക്കാലം നീണ്ടുനിൽക്കുന്ന ഒരു ദീർഘകാല പദ്ധതിയാണ്. ശബരിമല മാസ്റ്റർ പ്ലാനിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. കാലാകാലങ്ങളിൽ കൂടുന്ന ശബരിമല മാസ്റ്റർ പ്ലാൻ ഉന്നതാധികാര സമിതിയുടെ തീരുമാന പ്രകാരം

മുൻഗണനാക്രമത്തിലാണ് ഓരോ പദ്ധതിയും നടപ്പിലാക്കിവരുന്നത്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പണികളെല്ലാംതന്നെ സീസൺ കഴിഞ്ഞ് പൂർത്തീകരിക്കുന്നതാണെന്നും ശബരിമല മാസ്റ്റർ പ്ലാൻ ഹൈപവർ കമ്മിറ്റി ഭരണാനുമതി നൽകിയിട്ടുള്ള എല്ലാ പദ്ധതികളും പൂർത്തീകരണ ഘട്ടത്തിലാണെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ചും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുമായ പണികളെ സംബന്ധിച്ചുമുള്ള വിശദമായ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ശബരിമല മാസ്റ്റർ പ്ലാനിൽപ്പെട്ട കുന്നാർ ഡാമിന്റെ ഉയരംകൂട്ടി ശബരിമല തീർത്ഥാടകർക്ക് ആവശ്യമായ ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകി, പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് കേന്ദ്ര വൈൽഡ് ലൈഫ് ബോർഡിന്റെ അനുമതിക്ക് അപേക്ഷിച്ചിരുന്നെങ്കിലും അനുമതി ഇതുവരെ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ വനം-വന്യജീവി വകുപ്പുമായി ചേർന്ന് സ്വീകരിച്ചിട്ടുണ്ടെന്നും റോപ്‌വേ നിർമ്മാണത്തിന് കൊൽക്കത്തെയിലെ ദാമോദർ റോപ്‌വേയ്സുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതായും ഇതിനുള്ള അനുവാദം വാങ്ങുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ റോപ്‌വേ നിർമ്മാതാക്കളാണ് കരാർ പ്രകാരം ചെയ്യേണ്ടതെന്നും ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

### ദേവസ്വം ബോർഡ് ക്ഷേത്രഭൂമി കയ്യേറ്റം

146(2615) <u>ശ്രീ. കെ. അജിത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളുടെ ഭൂമി, കയ്യേറ്റംമൂലം അന്യാധീനപ്പെടുന്നതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വൈക്കം ഗ്രൂപ്പിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ ഭൂമി, കയ്യേറ്റംമൂലം അന്യാധീനപ്പെട്ടു പോയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇത് തിരിച്ചുപിടിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഭൂമി തിരിച്ചു പിടിക്കുവാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഉത്തരം

(എ&ബി) തിരുവിതാംകൂർ ദേവസ്വം ബോർഡ് വക ഭൂമിയിലെ കയ്യേറ്റം തടയുന്നതിനും കയ്യേറിയ ഭൂമി തിരിച്ച് പിടിക്കുന്നതിനും ഭൂസംരക്ഷണ വിഭാഗം സ്പെഷ്യൽ തഹസിൽദാർ മുഖാന്തരം നടപടി സ്വീകരിച്ചുവരുന്നു. കൊച്ചിൻ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള ദേവസ്വം ഭൂമി കയ്യേറ്റം ഒഴിവാക്കുന്നതിന് സ്പെഷ്യൽ ദേവസ്വം തഹസിൽദാർ മുഖേന ദേവസ്വം ഭൂമി അളന്ന് തിട്ടപ്പെടുത്തുകയും കണ്ടെത്തുന്ന അനധികൃത കയ്യേറ്റം 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടികൾ സ്വീകരിച്ച് ഒഴിപ്പിച്ചെടുത്ത് വരുന്നുമുണ്ട്. മലബാർ ദേവസ്വം വക ഭൂമി കയ്യേറ്റങ്ങൾ തടയുന്നതിനും കയ്യേറപ്പെട്ട ഭൂമി തിരിച്ചു പിടിക്കുന്നതിന് ആവശ്യമായ നടപടകൾ സ്വീകരിക്കുന്നതിനും ക്ഷേത്ര ഭരണാധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ദേവസ്വം ഭൂമി കയ്യേറ്റം തടയുന്നതിന് മാത്രമായി ഒരു കേരളാ ലാന്റ് കൺസർവൻസി യൂണിറ്റ് ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഗുരുവായൂർ ദേവസ്വം അധീനതയിലുള്ള ഭൂമികളുടെ സംരക്ഷണം നടത്തുന്നതിന് ദേവസ്വം സർവ്വേയർ, ഹെൽത്ത് സൂപ്പർവൈസർ, ദേവസ്വം ഇൻസ്പെക്ടർ എന്നിവരടങ്ങിയ സ്ക്വാഡ് അഡ്മിനിസ്ട്രേറ്ററുടെ കീഴിൽ പ്രവർത്തിച്ചുവരുന്നതും സ്ഥലങ്ങൾ നിരന്തരം പരിശോധിച്ച് കയ്യേറ്റങ്ങൾ ഉണ്ടായിട്ടില്ലെന്ന് ഉറപ്പുവരുത്തി അതിർത്തി സംരക്ഷിച്ചുവരുന്നതുമാണ്. കൂടൽമാണിക്യം ദേവസ്വത്തിൽ ഒരു സ്പെഷ്യൽ തഹസിൽദാരെയും സർവ്വേയറെയും നിയമിക്കുകയും ക്ഷേത്ര ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വൈക്കം ഗ്രൂപ്പിന് കീഴിലുള്ള ക്ഷേത്ര ഭൂമികളുടെ ചില ഭാഗങ്ങൾ കയ്യേറ്റംമൂലം അന്യാധീനപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് തിരിച്ചുപിടിക്കുന്നതിന് ഭൂസംരക്ഷണ നിയമപ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നതായി ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

### ആൽപ്പാറ ദേവീക്ഷേത്രം വക കുളം പുനരുദ്ധാരണം

147(2616) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ്, തൃക്കാരിയൂർ ഗ്രൂപ്പിൽ ഉൾപ്പെട്ട ആൽപ്പാറ ദേവീക്ഷേത്രം വക പെരുമ്പാവൂർ ക്ഷേത്രക്കുളത്തിന്റെ പുനരുദ്ധാരണ നടപടികൾ സ്തംഭനാവസ്ഥയിലായത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എം.എൽ.എ. ഫണ്ടും ദേവസ്വം ബോർഡിന്റെ വിഹിതവും വകയിരുത്തിയിട്ടും നിർമ്മാണ ജോലികൾ പൂർത്തിയാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി ഏറ്റെടുത്തിരുന്ന കരാറുകാരൻ ആരാണ്; മേൽവിലാസം ലഭ്യമാക്കുമോ;

(ഡി) ഇതിനകം കരാറുകാരന് കൊടുത്ത തുക എത്രയാണ്;

(ഇ) പ്രസ്തുത പ്രവൃത്തിയുടെ ബാക്കി പണികൾ എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ;

(എഫ്) എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയാക്കാത്തപക്ഷം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം നടത്തി പണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ആൽപ്പാറ ദേവീക്ഷേത്രം വക പെരുമ്പാവൂർ ക്ഷേത്രക്കുള പുനരുദ്ധാരണം എം.എൽ.എ. ഫണ്ടും ദേവസ്വം ബോർഡിന്റെ വിഹിതവും ചേർത്ത് ജോലികൾ പൂർത്തീകരിക്കാനാണ് നിശ്ചയിച്ചിരുന്നത്. ഇതിൽ ദേവസ്വം ബോർഡിന്റെ ഭാഗത്തുനിന്നും കുളത്തിന്റെ ചുറ്റുമുള്ള റീടെയിനിംഗ് വാൾ ഫൗണ്ടേഷനും അതിന് മുകളിലേക്ക് 1.80 മീറ്റർ ഉയരത്തിൽ കെട്ടിയതിന് മുകളിൽ ആർ.സി.സി. ബെൽറ്റ് തീർക്കലും പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ എം.എൽ.എ. ഫണ്ടുപയോഗിച്ച് പൂർത്തിയാക്കേണ്ടുന്ന ബാക്കി പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ 1-9-2015-ലും 7-10-2015-ലും 67/09 നമ്പരായി കത്തുകൾ നൽകിക്കൊണ്ട് കോൺട്രാക്ടറോട് പണി പൂർത്തീകരിക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതിൽ തുടർനടപടികളൊന്നും ഉണ്ടായിട്ടില്ലായെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(സി) ശ്രീ. സുധീഷ് ബാബു ഡി.എസ്., ഇൻഡോ-ടെക്ക് എൻജിനീയേഴ്സ്, തിരുവനന്തപുരം.

(ഡി) പ്രസ്തുത കരാറുകാരൻ എം.എൽ.എ. ഫണ്ടിൽനിന്നും 4,91,497 രൂപയും ദേവസ്വം ബോർഡിൽനിന്നും 56,171 രൂപയും ഉൾപ്പെടെ 5,47,668 രൂപ ഇതുവരെ കൈപ്പറ്റിയിട്ടുണ്ട്.

(ഇ) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുവാൻ രണ്ടുമാസം മതിയാകുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(എഫ്) എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയാക്കാത്തപക്ഷം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം നടത്തി പണി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുന്നതായിരിക്കുമെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

**ദേവസ്വം ബോർഡുകളിലെ ജീവനക്കാരുടെ നിയമനത്തിലെ സംവരണം**

148(2617) ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമന സംവരണ ചട്ടപ്രകാരം മറ്റ് സ്ഥാപനങ്ങളിലേതുപോലെ ദേവസ്വം ബോർഡുകളിൽ ആനുപാതികമായ പട്ടികജാതി-പട്ടികവർഗ്ഗ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ എല്ലാ ദേവസ്വം ബോർഡുകളിലെയും ജീവനക്കാരുടെ നിയമനത്തിൽ ആനുപാതികമായ പട്ടികജാതി-പട്ടികവർഗ്ഗ സംവരണം ഉറപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) കൊച്ചിൻ ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം ബോർഡ്, കൂടൽമാണിക്യം ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ്, തിരുവിതാംകൂർ ദേവസ്വം ബോർഡ് എന്നിവിടങ്ങളിൽ ഓരോയിടത്തും എത്ര ജീവനക്കാർ വീതം ഉണ്ടെന്ന് തസ്തിക തിരിച്ച് വിശദമാക്കുമോ;

(ഡി) ഓരോ ദേവസ്വം ബോർഡിലും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര ജീവനക്കാർ വീതം ഉണ്ടെന്ന് തസ്തിക തിരിച്ച് വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഇതിനായി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിയമത്തിലും ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) കൊച്ചിൻ ദേവസ്വം ബോർഡ് :

അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

ഗുരുവായൂർ ദേവസ്വം :

അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>കൂടൽമാണിക്യം ദേവസ്വം :</u>

| | | |
|---|---|---|
| അഡ്മിനിസ്ട്രേറ്റർ | - | 1 |
| യു.ഡി. ക്ലാർക്ക് | - | 2 |
| പ്യൂൺ | - | 7 |
| സെക്യൂരിറ്റി ഗാർഡ് | - | 4 |
| മേൽശാന്തി | - | 1 |
| കീഴ്ശാന്തി | - | 2 |
| തീർത്ഥമാണി | - | 1 |
| മാലകഴകം | - | 2 |
| സംബന്ധിമാരാർ | - | 1 |
| തൃക്കോൽമൂസ്സ് | - | 2 |
| പാർട്ട് ടൈം ക്ലീനർ | - | 1 |
| സോപാനം അടിച്ചുതളി | - | 1 |

<u>മലബാർ ദേവസ്വം ബോർഡ് :</u>

| | | |
|---|---|---|
| ഡെപ്യൂട്ടി കമ്മീഷണർ | - | 2 |
| അസിസ്റ്റന്റ് കമ്മീഷണർ | - | 3 |
| സീനിയർ സൂപ്രണ്ട് | - | 3 |
| ജൂനിയർ സൂപ്രണ്ട് | - | 4 |
| ഇൻസ്പെക്ടർ ഗ്രേഡ് I | - | 7 |
| ഹെഡ് അക്കൗണ്ടന്റ് | - | 1 |
| ഹെഡ് ക്ലാർക്ക് | - | 4 |
| ആഡിറ്റ് ഇൻസ്പെക്ടർ | - | 2 |
| സീനിയർ ക്ലാർക്ക് | - | 29 |
| ക്ലാർക്ക് | - | 10 |
| സി.എ. (സെലക്ഷൻ ഗ്രേഡ്) | - | 1 |
| സി.എ. (സീനിയർഗ്രേഡ്) | - | 1 |
| സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് | - | 3 |
| യു.ഡി. ടൈപ്പിസ്റ്റ് | - | 1 |
| ഗോൾഡ് സ്മിത്ത് | - | 1 |
| ഓഫീസ് അറ്റൻഡന്റ് | - | 9 |

<u>തിരുവിതാംകൂർ ദേവസ്വം ബോർഡ്</u> :

| | | |
|---|---|---|
| ദേവസ്വം കമ്മീഷണർ | - | 2 |
| ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ | - | 13 |
| അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | - | 75 |
| ജൂനിയർ സൂപ്രണ്ട് | - | 77 |
| ഹെഡ് ക്ലാർക്ക് | - | 96 |
| യു.ഡി. ക്ലാർക്ക് | - | 182 |
| എൽ.ഡി. ക്ലാർക്ക് | - | 192 |
| എൽ.ഡി. ടൈപ്പിസ്റ്റ് | - | 13 |
| യു.ഡി. ടൈപ്പിസ്റ്റ് | - | 13 |
| സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് | - | 12 |
| ഫെയർ കോപ്പി സൂപ്രണ്ട് | - | 6 |
| സ്ട്രോംഗ് റൂം ഗാർഡ് | - | 120 |
| പ്യൂൺ | - | 86 |
| ക്ഷേത്ര ജീവനക്കാർ | - | 4080 |
| മരാമത്ത് | - | 188 |

(ഡി) <u>കൊച്ചിൻ ദേവസ്വം ബോർഡ്</u> :

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | - | 1 |
| ദേവസ്വം ഓഫീസർ | - | 2 |
| എൽ.ഡി. ക്ലാർക്ക് | - | 3 |
| ടൈപ്പിസ്റ്റ് | - | 1 |
| ജെ.ഡി.ഒ | - | 1 |
| റവന്യൂ ഇൻസ്പെക്ടർ | - | 1 |
| മാസപ്പിടി | - | 3 |
| ആനക്കാർ | - | 13 |
| ഡബ്ല്യൂ.സി.പി. | - | 10 |
| കൗണ്ടർ അസിസ്റ്റന്റ് | - | 6 |
| സ്വീപ്പർ | - | 24 |
| തകിൽ ടെംബിൾ ജോലി | - | 4 |
| സത്രം ബോയ് | - | 1 |
| പ്യൂൺ | - | 2 |
| നാദസ്വരം | - | 1 |

<u>ഗുരുവായൂർ ദേവസ്വം :</u>

| | | |
|---|---|---|
| അസിസ്റ്റന്റ് മാനേജർ | - | 1 |
| യു.ഡി. ക്ലാർക്ക് | - | 4 |
| എൽ. ഡി. ക്ലാർക്ക് | - | 1 |
| അസിസ്റ്റന്റ് ലൈൻമാൻ | - | 1 |
| അറ്റൻഡർ | - | 5 |
| കൗബോയ് | - | 1 |
| ഡ്രൈവർ | - | 1 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് | - | 2 |
| വാച്ച്മാൻ | - | 19 |
| ആനക്കാരൻ | - | 48 |
| നഴ്സിംഗ് അസിസ്റ്റന്റ് | - | 1 |
| സീനിയർ ഓപ്പറേറ്റർ | - | 1 |

<u>കൂടൽമാണിക്യം ദേവസ്വം :</u>

ആകെയുള്ള 25 ജീവനക്കാരിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട സ്ഥിരം ജീവനക്കാരില്ല.

<u>മലബാർ ദേവസ്വം ബോർഡ് :</u>

| | | |
|---|---|---|
| ഡെപ്യൂട്ടി കമ്മീഷണർ | - | 1 |
| അസിസ്റ്റന്റ് കമ്മീഷണർ | - | 1 |
| സീനിയർ സൂപ്രണ്ട് | - | 1 |
| ജൂനിയർ സൂപ്രണ്ട് | - | 1 |
| ഇൻസ്പെക്ടർ ഗ്രേഡ് | - | 1 |
| സീനിയർ ക്ലാർക്ക് | - | 7 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | - | 1 |
| ക്ലറിക്കൽ അറ്റൻഡർ | - | 1 |
| ഓഫീസ് അറ്റൻഡന്റ് | - | 2 |

<u>തിരുവിതാംകൂർ ദേവസ്വം ബോർഡ് :</u>

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ 85 ജീവനക്കാരുണ്ട്.

**ശബരിമലയിലെ ഭൂമി കൈമാറ്റം**

149(2618) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ ദേവസ്വം ബോർഡിന്റെ കൈവശമുള്ള ഭൂമി അന്യസംസ്ഥാനങ്ങൾക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ; പ്രസ്തുത കൈമാറ്റത്തിന്റെ നിയമ പ്രാബല്യത്തെക്കുറിച്ചും ഇത് ഭാവിയിൽ ഉണ്ടാക്കാനിടയുള്ള പ്രശ്നങ്ങളെക്കുറിച്ചും പഠിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സർക്കാരും ദേവസ്വം ബോർഡും തീർത്ഥാടകർക്കു വേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതിൽ പരാജയപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഭൂമി ദേവസ്വം ബോർഡ് വില നൽകി വാങ്ങിയതാണോ;

(ഡി) ഭൂമി കൈമാറ്റം ശബരിമല മാസ്റ്റർപ്ലാൻ നടപ്പാക്കുന്നതിന് വിഘാതമാകുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ശബരിമല തീർത്ഥാടനത്തിന് എത്തുന്ന അന്യസംസ്ഥാന തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ വിശ്രമ കേന്ദ്രങ്ങൾ പണികഴിപ്പിക്കുന്നതിന് നിലയ്ക്കലിൽ സ്ഥലം നൽകുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് തീരുമാനമെടുത്തിട്ടുണ്ട്. തെലുങ്കാന സർക്കാരുമായി തിരുവിതാംകൂർ ദേവസ്വം ബോർഡ് ഒപ്പിടുന്ന ധാരണാപത്രത്തിലെ പ്രധാന വ്യവസ്ഥകൾ അനുബന്ധമായി ചേർക്കുന്നു.* ഇതുസംബന്ധമായി ഭാവിയിൽ പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് ആവശ്യമായ വ്യവസ്ഥകൾ ധാരണാ പത്രത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) സ്ഥലത്തിന്റെ നെറ്റ് പ്രസന്റ് വാല്യുവും പകരം വനവൽക്കരണത്തിനുള്ള തുകയും ദേവസ്വം ബോർഡ് നൽകി. പകരം വനവൽക്കരണത്തിനുള്ള സ്ഥലം ഇടുക്കിയിലെ കമ്പക്കല്ലിൽ സർക്കാർ നൽകി.

(ഡി) ശബരിമല മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ മാത്രമേ പാടുള്ളൂവെന്ന വ്യവസ്ഥയിൽ മാത്രമേ നടപടികൾ സ്വീകരിക്കുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**നീലിമലയിൽ ഹെൽപ്പ് ഡസ്കും ളാഹ സത്രം പുനരുദ്ധാരണവും**

150([T]2619) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകർക്കായി നീലിമലയിൽ ഹെൽപ്പ് ഡസ്ക് പണിയുന്നതിനായി നിയോജക മണ്ഡല ആസ്തിവികസന ഫണ്ടിൽ നിന്ന് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും ഇതിന്റെ ഭരണാനുമതി എന്നാണ് ലഭിച്ചതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഹെൽപ്പ് ഡസ്കിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നിർമ്മാണം വൈകുന്നതിന്റെ കാരണം വിശദമാക്കുമോ; എന്നത്തേക്ക് പണി ആരംഭിക്കാനാകും;

(സി) ളാഹ സത്രം പുനരുദ്ധാരണത്തിനായി ആസ്തിവികസന ഫണ്ടിൽ നിന്നും എത്ര രൂപയുടെ പദ്ധതി തയ്യാറാക്കാനാണ് എം.എൽ.എ. റാന്നി ഡി.എഫ്.ഒ.-യ്ക്ക് നിർദ്ദേശം നൽകിയിരുന്നത് ; ഇതനുസരിച്ചുള്ള എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ; ഇതിന്റെ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ശബരിമല തീർത്ഥാടകർക്കായി നീലിമലയിൽ ഹെൽപ്പ് ഡസ്ക് പണിയുന്നതിന് 3-8-2015 തീയതിയിൽ സ.ഉ.(ആർറ്റി.)364/15/വനം വന്യജീവി വകുപ്പ് ഉത്തരവ് പ്രകാരം 13 ലക്ഷം രൂപ അനുവദിച്ചതായി വനം വന്യജീവി വകുപ്പ് അറിയിച്ചിട്ടുണ്ട്.

(ബി) 2012-ൽ തയ്യാറാക്കിയ എസ്റ്റിമേറ്റിന് 13 ലക്ഷം രൂപയ്ക്കുള്ള അനുമതിയാണ് ലഭ്യമായിട്ടുള്ളത്. എന്നാൽ, ഈ തുകയ്ക്ക് ഇപ്പോൾ ഈ ജോലി പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ ബാക്കി വേണ്ടിവരുന്ന തുക പെരിയാർ വെസ്റ്റ് ഡിവിഷൻ ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസിയിൽനിന്നും ഫണ്ട് കണ്ടെത്തി പണി പൂർത്തിയാക്കുന്നതിലേക്കായി വനം വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. തുക ലഭ്യമായാൽ ഉടൻതന്നെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണെന്ന് വനം വകുപ്പ് അറിയിച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) ളാഹ സത്രം പുനരുദ്ധാരണത്തിനായുള്ള നടപടികൾ സ്വീകരിക്കണമെന്ന് റാന്നി എം.എൽ.എ. റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു. ഉദ്ദേശം 30 ലക്ഷം രൂപ ചെലവിൽ 100 പേർക്ക് താമസിക്കാവുന്ന ഡോർമിറ്ററി, 10 ടോയിലറ്റ്, 5 മുറികൾ (ഇതിൽ ഒന്ന് എ.സി.), 15000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണി (സോളാർ പാനലുകൾ, ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് ഉൾപ്പെടെ) കേരളീയ വാസ്തുശിൽപ്പ മാതൃകയിലുള്ള കെട്ടിടമാണ് പണിയേണ്ടതെന്നും ആർക്കിടെക്ടിന്റെ സേവനം ഉപയോഗിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് കൊല്ലത്തുള്ള ശ്രീ. യൂജിൻ പണ്ടാല എന്ന ആർക്കിടെക്ടുമായി റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ളാഹയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്ന സ്ഥലം പരിശോധിക്കുകയും ആർക്കിടെക്ടിന്റെ നിർദ്ദേശമനുസരിച്ച് ടി സ്ഥലത്തിന്റെ സർവ്വേ ജോലികൾ പൂർത്തീകരിച്ച് ആർക്കിടെക്ടിന് നൽകുകയും ചെയ്തു. എന്നാൽ ടോട്ടൽ സർവ്വേ ചെയ്ത് കോണ്ടൂർലൈനുകൾകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതുക്കിയ സർവ്വേ സ്കെച്ച് ആവശ്യമാണെന്ന് ആർക്കിടെക്ട് അറിയിച്ചതിൻപ്രകാരം ആയത് ലഭ്യമാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നതായി വനം വകുപ്പ് അറിയിച്ചിട്ടുണ്ട്.

**തിരുവിതാംകൂർ ദേവസ്വം ഭൂമി**

151(2620) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ഭൂമി അന്യസംസ്ഥാനങ്ങൾക്ക് പാട്ടത്തിന് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം വ്യവസ്ഥകൾ പ്രകാരമാണ് ഭൂമി കൈമാറ്റം നടത്താൻ തീരുമാനിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

(എ) ശബരിമല തീർത്ഥാടനത്തിന് എത്തുന്ന അന്യസംസ്ഥാന തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ വിശ്രമ കേന്ദ്രങ്ങൾ പണികഴിപ്പിക്കുന്നതിന് നിലയ്ക്കലിൽ സ്ഥലം നൽകുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് തീരുമാനമെടുത്തിട്ടുണ്ട്.

(ബി) തെലുങ്കാന സർക്കാരുമായി തിരുവിതാംകൂർ ദേവസ്വം ബോർഡ് ഒപ്പിടുന്നതിന് തയ്യാറാക്കിയ ധാരണാപത്രത്തിലെ പ്രധാന വ്യവസ്ഥകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**തിരുവിതാംകൂർ ദേവസ്വം ബോർഡിൽ കാണിക്ക തിട്ടപ്പെടുത്തുന്നതിന് കേന്ദ്രീകൃത മൂല്യനിർണ്ണയ സംവിധാനം**

152 (2621) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ കാണിക്ക തിട്ടപ്പെടുത്തുന്നതിന് കേന്ദ്രീകൃത മൂല്യനിർണ്ണയ സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടായിരുന്നോ ;

(ബി) പ്രസ്തുത സംവിധാന പ്രകാരം ഇപ്പോൾ കാണിക്ക തിട്ടപ്പെടുത്തൽ നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) കൊട്ടാരക്കര ദേവസ്വം ഗ്രൂപ്പിനു കീഴിൽ ഏറ്റവും കൂടുതൽ വരുമാനമുള്ള പത്ത് ക്ഷേത്രങ്ങൾ ഏതെല്ലാമാണ്?

ഉത്തരം

(എ&ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ദേവസ്വങ്ങളിലെ ഭരണം കാര്യക്ഷമമാക്കുന്നതിന് ദേവസ്വങ്ങളിലെ കാണിക്ക ജില്ലാ അടിസ്ഥാനത്തിൽ ഓരോ സ്ഥലങ്ങളിലും കേന്ദ്രീകരിച്ച് എണ്ണി തിട്ടപ്പെടുത്തുന്നതിന് സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിരുന്നു. തിരുവനന്തപുരം ഗ്രൂപ്പിൽ പരീക്ഷണാടിസ്ഥാനത്തിലാണ് പ്രസ്തുത സംവിധാനം ഏർപ്പെടുത്തിയത്. തികച്ചും പരീക്ഷണാടിസ്ഥാനത്തിൽ ഏർപ്പെടുത്തിയ കാണിക്ക തിട്ടപ്പെടുത്തൽ സംവിധാനം ഇപ്പോൾ നടക്കുന്നില്ലെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(സി) കുലശേഖരനല്ലൂർ മണികണ്ഠേശ്വരം ക്ഷേത്രം, പട്ടാഴി ദേവസ്വം ദേവീ ക്ഷേത്രം, കൊട്ടാരക്കര പടിഞ്ഞാറ്റിൻകര മഹാദേവർ ക്ഷേത്രം, പൊലിക്കോട് ശിവക്ഷേത്രം, വെട്ടിക്കവല ശങ്കരനാരായണ ക്ഷേത്രം, അടൂർ പാർത്ഥസാരഥി ക്ഷേത്രം, മണ്ണടി ഭഗവതി ക്ഷേത്രം, പുല്ലാമല മഹാവിഷ്ണു ക്ഷേത്രം, അറുകാലിക്കൽ മഹാദേവ ക്ഷേത്രം, ചടയമംഗലം മഹാദേവ ക്ഷേത്രം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

### ത്രിവിക്രമംഗലം ക്ഷേത്രംവക ഭൂമി കയ്യേറ്റം

153(2622) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള തിരുവനന്തപുരം ത്രിവിക്രമംഗലം ക്ഷേത്രം വക ഭൂമി അനധികൃതമായി കയ്യേറിയതിനെതിരെയുള്ള ക്ഷേത്രോപദേശക സമിതിയുടെ പരാതിയിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ബി) ദേവസ്വം ഭൂസംരക്ഷണ വിഭാഗത്തിന്റെ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(സി) ലാൻഡ് കൺസർവൻസി ആക്റ്റ് പ്രകാരം പ്രസ്തുത ഭൂമി നഷ്ടപ്പെടാതിരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ത്രിവിക്രമംഗലം ക്ഷേത്രം വക ഭൂമിയിൽ അനധികൃത കയ്യേറ്റങ്ങളുണ്ടെന്നുള്ള പരാതികളിന്മേൽ ലഭ്യമായ റിക്കാർഡുകളുടെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് ഭൂസംരക്ഷണ വിഭാഗം സ്ഥലപരിശോധനകൾ നടത്തിയിട്ടുള്ളതും ക്ഷേത്രം ഇരിപ്പ് ഭൂമിയിൽ അനധികൃത കയ്യേറ്റങ്ങളില്ലായെന്ന് കണ്ടെത്തിയിട്ടുമുണ്ടെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

### ക്ഷേത്രങ്ങളുടെയും കാവുകളുടെയും സംരക്ഷണം

154(2623) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്രങ്ങളും കാവുകളും സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളിൽനിന്നും ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡവും നടപടി ക്രമങ്ങളും വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികൾ പ്രകാരം കുളങ്ങളും കാവുകളും സംരക്ഷിക്കുന്നതിന് അനുവദിക്കുന്ന പരമാവധി തുക എത്രയാണെന്ന് അറിയിക്കുമോ ;

(ഡി) പ്രസ്തുത പദ്ധതികൾ പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് എപ്പോഴാണ് അപേക്ഷ സമർപ്പിക്കേണ്ടതെന്നും എന്തൊക്കെയാണെന്നും ഇതിന് പ്രത്യേക അപേക്ഷാ ഫോറം ഉണ്ടെങ്കിൽ അതിൻെറ വിശദാംശങ്ങളും വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതികൾ പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ അസംബ്ലി നിയോജകമണ്ഡലത്തിലും ഏതൊക്കെ ക്ഷേത്രങ്ങൾക്കാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളതെന്നും എത്ര രൂപ വീതമാണ് നല്കിയിട്ടുള്ളതെന്നും വ്യക്തമാക്കുന്ന പട്ടിക ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവ്, കുളം, ആൽത്തറ എന്നിവ സംരക്ഷിക്കുന്നതിന് കേരള സർക്കാർ ഒരു പ്രത്യേക പദ്ധതി ആവിഷ്കരിക്കുകയും ഇതിനായി 2014-15 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപ വിവിധ ദേവസ്വങ്ങൾക്കായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതി പ്രകാരം കുളങ്ങളുടെ നവീകരണത്തിന് 30 ലക്ഷം രൂപാ വീതവും കാവുകളുടെ നവീകരണത്തിന് 5 ലക്ഷം രൂപാ വീതവും ആൽത്തറകളുടെ നവീകരണത്തിന് 2 ലക്ഷം രൂപാ വീതവുമാണ് പരമാവധി അനുവദിക്കുന്ന തുക. ടി പദ്ധതിക്കായി 2015-16 സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഫണ്ട് അനുവദിക്കുന്നതിനുള്ള അപേക്ഷ അതാത് ദേവസ്വം ബോർഡുകളിൽ/ തദ്ദേശഭരണ സ്ഥാപനത്തിൽ എല്ലാ വർഷവും ജൂൺ 30-ാം തീയതിക്ക് മുൻപ് സമർപ്പിക്കേണ്ടതും അപേക്ഷയും അനുബന്ധരേഖകളും അടങ്ങിയ പ്രൊപ്പോസൽ സർക്കാരിൽ ജൂലൈ 31-നകം സമർപ്പിക്കേണ്ടതുമാണ്. ടി പദ്ധതിയിൽ അപേക്ഷിക്കുന്നതിനുള്ള അപേക്ഷാ ഫോറവും നിബന്ധനകളും നടപടിക്രമങ്ങളും അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

കേരളത്തിലെ കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ഓരോ ജില്ലയിൽനിന്നും വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി വിഭാഗം പത്രപ്പരസ്യങ്ങളിലൂടെ അപേക്ഷകൾ ക്ഷണിക്കുകയും ആയത് പരിശോധിച്ച് 25,000 രൂപവരെ ബില്ലുകളും വൗച്ചറുകളും നൽകുന്ന മുറയ്ക്ക് നൽകിവരുന്നുമുണ്ട്. ടി അപേക്ഷകൾ അതാത് ജില്ലകളിലെ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് കൺസർവേറ്റർമാർക്ക് ടി പദ്ധതിക്കായി പത്രപ്പരസ്യത്തിലൂടെ അപേക്ഷ ക്ഷണിക്കുന്ന മുറയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫോറത്തിന്റെ പകർപ്പ് അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(ഇ) ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവ്, കുളം, ആൽത്തറ എന്നിവ സംരക്ഷിക്കുന്നതിന് 2014-15 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപ വിവിധ ദേവസ്വങ്ങൾക്കായി അനുവദിച്ചതിന്റെ വിശദവിവരം അനുബന്ധം ആയി ചേർക്കുന്നു.*

## എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരമുള്ള ജലവിഭവ വകുപ്പിന്റെ പദ്ധതികൾ

155(2624) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം ജലവിഭവ വകുപ്പിനെ ഏൽപ്പിച്ച പ്രവൃത്തികൾ നടപ്പാക്കുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് ഗുരുതരമായ അലംഭാവം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം ഉദ്യോഗസ്ഥരുടെ മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭരണാനുമതി ലഭിച്ച പദ്ധതികളിൽ എത്ര എണ്ണം പൂർത്തീകരിച്ചു; എത്ര പദ്ധതികളുടെ പ്രവൃത്തി ആരംഭിച്ചു;

(സി) കുണ്ടറ മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം അനുവദിച്ച പദ്ധതികളിൽ ഭരണാനുമതി ലഭിച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചവ ഏതെല്ലാം; ഭരണാനുമതി ലഭ്യമാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്തവയുണ്ടോ ; എങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) <u>കേരള ജല അതോറിറ്റി :</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം 89 പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും 28 പദ്ധതികൾ പൂർത്തീകരിക്കുകയും 49 പദ്ധതികളുടെ പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

<u>ജലസേചന വകുപ്പ് :</u>

എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം 132 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും 81 പദ്ധതികൾ പൂർത്തീകരിക്കുകയും 25 പദ്ധതികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

<u>പദ്ധതി വിഭാഗം 1 :</u>

പദ്ധതി വിഭാഗം 1-ന് കീഴിൽ കുറ്റ്യാടി ജലസേചന പദ്ധതി ഡിവിഷനിൽ മൂന്ന് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അവയുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. ചിറ്റൂർ ഡിവിഷനിൽ രണ്ട് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയതിൽ ഒരു പ്രവൃത്തി പൂർത്തീകരിക്കുകയും ഒരു പ്രവൃത്തി പുരോഗമിച്ചുവരികയും ചെയ്യുന്നു.

<u>പദ്ധതി വിഭാഗം 2 :</u>

105 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും 78 പ്രവൃത്തികൾ പൂർത്തീകരിക്കുകയും 26 പ്രവൃത്തികൾ പുരോഗമിക്കുകയും ഒരു പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) <u>കേരള ജല അതോറിറ്റി</u>

കുണ്ടറ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

1. കുണ്ടറ പഞ്ചായത്തിലെ കുണ്ടുകുളം പദ്ധതി 19-12-2015 അവസാന തീയതിയായി ടെണ്ടർ ചെയ്തിട്ടുണ്ട്.

2. പേരയം പഞ്ചായത്തിലെ കോട്ടപ്പുറം പദ്ധതിയുടെ 2 ടെണ്ടറുകൾ പരിശോധിച്ചുവരുന്നു. കോട്ടപ്പുറം പദ്ധതിക്കാവശ്യമായ സ്ഥലം ഏറ്റെടുത്ത് നൽകുന്നതിലെ താമസവും ആദ്യ ടെണ്ടറിൽ കരാറുകാർ പങ്കെടുക്കാത്തതുമാണ് പദ്ധതി നിർവ്വഹണം താമസിക്കാനുള്ള പ്രധാന കാരണം.

3. കുണ്ടറ നിയോജകമണ്ഡലത്തിലെ കൊറ്റംകര പഞ്ചായത്തിലേക്കുള്ള ശുദ്ധജല വിപുലീകരണ പദ്ധതിക്ക് 100 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഡി.എസ്.ആർ. (Delhi Schedule of Rates) അനുസരിച്ച് പദ്ധതി പുതുക്കേണ്ടി വന്നതിനാൽ പദ്ധതി അടങ്കൽ തുക 120 ലക്ഷമായി ഉയർന്നു. ഇതനുസരിച്ച് 120 ലക്ഷം രൂപയുടെ പുതുക്കിയ പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ജലസേചന വകുപ്പ്</u>

കുണ്ടറ നിയോജകമണ്ഡലത്തിൽ ഒരു പ്രവൃത്തിക്ക് അനുമതി നൽകിയിട്ടുണ്ട് (കുണ്ടറ പഞ്ചായത്തിൽ കക്കോലിൽ കുണ്ടുകുളത്തിന്റെ നവീകരണവും അനുബന്ധ പ്രവൃത്തികളും-30 ലക്ഷം രൂപ). മൂന്നുതവണ ടെണ്ടർ വിളിച്ചെങ്കിലും കോൺട്രാക്ടർമാരിൽ നിന്നും പ്രതികരണം ഉണ്ടാകാത്തതിനാൽ ആയത് ക്വട്ടേഷൻ വഴി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി - ഏറനാട്**

156(2625) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി ഏറനാട് നിയോജകമണ്ഡലത്തിൽ എത്ര കുളങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ടെന്നുള്ള വിവരം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏറനാട് നിയോജക മണ്ഡലത്തിൽ എത്ര കുളങ്ങളുടെ പണി പൂർത്തിയായിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി ഏറനാട് നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന കുളങ്ങൾ നവീകരണത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്.

1. പാറോടിക്കുളം
2. മൈലാടി കോളനിക്കുളം

(ബി) പ്രസ്തുത പദ്ധതി പ്രകാരം പാറോടിക്കുളത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്. മൈലാടി കോളനിക്കുളത്തിന്റെ പണി സ്ഥലത്തർക്കംമൂലം തുടങ്ങുവാൻ സാധിച്ചിട്ടില്ല.

**മംഗലം ഡാം സമഗ്ര കുടിവെള്ള പദ്ധതി**

157(2626) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ മംഗലം ഡാം സമഗ്ര കുടിവെള്ള പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് വാട്ടർ അതോറിറ്റിയും ജലവിഭവ വകുപ്പും തമ്മിൽ എന്തെങ്കിലും തർക്കം നിലവിലുണ്ടോ;

(സി) പദ്ധതി നടത്തിപ്പിനായി സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടിക്രമം പൂർത്തീകരിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതി എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) ആലത്തൂർ നിയോജക മണ്ഡലത്തിലെ മംഗലം ഡാം സ്രോതസ്സായുള്ള 5960 ലക്ഷം രൂപ അടങ്കൽ തുകയുള്ള വാഴി-കിഴക്കൻചേരി-വടക്കൻചേരി കുടിവെള്ള പദ്ധതി 14-5-2014-ലെ SLSSC (സംസ്ഥാനതല പദ്ധതി അനുമതി കമ്മിറ്റി)-യിൽ അംഗീകാരത്തിനായി സമർപ്പിക്കുകയുണ്ടായി. സംസ്ഥാനതല പദ്ധതി അനുമതി കമ്മിറ്റി ടി പദ്ധതിയുടെ ഒന്നാംഘട്ടമായി 2000 ലക്ഷം രൂപ അനുവദിച്ച് അംഗീകാരം നൽകിയിട്ടുണ്ട്. തുടർന്ന് 8-10-2014-ലെ ജി.ഒ.(ആർറ്റി.) നമ്പർ 954/2014/ജവിവ. സർക്കാർ ഉത്തരവ് പ്രകാരം പദ്ധതിക്ക് ഭരണാനുമതി ലഭിക്കുകയുണ്ടായി. ഇതുപ്രകാരം 2000 ലക്ഷം രൂപയ്ക്കുള്ള പുതുക്കിയ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതിക്കാവശ്യമായ സ്ഥലം കേരള ജല അതോറിറ്റിക്ക് ലഭ്യമാകാത്തതിനാൽ പദ്ധതി നിർവ്വഹണം ആരംഭിച്ചിട്ടില്ല. മംഗലം ഡാം സമഗ്ര ശുദ്ധജല വിതരണ പദ്ധതിക്കുവേണ്ടി കിണർ, ടാങ്ക് തുടങ്ങിയവ നിർമ്മിക്കുന്നതിന് ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള മംഗലം ഡാം വില്ലേജിൽ ബ്ലോക്ക് 50-ൽ റീസർവ്വേ 1-ൽപ്പെട്ട 250 സെന്റ് സ്ഥലത്തിന് കേരള ജലഅതോറിറ്റിക്ക് ഉപയോഗാനുമതി നൽകിയിട്ടുണ്ട്.

**ജലമലിനീകരണം**

158 (2627) <u>ശ്രീ. സി. എഫ്. തോമസ്</u> :
<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ശ്രീ. റ്റി. യു. കുരുവിള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല സ്രോതസ്സുകളിലെ വ്യാവസായിക-ജൈവമാലിന്യങ്ങൾമൂലമുണ്ടാകുന്ന മലിനീകരണം തടയുന്നതിനും ഇവ സംരക്ഷിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) മിക്ക സംസ്ഥാനങ്ങളിലെയും വരൾച്ചാ സാഹചര്യം മുൻനിർത്തി ജല സംരക്ഷണത്തിനായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാം;

(സി) ഉപയോഗശൂന്യമായി കിടക്കുന്ന ജല സ്രോതസ്സുകൾ നവീകരിക്കുന്നതിനും ശുദ്ധജലം സംരക്ഷിക്കുന്നതിനും പ്രാദേശിക അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 1974-ലെ ജല നിയമപ്രകാരം ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ആവശ്യമാണ്. 1974-ലെ ജല (മലിനീകരണവും നിയന്ത്രണവും) നിയമപ്രകാരം വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, ഹോട്ടലുകൾ, റിസോർട്ടുകൾ, ഉത്തുംഗ കെട്ടിടങ്ങൾ തുടങ്ങിയ മലിനീകരണ സാധ്യതയുള്ള എല്ലാ സ്ഥാപനങ്ങളും ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയുടെ പരിധിയിൽ കൊണ്ടുവന്നത് പ്രകാരം പ്രസ്തുത സ്ഥാപനങ്ങളിൽ ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിച്ചും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു. നദികളിലേക്ക് വന്നുചേരുന്ന പ്രധാന നീർച്ചാലുകൾ/തോടുകൾ എന്നിവ മാലിന്യം കലരാതെ സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തികളും നഗരപ്രദേശങ്ങളിലെ മാലിന്യ നിക്ഷേപം തടയുന്നതിനായി സാമ്പത്തിക ലഭ്യതയനുസരിച്ച് കമ്പിവേലി നിർമ്മാണവും ഓരുജലം കയറി നദീജലം മലിനമാകുന്നത് തടയുന്നതിനായി റെഗുലേറ്ററുകൾ നിർമ്മിച്ചും നീരൊഴുക്ക് സ്ഥായിയായി നിലനിർത്തുന്നതിന് ചെക്ക് ഡാമുകൾ നിർമ്മിച്ചും ഫ്ലഷ് ഔട്ട് സംവിധാനം പമ്പയാറിൽ നടപ്പാക്കിയും വർഷകാലത്ത് ഡാമുകളിൽ ശേഖരിച്ചിട്ടുള്ള വെള്ളം തുറന്നുവിട്ട് മാലിന്യങ്ങൾ നദികളിൽ സ്ഥിരമായി കെട്ടിനിൽക്കാതെ സംരക്ഷിക്കാനുമുള്ള പദ്ധതികളും നിലവിൽ നടപ്പിലാക്കി വരുന്നുണ്ട്.

സംസ്ഥാനത്തെ പുഴകളുടെ മലിനീകരണത്തിന്റെ തോത് നിർണ്ണയിക്കുന്നതിനായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ നാഷണൽ ആംബിയന്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പദ്ധതിയിലും സ്റ്റേറ്റ് ആംബിയന്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പദ്ധതിയിലും ഉൾപ്പെടുത്തി കേരളത്തിലെ നദികളിൽ വിവിധ സ്ഥലങ്ങളിലായി വിവിധ സ്റ്റേഷനുകളിൽനിന്നും മലിനീകരണ നിയന്ത്രണ ബോർഡ് വെള്ളത്തിന്റെ സാമ്പിളുകൾ ക്രമമായി ശേഖരിച്ച് പരിശോധന നടത്തിവരുന്നു. ഹൗസ് ബോട്ടുകളിൽനിന്നുള്ള സ്വീവേജും ഗാർബേജും എഞ്ചിനിൽനിന്നുള്ള എണ്ണയും കായൽ മലിനീകരണമുണ്ടാക്കുന്നതിന് കാരണമാകുന്നു. ഇത് നിയന്ത്രിക്കുന്നതിനായി ഹൗസ്ബോട്ടുകളെ ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. കുമരകത്ത് ഹൗസ് ബോട്ടുകളിൽ നിന്നുള്ള സ്വീവേജ് സംസ്കരിക്കുന്നതിനായി ഒരു പൊതുമലിനജല ശുദ്ധീകരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 180 കെ.എൽ.ഡി. ശേഷിയുള്ള ഒരു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നീലംപേരൂർ പഞ്ചായത്തിലെ കുന്നമ്മ വില്ലേജിൽ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ജലസംരക്ഷണം ലക്ഷ്യംവച്ച് കേരളത്തിലെ പുഴകളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഭാരതപ്പുഴയെ ഒരു പൈലറ്റ് പ്രോജക്ടായി തെരഞ്ഞെടുത്ത് അതിന്റെ സംരക്ഷണത്തിനും വികസനത്തിനുമായുള്ള ഒരു സമഗ്ര പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 1222 കോടി രൂപയുടെ വിശദമായ പദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. 2013-14 സാമ്പത്തിക വർഷത്തിൽ ഭാരതപ്പുഴയ്ക്ക് കുറുകെ പുതിയ സാങ്കേതികവിദ്യയിൽ മന്നന്നൂരിൽ തടയണ നിർമ്മിക്കുന്നതിന് 489.44 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി. കൂടാതെ ഭാരതപ്പുഴ ബേസിനിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ചെക്ക് ഡാമുകളും റഗുലേറ്ററുകളും നിർമ്മിക്കുന്നതിനുള്ള പര്യവേഷണ ജോലികൾക്കും സർവ്വേ ചെയ്യുന്നതിനുമായി 4.70 കോടി രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകുകയും ചെയ്തു. ചാലിയാർ നദീതടത്തിന്റെ കരട് മാസ്റ്റർ പ്ലാൻ CWRDM തയ്യാറാക്കിയിട്ടുണ്ട്.

കോട്ടയം ജില്ലയിലെ ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായി ഒന്നാം ഘട്ടമായി മീനച്ചിലാറിലും കൈവഴികളിലും മിനിഡാമുകളും, രണ്ടാംഘട്ടമായി പഴുക്കാനം ഡാമും കനാലും, മൂന്നാംഘട്ടമായി ടണലും ചെയ്യുവാൻ ഉദ്ദേശ്യമിട്ട് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇപ്രകാരം 6 മിനി ഡാമുകൾക്കും ഒരു ചെക്ക് ഡാമിനും ഭരണാനുമതിയും, ഇതിൽപ്പെട്ട 4 മിനി ഡാമുകളുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. മറ്റ് മിനി ഡാമുകൾക്ക് സാങ്കേതികാനുമതി ലഭിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, മീനച്ചിൽ നദീതട പദ്ധതിയിൽ ഉൾപ്പെടുന്ന പഴുക്കാനം ഡാമിനും കനാലുകൾക്കുമായി 131 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ജലസ്രോതസ്സുകൾ ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടികൾ ജലസേചന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൂടെ ആവശ്യപ്രകാരമാണ്.

**ആർ.ഒ. പ്ലാന്റുകൾ സ്ഥാപിക്കാൻ നടപടി**

159(2628) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ എത്ര ആർ. ഒ. പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും അവയിൽ എത്രയെണ്ണം പ്രവർത്തന ക്ഷമമാണെന്നും വ്യക്തമാക്കുമോ ;

(ബി) പ്രവർത്തനക്ഷമമല്ലാത്തവ പ്രവർത്തനക്ഷമമാക്കുന്നതിന് എം.എൽ.എ. ഫണ്ടിൽ നിന്നും എന്തു തുക അനുവദിച്ചു; എത്ര പ്ലാന്റുകൾ പ്രവർത്തനക്ഷമമാക്കി; വിശദമാക്കുമോ;

(സി) കാലപ്പഴക്കംമൂലം പ്രവർത്തനക്ഷമമല്ലാതായ പ്ലാന്റുകൾ മാറ്റി പുതിയവ സ്ഥാപിക്കുവാൻ നടപടി സ്വീകിരിക്കുമോ?

<u>ഉത്തരം</u>

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ ആകെ 12 ആർ.ഒ. പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. അവയിൽ 10 എണ്ണം പ്രവർത്തനക്ഷമമാണ്. കൂടാതെ മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി 6 ആർ.ഒ. പ്ലാന്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രവർത്തനക്ഷമമല്ലാത്തവ പ്രവർത്തനക്ഷമമാക്കുന്നതിന് എം.എൽ.എ. ഫണ്ടിൽനിന്നും 2013-14 കാലയളവിൽ 10,87,800 രൂപ അനുവദിച്ചു. 9 പ്ലാന്റുകൾ ഈ തുക ഉപയോഗിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ പുതിയ ആർ.ഒ. പ്ലാന്റുകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുവാൻ കഴിയുകയുള്ളൂ.

**ഡി.ആർ.ഐ.പി. ഇറിഗേഷൻ പദ്ധതി**

160(2629) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക ബാങ്ക് സഹായത്തോടെ ഇറിഗേഷൻ വകുപ്പ് കേരളത്തിൽ ആരംഭിച്ചിരിക്കുന്ന ഡി.ആർ.ഐ.പി.-യിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ എത്ര പ്രവൃത്തികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) സാമ്പത്തിക സഹായം നൽകിയ സ്ഥാപനം നിർദ്ദേശിച്ചിരിക്കുന്ന വ്യവസ്ഥകളും നിർദ്ദേശങ്ങളും പരിശോധിച്ച് മാത്രമാണോ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്; പരാതികൾ എന്തെങ്കിലും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സാമ്പത്തിക സഹായം നൽകിയ സ്ഥാപനം 2015 ഡിസംബർ 31 വരെയുള്ള വർക്കുകളുടെ എഗ്രിമെന്റുകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മൂലത്തറ റെഗുലേറ്ററിൽ ഡി.ആർ.ഐ.പി.-യിൽ ഉൾപ്പെടുത്തി പ്രവൃത്തിക്ക് അനുമതി ലഭിച്ചിട്ടും ഇതുവരേയും ടെണ്ടർ നടപടികൾ തുടങ്ങാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിലെ മലമ്പുഴ, വാളയാർ, ചുള്ളിയാർ, മീൻകര, പോത്തുണ്ടി എന്നിവിടങ്ങളിലെ അണക്കെട്ടുകളിലെയും മൂലത്തറ റഗുലേറ്ററിലേയും ഉൾപ്പെടെ ആറ് പ്രവൃത്തികൾ ലോകബാങ്ക് സഹായത്തോടെ ജലസേചന വകുപ്പ് ആരംഭിച്ചിരിക്കുന്ന ഡ്രിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചിട്ടുണ്ട്. കാഞ്ഞിരപ്പുഴ അണക്കെട്ടിലെ പ്രവൃത്തിക്കുള്ള അനുമതി സംബന്ധിച്ച നിർദ്ദേശം ലോകബാങ്കിന്റെ പരിഗണനയിലാണ്.

(ബി) സാമ്പത്തിക സഹായം നൽകിയ സ്ഥാപനം നിർദ്ദേശിച്ചിരുന്ന വ്യവസ്ഥകളും നിർദ്ദേശങ്ങളും പരിശോധിച്ച ശേഷമാണ് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. പോത്തുണ്ടി, ചുള്ളിയാർ എന്നിവിടങ്ങളിലെ അണക്കെട്ടുകളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ സംബന്ധിച്ച് ശ്രീ. വൈ. ശ്ലീബാച്ചൻ എന്ന കരാറുകാരൻ രണ്ട് കേസ്സുകൾ കോടതിയിൽ ഫയൽ ചെയ്യുകയും പ്രസ്തുത രണ്ട് കേസ്സുകളും കോടതി തള്ളിക്കളയുകയും ചെയ്തു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) മൂലത്തറ റെഗുലേറ്ററിലെ; ഡ്രിപ്പിൽ ഉൾപ്പെട്ട പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമാക്കുന്നതിന് മുന്നോടിയായി ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധന ആവശ്യമാണ്. അനുമതിക്കുള്ള നിർദ്ദേശം ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധിച്ചുവരുന്നു. നിർദ്ദേശത്തിൻമേൽ CTE-യുടെ അഭിപ്രായം ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടികൾ നിയമാനുസരണം സ്വീകരിക്കാൻ കഴിയുന്നതാണ്.

**ഒരു കുളം പദ്ധതി**

161(2630) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം ആലത്തൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം കുളങ്ങളാണ് തെരഞ്ഞെടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതെങ്കിലും കുളത്തിന്റെ നവീകരണം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) കുളങ്ങളുടെ നവീകരണം അടിയന്തരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം ആലത്തൂർ നിയോജകമണ്ഡലത്തിൽ നവീകരണ പ്രവൃത്തികൾ ഒന്നുംതന്നെയില്ല. എന്നാൽ ആലത്തൂർ നിയോജകമണ്ഡലത്തിലെ കിഴക്കഞ്ചേരി പഞ്ചായത്തിലെ കാട്ടുകുളങ്ങര ക്ഷേത്രക്കുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തി RRR Scheme-ൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്.

**കേരള വാട്ടർ അതോറിറ്റി**

162(2631) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിലെ ഏതെങ്കിലും ശുദ്ധീകരണ ശാലകളിൽ ആന്ത്രസൈറ്റ് ഫിൾട്ടർ ഉപയോഗിക്കുന്നുണ്ടോ; എങ്കിൽ എവിടെ ; പ്രസ്തുത ഫിൽട്ടറിന്റെ നിർമ്മാണത്തിന് എത്ര തുക ചെലവാക്കിയെന്നും തുടർ പരിപാലന ചെലവ് എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) ജലശുദ്ധീകരണത്തിന് മണൽ, ആന്ത്രസൈറ്റ് എന്നിവയുടെ കാര്യക്ഷമതയെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ദക്ഷിണ മേഖലയുടെ പരിധിയിൽ അടൂർ ചിരാണിക്കൽ 12.38 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയിൽ ആന്ത്രസൈറ്റ് ഫിൽട്ടർ ഉപയോഗിക്കുന്നുണ്ട്. പ്രസ്തുത ഫിൽട്ടറിന്റെ നിർമ്മാണത്തിന് 43.09 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. തുടർ പരിപാലനത്തിന് സാധാരണ ട്രീറ്റ്മെന്റ് പ്ലാന്റുകളിലുള്ളതിന് സമാനമായ ചെലവുകൾ മാത്രമേ വരുന്നുള്ളൂ. 2009 മുതൽ ഇതുവരെ ഫിൽട്ടർ മീഡിയ മാറ്റേണ്ടിവന്നിട്ടില്ലാത്തതിനാൽ പ്രവർത്തിപ്പിക്കാനുള്ള ചെലവുകൾ മാത്രമേ വന്നിട്ടുള്ളൂ.

(ബി) ജല അതോറിറ്റി നിയോഗിച്ച ഒരു കമ്മിറ്റി പഠനം നടത്തിയിട്ടുണ്ട്. ജല അതോറിറ്റിയുടെ 15-9-2009-ലെ 326-ാമത് യോഗതീരുമാന പ്രകാരം കൽക്കട്ടയിലെ AIIH & PH-ലെ മുൻഡയറക്ടർ പ്രൊഫ. മജുംദാറിന്റെ നേതൃത്വത്തിൽ ഒരു സാങ്കേതിക കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. വിശദമായ ചെലവ് - നേട്ടം (കോസ്റ്റ് ബെനിഫിറ്റ്) തയ്യാറാക്കി വിശകലനം ചെയ്യുകയും, ആന്ത്രസൈറ്റിന്റെ ലഭ്യതയും ഉറപ്പാക്കിയിട്ട് മാത്രമേ നിലവിലുള്ള പദ്ധതികളിൽ ഇത് സ്ഥാപിക്കാൻ കഴിയുകയുള്ളൂ. കൂടാതെ കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം രണ്ട് പുതിയ പ്രോജക്ടുകളിൽ (മാള ജലനിധി പദ്ധതി, കാസർഗോഡ് ഗവൺമെന്റ് ആശുപത്രി എന്നിവിടങ്ങളിൽ) ആന്ത്രസൈറ്റ് ഫിൽട്ടർ ഉപയോഗിക്കാൻ കേരള ജല അതോറിറ്റിയുടെ 25-7-2013-ലെ 363-ാമത് യോഗതീരുമാന പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

**കേരള വാട്ടർ അതോറിറ്റിയിലെ ഐ.ടി. വിഭാഗം**

163(2632) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ഐ.ടി. വിഭാഗത്തിൽ ഏതെല്ലാം തസ്തികളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) കേരള വാട്ടർ അതോറിറ്റിയിലെ സ്ഥിരം ജീവനക്കാരിൽ മതിയായ വിദ്യാഭ്യാസ യോഗ്യതയുള്ളവരെ ഉൾപ്പെടുത്തി ഐ.ടി വിഭാഗം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി ഐ.ടി. വിഭാഗത്തിൽ നിലവിലുള്ള തസ്തികകൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | - | 2 |
| അസിസ്റ്റന്റ് എഞ്ചിനീയർ<br>(ഒരാൾ വർക്കിംഗ് അറേഞ്ച്മെന്റ്) | - | 2 |
| കമ്പ്യൂട്ടർ ഓപ്പറേറ്റർ | - | 1 |
| അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ് | - | 1 |
| നെറ്റ്‌വർക്ക് സപ്പോർട്ടർ<br>(വർക്കിംഗ് അറേഞ്ച്മെന്റ്) | - | 2 |

(ബി) മതിയായ വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തിപരിചയവുമുള്ള ജീവനക്കാരെയാണ് നിലവിൽ ഐ.ടി. വിഭാഗത്തിൽ നിയമിച്ചിരിക്കുന്നത്. ഇവരുടെ മേൽനോട്ടത്തിൽ ഐ.ടി. വിഭാഗം വളരെയധികം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

**കേരള വാട്ടർ അതോറിറ്റിയിൽ തസ്തിക സൃഷ്ടിക്കൽ**

164(2633) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ മെയിന്റനൻസ് സബ് ഡിവിഷനുകളിൽ സൂപ്രണ്ട് തസ്തിക നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ മെയിന്റനൻസ് സബ്ഡിവിഷനുകളിൽ പ്രസ്തുത തസ്തിക സൃഷ്ടിച്ചാൽ പ്ലാന്റുകളുടെയും അതോറിറ്റിയുടെ പമ്പ് ഹൗസുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുവാൻ കഴിയുമോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത ഓഫീസുകളിൽ സൂപ്രണ്ട് തസ്തിക സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) കേരള വാട്ടർ അതോറിറ്റിയിലെ പമ്പ് ഓപ്പറേറ്റർ, ക്ലാസ്സ് IV ഓവർസിയർ, ഡ്രാഫ്റ്റ്സ്മാൻ, പ്ളംബർ, ഫിറ്റർ, ഇലക്ട്രീഷ്യൻ, മീറ്റർ റീഡർ മുതലായ തസ്തികകളുടെ പ്രൊമോഷൻ തസ്തികളുടെ എണ്ണം വർദ്ധിപ്പിച്ച് പ്രൊമോഷൻ സമയബന്ധിതമായി നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ മെയിന്റനൻസ് സബ്ഡിവിഷനുകളിലും സൂപ്രണ്ട് തസ്തിക നിലവിലില്ല.

(ബി) ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(സി) പ്രൊമോഷൻ തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കണമെങ്കിൽ പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

**കേരള വാട്ടർ അതോറിറ്റിയിൽ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിലുള്ള കാലതാമസം**

165(2634) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി പെൻഷനായ ജീവനക്കാർക്ക് കമ്മ്യൂട്ടേഷൻ, ഗ്രാറ്റുവിറ്റി എന്നിവ നൽകുന്നതിന് 3 വർഷത്തെ കാലതാമസം ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തു സാഹചര്യത്തിലാണ് ഇപ്രകാരം കാലതാമസം ഉണ്ടായതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ആനുകൂല്യങ്ങൾ നല്കുന്നതിനായി വാട്ടർ അതോറിറ്റി വായ്പ എടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) എത്ര തുകയാണ് ഇതിനായി സർക്കാർ വാട്ടർ അതോറിറ്റിക്ക് നൽകിയതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിൽ പെൻഷനായ ജീവനക്കാർക്ക് കമ്മ്യൂട്ടേഷൻ, ഗ്രാറ്റുവിറ്റി എന്നിവ നൽകുന്നതിന് ഫണ്ടിന്റെ ലഭ്യത കുറവുകാരണം കാലതാമസമുണ്ടായിട്ടുണ്ട്. അതാത് മാസത്തെ പെൻഷൻ കൃത്യമായി നൽകിവരുന്നു.

(ബി) വായ്പ എടുത്തിട്ടില്ല.

(സി) സർക്കാരിൽനിന്നും പ്രത്യേകമായി തുകയൊന്നും നൽകിയിട്ടില്ല.

**കേരള വാട്ടർ അതോറിറ്റിയിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറുകൾ**

166(2635) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ ഏതെല്ലാം സോഫ്റ്റ്‌വെയറുകളാണ് ഇപ്പോൾ ഉപയോഗിക്കുന്നത്; ഇവ തയ്യാറാക്കിയ കമ്പനിയുടെ പേരും ഓരോന്നിനും ചെലവായ തുകയും വ്യക്തമാക്കാമോ;

(ബി) ജിക്ക പദ്ധതിയുടെ ഭാഗമായ ഇ-ഗവേണൻസ് പദ്ധതിയിൽ ഏതെല്ലാം സോഫ്റ്റ്‌വെയർ പാക്കേജുകളാണ് വിഭാവന ചെയ്തിരിക്കുന്നത്; ഇതിൽ എത്രയെണ്ണം പൂർത്തിയായി; മറ്റുള്ളവ ടെണ്ടർ ചെയ്തു പൂർത്തിയാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഇവ ഓരോന്നിനും എന്ത് തുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള വാട്ടർ അതോറിറ്റിയിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറുകളുടെ പേരും തയ്യാറാക്കിയ കമ്പനിയുടെ പേരും തയ്യാറാക്കിയതിന് ചെലവായ തുകയും അനുബന്ധമായി ചേർക്കുന്നു.*

(ബി) ജിക്ക പദ്ധതിയുടെ ഭാഗമായി Complaint Redressal System (CRS), Project Monitoring System (PMS), Management Information System (MIS)/Enterprises Resource Planning (ERP) എന്നിവയാണ് വിഭാവന ചെയ്തിരുന്നത്. ഇതിൽ CRS-ഉം PMS-ഉം പൂർത്തിയായിട്ടുണ്ട്. ERP സിസ്റ്റത്തിനുവേണ്ടി ടെണ്ടർ ചെയ്ത് കോൺട്രാക്ടറെ സെലക്ട് ചെയ്തിരിക്കുകയാണ്. ഫണ്ട് ലഭ്യതയനുസരിച്ച് പണികൾ തുടങ്ങുന്നതാണ്.

| | | | |
|---|---|---|---|
| (സി) | CRS | - | 26 ലക്ഷം രൂപ |
| | PMS | - | 38 ലക്ഷം രൂപ |
| | ERP | - | തുകയൊന്നും ചെലവായിട്ടില്ല. |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കേരള വാട്ടർ അതോറിറ്റിയിൽ സബ്സെക്ഷനുകൾ**

167(2636) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ ഇലക്ട്രിക്കൽ വിഭാഗം രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശം നൽകുമോ ;

(ബി) കേരള വാട്ടർ അതോറിറ്റിയിൽ സബ് സെക്ഷനുകൾ ആരംഭിക്കുന്നത് അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സഹായകമാകുമോ; എങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിൽ നിലവിൽ ഇലക്ട്രിക്കൽ വിഭാഗം പ്രവർത്തിക്കുന്നുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ സെക്ഷൻ ഓഫീസുകളും വളരെയധികം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. സബ്സെക്ഷനുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**പുതിയ വാട്ടർ കണക്ഷൻ നൽകുന്നതിന് പദ്ധതി**

168(2637) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ വാട്ടർ കണക്ഷൻ നൽകുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പുതിയ വാട്ടർ കണക്ഷനുകൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഉടനെതന്നെ ഒരു കണക്ഷൻ കാമ്പെയിൻ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) സാങ്കേതിക സാധ്യതയുള്ളതായ എല്ലാ കണക്ഷനുകളും നൽകുന്നതിനും ഇതുവഴി പരമാവധി ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്.

(സി) പ്രസ്തുത കണക്ഷൻ കാമ്പെയിൻ സംബന്ധിച്ച നടപടികൾ സ്വീകരിക്കുവാൻ കേരള വാട്ടർ അതോറിറ്റിയിലെ മൂന്ന് മേഖലാ ചീഫ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**പമ്പ് ഓപ്പറേറ്റർമാരെ സ്ഥിരപ്പെടുത്തൽ**

169(2638) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിട്ടിയിൽ 10 വർഷത്തിൽ കൂടുതലായി ജോലി ചെയ്യുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം ലഭിച്ച പമ്പ് ഓപ്പറേറ്റർമാർ ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇവർക്ക് വേതനം വിതരണം ചെയ്യുന്നത് എപ്രകാരമാണ് ;

(സി) ജലസേചന വകുപ്പിൽ 10 വർഷത്തിൽ കൂടുതൽ കാലം ജോലി നോക്കിയിരുന്ന പമ്പ് ഓപ്പറേറ്റർമാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിയിലെ പമ്പ് ഓപ്പറേറ്റർമാരെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) പമ്പ് ഓപ്പറേറ്റർമാരായി ആരേയും സ്ഥിരപ്പെടുത്തിയിട്ടില്ല.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

**പമ്പ് ഓപ്പറേറ്റർമാർക്ക് ശമ്പളവിതരണം നടത്തുന്നില്ലെന്ന പരാതി**

170(2639) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര വാട്ടർ അതോറിറ്റി ഡിവിഷന്റെ കീഴിലുള്ള പമ്പ് ഓപ്പറേറ്റർമാർക്ക് 2014 ഫെബ്രുവരി മാസത്തെ ശമ്പളം വിതരണം ചെയ്തിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ശമ്പളവിതരണം നടത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ഇവരുടെ ശമ്പള വിതരണം ഉടൻ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) റഗുലർ പമ്പ് ഓപ്പറേറ്റർമാരുടെ ശമ്പളം വിതരണം ചെയ്തിട്ടുണ്ട്. അരുവിക്കര വാട്ടർ അതോറിറ്റി ഡിവിഷന്റെ കീഴിലുള്ള എച്ച്.ആർ. പമ്പ് ഓപ്പറേറ്റർമാർക്ക് 2014 ഫെബ്രുവരി മാസത്തെ ശമ്പളം വിതരണം ചെയ്തിട്ടില്ല.

(ബി) മാസംതോറും ശമ്പളത്തോടൊപ്പം നൽകിയ എച്ച്.ആർ. തുകയുടെ വരവ് ചെലവ് കണക്കുകൾ ലഭിക്കാത്തതുകൊണ്ട് ഹെഡ് ഓഫീസിൽനിന്നും അധിക തുക നൽകിയിട്ടില്ല.

(സി) കണക്കുകൾ പരിശോധിച്ച് കുടിശ്ശിക വിതരണം ചെയ്യാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**ഏറനാട് റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം**

171 (2640) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ എടവണ്ണാ പന്നിപ്പാറ പള്ളിമുക്കിൽ ചാലിയാർപ്പുഴയ്ക്ക് കുറുകെ റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തി സംബന്ധിച്ച നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും ഭരണാനുമതി ലഭിക്കുന്നതിന് തടസ്സമെന്താണെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഏറനാട് മണ്ഡലത്തിലെ എടവണ്ണാ പന്നിപ്പാറ പള്ളിമുക്കിൽ ചാലിയാർ പുഴയ്ക്ക് കുറുകെ റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള സിവിൽ വിഭാഗത്തിന്റെ ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗത്തിന്റെ ഡിസൈൻ ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി.-യുടെ പരിഗണനയിലാണ്.

**പൈപ്പ് പോളിസി**

172(2641) <u>ശ്രീ. എ. റ്റി. ജോർജ്</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :
<u>ശ്രീ. സി. പി. മുഹമ്മദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൈപ്പ് പോളിസി നടപ്പാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി വിഭാവന ചെയ്യുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മുൻകാലങ്ങളിൽ വൻകിട ശുദ്ധജലവിതരണ പദ്ധതികളിൽ സംഭവിച്ച പൈപ്പുപൊട്ടലുകൾ വിശകലനം ചെയ്ത് വിവിധ ആവശ്യങ്ങൾക്ക് ഏറ്റവും അനുയോജ്യമായ പൈപ്പുകളുടെ മെറ്റീരിയൽ തിരഞ്ഞെടുക്കുന്നതിൽ ഏകീകരണം നടപ്പിലാക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് പൈപ്പ് പോളിസി രൂപീകരിച്ചത്. ശുദ്ധജല/സ്വീവറേജ് പദ്ധതികൾക്കായി ഉപയോഗിക്കുന്ന വിവിധതരം പൈപ്പുകളുടെ ഗുണങ്ങളെയും ദോഷങ്ങളെയുംപ്പറ്റിയുള്ള വിവരണങ്ങളാണ് പൈപ്പ് പോളിസിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഓരോ സാഹചര്യത്തിനനുസരിച്ചുള്ള ഏറ്റവും യുക്തമായ പൈപ്പ് തിരഞ്ഞെടുക്കുകയെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയാണ് കേരള വാട്ടർ അതോറിറ്റി പൈപ്പ് പോളിസി തയ്യാറാക്കിയിരിക്കുന്നത്.

(സി) പൈപ്പ് പോളിസി കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിലും ബുക്ക് രൂപത്തിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വാട്ടർ അതോറിറ്റിയുടെ വെബ്സൈറ്റിൽ ലഭ്യമാണ്. എല്ലാ എഞ്ചിനീയർമാർക്കും പൈപ്പ് പോളിസിയുടെ നിബന്ധനയനുസരിച്ച് പദ്ധതി ആവിഷ്കരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് പ്രകാരമാണ് ഇപ്പോൾ കേരള വാട്ടർ അതോറിറ്റിയിൽ പദ്ധതി തയ്യാറാക്കുന്നത്.

## ജലസേചന വകുപ്പ് ഹൈഡ്രോളജി വിഭാഗം താൽക്കാലിക ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ

173(2642) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ കീഴിലുള്ള ഹൈഡ്രോളജി വിഭാഗത്തിൽ ടൈഡൽ ഗേജ് ഒബ്സർവർ, റിവർഗേജ് അസിസ്റ്റന്റ്, ക്ലൈമാറ്റിക് സ്റ്റേഷൻ ഒബ്സർവർ, റെയിൻഗേജ് ഒബ്സർവർ എന്നീ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന 10 വർഷത്തിലധികം സർവ്വീസുള്ള എത്ര ജീവനക്കാരുണ്ട്; ഇവരുടെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) സർക്കാർ നിയമമനുസരിച്ച് 10 വർഷം സർവ്വീസുള്ള ഇത്തരം ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; ഇതുസംബന്ധിച്ച് ഫയൽ നിലവിലുണ്ടോ; ഇതിൽ എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളത് ?

ഉത്തരം

(എ&ബി) ടൈഡൽ ഗേജ് ഒബ്സർവർ, റിവർഗേജ് ക്ലൈമാറ്റിക് സ്റ്റേഷൻ ഒബ്സർവർ, റെയിൻഗേജ് ഒബ്സർവർ എന്നീ തസ്തികകളിൽ ഒരു വർഷത്തേക്ക് ക്വട്ടേഷൻ വ്യവസ്ഥയിലാണ് നിയമനം നടത്തുന്നത്. ക്വട്ടേഷൻ അംഗീകരിച്ച് കഴിഞ്ഞാൽ ഡിപ്പാർട്ടുമെന്റുമായി ഒരു ഉടമ്പടിയിൽ ഏർപ്പെടും. ജോലിയിൽ ഏർപ്പെടുന്ന ഡിപ്പാർട്ടുമെന്റിൽനിന്നും മറ്റ് ആനുകൂല്യങ്ങളോ അവകാശങ്ങളോ ആവശ്യപ്പെടാൻ പാടില്ലായെന്നും ഡിപ്പാർട്ടുമെന്റ് ഗേജ് റീഡിംഗ് നിർത്തൽ ചെയ്യുകയാണെങ്കിൽ യാതൊരുവിധ പ്രതിഫലമോ അവകാശമോ കൂടാതെ പിരിഞ്ഞുപോകുന്നതാണെന്നും ഉടമ്പടിയിൽ വ്യവസ്ഥയുണ്ട്. മാത്രമല്ല മേൽപ്പറഞ്ഞ വിഭാഗങ്ങൾക്ക് സ്ഥിരം തസ്തികകൾ നിലവിലില്ല.

### ചെക്ക് ഡാമുകളും റഗുലേറ്ററുകളും പണിയുവാൻ നടപടി

174(2643) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളിലൂടെ ഒഴുകി കടലിൽ പതിക്കുന്ന ജലം വിവിധ സ്ഥലങ്ങളിൽ തടയണകൾ നിർമ്മിച്ച് സംഭരിച്ച് ഉപയോഗിക്കുന്നതിനായി എല്ലാ നദീതീരങ്ങളിലും പഠനങ്ങൾ നടത്തി ചെക്ക് ഡാമുകളും റെഗുലേറ്ററുകളും പണിയുമെന്ന് 2013-14-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിക്കായി എന്ത് തുകയാണ് നീക്കിവച്ചതെന്നും അതിൽ എന്ത് തുകയുടെ ഏതെല്ലാം പദ്ധതികൾ നടപ്പാക്കിയെന്നും വ്യക്തമാക്കുമോ ;

(സി) ഇപ്രകാരം എത്ര തടയണകൾ എവിടെയെല്ലാം നിർമ്മിച്ചുവെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) 2013-14 ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് ജലസേചന വകുപ്പിന്റെ കീഴിൽ തടയണ നിർമ്മിക്കുന്നതിനായി സ.ഉ. (സാധാ) നമ്പർ 416/2014/ജവിവ തീയതി 25-4-2014 പ്രകാരം 183 തടയണകൾ നിർമ്മിക്കുന്നതിലേക്കായി 106.60 കോടി രൂപയും സ.ഉ. (സാധാ) നമ്പർ 1112/2014/ജവിവ തീയതി 24-11-2014 പ്രകാരം 7 തടയണകൾ നിർമ്മിക്കുന്നതിലേക്കായി 3.78 കോടി രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. പൂർത്തിയാക്കിയ പദ്ധതികളുടെ ജില്ല തിരിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു.* ബാക്കിയുള്ളവ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

### ശുദ്ധജല വിതരണ പദ്ധതികൾക്ക് നബാർഡ് ധനസഹായം

175(2644) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മാസത്തിനുശേഷം നാളിതുവരെയായി കണ്ണൂർ ജില്ലയിലെ ഏതെല്ലാം ശുദ്ധജല വിതരണ പദ്ധതികൾക്ക് നബാർഡ് ധനസഹായം ലഭിച്ചിട്ടുണ്ടെന്നും ഓരോ പദ്ധതിക്കും എത്ര തുക വീതം ലഭിച്ചുവെന്നും വ്യക്തമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ശിവപുരം-തില്ലങ്കേരി ശുദ്ധജല വിതരണ പദ്ധതിക്ക് നബാർഡ് ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നു വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ആർ.ഐ.ഡി.എഫ്.-20-ൽ പയ്യാവൂർ എരവെശ്ശി എന്ന പദ്ധതിക്ക് നബാർഡിൽനിന്നും 35 കോടി രൂപയുടെ ധനസഹായം 2014-15-ൽ ലഭിച്ചിട്ടുണ്ട്.

(ബി) ശിവപുരം-തില്ലങ്കരി ശുദ്ധജല വിതരണ പദ്ധതിക്ക് 2014-15-ലെ NABARD RIDF XX-ലേക്ക് അനുമതി ലഭിക്കുന്നതിനുവേണ്ടി കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം അനുമതി നൽകിയില്ല. ഇപ്പോൾ പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് DSR 2014 പ്രകാരം പുതുക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**ശുദ്ധജല വിതരണം**

176(2645) <u>ശ്രീ. സി. പി. മുഹമ്മദ്</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. വി. റ്റി. ബൽറാം</u> :
<u>ശ്രീ. കെ. ശിവദാസൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജല വിതരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 'എല്ലാവർക്കും കുടിവെള്ളം എല്ലായ്പ്പോഴും' എന്ന ആശയം ഉൾക്കൊണ്ട് 2015-ൽ സംസ്ഥാനത്തെ 60 ശതമാനം ജനങ്ങൾക്ക് പൈപ്പുവഴി കുടിവെള്ളം ലഭ്യമാക്കുന്നതിലേക്കായി നഗര ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിവരുന്നു. ഇവ നടപ്പിലാക്കുന്നതിലേക്കായി കേന്ദ്ര-സംസ്ഥാന ധനസഹായവും ബാങ്കുകൾ, വിദേശ ഏജൻസികൾ എന്നിവയിലൂടെ ധനസഹായവും പ്രയോജനപ്പെടുത്തുന്നു.

ജലനിധി രണ്ടാംഘട്ട പദ്ധതി നടപ്പാക്കുന്നതിലൂടെ 200-ഓളം ഗ്രാമപഞ്ചായത്തുകളിൽ 20 ലക്ഷത്തോളം പേർക്ക് ആവശ്യാധിഷ്ഠിതമായി സുസ്ഥിരവും ഗുണമേൻമയേറിയതുമായ കുടിവെള്ള വിതരണവും ശുചിത്വ സംവിധാനങ്ങളും നൽകുകയെന്ന ലക്ഷ്യം കൈവരിക്കാൻ ഉദ്ദേശിക്കുന്നു. അതിനുപുറമേ പരിസ്ഥിതി സംരക്ഷണം, ഭൂജല സംവർദ്ധനം, പഞ്ചായത്ത് ശാക്തീകരണം എന്നീ കർമ്മ പരിപാടികളും ഇതിനോടനുബന്ധിച്ച് നടപ്പിലാക്കുകവഴി ഗ്രാമീണ മേഖലയെ എല്ലാ തലത്തിലും ശക്തിപ്പെടുത്തുകയെന്ന ഉദ്ദേശ്യലക്ഷ്യവും ജലനിധി പദ്ധതികൾക്കുണ്ട്.

(സി) ശുദ്ധജല വിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് അവയുടെ പ്രവർത്തന പുരോഗതികൾ വിവിധ തലങ്ങളിൽ വിലയിരുത്തി അതിനാവശ്യമായ നടപടികൾ വിവിധ തലങ്ങളിൽ തീരുമാനമെടുത്തും ഓരോ തലങ്ങളിലും വ്യക്തമായ 'സമയപരിധി' നിശ്ചയിച്ച് ദ്രുതഗതിയിൽ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ടെണ്ടർ നടപടികൾ വേഗത്തിൽ നടപ്പാക്കുന്നതിനായി ഇ-ടെണ്ടർ രീതി നടപ്പാക്കിവരുന്നു. കൂടാതെ റെയിൽവേ ക്രോസ്സിംഗ്, റോഡ് കട്ടിംഗ്/ക്രോസ്സിംഗ് എന്നിവയ്ക്കാവശ്യമായിട്ടുള്ള ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നുമുള്ള ഇതുവരെ ലഭിക്കാത്ത അനുമതികൾ ലഭ്യമാക്കാനായി വിവിധ തലങ്ങളിലുള്ള ഓഫീസുകളുമായി ബന്ധപ്പെട്ട്, ആവശ്യമായ അനുമതികൾ നേടിയെടുത്ത് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതികൾ ദ്രുതഗതിയിൽ നടപ്പാക്കാനായി വിവിധ പഞ്ചായത്തുകളിൽനിന്നും സ്ഥലം ലഭ്യമാക്കാനുള്ള നടപടികളും അതിവേഗം സ്വീകരിച്ചുവരുന്നു.

ജലനിധി ലോകബാങ്ക് ധനസഹായത്തോടുകൂടി 2012 ഫെബ്രുവരി മാസത്തിൽ തുടങ്ങി 5 ½ വർഷത്തെ കാലയളവിനുള്ളിൽ കമ്മീഷൻ ചെയ്യുന്ന ജലനിധി പദ്ധതിയുടെ കൂട്ടുടമസ്ഥത ജനകീയ സമിതികൾക്കും ഗ്രാമപഞ്ചായത്തുകൾക്കുമാണ്. എന്നാൽ തുടർപരിപാലനവും മേൽനോട്ടവും ജനകീയ സമിതികൾക്കാണ്. അധികാര വികേന്ദ്രീകരണത്തിന്റെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളെയും ജനകീയ സമിതികളെയും ശാക്തീകരിക്കുന്നതിനുള്ള പ്രത്യേക പരിശീലനവും നടത്തി വരുന്നു. ഭരണതലത്തിൽ ഇത്തരം നടപടികൾ സ്വീകരിച്ച് ഗ്രാമീണ ശുദ്ധജല വിതരണത്തിൽ മികവ് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

## നൂറനാട് പാറ്റൂർ കുടിവെള്ള പദ്ധതി

177(2646) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ നൂറനാട് പാറ്റൂർ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ശുദ്ധീകരണശാലയുടെ പൂർണ്ണതോതിലുള്ള പ്രവർത്തനത്തിനായി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനും ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനും മറ്റുമായി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) തയ്യാറാക്കിയ എസ്റ്റിമേറ്റനുസരിച്ചുള്ള തുകയ്ക്ക് നബാർഡിന്റെ അംഗീകാരം ലഭ്യമായോയെന്ന് വിശദമാക്കുമോ ; നബാർഡ് ഫണ്ട് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത കുടിവെള്ള പദ്ധതി എന്ന് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) നൂറനാട്, ചുനക്കര സമീപ വില്ലേജുകൾക്കുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ സ്രോതസ്സും കിണറും പമ്പ് ഹൗസും നിലവിലുള്ളതുതന്നെയാണ്. ഘട്ടം ഒന്നിന്റെയും ഘട്ടം രണ്ടിന്റെയും പൊതുഘടകമായ റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിച്ചുകഴിഞ്ഞു. 170 കുതിരശക്തിയുള്ള 2 റോ വാട്ടർ പമ്പുസെറ്റ് വിതരണം ചെയ്തുകഴിഞ്ഞു. ജലശുദ്ധീകരണശാല നിർമ്മാണവും ക്ലിയർ വാട്ടർ പമ്പിംഗ് മെയിനും 4.50 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതലസംഭരണിയും ഭൂതല സംഭരണിയിൽനിന്നും ചുനക്കരയിലേക്കുള്ള 250 എം.എം. ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിനും പൂർത്തീകരിച്ചു. മാവേലിക്കര മണ്ഡലത്തിലെ നൂറനാട് പാറ്റൂർ കുടിവെള്ള പദ്ധതിയുടെ റോ വാട്ടർ പമ്പ് ചെയ്യുന്ന ഇടപ്പോണിലെ പമ്പ് ഹൗസ് നവീകരിക്കുന്നതിനുള്ള അനുമതിയായിട്ടുണ്ട്. പമ്പ് ഹൗസിന്റെ നവീകരണ പ്രവർത്തനങ്ങളും അതിനോട് ചേർന്ന പാനൽ ബോർഡ് റൂം നിർമ്മിക്കുന്ന പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. ഇതുകൂടാതെ സബ്സ്റ്റേഷനും ട്രാൻസ്ഫോർമറും സ്ഥാപിക്കുന്നതിനും 130 കുതിരശക്തിയുള്ള 2 പമ്പ്സെറ്റ് ശുദ്ധീകരണശാലയുടെ ക്ലിയർ വാട്ടർ പമ്പ് ഹൗസിൽ സ്ഥാപിച്ച് പാലമേൽ, താമരക്കുളം, ചുനക്കര എന്നീ പ്രദേശങ്ങളിൽ എത്തിക്കുവാനും

ജലശുദ്ധീകരണശാലയ്ക്ക് ചുറ്റുമതിൽ നിർമ്മിക്കുന്നതിനും വിതരണ കുഴലുകൾ സ്ഥാപിക്കുന്നതിനുമായി പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് പ്രകാരം 4 കോടി രൂപയുടെ എസ്റ്റിമേറ്റ് എസ്.എൽ.എസ്.സി.-യിൽ സമർപ്പിക്കുവാൻ കേരള വാട്ടർ അതോറിറ്റി നടപടി സ്വീകരിച്ചുവരുന്നു. റോ വാട്ടർ പമ്പ് ഹൗസിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ കഴിഞ്ഞാൽ നൂറനാട് പ്രദേശത്തേക്ക് ശുദ്ധജല വിതരണം നടത്താൻ സാധിക്കുന്നതാണ്.

(ബി) മേൽ പ്രസ്താവിച്ച 4 കോടി രൂപയുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനും 250 കെ.വി.എ. ട്രാൻസ്ഫോർമറിനുമായുള്ള 42 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

(സി) പ്രസ്തുത പദ്ധതി 2015-ലെ എസ്.എൽ.എസ്.എസ്.സി.-യുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) മാർച്ച് 2016-ൽ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യാൻ സാധിക്കും (സോൺ-1). എല്ലാ ഘടകങ്ങളുമുൾപ്പെടെ പദ്ധതി 2018-19-ൽ പൂർണ്ണമായും കമ്മീഷൻ ചെയ്യാൻ സാധിക്കുന്നതാണ്.

**നദികളിലെ മണൽവാരൽ**

178(2647) <u>ശ്രീ. കെ. അജിത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം നദികളിൽ നിന്നാണ് മണൽ വാരുന്നതിനുള്ള അനുവാദം നൽകിയിട്ടുള്ളതെന്നും ഇതിനു നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം എന്തൊക്കെയെന്നും വ്യക്തമാക്കുമോ;

(ബി) നദികളിലെ മണലിന്റെ ലഭ്യത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ നദിയിലും ഇത് സംബന്ധിച്ച് കണ്ടെത്തിയ വസ്തുതകൾ വ്യക്തമാക്കുമോ;

(സി) പുഴകളിലെ മണൽ ഖനനം സംബന്ധിച്ച് ഏതൊക്കെ വകുപ്പുകൾക്കാണ് നിയന്ത്രണാധികാരങ്ങൾ ഉള്ളതെന്നു വ്യക്തമാക്കുമോ?

---
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) പമ്പ, പെരിയാർ, കടലുണ്ടി, ഇത്തിക്കര, ചാലിയാർ, മൂവാറ്റുപുഴ എന്നീ നദികളിൽനിന്ന് അടുത്ത മൂന്ന് വർഷത്തേക്ക് വ്യവസ്ഥകൾക്ക് വിധേയമായി മണൽ ഖനനം ചെയ്യുന്നതിന് അനുമതി നൽകുവാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വ്യവസ്ഥകൾ താഴെ ചേർക്കും പ്രകാരമാണ്:

1. SEIAA-യുടെ പാരിസ്ഥിതികാനുമതി ലഭ്യമായശേഷം മണൽ ഖനനം നടത്താവുന്നതാണ്.
2. മണൽ ഖനനം നടത്തേണ്ടത് ഘട്ടംഘട്ടമായാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.
3. നദികളിൽ ഓരോ മൂന്നുവർഷം കൂടുമ്പോഴും സാന്റ് ആഡിറ്റിംഗ് നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം ഖനനം ചെയ്യാവുന്ന മണലിന്റെ അളവ് പുതുക്കി നിശ്ചയിക്കാവുന്നതാണ്.
4. സമ്മർ വാട്ടർ ലെവലിംഗിന് മുകളിലുള്ള മണലാണ് വാരാവുന്നത്. ആകെ മണലിന്റെ മൂന്നിലൊന്ന് വീതം ഓരോ വർഷവും വാരാവുന്നതാണ്.

(ബി) കേരളത്തിലെ 20 നദികളിൽ സാന്റ് ആഡിറ്റിംഗ് നടത്തുന്നതിന് ഈ മേഖലയിൽ പ്രാവീണ്യമുള്ള വ്യത്യസ്ത സ്വകാര്യ ഏജൻസികളെ നിയോഗിക്കുകയും, 14 നദികളുടെ സാന്റ് ആഡിറ്റിംഗ് റിപ്പോർട്ടുകൾ NCESS, CWRDM ഇവയിൽ ഏതെങ്കിലും പരിശോധിച്ചശേഷം റിവർ മാനേജ്മെന്റ് സെൽ ശിപാർശയോടെ സർക്കാരിൽ സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ട് ആധാരമാക്കി നദികളിലെ മണലിന്റെ ലഭ്യത സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്. പമ്പ, പെരിയാർ, കടലുണ്ടി, ഇത്തിക്കര, ചാലിയാർ, മൂവാറ്റുപുഴ എന്നീ നദികളിൽനിന്ന് അടുത്ത മൂന്ന് വർഷത്തേക്ക് മണൽ ഖനനം അനുവദിച്ചുകൊണ്ടും, മണൽലഭ്യത കുറവായ കബനി, കുറ്റ്യാടി, കല്ലട, നെയ്യാർ, വാമനപുരം, ചന്ദ്രഗിരി, അഞ്ചരക്കണ്ടി, കരുവന്നൂർ എന്നീ നദികളിൽ മണൽവാരൽ നിരോധിച്ചുകൊണ്ടും ഇതിനോടകം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഓരോ നദിയിലും പഠനത്തിലൂടെ വെളിയായ വസ്തുതകൾ ആധാരമാക്കിയാണ് മണൽ ഖനനത്തിന് അനുമതി നൽകിവരുന്നത്.

(സി) പുഴകളിലെ മണൽ ഖനനം സംബന്ധിച്ച നിയന്ത്രണാധികാരം മുഖ്യമായും റവന്യൂ വകുപ്പിൽ നിക്ഷിപ്തമാണ്.

**പുഴകളുടെ സംരക്ഷണം**

179(2648) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പുഴകളുടെ പരിപാലനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) പുഴകൾ മലിനീകരിക്കപ്പെടുന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) അപകടകരമായ രീതിയിൽ മലിനജലം ഒഴുകുന്ന പുഴകൾ ഉണ്ടോ എന്നും എങ്കിൽ അവ ഏതെല്ലാമാമെന്നും അറിയിക്കുമോ; ഇത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(ഡി) കേരളത്തിൽ ഓരോ വർഷവും ജലത്തിന്റെ അളവ് കുറഞ്ഞു കൊണ്ടിരിക്കുന്നതും വർദ്ധിച്ചുകൊണ്ടിരിക്കുന്നതുമായ നദികൾ ഉണ്ടോ; ഏതെല്ലാം; ഇതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഉണ്ട്. സംസ്ഥാനത്തിന്റെ വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി 23 നദികളിലെ 115 സ്റ്റേഷനുകളിൽനിന്നും നാഷണൽ വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാമിൽപ്പെടുത്തി 42 നദികളിലെ 65 സ്റ്റേഷനുകളിൽനിന്നും 7 റിവുലറ്റ് സ്റ്റേഷനുകളിൽനിന്നും ജല സാമ്പിളുകൾ ക്രമമായി ശേഖരിച്ച് പരിശോധന നടത്തിവരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജല-വായു ഗുണനിലവാര ഡയറക്ടറി എല്ലാ വർഷവും പ്രസിദ്ധീകരിച്ചുവരുന്നു. ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തിവരുന്നു. 1974-ലെ ജല (മലിനീകരണവും നിയന്ത്രണവും) നിയമംമൂലം വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവയെ ജല നിയമപ്രകാരമുള്ള അനുമതിപരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിച്ചും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു. കൂടാതെ 2000 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള പാർപ്പിട ഉത്തുംഗ കെട്ടിടങ്ങൾക്കും (High rise building) സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർബന്ധമാക്കിയിട്ടുണ്ട്.

ശബരിമല സീസൺ കാലത്ത് പമ്പാനദിയിൽ പമ്പാഭാഗത്ത് കോളിഫോം ബാക്ടീരിയയുടെ അളവ് വളരെയധികം കൂടുതലായി കണ്ടിട്ടുണ്ട്. തീർത്ഥാടന സമയത്ത് പമ്പയിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽനിന്നുള്ള ശുദ്ധീകരിച്ച പാഴ്ജലത്തിന്റെയും പമ്പാനദിയിലെ ജലത്തിന്റെയും ഗുണനിലവാരം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ദിവസവും പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സമയാസമയങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ തിരുവിതാംകൂർ ദേവസ്വം ബോർഡിനും കേരള വാട്ടർ അതോറിറ്റിക്കും നൽകിവരുന്നു. കൂടാതെ, തിരുവിതാംകൂർ ദേവസ്വം ബോർഡ് നടപ്പിലാക്കുന്ന ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ അവലോകനം ചെയ്ത് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. പമ്പാനദിയിൽ ഭക്തജനങ്ങൾ വസ്ത്രങ്ങൾ ഉപേക്ഷിച്ച് പോകുന്നത് തടയുന്നതിനായി ഈ വർഷം എൻ.എസ്.എസ്. വോളന്റിയർമാരുടെയും പോലീസ് സേനയുടെയും സഹായത്തോടെ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ലഭ്യമാകുന്ന മഴയുടെ തോതനുസരിച്ച് നദികളിലെ ജലത്തിന്റെ അളവ് വ്യത്യാസപ്പെടുമെങ്കിലും ജലവിതരണം സ്ഥിരമായി കുറഞ്ഞിരിക്കുന്നതോ, കൂടിയിരിക്കുന്നതോ ആയ പുഴകൾ ഒന്നുംതന്നെയില്ല.

**സംസ്ഥാനം നേരിടുന്ന അതിരൂക്ഷമായ വരൾച്ചയും കാലാവസ്ഥാ വ്യതിയാനവും**

180(2649) <u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന അതിരൂക്ഷമായ വരൾച്ചയും കാലാവസ്ഥാ വ്യതിയാനവും കണക്കിലെടുത്ത്, ലഭ്യമായ ജലം പരമാവധി സംരക്ഷിച്ച് കുടിവെള്ള വിതരണത്തിനും കൃഷിക്കും മറ്റനുബന്ധാവശ്യങ്ങൾക്കും തടസ്സമില്ലാതെ നൽകാൻ പറ്റുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കുമെന്ന് 2013-14-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നോ ; വ്യക്തമാക്കുമോ;

(ബി) ഇതിനായി പ്രസ്തുത വർഷത്തെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടായിരുന്നുവെന്നും അതിൽ എത്ര തുക ഖജനാവിൽ നിന്നും ചെലവഴിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) പ്രഖ്യാപിച്ചിട്ടുണ്ട്. നദികളിലൂടെ ഒഴുകി കടലിൽ പതിക്കുന്ന ജലം വിവിധ സ്ഥലങ്ങളിൽ തടയണകൾ നിർമ്മിച്ച് സംഭരിച്ച് ഉപയോഗയോഗ്യമാക്കുന്നതിലേക്കായി 700 ഓളം തടയണകൾ ഘട്ടംഘട്ടമായി നിർമ്മിക്കുന്നതിന് 400 കോടി രൂപയുടെ ബൃഹദ് പദ്ധതി 2013-14-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ഭൂജല വകുപ്പുമായി ബന്ധപ്പെട്ട 2013-14 ബഡ്ജറ്റിൽ കിണറുകൾ റീചാർജ് ചെയ്യലും മഴവെള്ള സംരക്ഷണവും ജനകീയ പദ്ധതികളായി ഏറ്റെടുക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു.

(ബി) 183 തടയണകൾ നിർമ്മിക്കുന്നതിനായി 25-4-2014-ൽ 106.60 കോടി രൂപയും 7 തടയണകളുടെ നിർമ്മാണത്തിനായി 24-11-2014-ൽ 3.78 കോടി രൂപയും അനുവദിച്ചു. ഇവ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. 2013-14, 2014-15 വർഷങ്ങളിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. കൂടാതെ, കൃത്രിമ ഭൂജല സംപോഷണ പദ്ധതിയുടെ ഭാഗമായി 2013-14 വർഷം 60 ലക്ഷം രൂപ അനുവദിച്ചു. ഇതിൽ 58 ലക്ഷം രൂപ വിനിയോഗിച്ച് 75 പദ്ധതികൾ പൂർത്തീകരിച്ചു. രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയിൽ 4 കോടി രൂപ വകയിരുത്തുകയും അതിൽ 3.95 കോടി രൂപ വിനിയോഗിച്ച് 150 കുഴൽക്കിണർ, 73 ചെറുകിട കുടിവെള്ള പദ്ധതികൾ, 90 ഹാൻഡ് പമ്പ് പദ്ധതികൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

**വാട്ടർ അതോറിറ്റി ജീവനക്കാർക്ക് മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി**

181(2650) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി ജീവനക്കാർക്ക് നടപ്പിലാക്കിയ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രീമിയം തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ ജീവനക്കാർക്കും വേണ്ടി എത്ര തുക പ്രീമിയം അടച്ചു എന്നു വ്യക്തമാക്കുന്ന രേഖ എല്ലാ ജീവനക്കാർക്കും നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനു നടപടി സ്വീകരിക്കുമോ ;

(സി) മെഡിക്കൽ സ്പെഷ്യൽ സാങ്ഷൻ ഉത്തരവാക്കാത്തതുമൂലം ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നഷ്ടമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കെട്ടിക്കിടക്കുന്ന മെഡിക്കൽ സ്പെഷ്യൽ സാങ്ഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) വാട്ടർ അതോറിറ്റി ജീവനക്കാർക്കുവേണ്ടി നടപ്പിലാക്കിയ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രീമിയം തുക 6,95,51,843 രൂപയാണ്. (2015 വർഷത്തേക്ക്)

(ബി) ഇൻഷ്വറൻസ് പരിധിയിൽ എല്ലാ ജീവനക്കാരെയും ഉൾപ്പെടുത്തി എന്നതിന് രേഖയായി ഇൻഷ്വറൻസ് കാർഡ് എല്ലാ ജീവനക്കാർക്കും ലഭ്യമാക്കിയിട്ടുണ്ട്. നാളിതുവരെ കാർഡ് ലഭിക്കാത്ത ജീവനക്കാർക്ക് കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) മെഡിക്കൽ സ്പെഷ്യൽ സാംഗ്ഷനുള്ള അപേക്ഷകൾ സർക്കാരിൽ കെട്ടിക്കിടക്കുന്നില്ല.

**ചടയമംഗലം മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പ്രവർത്തനം**

182(2651) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011 മേയ് മാസം മുതൽ 2015 നവംബർ വരെ ചടയമംഗലം മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; ഇതിനായി എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

<u>കേരള ജല അതോറിറ്റി :</u>

2011 മേയ് മാസം മുതൽ 2015 നവംബർ വരെ ചടയമംഗലം മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ജല അതോറിറ്റി നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.* വരൾച്ച, ദുരിതാശ്വാസം, എം.എൽ.എ. എ.ഡി.എഫ്., 29 ആർ.ഡബ്ല്യു. എസ്.എസ്. എന്നിവയിൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ നീട്ടൽ, പമ്പുസെറ്റ് സ്ഥാപിക്കൽ, മറ്റ് അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി ഈ കാലയളവിൽ 6,03,88,387 രൂപ ചെലവായിട്ടുണ്ട്. കൂടാതെ കുളത്തുപ്പുഴയ്ക്കും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള ത്വരിത ഗ്രാമീണ പദ്ധതിയുടെ ഒന്നാംഘട്ടത്തിനായി 1492.64 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കുളത്തുപ്പുഴ പദ്ധതിയുടെ രണ്ടാംഘട്ടം പുതുക്കിയ പദ്ധതിക്കായി 513.74 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഭൂജല വകുപ്പ് :

ചടയമംഗലം മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ഭൂജല വകുപ്പ് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

ജലസേചന വകുപ്പ് :

2011 മേയ് മാസം മുതൽ 2015 നവംബർ വരെ ചടയമംഗലം മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവർത്തനങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

**വാട്ടർ അതോറിറ്റിയിലെ അധികാര വികേന്ദ്രീകരണം**

183(2652) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ അധികാര വികേന്ദ്രീകരണത്തിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 14-9-1999-ലെ നടപടിക്രമം നമ്പർ കെ.ഡബ്ല്യു.എ/എച്ച്.ഒ./ഡബ്ല്യു.എൻ/33/97 പ്രകാരം കേരള വാട്ടർ അതോറിറ്റിയിലെ ഉദ്യോഗസ്ഥരുടെ അധികാരം സംബന്ധിച്ചുള്ള നടപടികൾക്ക് ഉത്തരവാകുകയും ആയത് നടപ്പിലാക്കിവരികയും ചെയ്യുന്നു.

(ബി) വാട്ടർ അതോറിറ്റിയുടെ നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനും സേവനങ്ങൾ കൃത്യമായി ജനങ്ങളിലെത്തിക്കുന്നതിനും വേണ്ടിയാണ് പദ്ധതിവഴി ലക്ഷ്യമിട്ടത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 14-9-1999-ലെ മാനേജിംഗ് ഡയറക്ടറുടെ നടപടിക്രമം നമ്പർ കെ.ഡബ്ല്യു.എ/എച്ച്.ഒ./ഡബ്ല്യു.എൻ/33/97 പ്രകാരം അധികാര വികേന്ദ്രീകരണത്തെ കുറിച്ചുള്ള വിശദമായ ഉത്തരവിറക്കുകയും ആയതിൻപ്രകാരം നടപടിക്രമങ്ങൾ പാലിച്ചുവരികയും ചെയ്യുന്നു.

## കേരള വാട്ടർ അതോറിറ്റിയിലെ എഞ്ചിനീയർ തസ്തികകൾ

184(2653) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികകളിൽ എത്ര വീതം തസ്തികകളാണ് ഉള്ളത് ;

(ബി) നിലവിലുള്ള സ്പെഷ്യൽ റൂളിന്റെ അടിസ്ഥാനത്തിൽ യോഗ്യതയുള്ളവർക്ക് അർഹതപ്പെട്ട തസ്തികകൾ എത്ര വീതമാണ്;

(സി) എ.ഇ, എ.എക്സ്.ഇ തസ്തികകളിൽ ജോലിചെയ്യുന്ന ഡിഗ്രി, ഡിപ്ലോമ, ഐ.ടി.ഐ യോഗ്യതയുള്ളവർക്ക് അർഹതപ്പെട്ട തസ്തികകൾ എത്ര വീതമാണ്;

(ഡി) പ്രസ്തുത യോഗ്യതയുള്ളവരുടെ എണ്ണം ഇനം തിരിച്ച് വ്യക്തമാക്കാമോ; സ്പെഷ്യൽ റൂൾ അനുസരിച്ച് ഒരോ വിഭാഗത്തിനും അർഹമായ എണ്ണം തന്നെയാണോ യഥാർത്ഥത്തിൽ ഉള്ളതെന്നും അല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) വാട്ടർ അതോറിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ 404-ഉം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 231-ഉം തസ്തികകളാണുള്ളത്.

(ബി&സി) അസിസ്റ്റന്റ് എഞ്ചിനീയർ - 404

| | | |
|---|---|---|
| Direct | - | 218 |
| Diploma | - | 122 |
| Certificate | - | 40 |
| In-service | - | 24 |

<u>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ-231</u>

| | | |
|---|---|---|
| Degree | - | 174 |
| Diploma | - | 57 |

(ഡി) നിലവിൽ പ്രസ്തുത യോഗ്യതയുള്ളവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

<u>അസിസ്റ്റന്റ് എഞ്ചിനീയർ</u>

| | | |
|---|---|---|
| Direct | - | 145 |
| Diploma | - | 185 |
| Certificate | - | 57 |
| In-service | - | 17 |

<u>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ</u>

| | | |
|---|---|---|
| Degree | - | 191 |
| Diploma | - | 27 |

അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ഈ ഒഴിവുകളിലേക്ക് ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-I-ൽ നിന്നും താൽക്കാലിക പ്രൊമോഷൻ നൽകിയിട്ടുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ ഡിപ്ലോമ യോഗ്യതയുള്ളവർക്ക് നൽകേണ്ട 17 തസ്തികകളിലേക്ക് ഉയർന്ന സർവ്വീസിലുള്ള ഡിഗ്രിക്കാർക്ക് 24-7-2012-ലെ സ.ഉ.(എംഎസ്.) നമ്പർ 51/12/ജ.വി.വ. പ്രകാരം പ്രൊമോഷൻ നൽകിയതിനാലാണ് നിലവിലുള്ള ഡിഗ്രിക്കാരുടെ എണ്ണം അംഗീകൃത ഡിഗ്രിക്കാരുടെ എണ്ണത്തേക്കാൾ കൂടിയത്.

**വാട്ടർ അതോറിറ്റിയിൽ ചീഫ് എഞ്ചിനീയർ തസ്തികകൾ**

185(2654) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ അഞ്ച് ചീഫ് എഞ്ചിനീയർ തസ്തികകൾ മാസങ്ങളായി ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നിലേക്കായി 21-11-2015-ൽ ഡി.പി.സി. കൂടി സെലക്ട് ലിസ്റ്റ് അംഗീകരിച്ച് നൽകിയിട്ടുണ്ട്. നിയമന ഉത്തരവ് ഉടൻ നൽകുന്നതാണ്.

**വാട്ടർ അതോറിറ്റിയുടെ വരുമാനവും ചെലവും**

186(2655) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ വാട്ടർ അതോറിറ്റിയുടെ റവന്യൂ വരുമാനവും റവന്യൂ ചെലവും എത്രയെന്ന് ഇനം തിരിച്ച് അറിയിക്കാമോ;

(ബി) എത്ര രൂപയാണ് സംസ്ഥാന സർക്കാർ നോൺപ്ലാൻ ഗ്രാന്റ് ആയി ഈ സാമ്പത്തിക വർഷത്തിൽ വാട്ടർ അതോറിറ്റിക്ക് നൽകിയത് ?

ഉത്തരം

(എ) വാട്ടർ ചാർജ്ജ് ഇനത്തിൽ 30-11-2015 വരെ 306.90 കോടി രൂപ ലഭിച്ചു. ഷെയർ ഡെബിറ്റ്, പലിശ, മറ്റ് വരുമാനം എന്നീ ഇനങ്ങളിൽ 30.93 കോടി രൂപ ലഭിച്ചു. 30-11-2015 വരെയുള്ള ചെലവ് തരംതിരിച്ച് താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| ശമ്പളം | : | 218.47 കോടി രൂപ |
| പെൻഷൻ | : | 92.10 കോടി രൂപ |
| ഉദ്യോഗസ്ഥരുടെ ലീവ്, സറണ്ടർ, മെഡിക്കൽ അലവൻസ് തുടങ്ങിയ ചെലവ് | : | 33.24 കോടി രൂപ |
| ഓഫീസ് ചെലവ് | : | 14.68 കോടി രൂപ |

| | | |
|---|---|---|
| എച്ച്.ആർ. വേജസ് | : | 46.08 കോടി രൂപ |
| അറ്റകുറ്റപ്പണികൾ | : | 72.69 കോടി രൂപ |
| ലോണുകളുടെ തിരിച്ചടവ് | : | 5.08 കോടി രൂപ |
| പെൻഷൻ ആനുകൂല്യങ്ങൾ (ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, അരിയർ & ടെർമിനൽ സറണ്ടർ) | : | 62.19 കോടി രൂപ |
| വൈദ്യുതി ചെലവ് | : | 15.21 കോടി രൂപ |
| ആകെ | : | 559.74 കോടി രൂപ |

(ബി) 147.06 കോടി രൂപയാണ് 30-11-2015 വരെ സംസ്ഥാന സർക്കാരിൽനിന്നും നോൺ പ്ലാൻ ഗ്രാന്റായി ലഭിച്ചത്.

**വാട്ടർ അതോറിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ**

187(2656) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയർമരുടെ എത്ര തസ്തികകളാണ് ഇപ്പോൾ ഒഴിഞ്ഞു കിടക്കുന്നത് ; വ്യക്തമാക്കുമോ;

(ബി) ഡിഗ്രി, ഡിപ്ലോമ, സർട്ടിഫിക്കറ്റ് കാറ്റഗറികളിലെ ഒഴിവുകൾ എത്രയാണ്; വ്യക്തമാക്കുമോ;

(സി) വാട്ടർ അതോറിറ്റിയിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലുള്ള നിയമനത്തിന് പി.എസ്.സി. അപേക്ഷ ക്ഷണിച്ചത് എന്നാണെന്ന് അറിയുമോ; ഈ നിയമനം വൈകുന്നത് എന്തുകൊണ്ടാണ്; നിയമനത്തിനുള്ള നടപടി ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ വാട്ടർ അതോറിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ മൂന്ന് ഒഴിവുകളുണ്ട്.

(ബി) മൂന്ന് ഒഴിവുകളും ഡിഗ്രി കാറ്റഗറിയിലാണ്.

(സി) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽനിന്നും വിവരം ശേഖരിച്ച് നൽകുന്നതാണ്.

**കുടിവെള്ള വിതരണം-നൂതന സാങ്കേതിക വിദ്യ**

188(2657) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിൽ ഓസ്മോസിസ് പ്ലാന്റുകളോ മറ്റ് പുതിയ സാങ്കേതിക വിദ്യകളോ ഉപയോഗപ്പെടുത്തി കുടിവെള്ള വിതരണം നടത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്നും എന്ത് സാങ്കേതിക വിദ്യയാണ് ഉപയോഗപ്പെടുത്തിയതെന്നും ഇതിന് ആകെ എത്ര തുക ചെലവായിട്ടുണ്ടെന്നും ആവർത്തന ചെലവ് എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ മാതൃകയിലാണോ ഇത്തരം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ആലപ്പുഴ നഗരത്തിൽ കേരള ജല അതോറിറ്റിയുടെ കീഴിൽ 18 ആർ.ഒ. പ്ലാന്റുകൾ പ്രവർത്തിച്ചുവരുന്നു. റിവേഴ്സ് ഓസ്മോസിസ് സാങ്കേിത വിദ്യയാണ് ഇതിലുപയോഗിച്ചിട്ടുള്ളത്. ഒരു പ്ലാന്റിന് ഏകദേശം 4.75 ലക്ഷം രൂപ ചെലവ് വരും. കൂടാതെ ഇതിന്റെ ആവർത്തന ചെലവുകൾക്കായി ഏകദേശം 1 മുതൽ 1.5 ലക്ഷം രൂപവരെ വേണ്ടിവരുന്നുണ്ട്.

(സി) നിലവിൽ പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ മാതൃകയിലുള്ള പദ്ധതികളൊന്നും കേരള ജല അതോറിറ്റി ആവിഷ്കരിച്ച് നടപ്പിലാക്കുന്നില്ല.

**ധർമ്മടം നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

189(2658) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ധർമ്മടം നിയോജക മണ്ഡലത്തിൽ ജലസേചന വകുപ്പിന്റെയും ജല അഥോറിറ്റിയുടെയും കീഴിൽ ഏതെല്ലാം പ്രവൃത്തികളാണ് കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ പൂർത്തീകരിച്ചതെന്നും ഏതൊക്കെ പൂർത്തീകരിക്കാൻ ബാക്കിയുണ്ടെന്നും വിശദമാക്കുമോ?

ഉത്തരം

കേരള ജല അതോറിറ്റി :

അഞ്ചരക്കണ്ടിക്കും സമീപ പഞ്ചായത്തുകൾക്കും നബാർഡ് സഹായത്തോടെ പൂർത്തീകരിച്ച് 28-7-2012-ൽ കമ്മീഷൻ ചെയ്ത കുടിവെള്ള പദ്ധതിയിൽ ധർമ്മടം മണ്ഡലത്തിലെ പെരളശ്ശേരി, മുഴപ്പിലങ്ങാട്, വേങ്ങാട്, ചെമ്പിലോട്, പിണറായി, കടമ്പൂർ എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്നുണ്ട്. കൂടാതെ കണ്ണൂർ കുടിവെള്ള

പദ്ധതിയുടെ വിപുലീകരണ പ്രവൃത്തി 31-3-2014-ന് പൂർത്തീകരിച്ചു. ഇത് ധർമ്മടം മണ്ഡലത്തിലെ കടമ്പൂർ പഞ്ചായത്തിൽ ജലവിതരണം മെച്ചപ്പെടുത്തുന്നതിന് പ്രയോജനപ്പെട്ടു. ധർമ്മടം മണ്ഡലത്തിലെ ധർമ്മടം പഞ്ചായത്തിലെ ജലവിതരണം മെച്ചപ്പെടുത്തുന്നതിന് തലശ്ശേരി കുടിവെള്ള പദ്ധതിയുടെ വിപുലീകരണ പ്രവൃത്തി പൂർത്തീകരിക്കുവാൻ ബാക്കിയുണ്ട്. കേരള ജല അതോറിറ്റി ആസ്തി വികസന പദ്ധതി പ്രകാരം ധർമ്മടം നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

1. അഞ്ചരക്കണ്ടി പഞ്ചായത്തിലെ കണ്ണാടി വെളിച്ചം മിനിസ്റ്റേഡിയം കുടിവെള്ള പദ്ധതി-പ്രവൃത്തി പൂർത്തീകരിച്ചു.
2. കടമ്പൂർ പഞ്ചായത്തിലെ അട്ടൂർ കാപ്പുകുളം ഭാഗത്തേക്കുള്ള പൈപ്പ്ലൈൻ നീട്ടുന്നത് - പ്രവൃത്തി പുരോഗമിക്കുന്നു.
3. കടമ്പൂർ പഞ്ചായത്തിലെ എടക്കാട് മീത്തലെക്കണ്ടി ഭാഗത്തേക്കുള്ള പൈപ്പ്ലൈൻ നീട്ടുന്ന പ്രവൃത്തി- പുരോഗമിച്ചു വരുന്നു.

<u>ജലസേചന വകുപ്പ്</u>

ധർമ്മടം നിയോജകമണ്ഡലത്തിൽ ജലസേചന വകുപ്പിന്റെ കീഴിൽ കഴിഞ്ഞ അഞ്ചുവർഷത്തിനുള്ള പൂർത്തീകരിച്ചതും പൂർത്തീകരിക്കാൻ ഉള്ളതുമായ പ്രവൃത്തികൾ സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

<u>പൂർത്തീകരിച്ച പ്രവൃത്തികൾ</u>

1. എടക്കാട് പഞ്ചായത്തിലെ ചാല പാലത്തിന് മുകൾഭാഗം ചാലത്തോടിന്റെ പാർശ്വഭിത്തികെട്ടി സംരക്ഷണം
2. വേങ്ങാട് പഞ്ചായത്തിലെ പടുവിലായി തോടിന് കുറുകെയുള്ള ഊർപ്പള്ളി വി.സി.ബി.-യുടെ അറ്റകുറ്റപ്പണികളും പാർശ്വഭിത്തികെട്ടി സംരക്ഷണവും
3. മുഴപ്പിലങ്ങാട് പഞ്ചായത്തിലെ മാരാൻകണ്ടി തോടിന്റെ പാർശ്വഭിത്തികെട്ടി സംരക്ഷണം
4. കടമ്പൂർ പഞ്ചായത്തിലെ അട്ടൂർ തോടിന്റെ പാർശ്വഭിത്തികെട്ടി സംരക്ഷണം
5. എ.എസ്.ഇ.-കടലാക്രമണ പ്രതിരോധ പ്രവൃത്തി സി.പി. സ്റ്റോൺ 2199-ന് അടുത്ത് പാറേക്കടവ് ധർമ്മടം ഗ്രാമപഞ്ചായത്ത്

6. എ.എസ്.ഇ.-കടലാക്രമണ പ്രതിരോധ പ്രവൃത്തി പാരേക്കടവ് ധർമ്മടം ഗ്രാമപഞ്ചായത്ത്-സി.പി. സ്റ്റോൺ 2198-ന് സൗത്ത്
7. ബണ്ട് നിർമ്മാണം-സി.പി. സ്റ്റോൺ 223-ന് വടക്ക് മുഴപ്പിലങ്ങാടി ബീച്ച് (National Adventure Academy Building)
8. വേങ്ങോട് ഗ്രാമപഞ്ചായത്തിലെ മാമ്പഴം പാലത്തിന് താഴ്ഭാഗത്ത് അഞ്ചരക്കണ്ടി നദിയുടെ ഇടതുകര സംരക്ഷണം
9. പെരളശ്ശേരി പഞ്ചായത്തിലെ മണലൂർ കമാലക്കടവിൽ അഞ്ചരക്കണ്ടി പുഴയുടെ വലതുകര സംരക്ഷണം
10. കടലാക്രമണ പ്രതിരോധ പ്രവൃത്തി പാരേക്കടവ് ധർമ്മടം പഞ്ചായത്ത് സി.പി. സ്റ്റോൺ 2197.

<u>പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ :</u>

1. പെരളശ്ശേരി പഞ്ചായത്തിലെ മുണ്ടല്ലൂർ കുളത്തിന്റെ നവീകരണം
2. പെരളശ്ശേരി പഞ്ചായത്തിലെ കൊളയമ്പേത്ത് താഴെ വി.സി.ബി-യുടെ നിർമ്മാണം
3. കടലാക്രമണ പ്രതിരോധ പ്രവൃത്തി-വട്ടക്കൽ ചാന്തോടം ധർമ്മടം പഞ്ചായത്ത് സി.പി. സ്റ്റോൺ 2204
4. കടലാക്രമണ പ്രതിരോധ പ്രവൃത്തി-പാറേക്കടവ് ധർമ്മടം പഞ്ചായത്ത്-നോർത്ത് സി.പി. സ്റ്റോൺ 2198

**ഏലത്തൂർ നിയോജക മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ് മുഖാന്തരം നടപ്പാക്കിയ പ്രവൃത്തികൾ**

190(2659) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജക മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ് മുഖാന്തരം നടപ്പാക്കിയ പ്രവൃത്തികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ ;

(ബി) ഇതിലേതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചെന്നും ഇനി ഏതെല്ലാം പ്രവൃത്തികൾ പൂർത്തികരിക്കാനുണ്ടെന്നുമുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) ജലസേചന വകുപ്പ് :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിലെ ഏലത്തൂർ നിയോജകമണ്ഡലത്തിൽ ജലസേചന വകുപ്പിന് കീഴിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു:*

പദ്ധതി വിഭാഗം 1 :

ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം 1-ന്റെ കീഴിൽ ഏലത്തൂർ നിയോജക മണ്ഡലത്തിൽ കുറ്റ്യാടി ജലസേചന പദ്ധതി ഡിവിഷനിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശം താഴെ ചേർത്തിരിക്കുന്നു:

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1 | കുരുവട്ടൂർ ഗ്രാമപഞ്ചായത്തിൽ തയ്യിൽ താഴത്ത് കക്കോടി ബ്രാഞ്ച് കനാലിന് കുറുകെ സ്ലാബ് കൾവർട്ട് പണിയൽ | പൂർത്തീകരിച്ചു |
| 2 | മൂരിക്കര ഡിസ്ട്രിബ്യൂട്ടറിയിൽ 3/200 കി.മീ. വരെ സ്നേഹതീരം കനാൽ റോഡ് നിർമ്മാണം | 40% പൂർത്തീകരിച്ചു |
| 3 | കക്കോടി ബ്രാഞ്ച് കനാലിന്റെ 30/920 കി.മീ. മുതൽ 31/385 കീ.മി. വരെ കനാൽ സ്ലോപ്പ് വാണിയേരി താഴം റോഡ് നിർമ്മാണ പ്രവൃത്തി | ഡിവിഷൻ ഓഫീസിൽ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു |
| 4 | കക്കോടി ഗ്രാമപഞ്ചായത്തിൽ മൂരിക്കര ഡിസ്ട്രിബ്യൂട്ടറിയിൽ ചെ: 2/505 കി.മീ. മുതൽ 2/625 കീ.മി. വരെ കനാൽ ഇൻസ്പെക്ഷൻ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി | ഡിവിഷൻ ഓഫീസിൽ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കുട്ടനാട് പാക്കേജ്**

191 (2660) <u>ശ്രീ. ജി. സുധാകരൻ</u> :

<u>ശ്രീ. സി. കെ. സദാശിവൻ</u> :

<u>ശ്രീ. എ. എം. ആരിഫ്</u> :

<u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജ് പ്രകാരം ജലവിഭവ വകുപ്പ് നടപ്പിലാക്കേണ്ട പദ്ധതികൾ എന്തൊക്കെയായിരുന്നുവെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ; ഓരോ ഘടക പദ്ധതിയും പൂർത്തീകരിക്കാൻ ഉദ്ദേശിച്ചിരുന്നത് എന്നായിരുന്നെന്നും അവ എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ എത്ര തുക വീതം വകയിരുത്തിയിട്ടുണ്ടെന്നും, അതിൽ എത്ര വീതം ചെലവഴിച്ചെന്നും അറിയിക്കാമോ;

(ഡി) കുട്ടനാട് പാക്കേജ് തുടരേണ്ടതില്ലെന്ന് കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതി എങ്ങനെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കുട്ടനാട് പാക്കേജിന്റെ ഭാഗമായി ജലവിഭവ വകുപ്പ് വിഭാവനം ചെയ്ത പദ്ധതികളുടെ വിശദാംശവും നിലവിലെ സ്ഥിതിയും അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(സി) അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ഡി) കുട്ടനാട് പാക്കേജ് തുടരേണ്ടതില്ലെന്ന് കേന്ദ്ര സർക്കാർ ഔദ്യോഗികമായി അറിയിച്ചിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ചേർത്തല ജപ്പാൻ കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ**

192(2661) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല ജപ്പാൻ കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ട പ്രവൃത്തിയുടെ ഭാഗമായി നബാർഡിന്റെ സഹായത്താൽ നടപ്പിലാക്കുന്ന പദ്ധതി നാളിതുവരെയും ആരംഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന് എന്തെങ്കിലും തടസ്സമുണ്ടോ ; എങ്കിൽ വിശദമാക്കാമോ ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) മുൻപരിചയവും സാങ്കേതിക മികവുമുള്ള ഉദ്യോഗസ്ഥരെ പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതു വരെ പദ്ധതിയുടെ നിർവ്വഹണത്തിനായി ചേർത്തല കേന്ദ്രീകരിച്ച് സ്ഥിരമായി നിയോഗിക്കുന്നതിനും അപാകതകൾ ഉണ്ടാകുന്നപക്ഷം അവ ഉദ്യോഗസ്ഥരുടെ ബാധ്യതയായി നിശ്ചയിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) നബാർഡിന്റെ സഹായത്തോടെ ചേർത്തല താലൂക്കിലെ 18 പഞ്ചായത്തിൽ നടപ്പാക്കുന്ന ജപ്പാൻ കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ട വിതരണ ശൃംഖല സ്ഥാപിക്കുന്ന ജോലി 8 പാക്കേജുകളായി ടെണ്ടർ ക്ഷണിക്കുകയും കേരള വാട്ടർ അതോറിറ്റി അംഗീകരിച്ച് ഉത്തരവ് നൽകിയിട്ടുള്ളതുമാകുന്നു. ഇതിൽ പാക്കേജ് 4 (അരൂർ, എഴുപുന്ന, തുറവൂർ), പാക്കേജ് 6 (തൈക്കാട്ടുശ്ശേരി, പള്ളിപ്പുറം) എന്നിവ എഗ്രിമെന്റുവച്ച് പണി തുടങ്ങിയിട്ടുണ്ട്. 1 മുതൽ 3 വരെയുള്ള പാക്കേജുകൾക്കും 5, 7, 8 എന്നീ പാക്കേജുകൾക്കുമുള്ള ടെണ്ടറുകൾക്ക് പെർഫോർമൻസ് ഗ്യാരന്റിയോടുകൂടി എഗ്രിമെന്റ് വയ്ക്കുന്നതിനാണ് ഉത്തരവ് നൽകിയിട്ടുള്ളത്. എന്നാൽ പ്രസ്തുത പാക്കേജുകളുടെ കരാറുകാർ പെർഫോർമൻസ് ഗ്യാരന്റി ഒഴിവാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ്സുകൾ നൽകുകയും ആയവയ്ക്ക് 5-10-2015-ലെ വിധി പ്രകാരം പെർഫോർമൻസ് ഗ്യാരന്റി ടി കരാറുകാരിൽനിന്നും ഈടാക്കുന്നത് ഒഴിവാക്കിക്കൊണ്ട് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. കോടതി ഉത്തരവ് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മുൻപരിചയവും സാങ്കേതിക മികവുമുള്ള ഉദ്യോഗസ്ഥരെ തന്നെയാണ് പ്രസ്തുത പദ്ധതി നിർവ്വഹണം നടത്തുന്നതിലേക്ക് ചുമതലപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത ജീവനക്കാരുടെ ഭാഗത്തുനിന്നും അപാകതയുണ്ടാകുന്നപക്ഷം അത് സംബന്ധിച്ച് അന്വേഷണം നടത്തി ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**തിരുവല്ലം മധുപാലത്ത് കെ. നാഗരാജന് പൈപ്പ് ലൈൻ**

193(2662) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഡെപ്യൂട്ടി കളക്ടർ (ജനറൽ)-ന്റെ 10-9-2015-ലെ A4/33010/2015 നമ്പർ ഉത്തരവു പ്രകാരം തിരുവല്ലം മധുപാലത്തിനു സമീപം സർവ്വശ്രീ. കെ. നാഗരാജൻ, കെ. പ്രസാദ് എന്നിവർക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനായി പൈപ്പ് ലൈൻ സ്ഥാപിച്ചു നൽകാൻ കേരള വാട്ടർ അതോറിറ്റി കുര്യാത്തി സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതല പ്പെടുത്തിയിരുന്നുവോ എങ്കിൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കിയോ;

(ബി) ഇല്ലെങ്കിൽ ആയതിന്റെ കാരണം എന്താണെന്നും ടി ഉത്തരവ് നടപ്പിലാക്കാത്ത ഉദ്യോഗസ്ഥനെതിരെ എന്തു നടപടി സ്വീകരിച്ചുവെന്നും പ്രസ്തുത ഉത്തരവ് എന്നത്തേക്ക് നടപ്പിലാക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച നടപടികൾ പൂർത്തീകരിച്ചിട്ടില്ല.

(ബി) തിരുവല്ലം മധുപാലത്തിന് സമീപം സർവ്വശ്രീ കെ. നാഗരാജൻ, കെ. പ്രസാദ് എന്നിവർ നൽകിയ അപേക്ഷ പ്രകാരം സ്ഥലപരിശോധന നടത്തിയിരുന്നു. ടി വീടുകളുടെ വടക്കുഭാഗത്തായി ഏകദേശം 50 മീറ്റർ അകലെ വാട്ടർ അതോറിറ്റിയുടെ 110 എം.എം. പി.വി.സി. പൈപ്പ് ലൈനുണ്ട്. ഈ ലൈനിൽനിന്നും പൈപ്പ് കണക്ഷൻ നടവഴിയായി ഉപയോഗിക്കുന്ന സ്ഥലത്തുകൂടി പൈപ്പിട്ടാണ് നൽകേണ്ടിയിരുന്നത്. എന്നാൽ 16-2-2015-ന് ശ്രീ. പി. വിജയനും ശ്രീമതി നാഗമ്മ വിജയനും ഒരു പരാതി നൽകിയിരുന്നു. ടി പരാതിയിൽ നടവഴിയായി ഉപയോഗിക്കുന്നത് തങ്ങളുടെ സ്ഥലമാണെന്നും അവിടെ വഴിയില്ലായെന്നും അതിലൂടെ പൈപ്പിട്ട് വാട്ടർ കണക്ഷൻ നൽകരുതെന്നും അഭ്യർത്ഥിച്ചിരുന്നു. ശ്രീ. പ്രസാദ്, ശ്രീ. നാഗരാജൻ എന്നിവർക്ക് കുടിവെള്ളം നൽകുന്നതിനുള്ള പൈപ്പ് സ്ഥാപിക്കുന്നതിനുള്ള സ്ഥലം സംബന്ധിച്ച് തർക്കം നിലനിൽക്കുന്ന സാഹചര്യത്തിൽ അത് റവന്യൂ അധികാരികൾ പരിഹരിക്കുന്ന മുറയ്ക്ക് കണക്ഷൻ നൽകുന്നതാണ്. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടില്ല.

## ചാലക്കുടി മണ്ഡലത്തിലെ ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം

194(2663) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കുന്ന ചാലക്കുടി മണ്ഡലത്തിലെ വിവിധ ജലസ്രോതസ്സുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്നും, നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ;

(ബി) മണ്ഡലത്തിലെ കൂടുതൽ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും പുനരുദ്ധാരണത്തിനും അനുമതി നൽകുമോ;

(സി) കെ.എൽ.ഡി.സി. മുഖേന ചാലക്കുടി മണ്ഡലത്തിലെ കോട്ടശ്ശേരി-പരിയാരം പഞ്ചായത്തുകളിലൂടെ ഒഴുകുന്ന കപ്പത്തോടിന്റെ സംരക്ഷണത്തിനും പുനരുദ്ധാരണത്തിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജലവിഭവ വകുപ്പിൻ കീഴിൽ ചാലക്കുടി മണ്ഡലത്തിൽ കെ.എൽ.ഡി.സി. മുഖേന ജലസ്രോതസ്സുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഒന്നുംതന്നെ നടപ്പിലാക്കുന്നില്ല.

(ബി&സി) ബാധകമല്ല.

## കൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ തീരസംരക്ഷണ ഭിത്തി നിർമ്മാണം

195(2664) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ലി മണ്ഡലത്തിൽ കൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ 10, 16 വാർഡുകൾ തമ്മിൽ ബന്ധിപ്പിക്കുന്ന ആറുകടമ്പ തോടിന് കുറുകെയുള്ള പാലത്തിന്റെ ഇരുവശങ്ങളിൽ സംരക്ഷണ ഭിത്തി നിർമ്മിച്ചില്ലെങ്കിൽ പാലത്തിനും തീരത്തിനും അപകട ഭീഷണി ആണ് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പാലത്തിന്റെ ഇരുവശങ്ങളിലും തീരസംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ ഈ പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

**ഞാറയ്ക്കൽ, മുരിക്കുംപാടം ഓവർഹെഡ് ടാങ്കുകളുടെ നിർമ്മാണം**

196(2665) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ ഫണ്ട് ഉപയോഗിച്ചുള്ള ഞാറയ്ക്കൽ, മുരിക്കുംപാടം ഓവർഹെഡ് ടാങ്കുകളുടെ നിർമ്മാണം കരാറുകാരന്റെ അനാസ്ഥമൂലം വർഷങ്ങളായി തടസ്സപ്പെട്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തടസ്സപ്പെട്ടു കിടക്കുന്ന പ്രസ്തുത പ്രവൃത്തികൾ പുനരാംരംഭിക്കുന്നതിന് കഴിഞ്ഞ ഒരു വർഷക്കാലയളവിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) കരാറുകാരനെതിരെ ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; പ്രവൃത്തികൾ പുനരാംരംഭിക്കുന്നതിന് സ്വീകരിക്കുന്ന നടപടി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) തടസ്സപ്പെട്ട് കിടക്കുന്ന പ്രസ്തുത പ്രവൃത്തികൾ നിശ്ചിത സമയത്ത് പൂർത്തിയാക്കണമെന്നുള്ള കർശന നിർദ്ദേശത്തോടുകൂടി കരാറുകാരന് പണി പൂർത്തിയാക്കുന്നതിനുള്ള കാലാവധി 31-12-2015 വരെ നീട്ടി നൽകിയിട്ടുണ്ട്. കാലാവധി നീട്ടി നൽകിയിരിക്കുന്നത് LD Clause (ലിക്വിഡേറ്റഡ് ഡാമേജസ്) പ്രകാരം പിഴ ഈടാക്കിയതിനുശേഷം മാത്രമാണ്. ഇതിൽ വീഴ്ച വരുത്തുന്നപക്ഷം കരാറുകാരന്റെ ഉത്തരവാദിത്വത്തിലും ചെലവിലും ബാക്കി പണികൾ പുനർദർഘാസ് നടത്തി പൂർത്തീകരിക്കുന്നതാണെന്നും കരാറുകാരനെ അറിയിച്ചിട്ടുണ്ട്. സൂപ്രണ്ടിംഗ് എഞ്ചിനീയർ ഓഫീസിൽനിന്ന് 3-10-2015-നും കൂടാതെ ചീഫ് എഞ്ചിനീയർ ഓഫീസിൽനിന്ന് 18-2-2015-നും 26-10-2015-നും കർശന നിർദ്ദേശം നൽകിക്കൊണ്ട് നോട്ടീസ് നൽകിയിട്ടുണ്ട്. മേൽനടപടികൾ എടുത്തിട്ടും കരാറുകാരൻ ഇതുവരെ പണി പുനരാരംഭിച്ചിട്ടില്ല.

**മാൻഹോൾ അപകടം**

197(2666) <u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രെയിനേജ് മാൻഹോൾ വൃത്തിയാക്കാനിറങ്ങിയ രണ്ട് തൊഴിലാളികളും സഹായിക്കാൻ ശ്രമിച്ച മറ്റൊരാളും വിഷവാതകം ശ്വസിച്ച് മരിക്കാനിടയായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വേണ്ടത്ര മുൻകരുതലുകൾ സ്വീകരിക്കാതെ തൊഴിലാളികളെക്കൊണ്ട് ജോലി ചെയ്യിച്ച് അപകട മരണം ക്ഷണിച്ചു വരുത്തി എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് ഉത്തരവാദികളായവർക്കെതിരെ നരഹത്യക്കുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) മരണമടഞ്ഞവരുടെ കുടുംബത്തിന് സഹായം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. വേണ്ടത്ര മുൻകരുതൽ സ്വീകരിക്കാതെ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരുടെ ജീവനക്കാർക്കെതിരെ ഈ അപകടവുമായി ബന്ധപ്പെട്ട് പോലീസ് ക്രിമിനൽ കേസ് ചാർജ് ചെയ്തിട്ടുണ്ട്.

(സി) മരിച്ച രണ്ട് തൊഴിലാളികളുടെ ബന്ധുക്കൾക്ക് പ്രവൃത്തിയെടുത്ത കരാറുകാർ ഒരു ലക്ഷം രൂപാവീതം നൽകിയിട്ടുണ്ട്. അപകടത്തിൽപ്പെട്ട തൊഴിലാളികളെ സഹായിക്കാൻ ശ്രമിച്ച് മരണമടഞ്ഞ നൗഷാദ് എന്ന ആളുടെ കുടുംബത്തിന് കരാർ കമ്പനി മൂന്ന് ലക്ഷം രൂപ നൽകിയതായും കരാർ വ്യവസ്ഥ പ്രകാരമുള്ള വർക്ക്മാൻ കോമ്പൻസേഷൻ ആക്ടനുസരിച്ച് നഷ്ടപരിഹാര തുകയായ 14.30 ലക്ഷം രൂപ കരാറുകാരൻ ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിൽ കെട്ടിവച്ചിട്ടുള്ളതായും അറിയാൻ കഴിഞ്ഞതായി കേരള വാട്ടർ അതോറിറ്റി സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

## സ്റ്റോറേജ് ഡാം നിർമ്മാണ പദ്ധതി

198(2667) ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റോറേജ് ഡാമുകൾ നിർമ്മിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) നദികളിലെയും മറ്റ് പ്രധാന നീർച്ചാലുകളിലെയും നീരൊഴുക്ക് സ്ഥായിയാക്കുക, കാലവർഷ സമയത്ത് ലഭിക്കുന്ന അധിക ജലം തടഞ്ഞുനിർത്തി സമീപ പ്രദേശത്തെ ഭൂജലവിതാനം താഴാതെ നിലനിർത്തുക, കാർഷിക ഗാർഹികാവശ്യങ്ങൾക്ക് ആവശ്യമായ ജലം ലഭ്യമാക്കുക, മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക, ചെറുകിട വൈദ്യുതോൽപ്പാദനം, പാരിസ്ഥിതിക ധർമ്മങ്ങൾക്കാവശ്യമായ ജലം ലഭ്യമാക്കുക എന്നിവയാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) പാമ്പാർ ബേസിൻ പ്രോജക്ടിൽ ഉൾപ്പെടുന്ന അപ്പർചട്ട മൂന്നാർ, ലോവർചട്ട മൂന്നാർ ഡാമുകൾ ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി വിശദമായ പദ്ധതിരേഖ തയ്യാറാക്കിവരുന്നു. കൂടാതെ ടി പദ്ധതിയിൽ ഉൾപ്പെടുന്ന ഒറ്റമരം ഡാമിന്റെ വിശദമായ പദ്ധതിരേഖ തയ്യാറാക്കിവരുന്നു.

മീനച്ചിൽ നദീതട പദ്ധതി :

1. പഴുക്കക്കാനം ഡാമും കനാലും

   132 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

2. തീക്കോയി പഞ്ചായത്തിലെ ചേരിപ്പൊട് ഭാഗത്ത് റഗുലേറ്ററോട് കൂടിയ മിനി ഡാമിന് ഭരണാനുമതിയും 7.15 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ബഡ്ജറ്റ് വിഹിതം ലഭിക്കാത്തതിനാൽ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ല.

3. ഭരണങ്ങാനം പഞ്ചായത്തിൽ കുറ്റനാൽ കടവിൽ പാലവും റഗുലേറ്ററും ഉൾപ്പെടുന്ന മിനി ഡാമിന് 10.75 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി ലഭിക്കുന്നതിനു വേണ്ടിയുള്ള എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

4. പാലാ മുനിസിപ്പാലിറ്റിയിൽ അരുണാപുരം ഭാഗത്ത് പാലവും റഗുലേറ്ററും ഉൾപ്പെടുന്ന മിനി ഡാമിന് 10 കോടി രൂപയുടെ ഭരണാനുമതിയും 11.31 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ടി വർക്ക് 4702 ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഫണ്ടുപയോഗിച്ച് ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചതനുസരിച്ച് കരാർ ജോലിക്കുള്ള ദർഘാസ് നോട്ടീസ് പരസ്യപ്പെടുത്തിയിട്ടുണ്ട്.

5. കിടങ്ങൂർ പഞ്ചായത്തിൽ ചെമ്പിളാവ് ഭാഗത്ത് റഗുലേറ്ററോട് കൂടിയ മിനി ഡാമിന് ഭരണാനുമതിയും 8.05 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ബഡ്ജറ്റ് വിഹിതമില്ലാത്തതിനാൽ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ല.

6. ഏറ്റുമാനൂർ പഞ്ചായത്തിലെ പള്ളിക്കുന്ന് ഭാഗത്ത് റഗുലേറ്ററോട് കൂടിയ മിനി ഡാമിന് ഭരണാനുമതിയും 8.32 കോടി രൂപയ്ക്കുള്ള സാങ്കേതികാനുമതിയും നൽകി. ബഡ്ജറ്റ് വിഹിതമില്ലാത്തതിനാൽ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ല.

7. കോട്ടയം മുനിസിപ്പാലിറ്റിയിലെ പാറാമ്പുഴ ഭാഗത്ത് പാലവും റഗുലേറ്ററും ഉൾപ്പെടുന്ന മിനി ഡാമിന് 30 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

8. ചില്ലാച്ചി ഭാഗത്ത് വരുന്ന ചെക്ക് ഡാമിന് 3.07 കോടി രൂപയുടെ ഭരണാനുമതി നൽകി. പര്യവേഷണ പണികൾ നടന്നുവരുന്നു.

തൃശ്ശൂർ ജില്ലയിലെ വിവിധ പദ്ധതികളിൽ കുറുമാലി പുഴയിൽ കാനാറ്റുപാടം, കാരുംകുളം, തോട്ടുമുഖം, കാനത്തോട് എന്നിവിടങ്ങളിൽ റഗുലേറ്ററുകൾ നിർമ്മിക്കുന്നതിനുള്ള പ്രാഥമിക പഠനം പൂർത്തീകരിച്ച് പുതിയ നിരക്ക് പ്രകാരം എസ്റ്റിമേറ്റുകൾ റിവൈസ്ഡ് ഭരണാനുമതിക്കു വേണ്ടി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. കൂടാതെ കുറുമാലി പുഴയിൽത്തന്നെയുള്ള ആറ്റപ്പള്ളി റഗുലേറ്റർ കം ബ്രിഡ്ജിന്റെ പൂർത്തിയാക്കാനുള്ള ബാക്കി പണികൾക്കുവേണ്ടി 7 കോടി രൂപ

2015-16-ൽ അനുവദിച്ചിട്ടുണ്ട്. കരുവാന്നൂർ പുഴയിൽ മുനയം റഗുലേറ്റർ എന്ന പ്രവൃത്തിക്ക് 2-11-2009-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. റിവൈസ്ഡ് ഭരണാനുമതി ലഭിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം-2 എടുത്തുവരുന്നു. മുകളിൽ പറഞ്ഞ തൃശ്ശൂർ ജില്ലയിലെ പ്രവൃത്തികൾക്കായി 46 കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. ഈ പ്രവൃത്തികളുടെ പുതിയ നിരക്ക് പ്രകാരമുള്ള റിവൈസ്ഡ് എസ്റ്റിമേറ്റുകൾക്ക് അംഗീകാരം നൽകുന്ന വിഷയം പരിശോധിച്ചു വരുന്നു. പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിലെ ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ട് (AVIP)-ന് 22-8-2012 പ്രകാരം തത്വത്തിൽ അംഗീകാരം (in principle approval) നൽകിയിട്ടുണ്ട്. AVIP-യുടെ കേന്ദ്ര പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കുളങ്ങളുടെ നവീകരണ പദ്ധതി**

199(2668) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിന് ഒരു കുളം പദ്ധതി പ്രകാരം എത്ര കുളങ്ങളുടെ നിർമ്മാണ പ്രവൃത്തികളാണ് വകുപ്പ് ഏറ്റെടുത്തതെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര പ്രവൃത്തികളാണ് പൂർത്തീകരിച്ചതെന്നും ഇതിനായി എത്ര തുകയാണ് ചെലവിട്ടതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒരു പഞ്ചായത്തിന് ഒരു കുളം പദ്ധതി പ്രകാരം 354 കുളങ്ങളുടെ പ്രവൃത്തികളാണ് ഏറ്റെടുത്തത്.

(ബി) ഇതിൽ 194 കുളങ്ങളുടെ പ്രവൃത്തി പൂർത്തിയായി. RRR/ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി എന്നിവയ്ക്കായി 31-10-2015 വരെ 22,14,43,786 രൂപ '4702-00-101-87-01 Renovation of Ponds' എന്ന ശീർഷകത്തിൽ ചെലവഴിച്ചിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിലെ കുടിവെള്ളക്ഷാമം**

200(2669) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ഏതൊക്കെ മേജർ പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളത് ;

(ബി) ഇപ്പോൾ അനുവദിച്ചതും മുൻപ് അനുവദിച്ച് പൂർത്തിയായി കൊണ്ടിരിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ഇനംതിരിച്ച് വിശദമാക്കാമോ ;

(സി) അനുവദിച്ച പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിയാതെ വർഷങ്ങളോളം നീണ്ടു പോകുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ആയതിന്റെ കാരണം വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി നടപ്പിലാക്കിവരുന്ന വൻകിട പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി&ഡി) ഉണ്ട്. പദ്ധതികൾക്കാവശ്യമായ സ്ഥലങ്ങൾ അതാത് പഞ്ചായത്ത് അധികൃതർ യഥാസമയത്ത് ലഭ്യമാക്കാത്തതും പൊതുമരാമത്ത് വകുപ്പിൽനിന്നും പൈപ്പിടുന്നതിന് അനുമതികൾ വൈകുന്നതും പദ്ധതി ഉദ്ദേശിച്ച സമയത്തിനുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കാത്തതിന് കാരണമാകുന്നുണ്ട്. കൂടാതെ നിർമ്മാണ പ്രവൃത്തികൾക്കാവശ്യമായ മണൽ, ചല്ലി എന്നിവയുടെ ലഭ്യത അഥവാ അവയുടെ നിയന്ത്രണം, മറ്റ് പ്രാദേശിക പ്രശ്നങ്ങൾ എന്നിവ പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുന്നതിന് കാലതാമസം വരുത്തുന്നുണ്ട്.

**കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതി വ്യാപിപ്പിക്കാൻ നടപടി**

201(2670) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിപ്രകാരമുള്ള കുടിവെള്ള വിതരണം കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ ഉൾപ്പെടെയുള്ള ഗ്രാമപഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത കുടിവെള്ള വിതരണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകളിൽ നിന്ന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവയിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ജിക്കയുടെ ധനസഹായത്തോടെ നടപ്പാക്കുന്ന കുടിവെള്ള പദ്ധതി കോഴിക്കോട് കോർപ്പറേഷനെയും സമീപത്തുള്ള 13 പഞ്ചായത്തുകളെയും ഉൾപ്പെടുത്തിയാണ് വിഭാവന ചെയ്തിട്ടുള്ളത്. ചക്കിട്ടപ്പാറ ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല. ഈ പദ്ധതിയിൽ ഉൾപ്പെടാത്ത മറ്റ് പഞ്ചായത്തുകൾക്കുകൂടി ഈ പദ്ധതിയിൽനിന്നും ശുദ്ധജല വിതരണം ചെയ്യുകയാണെങ്കിൽ ജിക്ക പദ്ധതിയിൽ വിഭാവന ചെയ്തിരിക്കുന്ന പഞ്ചായത്തുകളിലെ ഗുണഭോക്താക്കളെ സാരമായി ബാധിക്കും. ചക്കിട്ടപ്പാറ, കൂരാച്ചുണ്ട് എന്നീ ഗ്രാമപഞ്ചായത്തുകളെ ജിക്ക പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ജിക്ക പദ്ധതിയിൽ ഉൾപ്പെടാത്ത പഞ്ചായത്തുകളിലേക്ക് മറ്റേതെങ്കിലും പദ്ധതിയിൽ നിന്നും കുടിവെള്ള വിതരണം നടത്തുവാൻ സാധ്യതയുണ്ടോയെന്ന് പരിശോധിച്ചു വരുന്നു.

**കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള ജലനിധി പദ്ധതികൾ**

202(2671) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി ഒന്നാംഘട്ട പദ്ധതിയിൽ കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാം; ഓരോ പദ്ധതിയുടെയും അടങ്കൽ എത്ര; വിശദമാക്കുമോ;

(ബി) ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളാണ് ഉൾപ്പെട്ടിട്ടുള്ളത്; ഇവിടെ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാം; അടങ്കൽ എത്ര ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ജലനിധി ഒന്നാംഘട്ട പദ്ധതിയിൽ കൊയിലാണ്ടി മണ്ഡലത്തിലെ ചേമഞ്ചേരി പഞ്ചായത്തിൽ 28 കുടിവെള്ള പദ്ധതികളും ചെങ്ങോട്ടുകാവ് പഞ്ചായത്തിൽ 29 കുടിവെള്ള പദ്ധതികളും നടപ്പിലാക്കുന്നതിനായി യഥാക്രമം 1,13,08,144 രൂപയും 1,26,05,500 രൂപയും അടങ്കൽ തുകയായി വകയിരുത്തിയിരുന്നു.

(ബി) ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ കൊയിലാണ്ടി മണ്ഡലത്തിൽ പദ്ധതികളൊന്നും നടപ്പാക്കുന്നില്ല.

**എംപ്ലോയീസ് ഇൻഫർമേഷൻ സിസ്റ്റം**

203(2672) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിൽ "എംപ്ളോയീസ് ഇൻഫർമേഷൻ സിസ്റ്റം "എന്ന സോഫ്റ്റ്‌വെയറിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; ഇത് എന്നത്തേക്ക് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഇതിനായി എത്ര തുകയാണ് ചെലവു പ്രതീക്ഷിക്കുന്നത്; ഇതുവരെ എത്ര തുക ചെലവായിട്ടുണ്ട്;

(സി) ഗവൺമെന്റ് ജീവനക്കാരുടെ സർവ്വീസ് കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന സ്പാർക്ക് സോഫ്റ്റ്‌വെയർ ആവശ്യമായ ഭേദഗതികളോടെ വാട്ടർ അതോറിറ്റിയിൽ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) എംപ്ലോയീസ് ഇൻഫർമേഷൻ സിസ്റ്റം ആന്റ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് സിസ്റ്റം എന്ന സോഫ്റ്റ്‌വെയറിന്റെ എംപ്ലോയീസ് ഇൻഫർമേഷൻ പാർട്ട് നിബന്ധനകൾക്ക് വിധേയമായി അംഗീകരിച്ചു. ഈ സോഫ്റ്റ്‌വെയർ ഇ.ആർ.പി. സോഫ്റ്റ്‌വെയറുമായി സംയോജിപ്പിച്ച് സമയബന്ധിതമായി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ബി) എംപ്ലോയീസ് ഇൻഫർമേഷൻ സിസ്റ്റം ആന്റ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് സിസ്റ്റം സോഫ്റ്റ്‌വെയറിന് 16 ലക്ഷം രൂപയാണ് ചെലവ് വരുന്നത്. ഇതുവരെ 9.6 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(സി) സ്പാർക്ക് സോഫ്റ്റ്‌വെയർ ഭേദഗതികളോടെ വാട്ടർ അതോറിറ്റിയിൽ നടപ്പിലാക്കുന്നതിന്റെ പ്രായോഗികത പരിശോധിച്ചുവരികയാണ്.

## കോഴിക്കോട് പള്ളിമലക്കുന്നിലെ കുടിവെള്ളക്ഷാമം

204(2673) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ കുടിവെള്ളക്ഷാമം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന പള്ളിമലക്കുന്നിലേക്ക് കുടിവെള്ളം എത്തിക്കുന്നതിന് ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഇവിടേക്ക് അടിയന്തരമായി കുടിവെള്ളം എത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കീഴിൽ വിതരണ ശൃംഖലയുടെ ഒന്നാംഘട്ടമാണ് ഇപ്പോൾ കോഴിക്കോട് നടപ്പാക്കിവരുന്നത്. ഇതിൽ പള്ളിമലക്കുന്ന് ഭാഗികമായി (താഴ്ന്ന പ്രദേശങ്ങൾ) ഉൾപ്പെട്ടിട്ടുണ്ട്. ബാക്കി ഉയർന്ന പ്രദേശങ്ങൾ ഉൾപ്പെടുത്തിയിരുന്ന രണ്ടാംഘട്ടത്തിന്റെ അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. ജൈക്കയുടെ ധനസഹായം ലഭ്യമായിട്ടില്ല.

(ബി) കോഴിക്കോട് കോർപ്പറേഷനിലേക്ക് ജലവിതരണം നടത്താനായി ജപ്പാൻ സഹായത്തോടെ വിഭാവനം ചെയ്ത പദ്ധതിയിൽ സ്ഥാപിച്ച എരവത്ത്കുന്ന് ടാങ്കിൽനിന്നും പള്ളിമലക്കുന്ന് ചേവൻകോട്കുന്ന് എന്നീ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് ജലവിതരണം നടത്തുന്നതിനായുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പദ്ധതി നടപ്പിലാക്കുന്നതാണ്.

## ക്വാറികളിലെ ജലം ജലസേചനത്തിന്

205(2674) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ക്വാറികളിലെ കുഴികളിൽ വെള്ളം കെട്ടിക്കിടന്ന് കുട്ടികൾ ഉൾപ്പടെയുള്ളവർ മുങ്ങി മരിക്കുവാൻ കാരണമാകുന്ന സാഹചര്യം ഒഴിവാക്കുവാൻ പ്രസ്തുത പ്രദേശം പഞ്ചായത്തുകൾ മുഖേനയോ ഇതര സർക്കാർ ഏജൻസി മുഖേനയോ വേലി കെട്ടിത്തിരിച്ച് അവിടെയുള്ള ജലം ഭൂജലവകുപ്പുമായി ബന്ധപ്പെട്ട് ജലസേചന ആവശ്യത്തിലേക്ക് ഉപയോഗിക്കുവാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

ഇക്കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

**മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്റ്റ്**

206(2675) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്റ്റ്, ഇടമലയാർ പ്രോജക്റ്റ് എന്നിവ നടപ്പു സാമ്പത്തിക വർഷം തന്നെ കമ്മീഷൻ ചെയ്യാൻ നടപടി എടുക്കുന്നതാണെന്ന് 2013-14-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടായിരുന്നു:

(സി) പ്രസ്തുത വർഷം ഇതിൽ നിന്നും ഏതെല്ലാം പ്രവർത്തിക്കായി എത്ര തുകയാണ് ചെലവഴിച്ചത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 2013-14 സാമ്പത്തിക വർഷം മൂവാറ്റുപുഴവാലി ഇറിഗേഷൻ പ്രോജക്റ്റിനുവേണ്ടി അഞ്ചുകോടി രൂപയും ഇടമലയാർ ഇറിഗേഷൻ പ്രോജക്റ്റിനു വേണ്ടി 20 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു.

(സി) 2013-14 സാമ്പത്തിക വർഷത്തിൽ ഇടമലയാർ ഇറിഗേഷൻ പ്രോജക്റ്റിന്റെ മെയിൻ കനാലിന്റെയും ലോ ലെവൽ കനാലിന്റെയും വിവിധ പണികൾക്കും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുമായി ആകെ 13.1 കോടി (6.40 കോടി രൂപ വർക്കുകൾക്കും 6.7 കോടി രൂപ എസ്റ്റാബ്ലിഷ്മെന്റിനും) രൂപയും മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്റ്റിന്റെ കനാലുകളുടെ നിർമ്മാണത്തിനും മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുമായി ആകെ 17.85 കോടി (6.43 കോടി രൂപ വർക്കിനും 11.42 കോടി രൂപ എസ്റ്റാബ്ലിഷ്മെന്റിനും) രൂപയും ചെലവാക്കി.

(ഡി) ഇടമലയാർ ജലസേചന പദ്ധതിയുടെ മെയിൻ കനാൽ (32.278 കി.മീ.) പൂർണ്ണമായും പണി പൂർത്തിയാക്കുകയും 2013-14, 2014-15 എന്നീ വർഷങ്ങളിൽ ടെസ്റ്റ് റൺ നടത്തുകയും ലോ ലെവൽ കനാൽ ചെയിനേജ്

27.25 കി.മീ. വരെയുള്ളതിൽ സ്ഥലം ഏറ്റെടുത്ത 15 കി.മീ. വരെയുള്ള ചെയിനേജിൽ 7.30 കി.മീ. വരെയുള്ള കനാലിന്റെ എല്ലാ പണികളും പൂർത്തീകരിച്ച് 2014-15 വർഷത്തിൽ 7.3 കി.മീ. വരെ വെള്ളം തുറന്നുവിട്ടതുമാണ്. ബാക്കി ചെയിനേജ് 7.30 കി.മീ. മുതൽ 15 കി.മീ. വരെയുള്ള ഭാഗത്ത് 4 പണികൾ പൂർത്തീകരിക്കാനുണ്ട്. ലിങ്ക് കനാൽ ചെയിനേജ് 2 കി.മീ. വരെ 2 പ്രവൃത്തികൾ ഒഴികെ ബാക്കി പണികളെല്ലാം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിയുടെ 65.473 കി.മീ. മെയിൻ കനാലിന്റെ 100% പണികളും 57.154 കി.മീ. ബ്രാഞ്ച് കനാലുകളുടെ 54.645 കി.മീ. നീളം (96%) പണികളും 218 കി.മീ. ഡിസ്ട്രിബ്യൂട്ടറികളുടെ 190.5 കി.മീ. നീളം (87%) പണികളും പൂർത്തിയാക്കിയിട്ടുണ്ട്.

**പുളിക്കാൽ ക്രോസ് ബാർ-കം-ബ്രിഡ്ജ്**

207(2676) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മടിക്കൈ പഞ്ചായത്തിലെ പുളിക്കാൽ ക്രോസ് ബാർ കം ബ്രിഡ്ജ് അപകടാവസ്ഥയിലാണെന്ന കാര്യവും, ക്രോസ് ബാർ ചോർച്ചയുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ചീഫ് എഞ്ചിനീയർ എസ്റ്റിമേറ്റ് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**പയ്യന്നൂർ നഗരസഭാ പ്രദേശങ്ങളിലെ കുടിവെള്ള പദ്ധതി**

208(2677) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭാ പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുവാൻ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുവാൻ എപ്പോൾ സാധിക്കുമെന്ന് അറിയിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പയ്യന്നൂർ നഗരസഭ (മുനിസിപ്പാലിറ്റി)യിൽ UIDSSMT പദ്ധതി പ്രകാരം കുടിവെള്ളമെത്തിക്കുവാനുള്ള പദ്ധതിയുടെ ഇൻടേക്ക് വെൽ കം പമ്പ് ഹൗസ് ഒഴിച്ച് മറ്റ് ഘടകങ്ങൾ പൂർത്തിയായി. വിതരണ ശൃംഖലയുടെ ബാക്കി പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്. ഇൻടേക്ക് വെൽ കം പമ്പ് ഹൗസിന്റെ പ്രവൃത്തി പ്രദേശവാസികളുടെ എതിർപ്പുമൂലം ഇതുവരെ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

(ബി) UIDSSMT പദ്ധതി പ്രകാരമുള്ള പദ്ധതിക്ക് തടയണ നിർമ്മാണവും ഇൻടേക്ക് വെല്ലിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങളും നീങ്ങിയാൽ മാത്രമേ പദ്ധതി ആരംഭിക്കുവാൻ കഴിയുകയുള്ളൂ. ജനങ്ങൾക്ക് കുടിവെള്ള വിതരണം നടത്തുന്നതിന് താൽക്കാലികമായ പരിഹാരമെന്ന നിലയിൽ പ്രസ്തുത പദ്ധതി ജിക്ക പട്ടുവം കുടിവെള്ള പദ്ധതിയുമായി ബന്ധിപ്പിച്ച് ജലവിതരണം ആരംഭിക്കുവാനാവശ്യമായ ട്രയൽ റൺ നടന്നുവരുന്നു. വിതരണ ശൃംഖലയുടെ ബാക്കി ഭാഗത്തിന്റെ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. 2016 ജനുവരി മാസം അവസാനത്തോടെ പ്രസ്തുത പ്രവൃത്തി കമ്മീഷൻ ചെയ്യുവാൻ കേരള വാട്ടർ അതോറിറ്റിക്ക് സാധിക്കുന്നതാണ്.

## സെൻട്രൽ പബ്ലിക് ഹെൽത്ത് & എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് ഓർഗനൈസേഷന്റെ മാനദണ്ഡങ്ങൾ

209(2678) <u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള വിതരണ പദ്ധതികളിൽ കണക്ഷനുകളുടെ എണ്ണത്തിനനുസരിച്ച് എത്ര ജീവനക്കാർ വേണമെന്നതിനെപറ്റി CPHEEO (സെൻട്രൽ പബ്ളിക് ഹെൽത്ത്&എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് ഓർഗനൈസേഷൻ) നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത മാനദണ്ഡമനുസരിച്ച് ഒരു അസിസ്റ്റന്റ് എഞ്ചിനീയറുടെ അധികാരപരിധിയിൽ പരമാവധി എത്ര വാട്ടർ കണക്ഷൻ വരെ ആകാമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത മാനദണ്ഡമനുസരിച്ചുള്ള സ്റ്റാഫ് പാറ്റേൺ ആണോ വാട്ടർ അതോറിറ്റിയിൽ നിലവിലുള്ളത്;

(ഡി) തിരുവനന്തപുരം പി.എച്ച്. ഡിവിഷന് കീഴിൽ ഓരോ സെക്ഷൻ ഓഫീസിന്റെയും പരിധിയിൽ എത്ര വാട്ടർ കണക്ഷൻ ഉണ്ട്?

<u>ഉത്തരം</u>

(എ-സി) കുടിവെള്ള വിതരണ പദ്ധതികളിൽ കണക്ഷനുകളുടെ എണ്ണത്തിനനുസരിച്ച് എത്ര ജീവനക്കാർ വേണമെന്നതിനെപ്പറ്റി സി.പി.എച്ച്.ഇ.ഇ.ഒ. (സെൻട്രൽ പബ്ലിക് ഹെൽത്ത് ആന്റ് എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് ഓർഗനൈസേഷൻ) നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ കേരള വാട്ടർ അതോറിറ്റിയിൽ നിലവിൽ നടപ്പിലാക്കിയിട്ടില്ല.

(ഡി) തിരുവനന്തപുരം പി.എച്ച്. ഡിവിഷനുകീഴിൽ പാളയം - 27987, പാറ്റൂർ - 30506, തിരുമല - 32141, കരമന - 35132, കുര്യാത്തി - 39267, വണ്ടിത്തടം - 13144, കവടിയാർ - 21432, പേരൂർക്കട - 17624, പോങ്ങുംമൂട് - 30154 എന്നീ സെക്ഷനുകളിലായി ആകെ 247387 കണക്ഷനുകൾ ഉണ്ട്.

**എഴുമറ്റൂർ കുടിവെള്ള വിതരണ പദ്ധതി**

210(2679) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഴുമറ്റൂർ കുടിവെള്ള വിതരണ പദ്ധതിക്ക് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്;

(ബി) എന്തൊക്കെ പ്രവൃത്തികളാണ് പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ട നിർമ്മാണത്തിനായി എത്ര രൂപയുടെ പ്രൊപ്പോസലാണ് സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റിയിൽ സമർപ്പിച്ചിട്ടുള്ളത്; ഇതിന് അനുമതി നൽകാൻ വൈകുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എഴുമറ്റൂർ ശുദ്ധജല വിതരണ പദ്ധതിയുടെ ഒന്നാംഘട്ടത്തിലെ പ്രവൃത്തികൾക്കായി 591 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്:

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. 2.50 എം.എൽ.ഡി. ജലശുദ്ധീകരണശാല
2. 200 എം.എം. D1 K9 റോവാട്ടർ പമ്പിംഗ് മെയിൻ - 5500 മീറ്റർ ദൈർഘ്യം.
3. 100 എം.എ. ഡി 1 ഗ്രാവിറ്റി മെയിൻ - 6050 മീറ്റർ ദൈർഘ്യം
4. 3 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജലസംഭരണി (കാരമല).

(സി) 200 എം.എം. D1 K9 റോവാട്ടർ പമ്പിംഗ് മെയിന്റെ പണി പൂർത്തിയായി. 100 എം.എം. ഡി 1 ഗ്രാവിറ്റി മെയിന്റെ പണി ഭാഗികമായി പൂർത്തിയായി. ജലശുദ്ധീകരണശാലയുടെ നിർമ്മാണം 2 പ്രാവശ്യം ടെണ്ടർ ചെയ്തു. കരാറുകാർ ഉയർന്ന നിരക്ക് രേഖപ്പെടുത്തിയതിനാൽ ടെണ്ടർ റദ്ദ് ചെയ്യുകയും ജലശുദ്ധീകരണശാലയ്ക്കുപകരം ജലം ശുദ്ധീകരിക്കുന്നതിന് മറ്റു മാർഗ്ഗങ്ങൾ പരിശോധിച്ച് വീണ്ടും ടെണ്ടർ ചെയ്യാൻ വാട്ടർ അതോറിറ്റി ഉത്തരവാകുകയും ചെയ്തു. അതനുസരിച്ച് പ്രഷർ ഫിൽട്ടർ, സെഡിമെന്റേഷൻ ടാങ്ക് എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സമഗ്രമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർ (എസ്ആർ.)-ന് നിർദ്ദേശം നൽകുന്നതിന് 23-11-2015-ലെ കേരള വാട്ടർ അതോറിറ്റി ഹൈലെവൽ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

(ഡി) എഴുമറ്റൂർ ശുദ്ധജല വിതരണ പദ്ധതിയുടെ രണ്ടാംഘട്ട പ്രവൃത്തികൾക്കായി 1780 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ലഭിച്ചെങ്കിലും ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ട ജലശുദ്ധീകരണശാലയുടെ പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതി 2015 എസ്.എൽ.എസ്.എസ്.സി.-യിലേക്ക് പരിഗണിച്ചിട്ടില്ല.

## സംസ്ഥാനത്തെ ക്ഷേത്രക്കുളങ്ങളുടെ പുനരുദ്ധാരണം

211(2680) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷേത്രക്കുളങ്ങളുടെ പുനരുദ്ധാരണം സംബന്ധിച്ച് ജലസേചന വകുപ്പിലേ ഫയൽ നമ്പർ 10807/WR/MI2/13-ൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ.

(ബി) പ്രസ്തുത ഫയലിലെ ആവശ്യപ്രകാരം CE ഇറിഗേഷൻ വിശദമായ റിപ്പോർട്ടും ഡി.പി.ആർ.-ഉം സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ. ഇല്ലെങ്കിൽ എത്രയും വേഗം ഡി.പി.ആർ. സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ. കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കാമോ.

ഉത്തരം

(എ&ബി) അമ്പലക്കുളങ്ങളുടെ നവീകരണത്തിനായുള്ള തീരുമാനമാകാത്ത എല്ലാ പ്രൊപ്പോസലുകളും ലഭ്യമാക്കുവാൻ പ്രസ്തുത ഫയലിൽ ചീഫ് എഞ്ചിനീയറോട് (ജലസേചനവും ഭരണവും) ആവശ്യപ്പെട്ടതുപ്രകാരം പുതിയ ഹെഡ് ഓഫ് അക്കൗണ്ട് അനുവദിക്കുന്നതിനുവേണ്ടി 313 കുളങ്ങളുടെ പട്ടിക സമർപ്പിച്ചിട്ടുണ്ട്. ആയത് അനുവദിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ ഈ പ്രവൃത്തികൾക്കുവേണ്ടി തുകയൊന്നും അനുവദിച്ചിരുന്നില്ല.

## ശുദ്ധജലവിതരണ പൈപ്പ് ലൈനുകൾ

212(2681) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ശുദ്ധജലവിതരണ പൈപ്പ് ലൈനുകൾ നീട്ടി കൂടുതൽ ഗുണഭോക്താക്കൾക്ക് ജലം എത്തിക്കുന്നതിനുള്ള പദ്ധതികൾ ഏതൊക്കെയാണ് ;

(ബി) പ്രസ്തുത പദ്ധതി ജില്ലാ കളക്ടർമാർ മുഖേന നടപ്പിലാക്കുന്നുണ്ടോ ; എങ്കിൽ ഏതൊക്കെ ഫണ്ട് ഉപയോഗിച്ചാണെന്നും നടപടിക്രമങ്ങൾ ഏതെല്ലാ മാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പൈപ്പ് ലൈനുകൾ നീട്ടി കൂടുതൽ ഗുണഭോക്താക്കൾക്ക് ജലം എത്തിക്കുന്നതിന് താഴെപ്പറയുന്ന രീതിയിലുള്ള പദ്ധതികളാണ് കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്നത്:

1. സർക്കാരിന്റെ ബഡ്ജറ്റിൽ 09.29 എന്നീ ഹെഡുകളിൽപ്പെടുത്തി അനുമതി ലഭിച്ച പദ്ധതികൾ.
2. ത്രിതല പഞ്ചായത്തുകൾ (തദ്ദേശഭരണ സ്ഥാപനങ്ങൾ) മുനിസിപ്പാലിറ്റികൾ മുതലായവയുടെ നിക്ഷേപം ഉപയോഗിച്ച് പൈപ്പ്ലൈനുകൾ നീട്ടി കുടിവെള്ളം എത്തിക്കുന്ന പദ്ധതികൾ.
3. എം.എൽ.എ., എം.പി. എന്നിവരുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് പൈപ്പ് ലൈൻ നീട്ടി കുടിവെള്ളം എത്തിക്കുന്ന പദ്ധതികൾ.

(ബി) ഇല്ല.

## ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഭൂജലവകുപ്പ് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ

213(2682) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂജല വകുപ്പ് വിവിധ പദ്ധതികൾ മുഖേന ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ പ്രാവർത്തികമാക്കിയ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത ഓരോ പദ്ധതികളുടെയും പേരും അടങ്കൽ തുകയും പ്രവർത്തന പുരോഗതിയും അറിയിക്കുമോ?

ഉത്തരം

(എ&ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

## പൂരക്കടവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ്

214(2683) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ ഏര്യം പുഴക്ക് കുറുകെ പൂരക്കടവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് ചെറുകിട ജലസേചന വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നല്കുമോ ;

(ബി) പ്രസ്തുത പ്രൊപ്പോസൽ നബാർഡിൽ ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ ഏര്യം പുഴയ്ക്ക് കുറുകെ പൂരക്കടവിൽ റെഗുലേറ്റർ-കം ബ്രിഡ്ജിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിക്കുകയും IDRB-യിൽനിന്ന് ഡിസൈൻ ലഭിക്കുകയും ചെയ്തു. അംഗീകരിച്ച ഡിസൈൻ പ്രകാരം നിലവിലെ ഷെഡ്യൂൾ ഓഫ് റേറ്റിൽ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. പ്രസ്തുത പ്രൊപ്പോസൽ NABARD-ന്റെ മാനദണ്ഡങ്ങൾ അനുസരിച്ചിട്ടുള്ളതാണോ എന്ന് പരിശോധിച്ച് നബാർഡിന്റെ RIDF സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**എലവത്തിങ്കൽ ചിറ ഫാം റോഡ് നന്നാക്കൽ പ്രവൃത്തി**

215(2684) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ 2014-ൽ തലപ്പിള്ളി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ കടങ്ങോട് പഞ്ചായത്തിലെ എലവത്തിങ്കൽ ചിറ ഫാം റോഡ് നന്നാക്കൽ പ്രവൃത്തിയുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചുവോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതികാനുമതി നൽകുന്നതിനും ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതിനും ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ആരാണ്;

(സി) ഭരണാനുമതി നൽകി ഒരു വർഷം കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മൈനർ ഇറിഗേഷൻ 2014-ൽ തലപ്പിള്ളി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ കടങ്ങോട് പഞ്ചായത്തിലെ എലവത്തിങ്കൽ ചിറ ഫാം റോഡിന്റെ പുതിയ നിരക്കിലുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ (ഐ & എ)-യുടെ ഓഫീസിൽ തയ്യാറാക്കിവരുന്നു.

(ബി) സാങ്കേതികാനുമതി നൽകുന്നത് ചീഫ് എഞ്ചിനീയറും ടെണ്ടർ നടപടികൾ കൈക്കൊള്ളുന്നത് ചെറുകിട ജലസേചന വിഭാഗം മദ്ധ്യമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുമാണ്.

(സി) പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ് നിലവിൽ വന്നതുകൊണ്ട് പുതുക്കിയ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിവന്നതിനാലാണ് പ്രവൃത്തി ആരംഭിക്കാൻ കാലതാമസം നേരിട്ടത്.

**അരുവിക്കരയിലെ പുതിയ ജലശുദ്ധീകരണശാല**

216(2685) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയിൽ പൂർത്തിയാക്കിയ തിരുവനന്തപുരം അരുവിക്കരയിലെ പുതിയ ജലശുദ്ധീകരണ ശാലയുടെ നിർമ്മാണച്ചുമതല ഏത് കമ്പനിക്കായിരുന്നു;

(ബി) ഏത് വർഷമാണ് ഇതിന്റെ നിർമ്മാണം പൂർത്തിയാക്കിയത്; കരാറനുസരിച്ച് എത്ര വർഷമാണ് പ്രസ്തുത കമ്പനി തന്നെ ഈ ശുദ്ധീകരണ ശാല പ്രവർത്തിപ്പിക്കേണ്ടത്;

(സി) പ്രസ്തുത ശുദ്ധീകരണശാലയിൽ ഏത് സാങ്കേതിക വിദ്യയാണ് ഉപയോഗപ്പെടുത്തിരിക്കുന്നത്; വിശദാംശം നൽകുമോ; ഇത് ഏതെങ്കിലും കമ്പനിയുടെ പേറ്റന്റ് ഉള്ള സാങ്കേതിക വിദ്യയാണോ ;

(ഡി) ശുദ്ധീകരണശാല പ്രവർത്തിപ്പിക്കുന്നതിന് വാട്ടർ അതോറിറ്റിയിലെ എൻജിനീയർമാർക്കും ജീവനക്കാർക്കും പരിശീലനം നൽകിയിട്ടുണ്ടോ; ഇത് പൂർണ്ണമായി വാട്ടർ അതോറിറ്റിക്ക് കൈമാറുമോ; എങ്കിൽ എന്നത്തേക്ക് എന്നറിയിക്കുമോ?

ഉത്തരം

(എ) M/s. Degremont എന്ന കമ്പനിക്കായിരുന്നു.

(ബി) 2011-ൽ നിർമ്മാണം പൂർത്തിയാക്കി. 2 വർഷം

(സി) പൾസേറ്റർ സാങ്കേതിക വിദ്യയാണ് പ്രസ്തുത ശുദ്ധീകരണശാലയിൽ ഉപയോഗപ്പെടുത്തിയിരിക്കുന്നത്. M/s.Degremont എന്ന കമ്പനിക്ക് ഈ സാങ്കേതിക വിദ്യയിൽ പേറ്റന്റ് ഉണ്ട്.

(ഡി) പരിശീലനം നൽകിയിട്ടുണ്ട്. മേയ് 2013-ൽ ഇതിന്റെ പ്രവർത്തനം പൂർണ്ണമായും വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്.

**ജലസമൃദ്ധകേരളം പദ്ധതി**

217(2686) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീമതി കെ. എസ്. സലീഖ :
ഡോ. കെ. ടി. ജലീൽ :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 ബഡ്ജറ്റിൽ പ്രഖ്യാപിച്ച ജലസമൃദ്ധകേരളം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; പദ്ധതിക്കായി ഇതുവരെ എത്ര തുക ചെലവഴിച്ചു; വിശദാംശം അറിയിക്കുമോ ;

(സി) പദ്ധതിയുടെ കീഴിലെ എത്ര പ്രോജക്ടുകൾ ഇതുവരെ അംഗീകരിച്ചു; എത്രയെണ്ണം നടപ്പാക്കി ;

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും പ്രസ്തുത പദ്ധതികൾക്കായി എത്ര തുക നൽകി ; അതിന്റെ മാനദണ്ഡമെന്തായിരുന്നു ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ജലവിഭവ വകുപ്പിന്റെ കീഴിൽ ഇപ്രകാരം ഒരു പദ്ധതി നടപ്പാക്കുന്നില്ല.

(ബി-ഡി) ചോദ്യം ഉദിക്കുന്നില്ല.

**കോൺക്രീറ്റ് ബോട്ട് ജെട്ടികൾ**

218(2687) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കൈനകരി പുത്തൻകായൽ ജെട്ടി, കൈനകരി ചാവറ ഭവൻജെട്ടി , ചേന്നംകരി അക്ഷരജെട്ടി, പുളിങ്കുന്നു റ്റി.ആർ.റ്റി ബേഴ്സ് ജെട്ടി എന്നീ തടി ബോട്ട് ജെട്ടികൾ കോൺക്രീറ്റ് ജെട്ടികൾ ആക്കുന്നതിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷയിൻമേൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) കാലപ്പഴക്കത്താൽ അപകടാവസ്ഥയിലുള്ള പ്രസ്തുത തടി ബോട്ടുജെട്ടികൾക്ക് പകരം കോൺക്രീറ്റ് ബോട്ട് ജെട്ടികൾ നിർമ്മിക്കുന്നതിന് മുൻഗണന നൽകി സാമ്പത്തിക അനുമതി നൽകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ യെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രസ്തുത ജെട്ടികൾ കോൺക്രീറ്റ് ജെട്ടികളാക്കുന്നതിന് എസ്റ്റിമേറ്റുകൾ തയ്യാറാക്കിവരുന്നു.

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

**ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് പുതിയ പദ്ധതികൾ**

219(2688) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് നടപ്പിലാക്കിയ പുതിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയ പ്രദേശങ്ങൾ മണ്ഡലം തിരിച്ച് വിശദമാക്കുമോ ;

(ബി) ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് നിലവിലുള്ള പഴയ പദ്ധതികൾ എന്തൊക്കെയാണ് ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതികൾ കേന്ദ്രീകരിച്ച് നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ശുദ്ധജലക്ഷാമം അനുഭവിക്കുന്ന മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും ഏതൊക്കെയാണ് ; പ്രസ്തുത നഗരങ്ങളിലേയും പഞ്ചായത്തുകളിലേയും ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**മെക്കാനിക്കൽ സൂപ്രണ്ട് തസ്തിക**

220(2689) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ മെയിന്റനൻസ് സബ് ഡിവിഷനുകളിലും പ്രധാന പ്ലാന്റുകളിലും മെക്കാനിക്കൽ സൂപ്രണ്ട് തസ്തിക ഉണ്ടായിരുന്നാൽ പ്ലാന്റുകളുടേയും അതോറിറ്റി പമ്പു ഹൗസുകളുടെയും പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സഹായകരമാകുമെന്ന വസ്തുത പരിഗണിച്ച് അതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) കേരള വാട്ടർ അതോറിറ്റിയിലെ ഓപ്പറേറ്റർ, ക്ലാസ് -IV, ഓവർസീയർ/ ഡ്രാഫ്റ്റ്മാൻ, പ്ലംബർ, ഫിറ്റർ, ഇലക്ട്രീഷ്യൻ, മീറ്റർ റീഡർ തുടങ്ങിയവയുടെ പ്രൊമോഷൻ തസ്തികകളുടെ എണ്ണം വർദ്ധിപ്പിച്ച് പ്രൊമോഷൻ സമയബന്ധിതമായി നടത്തുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ ഈ വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) പ്രൊമോഷൻ തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കണമെങ്കിൽ പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

**കൊട്ടാരക്കരയിലെ ജലവിതരണ പദ്ധതികൾ**

221(2690) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ വാട്ടർ അതോറിറ്റി ആരംഭിച്ചതും പാതിവഴിയിൽ ഉപേക്ഷിച്ചതുമായ ജലവിതരണ പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതികൾ ആരംഭിച്ച വർഷവും ആയവയ്ക്ക് ചെലവഴിച്ച ആകെ തുകകളും എത്രയാണ്;

(സി) പ്രസ്തുത പദ്ധതികളിൽ പുനരുജ്ജീവിപ്പിക്കാവുന്ന പദ്ധതികൾ ഉണ്ടോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ വാട്ടർ അതോറിറ്റി ആരംഭിച്ചതും പൂർത്തികരിച്ചിട്ടില്ലാത്തതുമായ "NC-PC/WSS to Anthamon area in Mylom Panchayat" എന്ന ഒരു പദ്ധതി ഉണ്ട്.

(ബി) പ്രസ്തുത പദ്ധതി 2004-ൽ ആരംഭിച്ചു. ഈ പദ്ധതിക്കായി ഇതുവരെ ആകെ 51,40,825 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഈ പദ്ധതിയുടെ കിണറിന്റെ നിർമ്മാണ ഘട്ടത്തിൽ കരാറുകാരനും വാട്ടർ അതോറിറ്റിയുമായി തർക്കം ഉണ്ടാവുകയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയ്ക്ക് വരികയും തുടർന്ന് ഈ പദ്ധതി നിർത്തിവച്ചിട്ടുള്ളതുമാകുന്നു. ശേഷിക്കുന്ന പണികൾ പൂർത്തീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റുകൾ കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

**അണക്കെട്ടുകളുടെ സംരക്ഷണം**

222(2691) ശ്രീ. പി. എ. മാധവൻ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. സണ്ണി ജോസഫ് :

ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിന്റെ അണക്കെട്ടുകളുടെ സംരക്ഷണത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ?

ഉത്തരം

(എ) ജലസേചന വകുപ്പിന്റെ അണക്കെട്ടുകളുടെ സംരക്ഷണത്തിന് "ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP) എന്ന പദ്ധതി ലോക ബാങ്കിന്റെ സഹായത്തോടെ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അണക്കെട്ടുകൾ/ബാരേജുകൾ/റഗുലേറ്ററുകൾ ഉൾപ്പെടെ 16 പദ്ധതികളും സംസ്ഥാന വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള 12 പദ്ധതികളുമാണ് DRIP-ൽ (ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂപ്മെന്റ് പ്രോജക്ടിൽ) ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഡാമുകളുടേയും അവയുടെ അനുബന്ധ ഭാഗങ്ങളുടേയും കാര്യക്ഷമത പരമാവധി പുനഃസ്ഥാപിച്ച് സുരക്ഷിതമായി നിലനിർത്തുകയെന്നതാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. അണക്കെട്ട് സുരക്ഷാ വിഭാഗത്തിന്റെ ശാക്തീകരണവും അണക്കെട്ടുകളുടെ അടിസ്ഥാന സൗകര്യ വികസനവും കൂടി പ്രസ്തുത പദ്ധതി വഴി കൈവരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) DRIP പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുന്നോടിയായി ചില പ്രാരംഭ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. അവയിൽ പ്രധാനപ്പെട്ടവ DRIP-ൽ ഉൾപ്പെടുത്തിയിരിക്കുന്ന പദ്ധതികളുടെ DSRP (Dam

Safety Review Panel) ഇൻസ്പെക്ഷൻ, ഹൈഡ്രോളജിക്കൽ റിവ്യൂ സ്റ്റഡി (Hydrological Review Study) പ്രോജക്ട് സ്ക്രീനിംഗ് ടെംപ്ലേറ്റ് (Project Screening Templates) തയ്യാറാക്കൽ, ബിഡ് ഡോക്യുമെന്റ് (Bid Document) തയ്യാറാക്കൽ എന്നിവയാണ്. അത്തരം പ്രാരംഭ നടപടികൾക്ക് State Project Management Unit (SPMU), Central Project Management Unit (CPMU) ലോകബാങ്ക് (World Bank) എന്നിവയുടെ അംഗീകാരവും ലഭിക്കേണ്ടതായുണ്ട്. ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ പദ്ധതികളുടേയും DSRP Inspection, Hydrological Review Study എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. Hydrological Review Study-ക്ക് അംഗീകാരവും ലഭിച്ചു. കാഞ്ഞിരപ്പുഴ അണക്കെട്ടിനൊഴികെയുള്ള DRIP-ലെ 15 പദ്ധതികൾക്കും പ്രോജക്ടുകളുടെ ടെംപ്ലേറ്റുകൾക്ക് ലോകബാങ്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ജലസേചന വകുപ്പിൽ DRIP-പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പത്ത് (10) പ്രവൃത്തികൾ അവാർഡ് ചെയ്തിട്ടുണ്ട്. മൂന്ന് (3) പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിച്ചു കിട്ടുന്നതിനും ആറ് (6) പ്രവൃത്തികളുടെ ടെണ്ടർ സംബന്ധിച്ച പരിശോധനയും ഇവാലുവേഷനും പൂർത്തീകരിക്കുന്നതിനും ഉള്ള നടപടികൾ പുരോഗമിച്ചു വരുന്നു. മലമ്പുഴ അണക്കെട്ടിലെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. മറ്റ് പ്രവൃത്തികൾ കഴിവതും വേഗം പൂർത്തീകരിച്ച് ലക്ഷ്യം കൈവരിക്കാനുള്ള പരിശ്രമങ്ങൾ നടന്നുവരുന്നു.

**അച്ചൻകോവിലാറ്റിൽ തടയണ നിർമ്മാണം**

223(2692) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ അച്ചൻകോവിലാറ്റിൽ തടയണ നിർമ്മിക്കുന്നതിന് തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അച്ചൻകോവിലാറ്റിൽ കോട്ടത്തോടിന്റെ പതനമുഖം സംരക്ഷണഭിത്തി കെട്ടുന്നതിന് ചീഫ് എഞ്ചിനീയർ നൽകിയ എസ്റ്റിമേറ്റിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഡി) കോട്ടത്തോട് നവീകരണത്തിനായി ഈ സർക്കാരിന്റെ കാലത്ത് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഇനിയും പ്രവൃത്തി ആരംഭിക്കാനുള്ളവ ഉണ്ടോ; എങ്കിൽ അടിയന്തരമായി ആരംഭിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഭരണാനുമതി നല്കിയിട്ടുണ്ട്.

(സി) പ്രവൃത്തി ടെണ്ടർ ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) രണ്ട് ഘട്ടങ്ങളിലായി 15 ലക്ഷം രൂപയും 32.50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. 15 ലക്ഷം രൂപയുടെ പ്രവൃത്തി ആരംഭിച്ചു. 32.50 ലക്ഷം രൂപയുടെ പ്രവൃത്തിക്കുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**ആർ.ബി.സി. കനാൽ നീട്ടുന്നതിനുള്ള നടപടി**

224(2693) <u>ശ്രീ. കെ. അച്ചുതൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി പാലക്കാട് ജില്ലയിലെ ജനസമ്പർക്ക പരിപാടിയിൽ ആർ.ബി.സി. കനാൽ നീട്ടുന്നത് സംബന്ധിച്ച പ്രഖ്യാപനം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രണ്ട് പ്രാവശ്യം എ.എസ്. ലഭിച്ചിട്ടും വർക്ക് ടെണ്ടർ ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കനാൽ നിർമ്മാണത്തിന് ലഭിച്ചിട്ടുള്ള ഭൂമിയിൽ നടപ്പു സാമ്പത്തിക വർഷത്തിൽ തന്നെ പണികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) കനാൽ നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാലാണ് ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കഴിയാതെ വരുന്നത്. ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി റവന്യൂ അധികാരികൾക്ക് കത്ത് നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാവുന്ന മുറയ്ക്ക് തന്നെ പ്രവൃത്തി നടത്തുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്. ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ടുള്ള നടപടികൾ ഏകോപിപ്പിക്കുന്നതിനായി പദ്ധതി വിഭാഗം ഒന്ന് ചീഫ് എഞ്ചിനീയറെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ഭൂജല വകുപ്പിന്റെ പ്രവർത്തനങ്ങൾ

225(2694) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂജല വകുപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ ബഡ്ജറ്റിലും ഭൂജല വകുപ്പിനായി നീക്കിവെച്ച തുക എത്രയെന്നും ഓരോ വർഷവും ചെലവഴിച്ചത് എത്ര വീതമെന്നും വ്യക്തമാക്കുമോ;

(സി) വരൾച്ചയെ പ്രതിരോധിക്കുവാൻ ഒരു പഞ്ചായത്തിന് ഒരു കുളം നവീകരിക്കുന്ന പദ്ധതി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്ന ചെറുകിട കുടിവെള്ള പദ്ധതി, ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും പദ്ധതി, ലോകബാങ്ക് സഹായത്തോടെ ജലസേചന വകുപ്പുമായി സംയുക്തമായി നടപ്പിലാക്കിവരുന്ന ഹൈഡ്രോളജി പ്രോജക്ട്, സംസ്ഥാനത്തെ ജലഗുണ നിലവാരത്തെപ്പറ്റിയുള്ള സമഗ്രമായ പഠനം, വകുപ്പുതല അനലറ്റിക്കൽ ലബോറട്ടറിയിൽ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുക തുടങ്ങിയവ നടപ്പിലാക്കിയിട്ടുണ്ട്. ഭൂജല പര്യവേഷണവും വികസനവും എന്ന പദ്ധതിയിൻ പ്രകാരം 9382 ഭൂജല സർവ്വേ നടത്തുകയും 1912 നിർമ്മാണ പ്രവർത്തനം നടത്തുകയും 2912 ജലസ്രോതസ്സുകളുടെ ഗുണനിലവാരം തിട്ടപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂജല വകുപ്പിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതവും ചെലവും ചുവടെ ചേർക്കുന്നു:

| | പദ്ധതി വിഹിതം | ചെലവ് (തുക ലക്ഷത്തിൽ) |
|---|---|---|
| 2011-12 | 1058 | 800.93 |
| 2012-13 | 2152 | 1,985.77 |
| 2013-14 | 1655 | 1600.2 |

| | | |
|---|---|---|
| 2014-15 | 2102.1 | 1931.775 |
| 2015-16 (നവംബർ മാസം വരെ) | 1271 | 620.40 |

| നോൺപ്ലാൻ | വിഹിതം | ചെലവ് |
|---|---|---|
| 2011-12 | 2213 | 2166 |
| 2012-13 | 2026.8 | 2241 |
| 2013-14 | 2622 | 2481 |
| 2014-15 | 2891 | 2681.87 |
| 2015-16 | 3391 | 2096 (നടപ്പ സാമ്പത്തിക വർഷം) |

(സി) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അവശേഷിക്കുന്ന പഞ്ചായത്തുകളിലും പദ്ധതി നടപ്പിലാക്കുന്നതാണ്.

**കൃത്രിമ ജല പരിപോഷണം**

226(2695) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ ജലവകുപ്പിന് കീഴിൽ കൃതിമ ജല പരിപോഷണ (ആർട്ടിഫിഷ്യൽ റീചാർജ്)-ത്തിനുവേണ്ടി തുക വകയിരുത്താറുണ്ടോ ;

(ബി) പ്രസ്തുത ഇനത്തിൽ ഈ വർഷം മലപ്പുറം ജില്ലയിൽ ഏതെല്ലാം പ്രവൃത്തികൾക്ക് അപേക്ഷ ലഭിച്ചു എന്നും അവയിൽ ഏതെല്ലാം പ്രോജക്ടുകൾ അംഗീകരിച്ചു എന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) തുക വകയിരുത്താറുണ്ട്.

(ബി) ഈ സാമ്പത്തിക വർഷത്തിൽ മലപ്പുറം ജില്ലയിൽനിന്നും തുറന്ന കിണർ റീ-ചാർജ് ചെയ്യുന്ന 3 പദ്ധതികൾ സമർപ്പിക്കുകയും അതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| സർക്കാർ ഹൈസ്കൂൾ, വെട്ടത്തൂർ | - | 79,000 |
| സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ, വെട്ടത്തൂർ | - | 1,08,500 |
| സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ, ഉഗ്രപുരം | - | 97,900 |
| ആകെ | | 2,85,400 |

**ഭൂഗർഭ ജലം ഉപയോഗപ്പെടുത്തി ചെറുകിട കുടിവെള്ള പദ്ധതികൾ**

227(2696) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭ ജലം ഉപയോഗപ്പെടുത്തി ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതികൾ വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി, വരൾച്ച ദുരിതാശ്വാസ പദ്ധതി, എം.എൽ.എ.എസ്.ഡി.എഫ്., എം.പി.എൽ.എ.ഡി., എ.ആർ.ഡബ്ല്യൂ.എസ്.എസ്. ത്രിതല പഞ്ചായത്ത്/മറ്റു സർക്കാർ വകുപ്പുകളുടെ ഡെപ്പോസിറ്റ് പദ്ധതി എന്നിവയിലുൾപ്പെടുത്തി ഭൂഗർഭ ജലം ഉപയോഗപ്പെടുത്തിയുള്ള ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പാക്കി വരുന്നു.

(ബി) മറ്റു കുടിവെള്ള പദ്ധതികൾ നിലവിലില്ലാത്ത സ്ഥലങ്ങളിൽ പൊതുജനങ്ങൾക്ക് ഗുണനിലവാരമുള്ള കുടിവെള്ളം കുറഞ്ഞ ചെലവിൽ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. രാജീവ്ഗാന്ധി പദ്ധതിയിലുൾപ്പെടുത്തി

ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന തുക വരൾച്ചാദുരിതാശ്വാസ പദ്ധതിക്കായി സർക്കാർ അനുവദിക്കുന്ന പ്രത്യേക തുക, എം.എൽ.എ. എസ്.ഡി.എഫ്., എം.പി.എൽ.എ.ഡി, എ.ആർ.ഡബ്ല്യൂ.എസ്.എസ്. എന്നിവയിലുൾപ്പെടുത്തി ജില്ലാ കളക്ടർ അനുവദിക്കുന്ന തുക ത്രിതല പഞ്ചായത്ത്/സർക്കാർ വകുപ്പുകൾ ഡെപ്പോസിറ്റ് ചെയ്യുന്ന തുക എന്നിവ ഉപയോഗിച്ചാണ് ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നത്. കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നതും മറ്റ് കുടിവെള്ള പദ്ധതികൾ നിലവിലില്ലാത്തതുമായ പ്രദേശങ്ങളിൽ കുഴൽക്കിണർ നിർമ്മിച്ച് ചെറുകിട കുടിവെള്ള പദ്ധതികളും ജല ലഭ്യത കുറഞ്ഞ കിണറുകളിൽ കൈപമ്പ് സ്ഥാപിച്ച് കുടിവെള്ള സംവിധാനവും നടപ്പാക്കുക എന്നതാണ് ഈ പദ്ധതിയിൽക്കൂടി ഉദ്ദേശിക്കുന്നത്.

(സി) രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിപ്രകാരം 2012-13-ൽ 10 കോടി രൂപയും 2013-14-ൽ 4 കോടി രൂപയും 2014-15-ൽ 8.45 കോടി രൂപയും ഭൂജല വകുപ്പിന് ലഭ്യമാക്കിയിരുന്നു. ഇതിൽ 9.94, 3.96, 8.44 കോടി രൂപ യഥാക്രമം ചെലവഴിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം 2 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്.

## ഗ്രൗണ്ട് വാട്ടർ സ്രോതസ്സുകളുടെ റീ-ചാർജിംഗ്

228(2697) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളിലൂടെയും സ്ഥാപനങ്ങളിലൂടെയും ഊറ്റിയെടുക്കപ്പെടുന്ന ഭൂജല സ്രോതസ് റീ-ചാർജ് ചെയ്യാൻ എന്തെല്ലാം നടപടികളാണുള്ളത്; ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എപ്രകാരമാണ് ഇത് നടപ്പിലാക്കുന്നത് ;

(ബി) കെട്ടിടങ്ങളുടെ നിർമ്മാണഘട്ടത്തിൽ തന്നെ ഭൂജലസ്രോതസ് റീചാർജ് ചെയ്യുന്നതിനായി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇപ്രകാരം കെട്ടിടങ്ങളിൽ ഗ്രൗണ്ട് വാട്ടർ റീ-ചാർജ്ജിംഗിന് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് പറയുമോ ;

(സി) കുറഞ്ഞ നിരക്കിൽ വാട്ടർ റീ-ചാർജിംഗ് സംവിധാനം ഒരുക്കിയും സബ്സിഡി അടക്കം നൽകിയും പാഴായി പോകുന്ന മഴവെള്ളം ഭൂമിക്കടിയിലെത്തിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഭൂജല സംരക്ഷണത്തിനും കൃത്രിമ ഭൂജല സംപോഷണത്തിനുമായി ഭൂജല വകുപ്പ് ഭൂജല സംരക്ഷണവും ഭൂജല സംപോഷണവും എന്ന പദ്ധതി നടപ്പാക്കി വരുന്നു. കൃത്രിമ ഭൂജല സംപോഷണം നടപ്പാക്കുന്നതിനായി ശാസ്ത്രീയമായി സ്ഥാനനിർണ്ണയം നടത്തി അടിയണകൾ, തടയണകൾ, മഴക്കുഴികൾ മുതലായവയും തുറന്ന കിണറുകൾ പരിപോഷിപ്പിക്കുന്ന പദ്ധതിയും നടപ്പാക്കി വരുന്നു.

(ബി) സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്.)നമ്പർ19/2004/ എൽ.എസ്.ജി.ഡി. തീയതി 12-1-2004 പ്രകാരം കെട്ടിട നിർമ്മാണ ഘട്ടത്തിൽതന്നെ ഭൂജലസ്രോതസ്സ് റീ-ചാർജ് ചെയ്യണം എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭൂജല വകുപ്പ് നേരിട്ട് സ്കൂളുകളിലും മറ്റു പൊതു കെട്ടിടങ്ങളിലും മഴവെള്ളം സംഭരിച്ച് കിണർ റീചാർജ് ചെയ്യുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

(സി) ചെലവുകുറഞ്ഞ രീതിയിൽ റീചാർജിംഗ് ചെയ്യുന്ന പദ്ധതിക്ക് ഭൂജല വകുപ്പിൽനിന്നും സബ്സിഡി നൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**പമ്പ് ഹൗസുകൾ**

229(2698) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാട്ടർ അതോറിറ്റിയുടെ വിവിധ പമ്പ് ഹൗസുകൾ ചോർന്നൊലിക്കുന്നതും സുരക്ഷിതമല്ലാത്തതുമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനു പരിഹാരം കാണുന്നതിന് എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

<u>ഉത്തരം</u>

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പമ്പ് ഹൗസുകൾ കാലപ്പഴക്കത്താൽ ചോർന്നൊലിക്കുന്നതായി ശ്രദ്ധയിൽപ്പെടുമ്പോൾ ആയവ പരിഹരിക്കുന്നതിന് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയും (69-Renovation of Civil Structure) അടിയന്തര പ്രാധാന്യമുള്ള സ്ഥലങ്ങളിൽ മെയിന്റനൻസിൽ ഉൾപ്പെടുത്തിയും പണികൾ നടത്താറുണ്ട്.

### കേരള വാട്ടർ അതോറിറ്റിയിലെ സ്പെഷ്യൽ റൂളുകൾ

230(2699) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിലെ നിർദ്ദിഷ്ട ടെക്നിക്കൽ സ്പെഷ്യൽ റൂളിലെ അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കേരളാ വാട്ടർ അതോറിറ്റി മിനിസ്റ്റീരിയൽ സ്പെഷ്യൽ റൂളിലെ അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിലെ ടെക്നിക്കൽ സ്പെഷ്യൽ റൂൾ അപാകതകൾ പരിഹരിച്ച് പുതുക്കിയ കരട് റൂൾ സർക്കാരിലേക്ക് സമർപ്പിക്കുവാൻ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. ആയത് സർക്കാരിന് ലഭിച്ചിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ ഈ വിഷയം പരിശോധിച്ചുവരുന്നു.

### കേരള വാട്ടർ അതോറിറ്റിയിലെ സ്പെഷ്യൽ റൂളുകളിലെ അപാകതകൾ

231(2700) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിലെ നിർദ്ദിഷ്ട ടെക്നിക്കൽ സ്പെഷ്യൽ റൂളിലെ അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) കേരള വാട്ടർ അതോറിറ്റിയിലെ മിനിസ്റ്റീരിയൽ സ്പെഷ്യൽ റൂളിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അപാകതകൾ പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിലെ നിർദ്ദിഷ്ട ടെക്നിക്കൽ സ്പെഷ്യൽ റൂളിലെ അപാകതകൾ പരിഹരിച്ച് പുതുക്കിയ കരട് റൂൾ സമർപ്പിക്കുവാൻ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. ആയത് സർക്കാരിൽ ലഭിച്ചിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയിലെ മിനിസ്റ്റീരിയൽ സ്പെഷ്യൽ റൂളിലെ ഭേദഗതി നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

## പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി

232(2701) ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. വർക്കല കഹാർ :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിതരണത്തിനായുള്ള പഴയ പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാലപ്പഴക്കം ചെന്ന പൈപ്പുകളിലെ ചോർച്ചമൂലം ശുദ്ധജലം പാഴായി പോകുന്നത് ഒഴിവാക്കുവാനും മലിനജലം വിതരണ ശൃംഖലകളിൽ കയറുന്നത് തടയാനും അറ്റകുറ്റപ്പണികൾക്കായി വൻതുക ചെലവാക്കുന്നത് തടയാനും തന്മൂലം വാട്ടർ അതോറിറ്റിക്ക് ഉണ്ടാകുന്ന നഷ്ടം ഒഴിവാക്കുവാനുമാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്.

(സി) ജലവിതരണം സുഗമമാക്കുന്നതിന്റെ ഭാഗമായി വർഷങ്ങൾക്കുമുമ്പ് കമ്മീഷൻ ചെയ്യപ്പെട്ട നഗര ശുദ്ധജലവിതരണ പദ്ധതികളുടെയും ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികളുടെയും കേടായ പൈപ്പ് ലൈനുകൾ, പമ്പിംഗ് മെയിനുകൾ, ഗ്രാവിറ്റി മെയിനുകൾ, വിതരണലൈനുകൾ എന്നിവ മാറ്റി സ്ഥാപിക്കുന്നതിലേക്കായി 2011 മുതൽ സംസ്ഥാന ബഡ്ജറ്റിൽ സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ തുക വകകൊള്ളിച്ചിരിക്കുന്നു.

വരൾച്ച ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തിയും ത്രിതല പഞ്ചായത്തുകളുടെ ഡെപ്പോസിറ്റ് വർക്കായും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അത്യാവശ്യമായി മാറ്റി സ്ഥാപിക്കേണ്ട പൈപ്പുകൾ മാറ്റി സ്ഥാപിക്കാറുണ്ട്. കൂടാതെ നബാർഡ് ഫണ്ട് ഉപയോഗിച്ചും ചില പദ്ധതികളുടെ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുവരുന്നു.

**ജലനിധി രണ്ടാം ഘട്ടത്തിലേക്ക് കൈമാറുന്ന ബൃഹത് പദ്ധതികൾ**

233(2702) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ ഏതെല്ലാം ബൃഹത് പദ്ധതികളാണ് ജലനിധി രണ്ടാം ഘട്ടത്തിലേക്ക് കൈമാറുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) അവ ജലനിധിക്ക് കൈമാറിക്കഴിഞ്ഞാൽ അവയുടെ നടത്തിപ്പിൽ ഗ്രാമപഞ്ചായത്തിന് നിയന്ത്രണം ഉണ്ടാകുമോ; അവയുടെ നടത്തിപ്പിനായി സംസ്ഥാന സർക്കാരോ പഞ്ചായത്തോ വാർഷിക ധനസഹായം നൽകുമോ;

(സി) കൈമാറുന്ന പദ്ധതികളുടെ തുടർ പരിപാലനത്തിനാവശ്യമായ സാങ്കേതിക സഹായം നൽകുന്നത് ഏത് സ്ഥാപനമായിരിക്കും;

(ഡി) ജലനിധി ഒന്നാംഘട്ടത്തിൽ പൂർത്തീകരിച്ച ചവറ-പൻമന പദ്ധതിയുടെ വാർഷിക പരിപാലന ചെലവ് എത്രയാണ്; വാട്ടർ ചാർജ്ജായി ഓരോ ഉപഭോക്താവിൽ നിന്നും ഈടാക്കുന്നത് എന്തു തുകയാണ് ; പ്രസ്തുത പദ്ധതിയുടെ പരിപാലനത്തിനായി സംസ്ഥാന സർക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളും ചെലവഴിച്ച തുക എത്രയാണ് ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയുടെ ബൃഹത് പദ്ധതികളൊന്നും തന്നെ ജലനിധിക്ക് കൈമാറുവാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ താഴെപ്പറയുന്ന ബൃഹത് പദ്ധതികളുടെ പൊതുഘടകങ്ങൾ ജലനിധിയുടെ പ്രോജക്ട് ഫണ്ട് ഉപയോഗിച്ച് പുനരുദ്ധരിക്കുന്നതിനുവേണ്ട നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

1. മാള, അന്നമനട, പൊയ്യ, കുഴൂർ, വെള്ളാങ്കല്ലൂർ, പുത്തൻചിറ എന്നീ പഞ്ചായത്തുകൾക്കുള്ള മാള മൾട്ടി ജി.പി. ബൃഹത് പദ്ധതി.
2. ഊരകം, വേങ്ങര, പറപ്പൂർ മൾട്ടി ജി.പി. ബൃഹത് പദ്ധതി.
3. പെരുമണ്ണക്ലാരി, ഒഴൂർ, തെന്നല മൾട്ടി ജി.പി. ബൃഹത് പദ്ധതി.

ടി പദ്ധതികളുടെ ജലവിതരണ ശൃംഖലകൾ അതാതു പഞ്ചായത്തുകൾക്ക് കൈമാറുവാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ വാട്ടർ അതോറിറ്റിയുടെ ബൃഹത് പദ്ധതികളിൽനിന്നും ബൾക്ക് വാട്ടർ മീറ്റർ ഘടിപ്പിച്ച് പഞ്ചായത്തിന് ശുദ്ധജലം നൽകുന്നതിനായി താഴെപ്പറയുന്ന പഞ്ചായത്തുകളുടെ വിതരണ ശൃംഖല മുഴുവനായോ ഭാഗികമായോ അതാത് പഞ്ചായത്തുകൾക്ക് കൈമാറുവാൻ ജലനിധി രണ്ടാംഘട്ട പദ്ധതിപ്രകാരം വിഭാവനം ചെയ്തിരിക്കുന്നു.

1. റാന്നി പഞ്ചായത്ത്
2. അയ്മനം പഞ്ചായത്ത്
3. കടപ്ലാമറ്റം പഞ്ചായത്ത്
4. കുരോപ്പട പഞ്ചായത്ത്
5. കുറ്റിപ്പുറം പഞ്ചായത്ത്
6. ചോക്കാട് പഞ്ചായത്ത്
7. പുതാടി പഞ്ചായത്ത്
8. പുൽപ്പള്ളി പഞ്ചായത്ത്
9. പനമരം പഞ്ചായത്ത്

(ബി) പദ്ധതിയുടെ പൊതുഘടകങ്ങളുടെ നിയന്ത്രണം വാട്ടർ അതോറിറ്റിക്ക് തന്നെയാണ്. വിതരണ ശൃംഖലയുടെ തുടർ പരിപാലനവും മേൽനോട്ടവും അതാത് സ്കീം ലെവൽ എക്സിക്യൂട്ടീവ് കമ്മിറ്റിക്കാണ്.

(സി) പദ്ധതി പൂർത്തീകരിച്ചു കഴിഞ്ഞാൽ വിതരണ ശൃംഖലയുടെ തുടർ പരിപാലനത്തിനുള്ള സാങ്കേതിക സഹായത്തിന് ഗുണഭോക്തൃ സമിതികൾക്ക് പുറമേനിന്നുള്ള സാങ്കേതിക വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കാവുന്നതാണ്.

(ഡി) ജലനിധി ഒന്നാംഘട്ടത്തിൽ പൂർത്തീകരിച്ച ചവറ-പന്മന പദ്ധതിയിൽ പന്മനയുടെ വാർഷിക പരിപാലന ചെലവ് 678140 രൂപയും ചവറ ഗ്രാമ പഞ്ചായത്തിന്റെ വാർഷിക പരിപാലന ചെലവ് 881600 രൂപയുമാണ്. പന്മന ഗ്രാമപഞ്ചായത്തിൽ ഒരു മാസം 10 കി.ലി. വെള്ളം ഉപയോഗിക്കുന്നവരിൽനിന്നും കി. ലിറ്ററിന് 5 രൂപ നിരക്കിലും 10 കി. ലിറ്ററിനു മുകളിൽ 15 കി. ലിറ്റർ വരെ 7.5 രൂപ നിരക്കിലും 15 കി. ലിറ്ററിനു മുകളിൽ 10 രൂപ നിരക്കിലുമാണ് വാട്ടർ

ചാർജ്ജായി ഈടാക്കുന്നത്. ചവറ പഞ്ചായത്തിൽ നിന്നും വാട്ടർ ചാർജ്ജായി ഉപഭോക്താക്കളിൽനിന്നും 10 കി. ലിറ്റർ വരെ വെള്ളം ഉപയോഗിക്കുന്നവർക്ക് മിനിമം 50 രൂപയും അതിൽ കൂടുതലായി ഉപയോഗിക്കുന്ന ഓരോ കി. ലിറ്ററിനും 5 രൂപ ക്രമത്തിലുമാണ് വെള്ളക്കരം ഈടാക്കുന്നത്. പൂർത്തീകരിച്ച പദ്ധതികളുടെ പരിപാലന ചുമതല ബന്ധപ്പെട്ട ഗുണഭോക്തൃ സമിതികൾക്കായതിനാൽ ഈ ഇനത്തിൽ സംസ്ഥാന സർക്കാരോ തദ്ദേശഭരണ സ്ഥാപനങ്ങളോ യാതൊരു തുകയും ചെലവഴിച്ചിട്ടില്ല.

**ജലവിഭവ വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ**

234(2703) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, വാട്ടർ അതോറിറ്റി എന്നിവ മുഖേന അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളും അവയ്ക്കുവേണ്ടി ചെലവഴിച്ച തുകയും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകാമോ?

ഉത്തരം

(എ&ബി) ജലസേചന വകുപ്പ് :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലസേചന വകുപ്പ് മുഖേന അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

കേരള ജല അതോറിറ്റി :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജല അതോറിറ്റി മുഖേന അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പട്ടുവം കുടിവെള്ള പദ്ധതി**

235(2704) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിക്ക (JICA) സഹായത്തോടെ നടപ്പാക്കുന്ന പട്ടുവം കുടിവെള്ള പദ്ധതിയുടെ വിതരണ ശൃംഖലയുടെ നിർമ്മാണം ജലനിധി വഴി നടപ്പാക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഇതിനായി എത്ര തുകയാണ് ചെലവഴിക്കേണ്ടി വരുന്നത്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. എന്നാൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് മറ്റ് ഏജൻസികളിൽ നിന്ന് ധനലഭ്യതയ്ക്കുവേണ്ടി നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.

(ബി) ബാധകമല്ല.

**നഗരൂർ, കരവാരം, പുളിമാത്ത് കുടിവെള്ള പദ്ധതി**

236(2705) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരൂർ, കരവാരം, പുളിമാത്ത് ഗ്രാമപഞ്ചായത്തുകൾക്കായി ഒരു സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പദ്ധതിക്കായുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് എന്തു തുക ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം നടപ്പു സാമ്പത്തിക വർഷം തന്നെ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) നഗരൂർ, കരവാരം, പുളിമാത്ത് ഗ്രാമപഞ്ചായത്തുകൾക്കുവേണ്ടി ഒരു സമഗ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിനായി 2012 എസ്.ഒ.ആർ. പ്രകാരമുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്.

(ബി) ടി പദ്ധതിക്ക് ഉദ്ദേശം 5930 ലക്ഷം രൂപ (2012 എസ്.ഒ.ആർ.) ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) ധനലഭ്യതയ്ക്കനുസരിച്ച് നടപ്പുസാമ്പത്തിക വർഷംതന്നെ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

**പമ്പയിലെ കോളിഫോം ബാക്ടീരിയ**

237(2706) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പയിലെ വർദ്ധിച്ച അളവിലുള്ള കോളിഫോം ബാക്ടീരിയ സംബന്ധിച്ച് മലനീകരണ നിയന്ത്രണ ബോർഡ് നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) സന്നിധാനത്തുനിന്നും കക്കൂസ് മാലിന്യങ്ങൾ ഒഴുകി പമ്പയിലെത്തുന്നതിന്റെ ദൃശ്യങ്ങൾ വാർത്താ ചാനലുകൾ പുറത്ത് വിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) തിരക്ക് വർദ്ധിക്കുന്നതോടെ പമ്പാ നദിയിലും അനുബന്ധ ജലാശയങ്ങളിലും കോളിഫോം ബാക്ടീരിയയുടെ അളവ് ഗണ്യമായി വർദ്ധിക്കാനിടയാകും എന്നത് വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) കുട്ടനാട് അടക്കമുള്ള കാർഷിക മേഖലകളിലേക്ക് പമ്പ വഴി മലിനജലം എത്തുകയും അവിടങ്ങളിലെ ജനങ്ങളുടെ ആരോഗ്യത്തെ ഇത് ബാധിക്കുകയും ചെയ്യും എന്നത് ഗൗരവമായി കാണുന്നുണ്ടോ ; എങ്കിൽ ഇത് ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സന്നിധാനത്ത് നിറഞ്ഞ് ഒഴുകിയിരുന്ന സെപ്റ്റിക് ടാങ്കുകളിൽനിന്ന് മാലിന്യം പുതിയ STP-യിലേക്ക് പമ്പ് ചെയ്ത് മാറ്റാൻ നിർദ്ദേശിച്ചതുകൊണ്ട് കുടിവെള്ള സ്രോതസ്സിൽ കോളിഫോം ബാക്ടീരിയയുടെ സാന്നിധ്യം കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. കോളിഫോം ബാക്ടീരിയയുടെ അളവ് വീണ്ടും കുറയ്ക്കുവാനുള്ള നടപടികൾ (delay pits സ്ഥാപിക്കാൻ) നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്. ആയതിനാൽ എത്രയും വേഗം എല്ലാ മലിനജല ചാനലുകളും സന്നിധാനത്തെ STP-യിലെത്തിച്ച് പൂർണ്ണമായി പ്രവർത്തനക്ഷമമാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പമ്പാ നദി വഴി മലിനജലം കാർഷിക മേഖലയിലേക്ക് എത്താനിടയായാൽ പൊതുജനാരോഗ്യത്തെ അത് ദോഷകരമായി ബാധിക്കും എന്നത് ഗൗരവമായി കാണുന്നു. നിലവിൽ പമ്പയിൽനിന്നും ഒഴുകിയെത്തുന്ന മാലിന്യം കുട്ടനാട് മേഖലയിൽ എത്തിച്ചേരുന്നതിന് മുമ്പുതന്നെ അതിന്റെ തീവ്രത സാധാരണ നിലയിലേക്ക് ആകുന്നതായാണ് നിരീക്ഷണങ്ങളിൽനിന്ന് വ്യക്തമാകുന്നത്.

**മലപ്പുറം മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

238(2707) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന എത്ര കുടിവെള്ള പദ്ധതികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ; ഇനി എത്ര എണ്ണത്തിന് നൽകാനുണ്ട്;

(ബി) കോഡൂർ കാലമ്പറമ്പ്, പെരിങ്ങോട്ടുപുലം പൂക്കാട്, മുണ്ടക്കോട് നിരപ്പിൽ, ചട്ടിപ്പറമ്പ് തണ്ണീർചോല, ആനക്കയം പഞ്ചായത്തിലെ അമ്പലവട്ടം, ഉരുളിത്തല, ചേപ്പൂർ എന്നീ കുടിവെള്ള പദ്ധതികളുടെ നിലവിലുള്ള അവസ്ഥ വിശദീകരിക്കുമോ ?

<u>ഉത്തരം</u>

(എ) മലപ്പുറം മണ്ഡലത്തിൽ മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 4 പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇനി ഭരണാനുമതി ലഭിക്കേണ്ടതായ 5 പദ്ധതികൾക്കുള്ള ഡീറ്റെയിൽഡ് എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി പരിശോധിച്ചുവരുന്നു.

(ബി) 1. കാലമ്പറമ്പ് കുടിവെള്ള പദ്ധതി- കാലമ്പറമ്പ് പദ്ധതി അടക്കം കോഡൂർ ഗ്രാമ പഞ്ചായത്ത് മൊത്തം ഉൾപ്പെടുന്ന കുടിവെള്ള പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് (17.78 കോടി രൂപ) തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

2. പെരിങ്ങോട്ടുപുലം പൂക്കാട് കുടിവെള്ള പദ്ധതിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

3. മുണ്ടയ്ക്കോട് നിരപ്പിൽ, ചട്ടിപ്പറമ്പ് തണ്ണീർച്ചോല, ആനക്കയം, അമ്പലവട്ടം, ഉരുളിത്തല, ചേപ്പൂർ എന്നീ പദ്ധതികളുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി പരിശോധിച്ചുവരുന്നു.

**കടമക്കുടി ശുദ്ധജല വിതരണ പദ്ധതി**

239(2708) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ ഫണ്ട് ഉപയോഗിച്ച് കടമക്കുടിയിൽ നടന്നുവരുന്ന ശുദ്ധജല വിതരണ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി കാലതാമസ്സം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കുന്നതിന് കഴിഞ്ഞ ഒരു വർഷക്കാലയളവിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ഡി) പ്രവൃത്തി എന്നത്തേക്ക് പുനരാരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) പിഴല വാട്ടർ ടാങ്കിന്റെ പൈൽ ഫൗണ്ടേഷന്റെ പണി കരാറുകാരൻ പൂർത്തീകരിച്ചു. ജിഡ ഫണ്ട് ഉപയോഗിച്ച് കടമക്കുടിയിൽ നടന്നുവരുന്ന ശുദ്ധജല വിതരണ പദ്ധതിക്ക് 1688 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് തദ്ദേശ സ്വയംഭരണ വകുപ്പ് നൽകിയിരിക്കുന്നത്. എന്നാൽ പദ്ധതി നടന്നുകൊണ്ടിരിക്കെ ചെലവ് ഈ തുകയേക്കാൾ കൂടുതലാകുമെന്നതിനാൽ 3100 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സർക്കാരിൽ സമർപ്പിക്കുകയും ആയത് ധനകാര്യ വകുപ്പ് പരിശോധിച്ചുവരികയുമാണ്. പുതുക്കിയ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ച് അംഗീകാരം നൽകുന്ന മുറയ്ക്ക് പണി പുനരാരംഭിക്കുവാൻ കഴിയുന്നതാണ്.

**പുത്തൂർ കുടിവെള്ള പദ്ധതി**

240(2709) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന കരിവെള്ളൂർ-വെരളം ഗ്രാമപഞ്ചായത്തുകളിലെ പുത്തൂർ കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിച്ച് എപ്പോൾ കുടിവെള്ളം വിതരണം ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പുത്തൂർ കുടിവെള്ള പദ്ധതിയുടെ ഉപരിതല സംഭരണിയുടെ 80 ശതമാനവും പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ 90 ശതമാനവും പൂർത്തിയായി. പ്രസ്തുത പദ്ധതിയുടെ കിണർ പട്ടേൽ വയൽ കോഴിത്താർ പാടശേഖരത്തിലാണ്. ആയതിനാൽ പാടശേഖരത്തിലെ കൊയ്ത്ത് കഴിഞ്ഞ് വെള്ളം താഴ്ന്നതിനുശേഷം മാത്രമേ കിണറിന്റെ പ്രവൃത്തി ആരംഭിക്കാൻ കഴിയുകയുള്ളൂ.

(ബി) പ്രസ്തുത പദ്ധതി 2016 ഫെബ്രുവരി മാസത്തോടുകൂടി പൂർത്തിയാക്കി കമ്മീഷൻ ചെയ്യാനാണ് കേരള വാട്ടർ അതോറിറ്റി ലക്ഷ്യമിട്ടിരിക്കുന്നത്.

**മൂഴിയാൽ കുടിവെള്ള പദ്ധതി**

241(2710) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാറക്കടവ് പഞ്ചായത്തിന്റെ ആവശ്യത്തിനായി സ്ഥാപിച്ച മൂഴിയാൽ പദ്ധതിയിൽ നിന്നും മോട്ടോർ ഉപയോഗിച്ച് വെള്ളം സിയാൽ-ന് നൽകേണ്ടി വരുന്നതിനാൽ പൂർത്തിയാക്കിയ പ്രസ്തുത പദ്ധതിയുടെ ഉപയോഗം പാറക്കടവ് പഞ്ചായത്തുകാർക്ക് ലഭിക്കാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ;എന്ത് നടപടിയാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയം പരിഹരിക്കുന്നതിനായി മൂഴിയാലിൽ നിന്നും പുളിയനം ഉപരിതല സംഭരണിയിലേക്ക് തുടർച്ചയായി ശുദ്ധജല വിതരണം നടത്തുന്നതിന് ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. ഈ പ്രവൃത്തിക്കുവേണ്ട 31.60 ലക്ഷം തുകയ്ക്ക് ഭരണാനുമതി കേരള വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന മുറയ്ക്ക് പാറക്കടവിൽ പ്രസ്തുത പദ്ധതിയുടെ പ്രയോജനം പൂർണ്ണമായി ലഭിക്കുന്നതാണ്.

**കുന്നംകുളം ഗുരുവായൂർ വാട്ടർസപ്ലൈ സ്കീം**

242(2711) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ വരുന്ന കുന്നംകുളം ഗുരുവായൂർ വാട്ടർസപ്ലൈ സ്കീം (കെ.ജി.ഡബ്ല്യൂ.എസ്.എസ്.) -ന്റെ പാറേമ്പാടം മുതൽ വൈ.എം. സി.എ. ചിറളയം വരെയുള്ള കാലപ്പഴക്കം ചെന്ന 400 എം.എം. പ്രിമോ പൈപ്പ് മാറ്റി 400 എം.എം.ഡി. 1 കെ 9 പൈപ്പ് സ്ഥാപിക്കുന്നതിനായിട്ടുള്ള 3.16 കോടി രൂപയുടെ പ്രവർത്തനത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ടി പ്രവൃത്തിയുടെ ടെണ്ടറിന്റെ പ്രൈസ് ബിഡ് 16-11-2015-ൽ വാട്ടർ അതോറിറ്റി സർക്കിൾ ഓഫീസിൽ തുറക്കുകയും ടെണ്ടർ അംഗീകാരത്തിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ടെണ്ടർ അംഗീകരിച്ചാലുടൻ വർക്ക് ഓർഡർ നൽകുന്നതാണ്.

**ഡ്രെയിനേജ് സംവിധാനം നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ**

243(2712) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പേട്ട മൂന്നാം മനയ്ക്കൽ നിന്നും പുള്ളിലൈൻ വരെയുള്ള ഡ്രെയിനേജ് സംവിധാനം നടപ്പിൽ വരുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ കൺസൾട്ടിന്റെറിന്റെ പദ്ധതി റിപ്പോർട്ട് പ്രകാരം 1985 കാലഘട്ടത്തിൽ സ്ഥാപിച്ച ഡ്രെയിനേജ് പൈപ്പ് ലൈൻ ഉപയോഗശൂന്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് മാറ്റാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(സി) എ.ഡി.ബി. ഫണ്ട് ഉപയോഗിച്ചുള്ള സി ബ്ലോക്കിൻെറ പുനരുദ്ധാരണ പദ്ധതിയുടെ പുരോഗതിയെക്കുറിച്ച് വിശദീകരിക്കുമോ ;

(ഡി) മൂന്നാം മനയ്ക്കൽ റസിഡൻസ് അസോസിയേഷന്റെ അപേക്ഷയനുസരിച്ച് 350 മീറ്റർ ദൂരത്തിൽ സ്വീവേജ് പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള ഫീസിബിലിറ്റി സർവ്വേ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ചാക്ക മുതൽ കൽപക നഗർ പമ്പ് ഹൗസ് വരെയുള്ള ട്രങ്ക് മെയിൻ ലൈൻ സ്ഥാപിക്കുന്നതിനായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ അനുവാദം ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കേന്ദ്ര സർക്കാരിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ സമ്മർദ്ദം ചെലുത്തുമോ ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം പേട്ട മൂന്നാംമനയ്ക്കൽ മുതൽ പുള്ളിലൈൻ വരെയുള്ള ഒന്നര കിലോമീറ്ററോളം ദൂരത്തിൽ പൈപ്പ് ലൈനുകളും മാൻഹോളുകളും നിലവിലുണ്ട്. ' സി ' ബ്ലോക്കിന്റെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിലുള്ള ഒന്നര കിലോമീറ്ററോളം ലൈൻ കൽപക നഗർ പമ്പ് ഹൗസുമായി ബന്ധിപ്പിക്കുന്ന ജോലികൾ നടന്നുവരുന്നു. ചാക്ക മുതൽ കൽപകനഗർ പമ്പ് ഹൗസ് വരെയുള്ള ട്രങ്ക് മെയിൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ അനുവാദം കിട്ടിയാൽ മാത്രമേ പൂർത്തിയാക്കാൻ സാധിക്കുകയുള്ളു.

(ബി) കൺസൾട്ടന്റിന്റെ പദ്ധതി റിപ്പോർട്ടുപ്രകാരം 1985 കാലഘട്ടത്തിൽ സ്ഥാപിച്ച പ്രസ്തുത ലൈൻ ഉപയോഗയോഗ്യമാണെന്നും അതിൻപ്രകാരം തുടർനടപടി എന്ന നിലയിൽ ' സി ' ബ്ലോക്കിന്റെ പദ്ധതിയിൽ ടി ലൈനുകളെ പമ്പ് ഹൗസുമായി ബന്ധിപ്പിക്കുന്ന ജോലി കരാറുകാരനെകൊണ്ട് ചെയ്യിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

(സി) എ.ഡി.ബി. ഫണ്ട് ഉപയോഗിച്ചുള്ള 'സി 'ബ്ലോക്കിന്റെ പുനരുദ്ധാരണ പദ്ധതി ഏകദേശം 25 ശതമാനത്തോളം പണി പൂർത്തിയായി. പമ്പ് ഹൗസുകളുടെ നവീകരണവും മറ്റ് അനുബന്ധ ജോലികളും നടന്നുവരുന്നു. ട്രങ്ക് മെയിനിന്റെ പണികൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ നിർദ്ദേശപ്രകാരം നിർത്തി വച്ചിരിക്കുന്നു. ഇട്ട് കഴിഞ്ഞ ട്രങ്ക്, മെയിൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മാറ്റി സ്ഥാപിക്കുന്ന മുറയ്ക്ക് ബാക്കി പണികൾ ചെയ്യുന്നതാണ്.

(ഡി) ഫീസിബിലിറ്റി സർവ്വേ റിപ്പോർട്ട് പരിശോധിച്ചതിൻ പ്രകാരം പ്രസ്തുത ലൈൻ നെറ്റ്‌വർക്ക് കവറേജ് ഏരിയയിൽ ഉൾപ്പെടുത്താനായി അലൈൻമെന്റ് ഡ്രോയിംഗ് സമർപ്പിക്കുവാൻ കരാറുകാരന് കേരള വാട്ടർ അതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ചാക്ക മുതൽ കൽപക നഗർ പമ്പ് ഹൗസ് വരെയുള്ള ട്രങ്ക് മെയിൻ ലൈൻ സ്ഥാപിക്കുന്നതിനായി നാഷണൽ ഹൈവേയിൽനിന്ന് അനുമതി ലഭിച്ചതനുസരിച്ച് ട്രങ്ക് മെയിൻ 550 മീറ്റർ സ്ഥാപിച്ചെങ്കിലും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ നിർദ്ദേശപ്രകാരം പണി നിർത്തിവച്ചു. തുടർന്നുള്ള പണികൾക്ക് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ അനുമതി ലഭിച്ചിട്ടില്ല. ഇട്ട പൈപ്പുകൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ തന്നെ മാറ്റി സ്ഥാപിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ഇതു കഴിഞ്ഞാലേ തുടർന്നുള്ള പണികൾ ചെയ്യാൻ സാധിക്കുകയുള്ളു.

343

**കാവുംമന്ദം കുടിവെള്ള പദ്ധതി**

244(2713) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ കാവുംമന്ദം ടൗണിലെ കുടിവെള്ള പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചത് എന്നാണെന്നും ജലസ്രോതസ്സ് ഏതാണെന്നും വ്യക്തമാക്കുമോ;

(സി) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ 8-ാം മൈൽ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെടുത്തി കാവുംമന്ദം ടൗണിലെ കുടിവെള്ള പദ്ധതി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) കാവുംമന്ദം ടൗണിലേക്ക് മാത്രമായി കുടിവെള്ള പദ്ധതികൾ ഇല്ല. എന്നാൽ കാവുംമന്ദം ഉൾപ്പെടുന്ന തിരയോട് പഞ്ചായത്തിനും സമീപ പഞ്ചായത്തിലേക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിനുവേണ്ടി ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ കിണർ, പമ്പ് ഹൗസ്, പമ്പിംഗ് മെയിൻ ശുദ്ധീകരണശാല, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുന്നു. പദ്ധതിയുടെ ശുദ്ധീകരണശാലയുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. കിണർ, പമ്പ് ഹൗസ് എന്നിവ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. മറ്റു പ്രവൃത്തികളുടെ ടെണ്ടർ വിളിക്കാനുള്ള നടപടികൾ നടന്നുവരുന്നു. കൂടാതെ എം.എസ്.ഡി.പി.-യിൽ ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് ജി.ഒ.(ആർറ്റി.) നമ്പർ 2327/2015/ജി.എ.ഡി. തീയതി 28-3-2015 പ്രകാരം കല്പറ്റ ബ്ലോക്കിനു കീഴിൽ തരിയോട് പഞ്ചായത്ത് ബാലൻ ചോല കുടിവെള്ള പദ്ധതി എന്ന പേരിൽ ഒരു പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയതിന് 84.85 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

(ബി) പദ്ധതിയുടെ സ്രോതസ്സ് ബാണാസുരസാഗർ റിസർവ്വോയർ ആണ്. ശുദ്ധീകരണശാലയുടെ പ്രവൃത്തി 26-10-2015-നാണ് ആരംഭിച്ചത്.

(സി) 8-ാം മൈൽ കുടിവെള്ള പദ്ധതി കല്പറ്റ നിയോജകമണ്ഡലത്തിൽ ഇല്ല.

**പമ്പാ നദിയിലെ കോളിഫോം ബാക്ടീരിയയുടെ അളവ്**

245 (T2714) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പാ നദിയിൽ നിലവിലുള്ള കോളിഫോം ബാക്ട്ടീരിയയുടെ അളവ് എത്രയെന്ന് വ്യക്തമാക്കുമോ; ഇത് അനുവദനീയ പരിധിയേക്കാൾ എത്ര കൂടുതലാണെന്നു വ്യക്തമാക്കാമോ;

(ബി) പമ്പാ നദിയിൽ കോളിഫോം ബാക്ടീരിയ വർദ്ധിക്കാനുള്ള പ്രധാന കാരണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; ആയതു പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ പദ്ധതികളാണ് ഇതിനായി ആസൂത്രണം ചെയ്തിട്ടുള്ളത് എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) പമ്പാ നദിയിൽ നിലവിൽ കോളിഫോം ബാക്ടീരിയയുടെ അളവ് 3500 മുതൽ 1,50,000 വരെ ആണ്. (മുകളിൽ കൊച്ചു പമ്പ മുതൽ താഴെ ആറാട്ട് കടവിന് താഴെ വരെ). കുളിക്കുവാൻ ഉപയോഗിക്കുന്ന ജലസ്രോതസ്സുകളിൽ ഫീക്കൽ കോളിഫോം ബാക്ടീരിയയുടെ അളവ് 100 മില്ലി ലിറ്റർ ജലത്തിൽ അഭികാമ്യമായത് 500-ഉം പരമാവധി 2500-ഉം ആണ്. കോളിഫോം ബാക്ടീരിയയുടെ അളവ് അഭികാമ്യമായ പരിധിക്ക് മുകളിൽ 300 മടങ്ങുവരെ കണ്ടിട്ടുണ്ട്. അണുനശീകരണം മാത്രം നടത്തി കുടിവെള്ളമായി ഉപയോഗിക്കാവുന്ന ജലത്തിൽ അനുവദനീയമായ ടോട്ടൽ കോളിഫോം ബാക്ടീരിയയുടെ അളവ് 100 മില്ലി ലിറ്റർ വെള്ളത്തിൽ 50 എണ്ണം വരെയാണ്. പമ്പയിൽ കൊച്ചു പമ്പ ഭാഗത്തുനിന്നും എടുക്കുന്ന ജലം അണുനശീകരണം നടത്തിയാണ് കുടിവെള്ളത്തിനായി വിതരണം ചെയ്യുന്നത്. കോളിഫോം ബാക്ടീരിയയുടെ അളവ് സീസൺ ആരംഭസമയത്ത് കുടിവെള്ള സ്രോതസ്സായ കൊച്ചുപമ്പയിൽ 40000 വരെ ആയിരുന്നത് ശക്തമായ നടപടികൾമൂലം 3500 വരെയായി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. ഇത് അനുവദിച്ച പരിധിയുടെ 70 മടങ്ങാണ്.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) പമ്പാ നദിയിൽ കോളിഫോം ബാക്ടീരിയ വർദ്ധിക്കാനുള്ള പ്രധാന കാരണം തീർത്ഥാടന സമയത്ത് അധികമായ തോതിൽ വരുന്ന സ്വീവേജ് മാലിന്യം നദിയിൽ എത്തിച്ചേരുന്നതുകൊണ്ടാണ്. ഇത് നേരിടുന്നതിനായി പമ്പയിൽ 3.5 എം.എൽ.ഡി. ശേഷിയുള്ള ഒരു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതിന്റെ ശേഷി പര്യാപ്തമല്ല. ആയതിനാൽ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ശേഷി 5 എം.എൽ.ഡി.-യിലേക്ക് വർദ്ധിപ്പിക്കുവാനും സന്നിധാനത്ത് 5 എം.എൽ.ഡി.-യുടെ പുതിയ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുവാനും നിർദ്ദേശം നൽകിയതുപ്രകാരം സന്നിധാനത്ത് പുതിയ ശുദ്ധീകരണ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും പൂർണ്ണമായി പ്രവർത്തനക്ഷമമായിട്ടില്ല. പമ്പയിലെ ജലമാലിന്യത്തിന്റെ തോത് കുറയുന്നതിനായി പമ്പയിൽ ഫ്ലഷ് ഔട്ട് സംവിധാനത്തോടുകൂടിയ ചെക്ക് ഡാം നിർമ്മിച്ചിട്ടുണ്ട്. ഇതുവഴി പമ്പയിൽ അടിഞ്ഞുകൂടുന്ന മാലിന്യത്തിന്റെ തോത് കുറഞ്ഞിട്ടുണ്ട്.

**കാക്കത്തുരുത്ത് പാലത്തിന്റെ നിർമ്മാണം**

246(2715) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരൂർ മണ്ഡലത്തിലെ കാക്കതുരുത്ത് പാലത്തിന്റെ നിർമ്മാണത്തിന് തടസ്സമായിട്ടുള്ള ജെ.ഐ.സി.എ.-യുടെ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

പ്രസ്തുത പ്രവൃത്തി പി.എച്ച്. ഡിവിഷൻ. ആലപ്പുഴ ഓഫീസിൽനിന്നും ടെണ്ടർ ചെയ്ത് കോൺട്രാക്ടർക്ക് അവാർഡ് ചെയ്തിട്ടുള്ളതാണ്. എന്നാൽ ടി കോൺട്രാക്ടർ പ്രവൃത്തി തുടങ്ങിയിട്ടില്ലാത്തതിനാൽ എത്രയും പെട്ടെന്ന് പ്രവൃത്തി പൂർത്തിയാക്കണമെന്ന് കാണിച്ച് കേരള വാട്ടർ അതോറിറ്റി 2-12-2015-ൽ നോട്ടീസ് നൽകിയിട്ടുണ്ട്.

**കേരളത്തിലെ അന്യ സംസ്ഥാന തൊഴിലാളികൾ**

247 (2716 ) ശ്രീ. സി. ദിവാകരൻ :
ശ്രീ. വി. ശശി :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ഒക്ടോബർ 30 വരെ സംസ്ഥാനത്ത് എത്തിച്ചേർന്ന അന്യ സംസ്ഥാന തൊഴിലാളികൾ എത്രയെന്നും അവരുടെ എത്ര തൊഴിൽ ക്യാമ്പുകൾ സംസ്ഥാനത്തുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഇവരുടെ സ്ഥിതിവിവര കണക്കുകൾ തൊഴിൽ വകുപ്പിന്റെയോ, പോലീസ് വകുപ്പിന്റെയോ കൈവശമുണ്ടോ;

(സി) ഇവരുടെ സാന്നിധ്യം ആഭ്യന്തര സുരക്ഷിതത്വ രംഗത്തും ആരോഗ്യ രംഗത്തും ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിനും, അവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികളാണുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സർക്കാർ ഉടമസ്ഥതയിലുള്ള സ്വയംഭരണ സ്ഥാപനമായ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ, തിരുവനന്തപുരത്തിന്റെ പഠന റിപ്പോർട്ട് പ്രകാരം ഏകദേശം 25 ലക്ഷത്തോളം അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിൽ ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 627 ലേബർ ക്യാമ്പുകൾ നിലവിലുണ്ട്.

(ബി) 2010-ലെ കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ എല്ലാ ഓഫീസുകളിലും ഇതര സംസ്ഥാന തൊഴിലാളികളെ ടി പദ്ധതിയിൻകീഴിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ പദ്ധതിയിൻകീഴിൽ 51609 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ നിയമപ്രകാരവും 1979-ലെ ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമപ്രകാരവും തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥരെ ഇൻസ്പെക്ടർമാരായി

നിശ്ചയിച്ചിട്ടുണ്ട്. ഇവർ ഇതര സംസ്ഥാന തൊഴിലാളികളുടെ സുരക്ഷ, ക്ഷേമം, ആരോഗ്യം മുതലായവ ഉറപ്പുവരുത്തുന്നതിലേക്കായി സ്ക്വാഡ് പരിശോധനകൾ നടത്തിവരുന്നു. ഇത്തരത്തിൽ പരിശോധനയ്ക്കിടയിൽ കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്ക് തൊഴിൽ ഉടമ, കരാറുകാർ എന്നിവർക്കെതിരെ പ്രോസിക്യൂഷൻ, സ്റ്റോപ് മെമ്മോ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും ക്ഷേമപ്രവർത്തനവും നടപ്പിലാക്കുന്നതിനു വേണ്ടി കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ 2010 മാർച്ച് മുതൽ കേരള കുടിയേറ്റ ക്ഷേമപദ്ധതി നടപ്പിലാക്കി വരുന്നു.

**ഐ.ടി.ഐ.-കൾക്ക് എൻ.സി.വി.ടി. അഫിലിയേഷൻ**

248(2717) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഐ.ടി.ഐ.-കളുടെ എൻ.സി.വി.ടി. അഫിലിയേഷൻ നഷ്ടപ്പെടാനുള്ള എന്തെങ്കിലും സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ടോ;

(ബി) 2015-ൽ പ്രവേശനം നടത്തുന്ന ഏതെല്ലാം സർക്കാർ ഐ.ടി.ഐ.-കൾക്ക് എൻ.സി.വി.ടി. അഫിലിയേഷൻ പുതുക്കി ലഭിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ;

(സി) 2014-ൽ റീ അഫിലിയേഷൻ നടത്തുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ച നടപടികൾ സംസ്ഥാന സർക്കാർ നടപ്പാക്കിയിരുന്നുവോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. എന്നാൽ നിലവാരമുയർത്തുന്നതിന്റെ ഭാഗമായി ഐ.ടി.ഐ.-കളുടെ എൻ.സി.വി.ടി. അഫിലിയേഷൻ 5 വർഷത്തേക്ക് നിജപ്പെടുത്തിയിട്ടുണ്ടെന്നും 5 വർഷത്തിനുമുമ്പ് അഫിലിയേഷൻ ലഭിച്ചിട്ടുള്ള എല്ലാ സർക്കാർ/സ്വകാര്യ ഐ.ടി.ഐ.-കളും 2015 ആഗസ്റ്റിനു മുൻപ് വീണ്ടും എൻ.സി.വി.ടി. അഫിലിയേഷൻ നേടിയെടുക്കേണ്ടതാണെന്നും ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് (DGT) അറിയിച്ചിരുന്നു. 2015-16 പരിശീലന വർഷം കൂടി റീ-അഫിലിയേഷൻ കൂടാതെതന്നെ എല്ലാ സർക്കാർ/സ്വകാര്യ ഐ.ടി.ഐ.കൾക്കും പ്രവേശനം നടത്തുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

(ബി) 2015-ൽ പ്രവേശനം നടത്തുന്ന സംസ്ഥാനത്തെ ഒരു സർക്കാർ ഐ.ടി.ഐ.-ക്കും എൻ.സി.വി.ടി. അഫിലിയേഷൻ പുതുക്കി ലഭിച്ചിട്ടില്ല.

(സി) DGT-യുടെ മാനദണ്ഡമനുസരിച്ച് റീ അഫിലിയേഷൻ നേടിയെടുക്കുന്നതിന് സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ.-കളിലെ ട്രേഡുകൾക്ക്/യൂണിറ്റുകൾക്ക് DGT-യുടെ പുതുക്കിയ സിലബസ് പ്രകാരം ആവശ്യമായ പഠനോപകരണങ്ങളും യന്ത്ര സാമഗ്രികളും സംഭരണം നടത്തേണ്ടതുണ്ട്. ആയതിനുള്ള നടപടികൾ വ്യവസായിക പരിശീലന വകുപ്പ് സ്വീകരിച്ചുവരുന്നു.

**ഐ.ടി.ഐ.-കളെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ**

249(2718) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി.ഐ.-കളെ പുതിയ കാലഘട്ടത്തിന് അനുയോജ്യമായ കോഴ്സുകളോടെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഹയർ സെക്കണ്ടറികളിലും കോളേജുകളിലും നടപ്പിലാക്കുന്ന അഡീഷണൽ സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാം പോലെ ഐ.ടി.ഐ.-കളിലെ കുട്ടികൾക്കും അഡീഷണൽ സ്കിൽ നൽകുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗിന്റെ നിർദ്ദേശ പ്രകാരമാണ്. ആയത് അനുസരിച്ച് ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് നിർത്തലാക്കിയ ട്രേഡുകളും തൊഴിൽ ലഭ്യതയില്ലായെന്ന കാരണത്താൽ കേരള സർക്കാർ നിർത്തലാക്കിയ ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ ട്രേഡും മികവിന്റെ കേന്ദ്രം പദ്ധതി പ്രകാരമുള്ള ട്രേഡുകൾക്കും പകരമായി അനുയോജ്യമായ ട്രേഡുകൾ വിവിധ ഐ.ടി.ഐ.-കളിൽ അനുവദിച്ചിട്ടുണ്ട്.

(ബി) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് വഴി ഐ.ടി.ഐ.-കളിലെ കുട്ടികൾക്ക് സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം നടപ്പിലാക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓയിൽ & റിഗ് മേഖലയിൽ അഡ്വാൻസ് സ്കിൽ നൽകുന്നതിനായി Enlighten Skill Program for Oil and Rig (ESPOR) എന്ന സ്ഥാപനം അങ്കമാലിയിൽ പ്രവർത്തനം ആരംഭിച്ചു. ഹൈടെക് ഓട്ടോമേഷൻ&മെക്കാട്രോണിക്സ് ഓട്ടോമോട്ടീവ്, ഹോസ്പിറ്റാലിറ്റി തുടങ്ങിയ മേഖലകളിലും മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ ഐ.ടി.ഐ.-കളിലെ കുട്ടികൾക്ക് Entrepreneurship Development-ന് വേണ്ടി ആദ്യഘട്ടത്തിൽ കേരളത്തിലെ അഞ്ച് ഐ.ടി.ഐ.-കളിൽ Entrepreneurship Development പ്രോഗ്രാം നടന്നുവരുന്നു.

**ഇതര സംസ്ഥാന തൊഴിലാളികൾ**

250(2719) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികളിൽ എത്ര പേർ തൊഴിൽ വകുപ്പിൽ പേര് രജിസ്റ്റർ ചെയ്തു ; സംസ്ഥാനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തൊഴിലാളികൾ സംസ്ഥാനത്തുനിന്നും വേതനമായി പ്രതിവർഷം ശരാശരി എന്തു തുക കൈപ്പറ്റുന്നുവെന്നാണ് തൊഴിൽ വകുപ്പ് നടത്തിയ പഠനത്തിൽ കണ്ടെത്തിയത് ; വ്യക്തമാക്കുമോ ;

(സി) ഓരോ വർഷവും ശരാശരി എത്ര പേരാണ് ജോലിക്കായി എത്തുന്നത് ;

(ഡി) പ്രസ്തുത തൊഴിലാളികളിൽ ക്രിമിനലുകൾ, പകർച്ച ബാധിതർ തുടങ്ങിയവർ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരക്കാരെ കണ്ടെത്താൻ തൊഴിൽ വകുപ്പ് ഏതൊക്കെ വകുപ്പുകളുടെ സഹായം ഈ സർക്കാർ കാലയളവിനുള്ളിൽ സ്വീകരിച്ചു ; ഇതുവഴി എത്ര ക്രിമിനലുകളെയും പകർച്ച ബാധിതരെയും കണ്ടെത്തിയെന്നും അതിന്റെയടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(ഇ) ഈ സർക്കാർ കാലയളവിനുള്ളിൽ എത്ര ഇതര സംസ്ഥാന തൊഴിലാളികൾ ജോലിക്കിടയിലും അല്ലാതെയും മരണപ്പെട്ടുവെന്നാണ് തൊഴിൽ വകുപ്പ് കണക്കാക്കിയിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) ഈ സർക്കാർ കാലയളവിനുള്ളിൽ ക്രിമിനൽ കേസുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ വിവിധ ജയിലുകളിൽ കിടക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾ എത്ര എന്നാണ് തൊഴിൽ വകുപ്പ് കണക്കാക്കിയിട്ടുള്ളത് ; കൊലപാതകം/ഭവനഭേദനം/പിടിച്ചുപറി/മോഷണം എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കുമോ ;

(ജി) സംസ്ഥാനത്തെ മൊത്തം ജനസംഖ്യയിൽ 13 പേരിൽ ഒരാൾ ഇതര സംസ്ഥാന തൊഴിലാളിയാണെന്ന് കരുതുന്നുണ്ടോ ; എങ്കിൽ പ്രസ്തുത തൊഴിലാളികളുടെ കുറ്റകൃത്യങ്ങൾ തടയാനും, ഇത്തരം പ്രവണതയുള്ളവരെ സംസ്ഥാനത്തിനകത്ത് പ്രവേശിപ്പിക്കാതിരിക്കുവാനും തൊഴിൽ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിക്കും ; വിശദാംശം വ്യക്തമാക്കുമോ?

## ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ്&ടാക്സേഷന്റെ 15-2-2013-ലെ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 25 ലക്ഷത്തോളം ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്തുവരുന്നുണ്ട്. 2010-ലെ കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം സംസ്ഥാനത്ത് 51609 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ സംസ്ഥാനം തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ്&ടാക്സേഷന്റെ 15-2-2013-ലെ റിപ്പോർട്ടിൽ ഇതര സംസ്ഥാന തൊഴിലാളികൾ നിലവിൽ ഒരു ദിവസം 400-നും 750-നും മദ്ധ്യേ വേതനം കൈപ്പറ്റുന്നുണ്ട്. ടി റിപ്പോർട്ട് പ്രകാരം ശരാശരി 17,500 കോടി രൂപ 25 ലക്ഷം വരുന്ന തൊഴിലാളികൾക്ക് വേതനമായി ലഭിക്കുന്നു.

(സി) ഇതര സംസ്ഥാന തൊഴിലാളികൾ അസംഘടിതരായതിനാലും സംസ്ഥാനത്തെ വിവിധ ജില്ലകളിൽ തൊഴിൽ തേടി യാത്ര ചെയ്യുന്നതിനാലും അവരിൽ ഭൂരിഭാഗവും അവിദഗ്ദ്ധ തൊഴിലാളികൾ ആയതിനാലും ടി തൊഴിലാളികളുടെ വരവും തിരികെ പോക്കും വ്യക്തമായി കണക്കാക്കാൻ കഴിഞ്ഞിട്ടില്ല.

(ഡി) 1996-ലെ ബിൽഡിംഗ്&അദർ കൺസ്ട്രക്ഷൻ വെൽഫയർ സെസ്സ് ആക്ടിന്റെയും 1979-ലെ ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് ആക്ടിന്റെയും അടിസ്ഥാനത്തിൽ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിലിടങ്ങളിലും വാസസ്ഥലങ്ങളിലും പരിശോധനകൾ നടത്തിവരുന്നുണ്ട്. പരിശോധനകളിലൂടെ ടി തൊഴിലാളികളുടെ ആരോഗ്യം, സുരക്ഷ, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്നുണ്ട്. ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ടി തൊഴിലാളികൾക്കായി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്.

(ഇ) ഈ സർക്കാർ കാലയളവിനുള്ളിൽ 122 ഇതര സംസ്ഥാന തൊഴിലാളികൾ അപകടത്തിൽ മരണപ്പെട്ടിട്ടുണ്ട്. 10 സാധാരണ മരണവും സംഭവിച്ചിട്ടുണ്ട്.

(എഫ്) ക്രിമിനൽ കേസുമായി ബന്ധപ്പെട്ട വിവരങ്ങൾ തൊഴിൽ വകുപ്പിൽ ലഭ്യമല്ല.

(ജി) ഇല്ല. പ്രസ്തുത തൊഴിലാളികളുടെ സുരക്ഷയും ക്ഷേമവും ഉറപ്പു വരുത്തുന്നതിനായി നടപടികൾ സ്വീകരിക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**അന്യസംസ്ഥാന തൊഴിലാളികൾ**

251(2720) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും തൊഴിൽ തേടി എത്ര പേർ വർഷം തോറും കേരളത്തിൽ എത്തുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത തൊഴിലാളികൾക്കു കേരളത്തിൽ രജിസ്ട്രേഷൻ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ&ബി) സർക്കാർ ഉടമസ്ഥതയിലുള്ള സ്വയംഭരണ സ്ഥാപനമായ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ്&ടാക്സേഷൻ, തിരുവനന്തപുരത്തിന്റെ പഠന റിപ്പോർട്ട് പ്രകാരം ഏകദേശം 25 ലക്ഷത്തോളം അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിൽ ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി&ഡി) 2010-ലെ കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിപ്രകാരം നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ എല്ലാ ജില്ലാ ഓഫീസുകളിലും ഇതര സംസ്ഥാന തൊഴിലാളികളെ ടി പദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ പദ്ധതിയിൻ കീഴിൽ 51609 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ്**

252(2721) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ്"ന്റെ പ്രവർത്തനത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. സംസ്ഥാനത്ത് നൈപുണ്യ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) എന്ന സ്ഥാപനത്തിന് രൂപം നൽകുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. ആഗോളവത്കരണത്തെ തുടർന്ന് ആധുനിക ലോകത്തെ വിവിധ തൊഴിൽ മേഖലകൾക്കനുയോജ്യമായി, ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ദ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുകയെന്നതാണ് KASE-ന്റെ പ്രധാന ലക്ഷ്യം.

(സി) തൊഴിലും നൈപുണ്യവും വകുപ്പിനുകീഴിൽ തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതികൾ നടപ്പിലാക്കുന്ന കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ന്റെ വികസന പദ്ധതികൾക്ക് മേൽനോട്ടം വഹിക്കാനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനും ബഹുമാനപ്പെട്ട തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി വൈസ് ചെയർമാനും ആയുള്ള അഡ്വൈസറി കൗൺസിലും ബഹുമാനപ്പെട്ട തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാൻ ആയുള്ള ബോർഡും രൂപീകരിച്ചിട്ടുണ്ട്. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ&കൺസ്ട്രക്ഷൻ (IIIC) സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. കൊല്ലം ജില്ലയിലെ ചവറയിലും കോഴിക്കോട് ജില്ലയിലെ മാനാഞ്ചിറയിലും കൗശൽ കേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചു. മറ്റു ജില്ലകളിലും കൗശൽ കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുകയും ചെയ്യുന്നു. തിരുവനന്തപുരം കിൻഫ്ര അപ്പാരൽ പാർക്കിൽ നഴ്സിംഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ എൻഹാൻസ്മെന്റ് സെക്യൂരിറ്റി (നാഷണൽ) മേഖലയിൽ മികവിന്റെ കേന്ദ്രമായ സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റിയും (CATS) പ്രവർത്തനമാരംഭിച്ചു. ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ എൻലൈറ്റൻ സ്കിൽസ് ട്രെയിനിംഗ് പ്രോഗ്രാം ഇൻ ഓയിൽ & റിഗ് (ESPOIR) അങ്കമാലിയിലെ ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തു. അങ്കമാലിയിലെ ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ ഹൈടെക് ഓട്ടോമേഷൻ&മെക്കാട്രോണിക്സ്, റീട്ടയിൽ, ഹോസ്പിറ്റാലിറ്റി, സെക്യൂരിറ്റി (ഇന്റർനാഷണൽ) തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് എംപ്ലോയബിലിറ്റി സെന്ററുകൾക്ക് മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു.

**ഖാദി വ്യവസായത്തിൽ മിനിമം കൂലി**

253(2722) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി വ്യവസായത്തിൽ മിനിമം കൂലി നിശ്ചയിച്ചത് ഏത് വർഷമാണ്;

(ബി) മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) 8-1-2010-ലെ സ.ഉ.(കൈ)നമ്പർ 5/2010/തൊഴിൽ പ്രകാരം കേരള സംസ്ഥാനത്തെ ഖാദി വ്യവസായത്തിലെ തൊഴിലാളികൾക്ക് നൽകേണ്ടതായ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ പുതുക്കിയ മിനിമം വേതന നിരക്കുകൾ പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

(ബി&സി) ഉണ്ട്. സർക്കാരിന്റെ 24-6-2015-ലെ സ.ഉ.(അച്ചടി) നമ്പർ 73/2015/തൊഴിൽ പ്രകാരം സംസ്ഥാനത്തെ ഖാദി മേഖലയിലെ തൊഴിലാളികൾക്കുള്ള മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിലേക്കായി ശ്രീ. പി. കെ. ഗോപാലൻ സ്വതന്ത്രാംഗവും ചെയർമാനുമായും ലേബർ കമ്മീഷണർ സ്വതന്ത്ര അംഗമായും കൂടാതെ തൊഴിലാളി-തൊഴിലുടമാ ഗണത്തിൽപ്പെടുന്ന 8 പ്രതിനിധികളുമടക്കം ആകെ 10 അംഗങ്ങളുള്ള ഒരു സബ്കമ്മിറ്റി രൂപീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

**എൻ.സി.വി.ടി. അംഗീകാരം ലഭിക്കാത്ത സർക്കാർ ഐ.ടി.ഐ.കൾ**

254(2723) ശ്രീ. ബി. സത്യൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.സി.വി.ടി. അംഗീകാരം ലഭിക്കാത്ത സർക്കാർ ഐ.ടി.ഐ.-കളുണ്ടോ; എങ്കിൽ ഏതെല്ലാം; അംഗീകാരം ലഭിക്കാത്തതിന്റെ കാരണമെന്തെന്ന് അറിയിക്കാമോ;

(ബി) നിലവിലുള്ള എല്ലാ ഐ.ടി.ഐ.-കളും ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ മാനദണ്ഡമനുസരിച്ച് റീ-അഫിലിയേഷൻ നേടണമെന്ന് ഡി.ജി.ടി. നിർദ്ദേശം നൽകിയിട്ടുണ്ടോ; റീ-അഫിലിയേഷനുള്ള മാനദണ്ഡം വിശദമാക്കാമോ;

(സി) റീ-അഫിലിയേഷൻ നടപടി പൂർത്തീകരിച്ചോ; ഇല്ലെങ്കിൽ എൻ.സി.വി.ടി. അംഗീകാരം നിലനിൽക്കുമോ; ഇത് വിദ്യാർത്ഥികളെ എങ്ങനെ ബാധിക്കുമെന്ന് അറിയിക്കാമോ;

(ഡി) ഏതൊക്കെ ഐ.ടി.ഐ.-കൾ റീ-അഫിലിയേഷനായി അപേക്ഷ സമർപ്പിച്ചെന്നും അപേക്ഷ സമർപ്പിക്കാൻ ബാക്കിയുള്ളവ ഏതൊക്കെയെന്നും റീ-അഫിലിയേഷൻ ലഭിച്ചവ ഏതൊക്കെയെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. NCVT-യുടെ അംഗീകാരം ലഭിക്കുന്നതിന് ഒരു ഐ.ടി.ഐ.-ക്ക് ആയിട്ടില്ല. മറിച്ച് ഒരു ഐ.ടി.ഐ.-യിലെ ഓരോ ട്രേഡിലെയും ഓരോ യൂണിറ്റിനാണ്. വ്യാവസായിക പരിശീലന വകുപ്പിൻ കീഴിൽ ഒരു യൂണിറ്റിനു പോലും NCVT അംഗീകാരമില്ലാത്ത 40 ഐ.ടി.ഐ.-കൾ ഉണ്ട്. NCVT അംഗീകാരമുള്ള യൂണിറ്റുകളും NCVT അംഗീകാരമില്ലാത്ത യൂണിറ്റുകളുമുള്ള 38 ഐ.ടി.ഐ.-കൾ ഉണ്ട്. എല്ലാ യൂണിറ്റുകൾക്കും NCVT അംഗീകാരമുള്ള 3 ഐ.ടി.ഐ.-കൾ ഉണ്ട്. ഇവയുടെ പട്ടിക അനുബന്ധം ആയി ചേർത്തിട്ടുണ്ട്.* NCVT അംഗീകാരമില്ലാത്ത (എന്നാൽ SCVT-യുടെ അംഗീകാരം മാത്രമുള്ള) ട്രേഡുകൾ/യൂണിറ്റുകൾക്ക് DGT സിലബസ് പ്രകാരമുള്ള പഠനോപകരണങ്ങളും യന്ത്രസാമഗ്രികളും നിശ്ചിത അളവിലുള്ള വർക്ക്ഷോപ്പും ലഭ്യമായാൽ മാത്രമേ NCVT അംഗീകാരത്തിന് Quality Council of India-യിൽ അപേക്ഷ നൽകുവാൻ കഴിയുകയുള്ളൂ. ടി മാനദണ്ഡങ്ങൾ പൂർത്തിയാക്കാൻ കഴിയാത്തതിനാലാണ് NCVT അഫിലിയേഷൻ ലഭിക്കാത്തത്. ആയതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട് എന്ന് ട്രെയിനിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) ഇല്ല. നിലവാരമുയർത്തുന്നതിന്റെ ഭാഗമായി ഐ.ടി.ഐ.-കളുടെ NCVT അഫിലിയേഷൻ 5 വർഷത്തേക്ക് നിജപ്പെടുത്തിയിട്ടുണ്ടെന്നും 5 വർഷത്തിന് മുമ്പ് അഫിലിയേഷൻ ലഭിച്ചിട്ടുള്ള എല്ലാ സർക്കാർ/സ്വകാര്യ ഐ.ടി.ഐ.കളും 2015 ആഗസ്റ്റിനുമുമ്പ് വീണ്ടും NCVT അഫിലിയേഷൻ നേടിയെടുക്കേണ്ടതാണെന്നും Director General of Training നിർദ്ദേശിച്ചിരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇല്ല. 2015-16 പരിശീലന വർഷം കൂടി റീ-അഫിലിയേഷൻ കൂടാതെ തന്നെ എല്ലാ സർക്കാർ/സ്വകാര്യ ഐ.ടി.ഐ.-കൾക്കും പ്രവേശനം നടത്തുന്നതിന് Director General of Training അനുവാദം നൽകിയിട്ടുണ്ട്. ടി സാഹചര്യത്തിൽ 2015-16 പരിശീലന വർഷം NCVT അഫിലിയേഷൻ ഉള്ള ട്രേഡുകളിൽ/ യൂണിറ്റുകളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികളെ റീ-അഫിലിയേഷൻ ബാധിക്കുകയില്ല.

(ഡി) റീ-അഫിലിയേഷനുവേണ്ടി ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളവയുടെയും അപേക്ഷ സമർപ്പിക്കാൻ ബാക്കിയുള്ള ഐ.ടി.ഐ.-കളുടെയും പട്ടിക അനുബന്ധം ആയി ചേർത്തിരിക്കുന്നു*. നിലവിൽ ഒരു സർക്കാർ ഐ.ടി.ഐ.-ക്കും റീ-അഫിലിയേഷൻ ലഭിച്ചിട്ടില്ല.

**ശരണ്യ തൊഴിൽ പദ്ധതി**

255(T2724) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശരണ്യ തൊഴിൽ പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത പദ്ധതിയുടെ ഉപഭോക്താക്കൾ ആരെല്ലാമാണ്; ഇതിൻ പ്രകാരം ഏതെല്ലാം പദ്ധതികൾക്കാണ് ധനസഹായം അനുവദിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഭർത്താവ് മരണപ്പെടുന്നതോ അല്ലെങ്കിൽ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയോ, വിവാഹബന്ധം വേർപെടുത്തുകയോ ചെയ്യുന്നതോടുകൂടി മക്കളെയും വൃദ്ധരായ മാതാപിതാക്കളെയും സംരക്ഷിക്കേണ്ടിവരുന്ന അശരണരും സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കം നിൽക്കുന്ന വനിതകൾക്ക് സ്വയം തൊഴിലിലൂടെ അവർക്ക് ഒരു ജീവിതമാർഗ്ഗം കണ്ടെത്തുന്നതിന് ധനസഹായം നൽകുകയാണ് പദ്ധതിയുടെ ഉദ്ദേശ്യം. ഇതിലൂടെ സ്ത്രീശാക്തീകരണവും, തൊഴിലില്ലായ്മ ഒരു പരിധിവരെ കുറയ്ക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ളതും വാർഷിക കുടുംബ വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തവരും പ്രായം 18-നും 55 വയസ്സിനും മദ്ധ്യേയുള്ള വിധവകൾ, നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ, 30 വയസ്സ കഴിഞ്ഞ അവിവാഹിതർ ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ എന്നീ വിഭാഗത്തിലുള്ള വനിതകളാണ് ഈ പദ്ധതിയുടെ ഉപഭോക്താക്കൾ. വനിതകൾക്ക് വിജയകരമായി ചെയ്യാൻ കഴിയുന്ന ചെറുകിട സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് ധനസഹായം അനുവദിക്കുന്നത്. വളർത്തുമൃഗ-പക്ഷിപരിപാലനം, ചെറുകിട ബിസിനസ്, നാടൻ പലഹാരം, കുട, ബാഗ്, സോപ്പ് മുതലായവയുടെ നിർമ്മാണം, കരകൗശല സാമഗ്രികളുടെ നിർമ്മാണം തുടങ്ങിയവയ്ക്ക് ഈ പദ്ധതിപ്രകാരം ധനസഹായം നൽകുന്നു. ഇതുകൂടാതെ പ്രാദേശിക സ്ഥിതിയെ അടിസ്ഥാനപ്പെടുത്തി വനിതകൾക്ക് വിജയകരമായും ലാഭകരമായും നടപ്പാക്കാൻ കഴിയുന്ന എല്ലാ പദ്ധതികൾക്കും ധനസഹായം അനുവദിക്കുന്നു.

**തൊഴിൽ പരിശീലന പദ്ധതികൾ**

256(2725) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാസമ്പന്നരായ തൊഴിൽ രഹിതർക്ക് കാർഷിക-ആരോഗ്യ-വ്യാവസായിക മേഖലയിൽ തൊഴിൽ പരിശീലനം നൽകുന്നതിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്;

(ബി) വിദ്യാസമ്പന്നരായ തൊഴിൽ രഹിതർക്ക് സൗജന്യ തൊഴിൽ പരിശീലനം നൽകുന്നതിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും ആവശ്യമായ സാമ്പത്തിക-സാങ്കേതിക സഹായങ്ങൾ നൽകുന്ന പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാം ; ഇല്ലെങ്കിൽ ഇത്തരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

<u>ഉത്തരം</u>

(എ) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ന്റെ കീഴിൽ തിരുവനന്തപുരം കിൻഫ്ര അപ്പാരൽ പാർക്കിൽ നഴ്സിംഗ് മേഖലയിലെ മികവിന്റെ കേന്ദ്രമായ നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE) പ്രവർത്തനമാരംഭിക്കുകയും ആദ്യ ബാച്ചിന്റെ പരിശീലനം പൂർത്തിയാകുകയും ചെയ്തു. വിജയകരമായി ലൈസൻസിംഗ് എക്സാം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് വിദേശത്ത് ഉയർന്ന ശമ്പളത്തോടുകൂടി ജോലി ഉറപ്പാക്കിയിട്ടുണ്ട്. ഓയിൽ&റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഇൻ ഓയിൽ&റിഗ് (ESPIR) അങ്കമാലിയിലെ ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ KASE-ന്റെ കീഴിൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തു. തൊഴിൽ രഹിതർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) വകുപ്പ് മുഖേന ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾ വിജയകരമായി നടത്തിവരുന്നു:

1. കെസ്റു 99 കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്-1999 (KESRU 99) പദ്ധതി.
2. മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്
3. ശരണ്യാ സ്വയംതൊഴിൽ പദ്ധതി

(ബി) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE), ഇന്റർനാഷണൽ സ്കിൽ ട്രെയിനിംഗ് ആന്റ് എംപ്ലോയബിലിറ്റി പ്രോഗ്രാം (ISTEP) എന്ന പദ്ധതിയുടെ കീഴിൽ കേരളത്തിലെ തെരഞ്ഞെടുത്ത ITI-കളിൽ Entrepreneurs Development Programme എന്ന പേരിൽ ഒരു പരിശീലന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഈ മേഖലയിൽ വൈദഗ്ധ്യമുള്ള Create എന്ന സ്ഥാപനവുമായി സഹകരിച്ചുകൊണ്ടാണ് ഈ പദ്ധതി (Entrepreneurs Development Programme) നടപ്പിലാക്കുന്നത്. ഈ പദ്ധതിയിലൂടെ സ്വന്തമായി ബിസിനസ് ആരംഭിക്കാൻ ആഗ്രഹിക്കുന്നവർക്ക് മാർഗ്ഗനിർദ്ദേശം നൽകുകയും മികച്ച ബിസിനസ് ആശയങ്ങൾക്ക് മൂലധനം ലഭ്യമാക്കുന്നതിനുള്ള സഹായങ്ങൾ നൽകുകയും ചെയ്യുന്നു. തൊഴിൽ രഹിതർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) വകുപ്പ് മുഖേന ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾ വിജയകരമായി നടത്തിവരുന്നു.

1. "കെസ്റു 99" കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺ എംപ്ലോയിഡ് -1999 (KESRU 99) പദ്ധതി.
2. മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ്
3. ശരണ്യാ സ്വയംതൊഴിൽ പദ്ധതി.

## എല്ലാ ജില്ലകളെയും നോക്കുകൂലി വിമുക്തമാക്കുന്നതിന് പദ്ധതി

257(2726) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളേയും നോക്കുകൂലി വിമുക്തമാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

### ഉത്തരം

(എ) ഉണ്ട്. നോക്കുകൂലി വിമുക്തമാക്കുന്നതിന് ജില്ലകളിൽ ഏകീകൃത ചുമട്ടുകൂലി പ്രാബല്യത്തിൽ വരുത്തുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ 10 ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂടി പ്രാബല്യത്തിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. മലപ്പുറം, പാലക്കാട് ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി സംബന്ധിച്ച് ധാരണയായിട്ടുണ്ട്. ഇടുക്കി, കാസർഗോഡ് ജില്ലകളിൽ ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നുവരുന്നു. ലേബർ കമ്മീഷണറുടെ 20-10-2012-ലെ 25/2012 നമ്പർ സർക്കുലർ പ്രകാരം അമിതകൂലി, നോക്കുകൂലി ഇവ സംബന്ധിച്ച പരാതികൾ അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ ശ്രദ്ധയിൽപ്പെട്ടാൽ ആയതിന് അടിയന്തരമായി പരിഹാരം കാണണമെന്നും കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന കൂലി മാത്രമേ തൊഴിലാളികൾക്ക് ആവശ്യപ്പെടാൻ കഴിയുകയുള്ളൂവെന്നും കൂടുതൽ കൂലി വാങ്ങിയതായി പരാതി ലഭിക്കുകയോ രസീത് നൽകാൻ വിസമ്മതിക്കുകയോ അമിതകൂലി നൽകാത്തതിനാൽ ഭീഷണിപ്പെടുത്തുകയോ വാഹനം തടയുകയോ ചെയ്താൽ കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണെന്നും വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ജില്ലകളിലെ പ്രധാന കവലകളിൽ റസിഡൻസ് അസോസിയേഷനുകളുമായി ചേർന്ന് കയറ്റിറക്ക് കൂലി പ്രസിദ്ധപ്പെടുത്തിയ ബോർഡുകൾ സ്ഥാപിക്കുകയും ഏകീകൃത കയറ്റിറക്ക് കൂലി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

ടി കൂലി നോക്കി മനസ്സിലാക്കി തൊഴിലാളികളുടെ സേവനം ആവശ്യമുള്ളവർക്ക് എസ്.ബി.റ്റി.-യുടെ ബ്രാഞ്ചുകളിൽ പണമടച്ച് അവിടുന്നുള്ള രസീത് ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽ ഹാജരാക്കി തൊഴിലാളികളുടെ സേവനം ലഭ്യമാക്കാവുന്നതാണ്. നോക്കുകൂലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ സത്വര നടപടികൾ സ്വീകരിക്കുന്നതിനായി തൊഴിൽ വകുപ്പ് കോൾസെന്റർ ആരംഭിച്ചിട്ടുണ്ട്. 1800-42-555-214/155214 എന്നീ ടോൾഫ്രീ നമ്പരുകളിൽ വിളിച്ച് പരാതി രേഖപ്പെടുത്താവുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന പരാതികളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഇടപെട്ട് അമിതമായി ഈടാക്കിയ തുക തിരികെ വാങ്ങി നൽകുകയും തൊഴിലാളികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**മിനിമം വേതനം പുതുക്കി നിശ്ചയിക്കൽ**

258(2727) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനിമം വേതനം പുതുക്കി നിശ്ചയിക്കാൻ കാലാവധി പൂർത്തിയായിട്ടുള്ള തൊഴിൽ മേഖലകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തൊഴിൽ മേഖലകളിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) ഈ സർക്കാർ മിനിമം വേതനത്തിന്റെ പരിധിയിൽ പുതുതായി ഉൾപ്പെടുത്തിയ തൊഴിൽ മേഖലകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത മേഖലകളിൽ മിനിമം വേതനം പ്രഖ്യാപിച്ച് നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഓരോ 5 വർഷം പൂർത്തിയാകുമ്പോഴാണ് തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കുന്നത്. മിനിമം വേതനം പ്രഖ്യാപിച്ച് അഞ്ചുവർഷം പൂർത്തിയായതും 2010 ഡിസംബർ 31 വരെയുള്ള കാലയളവിൽ നിലവിൽ വന്നതുമായ 33 തൊഴിൽ മേഖലകൾ സംബന്ധിച്ച വിശദവിവരം അനുബന്ധം ആയി ചേർക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി&ഡി) മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ പുതുതായി 5 മേഖലകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അവ ഫുട്‌വെയർ മാനുഫാക്ചറിംഗ്, മിഡ്ഡേ മീൽ പ്രോഗ്രാം ഇൻ സ്കൂൾസ്, ഫോട്ടോഗ്രാഫി ആന്റ് വീഡിയോഗ്രാഫി, എംപ്ലോയ്മെന്റ് ഇൻ ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ് എന്നിവയാണ്. ഇതുസംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു. *

**ഓയിൽ മിൽ തൊഴിലാളികളുടെ കൂലി പരിഷ്കരണം**

259(2728) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓയിൽ മിൽ തൊഴിലാളികളുടെ കൂലി നിരക്ക് പരിഷ്കരിച്ചത് ഏത് വർഷത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പരിഷ്കരണ പ്രകാരം അവരുടെ കൂലി നിരക്ക് എത്രയാണ് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കൂലി നിരക്ക് ഇപ്പോഴത്തെ ജീവിതസാഹചര്യത്തിൽ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ നിലവിലെ കൂലി നിരക്ക് പരിഷ്കരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 20-10-2008-ലെ സ.ഉ.(സാധാ) നമ്പർ 2697/2008/തൊഴിൽ പ്രകാരമാണ് ഓയിൽമിൽ തൊഴിലാളികളുടെ കൂലി അവസാനമായി പുതുക്കി നിശ്ചയിച്ചത്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(സി&ഡി) ഓയിൽമിൽ മേഖലയിലെ നിലവിലെ കൂലി നാഷണൽ ഫ്ലോർ ലെവൽ മിനിമം വേതനത്തിന് (160 രൂപ) മുകളിലാണ്. എന്നതുകൂടാതെ ടി മേഖലയിലെ മിനിമം വേതന നിരക്ക് പുതുക്കുന്നതിനായി സർക്കാരിന്റെ 8-10-2014-ലെ സ.ഉ.(എംഎസ്.) നമ്പർ 119/2014/തൊഴിൽ പ്രകാരം ശ്രീ. പി. കെ. ഗോപാലൻ, ശ്രീ. വിനോദ് കുമാർ കെ. എന്നിവർ സ്വതന്ത്രാംഗങ്ങളായും തൊഴിലാളി-തൊഴിലുടമാ ഗണത്തിൽപ്പെട്ട മറ്റ് 8 പേർ അംഗങ്ങളായും ഒരു സബ് കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത സബ്കമ്മിറ്റി സമർപ്പിച്ച പ്രൊപ്പോസൽ ഇപ്പോൾ സർക്കാർ പരിശോധിച്ചുവരികയുമാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## തോട്ടം തൊഴിലാളി സമരം

260(2729) ശ്രീ. കെ. എം. ഷാജി :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ തോട്ടം തൊഴിലാളികളുടെ സമരത്തിന്റെ രീതിയിൽ മറ്റു തോട്ടങ്ങളിലേക്ക് സമരം വ്യാപിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തോട്ടം തൊഴിലാളികൾക്ക് മിനിമം ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഉറപ്പാക്കാനും അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൊഴിലാളികളുടെ മിനിമം വേതനം, തേയില, കാപ്പി എന്നിവയിൽ 301 രൂപയായും ഏലത്തിന് 330 രൂപയായും റബ്ബറിന് 381 രൂപയായും പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ടി തുക നവംബർ മാസത്തെ ശമ്പളത്തോടൊപ്പം നൽകുന്നതാണെന്ന് തീരുമാനിച്ചിട്ടുണ്ട്. ജോലിഭാരം, വേജ് ഡിഫറൻഷ്യൽ തുടങ്ങിയവ സംബന്ധിച്ച് തീരുമാനമാകാത്തതുകൊണ്ട് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ഫൈനൽ സെറ്റിൽമെന്റ് ഒപ്പുവച്ചിട്ടില്ല.

## ഇൻകം സപ്പോർട്ട് സ്കീം

261(2730) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറഞ്ഞ വരുമാനക്കാരായ തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കിയ ഇൻകം സപ്പോർട്ട് സ്കീം പ്രകാരം എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്നും ഏതെല്ലാം തൊഴിൽ മേഖലകളിലാണ് തുക വിനിയോഗിച്ചിട്ടുള്ളതെന്നും സാമ്പത്തിക വർഷം അടിസ്ഥാനമാക്കി വിശദമാക്കുമോ;

(ബി) ഓരോ തൊഴിൽ മേഖലയിലും എത്ര തൊഴിലാളികൾക്ക് പ്രസ്തുത ഇനത്തിൽ ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി)

| നമ്പർ | വകുപ്പ് | 2011-12 മുതൽ 2015-16 നവംബർ മാസം വരെ ആനുകൂല്യം കൈപ്പറ്റിയ തൊഴിലാളികളുടെ എണ്ണം. |
|---|---|---|
| 1 | ഫിഷറീസ് വകുപ്പ് | 722874 |
| 2 | ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് | 44404 |
| 3 | കയർ വകുപ്പ് | 94801 |
| 4 | ബീഡി വകുപ്പ് | 10194 |
| 5 | കൈത്തറി&ടെക്സ്റ്റൈൽ വകുപ്പ് | 49000 |
| 6 | ഈറ്റ, കാട്ടുവള്ളി ബോർഡ് | 81369 |

**തോട്ടം തൊഴിലാളികളുടെ വേതനം**

262(2731) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിലാളികളുടെ വേതനം സംബന്ധിച്ച് അവസാനമായി സമഗ്ര പഠനം നടന്നത് എന്നാണ് ;

(ബി) തോട്ടം തൊഴിലാളികളുടെ വേതനം പുതുക്കുന്നത് സംബന്ധിച്ച 1952-ലെ പഠന റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരുന്ന പല ആനുകൂല്യങ്ങളും നിലവിൽ തൊഴിലാളികൾക്ക് ലഭിക്കുന്നില്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) തോട്ടം തൊഴിലാളികൾക്ക് മാന്യമായ വേതനം ലഭിക്കുന്നതിനും അവരുടെ സാമൂഹ്യജീവിതം മെച്ചപ്പെടുത്തുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) പ്ലാന്റേഷൻ ലേബർ കമ്മിറ്റിയുടെ ശിപാർശ പ്രകാരം 3-2-2009-ലെ സ.ഉ(സാധാ)നമ്പർ 152/2009/തൊഴിൽ പ്രകാരം രൂപീകരിച്ച ശ്രീ. എം. കെ. ബാലചന്ദ്രൻ നായർ കൺവീനറായ കമ്മിറ്റിയാണ് പ്ലാന്റേഷൻ മേഖലയെ സംബന്ധിച്ച് അവസാനമായി സമഗ്രപഠനം നടത്തിയത്. ഈ കമ്മിറ്റി തമിഴ്നാട്, ആസാം, പശ്ചിമബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിൽ തെളിവെടുപ്പ് നടത്തിയാണ് പഠന റിപ്പോർട്ട് തയ്യാറാക്കിയത്. ആയതിനുശേഷം 27-11-2015-ലെ സ.ഉ.(കൈ) നമ്പർ 188/2015/തൊഴിൽ പ്രകാരം റിട്ടയേർഡ് ജസ്റ്റിസ് എൻ. കൃഷ്ണൻനായരെ ഏകാംഗ കമ്മീഷനായി പഠനം നടത്തി റിപ്പോർട്ട് നൽകുന്നതിന് നിയോഗിച്ചിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച വിവരം ലഭ്യമല്ല.

(സി) പ്ലാന്റേഷൻ മേഖലയിൽ പ്ലാന്റേഷൻ ലേബർ ആക്ട് അനുശാസിക്കും വിധമുള്ള എല്ലാ ആനുകൂല്യങ്ങളും തൊഴിലാളികൾക്ക് ലഭ്യമാകുന്നതിന് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ വീഴ്ച വരുത്തുന്ന മാനേജ്മെന്റുകൾക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. 14-10-2015-ന് ചേർന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ കൂലി വർദ്ധനവ് സംബന്ധിച്ച് ധാരണയിലെത്തുകയും അടിസ്ഥാന വേതനവും ക്ഷാമബത്തയും അടക്കം തേയില, കാപ്പിത്തോട്ടം മേഖലയിൽ 301 രൂപയും റബ്ബർത്തോട്ടം മേഖലയിൽ 351 രൂപയും ഏലത്തോട്ടം മേഖലയിൽ 330 രൂപയും ആയി കൂലി വർദ്ധന വരുത്താനും ധാരണയുണ്ടായി. കൂലി നിരക്കുകൾ 2015 നവംബർ 1 മുതൽ നടപ്പിലാക്കാൻ തീരുമാനമെടുക്കുകയും ചെയ്തു. പ്ലാന്റേഷൻ മേഖലയിലെ പ്രതിസന്ധി സംബന്ധിച്ച് പഠിക്കുന്നതിനും അടിയന്തര പരിഹാരം കാണുന്നതിനും റിട്ട. ജസ്റ്റിസ് എൻ.കൃഷ്ണൻ നായരെ ഏകാംഗ കമ്മീഷനായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. കമ്മീഷൻ റിപ്പോർട്ട് ഒരു മാസത്തിനകം ലഭ്യമാക്കി പ്ലാന്റേഷൻ ലേബർ കമ്മിറ്റി പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുന്നതിനും ധാരണയായിട്ടുണ്ട്.

തോട്ടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തൊഴിലാളികൾക്ക് വാസയോഗ്യമായി ലയങ്ങൾ അറ്റകുറ്റപ്പണികൾ തീർത്ത് നവീകരിക്കുന്നതിനും പുതിയ നിർമ്മാണപ്രവർത്തനം ഘട്ടംഘട്ടമായി നടത്തുന്നതിനും 5 വർഷത്തെ പദ്ധതി സർക്കാർ തയ്യാറാക്കി. അപ്രകാരം നടപ്പുസാമ്പത്തിക വർഷം തന്നെ സർക്കാർ 20 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പ്ലാന്റേഷൻ സ്കൂളുകളെ ഇംഗ്ലീഷ്, തമിഴ് മീഡിയം സ്കൂളുകളായി അപ്ഗ്രേഡ് ചെയ്യുക, സ്കൂളുകളില്ലാത്ത പ്ലാന്റേഷനുകളിൽ സ്കൂളുകൾ സ്ഥാപിക്കുന്നതിന് ഭവനം ഫൗണ്ടേഷൻ മുഖേന നടപടി സ്വീകരിക്കുക, സ്കൂളുകളിൽ മെച്ചപ്പെട്ട അദ്ധ്യാപകരെ (പ്രത്യേകിച്ച ഇംഗ്ലീഷ് അദ്ധ്യാപകർ) കൊണ്ടു വരുന്നതിന് കുട്ടി ഒന്നിന് 10,000 രൂപ പൊതുവിദ്യാഭ്യാസ വകുപ്പുവഴി അനുവദിക്കുന്നതാണ്. തൊഴിൽ വകുപ്പ് മുൻകൈയെടുത്ത് പ്ലാന്റേഷൻ മേഖലയിലെ ഹൗസിംഗ് സ്കീമിന് പദ്ധതി തയ്യാറാക്കുന്നതാണ്. ഇതിനായി 150 കോടി രൂപ അടുത്ത വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതാണ്. ആയതിന്റെ നടത്തിപ്പിനായി ഭവനം ഫൗണ്ടേഷനെ ചുമതലപ്പെടുത്തുന്നതാണ്. പ്ലാന്റേഷനുകളിലെ കുടിവെള്ളം, ശൗചാലയങ്ങൾ, റോഡുകളുടെ അറ്റകുറ്റപ്പണി എന്നിവയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപടി സ്വീകരിക്കുന്നതാണ്. പ്ലാന്റേഷൻ തൊഴിലാളികളെ ആർ.എസ്.ബി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പ്ലാന്റേഷൻ തൊഴിലാളികളെ ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് അടിയന്തര ഘട്ടങ്ങളിൽ അൾട്രാസൗണ്ട് സ്കാനിംഗ്, എൻഡോസ്കോപ്പി, ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി തുടങ്ങിയ ആധുനിക ചികിത്സയ്ക്ക് വിധേയമാകുന്ന സാഹചര്യത്തിൽ തോട്ടംവക ഗാർഡൻ/ഗ്രൂപ്പ് ഹോസ്പിറ്റലുകൾ, തോട്ടവുമായി ബന്ധപ്പെടുത്തിയ സ്വകാര്യ ആശുപത്രികളിലെ ഡോക്ടർമാർ ശിപാർശ ചെയ്യുന്ന സാഹചര്യങ്ങളിൽ തൊഴിലാളിക്കും തൊഴിലാളികളുടെ ആശ്രിതർക്കും വിദഗ്ദ്ധ ചികിത്സയ്ക്ക് ചെലവാകുന്ന തുക തൊഴിലുടമ റീ-ഇമ്പേഴ്സ് ചെയ്യുന്ന വ്യവസ്ഥയിൽ പ്ലാന്റേഷൻ ചീഫ് ഇൻസ്പെക്ടറുടെ അംഗീകാരത്തോടുകൂടി എം.ആർ.ഐ., അൾട്രാസൗണ്ട് സ്കാനിംഗ്, എൻഡോസ്കോപ്പി, ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി, ഫിസിയോതെറാപ്പി എന്നീ സൗകര്യങ്ങളും ക്ഷയം, ക്യാൻസർ, ഹൃദ്രോഗം എന്നിവയുടെ ചികിത്സയ്ക്ക് പ്രത്യേകം വാർഡുകളും സാംക്രമിക രോഗങ്ങൾ

ചികിത്സിക്കുന്നതിനും പ്രസവശുശ്രൂഷയ്ക്കും സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം വാർഡുകളും തോട്ടങ്ങളോടനുബന്ധിച്ച ആശുപത്രികളിൽ സജ്ജീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി 24-4-2013-ൽ തന്നെ സർക്കാർ 1959-ലെ കേരള പ്ലാന്റേഷൻ ചട്ടങ്ങൾ ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ മേൽനോട്ടം നിർവ്വഹിക്കുന്നതിനും തോട്ടം മേഖലയിലെ ആരോഗ്യ പരിപാലനത്തിനും കേരള പ്ലാന്റേഷൻ മെഡിക്കൽ അഡ്വൈസറി ബോർഡ് പുനസംഘടിപ്പിക്കുന്നതിനുള്ള നടപടികളും സർക്കാർ ആരംഭിച്ചിട്ടുണ്ട്. പ്ലാന്റേഷൻ ഇൻസ്പെക്ടർമാരുടെ യോഗം വിളിച്ചുചേർത്ത് ലയങ്ങളുടെ അവസ്ഥ, കുടിവെള്ള ലഭ്യത, ശൗചാലയങ്ങളുടെ സ്ഥിതി, കാലാവസ്ഥാ സംരക്ഷണ ഉപാധികളുടെ വിതരണം എന്നിവ സംബന്ധിച്ച് പ്രശ്നങ്ങളുണ്ടെങ്കിൽ ആയത് ഇടപെട്ട് പരിഹരിക്കുന്നതിന് വകുപ്പുതല നിർദ്ദേശം നൽകിയിട്ടുണ്ട്. 50 ഏക്കറിന് ഒരു ശൗചാലയം എന്നത് കർശനമായി നടപ്പിലാക്കാനും വെൽഫയർ ആഫീസർമാർ ഇല്ലാത്ത പ്ലാന്റേഷനുകളിൽ 15 ദിവസത്തിനുള്ളിൽ നിയമിക്കാനുള്ള നിർദ്ദേശം നൽകാനും യോഗത്തിൽ പ്ലാന്റേഷൻ ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**തോട്ടം ഉടമകൾക്കുള്ള ആനുകൂല്യങ്ങൾ**

263(2732) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തോട്ടം ഉടമകൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

9-11-20115-ലെ സ.ഉ.(എംഎസ്.)നമ്പർ 166/2015/തൊഴിൽ പ്രകാരം തോട്ടം ഉടമകൾക്കുവേണ്ടി താഴെപ്പറയുന്ന തീരുമാനങ്ങൾ സർക്കാർ എടുത്തിട്ടുണ്ട് :

1. പ്ലാന്റേഷൻ മേഖലയിലെ വൈദ്യുതി നിരക്ക് കുറയ്ക്കുന്നതിന് ബന്ധപ്പെട്ട മാനേജ്മെന്റുകൾ വൈദ്യുതി റഗുലേറ്ററി കമ്മീഷൻ മുമ്പാകെ അപ്പീൽ ഫയൽ ചെയ്യേണ്ടതാണ്. കമ്മീഷന്റെ തീരുമാനത്തിനനുസരിച്ച് സർക്കാർ വൈദ്യുതി നിരക്കിൽ മാറ്റം വരുത്തുന്നതാണ്.

2. സിവിൽ സപ്ലൈസ് വകുപ്പിൽനിന്നും തേയില ലേലത്തിന് പങ്കെടുക്കുന്നതിന് ആവശ്യമായ തുക അനുവദിക്കുന്നതിനും ശബരി തേയില പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

3. പ്ലാന്റേഷനുകളിലെ കുടിവെള്ളം, ശൗചാലയങ്ങൾ, റോഡുകളുടെ അറ്റകുറ്റപ്പണി എന്നിവയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപടി സ്വീകരിക്കുന്നതാണ്.

4. തേയില-ലേലം കമ്പനി വിപണി എന്നിവയുടെ അനുപാതം 70:30 എന്നതിൽനിന്നും മാറ്റം വരുത്തുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് കത്തയക്കുന്നതാണ്.

**തൊഴിൽ രഹിത വേതനം**

264(2733) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത തൊഴിൽ രഹിതരുടെ ആകെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ ഒരാൾക്ക് നൽകുന്ന പ്രതിമാസ തൊഴിൽ രഹിത വേതനം എത്രയാണെന്ന് അറിയിക്കുമോ;

(സി) നിലവിൽ എത്ര മാസത്തെ തൊഴിൽരഹിത വേതനം കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) കുടിശ്ശിക വിതരണം ചെയ്യുവാൻ എത്ര തുക വേണ്ടി വരുമെന്നാണ് കണക്കാക്കുന്നത്; വ്യക്തമാക്കുമോ;

(ഇ) തൊഴിൽരഹിത വേതനം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്കു നൽകുന്നതിനുള്ള പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 2015 ആഗസ്റ്റ് മാസം വരെയുള്ള കണക്ക് പ്രകാരം പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ ആകെ എണ്ണം 36,76,490 ആണ്.

(ബി) നിലവിൽ ഒരാൾക്ക് പ്രതിമാസം 120 (നൂറ്റി ഇരുപത് രൂപ മാത്രം) രൂപയാണ് തൊഴിൽരഹിത വേതനമായി അനുവദിക്കുന്നത്.

(സി) നിലവിൽ 7/2015 മുതൽ 11/2015 വരെയുള്ള 5 മാസക്കാലത്തെ തൊഴിൽരഹിത വേതനം കുടിശ്ശികയുണ്ട്.

(ഡി) ജൂലൈ 2015 മുതൽ നവംബർ 2015 വരെയുള്ള അഞ്ചുമാസക്കാലത്തെ കുടിശ്ശിക വേതനം വിതരണം നടത്തുന്നതിന് 13,17,94,200 രൂപ (പതിമൂന്ന് കോടി പതിനേഴ് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി ഇരുന്നൂറ് രൂപ മാത്രം) വേണ്ടിവരും.

(ഇ) ഇത്തരത്തിലുള്ള പദ്ധതി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**അസംഘടിത മേഖലയിലെ തൊഴിൽ സുരക്ഷ**

265(2734) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിൽ ജോലി ചെയ്യുന്നവരുടെ തൊഴിലും കൂലിയും ഉറപ്പു വരുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നുള്ള വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഏതെല്ലാം വിഭാഗം തൊഴിലാളികൾക്ക് ക്ഷേമനിധികൾ നടപ്പാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ ;

(സി) ഓരോ ക്ഷേമനിധിയിലുമായി എത്ര തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഡി) ഓരോ ക്ഷേമനിധിയിലും എത്ര പെൻഷൻകാർ ഉണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) പരമ്പരാഗത മേഖലയിലെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവരും 25,000 രൂപയോ അതിൽ കുറവോ വരുമാനമുള്ളവരുമായ തൊഴിലാളികൾക്ക് അവരുടെ വരുമാനത്തിന് പിൻബലം നൽകുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള പദ്ധതിയാണ് വരുമാന സഹായ പദ്ധതി. ബീഡി, ഖാദി, മത്സ്യബന്ധനവും സംസ്കരണവും, കയർ, കുട്ട, പായ നെയ്ത്ത്, കൈത്തറി എന്നീ മേഖലയിൽ ജോലി ചെയ്യുന്ന

തൊഴിലാളികൾക്കാണ് ടി സഹായം നൽകിവരുന്നത്. 2010-11 സാമ്പത്തിക വർഷം മുതൽ ടി പദ്ധതി നടപ്പിലാക്കി വരുന്നു. ഓരോ മേഖലയ്ക്കും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ നൽകിയ തുക ചുവടെ ചേർക്കുന്നു:

| | 2010-11<br>Cr. | 2011-12<br>Cr. | 2012-13<br>Cr. | 2013-14<br>Cr. | 2014-15<br>Cr. | 2015-16<br>Cr. |
|---|---|---|---|---|---|---|
| ഖാദി | 10 | 1.485 | 20 | 18 | 22 | 13.05 |
| കൈത്തറി | 10 | 1.096 | -- | -- | 3 | 1.5 |
| കയർ | 20 | 6.506 | 23 | 23 | -- | -- |
| ഫിഷറീസ് | -- | 1.708 | 30 | 30 | 19.88 | 16 |
| ബീഡി | -- | 5.306 | -- | 1 | -- | -- |
| ഈറ്റ | | 1.706 | 2 | 1 | 1.5 | 1.5 |

(ബി) കള്ള് വ്യവസായ തൊഴിലാളികൾ, നിർമ്മാണ തൊഴിലാളികൾ, കുടിയേറ്റ തൊഴിലാളികൾ, പീടിക തൊഴിലാളികൾ, ആഭരണ തൊഴിലാളികൾ, പ്ലാന്റേഷൻ തൊഴിലാളികൾ, ഫാക്ടറി തൊഴിലാളികൾ (കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളികൾ, ബാർബർ ബ്യൂട്ടീഷൻസ് തൊഴിലാളികൾ, അലക്ക് തൊഴിലാളികൾ, ഗാർഹിക തൊഴിലാളികൾ, പാചക തൊഴിലാളികൾ, ക്ഷേത്ര ജീവനക്കാർ) മോട്ടോർ തൊഴിലാളികൾ (ഹെവി ആന്റ് ലൈറ്റ്, ഓട്ടോമൊബൈൽ വർക്ക്ഷോപ്പ്, ഓട്ടോറിക്ഷാ തൊഴിലാളികൾ) കശുവണ്ടി തൊഴിലാളികൾ, ചെറുകിട തോട്ടം തൊഴിലാളികൾ, ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളികൾ, കൈത്തറി തൊഴിലാളികൾ, ബീഡി സിഗാർ തൊഴിലാളികൾ എന്നിവർക്കും ക്ഷേമനിധി നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.*

(സി) വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ഡി) വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**തയ്യൽ തൊഴിലാളി ക്ഷേമനിധി**

266(2735) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ അംഗമാകുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ അംഗമാകുന്നവർക്ക് പ്രതിമാസം ക്ഷേമ നിധിയിലേക്ക് എത്ര തുക വീതമാണ് അടയ്ക്കേണ്ടതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ക്ഷേമനിധിയിലെ അംഗങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച വിശദാംശം നൽകുമോ;

(ഡി) തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ നിലവിൽ എത്രപേർ അംഗങ്ങളായിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഇ) തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പക്കൽ നാളിതുവരെ എത്ര രൂപയുടെ നിക്ഷേപമുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 18 വയസ് പൂർത്തിയായിരിക്കുകയും എന്നാൽ 60 വയസ് പൂർത്തിയായിട്ടില്ലാത്തതുമായ തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമ പ്രകാരം സ്ഥാപിക്കപ്പെട്ട മറ്റേതെങ്കിലും ക്ഷേമനിധിയിൽ അംഗമല്ലാതിരിക്കുകയും മൂന്ന വർഷത്തിൽ കുറയാതെ തയ്യൽ ജോലിയിലോ എംബ്രോയിഡറി ജോലിയിലോ ഏർപ്പെട്ടിരിക്കുകയും ചെയ്യുന്ന ഏതൊരു തയ്യൽ തൊഴിലാളിക്കും സ്വയം തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള ആൾക്കും ക്ഷേമനിധി ആക്ടും പദ്ധതിയും പ്രകാരം അംഗമായി രജിസ്റ്റർ ചെയ്യുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്. നിർദ്ദിഷ്ട ഫോറത്തിൽ വയസ് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റും തൊഴിലുടമയിൽനിന്നോ സ്ഥലം അസിസ്റ്റന്റ് ലേബർ ഓഫീസറിൽനിന്നോ 1926-ലെ ട്രേഡ് യൂണിയൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സംസ്ഥാനത്തെ ഏതെങ്കിലും തൊഴിലാളി സംഘടനയിൽനിന്നോ ലഭിച്ചിട്ടുള്ള തൊഴിൽ സംബന്ധമായ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിക്കുന്ന തയ്യൽ തൊഴിലാളികൾക്ക് ക്ഷേമനിധിയിൽ അംഗമാകാവുന്നതാണ്. ക്ഷേമനിധിയിൽ ചേരുന്ന ഒരംഗം രജിസ്ട്രേഷൻ ഫീസായി രജിസ്ട്രേഷൻ നേടുന്ന സമയത്ത് 15 രൂപ കൂടി ഒടുക്കേണ്ടതാണ്.

(ബി) തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ അംഗമാകുന്നവർക്ക് പ്രതിമാസം 20 രൂപ വീതം അംശദായമായി ക്ഷേമനിധിയിൽ അടയ്ക്കേണ്ടതാണ്.

(സി) വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. *

(ഡി) 734780 രജിസ്റ്റേർഡ് അംഗങ്ങൾ ഉണ്ട്.

(ഇ) നാളിതുവരെ 377257,980 രൂപയുടെ നിക്ഷേപം ഉണ്ട്.

**തൊഴിൽ അന്വേഷകർക്കായുള്ള പദ്ധതി**

267(2736) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ അന്വേഷകരെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന്റെ കീഴിലെ എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സെസ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി സോഫ്റ്റ് സ്കില്ലുകൾക്കും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം ഉണ്ടാക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകുന്നു. ഇപ്രകാരം പരിശീലനം സിദ്ധിച്ച ഉദ്യോഗാർത്ഥികൾക്ക്, സ്വകാര്യ മേഖലയിലെ തൊഴിൽ ദാതാക്കളുമായി നേരിട്ടും, ജോബ് ഫെയറുകൾ സംഘടിപ്പിച്ചുകൊണ്ടും സ്വദേശത്തും വിദേശത്തുമുള്ള സ്വകാര്യ മേഖലയിൽ തൊഴിൽ നേടിയെടുക്കുവാൻ അവസരം ഉണ്ടാക്കി കൊടുക്കുക എന്നതാണ് എംപ്ലോയബിലിറ്റി സെന്ററുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പുമുഖേന കൊല്ലം, എറണാകുളം, കോഴിക്കോട്, കണ്ണൂർ, പാലക്കാട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ ആലപ്പുഴ, കോട്ടയം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ പൂർത്തിയായിട്ടുണ്ട്. ഈ സാമ്പത്തിക വർഷംതന്നെ പ്രസ്തുത എംംപ്ലോയബിലിറ്റി സെന്ററുകളിൽ അക്കാദമി ഫോർ സ്കിൽ എക്സലൻസ് മുഖേന എച്ച്.ആർ.ഡി. പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. കൂടാതെ മലപ്പുറം, തൃശ്ശൂർ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കേന്ദ്രീകരിച്ച് എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**നൈപുണ്യം പദ്ധതി**

268(2737) <u>ശ്രീ. റ്റി. യു. കുരുവിള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൈപുണ്യം പദ്ധതിയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പരമ്പരാഗത തൊഴിൽ മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ ആവശ്യമായ വിദഗ്ദ്ധ തൊഴിലാളികളെ പരിശീലിപ്പിക്കാൻ നടപടികൾ ഉണ്ടാകുമോ ;

(സി) പദ്ധതിയിൻ കീഴിൽ കൂടുതൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE), തിരുവനന്തപുരം കിൻഫ്ര അപ്പാരൽ പാർക്കിൽ നഴ്സിംഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ എൻഹാൻസ്മെന്റും സെക്യൂരിറ്റി (നാഷണൽ) മേഖലയിൽ മികവിന്റെ കേന്ദ്രമായ സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റിയും (CATS) പ്രവർത്തനമാരംഭിച്ചു. ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ എൻലൈറ്റൻ സ്കിൽസ് ട്രെയിനിംഗ് പ്രോഗ്രാം ഇൻ ഓയിൽ & റിഗ് (ESPOIR) അങ്കമാലിയിലെ ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തു. കൊല്ലം ജില്ലയിലെ ചവറയിലും കോഴിക്കോട് ജില്ലയിലെ മാനാഞ്ചിറയിലും കൗശൽ കേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചു. മറ്റു ജില്ലകളിലും കൗശൽ കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുകയും ചെയ്യുന്നു. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് എംപ്ലോയബിലിറ്റി സെന്ററുകൾക്ക് മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു.

(ബി) ഉചിതമായ പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിഗണിക്കാവുന്നതാണ്.

(സി) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE), നിർമ്മാണ മേഖലയിൽ പ്രാഥമികതലം മുതൽ നേതൃത്വതലം വരെ വിവിധ പ്രവർത്തന മേഖലകളിൽ വിദഗ്ദ്ധ തൊഴിൽ പരിശീലനം നൽകി അവർക്ക് സ്വദേശത്തും വിദേശത്തും ജോലി സാധ്യത ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടുകൂടി ആരംഭിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ&കൺസ്ട്രക്ഷൻ (IIIC)-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഹൈടെക് ഓട്ടോമേഷൻ& മെക്കാട്രോണിക്സ്, റീട്ടെയിൽ, ഹോസ്പിറ്റാലിറ്റി സെക്യൂരിറ്റി (ഇന്റർനാഷണൽ), ടീച്ചിംഗ് തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഉചിതമായ പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് വിവിധ മേഖലകളിൽ തൊഴിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ KASE ലക്ഷ്യമിടുന്നു.

**കശുവണ്ടി മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ**

269(2738) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എം. എ. ബേബി :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അവയിൽ പ്രധാനപ്പെട്ടവ എന്തൊക്കെയാണ്;

(ബി) വിവിധ ആവശ്യങ്ങളുന്നയിച്ച് കൊല്ലം കളക്ടറേറ്റിന് മുമ്പിൽ കശുവണ്ടി തൊഴിലാളികൾ നടത്തിവന്ന സമരം ഒത്തുതീർപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) കശുവണ്ടി വികസന കോർപ്പറേഷനു കീഴിലുള്ള ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ തൊഴിൽ വകുപ്പ് മുൻകൈ എടുത്തിട്ടുണ്ടോ; നടപ്പു വർഷം പ്രസ്തുത ഫാക്ടറികൾ എത്ര തൊഴിൽ ദിനങ്ങൾ നൽകിയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്. കശുവണ്ടി മേഖലയിലെ തൊഴിലാളികൾ ഇപ്പോൾ നേരിടുന്ന മുഖ്യമായ പ്രശ്നം തൊഴിലില്ലായ്മയാണ്. തോട്ടണ്ടിയുടെ ലഭ്യതക്കുറവുമൂലം ചില കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ കഴിയാത്ത അവസ്ഥയാണ്. വിദേശ രാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയുടെ ലഭ്യതയ്ക്കനുസരിച്ചാണ് കേരളത്തിലെ കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നത്. ആഗോള കമ്പോള വിലയിൽ തോട്ടണ്ടിക്കുണ്ടായ വിലവർദ്ധനവ് കേരളത്തിലെ കശുവണ്ടി വ്യവസായത്തെ സാരമായി ബാധിച്ചിട്ടുണ്ട്. കൂടാതെ കശുവണ്ടി സംസ്കരണത്തിൽ ചെലവ് കുറഞ്ഞ സംസ്ഥാനങ്ങളായ തമിഴ്നാട്, ആന്ധ്രാപ്രദേശ്, ഒറീസ തുടങ്ങിയ സംസ്ഥാനങ്ങളിലേക്ക് കശുവണ്ടി വ്യവസായം മാറ്റി സ്ഥാപിക്കുന്ന സ്ഥിതിവിശേഷം സംജാതമായിട്ടുണ്ട്.

(ബി) കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷനിലെ തൊഴിലാളികൾ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സംസ്ഥാന വ്യാപകമായി നടത്തിയ സമരം തൊഴിൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 8-12-2015-ന് ചേർന്ന യോഗത്തിൽ വച്ച് സമരം താല്ക്കാലികമായി പിൻവലിച്ചു. തുടർ ചർച്ചകൾ നടന്നുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

## സ്വകാര്യ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ വേതന വ്യവസ്ഥയും തൊഴിലവകാശസംരക്ഷണവും

270(2739) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്കും മറ്റു ജീവനക്കാർക്കും സംരക്ഷണം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താനുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ് ;

(ബി) അവരുടെ ഹാജർ, ലഭിക്കുന്ന ശമ്പളം എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാറുണ്ടോ ;

(സി) സംഘടനാ പ്രവർത്തകരായ തൊഴിലാളികളെ കള്ളക്കേസുകളിൽ കുടുക്കി യാതൊരാനുകൂല്യവും നൽകാതെ പിരിച്ചുവിടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇവരെ സംരക്ഷിക്കുന്നതിന് എന്ത് നടപടികളാണ് കൈക്കൊള്ളുന്നത് എന്ന് പറയാമോ ;

(ഡി) ഇത്തരം എത്ര കേസുകൾ ഈ സർക്കാരിന്റെ കാലയളവിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) ജോലിയിൽ നിന്ന് പിരിഞ്ഞുപോകുന്ന തൊഴിലാളി ജോലി ചെയ്ത കാലയളവിൽ ലഭിക്കേണ്ട എല്ലാ ആനുകൂല്യങ്ങളും കൈപ്പറ്റിയാണോ പോകുന്നതെന്നും അയാളുടെ എല്ലാ അവകാശങ്ങളും സംരക്ഷിക്കപ്പെട്ടോ എന്നും അന്വേഷിക്കാൻ തൊഴിൽ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(എഫ്) സ്വകാര്യ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ വിവരങ്ങൾ ശേഖരിക്കാനെത്തുന്ന ഉദ്യോഗസ്ഥർ തൊഴിലുടമകളുടെ സൽക്കാരം കൈപ്പറ്റി അവർ പറയുന്നതു മാത്രം രേഖപ്പെടുത്തുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പരാതി കിട്ടിയാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ, സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനൊപ്പം

തന്നെ തൊഴിലാളികൾക്ക് തൊഴിൽ പരിരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി വിശ്രമത്തിനും, വിശ്രമവേളകളിൽ ഇരിക്കാനുമുള്ള സൗകര്യംകൂടി തൊഴിലുടമ സ്ഥാപനത്തിൽ നൽകണമെന്ന വ്യവസ്ഥയും ക്രെഷ്, ടോയ്‌ലെറ്റ് സൗകര്യം എന്നിവ സജ്ജീകരിക്കണമെന്ന വ്യവസ്ഥയും ഉൾപ്പെടുത്തി 1961-ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (ചട്ടങ്ങളിൽ) ഭേദഗതി വരുത്തിക്കൊണ്ട് 16-9-2015-ലെ സ.ഉ.(അച്ചടി) നമ്പർ 134/2015/തൊഴിൽ പ്രകാരം വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനായുള്ള വേതന സുരക്ഷാ പദ്ധതി (ഇ-പേമെന്റ്) തൊഴിൽ വകുപ്പിൽ ആരംഭിച്ചിട്ടുണ്ട്. ഇതിന് നിയമത്തിന്റെ പിന്തുണ ഉറപ്പാക്കുന്നതിന്റെ ഭാഗമായി 1958-ലെ മിനിമം വേതന ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള വിജ്ഞാപനം 8-7-2015-ലെ സ.ഉ.(അച്ചടി) നമ്പർ 84/2015/തൊഴിൽ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. തൊഴിൽ തർക്കങ്ങൾ ഉണ്ടാകുമ്പോൾ ബന്ധപ്പെട്ട കൺസീലിയേഷൻ/ അഡ്ജ്യൂഡിക്കേഷൻ സംവിധാനങ്ങൾ ഉപയോഗിച്ച് സമയബന്ധിതമായി തീർപ്പ് കൽപ്പിച്ച് തൊഴിലാളികളുടെ പരാതികൾക്ക് നിവൃത്തി കാണാറുണ്ട്. കൂടാതെ നിർമ്മാണ മേഖല ഉൾപ്പെടെയുള്ള സ്വകാര്യ മേഖലയിൽ തൊഴിൽ ചെയ്യുന്ന ജീവനക്കാരുടെ തൊഴിൽ സംരക്ഷിക്കുന്നതിനായി തൊഴിൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തിവരുന്നു. 2014-15 കാലയളവിൽ വിവിധ തൊഴിൽ നിയമ പ്രകാരമുള്ള പരിശോധന നടത്തിയതിൽ 3451 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ കേസുകളും 2684 സ്ഥാപനങ്ങൾക്കെതിരെ കേസുകളിൽ ശിക്ഷാനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

(ഇ) ജോലിയിൽനിന്നും പിരിഞ്ഞുപോകുന്ന തൊഴിലാളി ടിയാൻ ജോലി ചെയ്ത കാലയളവിൽ ലഭിക്കേണ്ട ആനുകൂല്യങ്ങൾ സംബന്ധിച്ച് പരാതി നൽകുകയാണെങ്കിൽ 1947-ലെ തൊഴിൽ തർക്ക നിയമം, വകുപ്പ് 12(4),33 സി (1),(2) എന്നിവ പ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) ഇല്ല. പരാതികൾ ലഭ്യമാകുന്ന പക്ഷം അന്വേഷണം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലെ ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കുന്നതുമാണ്.

**തൊഴിലാളി ക്ഷേമപെൻഷൻ**

271(2740) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികളുടെ ക്ഷേമവുമായി ബന്ധപ്പെട്ട ഏതൊക്കെ പെൻഷനുകളാണ് വകുപ്പ് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളതെന്നും പ്രസ്തുത പെൻഷനുകൾ പ്രതിമാസം എത്ര തുക വീതമാണെന്നും ഓരോന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ക്ഷേമപെൻഷനുകളിൽ പ്രതിമാസം എത്ര രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) എത്രമാസത്തെ കുടിശ്ശിക നൽകാനുണ്ടെന്ന് ഓരോന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പെൻഷനുകൾക്കായി ഒരു വർഷം സർക്കാർ എത്ര കോടി രൂപ ചെലവഴിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തൊഴിൽ വകുപ്പുമുഖേന സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള അസംഘടിത തൊഴിലാളി ക്ഷേമ പെൻഷൻ, മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ എന്നിവ പ്രതിമാസം 600 രൂപയാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷേമ പെൻഷനുകളിൽ 300 രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1252/2011/തൊഴിൽ തീയതി 22-8-2011 പ്രകാരം എല്ലാ പെൻഷനുകളും 300 രൂപയിൽനിന്നും 400 രൂപയാക്കി വർദ്ധിപ്പിച്ചു. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1305/2013/തൊഴിൽ തീയതി 18-7-2013 പ്രകാരം 400 രൂപയിൽനിന്നും 500 രൂപയാക്കി വർദ്ധിപ്പിച്ചു. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1175/2014/തൊഴിൽ തീയതി 25-8-2014 പ്രകാരം 500 രൂപയിൽനിന്നും 600 രൂപയാക്കി വർദ്ധിപ്പിച്ചു.

(സി) കർഷക തൊഴിലാളി പെൻഷൻ സെപ്റ്റംബർ വരെ വിതരണം നടത്തി. ഒക്ടോബർ മുതൽ കുടിശ്ശികയുണ്ട്. അസംഘടിത തൊഴിലാളി പെൻഷൻ 2015 മാർച്ച് വരെ വിതരണം നടത്തി. ഏപ്രിൽ മുതൽ കുടിശ്ശികയാണ്. മരംകയറ്റ തൊഴിലാളി പെൻഷൻ ഏപ്രിൽ മുതൽ ജൂലൈ 2015 വരെ വിതരണം നടത്തി. 2015 ഓഗസ്റ്റ് മുതൽ കുടിശ്ശികയാണ്.

(ഡി) കർഷകത്തൊഴിലാളി പെൻഷന് 465,98,74,000 (നാനൂറ്റി അറുപത്തി അഞ്ച് കോടി തൊണ്ണൂറ്റി എട്ട് ലക്ഷത്തി എഴുപത്തി നാലായിരം രൂപ മാത്രം) രൂപയും അസംഘടിത തൊഴിലാളി പെൻഷന് 1,57,23,000 (ഒരു കോടി അമ്പത്തി-ഏഴ് ലക്ഷത്തി ഇരുപത്തി മൂവായിരം രൂപ മാത്രം) രൂപയും മരംകയറ്റ തൊഴിലാളി പെൻഷന് 1,60,00,000 (ഒരു കോടി അറുപത് ലക്ഷം രൂപ മാത്രം) രൂപയും ചെലവഴിച്ചിട്ടുണ്ട്.

**നേഴ്സിംഗ് അക്കാഡമി**

272(2741) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേഴ്സിംഗ് അക്കാഡമിയുടെ പ്രവർത്തനത്തിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ആയത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-സി) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ന്റെ കീഴിൽ തിരുവനന്തപുരം കിൻഫ്ര അപ്പാരൽ പാർക്കിൽ നഴ്സിംഗ് മേഖലയിലെ മികവിന്റെ കേന്ദ്രമായ നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE) പ്രവർത്തനമാരംഭിക്കുകയും ആദ്യ ബാച്ചിന്റെ പരിശീലനം പൂർത്തിയാക്കുകയും ചെയ്തു. വിവിധ തലത്തിലുള്ള നഴ്സുമാർക്ക് തൊഴിൽ നൈപുണ്യവും ആശയ വിനിമയത്തിനുള്ള കഴിവുകൾ, കമ്പ്യൂട്ടർ അവബോധം, ഇംഗ്ലീഷ് ഭാഷാ പരിശീലനം എന്നിവ ഉൾപ്പെടുന്ന കോഴ്സുകൾ നടത്തുക, അനുയോജ്യമായ അന്താരാഷ്ട്ര ആഭ്യന്തര തൊഴിൽ സാധ്യതകൾ കണ്ടെത്തുക, അന്താരാഷ്ട്ര പ്ലേസ്മെന്റ് രംഗത്തെ തടസ്സങ്ങളെ തരണംചെയ്യാൻ സഹായിക്കുക, പ്ലേസ്മെന്റ് ഉറപ്പുവരുത്തുക എന്നിവയാണ് NICE-ന്റെ ലക്ഷ്യങ്ങൾ. ബിരുദധാരികളോ ഡിപ്ലോമാധാരികളോ ആയ പരിചയ സമ്പന്നരായ നഴ്സുമാർക്ക് തൊഴിൽ സാധ്യത ഉയർത്താനായി രൂപകല്പന ചെയ്തിട്ടുള്ളതാണ് അഡ്വാൻസ്ഡ് നഴ്സിംഗ് എക്സലൻസ് പ്രോഗ്രാം.

**പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരെ സ്ഥിരപ്പെടുത്തൽ**

273(2742) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളിലും ക്ഷേമനിധി ബോർഡുകളിലും 10 വർഷമായി ജോലി നോക്കുന്ന എത്ര താല്ക്കാലിക ജീവനക്കാരെയാണ് സ്ഥിരപ്പെടുത്തിയതെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ 10 വർഷമായി ജോലി നോക്കിയിരുന്നവരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; അവരെ സ്ഥിരപ്പെടുത്തണമെന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) ആയതിന്മേൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ക്ഷേമനിധി ബോർഡുകളിൽ മൂന്നുപേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽ സർക്കാരിന്റെ 27-7-2015-ലെ ജി.ഒ. (എംഎസ്.) നമ്പർ 96/2015/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ദിവസ വേതനത്തിൽ ജോലി ചെയ്തിരുന്ന ഒരാളെ 1-6-2015-ന് പാലാ ഉപകാര്യാലയത്തിൽ സ്ഥിരപ്പെടുത്തി നിയമിച്ചിട്ടുണ്ട്. കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതിയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി ജോലി നോക്കിയിരുന്ന വികലാംഗർക്ക് പുനഃ/സ്ഥിര നിയമനം നൽകിയതുവഴി ഒരു ക്ലാർക്കിനെ 27-9-2013 മുതൽ സ്ഥിരനിയമനം നൽകി നിയമിച്ചിട്ടുണ്ട്. കേരള ചെറുകിട തോട്ടം തൊഴിലാളി ബോർഡിൽ ജി.ഒ.(പി)നമ്പർ 40/13 സാമൂഹിക നീതി വകുപ്പ് തീയതി 18-5-2013 പ്രകാരം എംപ്ലോയ്മെന്റ് വഴി പ്രവൃത്തിയെടുത്ത ഒരാളെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താത്കാലിക ജീവനക്കാരായിരുന്ന ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല.

(ബി) ഇല്ല. കോടതി നിർദ്ദേശം ലഭിച്ചിട്ടില്ല.

(സി) ഉത്തരം ബി-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**നിർമ്മാണ തൊഴിലാളി ക്ഷേമനിധി**

274(2743) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണ തൊഴിലാളിക്ഷേമനിധിയിൽ എത്ര അംഗങ്ങൾ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) തൊഴിലാളി, ക്ഷേമനിധിയിലേക്ക് അടയ്ക്കേണ്ട വിഹിതം എത്രയെന്നും വിഹിതം അടയ്ക്കുന്നതിന് വീഴ്ച വരുത്തി അംഗത്വം നഷ്ടപ്പെട്ടിട്ടുള്ളവർക്ക് അംഗത്വം പുതുക്കാനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) അത്തരക്കാർക്ക് അംഗത്വം പുനസ്ഥാപിച്ചു കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) നിർമ്മാണ തൊഴിലാളികളുടെ മക്കൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ക്ഷേമനിധിവഴി ലഭിക്കുന്നതെന്നും ഇതിനായുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ?

**ഉത്തരം**

(എ) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ 1571947 അംഗങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | രജിസ്റ്റർ ചെയ്തിട്ടുള അംഗങ്ങളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 270659 |
| കൊല്ലം | 77894 |
| പത്തനംതിട്ട | 62270 |
| ആലപ്പുഴ | 73972 |
| കോട്ടയം | 69207 |
| ഇടുക്കി | 62667 |

| | |
|---|---|
| എറണാകുളം | 113406 |
| തൃശ്ശൂർ | 131274 |
| പാലക്കാട് | 220933 |
| മലപ്പുറം | 179891 |
| കോഴിക്കോട് | 123642 |
| വയനാട് | 21978 |
| കണ്ണൂർ | 111767 |
| കാസർഗോഡ് | 52367 |

(ബി&സി) ബോർഡിൽ അംഗമായി രജിസ്റ്റർ ചെയ്യുന്ന ഒരാൾ പ്രതിമാസം 20 രൂപ എന്ന ക്രമത്തിൽ അംശദായം ഒടുക്കേണ്ടതാണ്. കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ തുടർച്ചയായി ഒരു വർഷത്തിലധികം അംശദായ കുടിശ്ശിക വന്നാൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹനല്ലാതാകുന്നു. ഇപ്രകാരം അംഗത്വം നഷ്ടപ്പെട്ടാൽ ഒരു അംഗതൊഴിലാളിയുടെ സർവ്വീസ് കാലയളവിനുള്ളിൽ രണ്ട് പ്രാവശ്യം പ്രതിമാസം രണ്ട് രൂപ പിഴ ഒടുക്കി അംഗത്വം പുനഃസ്ഥാപിച്ച് നൽകുന്നതിനുള്ള അധികാരം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർക്ക് നല്കിയിട്ടുണ്ട്. ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർ നൽകുന്ന ഉത്തരവിൽ അപേക്ഷകന് എന്തെങ്കിലും ആക്ഷേപം ഉള്ളപക്ഷം പ്രസ്തുത ഉത്തരവ് കൈപ്പറ്റി 30 ദിവസത്തിനകം ബോർഡിന് അപ്പീൽ സമർപ്പിക്കാവുന്നതും ബോർഡിന്റെ തീരുമാനം അന്തിമം ആയിരിക്കുന്നതുമാണ്. രണ്ടിലധികം തവണ അംശദായ കുടിശ്ശിക വന്ന് അംഗത്വം നഷ്ടപ്പെട്ടവർക്ക് ഒരു അവസരംകൂടി നൽകുന്നതിന്റെ ഭാഗമായി 2016 മാർച്ച് 31 വരെ അംശദായ കുടിശ്ശിക ഒടുക്കി അംഗത്വം പുനഃസ്ഥാപിക്കുന്നതിനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ഡി) നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികളുടെ മക്കൾക്ക് നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽനിന്നും നൽകിവരുന്ന ആനുകൂല്യങ്ങളും ഇതിനായുള്ള നടപടിക്രമങ്ങളും അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**പേരൂർക്കട ഇ.എസ്.ഐ. ആശുപത്രിയുടെ പ്രവർത്തനം**

275(2744) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരൂർക്കട ഇ.എസ്.ഐ. ആശുപത്രിയിൽ ഞായറാഴ്ചകളിൽ ശരാശരി എത്ര രോഗികൾ ചികിത്സ തേടി എത്താറുണ്ട് ;

(ബി) അടിയന്തര ശസ്ത്രക്രിയ നടത്തുന്നതിന് പ്രസ്തുത ആശുപത്രിയിൽ ആവശ്യമായ സജ്ജീകരണങ്ങൾ നിലവിലുണ്ടോ ;

(സി) ഞായറാഴ്ചകളിൽ ഇവിടെ സിസേറിയൻ പോലുള്ള ശസ്ത്രക്രിയ നടത്താറുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഡി) എത്ര ഡോക്ടർമാരുടെ തസ്തികയാണ് ഇവിടെ ആകെയുള്ളത് ; നിലവിൽ എത്ര ഡോക്ടർമാർ ഇവിടെ സേവനം അനുഷ്ഠിക്കുന്നുണ്ട് ;

(ഇ) പ്രസ്തുത ആശുപത്രിയിൽ ഡോക്ടർമാർ ഹാജർ രേഖപ്പെടുത്തിയ ശേഷം സ്വകാര്യ പ്രാക്ടീസിന് പോകുന്നതായി 2015 നവംബർ 16-ന് മാതൃഭൂമി ന്യൂസ് ചാനലിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് തുടർനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

<u>ഉത്തരം</u>

(എ) 41 രോഗികൾ.

(ബി) ഇല്ല.

(സി) ഞായറാഴ്ചകളിൽ പ്രസ്തുത ആശുപത്രിയിൽ സിസേറിൻ പോലുള്ള ശസ്ത്രക്രിയ ഇപ്പോൾ നടത്താറില്ല. ജനറൽ അനസ്തേഷ്യ കൊടുക്കുവാനുള്ള അനസ്തേഷ്യ മെഷീൻ ഇപ്പോൾ തകരാറിലായതിനാൽ പുതിയ മെഷീൻ വാങ്ങാനായി 11-9-2014-ന് ഇ.എസ്.ഐ. കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുവരെയും അനുമതി ലഭിച്ചിട്ടില്ല.

(ഡി) ഈ ആശുപത്രിയിൽ ഡോക്ടർമാരുടെ 28 തസ്തികകൾ ഉണ്ട്. 28 തസ്തികകളിലും ഡോക്ടർമാർ സേവനം അനുഷ്ഠിക്കുന്നുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ വസ്തുതകളുടെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ചുവരുന്നു. ഞായറാഴ്ച ദിവസങ്ങളിൽ കാഷ്വാലിറ്റി സർവ്വീസ് മാത്രമാണ് ഉള്ളത് എന്നതിനാൽ ഇതിന് അനിവാര്യമായ മെഡിക്കൽ ഓഫീസർമാരെ മാത്രം ഡ്യൂട്ടിക്ക് നിയോഗിക്കുകയും ഒ.പി. പ്രവർത്തിക്കുന്ന മറ്റ് ദിവസങ്ങളിൽ കൂടുതൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനായി മറ്റു ഡോക്ടർമാരോട് ഞായറാഴ്ച വീക്കിലി ഓഫ് എടുക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

**ആറ്റിങ്ങൽ മണ്ഡലത്തിലെ ഇ.എസ്.ഐ. ആശുപത്രി കെട്ടിടങ്ങൾ**

276(2745) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഇ.എസ്.ഐ. ആശുപത്രികൾ ഏതെല്ലാമാണ്; പ്രസ്തുത മണ്ഡലത്തിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഇ.എസ്.ഐ. ആശുപത്രികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇ.എസ്.ഐ. ആശുപത്രികൾക്കുള്ള കെട്ടിട നിർമ്മാണ ഫണ്ട് ലഭ്യമാകുന്നത് എവിടെ നിന്നാണെന്ന് വ്യക്തമാക്കാമോ;

(സി) കിളിമാനൂർ ഇ.എസ്.ഐ. ആശുപത്രിയുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

ഉത്തരം

(എ) ആറ്റിങ്ങൽ ഇ.എസ്.ഐ. ഡിസ്പെൻസറി മാത്രമാണ് ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഇ.എസ്.ഐ. സ്ഥാപനം. പ്രസ്തുത ഡിസ്പെൻസറി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) ഇ.എസ്.ഐ. ആശുപത്രികൾക്കുള്ള കെട്ടിട നിർമ്മാണം ഇ.എസ്.ഐ. കോർപ്പറേഷൻ സ്വന്തം നിലയിലാണ് ചെയ്യുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**അന്താരാഷ്ട്ര കൺസ്ട്രക്ഷൻ അക്കാദമി**

277(2746) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര കൺസ്ട്രക്ഷൻ അക്കാദമിയുടെ പ്രവർത്തനത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) നിർമ്മാണ മേഖലയിലെ വിവിധ ട്രേഡുകളിൽ അന്താരാഷ്ട്ര ഗുണനിലവാരം ഉറപ്പുവരുത്തി തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള പരിശീലനം നൽകുകയാണ് ഉദ്ദേശ്യം.

(സി) ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## വസ്ത്രവ്യാപാര രംഗത്തെ സ്ത്രീ തൊഴിലാളികൾ

278(2747) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾ കൂടുതലായി ജോലി ചെയ്യുന്ന വസ്ത്രവ്യാപാര രംഗത്ത് തൊഴിലിടങ്ങളിൽ അവരുടെ ക്ഷേമത്തിനുവേണ്ടി തൊഴിലുടമകൾ ഉറപ്പുവരുത്തേണ്ട നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവരുടെ ജോലി സമയവും അവധി ദിനങ്ങളെ സംബന്ധിച്ചും നിഷ്കർഷിച്ചിട്ടുണ്ടോ;

(സി) അധിക ജോലിക്ക് നൽകേണ്ട വേതനം, വിശ്രമസമയം എന്നിവ സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) വസ്ത്രവ്യാപാര രംഗത്തെ തൊഴിലാളികൾക്ക് 1960-ലെ കടകളും വാണിജ്യ സ്ഥാപനങ്ങളും നിയമം, 1948-ലെ മിനിമം വേതന നിയമം, 1958-ലെ കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ&ഫെസ്റ്റിവൽ ഹോളിഡേയ്സ്) നിയമം തുടങ്ങിയവ പ്രകാരം ജോലി സമയം, അധിക സമയ ജോലിക്കുള്ള അർഹമായ ഓവർടൈം വേതനം, ജോലിക്കിടയിലെ വിശ്രമ സമയം, വിശ്രമവേളകളിൽ ഇരിക്കുവാനുള്ള സൗകര്യം, ഹോസ്റ്റൽ സൗകര്യം, മുലയൂട്ടുവാനുള്ള സൗകര്യങ്ങളോടുകൂടിയ ശിശുപരിപാലന കേന്ദ്രങ്ങൾ, ആഴ്ച അവധി, സർക്കാർ നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം, ശമ്പളത്തോടുകൂടിയ ദേശീയ ഉത്സവ അവധി ദിനങ്ങൾ എന്നിവ തൊഴിലുടമകൾ ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ, 1961-ലെ maternity benefit നിയമപ്രകാരമുള്ള ആനുകൂല്യങ്ങളും സ്ത്രീ തൊഴിലാളികൾക്ക് തൊഴിലുടമ ഉറപ്പുവരുത്തേണ്ടതാണ്.

(ബി) 1960-ലെ കേരള ഷോപ്പ്&കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, വകുപ്പ് 6 പ്രകാരം ഈ മേഖലയിലെ തൊഴിലാളികളുടെ ജോലി സമയം ഒരു ദിവസത്തിൽ 8 മണിക്കൂറും, ഒരാഴ്ചയിൽ 48 മണിക്കൂറും ആയി നിജപ്പെടുത്തിയിട്ടുണ്ട്. സ്റ്റോക്ക് എടുക്കുകയോ കണക്കുകൾ തയ്യാറാക്കുകയോ ചെയ്യുന്ന ദിവസങ്ങൾ ഒഴികെയുള്ള ദിവസങ്ങളിൽ ഓവർടൈം ഉൾപ്പെടെ ജോലി സമയം 10 മണിക്കൂറിൽ കൂടുതൽ ആകരുത്. മാത്രവുമല്ല, ഓവർടൈം ജോലി ചെയ്യുന്ന ദിവസങ്ങളുടെ എണ്ണം ഓരോ ത്രൈമാസത്തിലും 50-ൽ കവിയരുതെന്നും വകുപ്പ് 9 പ്രകാരം ഒരു സ്ഥാപനത്തിലെ തൊഴിലാളിയുടെ ജോലി സമയം, വിശ്രമ സമയം ഉൾപ്പെടെ 10½ മണിക്കൂറിൽ കവിയരുതെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ടി മേഖലയിലെ തൊഴിലാളികൾക്ക് വകുപ്പ് 11(2) പ്രകാരം ആഴ്ചയിൽ ഒരു ദിവസം അവധിക്കും 13(1) പ്രകാരം ഒരു വർഷം പൂർത്തിയാക്കുന്ന മുറയ്ക്ക് 12 ദിവസത്തെ ആർജ്ജിത അവധിക്കും 13(2) പ്രകാരം തുടർച്ചയായി ഒരു വർഷം സർവ്വീസ് ഉള്ളവർക്ക് 12 ദിവസത്തെ ചികിത്സാ അവധിക്കും 12 ദിവസത്തെ ആകസ്മിക അവധിക്കും വകുപ്പ് 13(എ) പ്രകാരം വന്ധ്യംകരണ ശസ്ത്രക്രിയയ്ക്ക് സ്ത്രീ തൊഴിലാളികൾക്ക് 14 ദിവസവും പുരുഷ തൊഴിലാളികൾക്ക് 6 ദിവസവും വേതനത്തോടുകൂടിയ അവധിക്കും അർഹതയുണ്ട്. കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ&ഫെസ്റ്റിവൽ ഹോളിഡേയ്സ്) ആക്ട് പ്രകാരം വർഷത്തിൽ 4 ദേശീയ അവധി ദിനങ്ങൾ ഉൾപ്പെടെ 13 അവധി ദിനങ്ങൾക്കും അർഹതയുണ്ട്.

(സി) ദിവസത്തിൽ 8 മണിക്കൂറിൽ കൂടുതലോ ആഴ്ചയിൽ 48 മണിക്കൂറിൽ കൂടുതലോ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മിനിമം വേതന നിയമം വകുപ്പ് 14 പ്രകാരം അധിക വേതനം വ്യവസ്ഥ ചെയ്യുന്നുണ്ട്. 16-9-2015 തീയതിയിലെ ജി.ഒ.(പി) നമ്പർ 134/2015/തൊഴിൽ നമ്പർ വിജ്ഞാപന പ്രകാരമുള്ള കടകളും വാണിജ്യ സ്ഥാപനങ്ങളും ഭേദഗതി ചട്ടത്തിലെ ചട്ടം 5 (എ) പ്രകാരം, ടി സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് വിശ്രമത്തിനും വിശ്രമ വേളകളിൽ ഇരിക്കുവാനുമുള്ള സൗകര്യവും തൊഴിലുടമ സജ്ജീകരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. പ്രസ്തുത ചട്ട പ്രകാരം ഓരോ ഇടത്തരം/വലിയ സ്ഥാപനത്തിലും സ്ഥാപനത്തോടു ചേർന്ന് തൊഴിലാളികൾക്ക് വിശ്രമ മുറികൾ തൊഴിലുടമ പ്രദാനം ചെയ്യേണ്ടതാണ്. കൂടാതെ ആവശ്യമായ വായു സഞ്ചാരവും ശുദ്ധവായുവും വെളിച്ചവും ലഭിക്കുന്ന ഇത്തരം വിശ്രമ മുറികളിൽ കുടിവെള്ളം, തൊഴിലാളികൾക്ക് ഭക്ഷണം കഴിക്കുന്നതിനാവശ്യമായ മേശ, കസേര എന്നിവ തൊഴിലുടമ സജ്ജീകരിക്കേണ്ടതും അഞ്ചിൽ കൂടുതൽ സ്ത്രീ തൊഴിലാളികൾ ഉള്ള സ്ഥാപനങ്ങളിൽ സ്ത്രീ തൊഴിലാളികൾക്ക് പ്രത്യേകമായ വിശ്രമ മുറിയും ഇത്തരം മുറികളിൽ വ്യക്തി ശുചിത്വം പാലിക്കുന്നതിനാവശ്യമായ സജ്ജീകരണങ്ങളും തൊഴിലുടമ ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ ഓരോ വിശ്രമ മുറിയിലും 20 തൊഴിലാളികൾക്ക് ഒന്ന് എന്ന നിലയിൽ സ്ത്രീ-പുരുഷ തൊഴിലാളികൾക്ക് പ്രത്യേകമായി ശുചിത്വമുള്ള ശൗചാലയങ്ങളും സജ്ജീകരിക്കേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനം**

279(2748) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടായിരുന്നവർ എത്ര;

(ബി) 30-11-2015-ൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവർ എത്ര; വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി എത്ര പേർക്ക് താൽക്കാലിക നിയമനം നൽകി, എത്രപേർക്ക് സ്ഥിരം നിയമനം നൽകി; വിശദമാക്കാമോ?

ഉത്തരം

(എ) 4244452 പേർ.

(ബി) ലഭ്യമായ കണക്കുകൾ പ്രകാരം 31-8-2015 വരെ 3676490 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 36543 പേർക്ക് താൽക്കാലിക നിയമനവും 6822 പേർക്ക് സ്ഥിരനിയമനവും നൽകിയിട്ടുണ്ട്.

**തൊഴിലന്വേഷകർക്ക് കൗൺസിലിംഗും പരിശീലനവും**

280(2749) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലന്വേഷകർക്ക് കൗൺസിലിംഗും പരിശീലനവും നൽകി തൊഴിൽ ഉറപ്പാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി സോഫ്റ്റ് സ്കില്ലുകൾക്കും ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം ഉണ്ടാക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകുന്നു. ഇപ്രകാരം പരിശീലനം സിദ്ധിച്ച ഉദ്യോഗാർത്ഥികൾക്ക്, സ്വകാര്യ മേഖലയിലെ തൊഴിൽ ദാതാക്കളുമായി നേരിട്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചുകൊണ്ടും സ്വകാര്യ മേഖലയിൽ തൊഴിൽ നേടിയെടുക്കുവാൻ അവസരം ഉണ്ടാക്കിക്കൊടുക്കുക എന്നതാണ് എംപ്ലോയബിലിറ്റി സെന്ററുകളുടെ ഉദ്ദേശ്യലക്ഷ്യം

(സി) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പുമുഖേന കൊല്ലം, എറണാകുളം, കോഴിക്കോട്, കണ്ണൂർ, പാലക്കാട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. 2014-15 സാമ്പത്തിക വർഷം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായ കോട്ടയം, ആലപ്പുഴ, എംപ്ലോയബിലിറ്റി സെന്ററുകളിൽ ഈ വർഷംതന്നെ എച്ച്.ആർ.ഡി. പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം മലപ്പുറം, തൃശ്ശൂർ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മൊറയൂർ ഐ.ടി.ഐ.**

281(2750) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ മൊറയൂരിൽ പുതിയ ഐ.ടി.ഐ. സ്ഥാപിക്കുന്നതിനുള്ള സ്ഥലമെടുപ്പ് നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; അരീക്കോട് ഗവ. ഐ.ടി.ഐ. പ്രിൻസിപ്പൽ ഇത് സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്നും സ്ഥിരം കെട്ടിട സംവിധാനം വൈകുന്ന പക്ഷം താല്ക്കാലിക കെട്ടിട സൗകര്യങ്ങൾ ഏർപ്പെടുത്തി എന്നത്തേക്ക് ഐ.ടി.ഐ ആരംഭിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) മൊറയൂരിൽ ഐ.ടി.ഐ.-ക്ക് താല്ക്കാലിക സൗകര്യം അനുവദിക്കുന്നതിനുവേണ്ടി സ്ഥലം കണ്ടെത്തി നൽകുവാനും സ്ഥലം വാങ്ങുന്നതുൾപ്പെടെയുള്ള വിഷയങ്ങൾ പിന്നീട് പരിഗണിക്കുവാനും തീരുമാനിച്ച് മൊറയൂർ ഗ്രാമപഞ്ചായത്ത് പ്രമേയം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ സ്ഥലം ലഭ്യമാക്കാമെന്ന് ഉറപ്പ് ഒന്നുംതന്നെ പഞ്ചായത്ത് നൽകിയിട്ടില്ല. പഞ്ചായത്തുമായി ബന്ധപ്പെട്ട് എത്രയും വേഗം സ്ഥലം ലഭ്യമാക്കാൻ അരിക്കോട് ഐ.ടി.ഐ. പ്രിൻസിപ്പാളിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അരീക്കോട് ഐ.ടി.ഐ. പ്രിൻസിപ്പാൾ ലഭ്യമാക്കിയ ഇടക്കാല റിപ്പോർട്ട് സർക്കാരിന് ട്രെയിനിംഗ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു. എന്നാൽ അന്തിമ റിപ്പോർട്ട് ഇതുവരെയും സർക്കാരിന് ലഭ്യമാക്കിയിട്ടില്ല. താല്ക്കാലിക കെട്ടിട സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ച് വരുന്നതായി ട്രെയിനിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് പര്യാപ്തവും അനുയോജ്യവുമായ സ്ഥലം ലഭ്യമാക്കാമെന്നുള്ള പഞ്ചായത്തിന്റെ പ്രമേയവും രേഖാമൂലമുള്ള ഉറപ്പും ലഭ്യമാകുന്ന മുറയ്ക്ക് ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി ശിപാർശ സമർപ്പിക്കുന്നതാണെന്ന് ട്രെയിനിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**ഇളമാട് ഗവൺമെന്റ് ഐ.ടി.ഐ.-യിലെ കോഴ്സുകൾ**

282(2751) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇളമാട് ഗവ. ഐ.റ്റി.ഐ.-യിൽ ഏതെല്ലാം കോഴ്സുകളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇവിടെ പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോ എന്നും അനുവദിച്ച കോഴ്സുകൾ ആരംഭിക്കുവാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇളമാട് ഗവൺമെന്റ് ഐ.ടി.ഐ.-യിൽ പ്ലംബർ, മെക്കാനിക് കമ്പ്യൂട്ടർ ഹാർഡ്‌വെയർ, കമ്പ്യൂട്ടർ ഹാർഡ്‌വെയർ&നെറ്റ്‌വർക്ക് മെയിന്റനൻസ് എന്നീ കോഴ്സുകളാണ് നിലവിലുള്ളത്.

(ബി) ആരംഭിച്ചിട്ടുണ്ട്. പുതുതായി അനുവദിച്ച കോഴ്സുകൾ ആരംഭിക്കുവാൻ കഴിയാത്ത സാഹചര്യം നിലവിലില്ല.

**തൊഴിൽ രഹിതർക്കുള്ള വിവിധ പരിശീലന പദ്ധതികൾ**

283(2752) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ രഹിതർക്ക് പരിശീലനം നൽകുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഏതെല്ലാം കേന്ദ്രങ്ങൾ മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്ന് അറിയിക്കുമോ;

(സി) നാളിതുവരെ എത്രപേരാണ് ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതികൾക്ക് കീഴിൽ പരിശീലനം നേടിയതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന തൊഴിൽ രഹിതർക്ക് പരിശീലനം നൽകുന്നതിനായി എംപ്ലോയബിലിറ്റി സെന്റർ എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ സ്കിൽ ഗ്യാപ്, അഭിരുചി എന്നിവ വിവിധ അസെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് കണ്ടെത്തി സോഫ്റ്റ് സ്കിൽസ്, ഇംഗ്ലീഷ് ആശയവിനിമയശേഷി എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികൾ എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം അംഗീകൃത സ്ഥാപനങ്ങൾ മുഖേനയും പരിശീലനം നൽകി അവരെ തൊഴിലിനു പ്രാപ്തരാക്കി സ്വദേശത്തും വിദേശത്തുമുള്ള സ്വകാര്യ തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും തൊഴിൽ മേളകൾ സംഘടിപ്പിച്ചും തൊഴിൽ ലഭ്യമാക്കാൻ സഹായിക്കുക എന്നതാണ് എംപ്ലോയബിലിറ്റി സെന്ററുകളുടെ പ്രവർത്തന ലക്ഷ്യം. കൂടാതെ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) വഴി തൊഴിൽ രഹിതർക്ക് വിവിധ തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്തെ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടനുബന്ധിച്ചാണ് എംപ്ലോയബിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നത്. എംപ്ലോയബിലിറ്റി സെന്ററുകളുടെ HRD പ്രവർത്തനങ്ങൾ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന സ്വകാര്യ ഏജൻസികളെയാണ് ഏൽപ്പിച്ചിട്ടുള്ളത്. സോഫ്റ്റ് സ്കില്ലിനും ഇംഗ്ലീഷ് ആശയ വിനിമയശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ എംപ്ലോയബിലിറ്റി സെന്ററുകളിൽ വച്ചും തൊഴിലധിഷ്ഠിത തീവ്രപരിശീലനം ആവശ്യമായ പക്ഷം അത്തരം അംഗീകൃത പരിശീലനകേന്ദ്രങ്ങൾ മുഖേനയും ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകിവരുന്നു. കൂടാതെ തൊഴിൽരഹിത യുവജനങ്ങൾക്ക് പ്രയോജനപ്പെടുന്ന കൗശൽ കേന്ദ്രങ്ങൾ കൊല്ലം ജില്ലയിലും കോഴിക്കോട് ജില്ലയിലും KASE-ന്റെ കീഴിൽ ആരംഭിച്ചുകഴിഞ്ഞു. മറ്റു ജില്ലകളിലും കൗശൽ കേന്ദ്രങ്ങൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നഴ്സിംഗ് മേഖലയിൽ നൈപുണ്യ വികസനത്തിനായി NICE (Nursing Institute for Career Enhancement) എന്ന സ്ഥാപനവും സെക്യൂരിറ്റി (നാഷണൽ) മേഖലയിൽ നൈപുണ്യ വികസനത്തിനായി CAT (Centre for Advanced Training in Security) എന്ന സ്ഥാപനവും KASE -ന്റെ കീഴിൽ കിൻഫ്രയിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. Indian Institute of Infrastructure and Construction (IIIC) എന്ന പേരിൽ ഒരു കൺസ്ട്രക്ഷൻ അക്കാദമി ആരംഭിക്കുന്നതിലേക്കായി കൊല്ലം ചവറയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) 2012-13 സാമ്പത്തിക വർഷം ആരംഭിച്ച എംപ്ലോയബിലിറ്റി സെന്റർ പദ്ധതി പ്രകാരം നിലവിൽ പ്രവർത്തിച്ചുവരുന്ന കൊല്ലം, എറണാകുളം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന 17309 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ KASE-ന്റെ കീഴിലുള്ള കൗശൽ കേന്ദ്രങ്ങൾ മുഖേന 1038 പേർക്കും നഴ്സിംഗ് അക്കാദമിയിൽ 120 പേർക്കും സെക്യൂരിറ്റി അക്കാദമിയിൽ 10 പേർക്കും പരിശീലനം നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം)-ന്റെ നിയന്ത്രണത്തിലുള്ള എംപ്ലോയബിലിറ്റി സെന്ററുകളുടെ HRD പ്രവർത്തനങ്ങൾ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന സ്വകാര്യ ഏജൻസികളെയാണ് ഏൽപ്പിച്ചിട്ടുള്ളത്. സ്വകാര്യ ഏജൻസികളുടെ പ്രവർത്തനം പ്രതിമാസം വിലയിരുത്തുന്നതിനും നാലുമാസത്തിലൊരിക്കൽ വിലയിരുത്തുന്നതിനും വകുപ്പുതല കമ്മിറ്റികൾക്ക് രൂപം നൽകിയിട്ടുണ്ട്. ടി വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് വരും വർഷത്തേക്ക് HRD പ്രവർത്തനങ്ങൾ നടത്തുന്നതിന് ഏജൻസികളെ തിരഞ്ഞെടുക്കുന്നത്.

**ചാത്തന്നൂർ ഗവൺമെന്റ് ഐ.ടി.ഐ.**

284(2753) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ ഗവ. ഐ. ടി. ഐ.-യിൽ ഇപ്പോൾ നിലവിലുള്ള ട്രേഡുകൾ ഏതൊക്കെയാണ്; ഓരോ ട്രേഡിലും എത്ര പേർക്ക് പഠന സൗകര്യം നൽകുവാൻ കഴിയും; വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന് എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളും ഉണ്ടെന്ന് ബന്ധപ്പെട്ട വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം ഏതെങ്കിലും ട്രേഡുകൾ ഒഴിവാക്കിയിട്ടുണ്ടോ; പുതുതായി ആരംഭിച്ച ട്രേഡുകൾ ഏതൊക്കെയാണ് ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഡ്രസ്സ് മേക്കിംഗ്, ഇലക്ട്രീഷ്യൻ, പെയിന്റർ ജനറൽ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഫിറ്റർ, മെക്കാനിക് മോട്ടോർ വെഹിക്കിൾ, സർവ്വേയർ, വെൽഡർ എന്നീ 8 ട്രേഡുകളാണ് ചാത്തന്നൂർ ഗവൺമെന്റ് ഐ.ടി.ഐ.-യിൽ ഇപ്പോൾ നിലവിലുള്ളത്. ഓരോ ട്രേഡിലും പഠന സൗകര്യം നൽകാൻ കഴിയുന്ന കുട്ടികളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| നിലവിലുള്ള ട്രേഡുകൾ | കുട്ടികളുടെ എണ്ണം |
|---|---|
| 1. ഡ്രസ്സ് മേക്കിംഗ് | 21 |
| 2. ഇലക്ട്രീഷ്യൻ | 42 |
| 3. പെയിന്റർ (ജനറൽ) | 21 |
| 4. ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) | 21 |
| 5. ഫിറ്റർ | 42 |
| 6. മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ | 42 |
| 7. സർവ്വേയർ | 42 |
| 8. വെൽഡർ | 32 |

(ബി) നിലവിലുള്ള ട്രേഡുകൾ നടത്തുന്നതിന് മതിയായ സ്ഥലസൗകര്യം ഉണ്ട്. സംസ്ഥാന സർക്കാരിൽനിന്നുള്ള രണ്ടര കോടി രൂപ ചെലവഴിച്ച് അഡ്മിനിസ്ട്രേറ്റീവ്-കം-അക്കാദമിക് ബ്ലോക്ക് കെട്ടിടവും പി.പി.പി. പദ്ധതി പ്രകാരം 59 ലക്ഷം രൂപ ചെലവഴിച്ച് കെട്ടിടവും പണി കഴിപ്പിച്ചിട്ടുണ്ട്. കൂടാതെ രണ്ട് വർക്ക്ഷോപ്പ് കെട്ടിടങ്ങൾക്കും ട്രാൻസ്ഫോമർ ഉൾപ്പെടെ ത്രീ ഫേയ്സ് കണക്ഷനും ഉണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചാത്തന്നൂർ ഐ.ടി.ഐ.-യിൽ ഒരു ട്രേഡും ഒഴിവാക്കിയിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചാത്തന്നൂർ ഐ.ടി.ഐ.യിൽ പുതുതായി ആരംഭിച്ച ട്രേഡുകളുടെ വിശദാംശം താഴെ ചേർക്കുന്നു:

| ട്രേഡുകളുടെ പേര് | യൂണിറ്റുകളുടെ എണ്ണം | ആരംഭിച്ച വർഷം |
|---|---|---|
| 1. ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) | 1 യൂണിറ്റ് | 2012 |
| 2. ഫിറ്റർ | 1 യൂണിറ്റ് | 2013 |
| | 1 യൂണിറ്റ് | 2014 |
| 3. വെൽഡർ | 1 യൂണിറ്റ് | 2013 |
| | 1 യൂണിറ്റ് | 2014 |
| 4.മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ | 1 യൂണിറ്റ് | 2013 |
| | 1 യൂണിറ്റ് | 2014 |
| 5. സർവ്വേയർ | 1 യൂണിറ്റ് | 2013 |
| | 1 യൂണിറ്റ് | 2014 |

## സെക്യൂരിറ്റി തൊഴിലാളികൾക്ക് പരിശീലന ക്ലാസ്സുകൾ

285(2754) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്യൂരിറ്റി തൊഴിലാളികൾക്ക് തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പരിശീലന ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത തൊഴിലാളികൾക്ക് പരിശീലനം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സെക്യൂരിറ്റി മേഖലയിൽ നൈപുണ്യ വികസനത്തിനുവേണ്ടി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസും Pragmatic Educational Society-യും സംയുക്തമായി ചേർന്ന് സെക്യൂരിറ്റി (National) തൊഴിലാളികൾക്ക് നൈപുണ്യ പരിശീലന കേന്ദ്രമായ സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി (CAT) എന്ന സ്ഥാപനം കിൻഫ്രയിൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കൂടാതെ അങ്കമാലിയിലെ ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ സെക്യൂരിറ്റി (ഇന്റർനാഷണൽ) മേഖലയിൽ മികവിന്റെ കേന്ദ്രം ഉടൻതന്നെ പ്രവർത്തനം ആരംഭിക്കും.

## പുഴക്കാട്ടിരി ഐ.ടി.ഐ.-ക്ക് ഭൂമി ലഭ്യമാക്കുന്നത്

286(2755) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സ്വന്തമായ സ്ഥലമില്ലാത്തതിനാൽ, വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പുഴക്കാട്ടിരി ഐ.ടി.ഐ.-യ്ക്ക് മങ്കട വില്ലേജിലെ കർക്കിടകത്തുള്ള ഭൂമി റവന്യൂ വകുപ്പ് അനുവദിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടിക്രമം പൂർത്തിയാക്കി, കെട്ടിടം പണി ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഇല്ല. വ്യാവസായിക പരിശീലന വകുപ്പിന് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഐ.ടി.ഐ.-യ്ക്കായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**ഭിന്നശേഷിയുള്ളവർക്ക് ജോലി നൽകാൻ പദ്ധതി**

287(2756) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇരുപത്തിയഞ്ചു വർഷത്തിലധികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതും എസ്.എസ്.എൽ.സി. പാസ്സായതുമായ ഭിന്നശേഷിയുള്ള എത്ര പേർ ജോലി ലഭിക്കാതെയുണ്ടെന്നുള്ള കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) സാങ്കേതിക കാരണങ്ങളാൽ ജോലി നൽകാൻ കഴിയാതിരുന്ന ഇത്തരത്തിൽപ്പെട്ടവർക്ക് സർക്കാർ ജോലി ലഭിക്കുന്നതിനായി ഒരു പ്രത്യേക പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**ആർ.എസ്.ബി.വൈ. പദ്ധതി**

288 (2757) <u>ശ്രീ. ആർ . സെൽവരാജ്</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :
<u>ശ്രീ. ബെന്നി ബെഹനാൻ</u> :
<u>ശ്രീ. പി. എ. മാധവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.എസ്.ബി.വൈ. പദ്ധതിയിൻകീഴിൽ ധനസഹായം നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ആർ.എസ്.ബി.വൈ. (രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന) പദ്ധതിയുടെ കേന്ദ്ര സർക്കാർ മാനദണ്ഡ പ്രകാരം പ്രധാനമായും ആരോഗ്യ കാർഡ് കൈവശമുള്ള അഞ്ചു പേരടങ്ങുന്ന കുടുംബങ്ങൾക്ക്, ആർ.എസ്.ബി.വൈ. പദ്ധതിയുമായി സഹകരിച്ച് വരുന്ന ആശുപത്രികളിൽ നിന്നും (ചികിത്സയ്ക്കും ചികിത്സ കഴിഞ്ഞ് ഡിസ്ചാർജ് ആകുന്ന സമയത്ത് യാത്ര ചെലവിനായി നൂറു രൂപയും ഉൾപ്പെടെ) ഒരു കുടുംബത്തിന് പ്രതിവർഷം മുപ്പതിനായിരം രൂപയുടെ ചികിത്സാ ആനുകൂല്യം നൽകി വരുന്നു. ആർ.എസ്.ബി.വൈ. പദ്ധതി പ്രകാരം സാധുതയുള്ള ആരോഗ്യ കാർഡ് ലഭിച്ചിട്ടുള്ള കുടുംബങ്ങളിലെ കുടുംബനാഥനോ, കുടുംബനാഥയ്ക്കോ അപകടമരണം സംഭവിക്കുകയാണെങ്കിൽ അനന്തരാവകാശികൾക്ക് രണ്ടുലക്ഷം രൂപയുടെ മരണാനന്തര ധനസഹായവും നൽകി വരുന്നു.

(സി) ഭരണതലത്തിൽ രൂപവത്കരിച്ചിട്ടുള്ള ഉന്നതാധികാര സമിതിയുടെ നിയന്ത്രണത്തിലും കോംപ്രിഹെൻസീവ് ഹെൽത്ത് ഇൻഷ്വറൻസ് ഏജൻസി കേരളയുടെ മേൽനോട്ടത്തിലും ടി പദ്ധതി സുഗമമായും കാര്യക്ഷമമായും നടപ്പിലാക്കി വരുന്നു.

**ഒ.ബി.സി. ലിസ്റ്റിലുള്ളവർക്ക് ജാതി സർട്ടിഫിക്കറ്റ്**

289(2758) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ഒ.ബി.സി. ലിസ്റ്റിലുള്ള Vannia Gouder വിഭാഗത്തിലുള്ളവർക്ക് സംസ്ഥാന സർക്കാരിൽ നിന്നും ജാതി സർട്ടിഫിക്കറ്റ് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം സംസ്ഥാനത്ത് താമസിക്കുന്ന Vannia Gouder വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷകളിൽ റിസർവേഷൻ ലഭിക്കാത്തതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) Vannia Gouder വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) Vannia Gouder വിഭാഗം സംസ്ഥാനത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാനത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടാത്തതിനാൽ ഒ.ബി.സി. ജാതി സർട്ടിഫിക്കറ്റ് അനുവദിക്കാനാവില്ല. സംസ്ഥാനത്തിന് പുറത്തു നിന്നുള്ളവർ ഇവിടെ, താൽക്കാലിക താമസമാണെങ്കിൽ (Migrants) സ്വന്തം സംസ്ഥാനത്തു നിന്നുള്ള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഈ സംസ്ഥാനത്തെ റവന്യൂ ഉദ്യോഗസ്ഥരിൽ നിന്നും സർട്ടിഫിക്കറ്റ് സമ്പാദിക്കാവുന്നതാണ്. അവർക്ക് ഈ സംസ്ഥാനത്തുള്ളവർക്കുള്ള പ്രത്യേക സംവരണാവകാശങ്ങൾ ലഭിക്കുന്നതല്ല.

**പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായുള്ള പദ്ധതികൾ**

290(2759) <u>ശ്രീ. സി. കെ. സദാശിവൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായി നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**മാവേലിക്കരയിൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ**

291(2760) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി ക്ഷേമവകുപ്പിന്റെ കീഴിൽ നാല് പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ മാത്രമാണ് പ്രവർത്തിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മാവേലിക്കരയിൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ നിലവിൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിക്കുന്ന തിരുവനന്തപുരം, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളേയും പട്ടികജാതി ജനവിഭാഗം കുറവായ വയനാട് ജില്ലയേയും ഒഴിവാക്കി ആലപ്പുഴ ഉൾപ്പെടെയുള്ള മറ്റ് ഒൻപത് ജില്ലകളിൽ പുതിയ മത്സര പരീക്ഷാ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

**ഭവനനിർമ്മാണ പദ്ധതിക്കായി ചെലവഴിച്ച തുക**

292(2761) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭവന നിർമ്മാണത്തിന് ഭൂമി വാങ്ങുന്നതിനു വേണ്ടി ധനസഹായം നൽകുന്ന പദ്ധതിക്കായി 2015-16 ബഡ്ജറ്റിൽ എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നതെന്നും അതിൽ നിന്നും ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭവനനിർമ്മാണത്തിന് ഭൂമി വാങ്ങുന്നതിനുവേണ്ടി ധനസഹായം നൽകുന്ന പദ്ധതിക്കായി 2015-16 ബഡ്ജറ്റിൽ സംസ്ഥാന വിഹിതമായി 129.93 കോടി രൂപയും ഒറ്റത്തവണ അധിക കേന്ദ്ര സഹായമായ 20.07 കോടി രൂപയും ചേർത്ത് ആകെ 150 കോടി രൂപ ഇതിന് വകയിരുത്തിയിട്ടുണ്ട്. ഇതിൽ 2015 നവംബർ 30 വരെ 134.69 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) 2015 നവംബർ 30 വരെ ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക്.

| ക്രമ നമ്പർ | ജില്ല | തുക (രൂപ കോടിയിൽ) |
|---|---|---|
| 1 | തിരുവനന്തപുരം | 19.52 |
| 2 | കൊല്ലം | 15.25 |
| 3 | പത്തനംതിട്ട | 5.72 |
| 4 | ആലപ്പുഴ | 5.92 |
| 5 | കോട്ടയം | 6.83 |
| 6 | ഇടുക്കി | 6.93 |
| 7 | എറണാകുളം | 18.98 |
| 8 | തൃശ്ശൂർ | 16.42 |
| 9 | പാലക്കാട് | 10.65 |
| 10 | മലപ്പുറം | 7.93 |
| 11 | കോഴിക്കോട് | 10.72 |
| 12 | വയനാട് | 2.88 |
| 13 | കണ്ണൂർ | 3.36 |
| 14 | കാസർഗോഡ് | 3.58 |
| | ആകെ | 134.69 |

### ഭരത ക്രിസ്ത്യൻ വിഭാഗത്തിനു സംവരണം

293(T2762) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരത ക്രിസ്ത്യൻ വിഭാഗത്തെ സംവരണ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഭാഗത്തെ സംവരണ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ; ഇല്ലെങ്കിൽ സംവരണ വിഭാഗത്തിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത വിഭാഗങ്ങൾക്ക് പി.എസ്.സി. നിയമനത്തിന് അർഹമായ സംവരണം നൽകാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഹിന്ദു ഭരതർ പട്ടികജാതിയിൽ ഉൾപ്പെടുന്നു. ഭരതർ ക്രിസ്ത്യൻ വിഭാഗം, ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്നു. അവർക്ക് നിലവിൽ സംവരണം ലഭിക്കുന്നതുമാണ്. "പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം" നടത്തിയവർ എന്ന നിലയിലാണ് OBC സംവരണ വിഭാഗ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) നിലവിൽ സംവരണം ലഭ്യമാണ്.

### സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

294(2763) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഇതുവരെ എത്ര കോളനികൾ ഉൾപ്പെടുത്തിയിട്ടുണ്ട്;

(ബി) ഉടുമ്പൻചോല നിയോജക മണ്ഡലത്തിലെ കൂടുതൽ പട്ടികജാതി കോളനികളിൽ കൂടി പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) 2012-13 സാമ്പത്തിക വർഷം 113 കോളനികളും 2013-14 വർഷം 102 കോളനികളും ഉൾപ്പെടെ ആകെ 215 കോളനികൾ പദ്ധതിയിൻകീഴിൽ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ 2013-14-ൽ പാമ്പാടുംപാറ-ആദിയാർപുരം കോളനി, ശാന്തൻപാറ-സെന്റർ തൊട്ടിക്കാനം എന്നീ രണ്ടു കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിൽ തെരഞ്ഞെടുത്ത കോളനികളിലെ പ്രവർത്തനങ്ങളുടെ പുരോഗതിക്കനുസരിച്ച് മാത്രമേ പുതിയ കോളനികളെ തെരഞ്ഞെടുക്കുന്ന വിഷയം പരിഗണിക്കുകയുള്ളൂ.

**സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

295(2764) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസനവുമായി ബന്ധപ്പെട്ട സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ 2012-13, 2013-14 വർഷങ്ങളിൽ തെരഞ്ഞെടുത്ത കോളനികളിലെ പ്രവൃത്തികൾ ജില്ലാ തലത്തിൽ അവലോകനം ചെയ്യുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) 2012-13, 2013-14 വർഷങ്ങളിൽ പ്രസ്തുത പദ്ധതിയിൽ കൊണ്ടോട്ടി മണ്ഡലത്തിൽനിന്ന് ഏതെല്ലാം കോളനികളെയാണ് തെരഞ്ഞെടുത്തത് എന്നും ഇതിന്റെ പ്രവൃത്തിക്ക് നേതൃത്വം നൽകുന്നത് ആരാണ് എന്നും എത്ര ജോലികൾ ഇവിടെ നടന്നിട്ടുണ്ട് എന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കോളനികളിലെ പ്രവൃത്തികൾ ജില്ലാതലത്തിൽ അവലോകനം ചെയ്യുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ബന്ധപ്പെട്ട ഏജൻസികളുടെയും പട്ടികജാതി വികസന ഓഫീസർമാരുടെയും യോഗം ജില്ലാതലത്തിൽ വിളിച്ചുചേർത്ത് വിലയിരുത്താറുണ്ട്. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ/പട്ടികവർഗ്ഗ വികസന ഓഫീസർമാർ, ബന്ധപ്പെട്ട ഏജൻസികൾ എന്നിവരുടെ യോഗം വിളിച്ചുചേർത്ത് പദ്ധതി അവലോകനം ചെയ്യാറുണ്ട്.

(സി) 2012-13-ൽ മുച്ചിക്കുണ്ട് കോളനിയിൽ നടപ്പിലാക്കുന്ന പദ്ധതികൾ

ഏജൻസി - ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്.

- കുളം നവീകരണം/കുളം വൃത്തിയാക്കൽ, ചുറ്റുമതിൽ/കുടിവെള്ള വിതരണം.
- പമ്പ് ഹൗസ് 95% പണികൾ പൂർത്തിയായി കുടിവെള്ള വിതരണം, വാട്ടർ ടാങ്ക് നവീകരണം എന്നിവ 80% പൂർത്തിയായി.
- കോൺക്രീറ്റ് റോഡ് (3 മീറ്റർ), കോൺക്രീറ്റ് റോഡ് (100 മീറ്റർ) പണി ആരംഭിച്ചിട്ടില്ല.

2013-14-ൽ കല്ലറക്കുന്ന് കോളനിയിൽ നടപ്പിലാക്കുന്ന പദ്ധതികൾ

ഏജൻസി - സിഡ്കോ കോഴിക്കോട്

കോട്ടാടി-കല്ലറക്കുന്ന്-പുതുപ്പാടം റോഡ്&കല്ലറക്കുന്ന് പള്ളിക്കര-ചൂരക്കാവിൽ റോഡ്, കല്ലറക്കുന്ന്-കോടംപാട്ടിൽ, കല്ലറക്കുന്ന്-ചെറിയങ്ങര, കല്ലറക്കുന്ന്-ദേവസ്വംപറമ്പിൽ റോഡ്, കല്ലറക്കുന്ന്-പാണത്തൊടി പുരായി റോഡ് എന്നീ റോഡുകളുടെ വികസനം, ശ്മശാനം ചുറ്റുമതിൽ നിർമ്മാണം, നടപ്പാത വികസനം, പുതിയ കുഴൽക്കിണർ, കിണർ, നടപ്പാത, ടാങ്ക്, പൈപ്പ് ലൈൻ, പമ്പ് ഹൗസ്, പമ്പ് സെറ്റ്, പഞ്ചായത്ത് കിണർ നവീകരണം എന്നിവയാണ് ഏറ്റെടുത്ത പ്രവൃത്തികൾ.

**പട്ടികജാതി/പിന്നോക്ക സമുദായ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഗ്രാന്റുകൾ**

296(2765) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിലും, മറ്റുപിന്നോക്ക സമുദായ വിഭാഗങ്ങളിലും ഉൾപെട്ട വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട വിദ്യാഭ്യാസ ഗ്രാന്റുകൾ, ഹയർ എജ്യൂക്കേഷൻ സ്കോളർഷിപ്പുകൾ തുടങ്ങിയവ വിതരണം ചെയ്യുന്നതിൽ ഏറെ കാലതാമസം നേരിടുന്നുണ്ടോ ;

(ബി) പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ഗ്രാന്റുകൾ അതാത് അദ്ധ്യയനവർഷങ്ങളിൽ തന്നെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം കൃത്യമായി വിതരണം ചെയ്യുന്നുണ്ട്. Bank Account Number, IFSC എന്നിവ തെറ്റായി രേഖപ്പെടുത്തുന്നതുമൂലം തുക ക്രെഡിറ്റാവാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സമയബന്ധിതമായി പരിഹരിച്ച് തുക ക്രെഡിറ്റ് ചെയ്തു വരുന്നുണ്ട്. പിന്നോക്ക സമുദായ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് ഫണ്ടിന്റെ അപര്യാപ്തതമൂലം കാലതാമസം നേരിടുന്നുണ്ട്. ഈ വിദ്യാർത്ഥികൾക്ക് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കുടിശ്ശിക തീർക്കുന്നതാണ്.

(ബി) വിദ്യാഭ്യാസ ഗ്രാന്റുകൾ അതാത് അദ്ധ്യയന വർഷങ്ങളിൽത്തന്നെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**കുംഭാര സമുദായത്തിന് പട്ടികജാതി ആനുകൂല്യം**

297(2766) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കുംഭാര സമുദായത്തിന് പട്ടികജാതി ആനുകൂല്യം നഷ്ടമായത് എന്നുമുതലാണ് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സമുദായക്കാരുടെ പട്ടികജാതി ആനുകൂല്യം പുനഃസ്ഥാപിച്ചു കിട്ടുന്നത് സംബന്ധിച്ച് ആരെങ്കിലും അപേക്ഷ നൽകിയിട്ടുണ്ടോ എന്നും എങ്കിൽ ആയതിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) കുംഭാര സമുദായക്കാരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും നിയമതടസമുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) പട്ടികജാതി ആനുകൂല്യം പുനഃസ്ഥാപിച്ചു നൽകുവാൻ ബന്ധപ്പെട്ട സമുദായ നേതാക്കളെയും ജനപ്രതിനിധികളെയും ഉൾപ്പെടുത്തി ഒരു യോഗം വിളിച്ചു ചേർക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തിന്റെ പട്ടികജാതി പട്ടികയിൽ "കുംഭാര" സമുദായത്തെ ഉൾപ്പെടുത്തിയിട്ടില്ല. നിലവിൽ മറ്റ് പിന്നോക്ക സമുദായ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പ്രസ്തുത സമുദായത്തെ സംസ്ഥാന പട്ടികജാതി പട്ടികയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് നിരവധി ഹർജികളും/നിവേദനങ്ങളും ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ കിർത്താഡ്സിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ആവശ്യം നിരസിക്കുകയുണ്ടായി.

(സി&ഡി) തൊട്ടുകൂടായ്മയുടെ പരിണിതഫലമായി ഒരു സമുദായം അനുഭവിച്ചുവരുന്ന സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥയുടെ അടിസ്ഥാനത്തിലാണ് ഒരു പ്രത്യേക സമുദായത്തെ പട്ടികജാതിയിൽ ഉൾപ്പെടുത്തി ഭരണഘടനയുടെ 341-ാം വകുപ്പ് വിഭാവനം ചെയ്യുന്ന പരിരക്ഷ നൽകുന്നത്. കിർത്താഡ്സ് നടത്തിയ പഠനത്തിൽ കുംഭാര സമുദായക്കാർ അയിത്താചരണത്തിന്റെ ഭാഗമായിട്ടുള്ള തീവ്രമായ തൊട്ടുകൂടായ്മയ്ക്ക് വിധേയരായിട്ടുള്ളവരല്ലെന്നും നിലവിലുള്ള പട്ടികജാതി വിഭാഗക്കാർ അനുഭവിച്ച് വന്നിരുന്ന സാമൂഹിക, വിദ്യാഭ്യാസ, സാമ്പത്തിക പിന്നോക്കാവസ്ഥ നേരിട്ടവരുമല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ, നിലവിൽ മറ്റ് പിന്നോക്ക വിഭാഗക്കാരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഈ സമുദായത്തെ പട്ടികജാതി പട്ടികയിൽ ഉൾപ്പെടുത്തുവാൻ നിർവ്വാഹമില്ല.

**പട്ടികജാതിക്കാർക്കുള്ള ചികിത്സാ ധനസഹായം**

298(2767) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർക്ക് അനുവദിക്കുന്ന ചികിത്സാ ധനസഹായതുക ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തുക എത്രയും വേഗം രോഗികൾക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികൾ;

(ബി) ചേർത്തല താലൂക്കിൽ പട്ടികജാതിക്കാരായ അപേക്ഷകർക്ക് അനുവദിച്ച ചികിത്സാ സഹായം ഇനിയും എത്ര പേർക്ക് വിതരണം ചെയ്യാനുണ്ടെന്നും പ്രസ്തുത തുക അപേക്ഷകർക്ക് എന്ന് ലഭ്യമാക്കുമെന്നും വ്യക്തമാക്കുമോ;

(സി) അനുവദിച്ച ചികിത്സാ സഹായം ലഭിക്കുന്നതിന് പട്ടികജാതിക്കാരായ അപേക്ഷകർക്ക് ഒട്ടേറെ നടപടിക്രമങ്ങൾ പാലിക്കേണ്ടിവരുന്നതുമൂലമുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഒഴിവാക്കുന്നതിനും നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചേർത്തല താലൂക്കിൽ പട്ടികജാതിക്കാരായ അപേക്ഷകർക്ക് അനുവദിച്ച ചികിത്സാ ധനസഹായ തുക ഇനി 35 പേർക്ക് കൂടി വിതരണം ചെയ്യാനുണ്ട്. ആയത് 15-12-2015-ന് മുമ്പായി വിതരണം ചെയ്യുന്നതാണ്.

(സി) ചികിത്സാ ധനസഹായം അനുവദിക്കുന്നതിന്, അനിവാര്യമായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ധനസഹായം വിതരണം ചെയ്തുവരുന്നു. ആവശ്യമായ മുഴുവൻ രേഖകളും സഹിതം അപേക്ഷ സമർപ്പിക്കുന്നവർക്ക് നടപടിക്രമങ്ങൾ കാരണം ബുദ്ധിമുട്ട് നേരിടേണ്ടി വരുന്നില്ല. കൂടാതെ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ മുഖാന്തരം വിതരണം ചെയ്തിരുന്ന ധനസഹായ തുക വിതരണം വേഗത്തിലാക്കുന്നതിനായി പട്ടികജാതി ഓഫീസർമാർക്ക് TSB അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ടി അക്കൗണ്ടിൽ നിന്നും ധനസഹായ വിതരണം നടത്തുന്നതിലൂടെ കാലതാമസം ഒഴിവാക്കാൻ കഴിയുന്നുണ്ട്.

**നായാടി സമുദായത്തിൽപ്പെട്ടവർക്ക് ജാതി സർട്ടിഫിക്കറ്റ്**

299(2768) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്കിൽ മൈലം പഞ്ചായത്തിലെ നായാടി സമുദായത്തിൽപ്പെട്ടവർക്ക് ഇപ്പോൾ ജാതി സർട്ടിഫിക്കറ്റ് നൽകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സമുദായക്കാരെ ഇപ്പോൾ ഏതു ജാതി വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) ജാതിസർട്ടിഫിക്കറ്റ് ലഭിക്കാത്തതുമൂലം പ്രസ്തുത ജനവിഭാഗം നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിലെ മൈലം പ്രദേശത്തെ "നായാടി" അവകാശവാദം ഉന്നയിക്കുന്നവർ യഥാർത്ഥത്തിൽ "കൊടാങ്കി നായ്ക്കൻ" സമുദായത്തിൽ ഉൾപ്പെട്ടവരാണെന്ന കിർത്താഡ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 11-11-2013-ലെ G.O.(Rt) No. 1579/13/SCSTDD പ്രകാരം ടിയാളുകളുടെ പട്ടികജാതി പദവിയും മറ്റാനുകൂല്യങ്ങളും നിരസിച്ചിട്ടുണ്ട്.

(സി) ഉണ്ട്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ "കൊടാങ്കി നായ്ക്കൻ" സമുദായത്തെ മറ്റ് പിന്നോക്ക സമുദായ (OBC) പട്ടികയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു.

**ശ്രീമതി അജിതയുടെ അപേക്ഷ**

300(2769) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീമതി അജിത, വല്യോത്തുകോണം, താന്നിമൂട്, നെടുങ്കണ്ടം എന്നയാൾ ഭർത്താവ് ഷോക്കേറ്റ് മരണപ്പെട്ടതിനാൽ ധനസഹായം അഭ്യർത്ഥിച്ച് അപേക്ഷ നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത അപേക്ഷയിൻമേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(സി) അപേക്ഷകയ്ക്ക് അർഹതപ്പെട്ട ധനസഹായം അടിയന്തരമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നൽകിയിട്ടുണ്ട്.

(ബി&സി) ഇടുക്കി ജില്ലാ പട്ടികജാതി വികസന ഓഫീസിൽ ലഭ്യമായിട്ടുള്ള അപേക്ഷയിന്മേൽ നെടുങ്കണ്ടം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ അന്വേഷണം നടത്തി തയ്യാറാക്കിയ റിപ്പോർട്ടിന്മേൽ ശ്രീമതി അജിതയ്ക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നിർദ്ദേശം ഡയറക്ടർ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നിലവിലുള്ള നിയമപ്രകാരം അർഹമായ ധനസഹായം അനുവദിക്കുന്നതാണ്.

**സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ മൈക്രോ ക്രെഡിറ്റ് വായ്പ**

301(2770) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ഏതെല്ലാം എൻ.ജി.ഒ.-കൾക്കാണ് മൈക്രോ ക്രെഡിറ്റ് വായ്പ അനുവദിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത കോർപ്പറേഷൻ ഓരോ സംഘടനയ്ക്കും നൽകിയ വായ്പ തുക, തീയതി, തിരിച്ചടവ് കാലാവധി, പലിശ എന്നിവ വ്യക്തമാക്കുമോ;

(സി) ഓരോ സംഘടനയ്ക്കും വായ്പ അനുവദിക്കുന്നതിന് യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) വായ്പ അടക്കുന്നതിനുള്ള വ്യവസ്ഥയും, തിരിച്ചടവ് വ്യവസ്ഥയും വിശദമാക്കുമോ;

(ഇ) ഏതെല്ലാം സംഘടനകളുടെ തിരിച്ചടവ് കാലാവധിയാണ് കഴിഞ്ഞത്; ഓരോ സംഘടനയ്ക്കും എത്ര തുകയാണ് തിരിച്ചടവ് കുടിശ്ശികയുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(എഫ്) വായ്പ കുടിശ്ശിക വരുത്തിയവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത്; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ&ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. എൻ.ജി.ഒ.-കൾ താഴെകൊടുത്തിരിക്കുന്ന ഏതെങ്കിലും നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടവയായിരിക്കണം.
    - (a) സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് 1860
    - (b) കമ്പനീസ് ആക്ട് 1958
    - (c) കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട്, 1969
    - (d) പബ്ലിക് ചാരിറ്റബിൾ ട്രസ്റ്റ് ആക്ട്, 1882
    - (e) ട്രാവൻകൂർ-കൊച്ചിൻ ലിറ്ററി, സയന്റിഫിക് ആക്ട് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട്, 1955.
2. സംഘടനയുടെ രജിസ്ട്രേഷൻ നിലവിൽ സാധുതയുള്ളതും കുറഞ്ഞത് 5 കൊല്ലം കഴിഞ്ഞിരിക്കുന്നതുമായിരിക്കണം.
3. എൻ.ജി.ഒ.-യ്ക്ക് 3 വർഷത്തിൽ കുറയാതെ മൈക്രോ ക്രെഡിറ്റ് പദ്ധതി നിർവ്വഹണത്തിൽ മുൻപരിചയമുണ്ടായിരിക്കണം. എൻ.ജി.ഒ.-കളുടെ കീഴിലുള്ള സ്വയം സഹായ സംഘങ്ങൾ ചുരുങ്ങിയത് 6 മാസമെങ്കിലും പ്രവർത്തനപഥത്തിലുള്ളതായിരിക്കണം.
4. എൻ.ജി.ഒ.-കളുടെ കീഴിൽ ധനകാര്യ മാനേജ്മെന്റ്, മനുഷ്യ വിഭവശേഷി വികസനം എന്നീ മേഖലകളിൽ പ്രൊഫഷണൽ യോഗ്യതയുള്ള ജീവനക്കാർ ഉണ്ടായിരിക്കണം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

5. പദ്ധതി നിർവ്വഹണത്തിനാവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടായിരിക്കണം.

6. എൻ.ജി.ഒ.-കളുടെ കണക്കുകൾ സൂക്ഷിക്കുന്നതിന് സുതാര്യമായ അക്കൗണ്ടിംഗ് സംവിധാനമുണ്ടായിരിക്കണം.

7. എൻ.ജി.ഒ.-യുടെ ഭാരവാഹികൾ രാഷ്ട്രീയ പാർട്ടികളുടെ ഭാരവാഹികളോ സർക്കാർ ഉദ്യോഗസ്ഥരോ ആകാൻ പാടില്ല.

8. എൻ.ജി.ഒ. നിലവിൽ നടപ്പിലാക്കുന്ന മൈക്രോ ക്രെഡിറ്റ് പദ്ധതികളിൽ ചുരുങ്ങിയത് 80% എങ്കിലും തിരിച്ചടവുണ്ടായിരിക്കണം

(ഡി) വായ്പ കോർപ്പറേഷൻ ജില്ലാ ഓഫീസുകളിൽ പണമായോ ഡിമാന്റ് ഡ്രാഫ്റ്റായോ നിശ്ചിത മാസതവണകളിലായി അടയ്ക്കാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. നിലവിൽ വായ്പാ തിരിച്ചടവ് കാലാവധി 36 മാസമാണ്. വായ്പാ തിരിച്ചടവിൽ കുടിശ്ശിക വരുത്തിയാൽ 6% പിഴപ്പലിശ ചുമത്തുന്നും ദുർവിനിയോഗം ചെയ്താൽ 12% അധിക പലിശയോടുകൂടി തിരിച്ചുപിടിക്കാനുമാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(ഇ) നിലവിൽ ഒരു എൻ.ജി.ഒ.-യ്ക്കും തിരിച്ചടവ് കുടിശ്ശികയില്ല.

(എഫ്) ബാധകമല്ല.

**ചേർമല കോളനിയിൽ നടപ്പിലാക്കിയ പദ്ധതികൾ**

302(2771) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പേരാമ്പ്രയിലെ ചേർമല കോളനിയിൽ പട്ടികജാതി ക്ഷേമ വകുപ്പ് ഏതെല്ലാം പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയിനത്തിൽ എത്ര തുക അനുവദിച്ചുവെന്നും ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നതിന്റെയും വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) സബ്കളക്ടറുടെയും തഹസീൽദാരുടെയും നേതൃത്വത്തിൽ നടന്ന രണ്ട് വ്യത്യസ്ത ചർച്ചകളിൽ നിന്ന് ഒരു കരട് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. കോളനിയിലെ 30 കുടുംബങ്ങളിലെ കൈവശരേഖയുള്ളവരിൽ (14 പേർ) അർഹരായ കുടുംബങ്ങൾക്ക് വീട്, വീട് അറ്റകുറ്റപ്പണി, ടോയ്‌ലെറ്റ് എന്നിവ പട്ടികജാതി വികസന വകുപ്പ് നൽകുന്നതിനാണ് കരട് പദ്ധതി വിഭാവന ചെയ്യുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

## മലപ്പുറം ജില്ലയിലെ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

303(2772) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി എത്ര പട്ടികജാതി കോളനികളിൽ നടപ്പിലാക്കുന്നുണ്ടെന്ന് പേരു സഹിതം വ്യക്തമാക്കുമോ;

(ബി) താനൂർ നിയോജക മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയ കോളനികളിൽ എന്തൊക്കെ പ്രവൃത്തികളാണ് രൂപകല്പന ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത കോളനികളിലെ പ്രവൃത്തി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ് എന്നും എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും വിശദമാക്കുമോ?

ഉത്തരം

(എ) 2012-13-ൽ 12 കോളനികളിലും 2013-14-ൽ 9 കോളനികളിലും സ്വയം പര്യാപ്ത ഗ്രാമം പദ്ധതി നടപ്പിലാക്കുന്നു.

2012-13 :

1. ഷാരത്ത്കുന്ന് കോളനി
2. മുച്ചിക്കുണ്ട് കോളനി
3. ചോലയിൽ കോളനി
4. പാണമ്പി കുറെക്കാട്ട്കുന്ന് കോളനി
5. ഞാറയ്ക്കാട് കോളനി
6. വലിയപറമ്പ് കോളനി
7. ഒട്ടുപുറം കോളനി
8. ഉദിനിക്കര കോളനി
9. കടവനാട് സൗത്ത് കോളനി
10. ജവഹർ കോളനി
11. കോലത്രക്കുന്ന് കോളനി
12. ചോലക്കണ്ടി കോളനി

2013-14 :

1. അംബേദ്കർ കോളനി
2. കല്ലറക്കുന്ന് കോളനി
3. പൂക്കട്ടൂർ അംബേദ്കർ കോളനി
4. ചെമ്പ്രംപള്ളിയാലിൽ കോളനി (ആലിപ്പറമ്പ് )
5. നിറമരുതൂർ ഐ.എച്ച്.ആർ.ഡി.പി. കോളനി (ആക്കിത്തടം)
6. കൊണ്ടേമ്പാട് കോളനി
7. മുനമ്പം കോളനി
8. മുട്ടുംപുറം കോളനി

(ബി) താനൂർ നിയോജകമണ്ഡലത്തിൽ 2012-13 വർഷം ഒട്ടുപുറം കോളനിയെയും 2013-14 വർഷം നിറമരുതൂർ ഐ.എച്ച്.ആർ.ഡി.പി. കോളനിയെയും തെരഞ്ഞെടുത്തിട്ടുണ്ട്. പ്രവൃത്തികൾ സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്, ആലുവ

സിഡ്കോ - കോഴിക്കോട്.

(ഡി) വികസന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. 2016 മാർച്ച് മാസം പൂർത്തിയാക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ചടയമംഗലം മണ്ഡലത്തിൽ വിതരണം ചെയ്ത വ്യക്തിഗത ആനുകൂല്യം**

304(2773) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചടയമംഗലം മണ്ഡലത്തിൽ പട്ടികജാതി സമുദായക്ഷേമ വകുപ്പിൽ നിന്നും വ്യക്തിഗത ആനുകൂല്യമായി എത്ര തുക വിതരണം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഗുണഭോക്താക്കളുടെ വിലാസവും ലഭിച്ച തുകയും അറിയിക്കുമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചടയമംഗലം മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിൽ നിന്നും വിവിധ പദ്ധതികളിലായി വ്യക്തിഗത ആനുകൂല്യമായി നൽകിയ തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു. ഗുണഭോക്താക്കളുടെ വിലാസവും ലഭിച്ച തുകയും ശേഖരിച്ചു നൽകുന്നതാണ്.

1. <u>വിവാഹധനസഹായം :</u>

| | | |
|---|---|---|
| 2011-12 | - | 12,50,000 |
| 2012-13 | - | 16,20,000 |
| 2013-14 | - | 63,00,000 |
| 2014-15 | - | 45,00,000 |
| 2015-16 | - | 39,50,000 |
| (7-12-2015 വരെ) | | |

2. <u>മിശ്ര വിവാഹധനസഹായം :</u>

| | | |
|---|---|---|
| 2011-12 | - | 3,00,000 |
| 2012-13 | - | 16,00,000 |
| 2013-14 | - | 5,20,000 |
| 2014-15 | - | 2,50,000 |
| 2015-16 | - | 1,00,000 |
| (7-12-2015 വരെ) | | |

3. <u>അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് :</u>

| | | |
|---|---|---|
| 2011-12 | - | 9,000 |
| 2012-13 | - | 18,000 |
| 2013-14 | - | 18,000 |
| 2014-15 | - | 45,000 |
| 2015-16 | - | 36,000 |
| (7-12-2015 വരെ) | | |

4. ഭൂരഹിത പുനരധിവാസ പദ്ധതി :

| | | |
|---|---|---|
| 2011-12 | - | 46,50,000 |
| 2012-13 | - | 85,35,000 |
| 2013-14 | - | 73,50,000 |
| 2014-15 | - | 1,03,61,000 |
| 2015-16 | - | 93,75,000 |

5. ടോയ്‌ലെറ്റ് നിർമ്മാണം :

| | | |
|---|---|---|
| 2011-12 | - | വിതരണം ചെയ്തിട്ടില്ല. |
| 2012-13 | - | വിതരണം ചെയ്തിട്ടില്ല. |
| 2013-14 | - | 73,50,000 |
| 2014-15 | - | 43,25,000 |
| 2015-16 | - | വിതരണം ചെയ്തിട്ടില്ല. |

6. സ്വയം തൊഴിൽ വായ്പ പദ്ധതി :

| | | |
|---|---|---|
| 2011-12 | - | 49,000 |
| 2012-13 | - | 66,666 |
| 2013-14 | - | വിതരണം ചെയ്തിട്ടില്ല. |
| 2014-15 | - | 33,333 |
| 2015-16 | - | വിതരണം ചെയ്തിട്ടില്ല. |

7. ദുർബല വിഭാഗങ്ങളുടെ പുനരധിവാസം :

| | | |
|---|---|---|
| 2011-12 | - | 8,95,000 |
| 2012-13 | - | 1,20,000 |
| 2013-14 | - | 27,37,500 |
| 2014-15 | - | 34,77,500 |
| 2015-16 | - | 10,35,000 |

(7-12-2015 വരെ)

8. <u>ഭവന നിർമ്മാണ ധനസഹായം :</u>

| | | |
|---|---|---|
| 2011-12 | - | 34,00,000 |
| 2012-13 | - | 38,00,000 |
| 2013-14 | - | 1,10,00,000 |
| 2014-15 | - | 1,14,00,000 |
| 2015-16 | - | 1,26,00,000 |
| (7-12-2015 വരെ) | | |

9. <u>ഭവന പുനരുദ്ധാരണം :</u>

| | | |
|---|---|---|
| 2011-12 | - | വിതരണം ചെയ്തിട്ടില്ല. |
| 2012-13 | - | വിതരണം ചെയ്തിട്ടില്ല |
| 2013-14 | - | 10,00,000 |
| 2014-15 | - | 30,50,000 |
| 2015-16 | - | 24,00,000 |
| (7-12-2015 വരെ) | | |

10. <u>ചികിത്സാ ധനസഹായം :</u>

| | | |
|---|---|---|
| 2011-12 | - | വിതരണം ചെയ്തിട്ടില്ല. |
| 2012-13 | - | വിതരണം ചെയ്തിട്ടില്ല. |
| 2013-14 | - | വിതരണം ചെയ്തിട്ടില്ല. |
| 2014-15 | - | 10,10,000 |
| 2015-16 | - | 7,81,000 |

## മറ്റൂർ, പുളിയനം കോളനികളിലെ വികസന പ്രവർത്തനങ്ങൾ

305(2774) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ മറ്റൂർ, പുളിയനം ഹരിജൻ കോളനികളിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി നിർദ്ദേശിച്ചിട്ടുള്ള വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ മറ്റൂർ കോളനിയിൽ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ടി നിയോജക മണ്ഡലത്തിലെ പുളിയനം ഐ.എച്ച്.ഡി.പി. കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ പണിയുന്നതിനായി കണ്ടെത്തിയ സ്ഥലം ഖാദി ബോർഡിന്റേതായതിനാൽ പ്രവൃത്തികൾ ആരംഭിക്കുന്നതിന് ടി സ്ഥലം വിട്ടുകിട്ടേണ്ടതുണ്ട്. ആയതിന് ഗ്രാമപഞ്ചായത്ത് തലത്തിലും വകുപ്പ് തലത്തിലും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ടി നിയോജക മണ്ഡലത്തിലെ രണ്ട് കോളനികളിലെയും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസികൾക്കും ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## പൗൾട്രി വികസന കോർപ്പറേഷൻ - സ്വയം തൊഴിൽ സംരംഭം

306(2775) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർക്ക് സ്വയംതൊഴിൽ സംരംഭത്തിന് പൗൾട്രി വികസന കോർപ്പറേഷനും വകുപ്പും തമ്മിൽ ആദ്യം കരാർ ഒപ്പിട്ടത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) കോർപ്പറേഷന് ഇതുവരെ എത്ര രൂപ കൈമാറി;

(സി) കരാർ ഇതുവരെ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ പ്രയോജനം എത്ര പേർക്ക് ലഭിച്ചു; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) പട്ടികജാതിക്കാർക്ക് സ്വയംതൊഴിൽ സംരംഭത്തിന് പൗൾട്രി വികസന കോർപ്പറേഷനും വകുപ്പും തമ്മിൽ ആദ്യം കരാർ ഒപ്പിട്ടത് 21-11-2011-ലാണ്.

(ബി) പൗൾട്രി വികസന കോർപ്പറേഷന് ഇതുവരെ 3,27,41,000 (മൂന്ന് കോടി ഇരുപത്തി ഏഴ് ലക്ഷത്തി നാൽപ്പത്തി ഒന്നായിരം രൂപ മാത്രം) രൂപ കൈമാറി.

(സി) കരാർ പ്രകാരമുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**കുടിവെള്ള പദ്ധതി**

307(2776) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് മുഖേന കുടിവെള്ള പദ്ധതിക്കായി അനുവദിക്കുന്ന തുക കേരള വാട്ടർ അതോറിറ്റി വിനിയോഗിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇപ്രകാരം കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള ഏതെല്ലാം കുടിവെള്ള പദ്ധതികളാണ് ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ വാട്ടർ അതോറിറ്റി പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കിളിമാനൂർ ഗ്രാമപഞ്ചായത്തിലെ

(1) വട്ടക്കൈത പട്ടികജാതി കോളനി കുടിവെള്ള പദ്ധതി

(2) മാവുവിള കോളനി കുടിവെള്ള പദ്ധതി

(3) മുണ്ടപ്പള്ളിക്കോണം കോളനി കുടിവെള്ള പദ്ധതി

(4) കണ്ണയംകോട് കോളനി കുടിവെള്ള പദ്ധതി

(5) കർക്കിടകകോണം കോളനി കുടിവെള്ള പദ്ധതി

(6) കായാട്ടുക്കോണം കോളനി കുടിവെള്ള പദ്ധതി

(7) കിള്ളിക്കോട്ടുകോണം കോളനി കുടിവെള്ള പദ്ധതി എന്നീ പദ്ധതികളാണ് ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ വാട്ടർ അതോറിറ്റി പൂർത്തീകരിക്കാനുള്ളത്.

(സി) പ്രസ്തുത കുടിവെള്ള പദ്ധതികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു.

**നരിക്കുഴി പട്ടികജാതി കോളനിയിലെ നവീകരണപ്രവർത്തനങ്ങൾ**

308(2777) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരം നിയോജക മണ്ഡലത്തിലെ നരിക്കുഴി പട്ടിക ജാതി കോളനിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ എത്ര തുക ഇതിനോടകം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾക്കായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് ;

(സി) നിർമ്മാണ പ്രവർത്തനങ്ങളിൽ എന്തെങ്കിലും ക്രമക്കേടോ അഴിമതിയോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് സ്ഥലം എം.എൽ.എ.-യുടേതുൾപ്പെടെ ഏതെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഉപഭോക്താക്കളുടെ പരാതികളും ആവലാതികളും പരിശോധിക്കുന്നതിന് വകുപ്പിൽ നിന്നും ഒരു ഉന്നത ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുമോ; നടപടികൾ പൂർത്തിയാക്കി എത്ര മാസത്തിനകം നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പത്തനാപുരം നിയോജക മണ്ഡലത്തിലെ നരിക്കുഴി പട്ടികജാതി കോളനിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 65 ലക്ഷം രൂപ ടി കോളനികളുടെ വികസന പ്രവർത്തനങ്ങൾക്കായി ബന്ധപ്പെട്ട നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടുണ്ട്. ടാക്സ് ഉൾപ്പെടെ 69,00,654 രൂപ ചെലവഴിച്ചതായി ഏജൻസി അറിയിച്ചിട്ടുണ്ട്.

(ബി) ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് - ആലുവ

(സി) നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പരാതികളൊന്നും തന്നെ ലഭിച്ചിട്ടില്ല.

(ഡി) വകുപ്പ് തലത്തിൽ പരാതികൾ അന്വേഷിക്കുന്നതിനായി ജോയിന്റ് ഡയറക്ടർ (വിജിലൻസ്) എന്ന ഉദ്യോഗസ്ഥൻ നിലവിലുണ്ട്. 2016 മാർച്ച് മാസം പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**ധർമ്മടം നിയോജകമണ്ഡലത്തിലെ ടൂറിസം പ്രവൃത്തികൾ**

309(2778) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ കീഴിൽ ധർമ്മടം നിയോജക മണ്ഡലത്തിൽ എന്തൊക്കെ പ്രവൃത്തികളാണ് നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ പൂർത്തിയാക്കിയ പ്രവൃത്തികൾ ഏതൊക്കെ എന്നും പൂർത്തിയാക്കാത്ത പ്രവൃത്തികൾ ഏതൊക്കെ എന്നും പ്രത്യേകം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പാലക്കാട് മെഡിക്കൽ കോളേജ്**

310(2779) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് മെഡിക്കൽ കോളേജിൽ ഏത് വർഷം മുതലാണ് എം.ബി.ബി.എസ്. കോഴ്സ് ആരംഭിച്ചത്;

(ബി) ഇവിടെ എം.ബി.ബി.എസിന് എത്ര സീറ്റുകളാണുള്ളത് ;

(സി) എം.ബി.ബി.എസിന് പുറമേ മറ്റേതൊക്കെ കോഴ്സുകളാണ് കോളേജിൽ നടത്തുന്നതെന്നും ഓരോന്നിലും എത്ര സീറ്റുകൾ വീതമാണുള്ളതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 1-9-2014 മുതലാണ് എം.ബി.ബി.എസ്. കോഴ്സ് ആരംഭിച്ചത്.

(ബി) എം.ബി.ബി.എസിന് 100 സീറ്റുകളാണുള്ളത്.

(സി) മറ്റു കോഴ്സുകളൊന്നും ആരംഭിച്ചിട്ടില്ല.

**വൈപ്പിൻ മണ്ഡലത്തിലെ ഞാറയ്ക്കൽ സീഷോർ കോളനിയിലെ പ്രവൃത്തികൾ**

311(2780) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയം പര്യാപ്ത പട്ടികജാതി കോളനി പദ്ധതിയിൽ വൈപ്പിൻ മണ്ഡലത്തിലെ ഞാറയ്ക്കൽ സീഷോർ കോളനിയിലെ പ്രവൃത്തികൾക്ക് കാലതാമസമുണ്ടായത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ;

(സി) പദ്ധതി പുരോഗതി വിലയിരുത്തുന്നതിന് കഴിഞ്ഞ ഒരു വർഷക്കാലയളവിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ ഞാറയ്ക്കൽ സീഷോർ കോളനിയെ 2013-14 വർഷം സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ തെരഞ്ഞെടുത്തിരുന്നു. പദ്ധതി നടപ്പിലാക്കുന്നതിന് ഏജൻസിയായി ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിനെയാണ് ഏൽപ്പിച്ചിരുന്നത്. എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുകയും കരാർ ഒപ്പിട്ട് ഒന്നാം ഗഡു തുകയായ 25 ലക്ഷം രൂപ ബന്ധപ്പെട്ട ഏജൻസിക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ചില സാങ്കേതിക പ്രശ്നങ്ങളാൽ നാളിതുവരെ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. ഉടൻ ആരംഭിക്കുന്നതാണെന്ന് ഏജൻസി അറിയിച്ചിട്ടുണ്ട്.

(ബി) പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിക്കും ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പദ്ധതി പുരോഗതി വിലയിരുത്തുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മോണിറ്ററിംഗ് കമ്മിറ്റി എല്ലാ മാസവും വിളിച്ചുചേർക്കുകയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഏജൻസി പ്രതിനിധികളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും അവലോകനയോഗം ചേർന്ന് പുരോഗതി വിലയിരുത്തുന്നതിനും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**എരിമയൂർ, കുഴൽമന്ദം സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

312(2781) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ആലത്തൂർ നിയോജക മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത എരിമയൂർ പഞ്ചായത്തിലെ കുണ്ടുകാട് കോളനി, കുഴൽമന്ദം പഞ്ചായത്തിലെ പെരമ്പിലംകാട് കോളനി എന്നിവിടങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത നിർമ്മാണ / വികസന പുരോഗതി വ്യക്തമാക്കുമോ;

(സി) പ്രസ്തുത വികസന പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ആലത്തൂർ നിയോജക മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത എരിമയൂർ പഞ്ചായത്തിലെ കുണ്ടുകാട് കോളനി, കുഴൽമന്ദം പഞ്ചായത്തിലെ പെരമ്പിലംകാട് കോളനി എന്നിവിടങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ല.

(ബി) <u>കണ്ടുകാട്</u> :

വീട് പ്ലാസ്റ്ററിംഗ്, കോൺക്രീറ്റ് റോഡ്, റോഡ് റീടെയിനിംഗ് വാൾ എന്നിവ പൂർത്തീകരിച്ചു. വാട്ടർ ടാങ്ക്, കുടിവെള്ള വിതരണം, ബോർവെൽ നിർമ്മാണം എന്നീ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

<u>പെരമ്പിലംകാട്</u> :

കോൺക്രീറ്റ് റോഡ്, സൈഡ് റോഡ്, ഇലക്ട്രിക് പോസ്റ്റ് മാറ്റലും ലൈൻ എക്സ്റ്റൻഷനും പൂർത്തിയായി. എസ്റ്റിമേറ്റ് 1, 2, 4 എന്നിവയിലെ കോൺക്രീറ്റ് റോഡും കിണറിന്റെ വൃത്തിയാക്കലും പുരോഗമിച്ചുവരുന്നു.

(സി) എത്രയും വേഗം പണി പൂർത്തിയാക്കുവാൻ ബന്ധപ്പെട്ട ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്**

313(2782) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u> :
<u>ശ്രീ. ആർ. സെൽവരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ഗ്രാന്റും നൽകാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) നഴ്സറി തലം മുതൽ പത്താം ക്ലാസ് വരെ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വാർഷിക ലംപ്സം ഗ്രാന്റ് അനുവദിച്ചു വരുന്നു. വേടൻ, വേട്ടുവ, നായാടി, അരുന്ധതിയാർ, ചക്ലിയാർ എന്നീ വിഭാഗത്തിൽപ്പെടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വാർഷിക ലംപ്സം ഗ്രാന്റിന് പുറമേ പ്രതിമാസ സ്റ്റൈപന്റ് കൂടി അനുവദിച്ചു വരുന്നു. 2012-13 വർഷം മുതൽ IX, X ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് കേന്ദ്ര സഹായ പദ്ധതി പ്രകാരം പ്രീ-മെട്രിക് സ്കോളർഷിപ്പ് അനുവദിച്ചുവരുന്നു. ടി പദ്ധതി പ്രകാരം പ്രതിമാസം 150 രൂപ ഡേ സ്കോളേഴ്സിനും, 350 രൂപ ഹോസ്റ്റലേഴ്സിനും യഥാക്രമം 750, 1000 രൂപ വീതം ബുക്ക്സിനും അഡ്ഹോക് ഗ്രാന്റായും അനുവദിച്ചുവരുന്നു. 1 മുതൽ 4 വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 2,000 രൂപ വീതം നൽകുന്ന പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് എന്ന പദ്ധതി 2014-15 വർഷം മുതൽ നടപ്പാക്കി വരുന്നു.

അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ പത്താം ക്ലാസ്സ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് റീ ഇംബേഴ്സ് ചെയ്ത് നൽകുന്നു. അംഗീകൃത ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്നവർക്ക് യഥാർത്ഥ ഭക്ഷണച്ചെലവും പോക്കറ്റ് മണിയായി 100 രൂപയും അനുവദിച്ചുവരുന്നു. പ്രീ-മെട്രിക് പഠനത്തിന് ലംപ്സം ഗ്രാന്റിനത്തിൽ നഴ്സറി സ്കൂൾ 150 രൂപ, എൽ.പി. 250 രൂപ, യു.പി. 500 രൂപ, ഹൈസ്കൂൾ 750 രൂപ എന്നീ നിരക്കിൽ അനുവദിച്ചുവരുന്നു.

പോസ്റ്റ് മെട്രിക് തലത്തിൽ വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് 350 രൂപ മുതൽ 2500 രൂപ വരെ വ്യത്യസ്ത നിരക്കിൽ ലംപ്സംഗ്രാന്റ് അനുവദിച്ചുവരുന്നു. 8 കിലോമീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് 500 രൂപ, 8 കിലോമീറ്ററിന് വെളിയിൽ താമസിക്കുന്നവർക്ക് 600 രൂപ എന്നീ നിരക്കുകളിൽ സ്റ്റൈപ്പന്റ് അനുവദിച്ചുവരുന്നു. അംഗീകൃത ഹോസ്റ്റലുകളിൽ താമസിച്ചുപഠിക്കുന്നവർക്ക് യഥാർത്ഥ താമസ ഭക്ഷണച്ചെലവും, പോക്കറ്റ് മണിയായി 150 രൂപയും അനുവദിച്ചുവരുന്നു. പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക്, സ്ഥാപനത്തോട് ചേർന്ന് ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാതിരിക്കുകയും വകുപ്പിന്റെ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ അപേക്ഷിച്ചിട്ട് പ്രവേശനം ലഭിക്കാതിരിക്കുകയും വിദ്യാർത്ഥി സ്വന്തം നിലയിൽ പഠനം തുടരുകയുമാണെങ്കിൽ 1500 രൂപ ബോർഡിംഗ് ഗ്രാന്റായി അനുവദിച്ചുവരുന്നു.

സർക്കാർ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട് ചെയ്യുന്ന പ്രകാരം മെരിറ്റ്/റിസർവേഷൻ സീറ്റുകളിൽ പ്രവേശനം നേടുന്നവർക്കും ഡി.എം.ഇ., ഡി.എച്ച്.എസ്., നഴ്സിംഗ് കൗൺസിൽ തുടങ്ങിയ സർക്കാർ അംഗീകൃത ഏജൻസികൾ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും അലോട്ട്മെന്റ് വഴി പ്രവേശനം നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കും ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, സ്പെഷ്യൽ ഫീസ്, മെസ് ഫീസ്, സർക്കാർ/സർക്കാർ ഏജൻസി യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു.

(ബി) പട്ടികജാതി വിഭാഗം വിദ്യാർത്ഥികളെ വിദ്യാഭ്യാസത്തിലൂടെ ഉന്നതി കൈവരിക്കാൻ സഹായിച്ച് സമൂഹത്തിന്റെ പൊതുധാരയിലെത്തിക്കാനാണ് പട്ടികജാതി വികസന വകുപ്പ് മുഖേന വിദ്യാഭ്യാസാനുകൂല്യം നൽകി വരുന്നത്.

(സി) പോസ്റ്റ് മെട്രിക് ആനുകൂല്യങ്ങൾ ഇ-ഗ്രാന്റ്സ് സംവിധാനം വഴി പട്ടികജാതി വിദ്യാർത്ഥികൾക്ക് അനുവദിച്ചുവരുന്നു. അതാത് വർഷം വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച് വകുപ്പിൽ നിന്നും അനുമതി ഉത്തരവ് നൽകുകയും സ്ഥാപനം ഫണ്ട് സ്റ്റേറ്റ്മെന്റ് അയയ്ക്കുന്ന മുറയ്ക്ക് തുക വിതരണം ചെയ്യുകയും ചെയ്യുന്നു. പ്രീ-മെട്രിക് തലത്തിലുള്ള വിദ്യാർത്ഥികൾക്ക് സ്കൂൾ തുറക്കുമ്പോൾ തന്നെ ലംപ്സം ഗ്രാന്റ്, ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് മുഖേന വിതരണം ചെയ്തുവരുന്നുണ്ട്. ന്യൂനതകളില്ലാതെ ലഭിക്കുന്ന അപേക്ഷകളിന്മേൽ യഥാസമയം തന്നെ നടപടി സ്വീകരിച്ചിട്ടുണ്ട്. പഠിക്കുന്ന കോഴ്സുകൾക്കുള്ള ഫീസാനുകൂല്യത്തിനു പുറമേ മിടുക്കരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സമ്മാനം, ലാപ്ടോപ്പ്, സ്റ്റെതസ്കോപ്പ്, പ്രാരംഭചെലവ്, പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്, എൻട്രൻസ് കോച്ചിംഗിന് ധനസഹായം തുടങ്ങിയ ആനുകൂല്യങ്ങളും നൽകി വരുന്നുണ്ട്. ബാക്കി പദ്ധതികളെല്ലാം അതാത് വർഷം തന്നെ ആനുകൂല്യമായി ഗുണഭോക്താക്കളിൽ എത്തിക്കുന്നതിന് പട്ടികജാതി വികസന വകുപ്പിൽ നിന്നും നടപടി സ്വീകരിച്ച് വിതരണം ചെയ്തുവരുന്നുണ്ട്.

**പട്ടികജാതി-പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠനനിലവാരം**

314(2783) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പിന്നോക്ക വിഭാഗത്തിൽപ്പെട്ട സ്കൂൾ, കോളേജ്, പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) 1-6-2011 മുതൽ 30-11-2015 വരെ ഇതിനായി എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റും ദുർബലവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റിന് പുറമേ പ്രതിമാസ സ്റ്റൈപ്പന്റും അനുവദിച്ചുവരുന്നു. അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ പത്താം ക്ലാസ്സ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് റീ-ഇംബേഴ്സ് ചെയ്തുനൽകുന്നു. ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവയ്ക്കു പുറമേ 1 മുതൽ 4 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 2000 രൂപ വീതം നൽകുന്ന "പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്" എന്ന പദ്ധതി 2014-15 മുതൽ നടപ്പാക്കി വരുന്നു. കൂടാതെ 9 മുതൽ 12 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് പഠന നിലവാരം മെച്ചപ്പെടുത്തൽ പദ്ധതിയും IX, X ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതിയും, (കേന്ദ്രാവിഷ്കൃത പദ്ധതി) നടപ്പാക്കിവരുന്നു.

കോളേജ് :

കോളേജ് തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, ഫീസാനുകൂല്യങ്ങൾ എന്നിവയ്ക്ക് പുറമേ ഹോസ്റ്റൽ ഫീസ്, പോക്കറ്റ് മണി എന്നിവയും നൽകി വരുന്നു.

പ്രൊഫഷണൽ കോളേജുകൾ :

ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, ഫീസാനുകൂല്യങ്ങൾ എന്നിവയ്ക്ക് പുറമെ B.Tech, M. Tech, MCA കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, MBBS ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ്, MBBS/BDS/B.Tech വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവുകൾക്കുള്ള തുക എന്നിവയും അനുവദിച്ചു വരുന്നു.

<u>വിഷൻ 2013 :</u>

എസ്.എസ്.എൽ.സി. പരീക്ഷയിൽ B+-ൽ കുറയാതെ ഗ്രേഡ് വാങ്ങി +1 കോഴ്സിന് പ്രവേശനം നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് അതാത് ജില്ലകളിലുള്ള സ്വകാര്യ എൻട്രൻസ് കോച്ചിംഗ് സ്ഥാപനങ്ങളിൽച്ചേർന്ന് മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് പഠിക്കുന്നതിന് 2 വർഷത്തേക്ക് 20,000 രൂപ വീതം അനുവദിച്ചുവരുന്നു.

(ബി) 1-6-2011 മുതൽ 30-11-2015 വരെ വിതരണം ചെയ്ത തുക (പട്ടികജാതി വിഭാഗം) ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| പ്രീമെട്രിക് തലം | - | 13864.87 ലക്ഷം |
| IX, X പ്രീമെട്രിക് സ്കോളർഷിപ്പ് | - | 77.85 കോടി |
| അപ്ഗ്രഡേഷൻ ഓഫ് മെരിറ്റ് | - | 28 ലക്ഷം |
| പ്രൈമറി എഡ്യൂ. എയ്ഡ് | - | 54.12 കോടി |
| സ്റ്റെതസ്കോപ്പ് പദ്ധതി | - | 24.30 ലക്ഷം |
| ലാപ്ടോപ്പ് പദ്ധതി | - | 25.61 കോടി |
| പ്രാരംഭച്ചെലവുകൾക്കനുവദിച്ച തുക | - | 2.21 കോടി |
| വിഷൻ 2013 പ്രകാരം ചെലവഴിച്ച തുക | - | 2.40 കോടി |
| പോസ്റ്റ് മെട്രിക് തലത്തിൽ അനുവദിച്ച തുക SC | - | 818.58 കോടി |
| OEC | - | 267.74 കോടി |
| FC | - | 41.80 കോടി |
| KPCR | - | 41.53 കോടി |
| SEBC | - | 97.94 കോടി |
| OBC | - | 128.75 കോടി |

**നടുക്കോളനി എസ്.സി. ശ്മശാനത്തിന്റെ നവീകരണം**

315(2784) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിൽ മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്തിലെ നടുക്കോളനി എസ്.സി. ശ്മശാനത്തിന്റെ നവീകരണത്തിന് കോർപ്പസ് ഫണ്ടിൽ നിന്നും 7-2-2014-ൽ 10 ലക്ഷം രൂപ അനുവദിച്ചിട്ടും അതിന്റെ പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

(ബി) ഇത് എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ നടുക്കോളനി ശ്മശാനത്തിന് 2014-15 സാമ്പത്തിക വർഷം 10 ലക്ഷം രൂപ അനുവദിച്ചു നൽകിയിരുന്നു. എസ്റ്റിമേറ്റ് പ്രകാരമുള്ള തുക പരിമിതമായതിനാലും സാങ്കേതികമായ ചില കാരണങ്ങളാലും നിർമ്മാണം ഏറ്റെടുക്കുവാൻ ആരും തയ്യാറാകാത്തതുകൊണ്ട് പ്രവൃത്തികൾ നാളിതുവരെ ആരംഭിച്ചിട്ടില്ല.

(ബി) 3-12-2015-ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എസ്റ്റിമേറ്റ് ഭേദഗതി വരുത്തി ലഭ്യമാക്കുന്നതിന് തീരുമാനിച്ചു. അപ്രകാരം ഭേദഗതി വരുത്തിയ എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

**പട്ടികജാതി വിഭാഗത്തിനു ചികിത്സാ ധനസഹായം**

316(2785) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗക്കാർക്കായി ചികിത്സാ ധനസഹായത്തിന് എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ മാരകമായ അത്യാഹിതങ്ങളിൽ പ്പെടുകയാണെങ്കിൽ, ബഹുമാനപ്പെട്ട പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 9-1-1998-ലെ സ.ഉ.(കൈ) നമ്പർ 1/98/ പജ.പവ.വിവ. പ്രകാരം 1998 മുതൽ ചികിത്സാ ധനസഹായം അനുവദിച്ച് വരുന്നു. 20-9-2012-ലെ സ.ഉ.(കൈ) നമ്പർ 128/12/പജ.പവ.വിവ., പ്രകാരം ടി ധനസഹായം അനുവദിക്കുന്നതിനുള്ള വരുമാനപരിധി, 50,000 രൂപയായും ധനസഹായം 50,000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ കാൻസർ, ഹൃദയ ശസ്ത്രക്രിയ, വൃക്കമാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി ഒരു ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നു. രോഗി ചികിത്സയിലിരിക്കുന്ന ആശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റ്, ചികിത്സയ്ക്കുവേണ്ടി വരുന്ന ചെലവ് സംബന്ധിച്ച് ആശുപത്രി അധികൃതർ നൽകുന്ന എസ്റ്റിമേറ്റ്, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആശുപത്രിക്കാണ് മേൽ തുക അനുവദിക്കുന്നത്.

(ബി) നിർദ്ധനരും, മാരകരോഗം ബാധിച്ചവരുമായ പട്ടികജാതിക്കാർക്ക്, ചികിത്സാ രംഗത്തുണ്ടായ മാറ്റങ്ങളും, വർദ്ധിച്ചുവരുന്ന ചെലവുകളും പരിഗണിച്ച് ചികിത്സയ്ക്കായി ധനസഹായം അനുവദിക്കുകയാണ് ടി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഈ പദ്ധതി പ്രകാരം ചികിത്സാ ധനസഹായമായി 50,000 രൂപ വരെ രോഗിക്ക് നേരിട്ടും, മാരക രോഗങ്ങളായ ഹൃദയ ശസ്ത്രക്രിയ, ഡയാലിസിസ്, ക്യാൻസർ, പക്ഷാഘാതം, ഹീമോഫീലിയ, ബ്രെയിൻ ട്യൂമർ, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ എന്നിവയ്ക്കായി ഒരു ലക്ഷം രൂപ ആശുപത്രി മുഖേനയും അനുവദിച്ചുവരുന്നു.

(സി) പദ്ധതി നടപ്പിലാക്കുന്നതിനായി വകുപ്പിലെ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് തുക അനുവദിച്ചു നൽകുകയും, ഇവർ തുക മാറി പി.ഡി. അക്കൗണ്ടിൽ നിക്ഷേപിച്ച് ബന്ധപ്പെട്ട അപേക്ഷകന് നേരിട്ട് ചെക്കായോ, അല്ലെങ്കിൽ ബന്ധപ്പെട്ട ബ്ലോക്ക്/നഗരസഭ പട്ടികജാതി വികസന ഓഫീസർ മുഖാന്തരമോ ധനസഹായ തുക വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ധനസഹായത്തിനുള്ള അപേക്ഷകൾ ജില്ലാ ഓഫീസുകളിലും ബ്ലോക്ക്/ നഗരസഭ പട്ടികജാതി വികസന ഓഫീസുകളിലും ലഭ്യമാണ്. ബ്ലോക്ക്/നഗരസഭ ഓഫീസർമാർ ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് ജില്ലാ ഓഫീസർമാർക്കും ജില്ലാ ഓഫീസർ വകുപ്പ് ഡയറക്ടർക്കും അയച്ചുവരുന്നു. 5000 രൂപ വരെ ജില്ലാ ഓഫീസറും 10000 രൂപ വരെ വകുപ്പ് ഡയറക്ടറും 10000 രൂപയ്ക്ക് മുകളിൽ വരുന്ന തുക സർക്കാരും അനുവദിക്കുന്നു. അപേക്ഷകർ ജില്ലാ ഓഫീസുകളിലെത്തി തുക കൈപ്പറ്റുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനും തുക വിതരണത്തിൽ ഉണ്ടാകാവുന്ന കാലതാമസം ഒഴിവാക്കുന്നതിനുമായി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർമാരുടെ പേരിൽ TSB അക്കൗണ്ട് ആരംഭിച്ച് ധനസഹായ വിതരണം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**മാവേലിക്കര ഉമ്പർനാട് ഐ.ടി.ഐ.**

317(2786) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മാവേലിക്കര ഉമ്പർനാട് ഐ.ടി.ഐ.യിൽ നിലവിൽ രണ്ട് കോഴ്സുകൾ മാത്രമാണ് ഉള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഐ.ടി.ഐ.-യിൽ ഇലക്ട്രീഷ്യൻ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, മെക്കാനിക്ക് (മോട്ടോർ വെഹിക്കിൾ) കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത ഐ.ടി.ഐ.-കളുടെ നവീകരണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) വിജ്ഞാൻവാടികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പരിഗണിക്കുന്നതാണ്.

(സി) സ്വീകരിക്കുന്നതാണ്.

(ഡി) സംസ്ഥാനത്തെ എല്ലാ പട്ടികജാതി സങ്കേതങ്ങളിലും വിജ്ഞാൻവാടികൾ ആരംഭിക്കുന്നത് സംബന്ധിച്ച് 11-1-12-ലെ സ.ഉ.(എംഎസ്.) നമ്പർ 07/12/പജപവവിവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*) ആയതിന്റെ ഭാഗമായി 1000 വിജ്ഞാൻവാടികൾ തുടങ്ങുന്നതിന് 500 ച.അടി വിസ്തീർണ്ണമുള്ള 1000 കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും 50 കോടി രൂപ അവരുടെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്യുകയുണ്ടായി. സ്ഥലത്തിന്റെ ദൗർലഭ്യം കാരണം നിലവിൽ 108 കെട്ടിടങ്ങൾ മാത്രമേ പൂർത്തിയായിട്ടുള്ളൂ. പൂർത്തിയായ കെട്ടിടങ്ങളിൽ കമ്പ്യൂട്ടറുകളും മറ്റു ഉപകരണങ്ങളും ലൈബ്രറി, റീഡിംഗ് റൂം എന്നിവയ്ക്കുമായി 1.50 ലക്ഷം രൂപ അനുവദിക്കുന്നുണ്ട്.

**പട്ടികജാതി വിഭാഗത്തിലെ ക്ഷേമ വികസന പദ്ധതികൾ**

318(2787) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
ശ്രീ. സി. പി. മുഹമ്മദ് :
<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കും സ്ത്രീകൾക്കും കുട്ടികൾക്കും ആവിഷ്കരിച്ചിട്ടുള്ള ക്ഷേമ വികസന പദ്ധതികൾ എന്തെല്ലാം;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) നഴ്സറി തലം മുതൽ പി.എച്ച്.ഡി. ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകൾക്കു വരെ വകുപ്പുതലത്തിൽ വിദ്യാഭ്യാസാനുകൂല്യം നൽകി വരുന്നു. ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നു. നഴ്സറി സ്കൂളുകളിൽ ഫീഡിംഗ് ചാർജ്, യൂണിഫോം ചാർജ്, ലംപ്സം ഗ്രാന്റ് എന്നിവ നൽകിവരുന്നു. 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ലംപ്സംഗ്രാന്റിനു പുറമേ "പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്" എന്ന പേരിൽ 2014-15 മുതൽ 2000 രൂപ നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ലംപ്സം ഗ്രാന്റിനു പുറമേ 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് സി.എസ്.എസ്. സ്കോളർഷിപ്പ്, 9 മുതൽ 12 വരെയുള്ള വിദ്യാർത്ഥികൾക്ക് upgradation of merit-C.S.S. എന്നീ പദ്ധതികളും നടപ്പാക്കി വരുന്നു. എം.ബി.ബി.എസ്., ബി.ഡി.എസ്., ബി.ടെക് വിദ്യാർത്ഥികൾക്ക് Initial Expenditure അദ്ധ്യയന വർഷാരംഭത്തിൽ നൽകുന്നുണ്ട്. ബി.ടെക്, എം.ടെക്, എം.സി.എ. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം, എം.ബി.ബി.എസ്. ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം എന്നിവയും വകുപ്പ് നടപ്പാക്കി വരുന്ന പദ്ധതികളാണ്. സംസ്ഥാനത്തിന് പുറത്തും വിദേശത്തും പഠിക്കുന്ന വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസാനുകൂല്യം നൽകി വരുന്നുണ്ട്. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്ക് (1 മുതൽ 10 വരെ) സി.എസ്.എസ്. പദ്ധതി പ്രകാരം വിദ്യാഭ്യാസാനുകൂല്യം നൽകുന്നുണ്ട്.

4, 7 ക്ലാസ്സുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മികച്ച പട്ടികജാതി വിദ്യാർത്ഥികൾക്ക് പത്താം ക്ലാസ്സ് വരെ പ്രതിവർഷം 4500 രൂപ വീതം അനുവദിക്കുന്ന അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്, എസ്.എസ്.എൽ.സി., പ്ലസ്ടു, ടി.ടി.സി., ഡിപ്ലോമ, ഡിഗ്രി, പി.ജി., പ്രൊഫഷണൽ കോഴ്സ് എന്നിവയിൽ മികച്ച വിജയം നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പ്രത്യേക പ്രോത്സാഹന പദ്ധതി, മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗ് നൽകുന്നതിനായുള്ള വിഷൻ 2013 പദ്ധതി ഇവയും വകുപ്പ് നടപ്പാക്കി വരുന്നു. സ്പോർട്സിൽ മികവു കാണിക്കുന്ന വിദ്യാർത്ഥികൾക്ക് 5-ാം ക്ലാസ്സ് മുതൽ പ്രവേശനം നൽകുന്നതിനായി ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂൾ വകുപ്പിന്റെ കീഴിൽ വെള്ളായണിയിൽ പ്രവർത്തിച്ചുവരുന്നു. പട്ടികജാതിയിൽപ്പെട്ട 100 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകി 2014-15 വർഷം പ്രവർത്തനമാരംഭിച്ച വകുപ്പിന്റെ കീഴിലുള്ള മെഡിക്കൽ കോളേജ് പാലക്കാട് ജില്ലയിലാണ് വിവിധ മത്സര പരീക്ഷകൾക്ക് പട്ടികജാതി വിഭാഗം ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കുന്നതിനായി സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, പാലക്കാട് ജില്ലകളിലായി 4 പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

5-ാം ക്ലാസ്സ് മുതലുള്ള വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനായി 9 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. അഖിലേന്ത്യാ സർവ്വീസുകളിലേക്കുള്ള മത്സരപരീക്ഷയ്ക്ക് പ്രത്യേക പരിശീലനം നൽകുന്നതിനായി I-CETS പ്രവർത്തിച്ചുവരുന്നു. പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്കായി 87 പ്രീ-മെട്രിക് ഹോസ്റ്റലുകളും 18 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിക്കുന്നു.

(സി) ടി പദ്ധതികൾ നടപ്പിലാക്കുന്നതിനായി പട്ടികജാതി വികസന വകുപ്പിന്റെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതി മാർഗ്ഗരേഖ പ്രകാരം തുടർന്നുവരുന്ന പദ്ധതികൾക്ക് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ്/സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ നിന്നും ഭരണാനുമതി ഉത്തരവ് ആവശ്യമുള്ള പദ്ധതികൾക്ക് അത് ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് തുക ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

**കൊയിലാണ്ടി മണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ധനസഹായം**

319(2788) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മെഡിക്കൽ-എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിന് പട്ടികജാതി വകുപ്പ് ധനസഹായം നൽകുന്ന സ്കീമിനെക്കുറിച്ച് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽപ്പെടുത്തി വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന് കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാം ;

(സി) കൊയിലാണ്ടി മണ്ഡലത്തിലെ ഒരു സ്ഥാപനവും ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത മണ്ഡലത്തിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് അവസരം നിഷേധിക്കപ്പെടുന്നത് ഒഴിവാക്കാൻ മണ്ഡലത്തിൽ ഇതിനായി സ്ഥാപനം തുടങ്ങുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം നൽകുന്ന "വിഷൻ 2013" പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും B+ ൽ കുറയാത്ത മാർക്ക് വാങ്ങി വിജയിക്കുകയും പ്ലസ് വൺ പ്രവേശനം നേടി മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശനത്തിന് തൽപ്പരരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് 20,000 രൂപ 2 വർഷത്തേക്ക് അനുവദിച്ച് നൽകുന്നു. ജില്ലാ പട്ടികജാതി വികസന ഓഫീസറും കളക്ടറും അടങ്ങുന്ന സമിതിയാണ് സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നത്. ഈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ രക്ഷിതാക്കളുടെ വാർഷിക വരുമാന പരിധി 4.5 ലക്ഷം രൂപയാണ്. അപേക്ഷകൾ അതാത് ജില്ലാ പട്ടികജാതി വികസന ഓഫീസിൽ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റിന്റെ പകർപ്പ് എന്നിവ ഉൾപ്പെടെ സമർപ്പിക്കേണ്ടതാണ്.

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന് അംഗീകാരം നൽകിയിട്ടുള്ള കോഴിക്കോട് ജില്ലയിലെ 5 സ്ഥാപനങ്ങളുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

1. റെയ്സ്
2. ബാബ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, മാവൂർ റോഡ്
3. എലൈറ്റ് സെന്റർ കോമ്പറ്റീഷൻ
4. സയൻസ് സെന്റർ, എടോടി, വടകര
5. പോസിറ്റീവ്, ബാലുശ്ശേരി

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധിക്കുന്നതാണ്.

**കോർപ്പസ് ഫണ്ടിനത്തിൽ അനുവദിച്ച തുക**

320(2789) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ടിനത്തിൽ കൊല്ലം ജില്ലയ്ക്ക് എത്ര തുക അനുവദിച്ചിരുന്നു;

(ബി) ആയതിൽ എത്ര തുകയ്ക്കും ഏതെല്ലാം പ്രവൃത്തികൾക്കും ഭരണാനുമതി ലഭിച്ചു; എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചു;

(സി) പൂർത്തീകരിച്ച പ്രവൃത്തികളുടെ ബിൽ തുക നൽകുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ട് ഇനത്തിൽ കൊല്ലം ജില്ലയ്ക്ക് ആകെ 432.00 ലക്ഷം രൂപ അനുവദിച്ചിരുന്നു.

(ബി) കൊല്ലം ജില്ലയിൽ ആകെ 51419225 രൂപയുടെ 49 പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളിൽ 30 പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. വിശദമായ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം ജില്ലാതലത്തിൽ ഏറ്റെടുത്ത പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി കൊല്ലം ജില്ലയ്ക്ക് പട്ടികജാതി വികസന ഡയറക്ടറേറ്റിലെ 20-11-2015-ലെ പി2-11901/14 നമ്പർ ഉത്തരവ് പ്രകാരം 2,46,70,721 രൂപ അനുവദിക്കുകയും, പൂർത്തിയാക്കിയ പ്രവൃത്തികളുടെ ബില്ലുകൾ മാറി നൽകുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കോർപ്പസ് ഫണ്ടിനത്തിൽ പട്ടികജാതി കോളനികളിൽ നടപ്പിലാക്കിയ കുടിവെള്ള പദ്ധതികൾ

321(2790) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പട്ടികജാതി കോളനികളിൽ എത്ര കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി;

(ബി) ഇതിനായി ആകെ എത്ര കോടി രൂപ നീക്കിവച്ചു; എത്ര തുക ചെലവഴിച്ചു ; ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) 2014-15 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ട് ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാമാണ് കുടിവെള്ള പദ്ധതി ആരംഭിക്കാൻ തീരുമാനിച്ചത്; ഇതിനായി എത്ര തുക നീക്കിവച്ചു; ഏതെല്ലാം പദ്ധതികൾ ആരംഭിച്ചു; പ്രസ്തുത ഇനത്തിലെ ചിലവ് എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പട്ടികജാതി കോളനികളിൽ 86 കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി.

(ബി) അനുബന്ധം ആയി ചേർക്കുന്നു.*

(സി) അനുബന്ധം ആയി ചേർക്കുന്നു.*

## പട്ടികജാതി സങ്കേതങ്ങളിൽ ഹോമിയോ ഹെൽത്ത് സെന്ററുകൾ

322(2791) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സങ്കേതങ്ങളിൽ ഹോമിയോ ഹെൽത്ത് സെന്ററുകൾ ആരംഭിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ തിങ്ങിപ്പാർക്കുന്നതും 2.5 കി.മീ. ചുറ്റളവിനുള്ളിൽ മറ്റ് ആരോഗ്യ സംവിധാന കേന്ദ്രങ്ങൾ നിലവിലില്ലാത്തതുമായ 29 പട്ടികജാതി കോളനികളിൽ ഹോമിയോ ഹെൽത്ത് സെന്ററുകൾ ആരംഭിക്കുന്നതിന് 2011-12 സാമ്പത്തിക വർഷം ഹോമിയോപ്പതി ഡയറക്ടർ ഒരു പ്രൊപ്പോസൽ സമർപ്പിക്കുകയും ആയത് സർക്കാർ അംഗീകരിക്കുകയും ചെയ്തിരുന്നു. അപ്രകാരം ആരംഭിച്ച ഹോമിയോ ഹെൽത്ത് സെന്ററുകൾ പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായത്തോടെ ഇപ്പോഴും പ്രവർത്തിച്ചുവരുന്നു. 2011-12-നുശേഷം പുതിയ ഹോമിയോ ഹെൽത്ത് സെന്ററുകളൊന്നും ആരംഭിച്ചിട്ടില്ല.

(ബി) (1) ഹോമിയോ ചികിത്സ രോഗികളായ പട്ടികജാതിക്കാർക്ക് ലഭ്യമാക്കുക.

(2) പകർച്ചവ്യാധികൾ പടർന്ന് പിടിക്കുന്നത് തടയുക.

(3) വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവ പാലിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അവബോധം നൽകുക.

(4) മദ്യപാനം, പുകവലി, വെറ്റിലമുറുക്ക് എന്നിവയുടെ ദൂഷ്യവശങ്ങളെ സംബന്ധിച്ച് അവബോധം, ചികിത്സ എന്നിവ നൽകൽ തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരുന്നത്.

(സി) 2011-12 സാമ്പത്തിക വർഷം ഹോമിയോപ്പതി ഡയറക്ടർ 29 ഹോമിയോ ഹെൽത്ത് സെന്ററുകൾ ആരംഭിക്കുന്നതിന് സമർപ്പിച്ച പ്രോജക്ട് അംഗീകരിക്കുകയും അവയുടെ നടത്തിപ്പിനായി 165.93 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിരുന്നു. കൂടാതെ പ്രസ്തുത വർഷം ഹോമിയോ ഹെൽത്ത് സെന്ററുകൾക്കാവശ്യമായ ഫർണിച്ചർ വാങ്ങുന്നതിനും 35.96 ലക്ഷം രൂപ അനുവദിച്ചിരുന്നു. 2013-14 വർഷം പ്രസ്തുത ഹോമിയോ ഹെൽത്ത് സെന്ററുകളുടെ തുടർപ്രവർത്തനങ്ങൾക്കായി 189.08 ലക്ഷം രൂപയും 2014-15 വർഷം206.48 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

**പട്ടികജാതി യുവാക്കൾക്ക് കമ്പ്യൂട്ടർ പഠനത്തിലൂടെ തൊഴിലവസരം**

323(2792) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 35 വയസ്സിന് താഴെയുള്ള പട്ടികജാതി യുവാക്കൾക്ക് കമ്പ്യൂട്ടർ പഠനത്തിലൂടെ തൊഴിൽ ലഭ്യമാക്കുന്നതിനുവേണ്ടി നടത്തിയ സോഷ്യൽ ട്രെയിനിംഗ് പ്രോഗ്രാമിനായി ഓരോ വർഷവും വകയിരുത്തിയ തുക എത്രയാണെന്നും ചെലവാക്കിയ തുകയെത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) ഓരോ വർഷവും പരിശീലനം നൽകുന്നതിനായി ഏതെല്ലാം ഏജൻസികൾക്ക് എത്ര തുക വീതം നൽകിയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പരിശീലനം വഴി എത്ര യുവാക്കൾക്ക് തൊഴിൽ അവസരമോ സ്ഥിരമായോ താൽക്കാലികമായോ ജോലിയോ ലഭിച്ചുവെന്ന് വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 35 വയസ്സിന് താഴെയുള്ള 1120 പട്ടികജാതി യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുവേണ്ടി കമ്പ്യൂട്ടർ കോഴ്സുകളിൽ പരിശീലനം നൽകുന്നതിനായി കെൽട്രോണിന് 2011-12 സാമ്പത്തിക വർഷം 285.60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മറ്റ് ഏജൻസികൾക്ക് തുക നൽകിയിട്ടില്ല.

(സി) വിലയിരുത്തിയിട്ടുണ്ട്. 320 പേർക്ക് കെൽട്രോൺ പ്ലേയ്സ്മെന്റ് നൽകിയിരുന്നെങ്കിലും 100 ഓളം വിദ്യാർത്ഥികൾ ഉന്നതവിദ്യാഭ്യാസം നേടുന്നതിനായി പ്ലെയ്സ്മെന്റ് നിരസിച്ചതായും ബാക്കിയുള്ളവർ ലഭ്യമായ അവസരങ്ങളിൽ തൃപ്തരല്ലെന്നും കെൽട്രോൺ അറിയിച്ചിട്ടുണ്ട്.

**പട്ടികജാതി ഉദ്യോഗാർത്ഥികളുടെ പ്രത്യേക നിയമനം**

324(2793) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ പട്ടികജാതി വിഭാഗത്തിലെ ഉദ്യോഗാർത്ഥികളുടെ പ്രത്യേക നിയമനം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച പരിശോധനയ്ക്കായി സർക്കാർ ഉന്നതതല സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രസ്തുത സമിതി സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് മേശപ്പുറത്തു വയ്ക്കുമോ?

ഉത്തരം

(എ&ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിൽ ചില വകുപ്പുകളിലെ ചില ഒഴിവുകളിൽ ഉദ്യോഗാർത്ഥികളുടെ നിയമനം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ പ്രത്യേക നിയമനം സംബന്ധിച്ച പരിശോധനയ്ക്കായി 12-6-2015-ലെ സ.ഉ.(എംഎസ്.) നമ്പർ 172/15/പൊ.ഭ.വ. പ്രകാരം ശ്രീ. വി. ജെ. കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി (ജലവിഭവ വകുപ്പ്) ചെയർമാനായും, പട്ടികജാതി വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുഭരണ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായും ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി വിവിധ വകുപ്പ് മേധാവികളുമായും പബ്ലിക് സർവ്വീസ് കമ്മീഷനുമായും ചർച്ച നടത്തി നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിനു വേണ്ട നടപടി സ്വീകരിച്ചുവരുന്നു.

(സി) റിപ്പോർട്ട് നൽകിയിട്ടില്ല.

**പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വായ്പാ കുടിശ്ശിക തിരിച്ചടവ്**

325(2794) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെ വായ്പാ കുടിശ്ശിക തിരിച്ചടവിൽ നിന്നൊഴിവാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെ എല്ലാ ധനകാര്യ സ്ഥാപനങ്ങളിലെയും വായ്പാ കുടിശ്ശിക പൂർണ്ണമായും തിരിച്ചടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതു സംബന്ധിച്ച എന്തെങ്കിലും നടപടികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വിഭാഗക്കാർ സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ മുതലായവയിൽ നിന്നും എടുത്തിട്ടുള്ള 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതുമായ 25000 രൂപയിൽ താഴെയുള്ള വായ്പാ കുടിശ്ശിക 12-1-2009-ലെ സ.ഉ.(പി) നമ്പർ 100/09/പജപവവിവ പ്രകാരം എഴുതിത്തള്ളുന്നതിന് ഉത്തരവായിട്ടുണ്ട്. ഈ സർക്കാർ പ്രസ്തുത ഉത്തരവിന്റെ കാലാവധി പല ഘട്ടങ്ങളിലായി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. കൂടാതെ 16-2-2011-ലെ സ.ഉ.(സാധാ) 218/2011/ പജപവവിവ പ്രകാരം പട്ടികജാതി വികസന വകുപ്പിൽ നിന്നും വിവിധ ഘട്ടങ്ങളിലായി പലിശരഹിത ഭവനനിർമ്മാണ വായ്പ പലിശരഹിത വ്യവസായ വായ്പ, ഹയർ പർച്ചേസ് വായ്പ എന്നീയിനങ്ങളിൽ വായ്പയെടുത്ത് കുടിശ്ശികയായിട്ടുള്ള 687 ഗുണഭോക്താക്കളുടെ വായ്പാ കുടിശ്ശിക എഴുതിത്തള്ളി ഉത്തരവായിട്ടുണ്ട്. 10-12-2013-ലെ സ.ഉ.(പി) നമ്പർ 399/2013/ പജപവവിവ പ്രകാരം സംസ്ഥാനത്തെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, വ്യവസായ വാണിജ്യ വകുപ്പ്, സഹകരണ സ്ഥാപനങ്ങൾ, കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് എന്നിവയിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ 50,000 രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളി ഉത്തരവായിട്ടുണ്ട്.

കൈത്തറി ആന്റ് ടെക്സ്റ്റൈൽസിൽ നിന്ന് വായ്പയെടുത്ത കുടിശ്ശികയായ 21 പട്ടികജാതി ഗുണഭോക്താക്കളുടെ വായ്പാ കുടിശ്ശിക 28-3-2012-ലെ സ.ഉ.(സാധാ) 562/2012/പജപവവിവ. പ്രകാരം എഴുതിത്തള്ളി ഉത്തരവായിട്ടുണ്ട്. കൂടാതെ പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും വായ്പ എടുത്തശേഷം മരണപ്പെട്ട ഗുണഭോക്താക്കളുടെ അനന്തരാവകാശികൾ നിർദ്ധനരാണെങ്കിൽ തിരിച്ചടയ്ക്കാനുള്ള തുകയിൽ പലിശയും പിഴപ്പലിശയും പൂർണ്ണമായും 25000 രൂപ മുതലും ഒഴിവാക്കി വായ്പാ തുക തിരിച്ചടയ്ക്കുന്നതിന് അനുമതി നൽകി 31-3-2012-ലെ സ.ഉ.(കൈ) 54/12/പജപവവിവ പ്രകാരം ഉത്തരവായിട്ടുണ്ട്. പട്ടികജാതി വിഭാഗക്കാർ സംസ്ഥാന പട്ടികജാതി വികസന കോർപ്പറേഷനിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ വാഹനവായ്പ പദ്ധതി, അംബേദ്കർ ഭവനനിർമ്മാണ പദ്ധതി (ARHS), ഇൻകം ജനറേഷൻ ലിങ്ക്ഡ് അംബേദ്കർ

ഭവനനിർമ്മാണ പദ്ധതി (IGLHS), പുതിയ അംബേദ്കർ ഭവനനിർമ്മാണ പദ്ധതി (NHRHS) എന്നിവ പ്രകാരം കുടിശ്ശികയായ മുതലും പലിശയും ഉൾപ്പെടെ 1233.66 ലക്ഷം രൂപ (മുതൽ 547.16 ലക്ഷം രൂപ, പലിശ 686.50 ലക്ഷം രൂപ) സ.ഉ.(സാധാ) നമ്പർ 74/14/പജപവവിവ തീയതി 16-10-2014 പ്രകാരം എഴുതിത്തള്ളി സർക്കാർ ഉത്തരവാകുകയും ടി തുക സംസ്ഥാന പട്ടികജാതി വികസന കോർപ്പറേഷന് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ 30-3-2015-ലെ സ.ഉ.(പി) നമ്പർ 24/2015/പജപവവിവ. പ്രകാരം സർക്കാരിന്റെ മിഷൻ 676-ന്റെ ഭാഗമായി പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ സഹകരണ സ്ഥാപനങ്ങൾ പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2010-ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ വായ്പകളുടെ ഒരു ലക്ഷം രൂപ വരെയുള്ള ബാധ്യത എഴുതിത്തള്ളുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

**പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ആനുകൂല്യം നൽകൽ**

326(2795) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ജീവിത നിലവാരം വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത വിഭാഗക്കാർക്ക് സ്വാശ്രയ കോളേജുകളിൽ പി.ജി. കോഴ്സിന് പഠിക്കാൻ വകുപ്പ് ഏതെങ്കിലും ഫീസിളവോ ധനസഹായമോ അനുവദിക്കുന്നുണ്ടോ;

(സി) സ്വന്തമായി വീടോ ഭൂമിയോ ഇവ രണ്ടും തന്നെയോ ഇല്ലാത്തവർക്ക് വകുപ്പ് നൽകുന്ന ആനുകൂല്യങ്ങൾ, ആയതിനുള്ള മാനദണ്ഡം എന്നിവ സംബന്ധിച്ച വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സ്വാശ്രയ കോളേജുകളിൽ പി.ജി. കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നിലവിൽ സംസ്ഥാന ഗവൺമെന്റിന്റെ വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നില്ല. എന്നാൽ 2.5 ലക്ഷം രൂപയ്ക്ക് താഴെ വാർഷിക വരുമാനമുള്ള എസ്.സി. വിദ്യാർത്ഥികൾക്ക് 2014-15 വർഷം മുതൽ ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ് (സംസ്ഥാനത്ത് പഠിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും) അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) സ്വന്തമായി ഭൂമിയില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതി പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്നു. ഗ്രാമപ്രദേശങ്ങളിൽ പരമാവധി 5 സെന്റ് ഭൂമി വാങ്ങുന്നതിന് സെന്റൊന്നിന് 75000 രൂപ നിരക്കിൽ 3.5 ലക്ഷം രൂപയും മുനിസിപ്പാലിറ്റികളിൽ മൂന്ന് സെന്റ് ഭൂമി വാങ്ങുന്നതിന് 4.50 ലക്ഷം രൂപയും കോർപ്പറേഷനുകളിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപയും ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം അനുവദിച്ചുവരുന്നു. അപേക്ഷകർ പട്ടികജാതിയിൽപ്പെട്ടവരും കുടുംബമുള്ളവരും 50000 രൂപയിൽ താഴെ മാത്രം വാർഷിക കുടുംബവരുമാനമുള്ളവരും 55 വയസ്സിൽത്താഴെ പ്രായമുള്ളവരും സ്വന്തമായോ കുടുംബ ഓഹരിയായോ ഭൂമിയില്ലാത്തവരും ആയിരിക്കണം. അപേക്ഷകന്റെയോ ഭാര്യയുടെയോ പേരിൽ ഭൂമി ഇല്ലെങ്കിലും ഇരുവർക്കും പാരമ്പര്യമായി ഭൂമി ലഭിക്കാനില്ലെന്നു തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ എന്നിവ ഹാജരാക്കണം. ഗ്രാമസഭ/വാർഡ് സഭ ലിസ്റ്റിൽ ഉൾപ്പെട്ടവരെയാണ് പരിഗണിക്കുന്നത്. ഇപ്രകാരം ലിസ്റ്റ് ലഭ്യമല്ലെങ്കിൽ പത്രപരസ്യം വഴി അപേക്ഷ ക്ഷണിക്കുന്നു. അതാത് ബ്ലോക്ക്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. കൂടാതെ താമസയോഗ്യമായ വീടില്ലാത്തവരും സ്വന്തമായി ഭൂമിയുള്ളവരുമായ പട്ടികജാതി വിഭാഗക്കാർക്ക് വീട് പണിയുന്നതിന് 3 ലക്ഷം രൂപ ധനസഹായമായി നൽകുന്നു.

**ഏഴരക്കുന്ന് കോളനി-സ്വയംപര്യാപ്ത ഗ്രാമം**

327(2796) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ ചേലക്കര പഞ്ചായത്തിൽപ്പെട്ട ഏഴരക്കുന്ന് കോളനി 2013-14 വർഷം സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമങ്ങളുടെ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ഇതേവരെ നടപടികൾ ആരംഭിച്ചിട്ടില്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതി നടപ്പിലാക്കാൻ കഴിയാതെ വന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും നടപടി പിന്നീട് സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഈ പദ്ധതി നിർവ്വഹണത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഏഴരക്കുന്ന് കോളനിയിലെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് തൃശ്ശൂർ ജില്ലാ നിർമ്മിതി കേന്ദ്രത്തിനെയാണ് നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തിരിക്കുന്നത്. ഏജൻസി എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നുവെങ്കിലും എസ്റ്റിമേറ്റിലെ എൽ.ഇ.ഡി. തെരുവുവിളക്കുകൾ സ്ഥാപിക്കൽ, വീടുകളുടെ വൈദ്യുതീകരണം, വിദ്യാർത്ഥികൾക്ക് മേശ, കസേര വിതരണം ചെയ്യൽ, ചെറുകിട സംരംഭം ആരംഭിക്കുന്നതിനുള്ള ധനസഹായം എന്നിവയുടെ വിശദമായ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നില്ല. കൂടാതെ ഭവനപുനരുദ്ധാരണത്തിന് 8,85,000 രൂപ വകയിരുത്തിയിരുന്നു. എന്നാൽ ആയത് നടപ്പിലാക്കേണ്ടതില്ലെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ പ്രവൃത്തിക്ക് നീക്കിവച്ച തുക ഉപയോഗിച്ച് മറ്റെന്തെങ്കിലും വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി&ഡി) ഗുണഭോക്താക്കളുടെ ലിസ്റ്റ് ഉടനെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഭവനപുനരുദ്ധാരണത്തിന് നീക്കി വച്ചിരുന്ന തുക കോളനിയിൽ മറ്റെന്തെങ്കിലും വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ബന്ധപ്പെട്ട ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## വിദ്യായാത്ര പദ്ധതി

328(2797) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യായാത്ര പദ്ധതിയുടെ ലക്ഷ്യം എന്തെല്ലാമാണ്;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത പദ്ധതിക്കായി ഓരോ വർഷവും എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അതിൽ എത്ര തുക ചെലവാക്കിയെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതിയിൻ കീഴിൽ എത്ര വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകിയെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠനത്തിന് പ്രോത്സാഹനം നൽകുക, വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് നിയന്ത്രിക്കുക എന്നീ ലക്ഷ്യത്തോടെയാണ് സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 2011-12 അദ്ധ്യായന വർഷം എട്ടാം ക്ലാസിൽ പഠിച്ചിരുന്ന മുഴുവൻ പട്ടികജാതി വിദ്യാർത്ഥികൾക്കും സൈക്കിൾ നൽകുന്ന പദ്ധതി നടപ്പിലാക്കിയത്.

(ബി) ഈ സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി 2011-12 വർഷത്തിൽ മാത്രമാണ് വിദ്യായാത്ര പദ്ധതി നടപ്പിലാക്കിയത്. 1560 ലക്ഷം രൂപയാണ് പദ്ധതിക്കായി അനുവദിച്ചിരുന്നത്. അതിൽ 1514.64 ലക്ഷം രൂപ ചെലവഴിച്ചു.

(സി) പ്രസ്തുത പദ്ധതി പ്രകാരം 50488 കുട്ടികൾക്ക് സൈക്കിൾ വാങ്ങുന്നതിനായി 1514.64 ലക്ഷം രൂപ ചെലവഴിച്ചു.

**ഗിരിവർഗ്ഗ വേടൻ സമുദായത്തെ പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുത്തുവാൻ നടപടി**

329(2798) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗിരിവർഗ്ഗ വേടൻ സമുദായത്തെ പട്ടികവർഗ്ഗമായി കണക്കാക്കുന്നതു സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) 1992-ലെ സർക്കാർ ഉത്തരവ് അനുസരിച്ച് പ്രസ്തുത സമുദായത്തിന് പട്ടികവർഗ്ഗ വിഭാഗ സർട്ടിഫിക്കറ്റ് നൽകുന്ന കാര്യം പരിഗണിക്കുമോ; പ്രസ്തുത വിഭാഗത്തിലെ കുട്ടികൾക്ക് പട്ടികവർഗ്ഗ വിഭാഗത്തിന് കിട്ടുന്ന ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; 1992-ലെ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) പ്രസ്തുത സമുദായക്കാർ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 'ഗിരിവർഗ്ഗ വേടൻ' സമുദായം സംസ്ഥാനത്തിന്റെ പട്ടികജാതി പട്ടികയിലോ, പട്ടികവർഗ്ഗ പട്ടികയിലോ ഉൾപ്പെട്ടിട്ടില്ല. എന്നാൽ സംസ്ഥാനത്തിന്റെ പട്ടികജാതി പട്ടികയിൽ ഉൾപ്പെട്ട 'വേടൻ' സമുദായത്തെ പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) പരിഗണിക്കുവാൻ കഴിയില്ല. 5-5-1992-ലെ സ.ഉ.(കൈ)നമ്പർ 15/92/പജ.പവ.വിവ.-ലൂടെ വേടൻ, വേട്ടുവൻ, കരിമ്പാലൻ, മാവിലൻ എന്നീ സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പട്ടികജാതിക്കാർ എന്ന പരിഗണനയിൽ ലഭിക്കുന്ന ലംപ്സംഗ്രാന്റ് മുതലായ ആനുകൂല്യങ്ങൾക്കു പുറമേ പ്രത്യേക ആനുകൂല്യം എന്ന നിലയിൽ സ്റ്റൈപ്പന്റ് അനുവദിച്ചു നൽകിയിട്ടുണ്ട്. 1992-ലെ സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സ്വയം പര്യാപ്ത ഗ്രാമങ്ങൾ പദ്ധതി

330(2799) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'സ്വയംപര്യാപ്ത ഗ്രാമങ്ങൾ പദ്ധതി'-യുടെ ഭാഗമായി ഓരോ മണ്ഡലത്തിലും അനുവദിച്ച പദ്ധതികളുടെ വിശദ വിവരം നൽകുമോ;

(ബി) ഇവയുടെ പ്രവർത്തന പുരോഗതി വിലയിരുത്തപ്പെടുന്നുണ്ടോ; വിശദമാക്കുമോ;

(സി) 2015-16 വർഷം പ്രസ്തുത പദ്ധതി അനുവദിച്ചതിന്റെ കണക്കും സ്ഥലവും സംബന്ധിച്ച വിവരം വിശദമാക്കുമോ?

### ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) വിലയിരുത്താറുണ്ട്. ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികളുടെയും പട്ടികജാതി വികസന ഓഫീസർമാരുടെയും യോഗം ജില്ലാതലത്തിലും സംസ്ഥാനതലത്തിലും വിളിച്ചുചേർത്ത് പുരോഗതി വിലയിരുത്താറുണ്ട്.

(സി) 2015-16 വർഷം പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടില്ല.

## പെരിങ്ങോട്ടുകുറിശ്ശി മോഡൽ റസിഡൻഷ്യൽ സ്കൂൾ

331(2800) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിങ്ങോട്ടുകുറിശ്ശി മോഡൽ റസിഡൻഷ്യൽ സ്കൂളിൽ അടുത്ത അദ്ധ്യയന വർഷം മുതൽ പ്ലസ് വൺ ക്ലാസ്സ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം ;

(സി) ഏതെല്ലാം ഗ്രൂപ്പുകളാണ് ആരംഭിക്കാൻ ശിപാർശ ചെയ്തിട്ടുള്ളതെന്നും ഓരോ ഗ്രൂപ്പിലും എത്ര കുട്ടികൾക്ക് വീതം പ്രവേശനം ലഭിക്കുമെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ക്ളാസ്സുകൾക്കാവശ്യമായ സ്ഥലം, ഹോസ്റ്റൽ, ലബോറട്ടറി, അദ്ധ്യാപകർ എന്നിവയ്ക്ക് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) കുഴൽമന്ദം (പെരിങ്ങോട്ടുകുറിശ്ശി) എം.ആർ.എസ്.-ൽ പ്ലസ് 1 ക്ലാസ്സുകൾ ആരംഭിക്കുന്നതിനായി ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു (ക്ലാസ്സ് റൂമുകളിലേക്കാവശ്യമായ ഫർണിച്ചർ, ഹോസ്റ്റലിലേക്കാ വശ്യമായി വരുന്ന ഫർണിച്ചർ മുതലായവ). ഹയർ സെക്കണ്ടറി ആരംഭിക്കുന്നതിന് ക്ലാസുകൾക്കാവശ്യമായ സ്ഥലം, ഹോസ്റ്റൽ സൗകര്യങ്ങൾ എന്നിവ നിലവിലുണ്ട്. നിലവിൽ ഹൈസ്കൂൾ ലാബിന് അനുമതി നൽകിയിട്ടുണ്ട്. ഹയർ സെക്കണ്ടറി വിഭാഗം ആരംഭിക്കുന്നതിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## OEC വിഭാഗത്തിൽപ്പെടുന്ന സ്കൂൾ കുട്ടികൾക്കുള്ള ലംപ്സം ഗ്രാന്റ്

332(2801) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻകാലങ്ങളിൽ ഒ. ഇ. സി. വിഭാഗത്തിൽപെടുന്ന 1 മുതൽ 10 വരെയുള്ള സ്കൂൾ കുട്ടികൾക്കുള്ള ലംപ്സം ഗ്രാന്റ് നൽകിയിരുന്നത് എത് വകുപ്പ് മുഖേനയായിരുന്നു;

(ബി) 2015-16 മുതൽ ഇതിന് മാറ്റം വരുത്തിയിട്ടുണ്ടോ; ഏത് ഡിപ്പാർട്ടുമെന്റിനെയാണ് ഇതിന്റെ വിതരണച്ചുമതല ഏൽപ്പിച്ചിട്ടുള്ളത്; സ്കൂൾ തുറന്ന് മാസങ്ങൾ കഴിഞ്ഞിട്ടും ഈ വിഭാഗത്തിലെ കുട്ടികൾക്ക് ഗ്രാന്റ് ലഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഈ വിഭാഗത്തിലെ കുട്ടികൾക്കുള്ള ഗ്രാന്റ് വിതരണം മുൻ വർഷങ്ങളിലെപ്പോലെ പട്ടികജാതി വകുപ്പിനെ തന്നെ ഏൽപ്പിക്കാനും ആയത് അടിയന്തരമായി വിതരണം ചെയ്യാനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2014-15 വരെ ഒ.ഇ.സി. പ്രീ-മെട്രിക് വിദ്യാഭ്യാസാനുകൂല്യം നൽകിയിരുന്നത് പട്ടികജാതി വികസന വകുപ്പാണ്.

(ബി) ഉണ്ട്. പിന്നാക്ക സമുദായ വികസന വകുപ്പാണ് 2015-16 മുതൽ ടി ആനുകൂല്യം നൽകുന്നത്. 2015-16 മുതൽ ഒ.ഇ.സി. പ്രീ-മെട്രിക് ആനുകൂല്യം ഓൺലൈനായി സ്കൂൾ പ്രധാനാദ്ധ്യാപകർക്ക് നൽകുകയായിരുന്നു. 29-6-2015 തീയതി മുതൽ അപേക്ഷ ക്ഷണിക്കുകയും ഓൺലൈനായി അപേക്ഷ ലഭിച്ച അർഹരായ വിദ്യാർത്ഥികൾക്കുള്ള തുക സെപ്റ്റംബർ മാസം അക്കൗണ്ടിലേക്ക് നൽകുകയും ചെയ്തിട്ടുണ്ട്. 2016-17 മുതൽ കുട്ടികളുടെ അക്കൗണ്ടിലേയ്ക്ക് ലംപ്സം ഗ്രാന്റ് നൽകുന്നതിനുള്ള ആദ്യപടിയായി ആണ് 2015-16-ലെ തുക പ്രധാനാദ്ധ്യാപകരുടെ അക്കൗണ്ടിലേക്ക് നൽകിയത്. യഥാസമയം ഓൺലൈനായി അപേക്ഷ സമർപ്പിക്കാത്ത സ്കൂളുകൾക്ക് വീണ്ടും അവസരം നൽകി അപേക്ഷ സ്വീകരിച്ചിട്ടുണ്ട്. ആയത് അനുവദിച്ച് നൽകുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

ഒ.ഇ.സി. വിഭാഗം വിദ്യാഭ്യാസാനുകൂല്യങ്ങൾ വിതരണം ചെയ്യേണ്ടത് പിന്നാക്ക സമുദായ വികസന വകുപ്പായതിനാലാണ്, 2015-16 മുതൽ വിതരണച്ചുമതല വകുപ്പിനെ ഏൽപ്പിച്ചിട്ടുള്ളത്. ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക നൽകുന്നതിനായുള്ള സാങ്കേതിക സൗകര്യം ഒരുക്കുന്നതിനാലാണ് 2015-16-ൽ തുക വിതരണം സെപ്റ്റംബർ വരെ നീണ്ടുപോയത്. പുതിയ വിതരണ രീതി ഫലപ്രദവും കൂടുതൽ ഭാവിയിൽ എളുപ്പത്തിൽ വിതരണം നിർവ്വഹിക്കുന്നതിന് സഹായകരവുമായി തീരും.

**ചരിത്രഭൂമി വിനോദസഞ്ചാര കേന്ദ്രങ്ങളാക്കുന്ന പദ്ധതി**

333(2802) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ചരിത്രഭൂമികൾ വിനോദസഞ്ചാരികളെ പരിചയപ്പെടുത്തുവാനും, അത്തരം സ്ഥലങ്ങൾ വിനോദ സഞ്ചാര കേന്ദ്രങ്ങളാക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ആരംഭിച്ച ഇത്തരം പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) കേരളത്തിലെ ചരിത്രഭൂമികളെ പരിചയപ്പെടുത്തുന്നതിന് അതാത് മേഖലകളിലെ പ്രാദേശിക വിദ്യാലയങ്ങൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവയുമായി ചേർന്ന് പദ്ധതികൾ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ ചരിത്രഭൂമികൾ സ്വദേശികളും വിദേശികളുമായ വിനോദ സഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ ജില്ലകളിൽ ചരിത്രപ്രാധാന്യമേറിയ പ്രദേശങ്ങളിൽ ടൂറിസം പദ്ധതികൾ പ്രാവർത്തികമാക്കിയിട്ടുണ്ട്. കൂടാതെ ടൂറിസം വെബ്സൈറ്റിലൂടെയും ബ്രോഷറിലൂടെയും ടൂറിസം വകുപ്പ് വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരത്തിലുള്ള ചരിത്രപ്രാധാന്യമുള്ള പ്രദേശങ്ങൾ മനസ്സിലാക്കി ടൂറിസം പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) നിലവിൽ പരിഗണനയിലില്ല.

**സീപ്ലെയിൻ സർവ്വീസ്**

334(2803) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീപ്ലെയിൻ സർവ്വീസ് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്. സീപ്ലെയിൻ പദ്ധതിയുടെ ഉദ്ഘാടനം 2-6-2013-ൽ കൊല്ലം അഷ്ടമുടിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുകയുണ്ടായി. എന്നാൽ ചില മത്സ്യത്തൊഴിലാളി സംഘടനകൾ ഉയർത്തിയ എതിർപ്പിനെ തുടർന്ന് സർവ്വീസുകൾ നിർത്തിവയ്ക്കുകയാണുണ്ടായത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കേരളത്തിന്റെ ടൂറിസം സാധ്യതകൾ കൂടുതൽ വിപുലമാക്കുന്നതിന്റെ ഭാഗമായി വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളെ വായുമാർഗ്ഗം ബന്ധിപ്പിക്കുന്നതിനും കേരളത്തിന്റെ പ്രകൃതിഭംഗി ആസ്വദിക്കുന്നതിനുമുള്ള നൂതനമായ ഒരു ടൂറിസം ഉല്പന്നം അവതരിപ്പിക്കുന്നതിനും വേണ്ടിയാണ് സീപ്ലെയിൻ പദ്ധതി ലക്ഷ്യമിടുന്നത്.

(സി) പദ്ധതിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ വാട്ടർഡ്രോമും മറ്റു അനുബന്ധ സൗകര്യങ്ങളും മുൻഗണനാ പ്രദേശങ്ങളായ അഷ്ടമുടി, പുന്നമട, ബോൾഗാട്ടി, ബേക്കൽ മുതലായ പ്രദേശങ്ങളിൽ നടത്തുവാനാണ് വിഭാവന ചെയ്തിട്ടുള്ളത്. ഇവയിൽ അഷ്ടമുടിയിലും പുന്നമടയിലും പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. മത്സ്യബന്ധന മേഖലയിലെ തൊഴിലാളി സംഘടനകളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ സീപ്ലെയിൻ പദ്ധതി ഉൾനാടൻ മത്സ്യബന്ധന രംഗത്ത് എന്തെങ്കിലും വിധത്തിലുള്ള ആഘാതം സൃഷ്ടിക്കുമോ എന്നത് സംബന്ധിച്ച് പഠനം നടത്തുവാനും അങ്ങനെയെങ്കിൽ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി സർക്കാർ ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. ഈ സമിതിയുടെ അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൂർണ്ണതോതിലുള്ള ജലവിമാന സർവ്വീസ് ഉടൻ തന്നെ പ്രവർത്തനമാരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ജി.കെ.എസ്.എഫ്.

335(2804) <u>ശ്രീ. എം. എ. ബേബി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-ൽ ജി.കെ.എസ്.എഫ്. കടുത്ത തകർച്ചയിലെത്തിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) 2013-ൽ വ്യാപാര മേള തകർച്ചയുടെ വക്കിലായിരുന്നുവെന്ന ജി.കെ.എസ്.എഫ് ഡയറക്ടറുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ വ്യാപാര രംഗത്തെ ടൂറിസവുമായി ബന്ധപ്പെടുത്തി നല്ല നിലയിൽ പുരോഗതി കൈവരിച്ചുവന്നിരുന്ന വ്യാപാരമേള രണ്ട് വർഷംകൊണ്ട് തകർച്ചയിലായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; പരിഹാരമായി ജി.കെ.എസ്.എഫ്. ഡയറക്ടർ നൽകിയ ശിപാർശകൾ എന്തെല്ലാമായിരുന്നു; വിശദമാക്കാമോ;

(ഡി) ജി.കെ.എസ്.എഫ്.-ന്റെ പണം വ്യക്തിപരമായ പബ്ലിസിറ്റിയായി ഏതെങ്കിലും ഉദ്യോഗസ്ഥൻ വിനിയോഗിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥനിൽ നിന്ന് വിശദീകരണം ആവശ്യപ്പെടുമോ ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വ്യാപാരമേള തകർച്ചയിലായിട്ടില്ല.

(ഡി) വ്യക്തിപരമായി പബ്ലിസിറ്റിക്കായി ജി.കെ.എസ്.എഫ്.-ന്റെ പണം ഏതെങ്കിലും ഉദ്യോഗസ്ഥൻ വിനിയോഗിച്ചതായി അറിയില്ല. അങ്ങനെ ഉപയോഗിച്ചിട്ടുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടാൽ പരിശോധിച്ച് മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

**കെ.റ്റി.ഡി.സി.-യുടെ പ്രവർത്തനം**

336(2805) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> :
<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> :
<u>ശ്രീ. എസ്. രാജേന്ദ്രൻ</u> :
<u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.റ്റി.ഡി.സി.-യുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ടൂറിസം വകുപ്പ് കെ.റ്റി.ഡി.സി.-യെ അവഗണിക്കുന്നതായ ചെയർമാന്റെ പ്രസ്താവനയ്ക്ക് ആധാരമായ കാര്യങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) തേക്കടിയിൽ കെ.റ്റി.ഡി.സി.-യും ഒബ്റോയ് ഗ്രൂപ്പും ചേർന്നുള്ള ഒബ്റോയ് കേരള ഹോട്ടൽ പദ്ധതി ഉപേക്ഷിച്ചോ; എങ്കിൽ കാരണമെന്തെന്ന് അറിയിക്കുമോ;

(ഡി) ഒബ്റോയ് കേരള ഹോട്ടലിന് വേണ്ടി സ്ഥലം വാങ്ങിയതിന്റെ വിശദാംശവും അതു വിൽക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ സ്ഥലവില വീതിക്കുന്നത് ഏതു രീതിയിലെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കെ.റ്റി.ഡി.സി.-യുടെ പ്രവർത്തനങ്ങളെ നിരന്തരമായി വിലയിരുത്താറുണ്ട്. കെ.റ്റി.ഡി.സി. മാനേജ്മെന്റിന്റെ കാര്യക്ഷമമായ ഇടപെടലും ജീവനക്കാരുടെ പരിശ്രമഫലവുമായി കോർപ്പറേഷന് കഴിഞ്ഞ മൂന്നു സാമ്പത്തിക വർഷങ്ങളിൽ തുടർച്ചയായി 100 കോടിയിലധികം രൂപയുടെ വാർഷിക വിറ്റുവരവ് നേടാനായി. 2010-11 കാലയളവിലെ കെ.റ്റി.ഡി.സി.-യുടെ വരുമാനം 74.26 കോടി രൂപയായിരുന്നത് 2013-14 സാമ്പത്തിക വർഷം 105 കോടി രൂപയായി ഉയർത്താൻ കഴിഞ്ഞു. 2014-15 സാമ്പത്തിക വർഷത്തിൽ ആകെ വിറ്റുവരവ് 138 കോടിയിലധികമായി ഉയർത്താൻ കഴിഞ്ഞു. ഇത് കഴിഞ്ഞ സാമ്പത്തിക വർഷത്തെ വരുമാനത്തെക്കാൾ 33% അധികമാണ്. സ്വകാര്യ സംരംഭകരുടെ ശക്തമായ മത്സരത്തെ അഭിമുഖീകരിച്ചാണ് പ്രസ്തുത നേട്ടം കൈവരിക്കാനായത്. കെ.റ്റി.ഡി.സി.-യുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും പൊതു ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും മികച്ച സേവനം നൽകുന്നതിനുമായുള്ള സമഗ്രപഠനം നടത്തുന്നതിനായി കേരള യൂണിവേഴ്സിറ്റിയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരളയുമായി കെ.റ്റി.ഡി.സി. ഒരു ധാരണാപത്രത്തിൽ ഒപ്പുവച്ചുകഴിഞ്ഞു. കേരള സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടത്തപ്പെടുന്ന പ്രസ്തുത പഠനം 11 മാസംകൊണ്ട് തീർക്കാനാണ് ഉദ്ദേശിക്കുന്നത്. കോർപ്പറേഷന്റെ മൊത്തത്തിലുള്ള പ്രവർത്തനരീതികളും അവയുടെ പോരായ്മകളും മനസ്സിലാക്കി മികച്ച ഉല്പന്നങ്ങളും ഉപഭോക്താവിന്റെ സ്വീകാര്യതയ്ക്കനുസരിച്ചുള്ള സേവനവും നൽകുകയാണ് ഈ പഠനംകൊണ്ട് ഉദ്ദേശിക്കുന്നത്. കെ.റ്റി.ഡി.സി.-യുടെ മുഴുവൻ വ്യാപാരപ്രവർത്തനങ്ങളും പുനഃസംഘടിപ്പിക്കുന്നതിനും കോർപ്പറേഷന്റെ ഭരണതലത്തിൽ സ്ഥിരതയും തുടർച്ചയും ഉറപ്പാക്കാനും ചെലവുകൾ നിയന്ത്രിക്കാനും പ്രസ്തുത പഠനം സഹായകമാകും. വികസന പ്രവർത്തനങ്ങളുടെ ഭാഗമായി നിരവധി നൂതന പദ്ധതികളാണ് കെ.റ്റി.ഡി.സി. ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.

1. ചെന്നൈ നഗരത്തിലെ എഗ്മോറിൽ 90 മുറികളുള്ള ഹോട്ടൽ റെയിൻ ഡ്രോപ്പ് 2013-ൽ പ്രവർത്തനമാരംഭിച്ചു. കൊമേഴ്സ്യൽ ഹോട്ടലും ഗസ്റ്റ് ഹൗസും സംയോജിപ്പിച്ചുകൊണ്ടുള്ള നവീന മാതൃകയിൽ പ്രവർത്തിക്കുന്ന ആദ്യത്തെ ഹോട്ടൽ പ്രതീക്ഷയ്ക്കൊത്ത നിലയിൽ നല്ല രീതിയിലാണ് പ്രവർത്തിച്ചുവരുന്നത്.

2. ആലപ്പുഴയിലെ തണ്ണീർമുക്കത്തുള്ള 37 മുറികളുള്ള കായൽ റിസോർട്ടിന്റെ നവീകരണ പ്രവർത്തനം കഴിഞ്ഞ് തുറന്ന് പ്രവർത്തനമാരംഭിച്ചു. പ്രസ്തുത ഹോട്ടൽ സുവാസം ലേക്ക് റിസോർട്ട് എന്ന പേരിലാണ് വിപണനം ചെയ്യുന്നത്.

3. കൊച്ചിയിലെ ബോൾഗാട്ടി പാലസ് ഗ്രൗണ്ടിൽ ഈവന്റ് സെന്ററിന്റെ നിർമ്മാണ ജോലികൾ പൂർത്തിയാക്കി പ്രവർത്തനമാരംഭിച്ചു. വലിയ ഈവന്റുകൾ/മേളകൾ നടത്തുന്നതിനുള്ള സൗകര്യങ്ങളാണ് ഇവിടെയുള്ളത്. ഇൻഡോർ, ഔട്ട്ഡോർ സൗകര്യങ്ങൾ ചേർന്ന് 3000 പേർക്ക് പങ്കെടുക്കാവുന്ന പരിപാടികളും വലിയ പ്രദർശനങ്ങളും സംഘടിപ്പിക്കുവാനുള്ള സൗകര്യങ്ങളാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്. പുതിയതായി ഉയർന്നുവരുന്ന വെഡ്ഡിങ്ങ് ടൂറിസം മാർക്കറ്റ്, കോൺഫറൻസ് മാർക്കറ്റ് തുടങ്ങിയവ കേരളത്തിലേക്ക് ആകർഷിക്കുന്നതിന്റെ ഭാഗമായാണ് ഈവന്റ് സെന്റർ തുടങ്ങിയത്.

4. കെ.റ്റി.ഡി.സി. ഹോട്ടലുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തേക്കടിയിലെ ആരണ്യ നിവാസ് നവീകരിച്ച് പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. പെരിയാർ ഹൗസ് പോലുള്ള മറ്റ് ഹോട്ടലുകളിലും കാലത്തിനനുസരിച്ചുള്ള നവീകരണ ജോലികൾ നടന്നുവരുന്നു.

5. സംസ്ഥാന പട്ടികജാതി വികസന വകുപ്പുമായി ചേർന്ന് കെ.റ്റി.ഡി.സി. പട്ടികജാതി യുവജനങ്ങളുടെ ഉയർച്ചയും ഉന്നമനവും ലക്ഷ്യമാക്കി ഹോസ്പിറ്റാലിറ്റി രംഗത്ത് വൈദഗ്ധ്യം വർദ്ധിപ്പിക്കുന്ന ചെറുസമയബന്ധിത സർട്ടിഫിക്കറ്റ് കോഴ്സുകൾ നടത്തിവരുന്നു. ഭക്ഷണം, താമസം, യൂണിഫോം, പഠനസാമഗ്രികൾ തുടങ്ങിയവ സൗജന്യമായി നൽകി നടത്തുന്ന രണ്ടുമാസം ദൈർഘ്യമുള്ള കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഹോസ്പിറ്റാലിറ്റി രംഗത്ത് തൊഴിൽ പരിശീലനവും ജോലിയും ഉറപ്പാക്കുന്നു. ആദ്യ ബാച്ചിൽ പരിശീലനം പൂർത്തിയാക്കിയ വിദ്യാർത്ഥികളിൽ ഏറെ പേർക്കും വിദേശങ്ങളിൽ പരിശീലനവും തൊഴിലും നൽകാനായി.

6. പ്രീമിയം ഹോട്ടലുകളിൽ ഉന്നത ഗുണനിലവാരമുള്ള ഭക്ഷണം ലഭ്യമാക്കുന്നതിനും അതിന്റെ മേൽനോട്ടത്തിനുമായി യോഗ്യരും പരിചയസമ്പന്നരുമായ കൺസൾട്ടന്റ് ഷെഫുകളെ നിയമിച്ചു.

7. ഹോട്ടലുകൾക്കാവശ്യമായ കട്‌ലറി, ക്രോക്കറി, ഗ്ലാസ്‌വെയർ, ലിനൻ, പ്രൊവിഷൻസ് തുടങ്ങിയവ സെൻട്രൽ പർച്ചേസ് സ്കീമിൽ ഉൾപ്പെടുത്തി വാങ്ങുന്നതിനാൽ ഗുണനിലവാരമുള്ളവ മെച്ചപ്പെട്ട വിലയ്ക്ക് കെ.റ്റി.ഡി.സി.-ക്ക് ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

8. കോവളത്തെ ഹോട്ടൽ സമുദ്രയിൽ ഏകദേശം 800 പേർക്ക് ഇരിക്കാവുന്നതും കിച്ചൻ സൗകര്യത്തോട് കൂടിയതുമായ ജി.വി. രാജാ കൺവെൻഷൻ സെന്റർ സുസജ്ജമാക്കി പ്രവർത്തനമാരംഭിച്ചു.

9. മസ്കറ്റ് ഹോട്ടലിൽ ബേക്കറി യൂണിറ്റിന്റെ പ്രവർത്തനമാരംഭിച്ചു.

10. ടാമറിന്റ് ഹോട്ടൽ കണ്ണൂർ, നെയ്യാർഡാം എന്നിവിടങ്ങളിലും കോൺഫറൻസ് ഹാളിന്റെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനമാരംഭിച്ചു.

11. കെ.റ്റി.ഡി.സി. ജീവനക്കാരുടെ തൊഴിൽ വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിനായി വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.

12. ഗുരുവായൂരിലെ ടാമറിന്റ് ഹോട്ടലിന്റെ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഗുരുവായൂരിലെ നന്ദനത്തിലെ 45 മുറികളുടെയും കോൺഫറൻസ് ഹാളിന്റെയും നവീകരണം പൂർത്തിയായിവരുന്നു.

<u>വികസന പദ്ധതികൾ</u> :

13. മൂന്നാറിൽ ഇടത്തരം വരുമാനക്കാർക്കായി സർക്കാരുമായി ആലോചിച്ച് ഹോട്ടൽ ആരംഭിക്കുവാൻ താല്പര്യമുണ്ട്.

14. സംസ്ഥാനത്തെ ഹോസ്പിറ്റാലിറ്റി കോഴ്സുകളുടെ മികവ് വർദ്ധിപ്പിക്കുന്നതിനായി നെയ്യാർഡാമിൽ ഒരു ഹോസ്പിറ്റാലിറ്റി ആന്റ് കാറ്ററിംഗ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ പദ്ധതിയുണ്ട്.

15. ഇന്ത്യയിലെ മുന്തിയ ഹോട്ടലുകൾക്കൊപ്പം കിടപിടിക്കുന്ന രീതിയിലുള്ള ഭക്ഷണം/ബേക്കറി സാധനങ്ങൾ തയ്യാറാക്കുന്നതിനുള്ള അത്യാധുനിക കിച്ചൻ ഉപകരണങ്ങൾ കെ.റ്റി.ഡി.സി. പ്രീമിയം ഹോട്ടലുകളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികളാരംഭിച്ചു കഴിഞ്ഞു.

16. ഗുരുവായൂരിലെ കെ.റ്റി.ഡി.സി. ഹോട്ടലായ നന്ദനത്തോട് ചേർന്ന് ഒരു കല്യാണമണ്ഡപം പണിയുന്നതിനുള്ള നടപടികളാരംഭിച്ചു.

17. കൽപ്പറ്റയിലും കോഴിക്കോട്ടും ഓരോ ഹോട്ടൽ പ്രോജക്ടുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നു. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ഭൂമി ലഭിക്കുന്ന മുറയ്ക്ക് ഇവയുടെയും നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്.

18. കൊച്ചിയിലെ കെ.റ്റി.ഡി.സി. ഷോപ്പിംഗ് കോംപ്ലക്സിന്റെ നവീകരണവും വിപുലീകരണവും കൊച്ചിൻ കോർപ്പറേഷന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

19. എറണാകുളം ജില്ലയിലെ ഭൂതത്താൻകെട്ട് ഒരു ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കുന്നതിന്റെ പ്രാരംഭ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

20. തേക്കടി കായലിലെ നിലവിലുള്ള ഉല്ലാസ ബോട്ട് സർവ്വീസിൽ ഒരു പോൺടൂൺ (ബോട്ട്) കൂടി ഉൾപ്പെടുത്തുന്നതാണ്.

21. കെ.റ്റി.ഡി.സി. മോട്ടലുകളുടെയും ടാമറിന്റുകളുടെയും നവീകരണ പ്രവർത്തനങ്ങൾ ഉടൻ നടത്താൻ ഉദ്ദേശിക്കുന്നുണ്ട്.

22. കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് കെ.റ്റി.ഡി.സി.-യുടെ ഹോട്ടൽ നിർമ്മിക്കുന്നതിനായി 3.5 ഏക്കർ സ്ഥലം കണ്ടെത്തി അക്വയർ ചെയ്തു കഴിഞ്ഞു. റോഡിനും മറ്റ് അടിസ്ഥാന സൗകര്യവികസനത്തിനുമായുള്ള ഭൂമി കൂടി അക്വയർ ചെയ്യുന്നതിനുള്ള നടപടികളെടുത്തു വരുന്നു.

23. കാസർഗോഡ് ജില്ലയിലെ ബേക്കൽ കടൽ തീരത്ത് 20 കോട്ടേജുകളുള്ള ബേക്കൽ ബീച്ച് ക്യാമ്പിന്റെ പ്രവർത്തനം വരുന്ന ഡിസംബർ മാസം ആരംഭിക്കും.

24. തിരുവനന്തപുരത്തെ വേളിക്കായലിൽ നിലവിലുള്ള ബോട്ടുകൾക്ക് പുറമേ 10 പെഡൽ ബോട്ടുകളും വാട്ടർ സ്കൂട്ടർ, സ്പീഡ് ബോട്ട് എന്നിവ കൂടി അധികമായി ഉൾപ്പെടുത്തുന്നതാണ്.

(ബി) ടൂറിസം വകുപ്പ് കെ.റ്റി.ഡി.സി.-യെ അവഗണിക്കുന്നില്ല.

(സി) തേക്കടിയിൽ ഈസ്റ്റ് ഇന്ത്യാ ഹോട്ടൽസ് ലിമിറ്റഡും (ഓബ്റോയ് ഗ്രൂപ്പ്) ടൂറിസം വകുപ്പിനു കീഴിലെ പൊതുമേഖലാ സ്ഥാപനമായ ടൂറിസ്റ്റ് റിസോർട്ട്സ് (കേരള) ലിമിറ്റഡും ചേർന്ന് രൂപീകരിച്ചിട്ടുള്ള സംയുക്ത സംരംഭമായ ഓബ്റോയ് കേരള ഹോട്ടൽ ആന്റ് റിസോർട്ട്സ് ലിമിറ്റഡ് (ഒ.കെ.എച്ച്.ആർ.എൽ.), ഹോട്ടൽ പദ്ധതിക്കായി 9.40 ഏക്കറോളം ഭൂമി വാങ്ങിയിരുന്നു. എന്നാൽ ഒ.കെ.എച്ച്.ആർ.എൽ. വിഭാവനം ചെയ്ത രീതിയിൽ പാതിരാമണൽ ഉൾപ്പെടെ മറ്റു പദ്ധതികളൊന്നും വിവിധ കാരണങ്ങളാൽ നടപ്പിലാക്കാൻ സാധിക്കാത്തതിനാൽ തേക്കടിയിലെ ഹോട്ടൽ പദ്ധതിയും നടപ്പിലാക്കിയില്ല.

(ഡി) ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ ഉൾപ്പെടുന്ന കുമളി വില്ലേജിൽ ഉൾപ്പെട്ടിട്ടുള്ള 9.40 ഏക്കറോളം ഭൂമിയാണ് ഹോട്ടൽ പദ്ധതിക്കായി ആകെ 1,71,06,213 രൂപ ചെലവിൽ 1998-99 കാലയളവിൽ ഒ.കെ.എച്ച്.ആർ.എൽ. കമ്പനി വാങ്ങിയിട്ടുള്ളത്. ഇത് വിൽക്കുകയാണെങ്കിൽ സ്ഥല വില ഓബ്റോയ് കേരള ഹോട്ടൽ ആന്റ് റിസോർട്ട്സ് ലിമിറ്റഡ് കമ്പനിയിൽ ഓബ്റോയ് ഗ്രൂപ്പിന്റെയും ടി.ആർ.കെ.എൽ.-ന്റെയും ഇപ്പോഴുള്ള മുതൽമുടക്കിന്റെ അനുപാതമായ 80:20 അനുപാതത്തിൽ വീതിക്കുവാൻ വേണ്ടിയുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

**കേരള ട്രാവൽ മാർട്ട്**

337(2806) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെപ്റ്റംബർ 28 മുതൽ 30 വരെ കൊച്ചിയിൽ സംഘടിപ്പിക്കുന്ന കേരള ട്രാവൽ മാർട്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(ബി) മേളയുടെ ഉപഭോക്ത പങ്കാളികളായി ആരൊക്കെയാണു പങ്കെടുക്കുന്നത് ; ഇതര സംസ്ഥാനങ്ങളിൽ നിന്നും വിദേശരാജ്യങ്ങളിൽ നിന്നും പങ്കാളികളുണ്ടാകുമോ; മേളയിൽ പങ്കാളികളാകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(സി) കേരള ട്രാവൽ മാർട്ടിനു കണക്കാക്കുന്ന ചെലവ് എത്രയാണ്; ചെലവാക്കുന്ന തുകയ്ക്കനുസരിച്ച് നേട്ടം പ്രതീക്ഷിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) കേരളത്തിന്റെ തനതായ ഉല്പന്നങ്ങൾ ലോകമാർക്കറ്റിനു മുന്നിൽ പ്രദർശിപ്പിക്കാനുള്ള ഒരു വേദിയാണ് രണ്ടുവർഷം കൂടുമ്പോൾ നടക്കുന്ന കേരള ട്രാവൽ മാർട്ട്. ഈ മേഖലയിലുള്ള എല്ലാ സംരംഭകരുടെയും ഉല്പന്നങ്ങൾ കേരളത്തിനു പുറത്തും മറ്റിതര സംസ്ഥാനങ്ങളിൽ നിന്നും, വിദേശരാജ്യങ്ങളിൽ നിന്നുമുള്ള ഉപഭോക്താക്കളെ കണ്ടെത്തി വിപണനം ചെയ്യുക എന്നുള്ളതാണ് കേരള ട്രാവൽ മാർട്ടിന്റെ പ്രധാന ഉദ്ദേശ്യം.

(ബി) ഈ മേളയുടെ ഉപഭോക്താക്കളായി ഇന്ത്യയ്ക്കകത്തു നിന്നും, വിദേശത്തു നിന്നും ടൂറിസം വിപണനം നടത്തുന്ന സംരംഭകരും പ്രമുഖ പത്ര-മാധ്യമ പ്രതിനിധികളും പങ്കെടുക്കുന്നുണ്ട്. കേരള ട്രാവൽ മാർട്ടിന്റെ ഈ മേളയിൽ പങ്കെടുക്കുന്നതിനുവേണ്ടി കേരള ട്രാവൽ മാർട്ടിൽ ഉപഭോക്താക്കളായിട്ട് രജിസ്റ്റർ ചെയ്യുന്നവരിൽ നിന്ന് വിദഗ്ദ്ധ സമിതിയുടെ പരിശോധനയ്ക്കുശേഷം തെരഞ്ഞെടുക്കപ്പെടുന്ന ഉപഭോക്താക്കളെയാണ് മേളയിൽ പങ്കെടുക്കുന്നത്.

(സി) കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് 2.5 കോടി രൂപയായിരുന്നു. കേരള ടൂറിസത്തിന്റെ വെബ്സൈറ്റിൽ കൂടിയും സോഷ്യൽ മീഡിയ വഴിയും വ്യാപാരികളും വകുപ്പും ചേർന്ന് നടത്തുന്ന മാർക്കറ്റിംഗ് വഴിയും കേരളത്തിനു പുറത്തും വിദേശത്തും നടത്തുന്ന എക്സിബിഷൻ/റോഡ് ഷോ മുതലായവയിലൂടെയും ആകർഷിച്ച് ബോധവൽക്കരിക്കുന്ന ടൂറിസം സംരംഭകരെ കേരളത്തിലേക്ക് ക്ഷണിച്ചുവരുത്തി, കേരളത്തിലെ സംരംഭകരുമായി വിപണന ചർച്ച നടത്തി, വിപണി വിപുലീകരിക്കുക, അതുവഴി വിനോദസഞ്ചാരമേഖലയെ പരിപോഷിപ്പിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. കഴിഞ്ഞ കേരള ട്രാവൽ മാർട്ടിൽ മൂന്ന് ദിവസത്തെ മേളയിൽ ഏകദേശം 40000-ത്തോളം കൂടിക്കാഴ്ചകൾ തരപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നിന്നും ഉരുത്തിരിയുന്ന വ്യാപാര കരാറുകൾ വഴി വിനോദ സഞ്ചാരമേഖലയുടെ വികസനമാണ് ഈ മേള കൊണ്ടുദ്ദേശിക്കുന്നത്.

**വിനോദസഞ്ചാര കേന്ദ്ര വികസന പദ്ധതി**

338(2807) <u>ശ്രീ. ഇ. പി. ജയരാജൻ</u> :
<u>ശ്രീ. ബി. ഡി. ദേവസ്സി</u> :
<u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> :
<u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ വിപുലീകരണത്തിനും വരുമാന വർദ്ധന പ്രവർത്തനങ്ങൾക്കുമായി 2014-15-ൽ പ്രഖ്യാപിച്ച 50 കോടി രൂപയുടെ പദ്ധതികളുടെ വിശദാംശം നൽകാമോ;

(ബി) ഇവയിൽ ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി അറിയിക്കാമോ; ഓരോ പദ്ധതിക്കും എത്ര തുക വീതം പിൻവലിച്ചെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി വിനോദ സഞ്ചാരികളുടെ സുരക്ഷയ്ക്കായി ഒരുക്കിയിരിക്കുന്ന കാര്യങ്ങൾ എന്തൊക്കെയായാണെന്നും അടിക്കടിയുണ്ടാകുന്ന ബോട്ടപകടങ്ങളുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന സുരക്ഷാക്രമീകരണങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) 50 കോടി ബഡ്ജറ്റ് പ്രഖ്യാപനമുണ്ടായെങ്കിലും പദ്ധതി ചെലവുകൾക്ക് പ്രത്യേകിച്ച് തുകയൊന്നും മാറ്റിയിട്ടില്ല.

**കാലടി-മലയാറ്റൂർ-അതിരപ്പിള്ളി ടൂറിസം സർക്യൂട്ട്**

339(2808) <u>ശ്രീ. ജോസ് തെറ്റയിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 24-6-2012-ൽ 44 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയ കാലടി-മലയാറ്റൂർ-അതിരപ്പിള്ളി ടൂറിസം സർക്യൂട്ടിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത മാസ്റ്റർ പ്ലാൻ എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്കായി കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) 24-6-2013-ലെ സർക്കാർ ഉത്തരവ് പ്രകാരം കാലടി-മലയാറ്റൂർ-അതിരപ്പിള്ളി ടൂറിസം സർക്യൂട്ടിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി 44 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനായി ജിറ്റ്പാക് എന്ന ഏജൻസിയെ ചുമതലപ്പെടുത്തി. പ്രസ്തുത മാസ്റ്റർ പ്ലാൻ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**ടേക്ക് എ ബ്രേക്ക് പദ്ധതി**

340(2809) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജിന് മുന്നിലുള്ള എൻ.എച്ച്.-17-ന്റെ വശത്ത് ടൂറിസം വകുപ്പിന്റെ ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി ഡി.റ്റി.പി.സി. മുഖേന സമർപ്പിച്ച പ്രൊപ്പോസലിന് അംഗീകാരം നൽകാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) കണ്ണൂർ ജില്ലയിലെ പട്ടുവം മംഗലശ്ശേരിയിൽ ബോട്ട് റേസ് പവലിയൻ നിർമ്മിക്കുന്നതിന് ഡി.റ്റി.പി.സി. മുഖേന സമർപ്പിച്ച 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ടൂറിസം വകുപ്പ് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഭരണാനുമതി നൽകിയിട്ടില്ല. പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ചു വരുന്നു.

**ടൂറിസം രംഗത്തെ നേട്ടങ്ങൾ**

341(2810) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം രംഗത്തെ നേട്ടങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ടൂറിസത്തിന്റെ സാധ്യതകൾ പരിഗണിച്ച് പ്രസ്തുത മേഖലയിൽ കൂടുതൽ നിക്ഷേപം നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഗ്രാമീണ ടൂറിസം ശക്തിപ്പെടുത്തുന്നതിന് കൂടുതൽ നടപടികൾ ഉണ്ടാകുമോ ;

(ഡി) പ്രാദേശികമായി ടൂറിസം സോണുകൾ വികസിപ്പിക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കുമോ ;

(ഇ) ടൂറിസം മേഖല അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഏതെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(സി) ടൂറിസത്തിന്റെ ഗുണഫലങ്ങൾ പരമാവധി തദ്ദേശീയർക്ക് ലഭ്യമാക്കാനും ദോഷഫലങ്ങൾ പരമാവധി കുറയ്ക്കാനും ലക്ഷ്യമിടുന്ന പദ്ധതിയാണ് ഉത്തരവാദിത്വ ടൂറിസം. തദ്ദേശീയർക്ക് മെച്ചപ്പെട്ട രീതിയിൽ ജീവിക്കാൻ ഉതകുംവിധവും സഞ്ചാരികൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുവാൻ സഹായിക്കുംവിധവും ടൂറിസം കേന്ദ്രങ്ങളെ വികസിപ്പിക്കുക എന്ന അടിസ്ഥാന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ഉത്തരവാദിത്വ ടൂറിസം പദ്ധതി സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക മേഖലകളെ കേന്ദ്രീകരിച്ചാണ് നടപ്പാക്കുന്നത്. തദ്ദേശീയർക്ക് തൊഴിൽ, കാര്യശേഷി വികസനം, ടൂറിസം ഉല്പന്ന വികസനം, ഗ്രാമീണ പാക്കേജുകൾ, പാരിസ്ഥിതിക, സാംസ്കാരിക, പൈതൃക സംരക്ഷണം തുടങ്ങിയവയും ഇതിന്റെ ഭാഗമായി നടപ്പാക്കി വരുന്നു. 2007-ൽ ആരംഭിച്ച പ്രസ്തുത പദ്ധതി കുമരകം, തേക്കടി, വൈത്തിരി, അമ്പലവയൽ, ബേക്കൽ, കോവളം, കുമ്പളങ്ങി എന്നിവിടങ്ങളിലാണ് നടപ്പാക്കി വരുന്നത്. ഉത്തരവാദിത്വ ടൂറിസം പദ്ധതിയുടെ വിപുലീകരണത്തിനായി 112 തദ്ദേശഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്.

(ഡി) ഇക്കാര്യം സംബന്ധിച്ച സാധ്യതകൾ പരിശോധിക്കേണ്ടതുണ്ട്.

(ഇ) ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ കുടുംബശ്രീ, ഡി.റ്റി.പി.സി., ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി തുടങ്ങിയവയുടെ സഹകരണത്തോടെ സ്വീകരിച്ചുവരുന്നു. ജലാശയങ്ങളുമായി ബന്ധപ്പെട്ട ടൂറിസം കേന്ദ്രങ്ങളിലെ വിനോദസഞ്ചാരികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. ടൂറിസം കേന്ദ്രങ്ങളിലെ തെരുവുനായ ശല്യം പരിഹരിക്കുന്നതിനായി പരീക്ഷണാർത്ഥത്തിൽ കോവളത്ത് ഒരു പദ്ധതി നടപ്പാക്കിവരുന്നു. കൂടാതെ ടൂറിസം കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ടൂറിസം പ്രോജക്ട്**

342(2811) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12-ലെ ബഡ്ജറ്റിൽ ടൂറിസം കേന്ദ്രങ്ങളായ ഇലവീഴാപൂഞ്ചിറ, ഇല്ലിക്കല്ല്, അയ്യമ്പാറ, മാർമല അരുവി, വാഗമൺ എന്നീ പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു പുതിയ ടൂറിസം പ്രോജക്ട് നടപ്പിലാക്കാൻ ഒരു കോടി രൂപ വകകൊള്ളിച്ചിട്ടുണ്ടായിരുന്നോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുകയിൽ നിന്ന് ഏതൊക്കെ പ്രവൃത്തികൾക്കായി സർക്കാർ എത്ര തുക ചെലവഴിച്ചുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണ്; വിശദാംശം നൽകുമോ?

ഉത്തരം

(എ-സി) 2011-12-ലെ ബഡ്ജറ്റിൽ ടൂറിസം കേന്ദ്രങ്ങളായ ഇലവീഴാപൂഞ്ചിറ, ഇല്ലിക്കല്ല്, അയ്യമ്പാറ, മാർമല അരുവി, വാഗമൺ എന്നീ പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു പുതിയ ടൂറിസം പ്രോജക്ട് നടപ്പിലാക്കുവാൻ ഒരു കോടി രൂപയുടെ ബഡ്ജറ്റ് പ്രഖ്യാപനമുണ്ടായെങ്കിലും 50 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. 2011-12 കാലയളവിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കപ്പെട്ടിരുന്നില്ല. എന്നാൽ 2014-15-ൽ മേൽപ്പറഞ്ഞ സ്ഥലങ്ങളെ ഉൾപ്പെടുത്തി 'ഗ്രീൻ ടൂറിസം സർക്യൂട്ട്' എന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഗ്രീൻ ടൂറിസം സർക്യൂട്ട് പദ്ധതികൾ ഏകോപിപ്പിക്കുന്നതിനായി ഒരു സ്പെഷ്യൽ ഓഫീസറെയും നിയമിച്ചിട്ടുണ്ട്.

**വയനാട് ജില്ലയിലെ വിനോദസഞ്ചാര സാധ്യതകൾ**

343(2812) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരമേഖലയിൽ ടിവാഗോ എന്ന സ്ഥാപനം നടത്തിയ പഠനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത മേഖലയിൽ കുറഞ്ഞ ചെലവിൽ മികച്ച സേവനം നൽകുന്ന സ്ഥലമായി വയനാടിനെ തെരഞ്ഞെടുത്തിട്ടുണ്ടോ ; വിശദമാക്കുമോ;

(സി) വയനാട്ടിലെ വിനോദസഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ലോകത്തിലെ ഏറ്റവും വലിയ ഓൺലൈൻ ഹോട്ടൽ സെർച്ച് വെബ്സൈറ്റായ ട്രിവാഗോ എന്ന സ്ഥാപനം താമസത്തിനായി ചെലവഴിക്കുന്ന പണത്തിനനുസരിച്ചുള്ള സേവനം ലഭ്യമാണോ എന്നതിന്റെ അടിസ്ഥാനത്തിലാണ് പഠനം നടത്തിയത്. ഈ പഠനത്തിന് ടൂറിസം വകുപ്പുമായി ബന്ധമില്ല.

(ബി) തെരഞ്ഞെടുത്തിട്ടുണ്ട്. പ്രമുഖ യാത്രാ വെബ്സൈറ്റായ ട്രിവാഗോ പുറത്തിറക്കിയ പട്ടികയിൽ ഹോട്ടലിലും മറ്റും കുറഞ്ഞ ചെലവിൽ മികച്ച സേവനം ഒരുക്കുന്നതിൽ വയനാടിനെ ലോകത്തിൽ ഒൻപതാമതായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഔദ്യോഗിക തലത്തിൽ ഇത് സംബന്ധമായി പ്രത്യേക പ്രഖ്യാപനമൊന്നും തന്നെ ഉണ്ടായിട്ടില്ല.

(സി) വയനാട്ടിലെ വിനോദസഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സുൽത്താൻബത്തേരി ഗവൺമെന്റ് ഗസ്റ്റ് ഹൗസ് അഡീഷണൽ ബ്ലോക്ക് നിർമ്മാണം ഉൾപ്പെടെയുള്ള പദ്ധതികൾക്ക് ഏകദേശം 48.6 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വയനാട് ജില്ലയിലെ ഭരണാനുമതി നൽകിയ പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.* ഇനിയും വികസിപ്പിക്കാൻ കഴിയുന്ന അനവധി വിനോദസഞ്ചാര സാധ്യതകൾ വയനാടിനുണ്ട്. ആയതിനുള്ള പദ്ധതികൾ പരിഗണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് വയനാട്ടിലെ വിനോദസഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഹുണാർ സെ-റോസ്ഗാർ തക് പദ്ധതി

344(2813) ശ്രീ. അൻവർ സാദത്ത് :

ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. ടി. എൻ. പ്രതാപൻ :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം രംഗത്ത് ഹുണാർ സെ-റോസ്ഗാർ തക് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

### ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ യുവതീ യുവാക്കൾക്ക് ഹൗസ് കീപ്പിംഗ്, ഫുഡ് പ്രൊഡക്ഷൻ, ഫുഡ് ആന്റ് ബിവറേജ് സർവ്വീസ് എന്നീ രംഗങ്ങളിൽ അവരുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിച്ച് തൊഴിൽ നേടാനുള്ള അവസരമൊരുക്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(സി) പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വഴി യോഗ്യരായവരെ തെരഞ്ഞെടുത്ത് സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലെ വിവിധ സെന്ററുകളിലായി 2012-13 മുതൽ നാളിതുവരെ 25318 ഗുണഭോക്താക്കൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. പരിശീലനം പൂർത്തിയാക്കിയവർ ഉപരിപഠനത്തിനും സ്വയം തൊഴിൽ മേഖലയിലും ഹോസ്പിറ്റാലിറ്റി മേഖലയിലും പ്രവർത്തിച്ചുവരുന്നു. വിവിധ ജില്ലകളിൽ 2 മാസത്തെ കോഴ്സ് പൂർത്തിയാക്കിയവർക്ക് കേന്ദ്ര സർക്കാരിന്റെ 6 മാസത്തെ ഫുഡ് പ്രൊഡക്ഷൻ ഡിപ്ലോമ കോഴ്സ് സൗജന്യമായി നടത്തിവരുന്നു.

**ആലപ്പുഴ ടൂറിസം സർക്യൂട്ട് പദ്ധതി**

345(2814) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ടൂറിസം സർക്യൂട്ട് പദ്ധതിയിൽ ഉൾപ്പെട്ട വട്ടക്കായലിലെ ഹൗസ് ബോട്ട് ടെർമിനൽ നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ആലപ്പുഴ ടൂറിസം പദ്ധതിയിൽ പൂർത്തീകരിച്ചതും നടപ്പിലാക്കാനുള്ളതുമായ പദ്ധതികളും ഏതെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ആലപ്പുഴ ടൂറിസം സർക്യൂട്ട് പദ്ധതിയിൽ ഉൾപ്പെട്ട വട്ടക്കായൽ ഹൗസ് ബോട്ട് ടെർമിനലിന്റെ താഴെപ്പറയുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ടിക്കറ്റ് കൗണ്ടർ, കടകൾ, വുഡൻ ഡെക്, ആംഫി തിയേറ്റർ & സ്റ്റേജ്, പോലീസ് ബൂത്ത്, വ്യൂവിംഗ് ഡെക്, ലൈഫ് ഗാർഡുകളുടെ റൂം, റെയിൻ ഷെൽട്ടർ, ചേഞ്ച് റൂം, പമ്പ് റൂം, ആർ.ഒ. പ്ലാന്റ്, നടപ്പാത, സ്ക്രീൻ വാൾ, പ്ലാന്റർ ബോക്സ്, എ.റ്റി.എം., പാലം, Earth filling for land development.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ആലപ്പുഴ ജില്ലയിൽ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ പ്രവർത്തനം**

346(2815) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ആലപ്പുഴ ജില്ലയിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കി വരുന്നത് ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതൊക്കെ പൂർത്തീകരിച്ചുവെന്നും പൂർത്തീകരിക്കുവാനുള്ളവ ഏതൊക്കെയെന്നും വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) അർത്തുങ്കൽ പള്ളിയോട് ചേർന്ന് ടോയ്‌ലെറ്റ് ബ്ലോക്ക്, പൂങ്കാവ് പള്ളിയോട് ചേർന്ന് പിൽഗ്രിം ടൂറിസം, കൃപാസനം പൗരാണിക രംഗ കലാപീഠം സ്ഥാപനത്തിൽ കൾച്ചറൽ പ്രോഗ്രാം നടത്തുന്നതിനുള്ള ഓപ്പൺ എയർ ഓഡിറ്റോറിയം, ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം ചേർത്തല റെയിൽവേ സ്റ്റേഷന് എതിർവശം വിശ്രമകേന്ദ്രം, പല്ലന കുമാരകോടി Literary Tourism Development Project, ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം ഹരിപ്പാട് ബസ് സ്റ്റാൻഡിന് പടിഞ്ഞാറ് വശം വിശ്രമകേന്ദ്രം, ചുണ്ടൻവള്ളങ്ങളുടെയും വള്ളപ്പുരകളുടെയും നവീകരണത്തിന് Snake boat Tourism product Development Project, ഹരിപ്പാട് നെൽപ്പുരക്കടവിൽ നെൽപ്പുരക്കടവ് ഫാം ടൂറിസം പ്രോജക്ട്, ചെങ്ങന്നൂരിൽ പാണ്ടനാട് ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് പ്രോജക്ട് എന്നീ പദ്ധതികളും മെഗാ ടൂറിസം സർക്യൂട്ട് പ്രോജക്ടിന്റെ ഭാഗമായി ആലപ്പുഴയിൽ താഴെപ്പറയുന്ന പദ്ധതികളും നടപ്പിലാക്കിവരുന്നു.

അരൂക്കുറ്റി, തണ്ണീർമുക്കം, പള്ളാത്തുരുത്തി, നെടുമുടി, കഞ്ഞിപ്പാടം, കായംകുളം എന്നീവിടങ്ങളിലായി ഹൗസ് ബോട്ട് ടെർമിനലുകളുടെ നിർമ്മാണം, തോട്ടപ്പള്ളി ഹൗസ് ബോട്ട് ടെർമിനൽ നിർമ്മാണം, വട്ടക്കായൽ വെസ്റ്റ്, കരുമാടി, വിളക്കുമരം എന്നിവിടങ്ങളിൽ നൈറ്റ് ഹാൾട്ട് ടെർമിനലുകളുടെ നിർമ്മാണം, മെഗാ ടൂറിസം പദ്ധതിയിലെ മൈക്രോ ഡെസ്റ്റിനേഷൻ ഡവലപ്മെന്റ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വയ്യാങ്കര ചിറതഴപ്പ്, കുതിരവട്ടം ചിറ എന്നിവിടങ്ങളിലെ ജോലികൾ, അർത്തുങ്കൽ, തോട്ടപ്പള്ളി ബീച്ച് എന്നിവിടങ്ങളിൽ ബീച്ച് ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ്, മെഗാടൂറിസം പദ്ധതിയിലെ ഫിനിഷിംഗ് പോയിന്റ് ടെർമിനൽ കോംപ്ലക്സ് നിർമ്മാണം, കനാൽ നവീകരണത്തിന്റെ ഭാഗമായി വാടക്കനാൽ, കൊമേഴ്സ്യൽ കനാൽ, ലിങ്ക് കനാൽ ബ്യൂട്ടിഫിക്കേഷൻ എന്നിവ.

(ബി) പ്രസ്തുത പദ്ധതികളിൽ പൂങ്കാവ് പള്ളിയോട് ചേർന്ന് പിൽഗ്രിം സെന്റർ നിർമ്മാണവും ചെങ്ങന്നൂരിലെ പാണ്ടനാട് ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് പ്രോജക്ടും പൂർത്തീകരിച്ച് ഉദ്ഘാടനത്തിന് സജ്ജമായിട്ടുണ്ട്. മറ്റു പദ്ധതികൾ നിർമ്മാണ പുരോഗതിയിലാണ്. ഫിനിഷിംഗ് പോയിന്റിലെ ടെർമിനൽ കോംപ്ലക്സ്, അർത്തുങ്കൽ ബീച്ചിൽ ചിൽഡ്രൻസ് പാർക്ക് നിർമ്മാണം എന്നിവ പൂർത്തിയായി. ആലപ്പുഴ മെഗാ ടൂറിസം സർക്യൂട്ട് പ്രോജക്ടിൽപ്പെട്ട മറ്റ് പ്രവൃത്തികൾ നിർമ്മാണ പുരോഗതിയിലാണ്.

**ചുനക്കര വെട്ടിക്കോട്ട്ചാൽ വിനോദസഞ്ചാര കേന്ദ്രമാക്കുന്നതിന് പദ്ധതി**

347(2816) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ ചുനക്കര വെട്ടിക്കോട്ട്ചാൽ നവീകരിച്ച് വിനോദസഞ്ചാര കേന്ദ്രമാക്കുന്നതിന് ഡി.റ്റി.പി.സി. സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രോജക്ട് റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ പ്രസ്തുത സ്ഥലം ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) വെട്ടിക്കോട്ട്ചാലിന്റെ നവീകരണവുമായി ബന്ധപ്പെട്ട് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വെട്ടിക്കോട്ട്ചാൽ ടൂറിസം പദ്ധതി പ്രദേശം സന്ദർശിച്ച് സാധ്യതാപഠനം നടത്തുകയും ഇതനുസരിച്ച് സ്റ്റേറ്റ് ടൂറിസം പ്രോജക്ട് ഡിസൈനേഴ്സ് പാനലായ ഗ്രേറ്റ് ഇന്ത്യാ ടൂറിസം പ്ലാനേഴ്സ് കൺസൾട്ടന്റ്സ് ഇന്റർനാഷണലിനെ (ജിറ്റ്പാക്) DPR തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) പരിശോധിക്കുന്നതാണ്.

**ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ**

348(2817) ശ്രീ. എളമരം കരീം :
ശ്രീ. കെ. ദാസൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ നിക്ഷേപ പ്രയോജനം വിശകലനം ചെയ്തിരുന്നുവോ; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ഇതുവരെ എത്ര തുക ചെലവഴിച്ചെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ ഓരോ വർഷവും പദ്ധതി നടത്തിപ്പിന് ഏതെല്ലാം ക്രമീകരണങ്ങളാണ് ചെയ്തിരുന്നത്; പ്രസ്തുത വിഷയം സംബന്ധിച്ച പരാതികളുടെയും ആയത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികളുടെയും വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ നിക്ഷേപ പ്രയോജനം വിശകലനം ചെയ്തിരുന്നു. കേരളത്തിന്റെ വ്യാപാരമേഖലയിൽ ഒരു രണ്ടാം വ്യാപാരകാലം സൃഷ്ടിക്കുന്നതിന് ജി.കെ.എസ്.എഫ്.-ന് കഴിഞ്ഞിട്ടുണ്ട്. അതേ പോലെ കേരളത്തിലെ ഉല്പന്നങ്ങൾക്ക് പ്രത്യേകിച്ചും കരകൗശലമേഖലയിൽ ഒരു പുത്തൻ ഉണർവുണ്ടാക്കാനും വിപണി മെച്ചപ്പെടുത്താനും കഴിഞ്ഞിട്ടുണ്ട്.

(ബി) 2007-08 മുതൽ 2014-15 വരെ ഇതുവരെ ആകെ 240,15,01,723 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) സീസൺ 5 മുതലാണ് ഈ സർക്കാരിന്റെ കാലത്ത് മേള സംഘടിപ്പിച്ചു വരുന്നത്. നേരത്തെ വിവിധ ഏജൻസികൾ നടത്തിവന്ന പ്രവർത്തനം ഓരോ സീസണിലും ക്രമാനുഗതമായി കുറയ്ക്കുകയും ഇവ ജി.കെ.എസ്.എഫ്. നേരിട്ട് സംഘടിപ്പിക്കുകയുമാണ് ചെയ്യുന്നത്. ചെലവിനത്തിൽ ഏജൻസികൾക്ക് നൽകിയ കമ്മീഷൻ, സർവ്വീസ് ചാർജ്ജ് തുടങ്ങിയ ഇനങ്ങളിൽ മുൻ സീസണുകളിൽ ചെലവഴിക്കപ്പെട്ട തുകയുടെ നല്ലൊരു ശതമാനം ലഭിക്കാൻ ഇതുവഴി കഴിഞ്ഞു. സീസൺ 9-ൽ കൂപ്പൺ വിതരണം, കാൾ സെന്റർ തുടങ്ങിയവ ജി.കെ.എസ്.എഫ്. നേരിട്ടാണ് നടത്തുന്നത്. അത്യാവശ്യ മേഖലകളിൽ മാത്രമാണ് പുറത്തുനിന്നുള്ള ഏജൻസികളുടെ സേവനം ലഭ്യമാക്കിയിട്ടുള്ളത്. ഇത്തരം പ്രവൃത്തികൾ വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ എംപാനൽ ചെയ്തിരിക്കുന്ന ഏജൻസികളെയാണ് ചുമതലപ്പെടുത്തുന്നത്.

## ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ ഡിജിറ്റലൈസേഷൻ

349(2818) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സീസൺ ഒൻപത് ഡിജിറ്റലൈസ് ചെയ്യാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഇതിനായി ഏത് തലത്തിലാണ് അനുമതി നൽകിയിരിക്കുന്നത്; ഇതിനുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു; വിശദമാക്കാമോ ;

(ബി) ഡിജിറ്റലൈസേഷൻ നടത്തുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; പ്രസ്തുത ഏജൻസിയുമായി സർക്കാർ കരാറിൽ ഏർപ്പെട്ടുകയുണ്ടായോ; എങ്കിൽ കരാറിന്റെ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ;

(സി) ഇതിനായുള്ള ടെണ്ടറിൽ ഏതെല്ലാം സ്ഥാപനങ്ങൾ പങ്കെടുത്തുവെന്നും അവയിൽ ഏതെല്ലാം ക്വാളിഫൈ ചെയ്തുവെന്നും വ്യക്തമാക്കാമോ ; ഓരോ സ്ഥാപനവും ക്വാട്ട് ചെയ്ത തുക എത്ര വീതം?

ഉത്തരം

(എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സീസൺ 9 പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യാൻ തീരുമാനിച്ചിട്ടില്ല. ഇതിനായി പ്രത്യേകമായി തുക ജി.കെ.എസ്.എഫ്. ചെലവഴിക്കുന്നില്ല.

(ബി) സീസൺ 9-ൽ ഒരു പരീക്ഷണമെന്ന നിലയിൽ ഭാഗികമായി രണ്ടു ലക്ഷത്തിൽ കൂടാത്ത കൂപ്പൺ ഡിജിറ്റലായി നൽകുന്നുണ്ട്. സെന്റർ ഫോർ ഡിജിറ്റൽ ഫിനാൻഷ്യൽ ഇൻക്ലൂഷൻ എന്ന ഏജൻസിയും, ഭാരതീയ സ്റ്റേറ്റ് ബാങ്കും ഫെഡറൽ ബാങ്കുമാണ് ഈ പദ്ധതിക്കാവശ്യമായ തുക ചെലവഴിക്കുന്നത്. സി.ഡി.എഫ്.ഐ. ആണ് ഇതിന്റെ പങ്കാളികൾ. സി.ഡി.എഫ്.ഐ.-യുമായി ധാരണപത്രം ഒപ്പുവച്ചിട്ടുണ്ട്. കരാറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ഈ പദ്ധതിക്കായി ജി.കെ.എസ്.എഫ്.-ന് പ്രത്യേകം ചെലവില്ല. നടത്തിപ്പിനായി വരുന്ന തുക സി.ഡി.എഫ്.ഐ.-യും ബാങ്കുകളുമാണ് ചെലവഴിക്കുന്നത്. ആയതിനാൽ ടെണ്ടർ നടപടികൾ നടത്തിയിട്ടില്ല. ഭാരതീയ സ്റ്റേറ്റ് ബാങ്കും, ഫെഡറൽ ബാങ്കും ഡിജിറ്റൽ കൂപ്പണിന്റെ തുക ജി.കെ.എസ്.എഫ്.-ന് നൽകിയാണ് കൂപ്പൺ വാങ്ങുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മലപ്പുറം കോട്ടക്കുന്നിൽ കെ.ടി.ഡി.സി.-യുടെ കീഴിൽ റിസോർട്ട്

350(2819) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ കെ.ടി.ഡി.സി. ഹോട്ടൽ ആന്റ് റിസോർട്ടുകൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത് ; ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതിയ ഹോട്ടലുകൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണ്;

(ബി) മലപ്പുറം കോട്ടക്കുന്നിൽ കെ.ടി.ഡി.സി.-യുടെ കീഴിൽ ഒരു പുതിയ ഹോട്ടൽ ആന്റ് റിസോർട്ട് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കെ.ടി.ഡി.സി.-യുടെ ഹോട്ടലുകളും റിസോർട്ടുകളും സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി ഹോട്ടലുകൾ ആരംഭിച്ചിട്ടില്ല.

1. തിരുവനന്തപുരം
2. കോവളം
3. കൊച്ചി
4. തേക്കടി
5. കുമരകം
6. മൂന്നാർ
7. മലമ്പുഴ
8. ഗുരുവായൂർ, തൃശ്ശൂർ
9. സുൽത്താൻബത്തേരി
10. പൊന്മുടി
11. ആലപ്പുഴ
12. കൊണ്ടോട്ടി, മലപ്പുറം
13. തിരുനെല്ലി, വയനാട്
14. നിലമ്പൂർ, മലപ്പുറം
15. കണ്ണൂർ
16. ചങ്ങനാശ്ശേരി, കോട്ടയം
17. പീരുമേട്, ഇടുക്കി

18. കൊല്ലം
19. മണ്ണാർക്കാട്, പാലക്കാട്
20. പറശ്ശിനിക്കടവ്, കണ്ണൂർ
21. കായംകുളം
22. നെയ്യാർഡാം
23. പാലരുവി
24. വൈക്കം
25. കുറ്റിപ്പുറം, മലപ്പുറം
26. വടകര
27. കൊട്ടാരക്കര
28. അതിരപ്പിള്ളി, തൃശ്ശൂർ
29. പുനലൂർ
30. തൃശ്ശൂർ
31. പാലക്കാട്

(ബി) പരിശോധിക്കുന്നതാണ്.

**ധർമ്മടം തുരുത്ത്**

351(2820) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധർമ്മടം തുരുത്തിന് സമീപത്ത് നിർമ്മിക്കുന്ന കിറ്റ്സിന്റെ കെട്ടിടത്തിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ പ്രവൃത്തി മുന്നോട്ടു കൊണ്ടുപോകുന്നതിന് എന്തെങ്കിലും തടസ്സം നേരിട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത തടസ്സങ്ങൾ മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കെട്ടിടത്തിന്റെ ഒന്നാമത്തെ നിലവരെയുള്ള സ്ട്രക്ചറൽ വർക്കുകൾ പൂർത്തീകരിച്ചുകഴിഞ്ഞു.

(ബി&സി) പ്രസ്തുത കെട്ടിടം സി.ആർ.ഇസഡ്. മേഖലയിൽ വരുന്നതിനാൽ പൂർത്തീകരിക്കുന്നതിന് ക്ലിയറൻസ് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## കഠിനംകുളം-കടലുകാണി ടൂറിസം പദ്ധതികൾ

352(2821) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ടൂറിസം വകുപ്പ് നടപ്പിലാക്കിയ കഠിനംകുളം ബാക്ക്‌വാട്ടർ സർക്യൂട്ട്, കടലുകാണി എന്നീ ടൂറിസം പദ്ധതികൾ പരിപാലനമില്ലാതെ നശിച്ച് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതികളുടെ പരിപാലനം ഏത് ഏജൻസിയെയാണ് ഏല്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികൾ സംരക്ഷിച്ച് നിലനിർത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കഠിനംകുളം ബാക്ക്‌വാട്ടർ ടൂറിസം പദ്ധതിയുടെ ഭാഗമായ കൊല്ലമ്പുഴ പാർക്ക് വികസന പദ്ധതിയുടെ നിലവിലെ ചില പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കടലുകാണി ടൂറിസം പദ്ധതി പരിപാലനമില്ലാതെ നശിച്ചുപോകുന്നു എന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) കഠിനംകുളം പദ്ധതി നിർമ്മാണം പൂർത്തിയാക്കി നിർവ്വഹണ ഏജൻസിയായ സിഡ്കോ കൈമാറുന്ന മുറയ്ക്ക് പദ്ധതി പരിപാലനം അനുയോജ്യമായ ഏജൻസികളെ ഏല്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. കടലുകാണി ടൂറിസം പദ്ധതി, നിർമ്മാണം പൂർത്തിയാക്കിയ ശേഷം പുളിമാത്ത് ഗ്രാമപഞ്ചായത്തിനെ ഏല്പിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

## പുതിയതായി ആരംഭിച്ച ടൂറിസം പദ്ധതികൾ

353(2822) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച ടൂറിസം പദ്ധതികൾ ഏതെല്ലാമാണെന്നും ഇവയ്ക്ക് ഓരോന്നിനും എത്ര രൂപ വീതം ചെലവാക്കിയിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ നിന്നും പ്രതിമാസം ശരാശരി എത്ര രൂപ വീതം ലഭിക്കുന്നുണ്ട്; വിശദമായ പട്ടിക നൽകുമോ?

<u>ഉത്തരം</u>

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഓരോ പദ്ധതികളിൽ നിന്നും ലഭിക്കുന്ന വരുമാനത്തിന്റെ കണക്ക് തിട്ടപ്പെടുത്തിയിട്ടില്ല.

**പൊന്മുടി വിനോദസഞ്ചാര കേന്ദ്രത്തിന്റെ നവീകരണം**

354(2823) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം നിയോജക മണ്ഡലത്തിലെ പൊൻമുടി വിനോദസഞ്ചാര കേന്ദ്രത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി എത്ര തുക ചെലവഴിച്ചു; ഇനം തിരിച്ച് വിശദമാക്കുമോ;

(ബി) എന്തെല്ലാം പദ്ധതികളാണ് പൊൻമുടിയിൽ പുതുതായി നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ;

(സി) വിനോദസഞ്ചാരികൾക്കായി ഏതെല്ലാം സൗകര്യങ്ങളാണ് പൊൻമുടിയിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) പൊൻമുടി ടൂറിസ്റ്റ് കേന്ദ്രത്തിന്റെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും ഇതിന്റെ നടപടികൾ ഏതുഘട്ടം വരെയായി എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പൊന്മുടി ഗസ്റ്റ് ഹൗസിലെ 'ബി' ബ്ലോക്കിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 44,00,000 (നാല്പത്തിനാല് ലക്ഷം) രൂപയും സ്ട്രക്ചറൽ റീഹാബിലിറ്റേഷൻ വർക്കുകൾക്കായി 36,60,000 (മുപ്പത്തിയാറ് ലക്ഷത്തി അറുപതിനായിരം) രൂപയും പൊന്മുടി ഗസ്റ്റ് ഹൗസിലെ എ, ബി ബ്ലോക്കുകളിൽ വാട്ടർ ഹീറ്ററുകൾ ഘടിപ്പിക്കുന്നതിനായി 98,000 (തൊണ്ണൂറ്റിയെണ്ണായിരം) രൂപയും പൊന്മുടി ടൂറിസം കോംപ്ലക്സിന്റെ ഒന്നാം ഘട്ട പ്രവർത്തനങ്ങൾക്കായി 5,55,63,984 (അഞ്ച് കോടി അമ്പത്തിയഞ്ച് ലക്ഷത്തി അറുപത്തിമൂവായിരത്തി തൊള്ളായിരത്തി എൺപത്തിനാല്) രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി-ഡി) വിനോദസഞ്ചാരികൾക്ക് താമസവും ഭക്ഷണവും ഒരുക്കുന്നതിന് സർക്കാർ ഗസ്റ്റ് ഹൗസ് നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ടൂറിസം കോംപ്ലക്സിന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പൊന്മുടിയുടെ സമഗ്ര വികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ടാറ്റ കൺസൾട്ടൻസി സർവ്വീസസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**അഡ്വഞ്ചർ ടൂറിസം**

355(2824) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡ്വഞ്ചർ ടൂറിസം നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) കേരളത്തിൽ സുസ്ഥിര സാഹസിക വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കാപ്പിൽ, മുഴപ്പിലങ്ങാട്, വാഗമൺ എന്നീ സ്ഥലങ്ങളെ പ്രധാന സാഹസിക വിനോദസഞ്ചാര കേന്ദ്രങ്ങളായി ഉയർത്തുന്നതിന് വിശദമായ രൂപരേഖ തയ്യാറാക്കിവരുന്നു. കൂടാതെ കേരളത്തിലെ എല്ലാ ജില്ലകളിലും സ്ഥലലഭ്യതയ്ക്കനുസരിച്ച് അഡ്വഞ്ചർ പാർക്ക് നിർമ്മിക്കുന്നതിനും തീരുമാനമായിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ വേളി ടൂറിസ്റ്റ് വില്ലേജ്, മലപ്പുറം ജില്ലയിലെ കോട്ടക്കുന്ന് എന്നീ സ്ഥലങ്ങൾ അഡ്വഞ്ചർ പാർക്ക് നിർമ്മിക്കുന്നതിന് അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുണ്ട്. കേരളത്തിൽ സാഹസിക വിനോദ സഞ്ചാരത്തിന്റെ അനന്ത സാധ്യതകൾ അന്താരാഷ്ട്ര ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ വിവിധ അന്തർദ്ദേശീയ സാഹസിക മത്സരങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ഇന്റർനാഷണൽ മൗണ്ടെൻ ബൈക്ക് ചലഞ്ച് MTB Kerala Second Edition-2014 ഫെബ്രുവരിയിൽ കൽപ്പറ്റയിലും അന്താരാഷ്ട്ര കയാക്കിംഗ് മത്സരമായ മലബാർ റിവർ ഫെസ്റ്റിവൽ 2014 ജൂലൈയിൽ കോഴിക്കോട് ജില്ലയിലെ തുഷാരഗിരിയിൽ ഇരുവഞ്ഞിപ്പുഴയിലും ചാലിപ്പുഴയിലും വിജയകരമായി നടപ്പാക്കുവാൻ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിക്ക് കഴിഞ്ഞു. കൂടാതെ 2015 ഫെബ്രുവരിയിൽ ഇടുക്കിയിലെ വാഗമണിൽ അന്താരാഷ്ട്ര പാരാഗ്ലൈഡിംഗ് ഫെസ്റ്റിവലും സംഘടിപ്പിക്കുകയുണ്ടായി. ഇതിലുപരി, കടലിനടിയിലെ സാഹസികത ആഗ്രഹിക്കുന്നവർക്കായി സ്കൂബ ഡൈവിംഗ് കോവളത്ത് നടത്തിവരുന്നു.

(ബി) പർവ്വതങ്ങളും കുന്നുകളും ജലാശയങ്ങളും കൊണ്ട് അനുഗ്രഹിക്കപ്പെട്ട കേരളത്തിന്റെ ഭൂപ്രകൃതിയുടെ അനന്ത സാധ്യതകൾ മനസ്സിലാക്കി കേരളത്തെ ഒരു സുസ്ഥിര സാഹസിക വിനോദസഞ്ചാര മേഖലയായി ഉയർത്തുക എന്നതാണ് പ്രധാന ഉദ്ദേശലക്ഷ്യം.

(സി) കേരളത്തിൽ സാഹസിക വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ടൂറിസം വകുപ്പിന് കീഴിൽ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ ഓരോ ഉത്സവ, മത്സരാവസരങ്ങളിലും സർക്കാർ ധനസഹായം നൽകിവരുന്നുണ്ട്.

**കോഴിക്കോട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ പ്രോജക്ടുകൾ**

356(2825) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കോഴിക്കോട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിൻെറ ആഭിമുഖ്യത്തിൽ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ള പ്രോജക്ടുകൾ ഏതെല്ലാം ; പ്രോജക്ടുകളുടെ പകർപ്പ് സഹിതം വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ കോഴിക്കോട് ജില്ലയിൽ നിന്നും സമർപ്പിച്ചിട്ടുള്ള പ്രോജക്ടുകളിൽ ഏതൊക്കെയൊണ് സ്റ്റേറ്റ് ലെവൽ വർക്കിംഗ് ഗ്രൂപ്പിൽ വന്നിട്ടുള്ളതെന്നും അവയിൽ ഏതെല്ലാമാണ് അംഗീകരിച്ചതെന്നും വിശദമാക്കുമോ ;

(സി) കൊയിലാണ്ടി മണ്ഡലത്തിലെ പ്രശസ്തമായ ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജിൽ മ്യൂസിക്കൽ ഫൗണ്ടൻ നിർമ്മിക്കുന്നതിനായി സമർപ്പിച്ച പദ്ധതിയിൻമേൽ സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാം ; വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി&ഡി) കൊയിലാണ്ടി മണ്ഡലത്തിലെ ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജിൽ മ്യൂസിക്കൽ ഫൗണ്ടൻ സ്ഥാപിക്കുന്നതിനായി ലഭ്യമായ പ്രോജക്ട് റിപ്പോർട്ടിന്മേൽ സാധ്യതാപഠനം നടത്തി മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

**സർക്കാർ അതിഥി മന്ദിരങ്ങളുടെ നവീകരണം**

357(2826) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഓരോ സർക്കാർ അതിഥിമന്ദിരങ്ങളിലുമുള്ള മുറികളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) കാസർഗോഡ് സർക്കാർ അതിഥിമന്ദിരത്തിൽ മുറികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് അഡീഷണൽ കെട്ടിടം പണിയുന്നതിന് ആലോചനയുണ്ടോ; പ്രസ്തുത ആവശ്യം ഉന്നയിച്ച് കത്തുകൾ നൽകിയ വ്യക്തികളുടെയും സംഘടനകളുടെയും പേരുകൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത അഡീഷണൽ ബ്ലോക്ക് നിർമ്മാണത്തിന് ഫണ്ട് നീക്കിവച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ ഗസ്റ്റ് ഹൗസുകളിലെ മുറികളുടെ ജില്ല തിരിച്ചുള്ള വിവരം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| കേരള ഹൗസ്, മുംബൈ | - | 13 |
| കേരള ഹൗസ്, കന്യാകുമാരി | - | 13 |
| തിരുവനന്തപുരം | - | 65 |
| കൊല്ലം | - | 26 |
| പത്തനംതിട്ട | - | 9 |
| എറണാകുളം | - | 78 |
| തൃശ്ശൂർ | - | 37 |
| ഇടുക്കി | - | 40 |
| ആലപ്പുഴ | - | 13 |
| കോട്ടയം | - | 8 |
| പാലക്കാട് | - | 12 |
| മലപ്പുറം | - | 8 |
| കോഴിക്കോട് | - | 13 |
| വയനാട് | - | 8 |
| കണ്ണൂർ | - | 34 |
| കാസർഗോഡ് | - | 12 |

(ബി) കാസർഗോഡ് ഗസ്റ്റ് ഹൗസിന്റെ അഡീഷണൽ കെട്ടിടത്തിന്റെ നിർമ്മാണം സംബന്ധിച്ച് ശ്രീ. സി. ടി. അഹമ്മദ് അലി എം.എൽ.എ., ശ്രീ. എൻ. എ. നെല്ലിക്കുന്ന് എം.എൽ.എ. എന്നിവർ കത്തുകൾ നൽകിയിട്ടുണ്ട്. പ്രസ്തുത ആവശ്യം പരിശോധിക്കുന്നതാണ്.

(സി) ഈ ആവശ്യത്തിനായി ഫണ്ട് വകയിരുത്തിയിട്ടില്ല.

**അതിരപ്പിള്ളി ടെയ്ക്ക്-എ-ബ്രേക്ക് പദ്ധതി**

358(2827) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(

എ) സംസ്ഥാന വിനോദസഞ്ചാര വകുപ്പ് നടപ്പാക്കുന്ന 'ടെയ്ക്ക്-എ-ബ്രേക്ക്' പദ്ധതി പ്രകാരം ചാലക്കുടി മണ്ഡലത്തിലെ കൊരട്ടി പഞ്ചായത്ത് വക ദേശീയ പാതയോട് ചേർന്ന സ്ഥലത്ത് ആധുനിക ടോയ്‌ലെറ്റ് സൗകര്യങ്ങളോടുകൂടിയ വിശ്രമകേന്ദ്രം പണിയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കുമോ ;

(ബി) അതിരപ്പിള്ളിയിലെ മലക്കപ്പാറയിൽ പഞ്ചായത്ത് നിർദ്ദേശിച്ചിട്ടുള്ള സ്ഥലത്ത് 'ടെയ്ക്ക് എ ബ്രേക്ക് പദ്ധതി' നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ചാലക്കുടി മണ്ഡലത്തിലെ ഏതെല്ലാം സ്ഥലത്താണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുള്ളത് എന്നും എവിടെയെല്ലാമാണ് പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത് എന്നും അറിയിക്കാമോ ?

ഉത്തരം

(എ) നിലവിൽ ഭരണാനുമതി നൽകിയിട്ടുള്ള ടേക്ക്-എ-ബ്രേക്ക് യൂണിറ്റുകളിൽ ചാലക്കുടി മണ്ഡലത്തിലെ കൊരട്ടി പഞ്ചായത്ത് വക സ്ഥലം ഉൾപ്പെട്ടിട്ടില്ല.

(ബി) പരിശോധിക്കുന്നതാണ്.

(സി) കൊരട്ടി, കേരള കലാമണ്ഡലത്തിന് സമീപമുള്ള ഡി.റ്റി.പി.സി. വക സ്ഥലം, ചാലക്കുടി മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിൽ പേരാമ്പ്ര വില്ലേജിലുള്ള സ്ഥലം, അതിരപ്പിള്ളി പഞ്ചായത്തിലെ മലക്കപ്പാറയിലുള്ള സ്ഥലം എന്നിവയ്ക്കാണ് അപേക്ഷ ലഭിച്ചിട്ടുള്ളത്. ഇതിൽ ചാലക്കുടി മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തെ ടേക്ക് എ ബ്രേക്ക് യൂണിറ്റിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

**മുഴപ്പിലങ്ങാട് ബീച്ചിലെ കെ.ടി.ഡി.സി. ഹോട്ടൽ നിർമ്മാണം**

359(2828) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഴപ്പിലങ്ങാട് ബീച്ചിൽ കെ.ടി.ഡി.സി. നിർമ്മിക്കുന്ന ഹോട്ടലിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) കെട്ടിടം പണി പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സം നേരിട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) പ്രസ്തുത തടസ്സങ്ങൾ നീക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർണ്ണമായും പൂർത്തിയായിട്ടില്ല.

(ബി) കെ.ടി.ഡി.സി. ഏറ്റെടുത്ത സ്ഥലത്ത് ചെന്നെത്തുന്നതിലേക്കായി പൊതുവഴി നിലവിലില്ല. കൂടാതെ തദ്ദേശവാസികളുടെ സ്വകാര്യ വഴിയിൽക്കൂടി നിർമ്മാണസാമഗ്രികൾ എത്തിക്കുന്നതിന് തദ്ദേശവാസികൾ തടസ്സം നിൽക്കുന്നു.

(സി) ഈ തടസ്സങ്ങൾ നീക്കിക്കിട്ടുന്നതിനായി ബീച്ച് വഴി കെ.ടി.ഡി.സി.-യുടെ വസ്തുവിൽ പ്രവേശിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2581-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

## II പ്രത്യേക പരാമർശം

### സുവർണ്ണചകോരം അവാർഡ് നേടിയ 'ഒറ്റാൽ'-ന്റെ സംവിധായകൻ ജയരാജിന് അഭിനന്ദനം

മി. സ്പീക്കർ : കേരളത്തിന്റെ ഇരുപതാമത് അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ സുവർണ്ണചകോരമുൾപ്പെടെ നാല് അവാർഡുകൾ നേടിയ 'ഒറ്റാൽ'-ന്റെ സംവിധായകൻ ജയരാജിനെയും അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ച എല്ലാ കലാ സാങ്കേതികവിദഗ്ദ്ധരെയും കേരള നിയമസഭ അഭിനന്ദിക്കുന്നു. മലയാള സിനിമയുടെ ചരിത്രത്തിലാദ്യമായാണ് അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ മലയാള സിനിമയ്ക്ക് സുവർണ്ണ ചകോരം ലഭിക്കുന്നത്. സുവർണ്ണ ചകോരം കൂടാതെ ചലച്ചിത്ര നിരൂപകരുടെ രാജ്യാന്തര സംഘടനയായ 'ഫിപ്രസി'-യുടെ മികച്ച ചിത്രത്തിനുള്ള അവാർഡ്, പ്രേക്ഷകർ തെരഞ്ഞെടുത്ത മികച്ച ചിത്രത്തിനുള്ള അവാർഡ്, ഏഷ്യൻ സിനിമകൾക്ക് നൽകുന്ന 'നെറ്റ്പാക്ക്' അവാർഡ് എന്നിവയും ഒറ്റാലിനാണ് ലഭിച്ചത്.

(അവാർഡ് ലഭിച്ച സിനിമ കാണുന്നതിന് അവസരമുണ്ടാക്കണമെന്ന് നിയമസഭാംഗങ്ങൾ ആവശ്യപ്പെട്ടു.)

മി. സ്പീക്കർ : ബഹുമാനപ്പെട്ട നിയമസഭാംഗങ്ങൾക്ക് സിനിമ കാണുന്നതിനുള്ള അവസരമുണ്ടാക്കാം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ബഹുമാനപ്പെട്ട സ്പീക്കർ നൽകിയ അഭിനന്ദനത്തിന് ഞാൻ നന്ദി അറിയിക്കുകയാണ്. ഇരുപതാമത് അന്താരാഷ്ട്ര ചലച്ചിത്രോത്സവം വളരെ ഭംഗിയായി നടത്താൻ സഹായിച്ച കേരളത്തിലെ ജനങ്ങളെയും ജനപ്രതിനിധികളെയും നന്ദി അറിയിക്കുകയാണ്. അതുപോലെ ശ്രീ. ജയരാജ് സംവിധാനം ചെയ്ത "ഒറ്റാൽ" എന്ന സിനിമ ബഹുമാനപ്പെട്ട നിയമസഭാംഗങ്ങളെ കാണിക്കുന്നതിനായി അങ്ങ് നിർദ്ദേശം നൽകിയാൽ സിനിമ കാണിക്കാൻ കഴിയുന്നതാണെന്ന് ഓർമ്മിപ്പിക്കുന്നു.

മി. സ്പീക്കർ : നിയമസഭാംഗങ്ങൾ സിനിമ കാണുന്നതിൽ ചെയറിന് താല്പര്യമേയുള്ളൂ. ഇനിയുള്ള മൂന്ന് ദിവസത്തെ ബിസിനസ് വളരെ കൂടുതലാണെന്ന കാര്യം എല്ലാവർക്കുമറിയാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ഏതെങ്കിലുമൊരു ദിവസം നിർദ്ദേശിച്ചാൽ മതി.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, സിനിമ കാണുന്നതിന് ഞാൻ തടസ്സം നിൽക്കുന്നില്ല. ബഹുമാനപ്പെട്ട അംഗങ്ങൾക്ക് സമയമുണ്ടെങ്കിൽ ഞാൻ അതിനോട് യോജിക്കുകയാണ്.

മി. സ്പീക്കർ : ബുധനാഴ്ച നിയമസഭ പിരിഞ്ഞതിനുശേഷം സിനിമ പ്രദർശിപ്പിക്കാൻ കഴിയുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, സഭയുടെ അഭിപ്രായമനുസരിച്ച് എങ്ങനെവേണമെങ്കിലും ചെയ്യാം. ഡേറ്റ് ഫിക്സ് ചെയ്യുന്ന കാര്യം അവരുമായി സംസാരിച്ചതിനുശേഷം അങ്ങയെ അറിയിക്കാം.

**അടിയന്തര പ്രമേയ നോട്ടീസ്**

മി. സ്പീക്കർ : സർവ്വശ്രീ കെ. സുരേഷ് കുറുപ്പ്, വി. എസ്. സുനിൽ കുമാർ, മാത്യു റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുണ്ട്. ഈ പ്രശ്നം നിയമസഭയിൽ ഈ സമ്മേളനത്തിൽത്തന്നെ പല തരത്തിലും പല രൂപത്തിലും വന്നതാണ്. മാത്രമല്ല, ഇതൊരു ജൂഡിഷ്യൽ കമ്മീഷന്റെ മുന്നിലുള്ള പ്രശ്നവുമാണ്. ഈ സഭാസമ്മേളനത്തിൽത്തന്നെ വളരെയധികം പ്രാവശ്യം ചർച്ച ചെയ്ത ഒരു വിഷയം വീണ്ടും ഇന്ന് വന്നിരിക്കുകയാണ്. ഈ വിഷയം അടിയന്തരപ്രമേയമായിട്ടല്ല, ആദ്യത്തെ സബ്മിഷനായി അനുവദിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ സഹകരിക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ജൂഡിഷ്യൽ കമ്മീഷന് എതിരായിട്ടുള്ള പരാമർശം കോടതിക്കെതിരായ പരാമർശമാണ്. ജൂഡിഷ്യറിക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ ഈ ഗവൺമെന്റ് അനുവാദം കൊടുക്കുമോയെന്ന് ഞങ്ങൾക്കറിയണം. ഈ വിഷയം അടിയന്തരപ്രമേയത്തിലൂടെയല്ലാതെ എങ്ങനെയാണ് ചർച്ച ചെയ്യുന്നത്.

മി. സ്പീക്കർ : ആദ്യത്തെ സബ്മിഷനായി എടുക്കാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ജൂഡിഷ്യറിക്ക് സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള അവകാശമുണ്ട്. ഈ ഗവൺമെന്റ് അത് അനുവദിച്ചു കൊടുക്കണം.

ശ്രീ. എ. കെ. ബാലൻ : സർ, വളരെ സീരിയസ്സായ വിഷയമായതിനാൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതാണ്.

മി. സ്പീക്കർ : ശ്രീ. എ. കെ. ബാലൻ, ഈ വിഷയം സഭയിൽ എടുക്കാൻ കഴിയില്ല എന്ന് പറഞ്ഞിട്ടില്ല. ഇന്നുതന്നെ ആദ്യത്തെ സബ്മിഷനായി എടുക്കാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഈ സഭയിലെ 65 മെമ്പർമാരുടെ അഭിപ്രായം അങ്ങ് മാനിക്കുകയില്ലേ? ഞങ്ങൾ പറയുന്നത് ചട്ടവിരുദ്ധമല്ല, യഥാർത്ഥത്തിൽ റൂൾ 50 -ൽ വരുന്ന ഒരു അടിയന്തരപ്രമേയമാണിത്.

മി. സ്പീക്കർ : ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ഈ വിഷയം ഇന്നുതന്നെ ആദ്യത്തെ സബ്മിഷനായി സഭയിൽ എടുക്കാം. ....(ബഹളം).... ഇതിന്റേതായ പ്രാധാന്യത്തോടുകൂടിത്തന്നെ ആദ്യത്തെ സബ്മിഷനായി എടുക്കാം.

(റൂൾ 50 പ്രകാരം അടിയന്തര പ്രമേയമായി അനുവദിക്കാതിരുന്ന സ്പീക്കറുടെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിൽ നിന്നെഴുന്നേറ്റ് ബഹളം വച്ചുകൊണ്ടിരുന്നു.)

ബഹുമാനപ്പെട്ട അംഗങ്ങൾ സഹകരിക്കണം. ....(ബഹളം).... ഇതേ സഭയിൽത്തന്നെ പല രൂപത്തിൽവന്ന വിഷയമാണിത്. ഇത് സഭയിൽ എടുക്കേണ്ട എന്ന് ചെയർ പറഞ്ഞില്ല. ഇന്നുതന്നെ ആദ്യത്തെ സബ്മിഷനായി പ്രാധാന്യത്തോടെതന്നെ എടുക്കാം. ദയവായി അംഗങ്ങൾ സഹകരിക്കണം.

(പ്രതിപക്ഷാംഗങ്ങൾ ഡയസിന് സമീപം വന്നുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

ബഹുമാനപ്പെട്ട അംഗങ്ങൾ സഹകരിക്കണം. ഇന്നുതന്നെ ആദ്യത്തെ സബ്മിഷനായി എടുക്കാം. ദയവായി അംഗങ്ങൾ അവരവരുടെ സീറ്റുകളിലേക്ക് തിരിച്ചുപോകണം. സഭ നടത്തിക്കൊണ്ടുപോകാൻ സഹകരിക്കണം. .... (ബഹളം) .... ഈ സഭാസമ്മേളന കാലത്തുതന്നെ പല രൂപത്തിൽ വന്ന വിഷയമാണിത്. ഇന്ന് ആദ്യത്തെ സബ്മിഷനായി അനുവദിക്കാം. ബഹുമാനപ്പെട്ട അംഗങ്ങൾ സഭ നടത്തിക്കൊണ്ടുപോകാൻ സഹകരിക്കണം. ....(ബഹളം).... ആദ്യത്തെ സബ്മിഷനായി അനുവദിക്കുകയും ആവശ്യമുള്ള സമയം നൽകുകയും ചെയ്യാം. ....(ബഹളം).... പ്ലീസ്.... പ്ലീസ്.. ....(ബഹളം).... ചെയർ പ്രശ്നമൊന്നും ഉണ്ടാക്കുന്നില്ല. ....(ബഹളം).... ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിലേക്ക് മടങ്ങിപ്പോകുന്നില്ലെങ്കിൽ ചെയറിന് അടുത്ത നടപടിയിലേക്ക് കടക്കേണ്ടിവരും. ദയവായി അവരവരുടെ സീറ്റുകളിലേക്ക് മടങ്ങിപ്പോകണം. ....(ബഹളം).... അടുത്ത നടപടിയിലേക്ക് ചെയറിന് കടക്കേണ്ടിവരും. ദയവായി സീറ്റുകളിലേക്ക് മടങ്ങിപ്പോകണം. സഭ നടത്തിക്കൊണ്ടുപോകാൻ സഹകരിക്കണം. ചെയർ അടുത്ത നടപടിയിലേക്ക് കടക്കുകയാണ്.

(സ്പീക്കറുടെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ഡയസ്സിനു മുന്നിലും സ്പീക്കറുടെ ഇരിപ്പിടത്തിന് സമീപവും വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ സ്പീക്കർ കാര്യ വിവരപ്പട്ടികയിലെ അടുത്ത ഇനങ്ങളിലേക്ക് കടക്കുന്നതായും ശ്രദ്ധക്ഷണിക്കലും സബ്മിഷനും റദ്ദ് ചെയ്യുന്നതായും അറിയിച്ചു.)

## III മേശപ്പുറത്തു വച്ച കടലാസുകൾ

(1) ചട്ടം 47 (2) അനുസരിച്ചുള്ള ലിസ്റ്റ് I പ്രകാരം

1. ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 4804 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

2. പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 972 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

(2) ചട്ടം 236 (5) അനുസരിച്ചുള്ള ലിസ്റ്റ് II പ്രകാരം

1. പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| വിഷയനിർണ്ണയ സമിതി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XIII-സാമൂഹ്യസേവനം | 2011-12 | 1 | 1, 2, 3, 7, 8 |
| | 2012-13 | 2 | 6 |

2. പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| വിഷയനിർണ്ണയ സമിതി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IX-തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും | 2014-15 | 4 | 13, 14 |

3. പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| വിഷയനിർണ്ണയ സമിതി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XIII-സാമൂഹ്യസേവനം | 2012-13 | 2 | 12 |

4. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| വിഷയനിർണ്ണയ സമിതി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| III-ജലവിഭവം | 2012-13 | 2 | 15, 17, 18, 19, 23, 29, 30, 43 |

5. വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| വിഷയനിർണ്ണയ സമിതി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IV-വ്യവസായവും ധാതുക്കളും | 2014-15 | 4 | 67, 73, 74, 75, 77, 78 |

6. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു:

| വിഷയനിർണ്ണയ സമിതി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| I-കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2014-15 | 4 | 4, 14-17, 19 |

7. ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രിക്കുവേണ്ടി താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

| വിഷയനിർണ്ണയ സമിതി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VII-വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും | 2014-15 | 4 | 36, 37, 39 |

## IV റിപ്പോർട്ട് സമർപ്പണം

1. 2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ, 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, സബ്ജക്ട് കമ്മിറ്റി XIV-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(i) 2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട്

(ii) 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട്

(ഡോ. ടി.എം. തോമസ് ഐസക്, ശ്രീ. വർക്കല കഹാർ എന്നീ അംഗങ്ങൾ സീറ്റിൽ ഇല്ലാതിരുന്നതിനാൽ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടില്ല. )

2. പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട്

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് നിയമസഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു. )

## V ധനകാര്യം

2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെയും 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളെയും സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ ഇബ്രാഹിം കുഞ്ഞ്) : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 175,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 37,00,03,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 25,09,02,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,75,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) : സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 43,26,80,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,00,01,000 രൂപയുടെയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 80,01,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,81,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) : സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,56,72,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 9,44,02,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളി തുടർന്നുകൊണ്ടിരുന്നതിനാൽ ഉപധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത് അംഗങ്ങൾ സംസാരിച്ചില്ല.)

മി. സ്പീക്കർ : സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെയും ഭവനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 175,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 37,00,03,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 25,09,02,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,75,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക/ന്യൂനപക്ഷവിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 43,26,80,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,00,01,000 രൂപയുടെയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 80,01,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,81,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,56,72,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 9,44,02,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ചർച്ച കൂടാതെ പാസ്സാക്കുന്ന ഉപധനാഭ്യർത്ഥനകൾ

വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 7,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 45,09,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## അധിക ധനാഭ്യർത്ഥനകൾ

കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2011-12 സാമ്പത്തിക വർഷത്തേക്ക് 2,69,07,419 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2011-12 സാമ്പത്തിക വർഷത്തേക്ക് 4,74,89,272 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2011-12 സാമ്പത്തിക വർഷത്തേക്ക് 8,28,23,107 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2011-12 സാമ്പത്തിക വർഷത്തേക്ക് റവന്യൂ ഇനത്തിൽ 104,47,42,687 രൂപയുടെയും മൂലധന ഇനത്തിൽ 11,81,652 രൂപയുടെയും അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2011-12 സാമ്പത്തിക വർഷത്തേക്ക് 1,03,42,841 രൂപയുടെ അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2011-12 സാമ്പത്തിക വർഷത്തേക്ക് 570,16,88,879 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2011-12 സാമ്പത്തിക വർഷത്തേക്ക് 48,86,93,678 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2011-12 സാമ്പത്തിക വർഷത്തേക്ക് 2,27,91,084 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2011-12 സാമ്പത്തിക വർഷത്തേക്ക് 41,04,486 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2011-12 സാമ്പത്തിക വർഷത്തേക്ക് 1,15,740 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2012-2013 സാമ്പത്തിക വർഷത്തേക്ക് 21,53,117 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2012-13 സാമ്പത്തിക വർഷത്തേക്ക് 9,77,56,867 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2012-13 സാമ്പത്തിക വർഷത്തേക്ക് 1,19,80,020 രൂപയുടെ അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

അധികധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2012-13 സാമ്പത്തിക വർഷത്തേക്ക് 156,15,14,343 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2012-13 സാമ്പത്തിക വർഷത്തേക്ക് 51,88,792 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2012-13 സാമ്പത്തിക വർഷത്തേക്ക് 262,56,55,607 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ.................

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2012-13 സാമ്പത്തിക വർഷത്തേക്ക് 40,760 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ.................

അധികധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2012-13 സാമ്പത്തിക വർഷത്തേക്ക് 16,91,06,000 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ.................

അധികധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2012-13 സാമ്പത്തിക വർഷത്തേക്ക് 17,04,318 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ.................

അധികധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## VI നിയമനിർമ്മാണകാര്യം

### 2015-ലെ കേരള നഗര-ഗ്രാമാസൂത്രണ ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, 2015-ലെ കേരള നഗര-ഗ്രാമാസൂത്രണ ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു. ....(ബഹളം)....

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, 2015-ലെ കേരള നഗര-ഗ്രാമാസൂത്രണ ബിൽ തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(പ്രതിപക്ഷാംഗങ്ങൾ സീറ്റിൽ ഇല്ലാതിരുന്നതിനാൽ നിരാകരണ പ്രമേയവും ഭേദഗതിയും അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ : ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, അങ്ങയുടെ 2(എ) നമ്പർ ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, 2015-ലെ കേരള നഗര-ഗ്രാമാസൂത്രണ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2015 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ....(ബഹളം)....

സി. ഡി. കിട്ടാത്തതിന്റെ വിഷമമാണ് പ്രതിപക്ഷാംഗങ്ങൾ ഇവിടെ കാണിക്കുന്നത്. വളരെ പ്രധാനപ്പെട്ട നിയമങ്ങൾ സഭയിലെടുക്കുമ്പോൾ ഒരു സി.ഡി.-യുടെ പേരിൽ സ്പീക്കറുടെ ഡയസ്സിൽ കയറിനിന്ന് ബഹളം വയ്ക്കുന്നത് ജനാധിപത്യ വിരുദ്ധമാണ്. ....(ബഹളം).....

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, ഞാൻ എന്റെ പ്രസംഗം മേശപ്പുറത്തുവയ്ക്കുന്നു*.

മി. സ്പീക്കർ : ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 2(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

---

* അനുബന്ധമായി ചേർത്തിരിക്കുന്നു.

2015-ലെ കേരള നഗര-ഗ്രാമാസൂത്രണ ബിൽ തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഓർഡർ......ഓർഡർ സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2015 ഡിസംബർ മാസം 15-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ രാവിലെ 10.06- ന് പിരിഞ്ഞു.)

## അനുബന്ധം

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച പ്രസംഗം

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, ഏകദേശം 100 വർഷം പഴക്കമുള്ള, സ്വാതന്ത്ര്യം കിട്ടുന്നതിന് മുമ്പ് രൂപം നൽകിയ, മൂന്ന് നഗരാസൂത്രണ നിയമങ്ങളായിരുന്നു അടുത്തിടെവരെ കേരളത്തിൽ പ്രാബല്യത്തിലുണ്ടായിരുന്നത്. 1920- ലെ Madras Town Planning Act മലബാർ പ്രദേശത്തും, മലയാള വർഷം 1108-ലെ Town Planning Act, മലയാള വർഷം 1120-ലെ Travancore Town&Country Planning Act എന്നിവ പഴയ തിരുവിതാംകൂർ-കൊച്ചി പ്രദേശത്തും ബാധകമായിരുന്നു. വളരെ പഴക്കംചെന്ന ഇത്തരം നിയമങ്ങൾക്കു പകരം, പുതിയ സമഗ്ര നിയമം നടപ്പാക്കാൻ പലവട്ടം ശ്രമം നടന്നിരുന്നു. 1983-ൽ 7-ാം നിയമസഭയിൽ ബിൽ നമ്പർ 81 ആയി അവതരിപ്പിക്കുകയും ചെയ്തിരുന്നു. പക്ഷേ ഇതുവരെ ഇക്കാര്യം പൂർത്തീകരിക്കാൻ സാധിച്ചിരുന്നില്ല. നഗരാസൂത്രണ നിയമങ്ങളുടേയും അതിന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ചട്ടങ്ങളുടേയും ബലത്തിലാണ് ഓരോ നഗരസഭയ്ക്കും മാസ്റ്റർ പ്ലാനുകളും വിശദ നഗരാസൂത്രണ പദ്ധതികളും രൂപീകരിക്കുന്നത്. മാസ്റ്റർ പ്ലാനുകളിൽ എന്തൊക്കെ കാര്യങ്ങളാണ് ഉൾക്കൊള്ളിക്കേണ്ടതെന്നും ഏതൊക്കെ വിധത്തിലാണ് അതിന് സർക്കാർ അനുമതി ലഭ്യമാക്കേണ്ടതെന്നും നഗരാസൂത്രണ നിയമത്തിലും അതിന്റെ ചട്ടങ്ങളിലുമാണ് പറയുന്നത്. മാസ്റ്റർപ്ലാനുകളുടെ ചട്ടക്കൂടിന് കാലാനുസൃതമായ പരിഷ്കാരങ്ങൾ കൊണ്ടുവരാനും ജനസമ്മതി കിട്ടുന്ന വിധത്തിൽ അവ രൂപകല്പന ചെയ്യാനും ആവശ്യമായ നിയമങ്ങൾ ഉണ്ടാവണം. നിലവിലെ മാസ്റ്റർപ്ലാനുകൾക്ക് ജനസമ്മതി കുറയാനുള്ള ഒരു കാരണം അവയ്ക്ക് നിയമസാധുത നൽകുന്ന നഗരാസൂത്രണ നിയമം കാലഹരണപ്പെട്ട ഒന്നാണെന്നതാണ്. ഇതിന് ഒരു പരിഹാരമായിട്ടാണ് ഈ നഗരാസൂത്രണ നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്.

ഇതിനിടെ, 1993-ൽ ഭരണഘടനയുടെ 73-ഉം 74-ഉം ഭേദഗതികൾ വരികയും തദ്ദേശ ഭരണത്തിൽ കാതലായ മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. ജില്ലാ പ്ലാനിംഗ് കമ്മിറ്റി (ഡി.പി.സി.) മെട്രോപോളിറ്റൻ പ്ലാനിംഗ് കമ്മിറ്റി (എം.പി.സി.) പോലെയുള്ള പുതിയ സ്ഥാപനങ്ങൾ നിലവിൽ വരികയും ജില്ലാ പ്ലാൻ അടക്കമുള്ള പുതിയ പ്ലാനുകൾക്ക് നിയമ പ്രാബല്യം നൽകുകയും ചെയ്തു. ഈ ഭരണഘടനാ

ഭേദഗതിയുടെ അന്തസ്സത്ത ഉൾക്കൊണ്ടുകൊണ്ട് ബന്ധപ്പെട്ട നിയമങ്ങൾ പുതുക്കി നിയമമാക്കാനും നിർദ്ദേശമുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ അന്ന് നിലവിലിരുന്ന Kerala Municipality Act, Kerala Panchayath Raj Act എന്നിവ പരിഷ്കരിച്ച് നിയമമാക്കി. പക്ഷേ മുൻ പറഞ്ഞ മൂന്ന് നഗരാസൂത്രണ നിയമങ്ങളും പരിഷ്കരിച്ച് നിയമമാക്കാൻ സാധിച്ചില്ല.

73-ഉം 74-ഉം ഭരണഘടനാ ഭേദഗതികളുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ നഗരവികസന മന്ത്രാലയം "Model Urban and Regional Planning and Development Law (Revised)" 1996-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം സംസ്ഥാനങ്ങൾക്ക് നഗര-ഗ്രാമാസൂത്രണ വിഷയത്തിൽ പ്രത്യേക നിയമം വേണമെന്നാണ് വിവക്ഷിച്ചിരിക്കുന്നത്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും നഗര-ഗ്രാമാസൂത്രണത്തിന് പ്രത്യേക നിയമം തന്നെയാണ് നിലവിലുള്ളത്. കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെ "Manual for Integrated District Planning"-ലും ഈ മാതൃക ശിപാർശ ചെയ്തിട്ടുണ്ട്. ഭരണഘടനാ ഭേദഗതികൾക്കു ശേഷം ബീഹാറിൽ നിലവിൽ വന്ന The Bihar Urban Planning and Development Act, 2012 ഈ പ്രത്യേക നിയമത്തിന് ഉദാഹരണമാണ്.

ഇതോടനുബന്ധിച്ച് 9-2-2011-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി ദൂരവ്യാപകമായ വിധി പ്രസ്താവിച്ചു. 73-ഉം 74-ഉം ഭരണഘടനാ ഭേദഗതികളുടെ അന്തസ്സത്ത ഉൾക്കൊണ്ട് നഗരാസൂത്രണ നിയമം പരിഷ്കരിച്ചിട്ടില്ലായെന്നും അക്കാര്യം കൊണ്ടുതന്നെ ആ നിയമങ്ങളുടെ പിൻബലത്തോടെ രൂപീകരിച്ച മാസ്റ്റർ പ്ലാനുകളും ഡി.റ്റി.പി. സ്കീമുകളും നിലനിൽക്കുന്നതല്ലെന്നും കോടതി ചൂണ്ടിക്കാട്ടി. അങ്ങനെയുണ്ടായാൽ കേരളത്തിലെ നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകളും ഡി.റ്റി.പി. സ്കീമുകളും ഇല്ലാത്ത അവസ്ഥ സംജാതമാവുകയും അത് അനാവശ്യമായ വികസനത്തിന് വഴിവയ്ക്കുമെന്നും ഭയപ്പെട്ടു. മറ്റ് നിയമങ്ങളിൽ നിന്നും വ്യത്യസ്തമായി, നഗരാസൂത്രണ നിയമങ്ങൾ ലംഘിച്ച് കെട്ടിടനിർമ്മാണം നടന്നാൽ അത് നീക്കം ചെയ്യുന്നതടക്കമുള്ള പ്രവർത്തനങ്ങൾ വൻ ദേശീയ നഷ്ടമുണ്ടാക്കും, റോഡുകളുടെ വികസനം എന്നന്നേക്കുമായി നിലയ്ക്കും, പുതിയ റോഡുകൾക്ക് ആവശ്യമായ എസ്റ്റിമേറ്റ് തുക അത്യധികമായി ഉയരും, വികസനം വഴിമുട്ടും.

മുൻ പറഞ്ഞ പ്രത്യാഘാതങ്ങൾ മുന്നിൽകണ്ട് കാലപ്പഴക്കം ചെന്ന നിയമങ്ങൾ മാറ്റി, മാറിയ കാലഘട്ടത്തിന്റെ ആവശ്യങ്ങൾ ഉൾക്കൊണ്ട് പുതിയ സമഗ്ര നിയമം നിർമ്മിക്കാൻ സർക്കാർ തീരുമാനിച്ചു. കോടതി നടപടികൾ ഒഴിവാക്കേണ്ടതുള്ളതിനാൽ പുതിയ നിയമം ഓർഡിനൻസായി ഇറക്കാനും തീരുമാനിച്ചു. ഓർഡിനൻസ് 23-9-2013-ൽ പ്രസിദ്ധീകരിക്കുകയും തുടർന്ന് അഞ്ച് തവണകൂടി പുനഃപ്രസിദ്ധീകരിക്കുകയും ചെയ്തു. ഭരണഘടനയുടെ 73-ഉം 74-ഉം ഭേദഗതികളുടെ അന്തസ്സത്ത പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് രാജ്യത്ത് നിലവിൽവന്ന ആദ്യത്തെ നഗര-ഗ്രാമാസൂത്രണ നിയമമാണിത്.

കേരളത്തിന് അതിന്റേതായ സവിശേഷതകളുണ്ട്. ഉയർന്ന ജനസാന്ദ്രതയുള്ള നഗരങ്ങളും താഴ്ന്ന ജനസാന്ദ്രതയുള്ള ഗ്രാമപ്രദേശങ്ങളുമാണ് കേരളം, ഗോവ തുടങ്ങിയ സംസ്ഥാനങ്ങളൊഴികെ ഇന്ത്യയിൽ പൊതുവേ കണ്ടുവരുന്നത്. എന്നാൽ കേരളത്തിലെ നഗരങ്ങളും ഗ്രാമങ്ങളും തമ്മിൽ ജനസാന്ദ്രതയിൽ കാര്യമായ വ്യത്യാസമില്ല. നഗരങ്ങൾ എവിടെ അവസാനിക്കുന്നു അല്ലെങ്കിൽ ഗ്രാമങ്ങൾ എവിടെ തുടങ്ങുന്നുവെന്ന് വ്യക്തമായി വേർതിരിക്കാൻ സാധിക്കാത്ത വിധത്തിൽ ഒരു തുടർച്ചയുള്ളതായി കാണാം. "റൂറൽ-അർബൻ" എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഈ വികസന രീതി നമ്മുടെ സംസ്ഥാനത്തെ ഭൂപ്രകൃതിയുടെയും ജലലഭ്യതയുടെയും സാമൂഹ്യവ്യവസ്ഥയുടെയുമെല്ലാം പ്രതിഫലനമാണ്.

ഭൂപ്രകൃതിയുടെ സവിശേഷതകൾമൂലം വികസന ആവശ്യങ്ങൾക്കായി ലഭ്യമാകുന്ന ഭൂമിയാകട്ടെ വളരെ കുറവാണ്. 30 ശതമാനത്തോളം വരുന്ന വനപ്രദേശം, തീരദേശ നിയന്ത്രണങ്ങൾ ബാധകമാകുന്ന നീണ്ട തീരപ്രദേശം, ജലാശയങ്ങൾ, പാടങ്ങൾ, ചതുപ്പുകൾ തുടങ്ങിയവ ഉൾപ്പെടുന്ന ഇടനാടും തീരപ്രദേശവും - ഇതെല്ലാം സ്ഥല ലഭ്യത കുറയ്ക്കുന്ന ഘടകങ്ങളാണ്. ആയതിനാൽ, സംസ്ഥാനത്ത് വികസന ആവശ്യങ്ങൾക്ക് കിട്ടുന്ന ഭൂമിയുടെ ഏറ്റവും ഉചിതമായ ഉപയോഗം ഉറപ്പാക്കണം. അതുകൊണ്ടുതന്നെ സ്പെഷ്യൽ പ്ലാനിംഗിന് ഊന്നൽ നൽകുന്ന സമഗ്ര ആസൂത്രണം നമ്മുടെ സംസ്ഥാനത്തിന്റെ വികസനത്തിന് അത്യാവശ്യമാണ്. ഇവിടെയാണ് സംസ്ഥാന നഗര-ഗ്രാമാസൂത്രണ നിയമത്തിന്റെ പ്രസക്തി.

നഗര-ഗ്രാമ പ്രദേശങ്ങളിലെ ആസൂത്രിത വികസനം പ്രോത്സാഹിപ്പിക്കുക, വളർച്ച ക്രമീകരിക്കുക എന്നിവയാണ് കേരള നഗര-ഗ്രാമാസൂത്രണ നിയമത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ. വിവിധ തലങ്ങളിലുള്ള പ്ലാനുകൾ മുഖേന പ്രദേശങ്ങളുടെ സ്ഥലപര വികസനം ആസൂത്രിതമാക്കുക എന്നതാണ് ഈ നിയമംവഴി ഉദ്ദേശിക്കുന്നത്.

വിഭവങ്ങളുടെ പരിമിതിയാണ് ആസൂത്രണം അനിവാര്യമാക്കുന്നത്. വിഭവം എന്നത് സമ്പത്താകാം, മനുഷ്യ-അധ്വാനമാകാം, പ്രകൃതി വിഭവമാകാം, സ്ഥലവും (land) ആകാം. സ്ഥലം എന്നത് ഒരു പരിമിത വിഭവമാണ് (limited resource). അതു പുതുതായി സൃഷ്ടിക്കാനാവില്ല. അതുകൊണ്ടുതന്നെ, സ്ഥലത്തിന്റെ ബുദ്ധിപൂർവ്വമായ ആസൂത്രണം, കാലഘട്ടത്തിന്റെ ആവശ്യമാണ്. ഭാവിതലമുറയ്ക്കുള്ള കരുതലാണ്. സ്ഥലത്തിന്റെ ബുദ്ധിപൂർവ്വമായ ഉപയോഗം Spatial Planning-ലൂടെയാണ് സാധിക്കുന്നത്.

ഈ നിയമപ്രകാരം താഴെപ്പറയുന്ന പ്ലാനുകൾ ഉദ്ദേശിക്കുന്നത് :

(1) സംസ്ഥാനതലത്തിൽ നിലവിലുള്ള നഗര-ഗ്രാമാസൂത്രണ ബോർഡ് പുനഃസംഘടിപ്പിച്ച് സംസ്ഥാന പെർസ്പെക്ടീവ് പ്ലാൻ ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നു.

(2) ജില്ലാതലത്തിൽ ഡി.പി.സി.-കളുടെ മേൽനോട്ടത്തിൽ പെർസ്പെക്ടീവ് പ്ലാനുകളും അവയ്ക്ക് അനുബന്ധമായി 5 വർഷക്കാലത്തേക്ക് execution പ്ലാനുകളും ഉണ്ടാക്കണം.

(3) മെട്രോപൊളിറ്റൻ പ്ലാനിംഗ് കമ്മിറ്റികൾ (MPC) രൂപീകരിക്കുന്ന പക്ഷം അവയുടെ കീഴിലുള്ള സ്ഥലത്തേക്കായി പ്ലാനുകളും അവയ്ക്ക് അനുബന്ധമായി 5 വർഷത്തെ execution പ്ലാനുകളും ഉണ്ടാക്കണം.

(4) നഗരസഭ/പഞ്ചായത്തുകൾ മാസ്റ്റർപ്ലാനുകൾ തയ്യാറാക്കും. കൂടാതെ, 5 വർഷത്തേക്ക് execution പ്ലാനുകളും തയ്യാറാക്കും.

(5) നഗരസഭ/പഞ്ചായത്തുകൾക്ക് മാസ്റ്റർപ്ലാൻ കൂടാതെ വിശദ നഗരാസൂത്രണ പദ്ധതികളും തയ്യാറാക്കും. ഇവ പ്രധാനപ്പെട്ട ജംഗ്ഷനുകൾ, വികസനം ആവശ്യമുള്ള റോഡുകൾ, സ്ഥലങ്ങൾ എന്നിവയ്ക്ക് ഉദ്ദേശിച്ചുള്ളതാണ്.

പ്ലാൻ പ്രകാരം വികസനം സാധ്യമാക്കുന്നതിന് Land pooling&Re-constitution, Land banking എന്നീ ആസൂത്രണ രീതികൾ ഉപയോഗിക്കുന്നതിനുള്ള അവസരം ബിൽ നൽകുന്നുണ്ട്. പദ്ധതികൾ പ്രായോഗികമായി നടപ്പിലാക്കുന്നതിന് Transferable Development Right (TDR), Accommodation Reservation എന്നീ നൂതന ആശയങ്ങളും ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

ശരിയായ പ്ലാനിംഗിലൂടെ ഭാവിയിലെ വികസനച്ചെലവ് ഒരു പരിധിവരെ കുറയ്ക്കാനാകും. ഏറ്റവും ഉചിതമായ സ്ഥാനനിർണ്ണയം നടത്തുകവഴി അതിൽനിന്ന് പരമാവധി നേട്ടങ്ങൾ പ്രദേശത്തിന് ലഭ്യമാക്കാൻ കഴിയും. ഭാവി വികസന ആവശ്യങ്ങൾ മുൻകൂട്ടി നിർണ്ണയിക്കുകവഴി, ഓരോ സമയത്തും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ അതത് പ്രദേശത്ത് ആസൂത്രിതമായി ലഭ്യമാക്കാനുള്ള സാഹചര്യം ഉണ്ടാകുന്നു. പ്രദേശങ്ങളുടെ സൗന്ദര്യം സംരക്ഷിക്കുന്നതിന് ഉതകുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്താനും കഴിയും. ആരോഗ്യകരമായതും സേവന സൗകര്യങ്ങളുള്ളതുമായ ജീവിത അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ബിൽ പ്രകാരമുള്ള പ്ലാനുകൾ വഴിയൊരുക്കും. ഇപ്രകാരം നിരവധി നേട്ടങ്ങൾ ആസൂത്രിത വികസനത്തിലൂടെ കൈവരിക്കാനാകും.

തികച്ചും സ്ഥലപര ആസൂത്രണത്തിൽ അധിഷ്ഠിതമായ പ്ലാനുകളാണ് ഈ ബിൽ പ്രകാരം തയ്യാറാക്കുന്നത്. സാമൂഹിക സാമ്പത്തിക പ്ലാനുകൾ, പഞ്ചവത്സര പദ്ധതികൾ, വാർഷിക പദ്ധതികൾ എന്നിവയുടെ തയ്യാറാക്കൽ ഈ ബില്ലിന്റെ പരിധിയിൽ വരുന്നില്ല. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളും ഭൂവികസനവും കെട്ടിടത്തിന്റേയും ഭൂമിയുടേയും ഉപയോഗം തുടങ്ങിയവയാണ് 'വികസനം' എന്നതുകൊണ്ട് ഈ ബിൽ അർത്ഥമാക്കുന്നത്. മാസ്റ്റർപ്ലാനുകളും, വിശദ നഗരാസൂത്രണ പദ്ധതികളും അതത് നഗരസഭ/ഗ്രാമപഞ്ചായത്ത് തയ്യാറാക്കുന്നു. മെട്രോപൊളിറ്റൻ പ്രദേശത്തിനുള്ള പ്ലാനുകൾ മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റിയും ജില്ലാ പ്ലാൻ ജില്ലാ ആസൂത്രണ കമ്മിറ്റിയുമാണ് തയ്യാറാക്കേണ്ടത്. ഈ നിയമം 2013 സെപ്റ്റംബറിൽ ഓർഡിനൻസായി നിലവിൽ വന്നു. അതായത് രണ്ട് വർഷത്തിലധികമായി ഈ നിയമം പ്രാബല്യത്തിലുണ്ട്. നിലവിലെ ആസൂത്രണ പ്രക്രിയയെ ഈ നിയമം യാതൊരു രീതിയിലും പ്രതികൂലമായി ബാധിച്ചിട്ടില്ല.

ഇന്നത്തെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നവർ നാളെയെപ്പറ്റി കരുതലുള്ളവരായിരിക്കണം എന്ന ചാണക്യസൂക്തം ഇവിടെ പ്രസക്തമാണ്. 'കരുതലും വികസനവും' ഉറപ്പാക്കുന്നതിനുള്ള ഈ സർക്കാരിന്റെ പ്രതിബദ്ധതയുടെ ഭാഗമാണ് ഈ ബിൽ'.